# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2019 നവംബർ 21, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1111/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

I **ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....30

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....88

**II മന്ത്രിയുടെ പ്രസ്താവന** ....416

**(തിരുത്തിയ ഉത്തരം)**

**III അറിയിപ്പ്**

സഭാംഗങ്ങളെ സെൻഷ്വർ ചെയ്തത് സംബന്ധിച്ച് ....416

**IV ശ്രദ്ധ ക്ഷണിക്കൽ**

തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം ....422

—ശ്രീ. എ. എൻ. ഷംസീർ

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല)

**V ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ....426

—മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)

**VI ഗവൺമെന്റ് പ്രമേയങ്ങൾ**

1. പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള ആദായ നികുതി ഇളവ് ....432

—സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും
വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ)

2. കരട് ദേശീയ വിദ്യാഭ്യാസ നയത്തിലെ നിർദ്ദേശങ്ങൾ ....434

—പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി

(പ്രൊഫ. സി. രവീന്ദ്രനാഥ്)

*പേജ്*

**VII ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന** ....438

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലായിരുന്നതിനാൽ പരിഗണിച്ചില്ല)

**VIII സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം** ....438

**IX റിപ്പോർട്ടുകളുടെ സമർപ്പണം** ....438

**X നിയമനിർമ്മാണകാര്യം** ....439

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെ പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ ....439

(ii) 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ ....467

**XI അവകാശലംഘന പ്രശ്നങ്ങൾ** ....496

**XII പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച് ....499

—മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)

**XIII അവലോകനം** ....500

**അനുബന്ധം** ....503

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

*2019 നവംബർ 21, വ്യാഴം*

വാല്യം 177] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 19

നിയമസഭ 2019 നവംബർ മാസം 21-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ....ഓർഡർ.... ചോദ്യം നമ്പർ *541

...........(ബഹളം)........ ശ്രീ. വി. ടി. ബൽറാം..... ശ്രീ. അനൂപ് ജേക്കബ്.....

ബഹുമാനപ്പെട്ട അംഗങ്ങൾ ചോദ്യം ചോദിക്കുന്നുണ്ടോ? ചോദ്യം നമ്പർ *542 ...........(ബഹളം)........ ബഹുമാനപ്പെട്ട അംഗങ്ങൾ ചോദ്യോത്തര വേളയുമായി സഹകരിക്കുന്നുണ്ടോ?

(ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.-യെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തശേഷം അന്വേഷണം നടത്തണമെന്ന ആവശ്യം ഉന്നയിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകൾക്കുമുന്നിൽനിന്ന് ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.-യെ മർദ്ദിച്ച കേസിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഷനിൽ നിർത്തിക്കൊണ്ടുള്ള അന്വേഷണം വേണമെന്ന് ഞങ്ങൾ ഇന്നലെ ആവശ്യപ്പെട്ടിരുന്നു. ഗവൺമെന്റ് അത് അംഗീകരിക്കുന്നില്ലെന്നാണ് പറഞ്ഞത്. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ എത്തിയിട്ടുണ്ട്. ഈ സഭയിലെ ഒരംഗത്തെ പോലീസ് ഭീകരമായി മർദ്ദിച്ച

സാഹചര്യത്തിൽ ആ ഉദ്യോഗസ്ഥരെ സസ്പെൻഷനിൽ നിർത്തിക്കൊണ്ടുള്ള അന്വേഷണം വേണമെന്ന് ഞങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമെന്ന് പ്രതീക്ഷിക്കുകയാണ്.

മി. സ്പീക്കർ: ഇതേ വിഷയം അങ്ങ് സബ്മിഷനായി ഉന്നയിക്കുന്നുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെയാണെങ്കിൽ ചോദ്യോത്തരവേള ഞങ്ങൾ ബഹിഷ്കരിക്കുകയാണ്.

(ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.-യെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തശേഷം അന്വേഷണം നടത്തണമെന്ന ആവശ്യം അംഗീകരിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ചോദ്യോത്തരവേള ബഹിഷ്കരിച്ചു.)

**അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ സ്കൂളുകൾ**

1 (*543) ശ്രീ. ബി. ഡി. ദേവസ്സി:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശനിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ സ്കൂളുകൾ പൂട്ടിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്ന സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സ്കൂളുകളുടെ നിലവാര പരിശോധന നടത്താറുണ്ടോ; അദ്ധ്യാപകർക്ക് സർക്കാർ മേഖലയിൽ ലഭിക്കുന്ന വേതനം നൽകണമെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോ എന്നറിയിക്കാമോ; വിശദമാക്കുമോ;

(ഡി) സ്കൂൾ ഈടാക്കുന്ന വിവിധ ഫീസുകൾ സംബന്ധിച്ച വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യണമെന്നും അത് സ്കൂളിന്റെ വെബ്സൈറ്റിൽ നൽകണമെന്നുമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടുന്നതുസംബന്ധിച്ച് 19-7-2017-ലെ എഫ്1/27/2017/പൊ.വി.വ. ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ ഇതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾക്ക് അംഗീകാരം/എൻ.ഒ.സി. നൽകുന്ന കാര്യം പരിശോധിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതനുസരിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാക്കുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി & ഡി) കേരളത്തിൽ പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്ക് എൻ.ഒ.സി./അംഗീകാരം നൽകുന്നതിന് സർക്കാർ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ പാലിക്കപ്പെടുന്നുവെന്ന് സത്യപ്രസ്താവന നൽകിയിട്ടുള്ള സ്കൂളുകൾക്ക് മാത്രമാണ് എൻ.ഒ.സി./ അംഗീകാരം അനുവദിച്ചു നൽകിവരുന്നത്.

ശ്രീ. ബി. ഡി. ദേവസ്സിക്കുവേണ്ടി ശ്രീ. ആർ. രാജേഷ്: സർ, കേരളത്തിൽ വ്യവസ്ഥകൾക്ക് വിധേയമല്ലാതെയും അംഗീകാരമില്ലാതെയും പ്രവർത്തിച്ചിരുന്ന എത്ര സ്കൂളുകളാണ് പൂട്ടിയത്; പൂട്ടിയ സ്കൂളുകളിൽ എത്ര വിദ്യാർത്ഥികളുണ്ടായിരുന്നു; ആയത് പുനഃസ്ഥാപിക്കാൻ എത്ര സ്കൂളുകൾ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിൽ പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് സർക്കാർ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവുപ്രകാരമുള്ള പരിശോധനകൾ നടന്നുവരികയാണ്. അതിനുശേഷം ഇക്കാര്യം വ്യക്തമാക്കാം.

ശ്രീ. ആർ. രാജേഷ്: സർ, കേരളത്തിൽ എവിടെയെല്ലാം സർക്കാർ നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്; അതിന് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, പന്ത്രണ്ടാം ക്ലാസ് വരെയുള്ള പ്രീ-പ്രൈമറി സ്കൂളുകൾക്കാണ് ഇപ്പോൾ അംഗീകാരം നൽകിയിട്ടുള്ളത്. അവർക്കാണ് ഇപ്പോൾ വേതനവും നൽകിക്കൊണ്ടിരിക്കുന്നത്. ബാക്കിയുള്ളവയുടെ കാര്യം പരിഗണനയിലാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രൊഫ. കെ. യു. അരുണൻ: സർ, പെട്ടിക്കട തുടങ്ങുന്നതുപോലെ സൗകര്യമുള്ളവർക്ക് എവിടെയും സ്കൂൾ തുടങ്ങാമെന്നുള്ളത് കേരളത്തിൽ ഇടക്കാലത്തുണ്ടായ വലിയ പ്രതിഭാസമാണ്. ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിലുള്ള ഏജൻസികളാണ് ഈ സ്ഥാപനങ്ങൾ തുടങ്ങുന്നത്. അവിടെ കൃത്യമായൊരു കരിക്കുലമുണ്ടോയെന്നും തദനുസൃതമായ സിലബസുണ്ടോയെന്നും വിദ്യാഭ്യാസ യോഗ്യതയുള്ളവരാണോ അവിടെ പഠിപ്പിക്കുന്നതെന്നുമുള്ള കാര്യങ്ങളെ സംബന്ധിച്ച് കൃത്യമായ നിരീക്ഷണം നടത്തുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒരു നിർദ്ദേശമുണ്ട്. മുമ്പ് അക്കാര്യം നിയമസഭ ചർച്ച ചെയ്തതാണ്. ആ നിർദ്ദേശമനുസരിച്ച് സി.ബി.എസ്.ഇ. സ്കൂളുകൾ സി.ബി.എസ്.ഇ. മുന്നോട്ടുവച്ച മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിക്കണമെന്നും സ്റ്റേറ്റ് സിലബസിലുള്ള സ്കൂളുകൾ കെ.ഇ.ആർ. (കേരള എഡ്യൂക്കേഷൻ റൂൾസ്) അനുസരിച്ചുള്ള മാനദണ്ഡങ്ങൾ പാലിക്കണമെന്നും കൃത്യമായ നിബന്ധന നൽകിയിട്ടുണ്ട്. അതനുസരിച്ച് നിലവിൽ അപേക്ഷ നൽകിയ സ്കൂളുകൾക്ക് ഈ പറയുന്ന നിബന്ധനകളുണ്ടോയെന്ന് പരിശോധിച്ചുവരികയാണ്. ആ നിബന്ധനകളിൽ ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ നിബന്ധനകളും ഉൾക്കൊള്ളുന്നുണ്ട്. നിർദ്ദേശിക്കപ്പെട്ട നിബന്ധനകളനുസരിച്ചുള്ള സ്കൂളുകൾ അപേക്ഷ തരുമ്പോൾ അവർക്ക് ആ നിബന്ധനകളുണ്ടോയെന്ന് പരിശോധിച്ചു വരികയാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, അംഗീകാരമില്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടണമെന്ന സർക്കാരിന്റെ തീരുമാനപ്രകാരം കുറേ സ്കൂളുകൾ പൂട്ടിയിരുന്നു. അതിൽ പ്രതിഷേധിച്ച് ചിലയാളുകൾ കോടതിയിൽ പോയി ഉത്തരവ് വാങ്ങിയതിന്റെ അടിസ്ഥാനത്തിൽ കുറച്ച് സ്കൂളുകളും അതിന്റെ മറവിൽ മറ്റുചില സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. കോടതി ഉത്തരവില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ പൂട്ടാൻ അടിയന്തര നടപടി സ്വീകരിക്കുമോ; പ്രീ-പ്രൈമറി സ്കൂളുകൾ തുടങ്ങിയതിനു ശേഷമാണ് ധാരാളം കുട്ടികൾ ഗവൺമെന്റ് സ്കൂളുകളിൽ വരാൻ തുടങ്ങിയത്. പക്ഷേ അവിടെ പഠിപ്പിക്കുന്ന അപൂർവ്വം ചില ടീച്ചർമാർക്ക് മാത്രമേ കോടതി നിർദ്ദേശപ്രകാരം സർക്കാർ സഹായം ലഭിക്കുന്നുള്ളൂ. ബാക്കി ടീച്ചർമാർക്ക് ശമ്പളം കൊടുക്കുന്നില്ലെന്നുമാത്രമല്ല പി.ടി.എ. നിശ്ചയിക്കുന്ന 2,000-3,000 രൂപയാണ് ഇപ്പോഴും നൽകുന്നത്. വളരെ പരിതാപകരമായ ഇക്കാര്യം അടിയന്തരമായി പരിശോധിച്ച് അവർക്കുംകൂടി ഒരു നിശ്ചിത ശമ്പളം കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, സി.ബി.എസ്.ഇ.-യിലും സ്റ്റേറ്റ് സിലബസിലും പറഞ്ഞിട്ടുള്ള മാനദണ്ഡമനുസരിച്ചാണ് എൻ.ഒ.സി. കൊടുക്കുന്നത്. അദ്ധ്യാപകരുടെ യോഗ്യത, ശമ്പളം, സ്കൂളിനാവശ്യമായ സ്ഥലം എന്നിവയാണ് മാനദണ്ഡങ്ങളിൽ വരുന്നത്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളിൽ മേൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾ എപ്രകാരം നിലനിൽക്കുന്നുവെന്ന കാര്യമാണ് സ്കൂളുകൾ സബ്മിറ്റ് ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട കോടതി നിർദ്ദേശമനുസരിച്ച് ഈ പറഞ്ഞ കാര്യങ്ങളെല്ലാം പരിശോധിച്ച് പൂർണ്ണമായി ശരിയാണെന്ന് തോന്നുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുകയെന്നതാണ് നിലപാട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവാണത്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ കാര്യങ്ങൾ പരിശോധിച്ചുവരികയാണ്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ജനകീയത, ആധുനികത, മാനവികത എന്നീ മൂന്ന് ആശയങ്ങളുടെ പരസ്പര പൂരകങ്ങളായ വ്യാപനത്തിലാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടക്കുന്നത്. അതുകൊണ്ട് ജനങ്ങളിൽ ആശയപരവും സാംസ്കാരികപരവുമായ വലിയ മാറ്റം വന്നിട്ടുണ്ട്. ഏത് സ്കൂളിൽ പോകണമെന്ന് കുട്ടികൾക്ക് തീരുമാനിക്കാനുള്ള സാഹചര്യമാണ് ഇന്നൊരുക്കിയിട്ടുള്ളത്. വിദ്യാലയം പ്രതിഭകളിലേയ്ക്ക് എന്ന സർഗ്ഗാത്മകത കെട്ടഴിച്ചുവിടുന്ന ഇടപെടൽകൊണ്ട് കുട്ടികളെ അംഗീകാരമില്ലാത്ത സ്കൂളുകളിലേയ്ക്ക് അയയ്ക്കുന്നതിൽ കുറവുണ്ടായിരിക്കുന്നു. സർക്കാർ നിയമപരമായി ഇക്കാര്യത്തിലിടപെട്ട് ഇതില്ലാതാക്കാനുള്ള ശ്രമം നടത്തുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, പൊതുവിദ്യാലയങ്ങളെ ജനകീയമാക്കി കൂടുതൽ മികവുണ്ടാക്കി കുട്ടികളെ അങ്ങോട്ട് ആകർഷിക്കുക, ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശപ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകാൻ സാധിക്കുമോയെന്ന് പരിശോധിക്കുക എന്നീ രണ്ട് തരത്തിലുള്ള ശ്രമങ്ങളാണ് നടത്തുന്നത്. പൊതു വിദ്യാലയങ്ങളെ ശാക്തീകരിച്ച് ജനകീയമാക്കി കൂടുതൽ കുട്ടികളെ അവിടെ എത്തിക്കുന്നതിനുവേണ്ടിയാണ് സർക്കാർ ഇപ്പോൾ ഊന്നൽ നൽകുന്നത് .

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഒരു സർക്കാർ സ്കൂളുപോലുമില്ലാത്ത അപൂർവ്വം ചില പഞ്ചായത്തുകൾ ഇപ്പോഴും കേരളത്തിലുണ്ട്. എന്റെ മണ്ഡലത്തിലെ മേലാർകോട് പഞ്ചായത്തിൽ ഒരു സർക്കാർ സ്കൂളുപോലുമില്ല. അവിടെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് പൊതുവിദ്യാഭ്യാസ സ്ഥാപനമെന്നുപറയുന്നത്. ഇത്തരം എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ജീവനക്കാർക്കും സർക്കാർ ഒരു സഹായവും നൽകുന്നില്ല. ഈ

സാഹചര്യത്തിലാണ് പല സ്ഥലങ്ങളിലും അംഗീകാരമില്ലാതെ സ്കൂളുകൾ ആരംഭിക്കുന്നത്. അത് ആരംഭിക്കാൻ ഇടനൽകുന്നത് പ്രീ-പ്രൈമറി ക്ലാസ്സുകളാണ്. പിന്നെ തുടർച്ചയായി മുന്നോട്ടുപോകുകയാണ്. ഇങ്ങനെയുള്ള പ്രദേശങ്ങളിലെങ്കിലും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രീ-പ്രൈമറി കോഴ്സിനെ അംഗീകരിക്കാൻ സർക്കാർ സന്നദ്ധമാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇത്തരത്തിലുള്ള ആയിരക്കണക്കിന് സ്കൂളുകളാണ് അപേക്ഷ നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വളരെ വിശദമായി പരിശോധിച്ച് മാത്രമേ ഇക്കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ. അംഗീകാരമില്ലാത്ത, പഠിക്കാൻ സാധിക്കാത്ത, അശാസ്ത്രീയമായ സ്കൂളുകൾ നിലനിൽക്കരുതെന്നും സാധ്യതയുള്ള സ്കൂളുകൾ നിലനിൽക്കണമെന്നും അതേസമയം എല്ലാ പൊതു വിദ്യാലയങ്ങളെയും ശാക്തീകരിക്കണമെന്നുമാണ് സർക്കാർ നിലപാട്. അതനുസരിച്ച് ഇതെല്ലാം വിശദമായി പരിശോധിച്ചുവരുന്നു.

ശ്രീ. പി. സി. ജോർജ്: സർ, സംസ്ഥാനത്തെ പഠിക്കാൻ ആഗ്രഹിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസം സൗജന്യമായി കൊടുക്കാൻ കഴിയാത്ത ഒരു കാലഘട്ടമുണ്ടായിരുന്നു. എങ്കിലും ഇന്ത്യയിൽ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമ്മുടേതാണ്. 94 ശതമാനമാണ് സാക്ഷരത. അതിന് ആരാണ് കാരണക്കാർ എന്നുള്ളത് മറക്കുന്നത് ശരിയാണോ? ഇവിടെ ആതുരസേവന രംഗത്തും വിദ്യാഭ്യാസരംഗത്തും ഏറ്റവും വലിയ സംഭാവനകൾ നൽകിയ ഒരു വിഭാഗമുണ്ട്. അവർ നല്ല നിലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിയതുകൊണ്ടാണ് ഞാൻ ഉൾപ്പെടെ ഈ സഭയിൽ ഇരിക്കുന്ന പലരും 'അമ്മ, അണ' പഠിച്ചത്. അത് ഒളിച്ചുവച്ചിട്ട് കാര്യമില്ല. പക്ഷെ, അവരെയൊക്കെ മാറ്റി നിർത്തി ഒരു പുത്തൻ സംസ്കാരമെന്ന നിലയിൽ കൊണ്ടുവന്ന് അവരെ അപമാനിക്കാൻ ശ്രമിക്കുന്നത് ശരിയാണോ, അതോ അവർക്ക് അംഗീകാരം കൊടുക്കുന്നതാണോ മാന്യത എന്ന് ഗവൺമെന്റ് ആലോചിക്കേണ്ടതായിട്ടില്ലേ എന്നൊരു സംശയം എനിക്കുണ്ട്. അനാവശ്യമായി യാതൊരു കെട്ടുംമട്ടുമില്ലാതെ സൗകര്യംപോലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തണമെന്ന അഭിപ്രായം എനിക്കില്ല. പക്ഷെ, നല്ലവണ്ണം നടക്കുന്ന സ്ഥാപനങ്ങളുണ്ടെങ്കിൽ അവർക്ക് അംഗീകാരം കൊടുക്കുകയും അതോടൊപ്പം അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് മാന്യമായ ശമ്പളം കൊടുക്കാനുമുള്ള നിയമനടപടി സ്വീകരിക്കുമോ; ഈ സഭയിലുള്ള ഏക പ്രതിപക്ഷം ഞാനാണ്. ഒരു എം.എൽ.എ. അടികൊണ്ട് ആശുപത്രിയിൽ കിടക്കുമ്പോൾ സഭയിൽ ഇരിക്കുന്നത് ശരിയല്ല. ഞാൻ ഇറങ്ങിപ്പോയാൽ അവരുടെ കൂട്ടത്തിലാണെന്ന് പറയും. അതുകൊണ്ടാണ്

ഞാനിവിടെ ഇരുന്നത്. ഞാൻ നിഷ്പക്ഷനാണ്. മനസ്സിലായില്ലേ; ബഹുമാനപ്പെട്ട മന്ത്രിയെക്കുറിച്ച് എനിക്ക് അഭിപ്രായമുണ്ട്. അങ്ങൊരു നല്ല മന്ത്രിയാണ്. വിദ്യാഭ്യാസപരമായി വന്ന മാറ്റത്തെയൊക്കെ അഭിനന്ദിക്കുകയാണ്. പക്ഷെ, ഞാൻ പറഞ്ഞ ഈ ഒരു കാര്യംകൂടി, അവരെ നന്ദിയോടുകൂടി കാണാനും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരെ, പ്രീ-പ്രൈമറിക്ക് പകരം അങ്കണവാടികളെ ശക്തിപ്പെടുത്തുന്ന കാര്യങ്ങളൊക്കെ ഗവൺമെന്റ് പഠിച്ച് പരിശോധിച്ച് നടപ്പാക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, തീർച്ചയായും. പൊതു വിദ്യാലയങ്ങൾ എന്ന് നമ്മൾ ഉദ്ദേശിക്കുന്നതുതന്നെ സർക്കാർ വിദ്യാലയങ്ങളും എയ്ഡഡ് വിദ്യാലയങ്ങളുമാണ്. സർക്കാർ എയ്ഡഡ് വിദ്യാലയമെന്നതന്നെ പറയണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഒരു മറുപടിയിൽ വ്യക്തമാക്കിയതാണ്. അതിന്റെ അർത്ഥം, ഇവിടെയുള്ള പൊതു വിദ്യാലയങ്ങളിൽ എയ്ഡഡ് സ്കൂളുകളും സർക്കാർ സ്കൂളുകളും ഉൾപ്പെടുന്നുവെന്നുള്ളതാണ്. അവയ്ക്ക് ഇപ്പോൾ കമ്പ്യൂട്ടർ, ഹൈടെക് ക്ലാസ്സുകൾ നൽകുകയും ചരിത്രത്തിലാദ്യമായി ചലഞ്ച് ഫണ്ട് ഏർപ്പെടുത്തുകയും ചെയ്തതോടുകൂടി വിദ്യാഭ്യാസരംഗത്ത് ഇതുവരെ അവരെയെല്ലാം പൂർണ്ണമായി അംഗീകരിച്ചുകൊണ്ടും അഭിനന്ദിച്ചുകൊണ്ടും ആദരിച്ചുകൊണ്ടുമാണ് പൊതുവിദ്യാഭ്യാസം മുന്നോട്ടുപോകുന്നത്. അതാണ് ജനകീയ വിദ്യാഭ്യാസമെന്ന് നമ്മൾ പറയുന്നത്. കേരളം രാജ്യത്ത് ഒന്നാമതായത് കേരളത്തിലെ ജനങ്ങളുടെ നേട്ടമായാണ് ഞങ്ങൾ കാണുന്നത്. എല്ലാ വിഭാഗം ജനങ്ങളും ഒന്നിച്ച് അണിനിരന്നിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഒരാളെയും അതിൽനിന്ന് മാറ്റി നിർത്തുന്ന പ്രശ്നമില്ല. പക്ഷെ, നിയമവിരുദ്ധമായി പ്രവർത്തിക്കുന്നവയുണ്ടെങ്കിൽ അവയെ നിയമപരമാക്കാനുള്ള ശ്രമം ആദ്യം നടത്തുകയും അല്ലെങ്കിൽ അവ തുടരണ്ടായെന്ന നിലപാടെടുക്കേണ്ടതും നമ്മുടെ ആവശ്യംതന്നെയാണ്. തീർച്ചയായും നിയമപരമായി വിദ്യാഭ്യാസ രംഗത്ത് ഏതെല്ലാം തരത്തിൽ സംഭാവനകൾ സമൂഹത്തിന് നൽകുന്നുവോ അവരെയെല്ലാം പൂർണ്ണമായി അംഗീകരിച്ചുകൊണ്ട്, അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ ശമ്പളവും മറ്റുള്ള പ്രശ്നങ്ങളുമടക്കം എല്ലാം പരിഹരിക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തിവരുന്നത്. അതുകൊണ്ടുള്ള ഒരു സമഗ്രതയിലൂടെയാണ് നമ്മൾ ഇപ്പോൾ രാജ്യത്ത് ഒന്നാമതായിരിക്കുന്നത്. ഈ കാര്യം തീർച്ചയായും സർക്കാരിന്റെ പരിഗണനയിലുണ്ടാകും.

<u>ശ്രീ. രാജു എബ്രഹാം:</u> സർ, കേന്ദ്ര വിദ്യാഭ്യാസനയം സംബന്ധിച്ച് ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇന്ന് പ്രമേയം കൊണ്ടുവരുന്നുണ്ട്. ഇത് കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ എങ്ങനെയാണ് ദോഷമായി

ബാധിക്കുക; ഇതിനെതിരെ എന്തൊക്കെ ശക്തമായ നിലപാടുകൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? അതോടൊപ്പം പരിസ്ഥിതി സംരക്ഷണം, ട്രാഫിക് നിയമങ്ങൾ, എങ്ങനെ നല്ല വ്യക്തികളെ വളർത്തിയെടുക്കാം തുടങ്ങിയ വിഷയങ്ങൾകൂടി നമ്മുടെ സിലബസ്സുകളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേന്ദ്ര വിദ്യാഭ്യാസ നയത്തിന്റെ കരടാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. അത് ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ഞാനടക്കം കേന്ദ്ര വിദ്യാഭ്യാസ ഉപദേശക ബോർഡിൽ പോയി എല്ലാ വിദ്യാഭ്യാസ വകുപ്പുമന്ത്രിമാരുമായി ചർച്ച ചെയ്തതാണ്. അതിൽ നമ്മുടെ വിദ്യാഭ്യാസ രംഗത്ത് ഇപ്പോൾ എടുത്തിരിക്കുന്ന നയത്തിന് കടകവിരുദ്ധമായിട്ടുള്ള നിരവധി നയങ്ങളും നിർദ്ദേശങ്ങളുമുണ്ട്. അതുകൊണ്ടാണ് ഇന്ന് വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ച ഒരു പ്രമേയം അവതരിപ്പിക്കാൻ ശ്രമിക്കുന്നത്; അതിൽ കൂടുതൽ വിശദമായി പറയും. ഏതായാലും ആ നയം നമുക്ക് വിരുദ്ധമാണെന്നുള്ളതുകൊണ്ട് അതിനെതിരെ അതിശക്തമായി നമ്മൾ പ്രതികരിച്ചിട്ടുണ്ട്. അതിന്റെ രേഖകളൊക്കെ നമുക്ക് ലഭ്യമാണ്. പല നിർദ്ദേശങ്ങളും ഫെഡറൽ തത്വങ്ങൾക്കും ജനകീയ വിദ്യാഭ്യാസത്തിനും എതിരാണ്. ടെക്സ്റ്റ് ബുക്കുപോലും കേന്ദ്രീകൃതമായി ഉണ്ടാകണമെന്ന നിർദ്ദേശം അതിൽ വന്നിട്ടുണ്ട്. പക്ഷെ, ഇതെല്ലാം ഇപ്പോഴും കരട് നിർദ്ദേശമായാണ് നിൽക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നയമായി അത് വന്നിട്ടില്ല. അതുകൊണ്ട് അത്തരത്തിലുള്ള ചില ഭീഷണികളുണ്ട് എന്നുള്ളത് നമുക്ക് ബോദ്ധ്യപ്പെടുന്നു. അതാണ് ഇന്നിവിടെ പ്രമേയം അവതരിപ്പിക്കുന്നത്. പരിസ്ഥിതിയെക്കുറിച്ചുള്ള പഠനമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ലോകത്തിലാദ്യമായി, ഒരുപക്ഷേ നമ്മുടെ വിദ്യാലയങ്ങളിൽ ജൈവവൈവിദ്ധ്യ ഉദ്യാനം എന്ന സങ്കല്പം ഉണ്ടാക്കിയത് കേരളമായിരിക്കും. അവിടെ ഒരു ആശയം നമ്മൾ മുന്നോട്ടുവച്ചിട്ടുള്ളത്, കേവലം പാഠപുസ്തകമെന്ന സാമ്പ്രദായിക പാഠപുസ്തകങ്ങളല്ല, മറിച്ച് ക്യാമ്പസുതന്നെ പാഠപുസ്തകമാകണമെന്നാണ് സങ്കല്പം. ക്ലാസ്സിൽ പഠിക്കുന്നത് നേരിട്ട് അനുഭവിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അതുവിട്ട് സമൂഹത്തിലേയ്ക്ക് ഇറങ്ങുന്ന മറ്റൊരു പാഠം, 'പാഠം ഒന്ന് - പാടത്തേയ്ക്ക് ' എന്നുള്ള ഒരു പദ്ധതി നമ്മൾ നടപ്പിലാക്കി. അതിനപ്പുറം എന്നുള്ള സങ്കല്പത്തിൽ ഇപ്പോൾ വിദ്യാലയം പ്രതിഭകളിലേയ്ക്ക് എന്ന പദ്ധതിയും നടപ്പിലാക്കുകയാണ്. അങ്ങനെ പരിസ്ഥിതിക്കപ്പുറം പാഠപുസ്തകത്തിനപ്പുറം പഠിക്കാൻ സാധ്യതയുള്ള എല്ലാം കുട്ടികൾക്ക് മനസ്സിലാകത്തക്ക രീതിയിലുള്ള, പ്രകൃതിതന്നെ പാഠപുസ്തകമെന്ന സങ്കല്പത്തിലേയ്ക്ക് എത്ര കണ്ട് അടുക്കാൻ പറ്റുമോ ആ രീതിയിൽ അടുക്കാനുള്ള വലിയൊരു ശ്രമമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ നമ്മൾ നടത്തുന്നത്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u> സർ, മനുഷ്യത്വത്തിൽ ഏറ്റവും വലിയ അടിസ്ഥാനം കാഴ്ചയല്ല, കാഴ്ചപ്പാടാണ്. കാഴ്ച കണ്ണുകളുടെ പ്രവർത്തനമാണ്. പക്ഷെ, കാഴ്ചപ്പാടെന്നത് മനസ്സിന്റെ പ്രവർത്തനമാണ്. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോകത്ത് വിദ്യാഭ്യാസ രംഗത്ത് വന്ന മാറ്റങ്ങളെ കാണുക മാത്രമല്ല അതിൽനിന്നും നമുക്ക് സ്വീകരിക്കാവുന്നവ പുതിയ കാഴ്ചപ്പാടോടെ സ്വീകരിക്കുകയും അവ ആധുനികമാക്കാൻ പരിശ്രമിക്കുക കൂടിയാണല്ലോ ഈ സർക്കാർ ചെയ്തുവരുന്നത്. പ്രൈമറി മുതൽ ഹയർ സെക്കണ്ടറി തലം വരെ ക്ലാസ്സ് മുറികൾ ഡിജിറ്റൽ ചെയ്ത് ആധുനിക വിദ്യാഭ്യാസത്തിലേയ്ക്ക് പൊതു വിദ്യാഭ്യാസത്തെ കൊണ്ടു പോകുകയാണല്ലോ; പല മണ്ഡലങ്ങളും പരിപൂർണ്ണമായി ഡിജിറ്റൽ ചെയ്ത കൂട്ടത്തിൽ എന്റെ മണ്ഡലത്തിലും 1 മുതൽ 12 വരെ ക്ലാസ്സ് മുറികൾ ഡിജിറ്റൽ ചെയ്ത് പ്രഖ്യാപിക്കുകയുണ്ടായി. സാമ്പത്തിക പ്രതിസന്ധിയിലും എവിടെയാണ് പണം നിക്ഷേപിക്കേണ്ടത് എന്നതിനെക്കുറിച്ചുള്ള ശരിയായ കാഴ്ചപ്പാട് സർക്കാരിനുണ്ടെന്നത് ഇതിന് തെളിവാണ്. സ്വകാര്യ സ്കൂളുകളിലും സർക്കാർ കൊണ്ടുവന്ന മികവ് വ്യാപിപ്പിക്കാൻ ജനകീയ വിദ്യാഭ്യാസം നടപ്പിലാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുക?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, അങ്ങ് എയ്ഡഡ് സ്കൂളാണ് ഉദ്ദേശിച്ചതെന്ന് തോന്നുന്നു. അത് നേരത്തെ ഞാൻ സൂചിപ്പിച്ചു. അതല്ലാതെ അംഗീകാരമില്ലാത്ത സ്കൂളുകളാണെങ്കിൽ അതും ഞാൻ വ്യക്തമാക്കിക്കഴിഞ്ഞതാണ്. അവയ്ക്ക് അംഗീകാരം നൽകാൻ പറ്റുന്നതാണോ, അവിടെയുള്ള അദ്ധ്യാപകരുടെയും മറ്റുമുള്ള വേതന പ്രശ്നത്തിൽ എന്ത് ചെയ്യാൻ പറ്റും എന്നുള്ളതെല്ലാം പരിശോധിച്ച് വരികയാണ്. എയ്ഡഡ് സ്കൂളും സർക്കാർ സ്കൂളും ഒരുപോലെതന്നെയാണ് കാണുന്നത്. ഏതായാലും നിയമപരമായി കേരളത്തിലെ ജനത അംഗീകരിച്ച വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് നമ്മൾ ആഗ്രഹിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസം നൽകാനുള്ള വളരെ സമഗ്രമായ ഒരു ശ്രമമാണ് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.:</u> സർ, ദേശീയതലത്തിൽ പൊതുവിദ്യാഭ്യാസത്തെ ഇല്ലാതാക്കാനും സാധാരണക്കാരന് പഠിക്കാനുള്ള സാഹചര്യം ഇല്ലാതെയുമാക്കുന്ന രീതിയിലുള്ള വിദ്യാഭ്യാസ നയങ്ങൾ വന്നു കൊണ്ടിരിക്കുകയും നമുക്കെല്ലാവർക്കും അറിയുന്നതുപോലെ ജെ.എൻ.യു. (ജവഹർലാൽ നെഹ്റു സർവ്വകലാശാല)-വിലടക്കം ഐതിഹാസികമായ വിദ്യാർത്ഥി സമരങ്ങൾ അഫോഡബിൾ എഡ്യൂക്കേഷനുവേണ്ടി നടക്കുന്ന ഒരു കാലത്താണ് കേരളത്തിൽ സാധാരണക്കാരന് പഠിക്കാൻ പറ്റുന്ന

അന്തരീക്ഷമുണ്ടാക്കി വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾകൊണ്ട് ഇന്ത്യയിൽ നമ്പർ വൺ ആയി കേരളം മാറിയിട്ടുള്ളത്. പ്ലസ് ടു-വിലും പത്താം ക്ലാസ്സിലുമൊക്കെ വലിയ മാറ്റങ്ങൾ നമ്മൾ ഉണ്ടാക്കിയിട്ടുണ്ട്. പുതിയ ഒരു കാലഘട്ടത്തിൽ വിദ്യാഭ്യാസത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുകയാണ്. അപ്പോൾ ഒരു International Exposure ലഭിക്കാൻ വേണ്ടി student exchange programmes, അതോടൊപ്പംതന്നെ നമ്മുടെ ടീച്ചേഴ്സിന് പുറത്തുള്ള സ്കൂളുകളിൽ പോയി പഠിക്കാനും അവിടത്തെ സെറ്റിംഗ്സ് മനസ്സിലാക്കാനും തിരിച്ച് അവിടെയുള്ള ആളുകൾക്ക് ഇങ്ങോട്ട് വരാനും പറ്റുന്ന തരത്തിലുള്ള ടീച്ചേഴ്സിനും സ്റ്റുഡന്റ്സിനും exchange programme നടത്തുകയാണെങ്കിൽ ഒരു international outlook നമുക്ക് ലഭിക്കും. അതിനുള്ള നടപടികൂടി സ്വീകരിക്കുമോ; അങ്ങനെ എന്തെങ്കിലും കാഴ്ചപ്പാടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അതിന്റെ ആദ്യഘട്ടം എന്ന രീതിയിൽ ഇത്തരത്തിൽ അദ്ധ്യാപകർ മാത്രമല്ല അറിവിന്റെ പ്രകാശഗോപുരങ്ങളായ ആരുമായും അറിവ് പങ്ക് വയ്ക്കുക എന്ന അർത്ഥത്തിലാണ് ഇപ്പോൾ "വിദ്യാലയം പ്രതിഭകളിലേക്ക്" എന്ന പരിപാടി നടന്നുകൊണ്ടിരിക്കുന്നത്. ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് പരിശീലനം കൊടുക്കുന്നത് കേരളത്തിലെ കോളേജ് അദ്ധ്യാപകരും സർവ്വകലാശാലയിലെ അദ്ധ്യാപകരുമാണ്. പ്ലസ് ടു വരെയുള്ള അദ്ധ്യാപകർ സംസ്ഥാനത്തുതന്നെയുള്ള മറ്റ് അദ്ധ്യാപക പ്രതിഭകളുമായിട്ടും ശാസ്ത്രജ്ഞരുമായിട്ടും ഇന്ററാക്ഷൻ നടന്നുവരികയാണ്. പട്ടാമ്പി കോളേജിൽ വച്ച് വളരെ ഡെപ്തുള്ള നല്ലൊരു പരിശീലന പരിപാടിയിൽ ഞാൻ പങ്കെടുക്കുകയുണ്ടായി. അതിൽ കോളേജ് അദ്ധ്യാപകരും സർവ്വകലാശാല അദ്ധ്യാപകരും ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് പകർന്നുകൊടുക്കുന്ന ആധുനികത തീർച്ചയായിട്ടും അദ്ധ്യാപകരിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കും. പുതിയ കണ്ടുപിടുത്തങ്ങളെക്കുറിച്ചും ഏറ്റവും അവസാനം നോബൽ സമ്മാനം നേടിയ 'മോളിക്യുലാർ സ്വിച്ച്' എന്നുപറയുന്ന സംവിധാനംപോലും എന്താണെന്ന് അവിടെ ചർച്ച ചെയ്യപ്പെട്ടതാണ്. സ്വാഭാവികമായിട്ടും അറിവ് ആരിലുണ്ടോ അവരുമായിട്ട് സംവദിക്കുവാനും അറിവ് പരസ്പരം പങ്കുവയ്ക്കുവാനും അങ്ങനെ അറിവിന്റെ നിറകുടങ്ങളും പ്രകാശഗോപുരങ്ങളുമായിട്ട് മാറുവാനും തന്നെയാണ് അദ്ധ്യാപകർ ശ്രമിക്കേണ്ടത്. അതിനുള്ള ശ്രമം സർക്കാർ നടത്തും. മറ്റ് പരിപാടികൾ തീർച്ചയായിട്ടും ഭാവിയിൽ നമുക്ക് ആവിഷ്കരിച്ച് പരിഹാരം ഉണ്ടാക്കാവുന്നതാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, വിദ്യാഭ്യാസ രംഗത്ത് ഈ സർക്കാരിന്റെ നയങ്ങളും തീരുമാനങ്ങളും ഇടപെടലുകളും ശരിയായ ദിശയിലാണെന്ന് തെളിയിക്കുന്നതാണ് 'നീതി ആയോഗ്'-ന്റെ കേരളം ഒന്നാമതാണ് എന്നുള്ള അംഗീകാരവും വിലയിരുത്തലും; അതിന്റെ ഭാഗമായിട്ടാണ് പൊതുവിദ്യാഭ്യാസ

സംരക്ഷണയജ്ഞത്തിനൊപ്പം പ്രൈവറ്റ് മേഖലയിലും സർക്കാർ ഇടപെടലുകൾ നടത്തുന്നത്. ബഹുമാനപ്പെട്ട മിനിസ്റ്റർ പ്രൈവറ്റ് സ്കൂളുകൾ സി.ബി.എസ്.ഇ.-യുടെ മാനദണ്ഡങ്ങൾ പ്രകാരവും സ്റ്റേറ്റ് സിലബസാണെങ്കിൽ കെ.ഇ.ആർ. മാനദണ്ഡങ്ങൾ അനുസരിച്ചാണെന്ന് പറഞ്ഞു. ഇത് അപേക്ഷ കിട്ടുന്ന മുറയ്ക്കാണോ; അതോ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇത്രയും സമയത്തിനകം ഈ മാനദണ്ഡങ്ങൾ അല്ലെങ്കിൽ നിബന്ധനകൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകാം എന്നൊരു തീരുമാനമുണ്ടോ; സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, കുറേ അപേക്ഷകൾ ലഭിച്ചു കൊണ്ടിരിക്കുകയാണ്. പല അപേക്ഷകളും നമ്മൾ പ്രോസസ്സ് ചെയ്തു. ചിലതിനൊക്കെ അനുവാദം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളതെല്ലാം പരിശോധിച്ചുകൊണ്ടിരിക്കുന്നു. പ്രത്യേക സമയപരിധി വച്ചിട്ടില്ല. പരിശോധന നടന്നുകൊണ്ടിരിക്കുന്നു. ഏതായാലും പരിശോധനയിലാണ് കൂടുതൽ സമയം ചെലവഴിക്കുന്നത്. ഈ പറയുന്ന മാനദണ്ഡങ്ങളനുസരിച്ച് ആ സ്കൂളിൽ സംവിധാനങ്ങളുണ്ടോ; അത് കൃത്യമായിട്ട് ഉറപ്പാക്കുക എന്നുള്ളതിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അത് നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എം. സ്വരാജ്:</u> സർ, നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളായ അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ വേതനത്തെക്കുറിച്ചും മറ്റും ബഹുമാനപ്പെട്ട മന്ത്രി ഇതിനോടകം തന്നെ മറുപടി പറയുകയുണ്ടായി. സംസ്ഥാനത്താകെയുള്ള ഇത്തരം വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസിന് പൊതുവായ മാനദണ്ഡമോ രൂപമോ ഇല്ല. ഓരോ സ്കൂളുകളും അവരവരുടേതായ ഫീസ് സ്ട്രക്ച്ചറാണ് അവലംബിക്കുന്നത്. പതിനായിരക്കണക്കിന് രൂപ എൽ.കെ.ജി. ക്ലാസുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഈടാക്കുന്ന വിദ്യാലയങ്ങളുൾപ്പെടെ നമ്മുടെ സംസ്ഥാനത്തുണ്ട്. അവിടത്തെ സൗകര്യങ്ങളും വ്യത്യസ്തമാണ്. ഇത്തരം സ്കൂളുകളുടെ മിനിമം സൗകര്യങ്ങളെക്കുറിച്ചും കുട്ടികളിൽ നിന്നും ഈടാക്കുന്ന ഫീസിന്റെ കാര്യത്തിൽ മാക്സിമം ഫീസിനെ സംബന്ധിച്ചും ഒരു നിയമം ഉണ്ടാക്കാനും അത് നടപ്പിലാക്കാനും കഴിയുമോ;

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, വ്യത്യസ്തമായ മാനദണ്ഡങ്ങളുണ്ടെന്നുള്ളതുകൊണ്ടാണ് ഒരു പൊതുമാനദണ്ഡമുണ്ടോ എന്നുള്ള പരിശോധന നടക്കുന്നത്. ക്ലാസിനകത്തുള്ള ഏരിയ, ക്യാമ്പസിന്റെ ഏരിയ അങ്ങനെ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങളുണ്ട്. അതുപോലെ അവർക്ക് കൊടുക്കുന്ന ശമ്പളം, ഫീസ് ഇതിനെല്ലാം നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങളുണ്ട്.

ആ മാനദണ്ഡങ്ങളനുസരിച്ചാണോ സ്കൂളുകൾ നടക്കുന്നത് എന്നാണ് പരിശോധന നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങനെയാണെങ്കിൽ മാത്രമമാണ് അവർക്ക് അംഗീകാരം കൊടുക്കുന്നത്. അതുകൊണ്ട് ഇവിടെ എല്ലാ എം.എൽ.എ.-മാരും പറഞ്ഞ അർത്ഥത്തിൽ അംഗീകാരത്തിനപേക്ഷിച്ച സ്കൂളുകളിൽ മാനദണ്ഡങ്ങളുണ്ടോ എന്നുള്ള പരിശോധന തന്നെയാണ് നടക്കുന്നത്. അത് നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, ഈ സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിലൂടെ വലിയ മാറ്റങ്ങൾ, പ്രതീക്ഷയ്ക്കപ്പുറമുള്ള വലിയ റിസൾട്ടാണ് നമ്മുടെ സമൂഹത്തിൽ, കുട്ടികളുടെ ഇടയിൽ ഉണ്ടായിട്ടുള്ളത്. ഇതിനോടൊപ്പം നമ്മുടെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ വേണ്ടി കോടിക്കണക്കിന് രൂപയാണ് സർക്കാർ കൊടുത്തുകൊണ്ടിരിക്കുന്നത്. ഞങ്ങളുടെ എല്ലാ മണ്ഡലങ്ങളിലും അത് വന്നുകൊണ്ടിരിക്കുന്നു. കുട്ടികൾ സ്കൂളിലേയ്ക്ക് വന്നാൽ പോസിറ്റീവ് എനർജി കിട്ടത്തക്കവണ്ണം സാധാരണ കാണുന്ന ചതുരത്തിലുള്ള ക്ലാസ് റൂമുകൾ അല്ലാതെ മനോഹരമായിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടാക്കാനുള്ള ഡിസൈൻ തയ്യാറാക്കാനുള്ള ഒരു ടീമിനെ ചുമതലപ്പെടുത്തിക്കൊണ്ട് വലിയ ഒരു മാറ്റം ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ;

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ മണ്ഡലത്തിൽ 5 കോടി രൂപയുടെ വളരെ മനോഹരമായിട്ടുള്ള ഒരു കെട്ടിടമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അതിൽ ചില പ്രശ്നങ്ങളും തടസ്സങ്ങളും കൺസ്ട്രക്ഷൻ നടക്കുമ്പോൾ ഉണ്ടാകും എന്നുള്ളത് സ്വാഭാവികമാണ്. ആ കാര്യങ്ങൾ നമ്മൾ പരിശോധിച്ചുവരികയാണ്. നമ്മൾ ഇപ്പോൾ ഉണ്ടാക്കുന്നത് ജനകീയ മാസ്റ്റർപ്ലാനാണ്. ഇതാണ് അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ആശയം. ഏതെങ്കിലും കോർപ്പറേറ്റുകൾ ഉണ്ടാക്കിയ ഒരു മാസ്റ്റർപ്ലാൻ നടപ്പിലാക്കുകയല്ല, മറിച്ച് അവിടത്തെ ജനങ്ങളെ പങ്കാളികളാക്കിക്കൊണ്ട് ജനകീയ മാസ്റ്റർപ്ലാൻ അനുസരിച്ചാണ് കെട്ടിടങ്ങൾ ഉണ്ടാക്കണമെന്ന് നമ്മൾ പറഞ്ഞിട്ടുള്ളത്. അതുതന്നെ വ്യത്യസ്തമായൊരു സമീപനമാണ്. സ്വാഭാവികമായിട്ടും ഒരു ആവാസ വ്യവസ്ഥയിലെ കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളും അവിടെ തന്നെ ജീവിക്കുന്ന ജനങ്ങൾ പങ്കാളികളായി വളർത്തിയെടുക്കുമ്പോൾ തീർച്ചയായും ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെയുള്ള സംവിധാനമുണ്ടാകും. അതില്ലാത്ത സ്ഥലത്ത് കൂടുതൽ ഉണ്ടാക്കുക എന്നുള്ളത് ജനപ്രതിനിധികളുടെയും നമ്മുടെയും ചുമതലയാണ്. പൊതുവായ ഒരു പങ്കാളിത്തം ഇക്കാര്യത്തിൽ ഉണ്ടാവണം.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, എന്റെ മണ്ഡലത്തിലും കേരളത്തിലെ പല ഭാഗത്തും ഒമ്പതാം ക്ലാസ് വരെ ഗവൺമെന്റ് അംഗീകരിച്ച സ്കൂളുകളിൽ 10-ാം ക്ലാസിന്റെ അംഗീകാരം കിട്ടാത്തതുകൊണ്ട് ഓരോ കൊല്ലവും പ്രത്യേകം അപേക്ഷ തന്ന് അനുവാദം വാങ്ങി വേറെ ഏതെങ്കിലും സ്കൂളുകളിൽ കൊണ്ടുപോയാണ് പരീക്ഷ നടത്തുന്നത്. ഇവർക്കെല്ലാം ഒമ്പതാം ക്ലാസുവരെ പരീക്ഷ നടത്തുന്നതിന് നേരത്തേതന്നെ അംഗീകാരം ഉണ്ട്. അതിന് എല്ലാ സൗകര്യവും ഉള്ള സ്കൂളുകളാണ്. അവർക്ക് പത്താം ക്ലാസ്സ് പരീക്ഷ നടത്താനുള്ള അംഗീകാരം കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അതിനുള്ള ഉത്തരമാണ് ഇതുവരെ ഞാൻ പറഞ്ഞത്. അത്തരമുള്ള സ്കൂളുകൾക്ക് അംഗീകാരം ഇല്ലാത്തതുകൊണ്ടാണ് പത്താം ക്ലാസിൽ മറ്റു സ്കൂളുകളിൽ പോയി പരീക്ഷ എഴുതുന്നത്. അവർക്ക് അവിടെ പരീക്ഷ എഴുതിക്കാൻ പറ്റുമോ എന്നുള്ള പരിശോധന നടന്നുവരികയാണ്. അങ്ങനെ പരിശോധന നടക്കുമ്പോൾ അതിന് സാധ്യത ഉണ്ടെങ്കിലാണ് അംഗീകാരം കൊടുക്കുന്നത്. മൊത്തമായിട്ട് അംഗീകാരമില്ലാത്ത സ്കൂളുകളിൽ അംഗീകാരം കൊടുക്കത്തക്ക രീതിയിലുള്ള മാനദണ്ഡങ്ങളുണ്ടോ എന്ന പരിശോധന നടന്നുവരികയാണ്.

(*544, *545, *546 എന്നീ നമ്പർ ചോദ്യങ്ങൾ പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഉന്നയിച്ചില്ല. )

## വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം

2 (*547) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വില്ലേജ് ഓഫീസുകളോടനുബന്ധിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ;

(സി) എല്ലാ വില്ലേജ് ഓഫീസുകളിലും തടസ്സം കൂടാതെയുള്ള ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വില്ലേജ് ഓഫീസുകളിൽ ഫോട്ടോകോപ്പി പേപ്പർ, ടോണർ തുടങ്ങിയ സ്റ്റേഷനറി സാധനങ്ങൾ മതിയായ അളവിൽ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ജനസംഖ്യാനുപാതികമായി താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്നതിനും ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(എഫ്) വില്ലേജ് ഓഫീസുകളിൽനിന്ന് നൽകുന്ന സർട്ടിഫിക്കറ്റുകളുടെ സാധുതാ കാലാവധി നീട്ടുന്നതിനും ഒരാവശ്യത്തിന് ഓരോ സമയത്തും സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് പകരം അതേ സർട്ടിഫിക്കറ്റ് തന്നെ ഉപയോഗിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെ വച്ചും (Any time Anywhere) ലഭ്യമാക്കാനുമാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ഇതുവരെ 180 വില്ലേജാഫീസുകൾക്കാണ് സ്മാർട്ട് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളത്. അതിൽ 72 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 40 എണ്ണം അന്തിമ ഘട്ടത്തിലുമാണ്. സ്മാർട്ട് റവന്യൂ പദ്ധതി പ്രകാരം പ്ലാൻ സ്കീമിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കിയവയുടെ വിവരം ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | വില്ലേജാഫീസുകളുടെ എണ്ണം | തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 7 | 298 |
| 2017-18 | 39 | 150 |
| 2018-19 | 50 | 220 |
| 2019-20 | 50 | 220 |

സ്മാർട്ട് റവന്യൂ പദ്ധതി കൂടാതെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി പ്രാഥമിക സൗകര്യങ്ങളായ കുടിവെള്ളം, ടോയ്‌ലെറ്റ് നിർമ്മാണം, അഡീഷണൽ റൂം നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, പൊതുജനത്തിന് വിശ്രമ സൗകര്യം എന്നിവയും വില്ലേജ് ഓഫീസുകളിൽ ഒരുക്കി വരുന്നുണ്ട്. വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ വില്ലേജുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | അറ്റകുറ്റ പ്പണികൾ | അഡീഷണൽ റൂം നിർമ്മാണം | ചുറ്റുമതിൽ നിർമ്മാണം | ടോയ്‌ലെറ്റ് | കുടിവെ ള്ളം |
|---|---|---|---|---|---|
| 2017-18 | 70 | 67 | 70 | 63 | 673 |
| 2018-19 | 80 | 100 | 80 | - | - |
| 2019-20 | 80 | 100 | 80 | - | - |
| ആകെ | 230 | 267 | 230 | 63 | 673 |

2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2029-00-101-99-67-NP-V ശീർഷകത്തിൽ വില്ലേജാഫീസുകൾ സന്ദർശിക്കുന്ന പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 800 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും ആയതിൽനിന്ന് നാളിതുവരെ ചുവടെ ചേർക്കുംപ്രകാരം തുകകൾ ജില്ലകൾക്ക് ലാൻഡ് റവന്യൂ കമ്മീഷണർ അനുവദിച്ചിട്ടുള്ളതുമാണ്:

| ക്രമ നമ്പർ | ജില്ല | തുക |
|---|---|---|
| 1 | കാസർഗോഡ് | 60 ലക്ഷം |
| 2 | തിരുവനന്തപുരം | 53,40,000 |
| 3 | കൊല്ലം | 57,01,989 |
| 4 | കോട്ടയം | 59,84,306 |
| 5 | പാലക്കാട് | 60 ലക്ഷം |
| 6 | കോഴിക്കോട് | 60 ലക്ഷം |

(ബി) വില്ലേജ് ഓഫീസുകളോടനുബന്ധിച്ച് സ്റ്റാഫ്ക്വാർട്ടേഴ്സ്നിർമ്മിക്കുന്നതിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | ഭരണാനുമതി ലഭിച്ചത് | പൂർത്തീകരിച്ചത് | പുരോഗമിക്കുന്നത് |
|---|---|---|---|
| 2016-17 | Nil | | |
| 2017-18 | 32 | 17 | 15 |
| 2018-19 | 12 | | 12 |
| 2019-20 | Nil | | |

(സി) ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേനയുള്ള ഓൺലൈൻ സർട്ടിഫിക്കറ്റ് സംവിധാനം നടപ്പിൽവരുത്തിയതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ നടത്തിപ്പ് ചുമതലയുള്ള കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ മുഖേനയാണ് പ്രസ്തുത സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിലുള്ള ഇന്റർനെറ്റ് കണക്ഷന്റെ വേഗതയും ഡാറ്റാ കൈമാറ്റനിരക്കും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആയവ ഫൈബർ സാങ്കേതിക അടിസ്ഥാനമാക്കിയുള്ള ബി.എസ്.എൻ.എൽ.-ന്റെ FTTH കണക്ഷനുകളിലേക്ക് മാറുന്നതിനുള്ള നടപടി ഐ.റ്റി. മിഷൻ മുഖേന സ്വീകരിച്ചുവരുന്നു.

(ഡി) വില്ലേജ് ഓഫീസുകളിൽ ഫോട്ടോകോപ്പി പേപ്പർ, ടോണർ തുടങ്ങിയ സ്റ്റേഷനറി സാധനങ്ങൾ മതിയായ അളവിൽ ലഭ്യമാക്കുന്നതിനായി FMS (ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസ്) ഇനത്തിൽ 2019-20 സാമ്പത്തിക വർഷം 134.56 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സ്റ്റേഷനറി വകുപ്പിൽനിന്നും ഫോട്ടോ കോപ്പി പേപ്പർ ലഭ്യമാകുന്നതുവരെ ജില്ലകൾക്ക് നേരിട്ട് പേപ്പർ വാങ്ങുന്നതിന് അനുമതിയും നൽകിയിട്ടുള്ളതാണ്.

(ഇ) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള പ്രസ്തുത ടീം പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(എഫ്) റവന്യൂ ഓഫീസുകളിൽനിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്ക് സാധുതാകാലയളവ് നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത സർക്കാർ ഉത്തരവുപ്രകാരം ജാതി സർട്ടിഫിക്കറ്റുകൾക്ക് കോടതി വിധിമൂലം മറിച്ച് തീരുമാനമില്ലാത്തപക്ഷം 10 വർഷം സാധുതാകാലയളവ് നിശ്ചയിച്ചിരുന്നു. പിന്നീട് ജാതിസർട്ടിഫിക്കറ്റുകൾക്ക് 10 വർഷം കാലപരിധി ഉണ്ടായിരിക്കുന്നതല്ലായെന്നും സർട്ടിഫിക്കറ്റുകൾ പ്രത്യേക ആവശ്യത്തിനുവേണ്ടി മാത്രം നൽകുന്നതാണെന്നും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് നിശ്ചയിക്കുന്ന കാര്യം ഒരു പ്രത്യേക കേസ്സായി സർക്കാർ പുനഃപരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നത് പ്രത്യേകാവശ്യത്തിനുമാത്രം എന്ന വ്യവസ്ഥ റദ്ദാക്കി എല്ലാ ജാതി സർട്ടിഫിക്കറ്റുകളുടെയും സാധുതാകാലയളവ് 3 വർഷമെന്ന് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് ഒരു വർഷമാണ്. ഏതെങ്കിലും കോഴ്സുകൾക്ക് ചേരുന്നവർ സമർപ്പിക്കുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന് പ്രസ്തുത കോഴ്സ് കഴിയുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. പ്രത്യേക ആവശ്യത്തിനായല്ലാതെ നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ടി സർട്ടിഫിക്കറ്റുകളുടെ സാധുതാകാലയളവിനുള്ളിൽ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഇതുസംബന്ധിച്ച് പ്രത്യേക നിർദ്ദേശം പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ വരുമാന സർട്ടിഫിക്കറ്റിന്റെ കാര്യത്തിൽ അപേക്ഷകർ സർട്ടിഫിക്കറ്റിന്റെ അസ്സൽ സൂക്ഷിക്കേണ്ടതും വിവിധ ആവശ്യങ്ങൾക്കായി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ഒരു സർട്ടിഫിക്കറ്റിന്റെ പകർപ്പുതന്നെ പ്രസ്തുത സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവിനുള്ളിൽ പല ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുന്നതിനുതകുന്ന നിർദ്ദേശങ്ങൾ നൽകുന്നത് സർക്കാർ പരിഗണനയിലാണ്.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ ഓൺലൈനായി നൽകാൻ കഴിയുന്നത് വളരെ നല്ല കാര്യമാണ്. എന്നാൽ സാധാരണ ജനങ്ങൾക്ക് ഈ സേവനങ്ങൾ ലഭ്യമാകണമെങ്കിൽ 'അക്ഷയ' സെന്ററുകളെയോ ഇന്റർനെറ്റ്

കഫേകളെയോ ആശ്രയിക്കേണ്ട അവസ്ഥയാണ്. ഫലത്തിൽ അഞ്ചുരൂപ സ്റ്റാമ്പ് പതിച്ച് അപേക്ഷ സമർപ്പിച്ചാൽ മതിയാകുമായിരുന്ന സാക്ഷ്യപത്രങ്ങൾക്ക് ഇന്ന് അൻപതും അറുപതും രൂപ ഇന്റർനെറ്റ് കഫേകളിൽ ചാർജ്ജായി നൽകേണ്ട അവസ്ഥയാണുള്ളത്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, റവന്യൂ വകുപ്പ് സാങ്കേതികമായി വലിയ വളർച്ച കൈവരിച്ചെങ്കിലും സാധാരണ ജനങ്ങൾക്ക് ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്തതു കാരണം അപേക്ഷ സമർപ്പിക്കുന്നതിനും മറ്റും ഇന്റർനെറ്റ് കഫേകളെയും അക്ഷയ സെന്ററുകളെയുമൊക്കെ ആശ്രയിക്കേണ്ടതായാണ് വരുന്നത്. ഇത്തരമൊരു സാഹചര്യം, സംസ്ഥാന സർക്കാരിന്റെ പരിഗണനയിലുള്ള K-fone സംവിധാനം നിലവിൽ വരുന്നതോടെ വലിയ മാറ്റമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത്തരമൊരു സാഹചര്യത്തിൽ അപേക്ഷകൾ ഓൺലൈനിലൂടെ തയ്യാറാക്കി സമർപ്പിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്ന സാധാരണ ജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി എല്ലാ വില്ലേജ് ഓഫീസുകളിലും 'ഫ്രണ്ട് ഓഫീസ് ' സംവിധാനം എങ്ങനെ ഏർപ്പെടുത്തണമെന്നുള്ളത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അത് നടപ്പാക്കുന്നതിലൂടെ കാര്യങ്ങൾ കുറെക്കൂടി ലളിതമായി നടപ്പാക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകും.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഭൂമി സംബന്ധിച്ചും വ്യക്തികളെ സംബന്ധിച്ചുമുള്ള വിലപ്പെട്ട രേഖകൾ സൂക്ഷിക്കുന്ന വില്ലേജ് ഓഫീസുകളുടെ ഭൗതിക സാഹചര്യങ്ങൾ ഇന്ന് വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട്. അതോടൊപ്പം വില്ലേജ് രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സംസ്ഥാനത്തെ ഒൻപത് ജില്ലകളിൽ അതിനുവേണ്ടിയുള്ള പ്രവൃത്തികൾ ആരംഭിച്ച് മുന്നോട്ട് പോകുകയാണ്. വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കുന്നതിനോടൊപ്പം വില്ലേജ് രേഖകൾ സംരക്ഷിക്കുന്നതിനും ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. ഒൻപത് ജില്ലകളിലെ മോഡേൺ റിക്കാർഡ് റൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. പ്രസ്തുത പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുള്ളതും ആയതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടെ റിക്കാർഡ് മുറികളിൽനിന്നും പഴയ ഫയലുകൾ വേഗത്തിൽ കണ്ടെത്തുന്നതിനും അത് ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനും സാധിക്കുന്ന ഒരു

സാഹചര്യമുണ്ടാകുകയാണ്. അതുകൊണ്ട് പ്രസ്തുത പദ്ധതിയുടെ പ്രതീക്ഷിത ചെലവ് 1.70 കോടി രൂപയാണ്. അതോടൊപ്പം വില്ലേജ് രേഖകൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ നടപടിക്രമങ്ങൾ കുറെക്കൂടി ലളിതമായി നടപ്പിലാക്കാൻ കഴിയുമെന്നാണ് ചൂണ്ടിക്കാണിക്കുന്നത്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, വില്ലേജ് ഓഫീസുകളിലെ ഭൗതിക സാഹചര്യങ്ങൾക്കൊപ്പം ജീവനക്കാരുടെ മാനസികാവസ്ഥയും നല്ലതാക്കേണ്ടത് മെച്ചപ്പെട്ട വില്ലേജ് സംവിധാനത്തിന് അനിവാര്യമാണ്. പല വില്ലേജുകളും ജനസംഖ്യാനുപാതികമായി വിഭജിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇപ്പോൾ, പ്രളയവും അതുപോലെതന്നെ പേമാരിയും പ്രകൃതിക്ഷോഭവും ഒക്കെ ഉണ്ടാകുമ്പോൾ രാത്രിയിലും അവധി ദിവസങ്ങളിലുമൊക്കെ പണി ചെയ്യേണ്ട ഒരു വിഭാഗമായി വില്ലേജ് ഉദ്യോഗസ്ഥർ മാറുകയാണ്. എന്നാൽ ഇത്തരം പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ തന്നെ വില്ലേജ് ഓഫീസർ തസ്തികയിലേയ്ക്ക് പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ അനുവദിക്കപ്പെട്ടിട്ടുള്ള ശമ്പള സ്കെയിൽ നാളിതുവരെ അനുവദിച്ചുനൽകിയിട്ടില്ല. പ്രസ്തുത ശമ്പളം അനുവദിച്ചുനൽകണമെന്ന കോടതി വിധികൂടി ഇപ്പോൾ വന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത ശമ്പള സ്കെയിൽ അനുവദിച്ചുനൽകുന്നതിനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, വളരെയേറെ ജോലി ഭാരവും മാനസിക സമ്മർദ്ദവും അനുഭവിക്കുന്ന ഒരു വിഭാഗമാണ് വില്ലേജ് ഓഫീസർമാർ ഉൾപ്പെടെയുള്ള വില്ലേജ് ഓഫീസ് ജീവനക്കാർ. ഈ സാഹചര്യം പരിഗണിച്ചാണ് പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ഒരു നിർദ്ദേശം മുന്നോട്ട് വച്ചിരിക്കുന്നത്. വില്ലേജ് ഓഫീസറുടെ തസ്തിക ഡെപ്യൂട്ടി തഹസീൽദാറുടെ തസ്തികയായി പരിഗണിച്ച് അപ്ഗ്രേഡ് ചെയ്യണമെന്നുള്ള ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ ധനകാര്യ വകുപ്പ് ഈ കാര്യത്തിൽ വ്യത്യസ്തമായ ഒരുത്തരവ് പുറപ്പെടുവിച്ചതിനെത്തുടർന്ന് വില്ലേജ് ഓഫീസർമാർക്ക് ആ തസ്തിക ഇപ്പോഴും അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. വില്ലേജ് ഓഫീസർമാരുടെ തസ്തിക ഹെഡ് ക്ലാർക്കിന്റെ തൊട്ട് മുന്നിലുള്ള ഒരു സ്കെയിൽ അനുവദിച്ചുകൊണ്ടാണ് ധനകാര്യവകുപ്പ് ഉത്തരവിറക്കിയിരിക്കുന്നത്. ഈ സാഹചര്യത്തിൽത്തന്നെ നേരത്തെ പത്താം ശമ്പള കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള നിലയിൽ ഡെപ്യൂട്ടി തഹസീൽദാരുടെ തസ്തികയിലേയ്ക്ക് ഉയർത്താനും അതിനനുസൃതമായ സാമ്പത്തിക നേട്ടം അവർക്കുണ്ടാക്കാനും കഴിയാത്ത സാഹചര്യമാണ് ഉണ്ടായത്. അതുകൊണ്ടുതന്നെ ഈ സ്കെയിൽ നടപ്പാക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ ധനവകുപ്പ് ഉന്നയിക്കുന്ന ചില സാങ്കേതിക കാരണങ്ങളുണ്ട്. ആ

വിഷയങ്ങളുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമായി ചർച്ച ചെയ്ത് എങ്ങനെ നടപ്പാക്കാൻ കഴിയുമെന്ന് ആലോചിക്കുന്നതാണ്.

ശ്രീമതി ഗീതാ ഗോപി: സർ, ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ ജനങ്ങൾ ബന്ധപ്പെടുന്ന ഓഫീസുകളാണ് വില്ലേജ് ഓഫീസുകളും സബ് രജിസ്ട്രാർ ഓഫീസുകളും. വില്ലേജ് ഓഫീസുകളെ സ്മാർട്ടാക്കുക, ശോചനീയവസ്ഥയിൽ കിടക്കുന്ന എല്ലാ ഓഫീസുകളും റിപ്പെയറിംഗ് ചെയ്ത് കോമ്പൗണ്ട് വാൾ കെട്ടി സംരക്ഷിക്കുക തുടങ്ങിയവ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ മുന്നോട്ട് വച്ചതാണ്. അത്തരത്തിൽ വളരെ കൃത്യമായിട്ടുള്ള ജനകീയ ഇടപെടലുകളാണ് ജനങ്ങൾ നിരന്തരം ബന്ധപ്പെടുന്ന ഈ ഓഫീസുകളിലെല്ലാം അങ്ങ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന സന്ദർഭത്തിലെല്ലാം ചെയ്തിട്ടുള്ളത്. ഒരു കാര്യം സഭയ്ക്ക് മുന്നിൽ പറയുകയാണ്, ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ജനകീയമായി ബഹുദൂരമാണ് വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും കാർഷിക മേഖലയിലും ഇടപെട്ടുകൊണ്ടിരിക്കുന്നത്. അതേ അർത്ഥത്തിൽതന്നെയാണ് വില്ലേജാഫീസുകളിലും. ഞാൻ തന്നെ എന്റെ മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് കൊടുത്ത് നിർമ്മാണം പൂർത്തിയാക്കിയ കിഴക്കുമുറി/വടക്കുമുറി വില്ലേജ് ഓഫീസിന്റെ ഉദ്ഘാടനം ഈ വർഷം ഡിസംബർ 2-ാം തീയതി ബഹുമാനപ്പെട്ട മന്ത്രിയെക്കൊണ്ട് നിർവ്വഹിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഒരു മാസം മുമ്പാണ് ചെവ്വൂർ വില്ലേജ് ഓഫീസ് പുതുക്കിപ്പണിത് നിർമ്മാണം പൂർത്തിയാക്കി സമർപ്പിച്ചത്. ഇതെല്ലാം നോക്കുമ്പോൾ സാധാരണക്കാരുടെയും ഏറ്റവും പാവപ്പെട്ടവന്റെയും അടുത്തുവന്ന് പ്രവർത്തിക്കാനുള്ള വലിയൊരു ഇടപെടൽ ഈ സർക്കാർ അധികാരത്തിൽവന്നപ്പോൾ ചെയ്തു എന്നതാണ്. എന്റെ ചോദ്യം, റീ-സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലും റീ-സർവ്വേ സംബന്ധിച്ച പരാതി പരിഹരിക്കുന്നതിനും പുതുതായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് അങ്ങേയ്ക്ക് ബോധ്യപ്പെടുത്തുവാൻ കഴിയുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 906 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. നിലവിൽ 30 വില്ലേജുകളുടെ റീ-സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത

ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി 10-5-2018-ൽ ഉത്തരവായിരിക്കുകയാണ്. ഈ ഉത്തരവുപ്രകാരം സംസ്ഥാനത്തുള്ള പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി പരീക്ഷണ സർവ്വേ നടത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, വകുപ്പ് പുനഃസംഘടിപ്പിച്ചും ആധുനിക സാങ്കേതിക വിദ്യയായ Continuously Operating Reference Stations (CORS) നെറ്റ്‌വർക്ക് സ്ഥാപിച്ചും സംസ്ഥാനത്ത് സർവ്വേ നടപടികൾ ത്വരിതപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിച്ച് വരികയാണ്. സർക്കാരിന്റെ 26-8-2017-ലെ ഉത്തരവുപ്രകാരം റീ-സർവ്വേ സംബന്ധിച്ച പരാതി പരിഹരിക്കുന്നത് ഉൾപ്പെടെ ഭൂരേഖ പരിപാലനവുമായി ബന്ധപ്പെട്ട എൽ.ആർ.എം. അപേക്ഷകളിലുള്ള നടപടികളുടെ ഭാഗമായി നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവായിട്ടുമുണ്ട്. ഇതിനെത്തുടർന്ന് നേരത്തെ റീ-സർവ്വേ നടത്തിയ 906 വില്ലേജുകളുടെ കാര്യത്തിൽ ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾ പരമാവധി പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട് അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ട താലൂക്കുകളിലെ ഭൂരേഖ തഹസിൽദാർമാരുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ചുവരുന്നതാണ്. പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സർവ്വേ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകൾ സംയോജിപ്പിച്ചുകൊണ്ട് ആധുനിക രീതിയിലുള്ള സർവ്വേ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനങ്ങളുമായി മുന്നോട്ട് പോകുകയാണ്.

ശ്രീമതി സി. കെ. ആശയ്ക്ക് പകരം ശ്രീ. ചിറ്റയം ഗോപകുമാർ: സർ, റവന്യൂ വകുപ്പിന് കീഴിലുള്ള ഓഫീസുകളുടെ പ്രവർത്തനം നവീന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആധുനീകരിച്ച് ജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനം കാര്യക്ഷമതയോടെ നൽകുമോ എന്ന് ഉറപ്പാക്കാനുള്ള സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിനെ സംബന്ധിച്ച് വിശദമാക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ കാര്യത്തിൽ ഇപ്പോൾത്തന്നെ 146 എണ്ണമാണ് ഈ സർക്കാർ വന്നതിനുശേഷം അനുവദിച്ചത്. ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ച മൊത്തം 180 എണ്ണത്തിൽ 70 എണ്ണം പൂർത്തീകരിക്കുകയും ബാക്കിയുള്ളതിൽ നാൽപ്പതോളം വില്ലേജ് ഓഫീസുകൾ ഏറെക്കുറെ പൂർത്തീകരിക്കാൻ പോകുകയുമാണ്. സംസ്ഥാനത്തെ റവന്യൂ

ഓഫീസുകൾ ജനസൗഹൃദ ഓഫീസാക്കി മാറ്റുന്നതിനും അവയിൽനിന്ന് വേഗത്തിലും ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിൽ ഉറപ്പായും ഉത്തരവാദിത്വത്തോടെയും സുതാര്യമായും സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആവിഷ്കരിച്ചതുകൊണ്ടുള്ളത്. ഇതനുസരിച്ച് ഓഫീസുകളും ഓഫീസിന്റെ പ്രവർത്തനങ്ങളും വളരെ മെച്ചപ്പെട്ട് വരുന്നതായാണ് അനുഭവം. അതിന്റെ അടിസ്ഥാനത്തിൽ ഇ-ഗവേണൻസിന്റെ സഹായത്തോടെ വില്ലേജ് ഓഫീസുകളിലുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെവച്ചും ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ഇതുവരെയുള്ള 180 സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഇപ്പോൾ പൂർത്തീകരിച്ച 70-ഉം അവശേഷിച്ച 40 എണ്ണം പൂർത്തീകരിക്കാൻ പോകുന്നതും ഉൾപ്പെടെയുള്ളത് പൂർത്തീകരിക്കുന്നതോടുകൂടി ഈ രംഗത്ത് വലിയ രീതിയിലുള്ള മുന്നേറ്റമുണ്ടാക്കാൻ കഴിയും എന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾ എന്ന കാഴ്ചപ്പാടോടുകൂടി നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി റവന്യൂ ഭരണ സംവിധാനത്തിൽ, പ്രത്യേകിച്ച് വില്ലേജ് തലത്തിലുള്ള പ്രവർത്തനം കൂടുതൽ മെച്ചപ്പെട്ട് വരുന്നു എന്നുതന്നെയാണ് അനുഭവം.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, സർക്കാരിന്റെ ഒരു മുഖമാണ് സാധാരണക്കാർ എത്തിച്ചേരുന്ന അടിത്തട്ടിലെ സർക്കാർ ഓഫീസുകൾ. അവിടത്തെ അടിസ്ഥാന സൗകര്യവും ജീവനക്കാരുടെ സേവനവുമാണ് സർക്കാരിന്റെ യഥാർത്ഥ മുഖമായി ജനങ്ങൾ കാണുന്നത്. ജനസൗഹൃദ സർക്കാർ ഓഫീസുകൾ എന്ന രീതിയിൽ സർക്കാർ ഏറ്റെടുക്കുന്ന പരിശ്രമങ്ങൾ വളരെ അഭിനന്ദനാർഹമാണ്. എന്റെ നിയോജകമണ്ഡലത്തിൽ എല്ലാ സർക്കാർ ഓഫീസുകളും ജനസൗഹൃദമാക്കുക എന്നൊരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതിൽ ആദ്യഘട്ടത്തിൽ ഏറ്റെടുത്തത് വില്ലേജ് ഓഫീസുകളാണ്. 9 വില്ലേജ് ഓഫീസുകളും സ്മാർട്ട് രീതിയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. അതിൽ നാലെണ്ണം ബഹുമാനപ്പെട്ട മന്ത്രിതന്നെ ഉദ്ഘാടനം ചെയ്തിട്ടുള്ളതുമാണ്. വില്ലേജ് ഓഫീസുകൾ മാത്രമല്ല സബ് രജിസ്ട്രാർ ഓഫീസുകൾ, കൃഷി ഓഫീസുകൾ, ആശുപത്രികൾ തുടങ്ങി എല്ലാ സർക്കാർ ഓഫീസുകളും അതുപോലെ തന്നെയാണ്. ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കുക അല്ലെങ്കിൽ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ഉണ്ടാക്കുക എന്നൊരു കൺസെപ്റ്റിനപ്പുറത്തേയ്ക്ക് ഒരു അക്രഡിറ്റേഷൻ സ്റ്റാന്റേർഡുണ്ടാക്കണം. ഇല്ലെങ്കിൽ അത് നിലനിൽക്കില്ല. ഭൗതിക

സാഹചര്യത്തിലും മറ്റുമായി ഒതുങ്ങിപ്പോകും. അതുകൊണ്ട് സേവനത്തിൽ ഉൾപ്പെടെ അത് നൽകാൻ സാധിക്കണം. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ സിസ്റ്റം പല ഓഫീസുകളിലും നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ട്. അതൊരു common process ആണ്. ആരോഗ്യ വകുപ്പിലൊക്കെ ചെയ്യുന്നതുപോലെ NABH accreditation- ന്റെ ഒരു ക്വാളിറ്റി അഷ്വറൻസ് ടീം ഉണ്ട്, അവർ ആശുപത്രി സന്ദർശിക്കുന്നു. ആശുപത്രികൾക്ക് ഇത്ര ശതമാനം മാർക്കിടുന്നു. സേവനം ഉൾപ്പെടെ വിലയിരുത്തുന്നു. ആരോഗ്യ വകുപ്പിൽ ചെയ്യുന്നതുപോലെ ഇങ്ങനെ മറ്റ് സർക്കാർ ഓഫീസുകളും ജനസൗഹൃദമാക്കാൻ, സേവനം ഉൾപ്പെടെ ജനസൗഹൃദമാണെന്ന് ബോധ്യപ്പെടുന്ന തരത്തിലുള്ള അക്രഡിറ്റേഷൻ സ്റ്റാൻേറർഡിലേയ്ക്ക്, ഐ.എസ്.ഒ. അല്ലാത്ത ഒരു അക്രഡിറ്റേഷൻ സ്റ്റാൻേറർഡിലേയ്ക്ക്, വകുപ്പ് തലത്തിൽ പരിശോധന നടത്താനുള്ള ഒരു ടീമിനെ രൂപീകരിച്ച് കേരളത്തിലെ മുഴുവൻ സർക്കാർ ഓഫീസുകളും ഈ അക്രഡിറ്റേഷൻ സ്റ്റാൻേറർഡിൽ കൊണ്ടുവരാൻ പരിശ്രമിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം സ്വീകാര്യമാണ്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ എല്ലാ സർക്കാർ ഓഫീസുകളും മെച്ചപ്പെടുത്തുന്നതിനും ജനസൗഹൃദമാക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. മൂന്നോ നാലോ വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഞാൻ നേരത്തെ നടത്തിയതുമാണ്. ഈ പറയുന്ന സന്ദർഭങ്ങളിലൊക്കെത്തന്നെ റവന്യൂ വകുപ്പ് പ്രത്യേകമായി നിർദ്ദേശിച്ചിട്ടുള്ള ഒരു കാര്യം, ജീവനക്കാരുടെ പ്രവർത്തനത്തിന് സൗകര്യ പ്രദമാകത്തക്കവിധത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസുകളാകുകയും ഓഫീസുകളിൽ വളരെ മെച്ചപ്പെട്ട സാഹചര്യം ഉണ്ടാകുന്നതുകൊണ്ടുമാത്രം കാര്യമില്ലെന്നും അവിടെയുള്ള ജീവനക്കാർ ജനസൗഹൃദപരമായ സമീപനം സ്വീകരിക്കണമെന്നും മാനുഷികമായ എല്ലാ പരിഗണനകളോടുംകൂടി അവിടെ എത്തുന്ന ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നും ഏതവസരത്തിലും സേവനം നൽകാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടുള്ള നിലപാട് ആയിരിക്കണമെന്നുമുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ മെച്ചപ്പെട്ട് വരുന്നു എന്നാണ് അനുഭവം. ഏതായാലും പ്രത്യേക പരിശോധനകളും അതുമായി ബന്ധപ്പെട്ട് ഡിപ്പാർട്ട്മെന്റ് തലത്തിൽ ചെയ്യാവുന്ന പ്രവർത്തനങ്ങളും നടത്തി എങ്ങനെയാണ് ഇതിനെ മെച്ചപ്പെടുത്താൻ കഴിയുക എന്നുള്ളത് തീർച്ചയായും പരിശോധിക്കാവുന്ന കാര്യമാണ്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, റവന്യൂ വകുപ്പിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയാണ് സർവ്വേയർമാർ. താലൂക്ക് സർവ്വേയർമാരുടെ എണ്ണം വളരെ അപര്യാപ്തമാണ്. ധാരാളം വികസന പ്രവർത്തനങ്ങൾ നാട്ടിൽ നടക്കുന്നുണ്ട്. പാലം നിർമ്മാണം, റോഡ് വീതി കൂട്ടൽ, കെട്ടിട നിർമ്മാണം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ ധാരാളം വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ആവശ്യമാണ്. ഭൂമിയില്ലെങ്കിൽ വികസനമില്ല. ഭൂമി അളക്കുന്നതിനുവേണ്ടി താലൂക്ക് സർവ്വേയർമാരുടെ ഓഫീസിൽ പോയാൽ ആകെ ഒരു സർവ്വേയറാണുള്ളത്. താലൂക്ക് സർവ്വേയർ ഉള്ളപ്പോൾ ചെയിൻമാൻ ഉണ്ടായില്ല. ചെയിൻമാനും താലൂക്ക് സർവ്വേയറും ഉൾപ്പെടെയുള്ള ഒരു വിഭാഗം താലൂക്കിൽ രണ്ടോ മൂന്നോ എണ്ണം സ്ഥാപിച്ച് ഭൂമി അളവിനെ സംബന്ധിച്ചുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, സർവ്വേയർമാരുടെ അപര്യാപ്തതയെക്കുറിച്ച് മെമ്പർ ചൂണ്ടിക്കാണിക്കുന്നത് ഓരോ പ്രദേശത്തുണ്ടാകുന്ന ഭൂമി ഏറ്റെടുക്കൽ നടപടിയും മറ്റ് വിഷയങ്ങളും വരുമ്പോൾ ആവശ്യത്തിന് ആളെ കിട്ടുന്നില്ല എന്ന കാരണത്താലായിരിക്കും. ഏകദേശം 2999 സർവ്വേയർമാർ സംസ്ഥാനത്തുണ്ട്. റീ-സർവ്വേയുമായി ബന്ധപ്പെട്ടാണ് ഇവരിൽ മഹാഭൂരിപക്ഷത്തിന്റെയും നിയമനം എന്നതുകൊണ്ട് ഓരോ വർഷവും continuous sanction വാങ്ങിയാണ് അവരെ നിലനിർത്തിക്കൊണ്ടുപോകുന്നത്. താലൂക്കുകളിൽ ഇപ്പോഴുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഉൾപ്പെടെ മെഗാ പ്രോജക്ടുകൾക്ക് ആവശ്യമായ അത്രയും സർവ്വേയർമാരെ ഓരോ ജില്ലയിലേയ്ക്കും അലോട്ട് ചെയ്ത് അവർ അക്കാര്യങ്ങൾ നിർവ്വഹിച്ച് വരികയാണ്. ഏതെങ്കിലും പ്രദേശത്ത് ബുദ്ധിമുട്ട് ഉണ്ടെന്നുവന്നാൽ, അല്ലെങ്കിൽ അടിയന്തര സ്വഭാവമുള്ള പ്രവൃത്തി ചെയ്യാൻ സർവ്വേയറെ ആവശ്യമാണ് എന്നുവച്ചാൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുമായി,അവർക്കുള്ള നിർദ്ദേശമനുസരിച്ച് ജില്ലയിലേയ്ക്ക് അവരെ അലോട്ട് ചെയ്തിരിക്കുന്നതുകൊണ്ട് കളക്ടർമാർക്ക് തന്നെ ആവശ്യമായ വിധത്തിൽ അവരെ അനുവദിച്ച് കൊടുക്കാൻ കഴിയുന്ന സാഹചര്യമാണുള്ളത്. പുതിയ ആളുകളെ ഇപ്പോൾ പെട്ടെന്ന് എടുക്കുക എന്നുപറയുന്നതിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്. നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്ന് ആളുകളെ നിയമിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളുമായി ബന്ധപ്പെട്ട് വേക്കൻസി റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കാൻ സാധിക്കും.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, റവന്യൂ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസുകളുടെ മുഖച്ഛായ മാറ്റുന്നതിന് അങ്ങ് നടത്തിയിട്ടുള്ള ഇടപെടലുകളെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഭൂമി സംബന്ധിച്ച രേഖകൾ

സൂക്ഷിക്കുന്നതിന് ഒരു മോഡേണൈസേഷനിലേയ്ക്ക്, ഡോക്യുമെന്റേഷനിലേക്ക് പോകുകയാണെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചു. പ്രത്യേകിച്ച് അങ്ങ് പറഞ്ഞ മറ്റൊരു ഉത്തരത്തിൽ 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ തന്നെ ഗവൺമെന്റ് 7, 8, 9 അടക്കമുള്ള വകുപ്പുകൾ പരിഷ്കരിച്ചുകൊണ്ട്, ഉപാധിരഹിത പട്ടയം കൊടുക്കുന്നതുമായി ബന്ധപ്പെട്ട് 10 ചെയിനിലെ, 7 ചെയിനിൽ പട്ടയം കൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഇനി 3 ചെയിനിലെ ആളുകൾക്ക് പട്ടയം കിട്ടാനുണ്ട്. ഇങ്ങനെ ഭൂമി സംബന്ധമായ സർവ്വേ നമ്പരുകൾ തിരുത്തുന്നതുമായി ബന്ധപ്പെട്ട് ധാരാളം ഉത്തരവുകൾ ഈ ഗവൺമെന്റിന്റെ കാലത്ത് ഇറങ്ങിയിട്ടുണ്ട്. ഇതിലൊക്കെ ഞങ്ങൾ അങ്ങയോടുള്ള നന്ദി അറിയിക്കുകയാണ്. ഭൂമി സംബന്ധമായ രേഖകൾ ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനു വേണ്ടിയാണ് മോഡേണൈസേഷനെ സംബന്ധിച്ച് അങ്ങ് ഇവിടെ സംസാരിച്ചിട്ടുള്ളത്. ഇതിന് സ്ഥിരമായിട്ടുള്ള ഒരു രേഖ സൂക്ഷിക്കുന്നതിന് വില്ലേജുകളിൽ തന്നെ അതിനുള്ള സംവിധാനമുണ്ടാക്കുമോ; ഭൂമി സംബന്ധിച്ച സ്ഥായിയായിട്ടുള്ള എല്ലാ വിവരങ്ങളും ശേഖരിക്കുന്നതിന് വേണ്ടിയുള്ള ഒരു ഇടപെടൽ ഉണ്ടാകുമോയെന്നുള്ളതാണ് ചോദ്യം. എൽ.എ. ഓഫീസുകളിൽ വർക്കിംഗ് അറേഞ്ചുമെന്റിലാണ് ആളുകളെ പോസ്റ്റ് ചെയ്യുന്നത്. അതുകൊണ്ട് തന്നെ പലപ്പോഴും പട്ടയമേളകൾ കഴിഞ്ഞാൽ പിന്നെ അവിടെ ജീവനക്കാർ ഉണ്ടാകുകയില്ല. അവരൊക്കെ അവരവരുടെ സ്ഥലങ്ങളിലേക്ക് പോകുന്ന സാഹചര്യമുണ്ടാകുന്നു. അതുകൊണ്ട് പട്ടയം ഒരു പരിധിവരെ കൊടുത്തുതീർക്കുന്നതിനുവേണ്ടി സ്ഥിരമായിട്ടുള്ള എൽ.എ. ഓഫീസുകളെ സംബന്ധിച്ച് ആലോചിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, എൽ.എ. ഓഫീസുകളെ സംബന്ധിച്ചിടത്തോളം ജില്ലകളിൽ നിന്നുള്ള ആളുകളെയാണ് അത്യാവശ്യം വേണ്ടുന്നവരെ അപ്പുറത്തുമിപ്പുറത്തുമൊക്കെ മാറ്റി ജില്ലാ കളക്ടർമാർ തന്നെ പ്രത്യേക സൗകര്യാർത്ഥം നിശ്ചയിക്കുന്നത്. അത്തരം കാര്യങ്ങൾ തീരുമാനിക്കുമ്പോൾ അതാത് ജില്ലയുടെ സാധ്യതയ്ക്കനുസരിച്ച് എൽ.എ. ഓഫീസുകൾ വേണ്ടിവരും. ഉദാഹരണമായി ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച ഇടുക്കിയിലെ ഭൂമിയുടെ വിഷയമാണെങ്കിൽ, കൂടുതൽ എൽ.എ. ഓഫീസുകൾ വേണം. അവിടെ ഏതാണ്ട് 8 ഓഫീസുകൾ ഉണ്ടെന്നാണ് എന്റെ ഓർമ്മ. ഈ 8 ഓഫീസുകളും ആവശ്യമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തിയാൽ അവിടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. ഏതെങ്കിലും തരത്തിൽ ആളുകളുടെ അഭാവമുണ്ടെങ്കിൽ

അത് പരിശോധിക്കാവുന്നതും ബന്ധപ്പെട്ട ജില്ലാ കളക്ടറുമായി ആലോചിച്ച് ആവശ്യമായ നിർദ്ദേശം നൽകാവുന്നതുമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം നടത്തിയിട്ടുള്ള പരിഷ്കാരങ്ങളുടെ കാര്യത്തിൽ, 1964-ലെ ഭൂമി പതിവുമായി ബന്ധപ്പെട്ട് ഒരുപാട് മാറ്റങ്ങൾ വരുത്തുകയും പ്രത്യകിച്ച്, ഉപാധിരഹിത പട്ടയം ഉൾപ്പെടെയുള്ളത് നൽകാനുള്ള സംവിധാനമുണ്ടാക്കുകയും അങ്ങനെ ലഭ്യമാകുന്ന പട്ടയങ്ങളാണെങ്കിൽ അവർക്ക് കൈവശം കിട്ടിയ ഉടനേതന്നെ ഏത് ധനകാര്യ സ്ഥാപനങ്ങളിലും പണയപ്പെടുത്തുന്നതും വായ്പയെടുക്കുന്നതിനുമുൾപ്പെടെയുള്ള സാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗുണകരമായ രീതിയിലുള്ള നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വില്ലേജ് ഓഫീസ് കേന്ദ്രീകരിച്ചുകൊണ്ട് ഏത് റിക്കാർഡുകളും തൽസമയം ലഭിക്കത്തക്കവിധമുള്ള സംവിധാനമുണ്ടാക്കുന്നതിന് ഇപ്പോഴുള്ള എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## റോഡുകളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടി

3 (*548) <u>ശ്രീ പി. വി. അൻവർ</u> :
<u>ശ്രീ. പി. ഉണ്ണി</u>:
<u>ശ്രീ. സജി ചെറിയാൻ</u>:
<u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പം മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് പൊതുമരാമത്തുവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികശ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് നയത്തിൽ വിവക്ഷിക്കുന്ന പ്രകാരം സൈൻ ബോർഡുകൾ, സിഗ്നലുകൾ, ക്രാഷ് ബാരിയേഴ്സ്, ലൈറ്റുകൾ, റിഫ്ലക്ടേഴ്സ് തുടങ്ങിയവ സ്ഥാപിച്ച് റോഡുകളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ആവശ്യമായ സ്ഥലങ്ങളിൽ ബസ്ബേകൾ നിർമ്മിക്കുന്നതിനും ബസ് സ്റ്റോപ്പുകൾ പുനർ നിർണ്ണയിച്ച് ഗതാഗതത്തിരക്ക് ഒഴിവാക്കുന്നതിനും നയത്തിൽ നിർദ്ദേശമുണ്ടോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി അറിയിക്കാമോ;

(ഡി) റോഡുകളിൽ ഏറ്റവും കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പം മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി സ്ഥലം, ഫണ്ട് എന്നിവയുടെ ലഭ്യതയ്ക്കനുസരിച്ച് നിലവിലുള്ള റോഡുകളുടെ വീതി കൂട്ടുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു. ഇതു കൂടാതെ റോഡ് സേഫ്റ്റി ഇംപ്രൂവ് ചെയ്യാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്. കൂടാതെ ദേശീയപാതയുടെ കീഴിൽ ചെറുതും വലുതുമായ ടൗണുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. തിരുവനന്തപുരം ബൈപ്പാസ് നിർമ്മാണം.
2. കൊല്ലം ബൈപ്പാസ് പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.
3. ആലപ്പുഴ ബൈപ്പാസ് നിർമ്മാണം.
4. തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം.
5. കോഴിക്കോട് ബൈപ്പാസ്.

കൂടാതെ ചേർത്തല-കഴക്കൂട്ടം ദേശീയപാത നാലുവരി പാതാ വികസനത്തോടൊപ്പം ആറ്റിങ്ങൽ ബൈപ്പാസും ഉൾപ്പെടുത്തിയിട്ടുണ്ട്. ഗതാഗതക്കുരുക്ക് കൂടുതൽ അനുഭവപ്പെടുന്ന ടൗണുകളിൽ സിഗ്നലുകളും മീഡിയൻ, ട്രാഫിക്ക് ഐലന്റ്, ഡിവൈഡർ എന്നിവ സ്ഥാപിച്ച് ഗതാഗതക്കുരുക്കും ഒഴിവാക്കിയിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്. റോഡുകളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനു വേണ്ടി പൊതുമരാമത്തുവകുപ്പിന്റെ പദ്ധതി-പദ്ധതിയേതര ഫണ്ട് വിനിയോഗിച്ച് എല്ലാ വർഷവും ഇന്ത്യൻ റോഡ് കോൺഗ്രസ്സ് അനുശാസിക്കുന്ന മാനദണ്ഡ പ്രകാരമുള്ള റോഡ് സുരക്ഷാ സംവിധാനങ്ങളായ സൈൻ ബോർഡുകൾ, റോഡ് മാർക്കിംഗുകൾ, ഒബ്ജക്റ്റ് ഹസാർഡ് മാർക്കറുകൾ, സ്റ്റഡുകൾ, ഡിലിനേറ്റർ പോസ്റ്റുകൾ തുടങ്ങിയവ സ്ഥാപിച്ചുവരുന്നു. ഇതുകൂടാതെ കേരള റോഡ് സുരക്ഷാ

അതോറിറ്റി ഫണ്ട് ലഭ്യതയ്ക്കനുസരിച്ചും ക്രാഷ് ബാരിയർ സ്ഥാപിക്കാറുണ്ട്. സിഗ്നലുകൾ സ്ഥാപിക്കാനുള്ള ചുമതല പോലീസ് വിഭാഗത്തിനും തെരുവ് വിളക്കുകൾ സ്ഥാപിക്കാനുള്ള ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിക്ഷിപ്തമാണ്.

(സി) നിർദ്ദേശമുണ്ട്, സ്ഥലം, ഫണ്ട് എന്നിവയുടെ ലഭ്യതയനുസരിച്ച് ബസ്ബേയും, ബസ് സ്റ്റോപ്പുകളുടെയും നിർമ്മാണം നടത്താറുണ്ട്. കെ.എസ്.റ്റി.പി., കെ.ആർ.എഫ്.ബി., റിക്ക്, കിഫ്ബി എന്നീ വിഭാഗങ്ങൾ മുഖേനയുള്ള വൻകിട പദ്ധതികളിൽ ബസ്ബേകൾ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ദേശീയപാതയിൽ തെരഞ്ഞെടുത്ത റോഡുകളിൽ വിദഗ്ദ്ധ ഏജൻസികൾ റോഡ് സുരക്ഷാ ഓഡിറ്റ് നടത്തി അത്യാവശ്യമായ സ്ഥലങ്ങളിൽ ബസ്ബേകൾ നിർമ്മിച്ചുവരുന്നു. ദേശീയപാത 66-ൽ 4/6 വരിപ്പാതയായി വികസിപ്പിക്കുന്ന പദ്ധതിയിലും ദേശീയപാതകൾ പേവ്ഡ് ഷോൾഡറോട് കൂടിയ രണ്ട് വരിപ്പാതയായി വികസിപ്പിക്കുന്ന പദ്ധതിയിലും ആവശ്യമായ ബസ്ബേയുടെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) റോഡുകളിൽ ഏറ്റവും കൂടുതൽ അപകടം ഉണ്ടാകുന്ന ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി നിവാരണം ചെയ്യുന്നതിനായി കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ നിർദ്ദേശമനുസരിച്ച് നാറ്റ്പാക്ക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരളത്തിലെ സംസ്ഥാന പാതകളിലും മറ്റ് റോഡുകളിലുമായി 116 ബ്ലാക്ക് സ്പോട്ടുകളാണുള്ളത്. ആയതിൽ 46 ബ്ലാക്ക് സ്പോട്ടുകൾ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുമായി ചേർത്ത് സംയുക്ത പരിശോധന നടത്തി ന്യൂനത കണ്ടെത്തുകയും അവയുടെ തിരുത്തൽ നടപടികൾക്കായുള്ള മാർഗ്ഗങ്ങൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. ആയതിനാൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ വരുന്ന 37 ബ്ലാക്ക് സ്പോട്ടുകളിൽ 16 എണ്ണത്തിന്റെ തിരുത്തൽ നടപടി പൂർത്തിയായി. ബാക്കിയുള്ളവയുടെ തിരുത്തൽ നടപടികൾക്കായുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കേരളത്തിലെ ദേശീയപാതകളിലെ അപകട സാധ്യതകൾ കുറയ്ക്കുന്നതിനായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം മാരകമായതും പ്രാണഘ്യാതി ഉണ്ടായതുമായ അപകടങ്ങൾ നടന്ന സ്ഥലങ്ങളെപ്പറ്റിയുള്ള വസ്തുതകൾ അതാത് പോലീസ് സ്റ്റേഷനുകളിൽനിന്നും ശേഖരിക്കുകയും ആയതിൻ പ്രകാരം 18 ബ്ലാക്ക് സ്പോട്ടുകൾ അപകടരഹിതമാക്കുന്നതിന് വേണ്ടിയുള്ള

പ്രവൃത്തികൾ നടപ്പിലാക്കിവരികയാണ്. കൂടാതെ നാറ്റ്പാക്ക് പഠനം നടത്തി കണ്ടെത്തിയ 159 അപകടമേഖലകളിൽ അപകടം കുറയ്ക്കുന്നതിന് വേണ്ടി നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ ആവശ്യകത കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ അറിയിച്ചിട്ടുണ്ട്.

ശ്രീ പി. വി. അൻവറിനു പകരം ശ്രീ. റ്റി. വി. രാജേഷ്: സർ, ഇന്നത്തെ മാതൃഭൂമി പത്രത്തിൽ കേരളത്തിലെ റോഡപകടങ്ങളുടെ വ്യാപ്തിയെ സംബന്ധിച്ച് വളരെ വിശദമായ മുഖപ്രസംഗം ഉണ്ട്. നമ്മുടെ രാജ്യത്ത് ഒരു ലക്ഷം ആളുകൾ ഒരു വർഷം റോഡപകടങ്ങളിൽ മരിക്കുന്നു. ഇന്ത്യയിൽ ആകെയുള്ള റോഡപകടങ്ങളിൽ ഏതാണ്ട് 9 ശതമാനം കേരളത്തിലാണ് സംഭവിക്കുന്നത്. 2017-ൽ കേരളത്തിൽ ഒരുകോടി പത്തുലക്ഷം വാഹനങ്ങൾ രജിസ്റ്റർ ചെയ്തുവെന്നാണ് കണക്ക്. റോഡപകടങ്ങൾ പെരുകുന്ന ഈ സാഹചര്യത്തിൽ 'പുതിയ കാലം പുതിയ നിർമ്മാണം' തുടങ്ങി ഒട്ടേറെ കാര്യങ്ങൾ സർക്കാർ ചെയ്യുന്നുണ്ട്, എല്ലാ റോഡുകളിലും റോഡ് സേഫ്റ്റി ഓഡിറ്റ് നടത്താനും പി.ഡബ്ല്യു.ഡി., ഗതാഗതവകുപ്പ്, പോലീസ് എന്നിവരുമായി ചേർന്നുകൊണ്ട് സംസ്ഥാനത്ത് ഒരു സേഫ്റ്റി ഡ്രൈവ് നടത്താനും പ്രത്യേകമായ ഒരു പദ്ധതിക്ക് പൊതുമരാമത്തുവകുപ്പ് നേതൃത്വം നൽകുമോ?

ശ്രീ. ജി. സുധാകരൻ: സർ, നിർദ്ദേശം കാലത്തിനനുസരിച്ചുള്ളതാണ്, ഗൗരവമായിട്ടുതന്നെ പരിഗണിക്കാം.

ശ്രീ. റ്റി. വി. രാജേഷ്: സർ, ദീർഘദൂര യാത്രക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് പൊതുടോയ്‌ലറ്റ് ഇല്ലാത്തത് വലിയ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. കേരളത്തിൽ നിന്ന് ഒരറ്റം മുതൽ മറ്റേ അറ്റം വരെ യാത്രചെയ്താൽ അത് ഗുരുതരമായ പ്രശ്നമാണെന്ന് നമുക്ക് ബോധ്യമാകും. ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്നൊരു കമ്പനി പൊതുമരാമത്ത് വകുപ്പിന് കീഴിലുണ്ട്. ഈ കമ്പനി ഉപയോഗിച്ചുകൊണ്ട് ദീർഘദൂര യാത്രക്കാർക്ക് സഹായകരമാകുന്ന വിധത്തിൽ പൊതുമരാമത്തുവകുപ്പിന് സ്ഥലം ലഭ്യമായ എല്ലാ സ്ഥലത്തും 50 കിലോമീറ്റർ പരിധിയിലെങ്കിലും ഓരോ റസ്റ്റ്റൂം നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, മെമ്പർ പറഞ്ഞ കമ്പനി, കമ്പനിയെന്ന നിലയ്ക്ക് അതിന്റെ ചുമതലകൾ നിർവ്വഹിക്കാൻ കഴിഞ്ഞിട്ടില്ല. എം.എൽ.എ.-മാർ കൊടുക്കുന്ന പൈസ ഉപയോഗിച്ചുമാത്രം പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. ആ കമ്പനി ലിക്വിഡേറ്റ് ചെയ്യുകയാണ്. പൊതുമരാമത്ത് വകുപ്പുതന്നെ ആവശ്യമായ എല്ലാ സ്ഥലത്തും നിർമ്മാണഘട്ടത്തിൽ ഇത് ചെയ്യുന്നതിനുള്ള നടപടികളെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് കേരളത്തിലെ യാത്രക്കാരെ വലിയതോതിൽ അലട്ടുന്ന പ്രശ്നമാണ്. അതിന് വലിയ മുൻഗണന കൊടുത്തുകൊണ്ടുതന്നെ നിശ്ചിത അകലത്തിലായി ഇതുപോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള നടപടികളിലേയ്ക്ക് അടിയന്തരമായി നീങ്ങാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. ഉണ്ണി: സർ, വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള ഒരുപാട് നിർദ്ദേശങ്ങളുണ്ട്. എന്റെ അനുഭവം റോഡ് സൈഡിൽ നിൽക്കുന്ന ട്രാഫിക്ക് ലൈറ്റുകൾ സ്ഥാപിച്ചതിനുശേഷം ഇന്നുവരെ പ്രകാശിച്ചിട്ടില്ല എന്നതാണ്. പാലക്കാട് ജില്ലയിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡാണ് പാലക്കാട്-ഷൊർണ്ണൂർ റോഡ്. 12 വർഷങ്ങൾക്കപ്പുറം സ്ഥാപിച്ച റോഡ് സൈഡിൽ ലൈറ്റുകൾ ഉണ്ട്. ഇലക്ട്രിസിറ്റി പോസ്റ്റുകൾ ഉണ്ട്. ട്രാഫിക്ക് ലൈറ്റ് പ്രകാശിക്കാത്തതും ഇലക്ട്രിസിറ്റി ലൈറ്റ് പ്രകാശിക്കാത്തതുമൊക്കെ നിരന്തരമായ വാഹനാപകടങ്ങൾക്ക് ഇടയാക്കുന്നതാണ്. ഇവ നീക്കം ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, കേരളത്തിൽ പലയിടത്തുമുള്ള ഒരു പ്രതിഭാസമാണിത്. റോഡ് സേഫ്റ്റി അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, ലോക്കൽ ബോഡീസ്, പോലീസ് എന്നിവരെല്ലാം ചേർന്ന് ചെയ്യേണ്ടതാണ്. ചില സ്ഥലങ്ങളിൽ ചെയ്യുന്നുണ്ട്, തീർച്ചയായും ശ്രീ. പി. ഉണ്ണി ഉന്നയിച്ച കാര്യം ഗൗരവമായി പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകാം.

മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ**

4(*541) ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിലൂടെ സ്കൂൾ വിദ്യാഭ്യാസ ഘടനയിൽ എന്തെല്ലാം മാറ്റങ്ങളാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളും പരിശോധിച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ഉതകുംവിധത്തിലുള്ള ഘടനാപരമായമാറ്റം നിർദ്ദേശിക്കുന്ന ശിപാർശകളാണോ ഖാദർ കമ്മിറ്റി സമർപ്പിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(സി) കേന്ദ്ര സർക്കാരിന്റെ പുതിയ വിദ്യാഭ്യാസ നയത്തിന്റെ കരടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുമ്പോൾ അത് ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾക്ക് കടകവിരുദ്ധമാകുവാൻ സാദ്ധ്യതയില്ലേ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇത് വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ഉണ്ടാക്കാനിടയുള്ള ആശയക്കുഴപ്പം പരിഹരിക്കുന്നതിന് എന്ത് ഇടപെടൽ നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സ്കൂൾ വിദ്യഭ്യാസ രംഗത്ത് നിലവിലുള്ള DPI, DHSE, VHSE ഡയറക്ടറേറ്റുകൾ ഏകോപിപ്പിച്ച് സംസ്ഥാന തലത്തിൽ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ (DGE) എന്ന തസ്തിക സൃഷ്ടിക്കുകയും ടി വിഭാഗങ്ങൾ പ്രസ്തുത ഉദ്യോഗസ്ഥന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്തു. സ്കൂൾ ഒറ്റ യൂണിറ്റായി കണ്ടുകൊണ്ട് സ്കൂളിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികളുടെയും ശരിയായ പഠനത്തിനും വികാസത്തിനും അനുഗുണമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഒരുക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിന്റെ ഭാഗമായി വേണ്ടിവരുന്ന ഉള്ളടക്കപരമായുള്ള മാറ്റങ്ങളാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി (എച്ച്.എസ്., എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ.) എന്നിവയുടെ ഭരണപരമായ പ്രവർത്തനങ്ങളെ ഏകീകരിച്ച് ഒരു യൂണിറ്റാക്കുക എന്നതാണ് നിലവിലെ ഏകീകരണംകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

വിദ്യാലയങ്ങൾക്ക് നിലവിൽ ലഭ്യമായ ലൈബ്രറി, ലബോറട്ടറി, കമ്പ്യൂട്ടർ ലാബുകൾ, മറ്റ് ഭൗതിക സാഹചര്യങ്ങൾ തുടങ്ങിയ വിഭവങ്ങൾ പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുന്നതിനും ഫണ്ട് വിനിയോഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കുട്ടികൾക്ക് പ്രയോജനകരമായ സമഗ്ര പദ്ധതികൾ നടപ്പിലാക്കുന്നതിനും, വത്യസ്ത നിയന്ത്രണാധികാരികൾ ഒരേ കാമ്പസിലെ വിവിധ തലം സ്കൂളുകൾക്ക് ഉണ്ടാക്കുന്ന ഒട്ടേറെ പ്രയോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഏകീകരണം സഹായകമാകും.

(സി & ഡി) പുതിയ വിദ്യാഭ്യാസ നയത്തിന്റെ കരട് നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാർ ചർച്ചയ്ക്കായി വച്ചിട്ടുള്ളത്. പുതിയ വിദ്യഭ്യാസനയം കേന്ദ്രസർക്കാർ ഇനിയും പ്രഖ്യാപിച്ചിട്ടില്ല. നയപ്രഖ്യാപനം വന്നതിനുശേഷം മാത്രമേ ഇതുസംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

**തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ**

5(*542) ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മത്സ്യമേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് എന്ന് അറിയിക്കാമോ;

(ബി) ജനങ്ങൾക്ക് ശുദ്ധമായ മത്സ്യം ലഭ്യമാക്കുവാൻ സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത മത്സ്യമാർക്കറ്റുകളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്; ശുചിത്വം ഉറപ്പാക്കുന്നതിന് മലിനജല സംസ്കരണ പ്ലാന്റ് ഇത്തരം മാർക്കറ്റുകളിൽ സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ചില്ലിംഗ് പ്ലാന്റ് സംവിധാനം എല്ലായിടത്തും സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഇ) ദേശീയ മത്സ്യവികസന ബോർഡ് ഇക്കാര്യത്തിൽ എന്തൊക്കെ സഹായമാണ് നൽകുന്നത്; വിശദാംശം നൽകുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാന ഫിഷറീസ് വകുപ്പ് മത്സ്യമേഖലയിൽ വിവിധ പദ്ധതികൾ സംസ്ഥാനമൊട്ടാകെ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളി

കുടുംബങ്ങൾക്കുള്ള ഫ്ളാറ്റ് നിർമ്മാണം, തീര സംരക്ഷണ പദ്ധതികൾ, വിദ്യാഭ്യാസ-ആരോഗ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, മത്സ്യത്തൊഴിലാളി അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതികൾ, ആധുനിക മത്സ്യമാർക്കറ്റ് ശൃംഖല രൂപീകരണം, മത്സ്യബന്ധന തുറമുഖങ്ങളോടനുബന്ധിച്ചുള്ള തീരശോഷണം തടയുന്നതിനുള്ള 8 തീരസംരക്ഷണ പദ്ധതികൾ, പരപ്പനങ്ങാടി, ചെത്തി എന്നീ പുതിയ മത്സ്യബന്ധന ഹാർബറുകളുടെ നിർമ്മാണം, കൃത്രിമപാര് സ്ഥാപിക്കൽ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയാണ് പ്രധാന പദ്ധതികൾ. 2016-17, 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷത്തിൽ 42,487 ലക്ഷം രൂപ അടങ്കൽ തുക വരുന്ന മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി വ്യക്തിഗത ഫ്ളാറ്റുകൾ, വിദ്യാഭ്യാസ ആരോഗ്യ സ്ഥാപനങ്ങൾ, മത്സ്യമാർക്കറ്റുകൾ, ഫിഷറീസ് ഫാമുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഡ്രെയിനേജ് സംവിധാനം തീരസംരക്ഷണ പ്രവൃത്തികൾ, പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ, മുതലായ അടിസ്ഥാന സൗകര്യം വികസന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കിഫ്ബി ധനസഹായത്തോടെ 44,209.96 ലക്ഷം രൂപയുടെ പദ്ധതികളും നടപ്പാക്കാൻ ശ്രമിച്ചുവരുന്നു. തീരദേശ വികസന കോർപ്പറേഷൻ മുഖേന 2016-17 മുതൽ നടപ്പാക്കിയതും നടപ്പാക്കി വരുന്നതുമായ പദ്ധതികൾ അനുബന്ധമായി* നൽകിയിട്ടുണ്ട്.

(ബി) ജനങ്ങൾക്ക് ശുദ്ധമായ മത്സ്യം ലഭ്യമാക്കുവാൻ സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ കിഫ്ബി ധനസഹായത്തോടെ 65 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം കിഫ്ബി അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി പ്രസ്തുത മത്സ്യമാർക്കറ്റുകളുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

ഇതുകൂടാതെ മത്സ്യവികസന ബോർഡ്/കേന്ദ്ര സർക്കാർ സഹായത്തോടെ 39 ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതിൽ 36 എണ്ണം ഇതിനോടകം പൂർത്തിയാക്കുകയും 2 എണ്ണം പൂർത്തീകരണ ഘട്ടത്തിലും മറ്റൊരെണ്ണം പുരോഗമിച്ചു വരികയുമാണ്.

(സി) ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേല ഹാൾ എന്നീ സൗകര്യങ്ങൾ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആവശ്യാനുസരണം നൽകിയിട്ടുണ്ട്. ഇതുകൂടാതെ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതിനായി ചിൽ റൂം സംവിധാനവും ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ളേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യ മാർക്കറ്റുകളുടെ ഒരു സവിശേഷതയാണ്. എല്ലാ മത്സ്യ മാർക്കറ്റുകളിലും ടോയ്ലറ്റ് സംവിധാനവും ഉറപ്പാക്കിയിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മത്സ്യവികസന ബോർഡ്/കേന്ദ്ര സർക്കാർ അംഗീകാരത്തോടെ ഇതിനോടകം സ്ഥാപിച്ച 36 ആധുനിക മത്സ്യമാർക്കറ്റുകളിൽ താഴെപ്പറയുന്ന 15 മത്സ്യമാർക്കറ്റുകളിൽ ചിൽ റൂം സംവിധാനം ഒരുക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | മത്സ്യമാർക്കറ്റ് | ഭരണാനുമതി നൽകിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ചിറയിൻകീഴ് | 190.059 |
| 2 | കഴക്കൂട്ടം | 232.64 |
| 3 | നെടുമങ്ങാട് | 238.5 |
| 4 | വെഞ്ഞാറമൂട് | 237.04 |
| 5 | കരുവാറ്റ | 196.53 |
| 6 | ഏറ്റുമാനൂർ | 345.49 |
| 7 | ചങ്ങനാശ്ശേരി | 357.76 |
| 8 | പള്ളുരുത്തി | 230.36 |
| 9 | മൂവാറ്റുപുഴ | 168.00 |
| 10 | ഉദയംപേരൂർ | 125.62 |
| 11 | വടക്കാഞ്ചേരി | 103.45 |
| 12 | കണ്ണൂർ | 250.00 |
| 13 | കാസർഗോഡ് | 250.00 |
| 14 | ഇരിങ്ങാലക്കുട | 250.00 |
| 15 | കാലടി | 239.77 |

ഓരോ മത്സ്യമാർക്കറ്റിലും അന്നന്ന് വരുന്ന മത്സ്യത്തിന്റെ കണക്ക്, മൊത്ത വിൽപ്പന/ചില്ലറ വിൽപ്പന, ദിവസേന നടക്കുന്ന കച്ചവടം, അതാത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭ്യർത്ഥന എന്നിവ കണക്കിലെടുത്താണ് ഓരോ മത്സ്യമാർക്കറ്റിലും ചിൽ റൂം സ്ഥാപിച്ചിരിക്കുന്നത്.

(ഇ) 2010-11 മുതൽ 2014-15 കാലയളവിൽ സംസ്ഥാനത്ത് ഒട്ടാകെ ആധുനിക ശുചിത്വപൂർണ്ണ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി ഓരോ മത്സ്യമാർക്കറ്റിനും 90% ധനസഹായം ദേശീയ മത്സ്യവികസന ബോർഡ് നൽകിയിരുന്നു. ഇതിൻപ്രകാരം അംഗീകാരം നൽകിയ 37 മത്സ്യമാർക്കറ്റുകളിൽ 35 എണ്ണം പൂർത്തീകരിക്കുകയും ഭാവി നടത്തിപ്പിനും പരിപാലനത്തിനുമായി അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകുകയും ചെയ്തിട്ടുണ്ട്.

2016-17 സാമ്പത്തികവർഷം മുതൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സർക്കാർ നേരിട്ടാണ് അനുമതി നൽകിവരുന്നത്. ഇതിൽ 90%-ൽനിന്നും ധനസഹായം 50% ആയി ചുരുക്കുകയും ചെയ്തിട്ടുണ്ട്.

**വിദ്യാർത്ഥികൾക്കായുള്ള 'ശ്രദ്ധ' പദ്ധതി**

6(*544) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. എം. ഉമ്മർ:
ഡോ. എം. കെ. മുനീർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ സാമൂഹിക, സാമ്പത്തിക, വൈകാരിക പ്രശ്നങ്ങൾ മനസ്സിലാക്കി പഠനത്തിൽ മികവ് പുലർത്താൻ കഴിയാത്ത വിദ്യാർത്ഥികളുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള 'ശ്രദ്ധ' പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ ഈ പദ്ധതി പ്രകാരം കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്കൂളുകളെ തിരഞ്ഞെടുക്കുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2017-18 മുതൽ സംസ്ഥാനത്ത് ആവിഷ്കരിച്ചുനടപ്പിലാക്കിയ പദ്ധതിയാണ് ശ്രദ്ധ. വ്യത്യസ്ത കാരണങ്ങൾ കൊണ്ട് പഠന പ്രയാസം നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന

നൽകി മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുന്നതിനായിട്ടാണ് ശ്രദ്ധ പദ്ധതി നടപ്പിലാക്കുന്നത്. 2017-18 അദ്ധ്യയന വർഷത്തിൽ 3, 5, 8 ക്ലാസ്സുകളിലെ കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. 2018-19 വർഷം മുതൽ 3 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. 2018-19 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ 4659 സർക്കാർ സ്കൂളുകളിലായി ഏകദേശം 190000 കുട്ടികൾക്ക് ശ്രദ്ധ പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുണ്ട്. പാദ വാർഷിക പരീക്ഷകളിൽ 'സി' 'ഡി' ഗ്രേഡുകൾ ലഭിച്ചിരുന്ന കുട്ടികൾക്ക് വാർഷിക പരീക്ഷയിൽ ശ്രദ്ധ പദ്ധതിയുടെ പ്രവർത്തന മികവുകൊണ്ട് 'എ', 'ബി' ഗ്രേഡുകൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2019-20 വർഷം സംസ്ഥാനത്തെ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെയും ജില്ലാ വിദ്യഭ്യാസ ഒഫീസിന്റെയും പരിധിയിൽ നിന്നും 10 വീതം എൽ.പി./യു.പി./ഹൈസ്കൂളുകൾ തെരഞ്ഞെടുത്ത് ആകെ 3670 സർക്കാർ സ്കൂളുകളിൽ 'ശ്രദ്ധ' നടപ്പിലാക്കുന്നതിനുള്ള പദ്ധതിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

(ബി) 2017-18-ൽ 3, 5, 8 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന 4695 സർക്കാർ സ്കൂളുകളിലെ 120000 കുട്ടികൾക്ക് ശ്രദ്ധ പദ്ധതിയുടെ ഗുണഫലം ലഭിച്ചിട്ടുണ്ട്. 2018-19-ൽ 3 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ കണ്ടെത്തി 4659 സർക്കാർ സ്കൂളുകളിലായി 1,90,000 കുട്ടികൾക്ക് പദ്ധതിയുടെ ഗുണം ലഭ്യമാക്കിയിട്ടുണ്ട്. എൽ.പി/യു.പി/ഹൈസ്കൂൾ വിഭാഗങ്ങൾക്കായി പ്രത്യേകം മൊഡ്യൂളുകൾ തയ്യാറാക്കിയാണ് പഠന പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത് കുട്ടികൾക്കായി പ്രത്യേക ഇവാല്വേഷൻ ടൂളും നിർമ്മിച്ചാണ് പഠന പുരോഗതി വിലയിരുത്തുന്നത്. പ്രീ ടെസ്റ്റ്, പോസ്റ്റ് ടെസ്റ്റ് എന്നിവയും പദ്ധതിയുടെ ഭാഗമായി നടത്തുന്നുണ്ട്. 2018-19 വർഷത്തിലെ പാദ വാർഷിക പരീക്ഷകളിൽ 'സി' 'ഡി' ഗ്രേഡുകൾ ലഭിച്ചിരുന്ന കുട്ടികൾക്ക് വാർഷിക പരീക്ഷയിൽ ശ്രദ്ധ പദ്ധതിയുടെ പ്രവർത്തന മികവുകൊണ്ട് 'എ', 'ബി' ഗ്രേഡുകൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ പഠന പ്രയാസം നേരിടുന്ന കുട്ടികൾക്ക് പഠനത്തിൽ മുന്നേറ്റം നടത്താൻ ശ്രദ്ധ പദ്ധതിയിലൂടെ കഴിയുന്നുണ്ട്.

(സി) ഓരോ ഉപജില്ലായിലെയും, വിദ്യഭ്യാസ ജില്ലയിലെയും റിസൾട്ട് കുറഞ്ഞ 10 സ്കൂളുകൾ വീതം ഉപജില്ലാ വിദ്യഭ്യാസ ഓഫീസർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ കണ്ടെത്തുകയും അത്തരം 3670 സർക്കാർ സ്കൂളുകളിൽ 'ശ്രദ്ധ' നടപ്പിലാക്കുന്നതിനുള്ള പദ്ധതിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

## ഭൂമി ഏറ്റെടുക്കൽ നിയമമനുസരിച്ചുള്ള നഷ്ടപരിഹാരം

7(*545) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ്:
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഭൂമി ഏറ്റെടുക്കൽ നിയമമനുസരിച്ച് വസ്തുവിന്റെ ഉടമസ്ഥർക്കുള്ള നഷ്ടപരിഹാരം നിർണ്ണയിക്കുന്ന രീതി എപ്രകാരമാണ്; വിശദമാക്കാമോ;

(ബി) ഭൂമിയുടെ വിൽപ്പന വില കണ്ടെത്തുന്നതെങ്ങനെയാണ് എന്നറിയിക്കാമോ; ഇത് സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) 2013-ലെ ഭൂമി ഏറ്റെടുക്കൽ പുനരധിവാസ നഷ്ടപരിഹാര നിയമത്തിലെ വകുപ്പ് 19(1) അനുസരിച്ചുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപുതന്നെ നഷ്ടപരിഹാരം സംബന്ധിച്ച് ഭൂവുടമകളുമായി ചർച്ച ചെയ്യണമെന്ന് അവർ ആവശ്യപ്പെടാറുണ്ടോ; അപ്രകാരം ചെയ്യുന്നതിന് നിലവിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടോ;

(ഡി) റവന്യൂ റിക്കാർഡുകളിൽ സംസ്ഥാനത്തുള്ള ഭൂമി എത്ര ഇനമായിട്ടാണ് തിരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ& ബി) ഭൂമിയുടെ കമ്പോളവില നിശ്ചയിക്കുന്ന രീതി എൽ.എ.ആർ.ആർ. ആക്ട്, 2013 സെക്ഷൻ 26-ൽ തഴെ പറയും പ്രകാരം പ്രതിപാദിച്ചിട്ടുണ്ട്:

1. സ്ഥലം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് അതതു സംഗതികളിൽ തീറാധാരങ്ങൾക്കോ വില്പന കരാറുകൾക്കോ 1899-ലെ ഇന്ത്യ സ്റ്റാമ്പ് ആക്ട് 2 പ്രകാരമുള്ള കമ്പോളവില നിശ്ചയിക്കാവുന്നതാണ്.

2. സമീപത്തുള്ള വില്ലേജിലോ സമീപ പ്രദേശങ്ങളിലോ സ്ഥിതി ചെയ്യുന്ന അതേ പോലെയുള്ള സമാനരീതിയിലുള്ള സ്ഥലങ്ങൾക്കുള്ള ശരാശരി വില്പനവില കണക്കാക്കാവുന്നതാണ്.

3. സ്വകാര്യ കമ്പനികൾക്കോ പൊതു സ്വകാര്യ/കൂട്ടുടമസ്ഥ പ്രോജക്ടുകൾക്കോ വേണ്ടി ഭൂമി ഏറ്റെടുക്കുന്ന സംഗതികളിൽ 2-ാം വകുപ്പിന്റെ 2-ാം

ഉപവകുപ്പിൻകീഴിൽ ധാരണാപത്രം സമ്മതിച്ചുറപ്പിച്ചിട്ടുള്ള നഷ്ടപരിഹാര തുക ഇവയിലേതാണോ കൂടുതൽ ആയത് കമ്പോളവിലയായി നിശ്ചയിക്കുന്നു.

കമ്പോളവില തീരുമാനിക്കുന്ന തീയതി പ്രാഥമിക വിജ്ഞാപനം 11 (1) പുറപ്പെടുവിക്കുന്ന തീയതിയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എൽ.എ.ആർ.ആർ. ആക്ട്, 2013 സെക്ഷൻ 26 (എ) പ്രകാരമുള്ള മാനദണ്ഡം മിക്കവാറും സംഗതികളിൽ 26 (ബി) പ്രകാരമുള്ള മാനദണ്ഡത്തിനെക്കാൾ കുറവായിരിക്കും. 26 (സി) പ്രകാരമുള്ള മാനദണ്ഡമനുസരിച്ചുള്ള ധാരണാപത്രം ലഭ്യമാകുവാനുള്ള സാധ്യതയും വിരളമാണ്. ഭൂവുടമയ്ക്ക് മികച്ച സ്ഥലവില നൽകുന്നതിന് 26 (ബി) പ്രകാരമുള്ള മാനദണ്ഡം അതായത് ഭൂമി ഏറ്റെടുത്ത വർഷത്തിന് തൊട്ടു മുന്നിലത്തെ മൂന്ന് വർഷത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് സമീപസ്ഥലങ്ങളായ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള സ്ഥലത്തെ സംബന്ധിച്ച് ഉയർന്ന വിൽപ്പനവില കാണിച്ചിരിക്കുന്ന വിലയാധാരങ്ങളുടെ ആകെ എണ്ണത്തിന്റെ പകുതിയുടെ ശരാശരി വിൽപന വിലയായി കണക്കാക്കി ഭൂമി വില നിശ്ചയിക്കുന്നു.

ഈ കമ്പോള വിലയോടൊപ്പം നഗരപ്രദേശങ്ങളിൽ നിന്നുള്ള ദൂരത്തെ അടിസ്ഥാനമാക്കി 1 മുതൽ 2 വരെയുള്ള ഘടകം (factor) കൊണ്ട് ഗുണിച്ച് കിട്ടുന്ന തുകയും ഏറ്റെടുക്കുന്ന ഭൂമിയിൽ സ്ഥിതി ചെയ്യുന്ന എല്ലാ സ്ഥാവര വസ്തുക്കളുടെയും മറ്റ് ആസ്തികളുടെയും വൃക്ഷങ്ങളുടെയും സസ്യങ്ങളുടെയും മൂല്യം ഉൾപ്പെടെ ചേർത്ത് കിട്ടുന്ന തുകയും ആയതിന്റെ 100%-നു തുല്യമായ തുക സോലേഷ്യം ആയും കൂട്ടി കിട്ടിയ തുക അവാർഡ് തുകയായി നിശ്ചയിക്കുന്നതും പ്രസ്തുത അവാർഡ് തുക സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതി മുതൽ അവാർഡ് പ്രഖ്യാപിക്കുന്ന തീയതി വരെയോ, ഭൂമി കൈവശത്തിൽ എടുക്കുന്ന തീയതിവരെയോ ഇതിൽ ഏതാണ് ആദ്യം വരുന്നത് എന്ന് നോക്കി ഈ കാലയളവിൽ 12% പലിശയും നൽകുന്നു.

(സി) 2013-ലെ ഭൂമി ഏറ്റെടുക്കൽ പുനരധിവാസ നഷ്ടപരിഹാര നിയമത്തിലെ വകുപ്പ് 19 (1) അനുസരിച്ചുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പുതന്നെ നഷ്ടപരിഹാരം സംബന്ധിച്ച് ഭൂവുടമകളുമായി ചർച്ച ചെയ്യണമെന്ന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് ഭൂവുടമകൾ സമ്മതപത്രം നൽകുന്ന കേസുകളിൽ എൽ.എ.ആർ.ആർ. ആക്ടിലെ സെക്ഷൻ 108 പ്രകാരം രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് പോളിസിയുടെ അടിസ്ഥാനത്തിൽ നെഗോഷ്യേറ്റ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് ഭൂവുടമകളെ വിളിച്ചുകൂട്ടി ഡിസ്ട്രിക്റ്റ് ലെവൽ ഫെയർ

കോമ്പൻസേഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് കമ്മിറ്റി (DLFC) കൂട്ടുന്നതും ആയത് ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനുവിധേയമായി എൽ.എ.ആർ.ആർ. ആക്ടിലെ സെക്ഷൻ 26 (b) യെക്കാൾ കൂടിയവില അനുവദിച്ചുനൽകാറുണ്ട്.പ്രസ്തുത കേസുകളിൽ സെക്ഷൻ 19 (1) അനുസരിച്ചുള്ള വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷമാണ് DLFC-ൽ ഭൂവുടമകളുമായി ചർച്ച നടത്തുന്നത്.

(ഡി) ഭൂമിയെ ഇനം എന്നും തരം എന്നും രണ്ടായി നിർവ്വചിച്ചിരുന്നു. പുറമ്പോക്ക്, തരിശ്, പേരിൽ പതിഞ്ഞ ഭൂമി എന്നിവ ഇനത്തിൽ പെട്ടതും നിലം, പുരയിടം, പറമ്പ്, നഞ്ച, നഞ്ചനിലം, പുഞ്ച, സ്ഥിരം പുഞ്ച, അസ്ഥിരം പുഞ്ച, കരിനിലം കൈപ്പാട്ട് നിലങ്ങൾ, കോൾനിലം, ഞാറ്റുപട്ടി, പള്ളിഞായൽ (പാള്ളിയാൽ), തോപ്പ്, തോട്ടം എന്നിവ തരത്തിൽപ്പെട്ടതും ആണ്.

**പ്രീ-ഫാബ് സാങ്കേതികവിദ്യ**

8(*546) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും താങ്ങാവുന്ന ചെലവിൽ വീടുകൾ നൽകുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് വീട് നിർമ്മാണത്തിന് പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് സംസ്ഥാന സർക്കാർ വീട് നിർമ്മിച്ച് നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് വീട് നിർമ്മിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, സംസ്ഥാന നിർമ്മിതി കേന്ദ്രം എന്നീ സ്ഥാപനങ്ങൾ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രീ-ഫാബ് സാങ്കേതിക വിദ്യ ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ സമഗ്ര ഭവന പദ്ധതിയായ ലൈഫ് മിഷനും വീട് നിർമ്മാണത്തിന് പ്രീ-ഫാബ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ സമഗ്ര ഭവന പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഭൂരഹിത-ഭവനരഹിതരായിട്ടുള്ള കുടുംബങ്ങൾക്ക് 2020 ഒക്ടോബറോടുകൂടി പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ലൈഫ് മിഷൻ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതിയിലെ 24 ഫ്ലാറ്റുകൾ പ്രീ-ഫാബ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയാണ് നിർമ്മിച്ചത്.

## വിദ്യാലയങ്ങളുടെ അന്താരാഷ്ട്ര നിലവാരം

9(*549) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയിരം വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുകയെന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാനായി നടത്തുന്ന പ്രവർത്തനം എത്ര പുരോഗതി കൈവരിച്ചെന്ന് അറിയിക്കാമോ;

(ബി) ഹയർസെക്കന്ററിതലം വരെ ഓരോ ക്ലാസിലും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണിയും നേടുന്നുണ്ടോ എന്ന് അവലോകനം ചെയ്തിരുന്നോ;

(സി) പാഠ്യേതര മികവ് കഴിവിനനുസൃതമായി വികസിപ്പിക്കുന്നതിന് ഉതകുന്ന രീതിയിൽ അദ്ധ്യാപക ഇടപെടൽ സാധ്യമാകുന്നുണ്ടോ;

(ഡി) വിദ്യാർത്ഥികളിൽ കാർഷിക സംസ്കൃതി തിരിച്ചുപിടിക്കുന്നതിനും പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിനും നടത്തുന്ന പ്രവർത്തന രീതിയെക്കുറിച്ച് അറിയിക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിൽ ഈ സർക്കാർ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മിഷൻ മാതൃകയിലാണ് നടപ്പിലാക്കുന്നത്. പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ

സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംസ്ഥാനതല കർമ്മസേനയും നയപരമായ കാര്യങ്ങൾ തീരുമാനിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധ്യക്ഷനായുള്ള സംസ്ഥാന മിഷനുമുണ്ട്. ഇതിന്റെ ഫലപ്രദമായ നടത്തിപ്പിനായി ലക്ഷ്യങ്ങൾ വ്യക്തമായി മുൻകൂട്ടി നിർണ്ണയിച്ചുകൊണ്ട് ചിട്ടയായ ആസൂത്രണത്തോടുകൂടി സൂക്ഷ്മതയോടെയും സമയബന്ധിതവുമായി നിർവ്വഹിക്കുകയും ലക്ഷ്യമിട്ട ഗുണഫലങ്ങൾ നേടുന്നുണ്ടെന്ന് ഉറപ്പാക്കുകയുമാണ് ചെയ്യുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ചുകൊണ്ടും സംയോജിപ്പിച്ചുകൊണ്ടും താഴെപ്പറയുന്ന നാല് മേഖലകളിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

1. <u>ഭൗതിക സൗകര്യ വികസനം</u>

അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടുപയോഗിച്ചു കൊണ്ടും പ്ലാൻ ഫണ്ടുപയോഗിച്ചുകൊണ്ടുമുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു. 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 2017-18-ലെ ബഡ്ജറ്റിൽ അനുവദിച്ച-141 സ്കൂളുകളിൽ 138 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു. 8 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 3 കോടി പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ നിർമ്മാണം തുടങ്ങിയ 70 സ്കൂളുകളിൽ ഏഴ് സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 28 സ്കൂളുകളുടെ DPR കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുള്ളതിൽ 26 സ്കൂളുകളുടെ നിർമ്മാണത്തിനായി 'കൈറ്റ്' ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തു. കൂടാതെ 39 സ്കൂളുകളുടെ നിർമ്മാണച്ചുമതലയ്ക്ക് SPV ആയി 'ഇൻകലിനെ' ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകൾക്ക് കിഫ്ബി ധനസഹായത്തോടെ 3 കോടി രൂപ അനുവദിക്കുന്ന പദ്ധതി പ്രകാരം 166 സ്കൂളുകൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനു SPV ആയി INKEL-നെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഒരു കോടി രൂപ കിഫ്ബി ധനസഹായത്തോടെ 500-നും 1000-നുമിടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം നടത്തുന്നതിന് SPV ആയി കിലയേയും ചുമതലപ്പെടുത്തിയിട്ടുമുണ്ട്. എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ടുപയോഗിച്ച് അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും.

2. സങ്കേതിക വിദ്യാ സൗഹൃദ ക്ലാസ്സ് മുറികൾ/വിദ്യാലയം

8 മുതൽ 12 വരെയുള്ള 45000 ക്ലാസ്സ് മുറികളെ സാങ്കേതിക വിദ്യാ സൗഹൃദമാക്കി. ഇതിനാവശ്യമായ ഇ-റിസോഴ്സ് ഉറപ്പാക്കാൻ സമഗ്രപോർട്ടൽ വികസിപ്പിച്ചു ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു. 4751 ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഉൾപ്പെടെ 11579 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഒരുക്കി. 9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതിക്കുള്ള ഉപകരണ വിതരണം ഏകദേശം പൂർത്തിയാക്കി.

3. അക്കാദമിക പ്രവർത്തനങ്ങൾ

1. എല്ലാ സ്കൂളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനം നടന്നുവരുന്നു.
2. ഭാഷാ വികാസത്തിനായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി എന്നീ പദ്ധതികൾ.
3. പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കാൻ 'ശ്രദ്ധ' പദ്ധതി
4. ശാസ്ത്രപഠനവും ഗണിത പഠനവും മികവാർന്നതാക്കാൻ ശാസ്ത്ര പാർക്കുകൾ, ശാസ്ത്ര ഗണിത ക്ലബുകൾ, ഗണിത വിജയം, ഉല്ലാസ ഗണിതം തുടങ്ങിയവ.
5. കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിന് 'ടാലന്റ് ലാബ്' പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള ഉൾച്ചേരൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.
6. ജൈവവൈവിദ്ധ്യ ഉദ്യാനം, ഓട്ടിസം പാർക്ക്
7. അദ്ധ്യാപക പരിശീലനം
8. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളെ മെച്ചപ്പെടുത്തൽ
9. അദ്ധ്യയന നിലവാരം ഉയർത്തുന്നതിനായി കേരളത്തിന്റെ സ്കൂൾ പാഠ്യ പദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ

4. സമൂഹ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ.

വിദ്യാലയ വികസന പ്രവർത്തനങ്ങളിലെല്ലാംതന്നെ വലിയ തോതിലുള്ള പൊതുസമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നു. പൊതു വിദ്യാലയങ്ങളിലേയ്ക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനായി പഠനോത്സവങ്ങൾ പോലെയുള്ള പരിപാടികൾ

പി.ടി.എ.-യുടെയും പൊതുസമൂഹത്തിന്റെയും സഹകരണത്തോടെ നടപ്പിലാക്കി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടക്കുന്ന പദ്ധതികളെക്കുറിച്ച് രക്ഷാകർത്താക്കളുമായി സംവദിച്ച് അവരുടെ പിന്തുണ തേടുന്നുണ്ട്.

(ബി) അവലോകനം ചെയ്തിട്ടുണ്ട്.

(സി) സാധ്യമാകുന്നുണ്ട്.

(ഡി) വിദ്യാർത്ഥികളിൽ കാർഷിക സംസ്കൃതി തിരിച്ചുപിടിക്കുന്നതിനും പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിനുമായി നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 'ജൈവ വൈവിദ്ധ്യ പാർക്ക്' അതിൽ ഏറ്റവും പ്രധാനമാണ്. കൂടാതെ സ്കൂൾ കാമ്പസ്സിൽ പച്ചക്കറി കൃഷി, 'പാഠം ഒന്ന് പാടത്തേയ്ക്ക്' തുടങ്ങിയ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**റവന്യൂ ഉദ്യോഗസ്ഥരുടെ ഒത്താശയോടുകൂടിയുള്ള സ്വത്തുതട്ടിപ്പുകൾ**

10(*550) ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഉദ്യോഗസ്ഥരുടെ ഒത്താശയോടുകൂടി സ്വത്തുതട്ടിപ്പുകൾ നടക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തട്ടിപ്പുകൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തട്ടിപ്പുകൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃതമായി വകുപ്പുതലത്തിൽ അച്ചടക്ക നടപടിയും അവർക്കെതിരെ ക്രിമിനൽ കേസടക്കമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആഭ്യന്തര പരിശോധന വിഭാഗവും റവന്യൂ വിജിലൻസ് വിഭാഗവും വഴി ജാഗ്രത പുലർത്തി വരുന്നുണ്ട്. കൂടാതെ ഇത്തരം പരാതികളിൽ ആഭ്യന്തര വിജിലൻസ് സംവിധാനം ഉപയോഗിച്ച് ഗൗരവമായി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

**ഉൾനാടൻ മത്സ്യസമ്പത്തിലുള്ള കുറവ്**

11(*551) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്ത് ഉൾനാടൻ മത്സ്യസമ്പത്തിലുള്ള കുറവ് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ജലസംഭരണികളിൽ കൂട് മത്സ്യകൃഷി വ്യാപകമാക്കാൻ പരിപാടിയുണ്ടോ; ആവശ്യാനുസരണം മത്സ്യവിത്തുല്പാദനം സാധ്യമാകുന്നുണ്ടോ;

(സി) ഗവേഷണങ്ങളും മാർഗ്ഗനിർദ്ദേശവും വഴി മത്സ്യസമ്പത്ത് വർദ്ധനവിന് ഫിഷറീസ് സർവ്വകലാശാലയുടെ ഇടപെടൽ ഫലപ്രദമാകുന്നുണ്ടോ; വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യസമ്പത്തിന്റെ കുറവ് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ ഉൾനാടൻ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തികവർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 74.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ നീല വിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷി മേഖലയിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തികവർഷം 4851 ലക്ഷം രൂപയുടെ

പദ്ധതികൾ കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് & ഫംങ്ഷനിംഗ് ഓഫ് എഫ്.എം.സി. കൾ എന്ന പദ്ധതി പ്രകാരം പൊതു ജലാശയങ്ങളിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നടപ്പുസാമ്പത്തികവർഷം 295 ലക്ഷം രൂപ പദ്ധതി നടത്തിപ്പിന് വക കൊള്ളിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റിസർവോയറുകളിൽ കൂട് കൃഷി പദ്ധതി നടപ്പിലാക്കിവരുന്നു. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ അണക്കെട്ടിൽ കൂട് കൃഷി പദ്ധതിക്ക് (3.2 കോടി രൂപ) എച്ച്.എൽ.ഇ.സി.-ൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ജലസംഭരണികളിൽ നിന്ന് മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യകുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നതിനായി 210 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കിവരുന്നു. അഷ്ടമുടി/വേമ്പനാട് കായലുകളിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനും അതുവഴി ഉല്പാദനം കൂട്ടുന്നതിനുമായി, 95 ലക്ഷം രൂപയുടെയും 248 ലക്ഷം രൂപയുടെയും പദ്ധതികൾ യഥാക്രമം നടപ്പിലാക്കിവരുന്നു. കരിമീനിന്റെ സ്വാഭാവിക ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിന് അഷ്ടമുടി, വേമ്പനാട് കായലുകളിൽ 2 ഹെക്ടർ വിസ്തീർണ്ണമുള്ള 20 സംരക്ഷിത ആവാസ കേന്ദ്രങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ജല സംഭരണികളിൽ കൂട് മാത്സ്യകൃഷി വ്യാപകമാക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നിലവിൽ മലമ്പുഴ, പഴശ്ശി എന്നീ ജലസംഭരണികളിൽ കൂട് കൃഷി നടപ്പിലാക്കി. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ അണക്കെട്ടിൽ കൂട് കൃഷി ചെയ്യുന്നതിലേയ്ക്ക് 3.2 കോടി രൂപയുടെ അംഗീകാരം എച്ച്.എൽ.ഇ.സി.-ൽനിന്നും ലഭിച്ചിട്ടുണ്ട്. മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി നിലവിലുള്ള ഫിഷ് സീഡ് ഫാമുകൾ/ഹാച്ചറികൾ നവീകരിക്കുന്നതിനും പുതിയ ഹാച്ചറികൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 2019-20 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തി ഉൾനാടൻ മത്സ്യ മേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി പുതിയ മത്സ്യവിത്തു ഫാമുകൾ, ഹാച്ചറികൾ, നേഴ്സറികൾ എന്നിവയുടെ പൂർത്തീകരണം, നിലവിലുള്ള ഫിഷ് സീഡ് ഫാമുകളുടെ/ഹാച്ചറികളുടെ വികസനം, നടത്തിപ്പ്, സംരക്ഷണം നിലവിലുള്ള സർക്കാർ ഫാമുകളിൽ അധികം മത്സ്യവിത്തുല്പാദന യൂണിറ്റുകളുടെ നിർമ്മാണം എന്നിവയ്ക്കായി 1800 ലക്ഷം രൂപ വകയിരുത്തിയിരുന്നു. അതനുസരിച്ചുള്ള മത്സ്യവിത്തുല്പാദന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. നടപ്പു സാമ്പത്തികവർഷം വിവിധ സീഡ് ഫാമുകൾ/ഹാച്ചറികളിലായി 800 ലക്ഷം മത്സ്യ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉണ്ട്. മത്സ്യരോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ കുഫോസിലെ അക്വാട്ടിക് അനിമൽ ഹെൽത്ത് വകുപ്പിന്റെ സേവനം ലഭ്യമാകാറുണ്ട്. ഇതുകൂടാതെ മത്സ്യ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന "Standard operating procedure" (SOP)-കൾക്ക് മറ്റ് കേന്ദ്ര ഇൻസ്റ്റിറ്റ്യൂട്ടുകൾക്കുപുറമേ കുഫോസും പങ്കാളിയാണ്. ഫിഷറീസ് സർവ്വകലാശാലയുടെ വിജ്ഞാപന വ്യാപന വിഭാഗം സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിലൂടെ മത്സ്യകൃഷി വൈവിദ്ധ്യവത്ക്കരണം വഴി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് മത്സ്യകൃഷി വ്യാപിപ്പിച്ച്, മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ശുദ്ധജല മത്സ്യകൃഷി, ഓരുജല മത്സ്യ/ചെമ്മീൻ കൃഷി, സംയോജിത മത്സ്യകൃഷി, വളപ്പുകൃഷി, കൂടുമത്സ്യകൃഷി, അക്വാപോണിക്സ് മുതലായവയിൽ കർഷകർക്ക് പരിശീലനം നൽകിവരുന്നു. കൂടുതൽ കർഷകരെ മത്സ്യകൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി അനുയോജ്യമായ സ്ഥലങ്ങളിൽ മാതൃകാ യൂണിറ്റുകൾ സ്ഥാപിച്ചും സാങ്കേതികവിദ്യകൾ കൈമാറിയും വരുന്നുണ്ട്. കൂടാതെ ബി.എഫ്.എസ്.സി, എം.എഫ്.എസ്.സി. വിദ്യാർത്ഥികൾക്ക് ഫിഷറീസ് വകുപ്പിലെ മത്സ്യകൃഷി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 6 മാസത്തെ ഇന്റേൺഷിപ്പ് പ്രോഗ്രാം ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**വിദ്യാലയങ്ങളിലൂടെ മാനസിക സാംസ്കാരിക വികാസം**

12(*552) <u>ശ്രീ. പി. കെ. ശശി</u> :
<u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാകുന്നതോടെ വിദ്യാർത്ഥികൾക്ക് തൊഴിൽ പ്രാപ്തിയും അക്കാദമിക അറിവും നേടിക്കൊടുക്കുന്നതോടൊപ്പം വിദ്യാലയങ്ങളെ മാനസിക സാംസ്കാരിക വികാസത്തിന്റെ അടിസ്ഥാന കേന്ദ്രങ്ങൾ എന്ന നിലയിൽ പരിവർത്തനം നടത്തുന്നതിനായി അദ്ധ്യാപക സമൂഹം ശേഷി ആർജ്ജിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ബഹുസ്വര സമൂഹത്തിന്റെ അടിത്തറയായ ജനാധിപത്യം, പരസ്പരബഹുമാനം, സഹകരണം തുടങ്ങിയ മൂല്യങ്ങൾ സ്വായത്തമാക്കുന്നതിനനുയോജ്യമായ രീതിയിലുള്ള വിദ്യാഭ്യാസക്രമം വികസിപ്പിച്ചെടുക്കാനായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്ന സ്കൂളുകളിൽ പ്രഥമാദ്ധ്യാപകന് വിപുലമായ അധികാരവും വിദ്യാർത്ഥികളുടെ ക്ലാസ് മുറിയിലെയും സ്കൂൾ വളപ്പിലെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ക്ലോസ്ഡ് സർക്യൂട്ട് ക്യാമറ ഉൾപ്പെടെയുള്ള സൗകര്യങ്ങളും വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത് വിദ്യാർത്ഥികളിലെ സ്വാതന്ത്ര്യാഭിവാഞ്ഛക്ക് ഹാനികരമാകാത്ത തരത്തിലാണോ ഏർപ്പെടുത്തുന്നതെന്ന് അറിയിക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) വൈജ്ഞാനിക രംഗത്തെ വികാസങ്ങൾക്കൊപ്പം മുന്നേറുന്നതിന് അദ്ധ്യാപകർക്ക് പിന്തുണ നൽകുന്നതിനും പുതിയ ഉൾക്കാഴ്ചകൾ വികസിപ്പിക്കുന്നതിനും നിരന്തര പഠനത്തിന്റെയും ഗവേഷണത്തിന്റെയും സംസ്കാരം പരിപോഷിപ്പിക്കുന്നതിനും സർഗ്ഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽപരമായ നൈപുണ്യം വളർത്തുന്നതിനുമാണ് നവീനമായ അദ്ധ്യാപക വിദ്യാഭ്യാസ പരിപാടി ആസൂത്രണം ചെയ്തിട്ടുള്ളത്. കേരളത്തിലെ സ്കൂളുകളിലെ അദ്ധ്യാപക സമൂഹത്തിനായി അവരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും ബോധനശാസ്ത്രത്തിലും വിദ്യാഭ്യാസ മനഃശാസ്ത്രത്തിലും അതോടൊപ്പം വിഷയബന്ധിതമായും ഉള്ള മേഖലകളെ പ്രതിപാദിച്ചുമാണ് പരിശീലന പരിപാടികൾ കാലാകാലങ്ങളായി സംഘടിപ്പിക്കുന്നത്. വിദ്യാർത്ഥികൾക്ക് മികച്ച പഠനാനുഭവങ്ങൾ ഒരുക്കി ഹയർസെക്കണ്ടറി വിദ്യാഭ്യാസം ശക്തിപ്പെടുത്താൻ അദ്ധ്യാപകരെ സജ്ജരാക്കുകയാണ് ഇതിന്റെ ലക്ഷ്യം. അനുഭവാധിഷ്ഠിത പഠനത്തിന് പ്രാമുഖ്യം നൽകി ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ ആശയതലം വിപുലീകരിക്കുക, വ്യത്യസ്ത അറിവുകൾ പങ്കുവയ്ക്കുക പുതിയ ബോധന രീതികൾ സ്വായത്തമാക്കുക തുടങ്ങിയവയാണ് ഈ പരിശീലന പരിപാടി കൊണ്ടുള്ള ഗുണം. ഹയർസെക്കണ്ടറി മേഖലയിൽ കരിയർ ഗൈഡൻസ് & അഡോളസെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ കുട്ടികളുടെ അക്കാദമിക-ബൗദ്ധിക നിലവാരം ഉയർത്തുന്നതിന് വിവിധ പദ്ധതികൾ നടത്തിവരുന്നു. ഫോക്കസ് പോയിന്റ്, കെ-ഡാറ്റ്, വളർച്ചാ വൈകല്യമുള്ള കുട്ടികളുടെ തൊഴിൽ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനുള്ള പ്രോഗ്രാം, വിദ്യാർത്ഥികൾക്ക് ശരിയായ രീതിയിൽ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കരിയർ ഗൈഡുമാരായ അദ്ധ്യാപകർക്കുള്ള വിവിധ പരിശീലനങ്ങൾ, വിജയശതമാനം ഏറ്റവും കുറഞ്ഞ സ്കൂളുകളെ തെരഞ്ഞെടുത്ത് പഠനനിലവാരം ഉയർത്തുന്ന ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (QIP) തുടങ്ങിയവ അവയിൽ ചിലതാണ്.

(ബി) കേരളത്തിന്റെ നിലവിലെ സ്കൂൾ പാഠ്യപദ്ധതി ജനാധിപത്യം, പരസ്പര ബഹുമാനം, സഹകരണം തുടങ്ങിയ അടിസ്ഥാന ആശയങ്ങളും മൂല്യങ്ങളും വികസിപ്പിക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ ഭരണഘടന

വിഭാവനം ചെയ്യുന്ന അടിസ്ഥാന തത്വങ്ങളായ മതേതരത്വം, സാഹോദര്യം, സാമൂഹ്യ സമത്വം തുടങ്ങിയ മൂല്യങ്ങൾക്ക് ഊന്നൽ നൽകിയുമാണ് പാഠ്യപദ്ധതിയും പാഠ്യക്രമവും പാഠഭാഗങ്ങളും തയ്യാറാക്കിയിരിക്കുന്നത്. നിലവിലെ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പരിഷ്കരണഘട്ടത്തിൽ ഈ മേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) പ്രഥമാദ്ധ്യാപകന് സ്കൂളുകളുടെ പ്രവർത്തനങ്ങളിൽ വിപുലമായ അധികാരം ഉണ്ട്. ഹയർസെക്കണ്ടറി വിഭാഗം വരെയുള്ള സ്കൂളിന്റെ മേധാവി പ്രിൻസിപ്പാളാണ്. സ്കൂളിന്റെ പൊതു ചുമതലയും ഹയർസെക്കണ്ടറി വിഭാഗത്തിന്റെ അക്കാദമിക ചുമതലയും പ്രിൻസിപ്പാളിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു. ബഹുമാനപ്പെട്ട കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 13-9-2017-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ക്യാമറ ക്ലാസ്സ് മുറികളിൽ സ്ഥാപിക്കുവാൻ പാടില്ലായെന്ന്, 12-7-2018-ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. ടി നിർദ്ദേശത്തിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്യപ്പെടുകയും ടി വിഷയത്തിൽ സർക്കാർതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## സ്കൂളുകളിലെ വിദ്യാർത്ഥി യൂണിയൻ പ്രവർത്തനത്തിനായി നിയമനിർമ്മാണം

13(*553) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി :
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാർത്ഥി യൂണിയൻ പ്രവർത്തനത്തിന് സാധുത നൽകുന്നതിനുള്ള നിയമനിർമ്മാണത്തിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) പുതിയ സാഹചര്യം ദുരുപയോഗപ്പെടുത്താതിരിക്കുവാനും സമാധാന അന്തരീക്ഷം നിലനിർത്തുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ & ബി) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി യൂണിയനുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് "2019-ലെ കേരള വിദ്യാർത്ഥി യൂണിയനുകളും വിദ്യാർത്ഥി പരാതി പരിഹാര അതോറിറ്റിയും ആക്ട്" എന്ന പേരിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ ഒരു ബിൽ അവതരിപ്പിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരത്തോടുകൂടി ബഹുമാനപ്പെട്ട ഗവർണർ അനുമതി നിൽകിയിട്ടുണ്ട്.

ഇതുസംബന്ധിച്ച ബിൽ കേരള നിയമസഭയുടെ മുൻപാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റോഡുകളുടെ സമഗ്ര വികസനം**

14(*554) ശ്രീ. ഡി. കെ. മുരളി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗത രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് റോഡ് ഫണ്ട് ബോർഡ് നടത്തുന്ന പ്രവർത്തനമെന്താണെന്ന് അറിയിക്കാമോ;

(ബി) കോഴിക്കോട്, കണ്ണൂർ, കൊല്ലം നഗരറോഡുവികസന പദ്ധതികളിലെ പുരോഗതി അറിയിക്കാമോ;

(സി) കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; കോർപ്പറേഷന്റെ പ്രവർത്തനത്തിൽ പ്രതിസന്ധി നേരിട്ടത് പരിഹരിച്ചിട്ടുണ്ടോ;

(ഡി) ആയിരത്തി ഇരുനൂറ് കിലോമീറ്റർ റോഡുകളുടെ സമഗ്ര വികസനത്തിന് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള മുഖേന നടപ്പിലാക്കുന്ന സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളെക്കുറിച്ച് അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) കേരള നിയമസഭ 2001-ൽ പാസാക്കിയ കേരള റോഡ് ഫണ്ട് ആക്ട്

പ്രകാരമാണ് കേരള റോഡ് ഫണ്ട് ബോർഡ് രൂപീകരിക്കപ്പെട്ടത്. സംസ്ഥാനത്തെ റോഡ് ഗതാഗത രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട് ലഭ്യമാക്കുകയാണ് കേരള റോഡ് ഫണ്ട് ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യം. പൊതു-സ്വകാര്യ-പങ്കാളിത്തത്തോടെയുള്ള റോഡ് വികസന പ്രവർത്തനങ്ങളും ബോർഡ് ഏറ്റെടുത്ത് നടപ്പാക്കുന്നു. ഇത്തരത്തിൽ കേരള റോഡ് ഫണ്ട് ബോർഡ് പൂർത്തീകരിച്ച രണ്ട് പദ്ധതികളാണ് തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലാ കേന്ദ്രങ്ങളിലെ നഗര റോഡ് വികസന പദ്ധതികൾ. ഇതിൽ തിരുവനന്തപുരം നഗരത്തിലെ 42.537 കി.മീ. റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 15 വർഷത്തെ പരിപാലനം കൺസഷണർ നിർവ്വഹിച്ചുവരുന്നു. കണ്ണൂർ നഗരത്തിലെ 11 റോഡുകളിലായി 44.065 കി.മീ. ദൈർഘ്യം വരുന്ന റോഡുകളുടെ വികസനത്തിനുള്ള ഭരണാനുമതി ലഭിച്ചതിനെതുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടിക്കായി ഒരു എൽ.എ. യൂണിറ്റ് സ്ഥാപിച്ച് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതേ മാതൃകയിൽ 272.66 കോടി രൂപ അടങ്കൽ തുക കണക്കാക്കിയിട്ടുള്ള ആലപ്പുഴ നഗര റോഡ് വികസന പദ്ധതിക്കുവേണ്ടി കരാറിൽ ഏർപ്പെട്ടെങ്കിലും കരാർ വ്യവസ്ഥകളുടെ ലംഘനത്തെ തുടർന്ന് കരാർ റദ്ദ് ചെയ്തിരിക്കുകയാണ്. കൂടാതെ കൊല്ലം, കോട്ടയം, മലപ്പുറം എന്നീ നഗര റോഡ് വികസന പദ്ധതികളുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ പുതുതായി പത്തനംതിട്ട, മൂന്നാർ, കൽപ്പറ്റ, മാനന്തവാടി, പയ്യന്നൂർ, കാസർഗോഡ് എന്നിവിടങ്ങളിൽക്കൂടി ഇത്തരത്തിൽ നഗര റോഡ് വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) കോഴിക്കോട് നഗര പാതയുടെ വികസനം ഒന്നാംഘട്ടം പൂർത്തീകരിച്ച് ആയതിന്റെ 15 വർഷത്തെ പരിപാലന ഘട്ടത്തിലാണ്. ഇതിലേയ്ക്കായി 6 മാസത്തിലൊരിക്കൽ 23.11 കോടി രൂപ ആന്വിറ്റി ഇനത്തിൽ കൺസഷണർക്ക് നൽകിവരുന്നു. കണ്ണൂർ നഗര പാത വികസന പദ്ധതിക്ക് 3-8-2017-ലെ സ.ഉ. (സാധാ) നമ്പർ 1159/2017/പൊ.മ.വ. പ്രകാരം 44.065 കി.മീ. ദൈർഘ്യം വരുന്ന 11 റോഡുകൾക്ക് 401.467 കോടി രൂപ മതിപ്പ് ചെലവിൽ ഭരണാനുമതി ലഭിക്കുകയുണ്ടായി. തുടർന്ന് സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. കൊല്ലം നഗര പാത വികസന പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിന്റെയും 1-2-2019-ൽ ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരിഷ്കരിക്കുവാൻ M/s. NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് തികഞ്ഞ അഴിമതിയും കാലതാമസവുമായിരുന്നു, നഷ്ടത്തിലുമായിരുന്നു. ഇപ്പോൾ ലാഭത്തിലാണ്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ KIIFB-യുടെ Special Purpose Vehicle (SPV) ആയി രജിസ്ട്രേഷൻ വകുപ്പ്, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ, ആഭ്യന്തര വകുപ്പ് (കോടതി സമുച്ചയം) എന്നിവയുടെ പണികൾ ഏറ്റെടുത്ത് ഏകദേശം 29.921 ലക്ഷം രൂപയുടെ പദ്ധതികൾ ചെയ്തുവരുന്നു. കൂടാതെ സർക്കാരിന്റെ Accredited Agency ആയതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ, ഗോശ്രീ ദ്വീപു വികസന അതോറിറ്റി (GIDA) തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുടെയും സർക്കാർ ഏജൻസികളുടെയും പദ്ധതികൾ ഏറ്റെടുത്ത് ചെയ്തുവരുന്നു. നിലവിൽ ആകെ ഏകദേശം 58.175 ലക്ഷം രൂപയുടെ പദ്ധതികൾ ചെയ്തുവരുന്നു. കോർപ്പറേഷന്റെ പ്രവർത്തനങ്ങളിൽ നിലവിൽ പ്രതിസന്ധികൾ ഒന്നും ഇല്ല.

(ഡി) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1200 കി.മീ. റോഡുകളുടെ സമഗ്രവികസനത്തിനായി തയ്യാറാക്കിയ പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി (എസ്.ആർ.ഐ.പി.) സംസ്ഥാന റോഡ് വികസന പദ്ധതി (എസ്.ആർ.ഐ.പി.) യുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളാണ്. 6-12-2012-ലെ ജി.ഒ. (എം.എസ്.) നമ്പർ 91/2012/പൊ.മ.വ. ഉത്തരവുപ്രകാരം പ്രസ്തുത പാക്കേജുകൾക്ക് സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി. റീഹാബിലിറ്റേഷൻ പാക്കേജിന് (551 കി.മീ.) 892.11 കോടി രൂപയുടെ ഭരണാനുമതിയും അപ്ഗ്രഡേഷൻ പാക്കേജിന് 653 കി.മീ. റോഡ് പ്രവർത്തനത്തിന് ഉചിതമായ ധനകാര്യ സ്രോതസ്സുകളിൽ നിന്നുള്ള ധനസഹായത്തോടെ റോഡ് വികസന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്.

1. <u>സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന റോഡ് പ്രവൃത്തികൾ</u>

<u>a. പാക്കേജ് (എ)</u>

1. വിദ്യാനഗർ - സീതാംഗോളി റോഡ് - 9.40 കി.മീ.

2. ഉപ്പള-കനിയാന റോഡ് - 15.6 കി.മീ.

<u>b. പാക്കേജ് (ബി)</u>

1. വെള്ളനാട് - ചെറ്റച്ചൽ റോഡ് - 21.90 കി.മീ.

2. കാഞ്ഞിരപ്പള്ളി കാഞ്ഞിരംകവല റോഡ് - 36.10 കി.മീ.

മേൽപ്പറഞ്ഞ റോഡുകളുടെ പ്രവൃത്തി പൂർത്തീകരിക്കുകയും DBFOMT പ്രകാരമുള്ള പ്രവർത്തനവും പരിപാലനവും നടന്നുകൊണ്ടിരിക്കുകയുമാണ്.

2. കരമന - വെള്ളറട റോഡ് (35.5 കി.മീ.)

15-2-2016-ലെ സ.ഉ.(സാധാ) നമ്പർ 355/2016/പൊ.മ.വ. പ്രകാരം ടി റോഡിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി 21.448 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. റോഡ് വികസനത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

3. വൈപ്പിൻ - മുനമ്പം - റോഡ് (25.5 കി.മീ.)

10-11-2017-ലെ സ.ഉ. (സാധാ) നമ്പർ 1675/2017/പൊ.മ.വ. പ്രകാരം ഈ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ റോഡിന്റെ വികസനം പൊതുമരാമത്ത് വകുപ്പിന്റെ ബജറ്റ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ, റിക്ക് ലിമിറ്റഡ് ഈ പ്രവൃത്തി ചെയ്യേണ്ടതില്ലെന്ന് 26-6-2019-ന് നടന്ന യോഗത്തിൽ അറിയിക്കുകയുണ്ടായി.

4. ആലപ്പുഴ- തണ്ണീർമുക്കം - മധുര റോഡ് (23.60 കി.മീ.)

10-11-2017-ലെ സ.ഉ. (സാധാ) നമ്പർ 1675/2017/പൊ.മ.വ. പ്രകാരം ഈ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 7-2-2019-ന് നടന്ന ഡയറക്ടർ ബോർഡിന്റെ 34-ാമത് യോഗം ഈ റോഡ് പ്രവൃത്തി ഉപേക്ഷിക്കാൻ തീരുമാനിച്ചു.

5. കായംകുളം നഗരവികസനവും ഫ്ലൈ ഓവർ നിർമ്മാണവും

7-2-2019-ന് നടന്ന ഡയറക്ടർ ബോർഡിന്റെ 34-ാമത് യോഗം ഈ റോഡ് പ്രവൃത്തി ഉപേക്ഷിക്കാൻ തീരുമാനിച്ചു.

**മത്സ്യഫെഡ് വഴി നടത്തുന്ന പ്രവർത്തനം**

15(*555) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ, മത്സ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥത മെച്ചപ്പെടുത്തുന്നതിനും മത്സ്യ വിപണന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും മത്സ്യഫെഡ് വഴി നടത്തുന്ന പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കടക്കെണിയിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനും മത്സ്യത്തൊഴിലാളികളുടെ സാംസ്കാരിക, സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(സി) വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും നൈപുണി പലിശീലനവും ധനസഹായവും നൽകുകയും ചെയ്തുകൊണ്ട് മത്സ്യത്തൊഴിലാളി കുടുംബത്തിൽപ്പെട്ട യുവജനങ്ങളെ ആധുനിക തൊഴിൽ മേഖലകളിൽ അവസരം കരസ്ഥമാക്കി വികസന മുഖ്യധാരയിൽ എത്തിക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥത മെച്ചപ്പെടുത്തുന്നതിന് മത്സ്യഫെഡ് മുഖേന എൻ.സി.ഡി.സി ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതിയും (ഐ.എഫ്.ഡി.പി.) & എൻ.എം.ഡി.എഫ്.സി/എൻ.ബി.സി.എഫ്.ഡി.സി എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടുകൂടിയുള്ള ടേം വായ്പാ പദ്ധതിയും നാടൻ വള്ളങ്ങളുടെ നവീകരണം, വലകൾക്കുള്ള സബ്സിഡി, പലിശരഹിത വായ്പ എന്നീ പദ്ധതികളും FRP ബോട്ട് നൽകുന്ന പദ്ധതി മത്സ്യ വിപണന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് ഫ്രഷ് ഫിഷ് മാർട്ടുകൾ, 'അന്തിപ്പച്ച' മൊബൈൽ യൂണിറ്റ് എന്നീ പദ്ധതികളും മത്സ്യഫെഡ് വഴി നടപ്പിലാക്കിവരുന്നു.

(ബി) കടക്കെണിയിലകപ്പെട്ട മത്സ്യത്തൊഴിലാളികളുടെ 31-12-2008 വരെയുള്ള വായ്പകളിൽ കടാശ്വാസം അനുവദിക്കുന്നതിനുള്ള നടപടികൾ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖേന സ്വീകരിച്ച് വരുന്നുണ്ട്.

മത്സ്യത്തൊഴിലാളികളുടെ സാംസ്കാരിക, സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സമ്പാദ്യ സമാശ്വാസ പദ്ധതി
2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ
3. വിദ്യാഭ്യാസ സഹായ പദ്ധതികൾ

4. വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ

5. ഓഖി പുനരധിവാസ പദ്ധതികൾ

6. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

7. മത്സ്യഫെഡ് വഴിയുള്ള പദ്ധതികൾ.

8. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.

(സി) മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്, പോസ്റ്റ് മെട്രിക് വിഭാഗങ്ങളിൽ വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി, മെസ്സ് ചാർജ്ജ് തുടങ്ങിയവ അർഹതയ്ക്കനുസരിച്ച് അനുവദിച്ച് നൽകുന്നു.

2019-20 വർഷം മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനായി 32.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ വിദ്യാതീരം പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി., ബാങ്ക് ടെസ്റ്റ്, സിവിൽ സർവ്വീസ് എന്നിവയ്ക്ക് പരിശീലനം നൽകിവരുന്നു. 2019-20 വർഷം വിദ്യാഭ്യാസ പരിശീലന പദ്ധതികൾക്കായി 1340 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ തീരദേശ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 40 കരിയർ ഗൈഡൻസ് പ്രോഗ്രാമും മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുക്കുന്ന പദ്ധതിപ്രകാരം 2018-19-ൽ 11 പേർക്ക് പഠനാവശ്യങ്ങൾക്ക് ധനസഹായവും നൽകിയിട്ടുണ്ട്.

തീരദേശത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നൽകിവരുന്നു. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിനുള്ള സമഗ്ര നടപടികൾ നടപ്പാക്കിവരുന്നു. കൂടാതെ തീരദേശത്തെ സ്കൂളുകളിൽ കായിക പ്രോത്സാഹന പദ്ധതികളും നടപ്പിലാക്കി വരുന്നു.

മത്സ്യത്തൊഴിലാളി കുടുംബത്തിൽപ്പെട്ട യുവജനങ്ങളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാനും നൈപുണ്യ പരിശീലനവും വായ്പാ സഹായവും നൽകി ആധുനിക തൊഴിൽ മേഖലകളിൽ അവസരം കരസ്ഥമാക്കി വികസന

മുഖ്യധാരയിൽ എത്തിക്കുന്നതിനായി NBCFDC/NMDFC പദ്ധതികൾവഴി മത്സ്യഫെഡിന്റെ പ്രാഥമിക സംഘങ്ങൾ മുഖേന സ്വയംതൊഴിൽ വായ്പ, മൈക്രോഫിനാൻസ് വായ്പ, വിദ്യാഭ്യാസ വായ്പ എന്നിവ നൽകിവരുന്നു. മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ സ്വന്തമായി ആർജ്ജിക്കുന്നതിന് പലിശരഹിതമായി വായ്പ നൽകുന്നതിനുള്ള പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പാക്കിവരുന്നു. NCDC-യിൽനിന്നും ലഭിക്കുന്ന വായ്പ വിനിയോഗിച്ച് മേൽ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ തിരിച്ചടയ്ക്കേണ്ട തുകയിൽ പലിശ മുഴുവനും സർക്കാർ വഹിക്കുന്നതാണ്. ഇതിനെല്ലാമായി 9 കോടി രൂപ ബജറ്റ് വിഹിതമായി 2019-20 വർഷം വകയിരുത്തിയിട്ടുണ്ട്.

സാഫ് മുഖേന മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്ലസ് ടു പാസ്സായ 20-നും 35-നും ഇടയിൽ പ്രായമുള്ള യുവതികൾക്കായി വിവിധ മേഖലകളിൽ തൊഴിലും വരുമാനവും നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി അവരുടെ വ്യക്തിത്വ വികസനം, നേതൃപാടവം, പൊതുവിജ്ഞാനം, കമ്പ്യൂട്ടർ പരിജ്ഞാനം തുടങ്ങിയ വിഷയങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് തീരനൈപുണ്യ പദ്ധതി നടപ്പിലാക്കിവരുന്നു.

## പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത

16(*556) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിന് അവലംബിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമായിരുന്നു; ലഭിച്ച പരാതികൾ പരിഹരിക്കുന്നതിലുണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ;

(ബി) വകുപ്പിലെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഉദ്യോഗസ്ഥതല പുനർവിന്യാസങ്ങൾ നടത്തിയിരുന്നോ; എങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു; ഇതുമൂലം ലക്ഷ്യം എത്രത്തോളം സാക്ഷാൽക്കരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) നിലവിലെ സാഹചര്യത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും വേഗത്തിലാക്കുന്നതിനും ആവശ്യമായ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി.സുധാകരൻ):

(എ) പൊതുമരാമത്ത് വകുപ്പ് റോഡുകൾ, പാലങ്ങൾ, കെട്ടിടം എന്നിവ സംബന്ധിച്ച് പരാതികൾ നേരിട്ട് അറിയിക്കുവാൻ പൊതുമരാമത്ത് വകുപ്പിൽ (കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ) പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. ടോൾ ഫ്രീ നമ്പർ 18004257771-ലേയ്ക്ക് രാവിലെ 9 മണി മുതൽ വൈകിട്ട് 7.30 വരെ വിളിക്കാവുന്നതാണ്. ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് കൈമാറുകയും പരാതി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പരിഹരിച്ചതിനുശേഷം പരാതി സെല്ലിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. ഇതുകൂടാതെ മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെൽ മുഖാന്തരം പരാതികൾ സ്വീകരിക്കുകയും അതിന്മേൽ നടപടിയെടുക്കുകയും ചെയ്തുവരുന്നു. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഫോൺ-ഇൻ-പ്രോഗ്രാമിലൂടെ നേരിട്ടും പൊതുജനങ്ങളിൽനിന്നും പരാതികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ ഔദ്യോഗിക ഇ-മെയിൽ വഴിയും തപാൽ വഴിയും പരാതികൾ സ്വീകരിക്കുകയും ആവശ്യമായവയിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ബി) വകുപ്പിലെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഉദ്യോഗസ്ഥതല പുനർവിന്യാസങ്ങൾ നടത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗവും ഇൻവെസ്റ്റിഗേഷൻ, ക്വാളിറ്റി കൺട്രോൾ വിഭാഗം നവീകരണവുമായി ബന്ധപ്പെട്ട് വകുപ്പിനുള്ളിലെ ജോലിഭാരം കുറഞ്ഞ ഓഫീസുകളിലെ തസ്തികകൾ ജോലിഭാരം കൂടിയ ഓഫീസുകളിലേയ്ക്ക് സർക്കാർ ഉത്തരവ് പ്രകാരം പുനർവിന്യാസിച്ചിരുന്നു. കൂടാതെ വകുപ്പിൽ പുതുതായി രൂപീകരിച്ച പാലങ്ങൾ, റോഡ് മെയിന്റനൻസ് വിഭാഗങ്ങൾക്കായി മിനിസ്റ്റീരിയൽ തസ്തികകൾ പുനർവിന്യസിക്കുന്നത് സംബന്ധിച്ച ശിപാർശ പരിശോധിച്ചുവരുന്നു.

(സി) വകുപ്പിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ഇലക്ട്രിക്കൽ, സിവിൽ, ഇലക്ട്രോണിക്സ് വിഭാഗങ്ങൾക്കായി 321 തസ്തികകൾ പുതുതായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൃഷ്ടിച്ചിട്ടുണ്ട് (ഇലക്ട്രിക്കൽ വിഭാഗത്തിന് 68 തസ്തികകൾ ഉൾപ്പെടെ). ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ തസ്തിക രൂപീകരണ ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം വർക്ക് സ്റ്റഡി നടത്തുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്. റസ്റ്റ് ഹൗസുകളിലെ ജീവനക്കാരുടെ കാര്യത്തിലും വിലയിരുത്തൽ നടത്തി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനായി നിർദ്ദേശം സമർപ്പിച്ചിരിക്കുന്നു.

## മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത പാർപ്പിടം

17(*557) ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത, ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത പാർപ്പിടം ഒരുക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) കാലാവസ്ഥ വ്യതിയാനംമൂലം കടലാക്രമണ ഭീഷണി വർദ്ധിക്കുകയും മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് എല്ലാ വർഷവും നാശം സംഭവിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇവരെ സുരക്ഷിത മേഖലയിലേക്ക് മാറ്റിപ്പാർപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചിട്ടുള്ള തുക നിലവിലെ സാഹചര്യത്തിൽ തുലോം കുറവായതിനാൽ അത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) തിരുവനന്തപുരത്ത് മുട്ടത്തറയിൽ മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കുവാൻ തുടക്കമിട്ട തരത്തിലുള്ള പാർപ്പിട സമുച്ചയം സംസ്ഥാനത്തെ തീരദേശ മേഖലയിൽ കൂടുതൽ സ്ഥലത്ത് സ്ഥാപിച്ച് മത്സ്യത്തൊഴിലാളികളുടെ ദുരിതം അകറ്റുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

മത്സ്യബന്ധനവും ഹർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ.മേഴ്സിക്കുട്ടി അമ്മ):

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് ഫിഷറീസ് വകുപ്പ് മുഖേന ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2016-17)-സമഗ്ര ഭവന പദ്ധതി-

(എ) ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യത്തിന് 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് ധനസഹായം @ 6 ലക്ഷം/യൂണിറ്റ്

(ബി) 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം @ 2 ലക്ഷം/യൂണിറ്റ്.

2. ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2016-17)-ഫിഷർമെൻ കോളനി നവീകരണം - 250 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം @ 2 ലക്ഷം/യൂണിറ്റ്.

3. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി (2016-17)-299 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം - 2 ലക്ഷം/യൂണിറ്റ്

4. കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് (അഭയം) (2016-17) – 248 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം.

5. ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. (2017-18) ഭവന പദ്ധതി-

(എ) തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് (CRZ അനുവദനീയമായ സ്ഥലങ്ങളിൽ സ്വന്തമായി വസ്തു ഉള്ളവർ) ഭവന നിർമ്മാണത്തിന് 1200 പേർക്ക് ധനസഹായം - 4 ലക്ഷം/യൂണിറ്റ്

(ബി) തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് സുരക്ഷിത മേഖലയിൽ ഭൂമി വാങ്ങി ഭവന നിർമ്മാണം നടത്തുന്നതിന് 750 പേർക്ക് ധനസഹായം - 10 ലക്ഷം/യൂണിറ്റ്

(ബി) കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ മാറ്റി പാർപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ

1. കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം - പ്രത്യേക പാക്കേജ് (2016-17) 248 കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം.

2. ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. (2017-18) ഭവന പദ്ധതി - തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസം - 750 പേർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം.

3. കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ലാറ്റുകൾ നിർമ്മിച്ച് കൈമാറി നൽകിയിട്ടുണ്ട്.

4. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 772 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി 2017-18-ൽ 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

5. ഓഖിയിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 24 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപവീതം നൽകുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള ഫണ്ട് വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

കടൽതീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ നാളിതുവരെ 1798 പേർ ഗുണഭോക്താക്കൾ ആകുകയും 1261 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും ചെയ്തു.

കടലാക്രമണ ഭീഷണയിൽ കഴിയുന്നതും തീരദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1398 കോടി രൂപ ഇതിനായി അനുവദിച്ചു. ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്തി പദ്ധതി നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് 10 ലക്ഷം രൂപയാണ് നൽകിവരുന്നത്. ഇത് നിലവിൽ സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികളിൽ ഏറ്റവും ഉയർന്ന തോതിലുള്ള ധനസഹായമാണ്. തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

(ഡി) കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ളാറ്റുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 772 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി

നൽകിയിട്ടുണ്ട്. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നവരുമായ മത്സ്യത്തൊഴിലാളികളെയാണ് ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ കാരോട്, ബീമാപള്ളി, വലിയതുറ, കൊല്ലം ജില്ലയിലെ ക്യു.എസ്.എസ്. കോളനി, ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിക്കര ഉപ്പാലവളപ്പിൽ എന്നിവിടങ്ങളിലാണ് ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്.

**ഭൂമി പതിവ് ചട്ടങ്ങളുടെ ഭേദഗതി**

18(*558) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ഭൂമിപതിവ് ചട്ടങ്ങളിൽ ഈ സർക്കാർ നിലവിൽ വന്നശേഷം വരുത്തിയ ഭേദഗതികൾ വിശദമാക്കാമോ;

(ബി) ഉപാധിരഹിത പട്ടയം എന്ന ദീർഘകാലമായിട്ടുള്ള ആവശ്യം അംഗീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കൈവശത്തിലില്ലാത്ത ഭൂമി പതിച്ചുകിട്ടുന്ന സംഗതിയിൽ കൈമാറ്റത്തിനുള്ള കാലപരിധി കുറച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കൈവശഭൂമി പതിച്ചുകിട്ടുന്ന സംഗതിയിൽ എപ്പോൾ വേണമെങ്കിലും ആയത് കൈമാറ്റം ചെയ്യാൻ കഴിയുമോ; വ്യക്തമാക്കുമോ;

(ഇ) കൈവശഭൂമിയായാലും കൈവശമില്ലാത്ത ഭൂമിയായാലും പതിച്ചുകിട്ടിയതിന് ശേഷം എല്ലാത്തരം ബാങ്കുകളിലും ഈടുവച്ച് വായ്പ എടുക്കുന്നതിന് സാധിക്കുമോ; വ്യക്തമാക്കുമോ;

(എഫ്) പട്ടയഭൂമിയിൽ കൃഷിക്കാർ വച്ച് പിടിപ്പിക്കുന്ന മരങ്ങളുടെ അവകാശം കൃഷിക്കാർക്ക് തന്നെ ലഭിക്കുമോ; വിശദമാക്കാമോ?

റവന്യൂവും ഭവനനിർമാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) 17-8-2017-ലെ സ.ഉ. (പി) നമ്പർ 60/2017/റവ ഉത്തരവുപ്രകാരം കേരള ഭൂമി പതിവ് ചട്ടങ്ങളിലെ 7, 8, 9 എന്നീ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. തുടർന്ന് 2-2-2018-ലെ സ.ഉ. (പി) നമ്പർ 7/2018/റവ പ്രകാരം ചട്ടം 9 (1) ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) 17-8-2017-ലെ സ.ഉ. (പി) നമ്പർ 60/2017/റവ പ്രകാരം 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ഉപാധികളിൽ ഇളവ് വരുത്തിയിട്ടുണ്ട്.

(സി) കൈവശത്തിലില്ലാത്ത ഭൂമി പതിച്ചുകിട്ടുന്ന സംഗതിയിൽ ടി ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള കാലപരിധി 25 വർഷത്തിൽനിന്നും 12 വർഷമായി കുറച്ച്, 17-8-2017-ലെ സ.ഉ. (പി) നമ്പർ 60/2017/റവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഡി) കൈവശഭൂമി പതിച്ചുകിട്ടുന്ന സംഗതിയിൽ കൈമാറ്റം ചെയ്യുന്നതിന് തടസ്സമില്ലാത്തതാണ്.

(ഇ) കൈവശത്തിലുള്ള ഭൂമി പതിച്ചു കിട്ടിയതിനുശേഷം ഭവന നിർമ്മാണത്തിനോ, കൃഷി ആവശ്യങ്ങൾക്കോ, ഭൂമി അഭിവൃദ്ധിപ്പെടുത്തുന്നതിനോ വേണ്ടി സർക്കാരിലോ റബ്ബർ ബോർഡിലോ, ടി ബോർഡിലോ, ബാങ്കുകളിലോ, ധനകാര്യ സ്ഥാപനങ്ങളിലോ ഈടുവച്ച് വായ്പ എടുക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി. കൈവശമില്ലാത്ത ഭൂമി പതിച്ചുകിട്ടുന്ന കേസ്സുകളിൽ, 25 വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്തുവാൻ പാടില്ലയെന്നുള്ളത് 12 വർഷമായി കുറവുചെയ്തു.

(എഫ്) 17-8-2017-ലെ സ.ഉ. (പി) നമ്പർ 60/2017/റവന്യു ഭേദഗതി ഉത്തരവുപ്രകാരം പട്ടയം നൽകുന്ന ഭൂമിയിലെ മരങ്ങളുടെ അവകാശം 1964-ലെ കേരള ഭൂമി പതിവ് ചട്ടം 10 (3) പ്രകാരവും 1986 കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിലെ സെക്ഷനുകൾ 4, 22 എന്നിവ പ്രകാരവുമാണ്. 1986-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിൽ വൃക്ഷം എന്ന് നിർവ്വചിച്ചിട്ടുള്ള പത്ത് മരങ്ങൾ ഒഴികെയുള്ള മരങ്ങൾ വനം വകുപ്പിന്റെ അനുവാദം കൂടാതെയും ആക്ടിൽ ഉൾപ്പെടുന്ന പത്ത് മരങ്ങൾ വനം വകുപ്പിന്റെ അനുവാദത്തോടെയും മുറിക്കാവുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

**തീരദേശമേഖലയുടെ വികസനത്തിനായി പദ്ധതികൾ**

19(*559) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി തീരദേശമേഖലയുടെ വികസനത്തിനായി ഈ സർക്കാർ എത്ര തുകയുടെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; അവയിൽ മുഖ്യമായവ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഓഖിയിൽ മരണപ്പെടുകയോ കാണാതാകുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളുടെ സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഓഖിയുമായി ബന്ധപ്പെട്ട് ദുരന്ത പ്രതികരണ നിധിയിലേക്ക് കേന്ദ്ര സർക്കാർ എത്ര തുകയാണ് നൽകിയത്; കേന്ദ്ര മാനദണ്ഡപ്രകാരമുള്ള നഷ്ടപരിഹാരത്തെക്കുറിച്ച് അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) മത്സ്യമേഖലയുടെ സമഗ്രവികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 വർഷം 430.31 കോടി രൂപയും 2017-18 വർഷം 561 കോടി രൂപയും 2018-19 വർഷം 545.29 കോടി രൂപയും 2019-20 വർഷം 412.35 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 1075.17 കോടി രൂപയാണ് ഫിഷറീസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സമഗ്ര വികസനത്തിനായി നീക്കിവച്ചിട്ടുള്ളത്. മുഖ്യമായ പദ്ധതികൾ അനുബന്ധം* 1 ആയി ചേർക്കുന്നു.

(ബി) ഓഖി ദുരന്തത്തിൽ മരണപ്പെടുകയും കാണാതാകുകയും ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 20 ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു. ഓഖിയിൽ മത്സ്യ ബന്ധനോപാധികൾ പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം അനുവദിച്ചുനൽകി. മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കാലാവസ്ഥ മുന്നറിയിപ്പുകൾ നൽകുന്നതിന് സഹായകമായ 'നാവിക്' ഉപകരണങ്ങൾ 15000 എണ്ണം വിതരണം ചെയ്യുന്നതിന് അനുമതി നൽകുകയും ആദ്യഘട്ടമായി 5000 എണ്ണം വിതരണം ചെയ്യുന്നതിന് തീരുമാനിക്കുകയും 875 എണ്ണം വിതരണം ചെയ്തിട്ടുമുണ്ട്. ആഴക്കടൽ മത്സ്യ ബന്ധനത്തിലേർപ്പെടുന്ന 1000 മത്സ്യബന്ധന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകുകയും 24 എണ്ണം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ 120 എഫ്.ആർ.പി. ബോട്ടുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതു കൂടാതെ തെരഞ്ഞെടുത്ത 60 മത്സ്യ ഗ്രാമങ്ങളിലായി 900 മത്സ്യത്തൊഴിലാളികളെയും 300 യാനങ്ങളെയും ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചുവരുന്നു. ഇതിനകം 317

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മത്സ്യത്തൊഴിലാളികൾക്ക് ആദ്യ ബാച്ചായി പരിശീലനം നൽകിയിട്ടുണ്ട്. കടൽ രക്ഷാപ്രവർത്തനത്തിനായി 3 മറൈൻ ആംബുലൻസുകൾ 18.24 കോടി രൂപ ചെലവഴിച്ച് കൊച്ചിൻ ഷിപ്പ്‌യാർഡ് മുഖേന നിർമ്മാണം നടന്നുവരുന്നു. ദുരന്തബാധിതരായ മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനായി വിഴിഞ്ഞം തുറമുഖ പ്രദേശത്ത് ഒരു ആധുനിക ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട്‌ലെറ്റും ആരംഭിക്കുന്നതിന് അനുമതി നൽകി. തീരദേശ സേനയിൽ 200 പേരെ കോസ്റ്റൽ വാർഡൻമാരായി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ മക്കളായ 309 പേരുടെ സൗജന്യ വിദ്യാഭ്യാസത്തിനായി 13.92 കോടി രൂപ അനുവദിക്കുകയും 2018-19-ൽ 53.75 ലക്ഷം രൂപയും 2019-20-ൽ 65 ലക്ഷം രൂപയും അനുവദിച്ചു നൽകിയിട്ടുമുണ്ട്. 2037 വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. ഓഖിയിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും നൽകുന്നതിന് 7.41 കോടി രൂപ അനുവദിക്കുകയും അതിൽ മാറി താമസിക്കാൻ സന്നദ്ധരായ 24 പേരിൽ 19 പേരുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. കൂടാതെ ഓഖിയിൽ മരിച്ചതും കാണാതായതുമായ 32 പേർക്ക് സ്ഥലവും വീടും 6 പേർക്ക് ഭവന നിർമ്മാണത്തിനായി 3.44 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഓഖിയിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ ഭാര്യമാരിൽ 40 വയസിൽ താഴെയുള്ളതും പത്തിൽ താഴെ വിദ്യാഭ്യാസമുള്ളവരുമായ 42 പേർക്ക് മുട്ടത്തറ നെറ്റ് ഫാക്ടറിയിൽ ജോലി നൽകി. ഓഖിയിൽ ഭാഗികമായി വീട് നഷ്ടപ്പെട്ട 458 വീടുകൾ റിപ്പെയർ ചെയ്യുന്നതിന് 2.04 കോടി രൂപ അനുവദിച്ചു. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനും മുഴുവൻ മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ ഉറപ്പുവരുത്തുന്നതിനും ഒരു ദീർഘകാല പദ്ധതി ആവിഷ്കരിക്കുന്നതിന് 2,000 കോടി രൂപയുടെ സമഗ്ര തീരദേശ വികസന പാക്കേജ് ആവിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും ശ്രീ. എസ്. എം. വിജയാനന്ദ് ഐ. എ. എസ്., (റിട്ടയേർഡ്) ചെയർമാനായി ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും ചെയ്തു. വിശദപഠനങ്ങൾക്കുശേഷം ടി സമിതി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തീരദേശത്തിന്റെ സമഗ്ര വികസനത്തിന്റെ ഭാഗമായി 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ കടലാക്രമണ ഭീഷണയിൽനിന്നും രക്ഷിക്കുന്നതിന് (കടൽത്തീരത്തുനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന) സുരക്ഷിത സ്ഥാനങ്ങളിൽ ഭൂമിയും വീടും വാങ്ങുന്നതിന് 10 ലക്ഷം രൂപ നൽകി പുനരധിവസിപ്പിക്കുന്നതിന് 1398 കോടിരൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചുകഴിഞ്ഞു. 2450 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് ഇതിനായി പരിഗണിക്കുന്നത്. 65 മത്സ്യമാർക്കറ്റുകളുടെ

നവീകരണത്തിനും 69 തീരദേശ സ്കൂളുകളുടെ വികസനത്തിനും KIIFB-യിൽ ഉൾപ്പെടുത്തി 334.73 കോടി രൂപയുടെ പദ്ധതികൾക്ക് തത്വത്തിൽ ഭരണാനുമതി നൽകി മത്സ്യബന്ധന തുറമുഖങ്ങളോടനുബന്ധിച്ചുള്ള തീരശോഷണം തടയുന്നതിന് 8 പദ്ധതികളാവിഷ്കരിച്ച് 99.10 കോടി രൂപയ്ക്ക് KIIFB-യിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. പരപ്പനങ്ങാടിയിലും ചെത്തിയിലും പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുന്നതിനും KIIFB-യിൽ ഉൾപ്പെടുത്തി 209.65 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതെല്ലാം തീരദേശത്തിന്റെ സമഗ്ര വികസനത്തനിന്റെ ഭാഗമാണ്. ഇനിയും അവശേഷിക്കുന്ന വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് നിർദ്ദിഷ്ട തീരദേശ വികസന പാക്കേജിലൂടെ ലക്ഷ്യമിടുന്നത്.

(സി) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് 133 കോടി രൂപയുടെ അടിയന്തര സഹായം അനുവദിക്കുകയും ഓഖിക്കായി അനുവദിച്ച പ്രസ്തുത സഹായത്തിൽ 21.30 കോടി രൂപ അധികമായി അനുവദിച്ചതായി 26-2-2018-ൽ ചേർന്ന നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സബ് കമ്മിറ്റി പരിശോധിച്ച് കണ്ടെത്തുകയും അധികമായി അനുവദിച്ച ടി തുക ഇനി വരുന്ന ദുരന്തങ്ങൾ നേരിടുവാൻ ഉപയോഗിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര മാനദണ്ഡപ്രകാരം നഷ്ടപരിഹാരം എന്ന വ്യവസ്ഥയില്ല. ദുരിതാശ്വാസ സഹായം മാത്രമേയുള്ളൂ. കേന്ദ്ര മാനദണ്ഡം അനുബന്ധം-2 *ആയി ചേർക്കുന്നു.

**കേരള സംസ്ഥാന ഗതാഗത പദ്ധതി**

20(*560) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. വി. ജോയി :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് തുരങ്കപാത സംബന്ധിച്ച പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) 2400 കോടിയിലധികം രൂപ ചെലവഴിച്ച് ലോകബാങ്കിന്റെ ധനസഹായം കൂടി ഉപയോഗിച്ചുകൊണ്ടുള്ള കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ പുരോഗതി അറിയിക്കാമോ;

(സി) കഴക്കൂട്ടം-അടൂർ അപകടരഹിത മാതൃകാ റോഡ് പദ്ധതി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഫലസിദ്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ)ആനക്കാംപൊയിൽ കള്ളാടി-മേപ്പാടി വയനാട് തുരങ്കപാതയുടെ നിർമ്മാണത്തിനാവശ്യമായ വിശദമായ പഠനത്തിനും നിർമ്മാണത്തിനുമായി സർക്കാർ ഉത്തരവ് ജി.ഒ. (ആർ.റ്റി.) 684/2019/പൊ.മ.വ. തീയതി 31-5-2019 പ്രകാരം എസ്.പി.വി. ആയി കൊങ്കൺ റെയിൽവെ കോർപ്പറേഷനെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഒരു പ്രാഥമിക പരിശോധന സൂപ്രണ്ടിംഗ് എഞ്ചിജിനീയർ, നോർത്ത് സർക്കിൾ, നിരത്ത് വിഭാഗം കോഴിക്കോടിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്.

(ബി) ലോക ബാങ്കിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാംഘട്ട പദ്ധതിക്കായി മൊത്തം 2403 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ 10 പാക്കേജുകളും കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള മാതൃക റോഡ് സുരക്ഷ ഇടനാഴി പദ്ധതിയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയിൽ ഉൾപ്പെട്ട റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു. ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പ്രളയത്തിൽ തകർന്ന ഇടുക്കി ജില്ലയിലെ ചെമ്മണ്ണാർ ഗ്യാപ്പ് റോഡും പൈനാവ്-താന്നിക്കണ്ടം-അശോക കവല റോഡും അടൂർ-ചെങ്ങന്നൂർ റോഡും 307.96 കോടി രൂപ ഉപയോഗപ്പെടുത്തി പുനർനിർമ്മിക്കുന്നതിന്റെ വിശദാംശങ്ങളും അനുബന്ധമായി *ചേർക്കുന്നു.

(സി) മെയിൻ സെൻട്രൽ റോഡ് സുരക്ഷിത ഇടനാഴിയാക്കി മാറ്റുന്നതിനുള്ള പദ്ധതിയുടെ 76% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തൈക്കോട് മുതൽ വെട്ടുറോഡ് വരെയുള്ള ഉപരിതല നവീകരണവും അനുബന്ധ പ്രവൃത്തികളും അടൂർ ഹൈസ്കൂൾ ജംഗ്ഷൻ, പോത്തൻകോട്, കിളിമാനൂർ തുടങ്ങിയ ജംഗ്ഷനുകളുടെ നവീകരണം, എം. സി. റോഡിലേയ്ക്കുള്ള സൈഡ് റോഡുകളിൽ ആവശ്യമായ സ്ഥലത്ത് ഗ്രേറ്റിംഗ്, 660 മീ. ഓട 2 കലുങ്കുകൾ, സോളാർ സ്ട്രീറ്റ്ലൈറ്റ്, മിനിമാസ്റ്റ് ലൈറ്റ്, സൈഡ് റോഡുകൾ, റോഡ് ഹമ്പ്, റോഡ് മാർക്കിംഗ്, സൈൻബോർഡ്, റോഡ് സ്റ്റഡ് ഉൾപ്പെടെയുള്ള റോഡ് സുരക്ഷാ പ്രവൃത്തികൾ എന്നിവയാണ് പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കേണ്ടതായിട്ടുള്ളത്. കേരള റോഡ് സേഫ്റ്റി അതോറിറ്റി പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം വിലയിരുത്തൽ നടത്തുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധികൾ

21(*561) ശ്രീ. സജി ചെറിയാൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനായി കേരള കാഷ്യൂ ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള തോട്ടണ്ടി ഉൽപ്പാദനം ഇവിടത്തെയാകെ ഫാക്ടറികളുടെ സംസ്കരണ ശേഷിയുടെ പത്തിലൊന്നോളം മാത്രമാണ്. പ്രവർത്തന മൂലധനത്തിന്റെ കുറവ്, അസംസ്കൃത കശുവണ്ടിയുടെ ലഭ്യതക്കുറവ്, സംസ്കരിച്ച കശുവണ്ടിപരിപ്പിന്റെ വിലസ്ഥിരതയില്ലായ്മ, ബാങ്ക് വായ്പകൾ ലഭിക്കുന്നതിനുള്ള പരിമിതികൾ മുതലായവയാണ് സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ. കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും കീഴിലുള്ള 40 ഫാക്ടറികളും തുടർച്ചയായി പ്രവർത്തിച്ചു വരികയാണ്.

തോട്ടണ്ടിയുടെ ഉയർന്ന വിലയും പ്രോസസിംഗ് ചാർജ്ജുകളും പരിപ്പിന്റെ വില്പന വിലയേക്കാൾ താരതമ്യേന കൂടുതലാകുന്നതും മറ്റൊരു പ്രതിസന്ധിയാണ്. വിയറ്റ്നാം മുതലായ രാജ്യങ്ങൾ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് കൂടുതലായി തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നത് ഇന്ത്യയിലേയ്ക്കുള്ള തോട്ടണ്ടി ഇറക്കുമതി കുറയ്ക്കാൻ കാരണമായിട്ടുണ്ട്.

വിദേശ രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിക്ക് ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയത് കേരളത്തിലെ കശുവണ്ടി വ്യവസായത്തിന് കടുത്ത പ്രതിസന്ധിയാണ് സൃഷ്ടിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ ചെലുത്തിയ സമ്മർദ്ദത്തെത്തുടർന്ന് കേന്ദ്രസർക്കാർ ഇറക്കുമതിച്ചുങ്കം 2.5 ശതമാനമായി കുറച്ചിട്ടുണ്ട്.

വിയറ്റ്നാം ഉൾപ്പെടെയുള്ള രാജ്യങ്ങളിൽനിന്നും ഗുണനിലവാരം കുറഞ്ഞ കശുവണ്ടി പരിപ്പ് സ്പെഷ്യൽ ഇക്കണോമിക് സോൺവഴി ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്ത് വിപണനം നടത്തുന്നത് കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര വിപണിയെ സാരമായി ബാധിക്കുന്നുണ്ട്.

(ബി) അസംസ്കൃത തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് തുടർച്ചയായി കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്ന് നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്തുവരുന്നു. ഇതിനകം 20000 ടണ്ണോളം തോട്ടണ്ടി ഇറക്കുമതിചെയ്ത് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റെയും ഫാക്ടറികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഗവൺമെന്റ് ടു ഗവൺമെന്റ് സംവിധാനത്തിൽ തോട്ടണ്ടി നേരിട്ട് സംഭരിക്കാൻ കേരള കാഷ്യൂ ബോർഡ് ശ്രമിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കേരള കാഷ്യൂ ബോർഡ്, ഐവറികോസ്റ്റിലെ കോട്ടൺ ആൻഡ് കാഷ്യൂ കൗൺസിലുമായി 18-4-2019-ൽ ഒരു ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. സമാനരീതിയിൽ സെനഗൽ സർക്കാരുമായും ഒരു ധാരണാപത്രം ഒപ്പിടുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഇറക്കുമതിയിലൂടെയാണ് കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ലഭ്യമാക്കുന്നത്. എന്നാൽ ലഭ്യമായ സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിച്ച് തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കലാണ് സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തെ കശുമാവ് കൃഷി വ്യാപിപ്പിച്ച് ആഭ്യന്തര തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കശുമാവ് പുതു കൃഷി - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്ക് വിധേയമായി ഒറ്റത്തവണ ധനസഹായമായി നൽകുന്നു.

2. കശുമാവ് തോട്ടം നിർമ്മാണം - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി

നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000 രൂപ നിലമൊരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3. മുറ്റത്തൊരു കശുമാവ് - കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതിപ്രകാരം പൊക്കം കുറഞ്ഞ അധികം പടരാത്ത വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്തുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി നൽകിവരുന്നു.

4. ഹൈ ഡെൻസിറ്റി പ്ലാന്റിംഗ് - ഈ പദ്ധതി പ്രകാരം ഒരു ഹെക്ടറിന് 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈഡൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കിവരുന്നു.

5. മാതൃകാ കശുമാവിൻ തോട്ടം - സർക്കാർ/അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താത്ത തരത്തിൽ മാതൃക തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി തോട്ടങ്ങൾ പുതിയ ഇനം കൃഷി രീതികളും കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്. ജയിൽ വകുപ്പിന്റെ കീഴിലുള്ള തുറന്ന ജയിലിൽ 25 ഏക്കർ സ്ഥലത്ത് കശുമാവ് ഗാർഡൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇറക്കുമതിയുടെ കാര്യത്തിൽ കാഷ്യൂ ബോർഡ് കാര്യക്ഷമമായി പ്രവർത്തിച്ചുവരികയാണ്. കാഷ്യൂ ബോർഡ് ഇതിനകം 20000 ടണ്ണോളം തോട്ടണ്ടി വിദേശ രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്ത് പൊതുമേഖലയിലെ സംസ്കരണശാലകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കാഷ്യൂ ബോർഡിന്റെ പ്രവർത്തനംമൂലം അസംസ്കൃത കശുവണ്ടിയുടെ ലഭ്യതയും ന്യായവിലയും ഉറപ്പാക്കാൻ കഴിഞ്ഞു. ഇതുമൂലം കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ മുടക്കം കൂടാതെ പ്രവർത്തിച്ചു വരുന്നു. നിലവിലെ സ്റ്റോക്കുപയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ 2020 ജനുവരി വരെയും കാപ്പെക്സിന്റെ ഫാക്ടറികൾ 2020 ഫെബ്രുവരി വരെയും തുടർച്ചയായി പ്രവർത്തിക്കുവാനാകും.

(ഡി) ഗവൺമെന്റ് ഇടപെടലിലൂടെ കൃഷിവകുപ്പ്, പട്ടികജാതി-പട്ടിക വികസന വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ, റീ-ഹാബിലിറ്റേഷൻ പ്ലാന്റേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ

എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി കാഷ്യൂ കോർപ്പറേഷനും കാപെക്സും ഈ കാലയളവിൽ സംഭരിച്ചിട്ടുണ്ട്. കർഷകർക്ക് ന്യായവില ഉറപ്പുനൽകുന്നതിനായി തോട്ടണ്ടിക്ക് വില നിശ്ചയിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ രൂപീകരിച്ചിട്ടുള്ള പ്രൈസ് ഫിക്സേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുള്ള വിലയെ അടിസ്ഥാനപ്പെടുത്തിയാണ് ഗവൺമെന്റ് ഫാമുകളിൽ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. വിലനിർണ്ണയ സമിതി നിശ്ചയിച്ച വിലയ്ക്ക് 2017 മുതൽ ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി ശേഖരിച്ചുവരുന്നുണ്ട്. സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി മുഖാന്തരം കൃഷിചെയ്തിട്ടുള്ളതും അല്ലാത്തതുമായ ആഭ്യന്തര തോട്ടണ്ടി ശേഖരിക്കുന്നതിനും മറ്റുമായി കർഷകകൂട്ടായ്മ രൂപീകരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

**പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന കെട്ടിടനിർമ്മാണം**

22(*562) <u>ശ്രീ. കാരാട്ട് റസാഖ്</u> :

<u>ശ്രീ. ആർ. രാജേഷ്</u> :

<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നാഷണൽ ബിൽഡിംഗ് കോഡ്, നാഷണൽ ബിൽഡിംഗ് റൂൾ എന്നിവയനുസരിച്ചുള്ള കെട്ടിടനിർമ്മാണം പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കെട്ടിട നിർമ്മാണത്തിനായി പ്രാദേശികമായി ലഭ്യമായ നിർമ്മാണസാമഗ്രികൾ പരമാവധി ഉപയോഗിക്കാൻ നിർദ്ദേശം നൽകുമോ;

(ഡി) പഴയ കെട്ടിടങ്ങൾ പൊളിക്കുമ്പോൾ ലഭിക്കുന്ന ഉപയോഗപ്രദമായ സാമഗ്രികൾ വീണ്ടും ഉപയോഗിക്കുന്നതിന് സാധിക്കുമോ എന്ന് പരിശോധിക്കുമോ;

(ഇ) പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലോ അറ്റകുറ്റപ്പണികളോ നടത്തുമ്പോൾ കെട്ടിടത്തിന്റെ ബലപരിശോധന നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു നടത്തുന്ന കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

- കെട്ടിടത്തിനുള്ള സ്ഥലലഭ്യത പ്രവൃത്തി ഏറ്റെടുക്കുമ്പോൾത്തന്നെ ഉറപ്പുവരുത്തുന്നുണ്ട്.
- പ്രവൃത്തിയുടെ എഗ്രിമെന്റ് നടത്തി 10 ദിവസത്തിനുള്ളിൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്യുന്നുണ്ട്. റേറ്റ് ഓഫ് പ്രോഗ്രസ് ഓഫ് വർക്ക്സ് ചാർട്ട് തയ്യാറാക്കി എഗ്രിമെന്റ് ഉൾപ്പെടുത്താറുണ്ട്.
- പ്രവൃത്തി ആരംഭിച്ച് പുരോഗമിക്കുന്നമുറയ്ക്ക് സ്ട്രക്ചറൽ ഡ്രോയിംഗ്സ് നൽകിവരുന്നുണ്ട്.
- വിവിധ തലങ്ങളിൽ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനായി കൃത്യമായി അവലോകന യോഗങ്ങൾ നടത്താറുണ്ട്.
- കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട കരാറുകാരനുമായുള്ള ഉടമ്പടിയിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഒരു നിശ്ചിത കാലാവധി നിർണ്ണയിക്കാറുണ്ട്.
- കരാറുകാരന്റെ വീഴ്ചമൂലം നിശ്ചിത കാലാവധിക്കപ്പുറം പ്രവൃത്തി നീണ്ടുപോവുകയാണെങ്കിൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ (2112.1) പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കാനുള്ള വ്യവസ്ഥയുണ്ട്. അതുപ്രകാരം പിഴ ഈടാക്കാറുമുണ്ട്.
- കൂടാതെ നിശ്ചിത കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്ന കരാറുകാരന് എസ്റ്റിമേറ്റ് പി.എ.സി.-യുടെ (2.5 കോടി രൂപയ്ക്ക് മുകളിൽ) ഒരു ശതമാനം അല്ലെങ്കിൽ നാല് ലക്ഷം രൂപ (ഏതാണോ കുറവ് )എന്ന നിരക്കിൽ ഇൻസെന്റീവ് നൽകാറുമുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കീഴിലുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും നാഷണൽ ബിൽഡിംഗ് കോഡ് അടിസ്ഥാനപ്പെടുത്തിയുള്ള കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 1999, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 എന്നിവ അനുസരിച്ച് തന്നെയാണ് ഡിസൈൻ ചെയ്യുന്നതും നടപ്പിലാക്കിവരുന്നതും. മുൻസിപ്പൽ കെട്ടിട നിയമങ്ങളിലും

പഞ്ചായത്ത് കെട്ടിട നിയമങ്ങളിലും പ്രതിപാദിച്ചിട്ടില്ലാത്ത വിഷയങ്ങളിൽ നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകളാണ് അനുവർത്തിക്കുന്നത്.

(സി) കെട്ടിട നിർമ്മാണത്തിനായി പ്രാദേശികമായി ലഭ്യമായ നിർമ്മാണസാമഗ്രികൾ തന്നെയാണ് പരമാവധി ഉപയോഗിച്ചുവരുന്നത്.

(ഡി) പഴയ കെട്ടിടങ്ങൾ പൊളിക്കുമ്പോൾ ലഭിക്കുന്ന കരിങ്കല്ല്, ചുടുകട്ട, തടി തുടങ്ങിയ ഉപയോഗപ്രദമായ വസ്തുക്കൾ അതേ പ്രദേശത്തുള്ള പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.

(ഇ) പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലോ അറ്റകുറ്റപ്പണികളോ നടത്തുമ്പോൾ അതിനുമുന്നോടിയായി പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിഭാഗത്തിൽനിന്നും അഭിപ്രായം വാങ്ങുകയും അനുപ്രകാരമുള്ള ടെസ്റ്റുകൾ ചെയ്യുന്നതിനായി KHRI (Kerala Highway Research Institute) യെയോ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെയോ എൻ.ഐ.ടി. പോലുള്ള സ്ഥാപനങ്ങളെയോ സമീപിക്കാറുണ്ട്.

**പുതിയ കാലം പുതിയ നിർമ്മാണം**

23(*563) <u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉപരിതല ഗതാഗതമേഖലയ്ക്ക് ഊർജ്ജം പകരുന്ന തരത്തിൽ 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന ടാഗ് ലൈനോടുകൂടി വകുപ്പിന്റെ ചരിത്രത്തിലാദ്യമായി പൊതുമരാമത്ത് നയം രൂപീകരിച്ച് പ്രവർത്തിച്ചതുമൂലമുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റോഡു നിർമ്മാണത്തിലെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ജർമ്മൻ നിർമ്മിത യന്ത്രങ്ങളുടെ സഹായത്തോടുകൂടി 'കോൾഡ് ഇൻസൈറ്റ് റീസൈക്ലിംഗ് സാങ്കേതിക വിദ്യ' ഉപയോഗിച്ച് നിർമ്മിച്ച റോഡിന്റെ പ്രത്യേകത, ഗുണമേന്മ എന്നിവ പരിശോധിച്ചിട്ടുണ്ടോ; എവിടെയെല്ലാമാണ് ഇത്തരത്തിലുള്ള റോഡ് നിർമ്മിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) റോഡു നിർമ്മാണത്തിലെ മറ്റൊരു കാൽവെയ്പായ കയർ ജിയോടെക്സ്റ്റയിലും നാച്ചുറൽ റബ്ബർ മിക്സ് ബിറ്റുമിനും ഉപയോഗിച്ചുള്ള നിർമ്മാണം

പാരിസ്ഥിതിക സൗഹൃദവും ഈടുനിൽപ്പുള്ളതുമാണോ; ഇത്തരത്തിലുള്ള റോഡുകൾ എവിടെയെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) പരമ്പരാഗത കയർവ്യവസായ മേഖലയുടെയും റബ്ബർ കൃഷി മേഖലയുടെയും താല്പര്യം പരിഗണിച്ച് ഇത്തരം റോഡുകൾ കൂടുതൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>):

(എ) "പുതിയ കാലം പുതിയ നിർമ്മാണം" നയത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളിൽ പൊതുമരാമത്ത് വകുപ്പിൽ കാര്യക്ഷമത, ഗുണമേന്മ, സുതാര്യത, അഴിമതി ഇല്ലായ്മ, ആധുനികത എന്നിവ ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ദീർഘകാലം ഈടുനിൽക്കുന്ന റോഡ് നിർമ്മാണ രീതികൾ വകുപ്പിൽ അവലംബിച്ചുവരുന്നു. ആയതുവഴി വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ കാര്യമായ മാറ്റവും ഗുണനിലവാരവും ഉറപ്പാക്കാൻ സഹായിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി ക്വാളിറ്റി കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ റോഡ് നിർമ്മാണത്തിൽ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. സ്വാഭാവിക റബ്ബർ, കയർ, ജിയോടെക്സ്റ്റൈൽസ് എന്നിവ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ നിർമ്മാണ പ്രവൃത്തികൾ വകുപ്പിൽ നടപ്പിലാക്കുന്നുണ്ട്. ആധുനിക നിർമ്മാണ രീതിയിൽ പ്രാപ്തരാക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് ആവശ്യമായ ശില്പശാലകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

(ബി) ഫുൾഡെപ്ത് റിക്ലമേഷൻ ടെക്നോളജി ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ നിലവിലുള്ള പേവ്മെന്റിൽ സിമന്റും ഇറക്കുമതിചെയ്ത പ്രത്യേകതരം പൾവറൈസറും നിശ്ചിത അനുപാതത്തിൽ ചേർത്ത് ജർമൻ ഉപകരണങ്ങൾ ഉപയോഗിച്ച് നിലവിലുള്ള റോഡ് 30 സെ.മി. ആഴത്തിൽ വെട്ടിയെടുത്ത് കുഴിച്ച് അതേ ഭാഗത്തുതന്നെ ഇടുകയും വിവിധതരം റോളറുകൾ ഉപയോഗിച്ച് കോമ്പാക്ട് ചെയ്ത റോഡ് നിർമിക്കുന്ന രീതിയാണ് പ്രാവർത്തികമാക്കുന്നത്. ഏറ്റവും മുകളിലായി ബിറ്റുമിനസ് കോൺക്രീറ്റിന്റെ ഒരു ലെയർ ചെയ്യുന്നതോടെ ഈ പ്രവൃത്തി പൂർത്തിയാകുന്നതാണ്. നിർമ്മാണ വസ്തുക്കളായ പാറ, മെറ്റൽ എന്നിവയ്ക്ക് വൻതോതിലുള്ള ദൗർലഭ്യം നേരിടുകയും അവയുടെ ഖനനംമൂലം നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യുന്ന ഈ സന്ദർഭത്തിൽ

നിലവിലുള്ള വസ്തുക്കൾ റീസൈക്കിൾ ചെയ്ത് ഉപയോഗിക്കുന്നരീതി അവലംബിക്കുന്നതുകൊണ്ട് പ്രകൃതിവിഭവങ്ങളുടെ ചൂഷണം പരമാവധി കുറയ്ക്കാൻ സാധിക്കും. ഇതിന് വേണ്ടിവരുന്ന നിർമ്മാണചെലവ് നിലവിലെ നിർമ്മാണ രീതിയേക്കാൾ 20 ശതമാനത്തോളം അധികമാണെങ്കിലും നിർമ്മാണ വസ്തുക്കളുടെ സേവിംഗ്സിൽ കൂടിയുണ്ടാകുന്ന സാമൂഹികമായ ലാഭം വളരെ വലുതാണ്. കൂടാതെ ഇത്തരം സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിലൂടെ റോഡിന്റെ ബെയ്സ്, സബ് ബെയ്സ് എന്നിവ 10 വർഷത്തിൽ കൂടുതൽ നിലനിൽക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഒരു ദിവസം ഏകദേശം അര കിലോ മീറ്ററോളം റോഡ് പൂർത്തിയാക്കാൻ ആകുമെന്നുള്ളതിനാൽ നിർമ്മാണ സമയത്തിലും വലിയതോതിലുള്ള ലാഭം ഉണ്ടാകുന്നതാണ്. അടൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതുമായ കിഫ്ബി പ്രവൃത്തിയായ ആനയടി-പഴകുളം-കുരമ്പാല-കീരുകുഴി-ചന്ദനപ്പള്ളി കൂടൽ റോഡ് 5.9 കി.മീ. ദൂരം പൈലറ്റ് പ്രോജക്ട് ആയി നൂതന ജർമൻ സാങ്കേതിക വിദ്യയായ ഫുൾ ഡെപ്ത് റീക്ലമേഷൻ ടെക്നോളജി ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതാണ്.

(സി) കയർ ജിയോ ടെക്സ്റ്റൈൽസും നാച്ചുറൽ റബ്ബർ ക്വാളിഫൈഡ് ബിറ്റുമിനും ഉപയോഗിച്ചുള്ള നിർമ്മാണം പരിസ്ഥിതി സൗഹൃദവും ഈടുനിൽപ്പുള്ളതുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരത്തുവിഭാഗത്തിന്റെ അധികാരപരിധിയിൽ 1840.371 കി.മീ. റോഡ് പ്രവൃത്തികൾ എൻ.ആർ.എം.ബി. ഉപയോഗിച്ചും ആലപ്പുഴ, കോട്ടയം, കൊല്ലം, പാലക്കാട് എന്നീ ജില്ലകളിലായി 19.1 കി.മീ. റോഡ് പ്രവൃത്തികൾ ജിയോ ടെക്സ്റ്റൈൽസ് ഉപയോഗിച്ചും ചെയ്തിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ ഒരു സി.ആർ.എഫ്. പദ്ധതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ആ ഭൂപ്രദേശത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയതിനാലാണ് ഇത്തരത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചത്.

(ഡി) സ്വാഭാവിക റബ്ബർ, കയർ-ജിയോ ടെക്സ്റ്റൈൽസ് എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. റോഡ് നിർമ്മാണത്തിനായി ഗുണമേന്മയുള്ള കയർ ജിയോ ടെക്സ്റ്റൈൽസ് ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(സാധാ) നമ്പർ 872/2019/പൊ.മ.വ. തീയതി 12-7-2019 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

## വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ നൽകുന്ന നഷ്ടപരിഹാരം

24(*564) ശ്രീ. പി. കെ. ബഷീർ :
ശ്രീ. എം. സി. കമറുദ്ദീൻ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് അവരുടെ നഷ്ടത്തിന് തത്തുല്യമായ വിധത്തിലുള്ള നഷ്ടപരിഹാരം ലഭ്യമാക്കാൻ സാധിക്കുമോയെന്ന് അറിയിക്കുമോ;

(ബി) ഇത്തരം സാഹചര്യങ്ങളിൽ നഷ്ടപരിഹാരം കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) ഇതിന് ഒരു ഏകീകൃതമായ മാനദണ്ഡമോ വ്യവസ്ഥയോ നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ വിവിധ വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് അവരുടെ നഷ്ടത്തിന് തത്തുല്യമായ വിധത്തിലുള്ള നഷ്ടപരിഹാരം ലഭ്യമാക്കുന്ന വിധത്തിൽ ഒരു ഏകീകൃത സംവിധാനം കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ & ബി) എൽ.എ.ആർ.ആർ ആക്ട്, 2013 സെക്ഷൻ 26, 27, 28, 29, 30 പ്രകാരമാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. ഭൂമിയുടെ കമ്പോളവില നിശ്ചയിക്കുന്ന രീതി എൽ.എ.ആർ.ആർ. ആക്ട്, 2013 സെക്ഷൻ 26-ൽ താഴെപ്പറയും പ്രകാരം പ്രതിപാദിച്ചിട്ടുണ്ട്:

(എ) സ്ഥലം സ്ഥിതിചെയ്യുന്ന പ്രദേശത്ത് അതതു സംഗതികളിൽ തീറാധാരങ്ങൾക്കോ വില്പന കരാറുകൾക്കോ 1899-ലെ ഇന്ത്യൻ സ്റ്റാമ്പ് ആക്ട് 2 പ്രകാരമുള്ള കമ്പോളവില നിശ്ചയിക്കാവുന്നതാണ്.

(ബി) സമീപത്തുള്ള വില്ലേജിലോ സമീപപ്രദേശങ്ങളിലോ സ്ഥിതി ചെയ്യുന്ന അതേ പോലെയുള്ള സമാനരീതിയിലുള്ള സ്ഥലങ്ങൾക്കുള്ള ശരാശരി വില്പന വില കണക്കാക്കാവുന്നതാണ്.

(സി) സ്വകാര്യ കമ്പനികൾക്കോ പൊതുസ്വകാര്യ/കൂട്ടടമസ്ഥ പ്രോജക്ടുകൾക്കോവേണ്ടി ഭൂമി ഏറ്റെടുക്കുന്ന സംഗതികളിൽ രണ്ടാം വകുപ്പിന്റെ രണ്ടാം ഉപവകുപ്പിൻ കീഴിൽ ധാരണാപത്രം സമ്മതിച്ചുറപ്പിച്ചിട്ടുള്ള നഷ്ടപരിഹാരത്തുക ഇവയിലേതാണോ കൂടുതൽ ആയത് കമ്പോളവിലയായി നിശ്ചയിക്കുന്നു.

കമ്പോളവില തീരുമാനിക്കുന്ന തീയതി പ്രാഥമിക വിജ്ഞാപനം 11 (1) പുറപ്പെടുവിക്കുന്ന തീയതിയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എൽ.എ.ആർ.ആർ. ആക്ട്, 2013 സെക്ഷൻ 26 (എ) പ്രകാരമുള്ള മാനദണ്ഡം മിക്കവാറും സംഗതികളിൽ 26 (ബി) പ്രകാരമുള്ള മാനദണ്ഡത്തിനേക്കാൾ കുറവായിരിക്കും. 26 (സി) പ്രകാരമുള്ള മാനദണ്ഡമനുസരിച്ചുള്ള ധാരണാപത്രം ലഭ്യമാക്കാനുള്ള സാധ്യതയും വിരളമാണ്. ഭൂവുടമയ്ക്ക് മികച്ച സ്ഥലവില നൽകുന്നതിന് 26 (ബി) പ്രകാരമുള്ള മാനദണ്ഡം അതായത് ഭൂമി ഏറ്റെടുത്ത വർഷത്തിന് തൊട്ട് മുന്നിലത്തെ മൂന്ന് വർഷത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് സമീപസ്ഥലങ്ങളായ പ്രദേശങ്ങളിലെ സമാനസ്വഭാവമുള്ള സ്ഥലത്തെ സംബന്ധിച്ച് ഉയർന്ന വില്പനവില കാണിച്ചിരിക്കുന്ന വിലയാധാരങ്ങളുടെ ആകെ എണ്ണത്തിന്റെ പകുതിയുടെ ശരാശരി വില്പന വിലയായി കണക്കാക്കി വില നിശ്ചയിക്കുന്നു.

ഈ കമ്പോളവിലയോടൊപ്പം നഗരപ്രദേശങ്ങളിൽ നിന്നുള്ള ദൂരത്തെ അടിസ്ഥാനമാക്കി ഒന്നു മുതൽ രണ്ടു വരെയുള്ള ഘടകം (factor) കൊണ്ട് ഗുണിച്ച് കിട്ടുന്ന തുകയും ഏറ്റെടുക്കുന്ന ഭൂമിയിൽ സ്ഥിതി ചെയ്യുന്ന എല്ലാ സ്ഥാവര വസ്തുക്കളുടെയും മറ്റ് ആസ്തികളുടെയും വൃക്ഷങ്ങളുടെയും സസ്യങ്ങളുടെയും മൂല്യം ഉൾപ്പെടെ ചേർത്ത് കിട്ടുന്ന തുകയും ആയതിന്റെ 100 ശതമാനത്തിന് തുല്യമായ തുക സൊലേഷ്യം ആയും കൂട്ടി കിട്ടിയ തുക അവാർഡ് തുകയായി നിശ്ചയിക്കുന്നതും പ്രസ്തുത അവർഡ് തുക സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതി മുതൽ അവാർഡ് പ്രഖ്യാപിക്കുന്ന തീയതി വരെയോ, ഭൂമി കൈവശത്തിൽ എടുക്കുന്ന തീയതി വരെയോ ഇതിൽ ഏതാണ് ആദ്യം വരുന്നത് എന്ന് നോക്കി ഈ കാലയളവിൽ 12% പലിശ നൽകുന്നു.

സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് ഭൂവുടമകൾ സമ്മതപത്രം നൽകുന്ന കേസുകളിൽ എൽ.എ.ആർ.ആർ. ആക്ടിലെ സെക്ഷൻ 108 പ്രകാരം രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് പോളിസിയുടെ അടിസ്ഥാനത്തിൽ നെഗോഷ്യേറ്റ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് ഭൂവുടമകളെ വിളിച്ചുകൂട്ടി ഡിസ്ട്രിക്ട് ലെവൽ ഫെയർ കോമ്പൻസേഷൻ, റിഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ് കമ്മിറ്റി (DLFC) കൂടുന്നതും ആയത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനുവിധേയമായി എൽ.എ.ആർ.ആർ. ആക്ടിലെ മാനദണ്ഡം 26 (b)-യേക്കാൾ കൂടിയ വില അനുവദിച്ചുനൽകാറുണ്ട്.

മേൽപ്പറഞ്ഞ നഷ്ടപരിഹാരത്തിനുപുറമേ വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ പുനരധിവാസവും പുനഃസ്ഥാപനവും നൽകണമെന്ന് LARR Act, 2013-ലെ ഷെഡ്യൂൾ 2-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ജനസാന്ദ്രത കൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് എൽ.എ.ആർ.ആർ. ആക്ട് 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നൽകുന്നതിനായി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 29-12-2017-ലെ ജി.ഒ. (എം.എസ്.) 448/2017/RD പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കൂടുതൽ തുക ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്. എൽ.എ.ആർ.ആർ. ആക്ട്, 2013-ലെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരം നൽകുന്നു.

(ഡി) ബാധകമല്ല.

## കോൾഡ് ചെയിൻ പദ്ധതി

25(*565) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസംസ്കരണത്തിന്റെയും വിപണനത്തിന്റെയും സാധ്യത വർദ്ധിപ്പിക്കുന്നതിനായി കോൾഡ് ചെയിൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെയും നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെയും സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. മത്സ്യസംസ്കരണത്തിന്റെയും വിപണനത്തിന്റെയും സാധ്യത വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ഒരു കോൾഡ് ചെയിൻ ശൃംഖല രൂപീകരിക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 100 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി 2012 സാമ്പത്തിക

വർഷത്തിൽ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭ്യമായില്ല. എന്നാൽ മത്സ്യവികസന ബോർഡ്/കേന്ദ്ര സർക്കാർ സഹായത്തോടെ 39 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമായിരുന്നു. ഇതിൽ 36 എണ്ണം ഇതിനോടകം പൂർത്തിയാക്കുകയും രണ്ടെണ്ണം പൂർത്തീകരണ ഘട്ടത്തിലും മറ്റൊരെണ്ണം പുരോഗമിച്ചു വരികയാണ്. എൻ.എഫ്.ഡി.ബി. മുഖേന മത്സ്യമാർക്കറ്റുകളുടെ വികസനത്തിന് 2015 വരെ 90% കേന്ദ്രസഹായം ലഭ്യമായിരുന്നു. എന്നാൽ പിന്നീട് കേന്ദ്രസഹായം 50 ശതമാനമായി കുറയുകയും ബ്ലൂ റെവല്യൂഷൻ പദ്ധതിയുടെ ഭാഗമായി മത്സ്യമാർക്കറ്റ് വികസനത്തെ മാറ്റുകയും ചെയ്തു. അനുവദിക്കുന്ന കേന്ദ്ര സഹായത്തിലും കുറവുവരുത്തി ഇതിനുപുറമേ കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തൊട്ടാകെ 65 മത്സ്യമാർക്കറ്റുകളുടെ നവീകരണ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ 193.47 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെയും നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെയും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ശക്തികുളങ്ങരയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് കോമൺ പ്രീ പ്രോസസ്സിംഗ് സെന്ററിന്റെ നവീകരണ പ്രവൃത്തികൾക്കായുള്ള പ്രൊപ്പോസൽ എൻ.എഫ്.ഡി.ബി.-ക്ക് സമർപ്പിച്ചിരുന്നെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല.

## പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് ഏകീകൃത പാഠ്യപദ്ധതി

26(*566) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. വി. ഇബ്രാഹിം :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി വിദ്യാഭ്യാസം പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കണമെന്ന ആവശ്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് ഏകീകൃത പാഠ്യപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ രംഗത്തെ സ്വകാര്യ മേഖലയുടെ ചൂഷണം അവസാനിപ്പിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ-സി) 7-12-2012-ലെ സ.ഉ. (കൈ) 385/2012/പൊ.വി.വ. പ്രകാരം സ്കൂളിന്റെ ഭാഗമായി പുതിയ പ്രീ-പ്രൈമറി ആരംഭിക്കേണ്ടതില്ല എന്ന നിലപാട് കൈക്കൊണ്ടിരുന്നു. ഈ കാര്യംകൂടി സമഗ്രമായി പരിശോധിച്ച് പ്രീ-സ്കൂളിനായി ഒരു പൊതുനയം കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ വിവിധ ഡിപ്പാർട്ട്മെന്റുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുണ്ട്. പ്രീ-സ്കൂൾ നയം രൂപീകരിക്കുന്നതനുസരിച്ച് ഈ രംഗത്ത് ആവശ്യമായ ഇടപെടലുകൾ നടത്തുന്നതാണ്.

**ഹാർബർ വികസന പദ്ധതികൾ**

27(*567) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എസ്.ശർമ്മ :
ശ്രീ. എം. മുകേഷ് :
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി ബജറ്റ് ഫണ്ട് ഉപയോഗിച്ചും കിഫ്ബി ഫണ്ട് ഉപയോഗിച്ചും നടത്തുന്ന തീരദേശ റോഡ് പുനരുദ്ധാരണം, ഹാർബർ വികസന പദ്ധതികൾ എന്നിവ എത്ര തുകയുടെതാണെന്ന കണക്ക് ലഭ്യമാണോ; പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രവർത്തനക്ഷമമല്ലാത്ത സംസ്ഥാനത്തെ ഹാർബറുകൾ പ്രവർത്തനയോഗ്യമാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ജീർണ്ണിച്ച് വർഷങ്ങളായി അപായകരമായ സ്ഥിതിയിലുള്ള കൊല്ലം ക്യൂ.എസ്.എസ്. കോളനി പുനർനിർമ്മാണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും കൊല്ലം മുനിസിപ്പൽ കോർപ്പറേഷനുമായി ചേർന്ന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി ഇത്തരം പദ്ധതികൾ ഏറ്റെടുക്കുമോയെന്ന് അറിയിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ&ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ബഡ്ജറ്റ് ഫണ്ട് ഉപയോഗിച്ച് 515.48 കോടി രൂപയുടെ തീരദേശ റോഡ് പുനരുദ്ധാരണ പ്രവൃത്തികളും 511.94 കോടി രൂപയുടെ ഹാർബർ വികസന പദ്ധതികളും നടപ്പിലാക്കിവരുന്നു. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 112.22 കോടി രൂപയുടെ ഹാർബർ വികസന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ച് തീരദേശ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെയെല്ലാം പുരോഗതി വിലയിരുത്താറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശ റോഡുകൾക്കായി 397.52 കോടി രൂപയുടെ ബജറ്റ് വിഹിതം ലഭ്യമായിട്ടുണ്ട്. ആയതുപ്രകാരം 1204 റോഡുകൾക്ക് 515.49 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും 461 റോഡുകൾ പൂർത്തീകരിക്കുകയും 457 റോഡ് പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. ശേഷിക്കുന്ന റോഡ് പ്രവൃത്തികൾ ഉടൻ ആരംഭിക്കാൻ കഴിയുന്നതാണ്.

കേരളത്തിൽ മൊത്തം 24 മത്സ്യബന്ധന തുറമുഖങ്ങളിൽ 8 എണ്ണം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ചേറ്റുവ, തലായ് മത്സ്യബന്ധന തുറമുഖങ്ങൾ ഈ സർക്കാരിന്റെ കാലത്ത് കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. കൊയിലാണ്ടി, മഞ്ചേശ്വരം എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്. ഈ സാമ്പത്തികവർഷംതന്നെ കമ്മീഷൻ ചെയ്യുന്നതാണ്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിലെ ഡ്രെഡ്ജിംഗ്, വിഴിഞ്ഞം അദാനി പോർട്ട് ലിമിറ്റഡ് നടത്തിവരുന്നു. ഇത് ഉടൻതന്നെ കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്. മുതലപ്പൊഴി, ചെല്ലാനം, താനൂർ, വെള്ളയിൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ ഈ സർക്കാരിന്റെ കാലത്ത് തന്നെ കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്. അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണം ശേഷിക്കുന്ന ഭരണാനുമതി തുകയിൽ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. ശേഷിക്കുന്ന ഘടകങ്ങൾക്ക് എഫ്.ഐ.ഡി.എഫ്.-ൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ചെത്തി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ കിഫ്ബിയുടെ പരിഗണനയിലാണ്. പരപ്പനങ്ങാടിയിൽ ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് കിഫ്ബിയിൽനിന്നും 112.22 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. CRZ ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. ഉടൻതന്നെ കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്. ഇതുകൂടാതെ ഒന്നാംഘട്ട

നിർമ്മാണം പൂർത്തിയാക്കിയ തോട്ടപ്പള്ളി, കാസർഗോഡ്, കായംകുളം, മുനമ്പം, നീണ്ടകര മത്സ്യബന്ധന തുറമുഖങ്ങൾ പൂർണ്ണമായും ഉപയോഗ പ്രദമാകണമെങ്കിൽ രണ്ടാംഘട്ട നിർമ്മാണം അനിവാര്യമാണ്.

CSS പദ്ധതിയിൽ കേരളത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെയും നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങളുടെയും രണ്ടാംഘട്ട നിർമ്മാണത്തിനായി 2018-19-ലെ ബഡ്ജറ്റ് സ്പീച്ചിൽ 584 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഇതിൽ പുതുതായി നിർമ്മിക്കുന്ന പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖവും ചെത്തി മൽസ്യബന്ധന തുറമുഖവും കിഫ്ബി വഴിയും ബാക്കിയുള്ള 8 മത്സ്യബന്ധന തുറമുഖങ്ങൾ നബാർഡ് ധനസഹായത്തോടെയും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. 21-3-2018-ൽ നടന്ന മീറ്റിംഗിൽ 342 കോടി രൂപ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് മാത്രമായി നൽകാൻ കഴിയില്ലെന്നും എന്നാൽ പദ്ധതികൾക്ക് ഘട്ടംഘട്ടമായി തുക നൽകാമെന്നും 2018-19 സാമ്പത്തിക വർഷത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 100 കോടി രൂപ അനുവദിക്കാമെന്നും നബാർഡ് അധികൃതർ സമ്മതിച്ചിരുന്നു. ഇതനുസരിച്ചുള്ള DPR 2018 ഏപ്രിൽ ആദ്യ ആഴ്ചയിൽത്തന്നെ തയ്യാറാക്കിയിരുന്നുവെങ്കിലും 2018-ലെ പ്രളയ ദുരന്തത്തെ തുടർന്നുണ്ടായ സാഹചര്യത്തിൽ ടി പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടില്ല.

ആയതിനുശേഷം 1-3-2019-ൽ സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന് രണ്ടാംഘട്ട വികസനം-ഫേസ് 1 (1338.00 ലക്ഷം), കായംകുളം മത്സ്യബന്ധന തുറമുഖത്തിന് രണ്ടാംഘട്ട വികസനം ഫേസ് 1 (844.00 ലക്ഷം), മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്ന പ്രവൃത്തി (1057.00 ലക്ഷം), കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കുന്ന പ്രവൃത്തി ഫേസ് 1 (1720 ലക്ഷം), നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന് രണ്ടാംഘട്ട വികസനം ഫേസ് 1 (511.00 ലക്ഷം) എന്നീ പദ്ധതികൾക്കായി 54.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളെല്ലാംതന്നെ 2020-ഓടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ നബാർഡ് XXIII-ൽ ഉൾപ്പെടുത്തി തങ്കശ്ശേരി മത്സ്യബന്ധന തുറമുഖം അടിസ്ഥാന സൗകര്യ വികസന പദ്ധതി (625.00 ലക്ഷം), വെള്ളയിൽ മത്സ്യബന്ധന തുറമുഖം അടിസ്ഥാനസൗകര്യ വികസന പദ്ധതി (650.00 ലക്ഷം), പുതിയാപ്പ മത്സ്യബന്ധന തുറമുഖം അടിസ്ഥാന സൗകര്യ വികസന പദ്ധതി (228.00 ലക്ഷം), ചെല്ലാനം മത്സ്യബന്ധന തുറമുഖം അടിസ്ഥാനസൗകര്യ വികസന പദ്ധതി (1037.00 ലക്ഷം)

എന്നീ പദ്ധതികൾക്ക് 25.40 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൻ പ്രകാരം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. NABARD XXV ഉൾപ്പെടുത്തി താനൂർ മത്സ്യബന്ധന തുറമുഖത്തെ പുലിമുട്ടുകളുടെ നിർമ്മാണം (1486.32 ലക്ഷം), വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തെ പുലിമുട്ടുകളുടെ നിർമ്മാണം (2233.11 ലക്ഷം), പുറത്തൂർ തീരസംരക്ഷണ പ്രവൃത്തി (713.70 ലക്ഷം) എന്നീ പദ്ധതികൾക്ക് 44.33 കോടി രൂപയുടെ അംഗീകാരം 5-9-2019-ൽ ലഭിച്ചു. സാങ്കേതികാനുമതി നൽകി പ്രവൃത്തി ഉടൻ ആരംഭിക്കാൻ കഴിയുന്നതാണ്. നബാർഡ് പദ്ധതികളെല്ലാംതന്നെ 2021 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കാസർഗോഡ്, കായംകുളം, തോട്ടപ്പള്ളി, അർത്തുങ്കൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ ശേഷിക്കുന്ന ഘടകങ്ങളുടെ അംഗീകാരം FIDF-ൽ ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിവരികയാണ്.

(സി) മത്സ്യത്തൊഴിലാളി അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനം (2018-19) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ ക്യൂ.എസ്.എസ്. കോളനിയിലെ ജീർണ്ണിച്ച് അപകടാവസ്ഥയിൽ സ്ഥിതിചെയ്തിരുന്ന 179 ഫ്ലാറ്റുകൾ പുനർനിർമ്മിക്കുന്ന ഫ്ലാറ്റ് നിർമ്മാണ പദ്ധതിക്കായി ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ ക്യൂ.എസ്.എസ്. കോളനിയിലെ ഫ്ലാറ്റ് നിർമ്മാണ പദ്ധതി യൂണിറ്റ് ചെലവ് 10 ലക്ഷം രൂപയിൽ അധികരിക്കാത്തവിധം നടപ്പാക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭാഗമായി ക്യൂ.എസ്.എസ്. കോളനി സ്ഥിതിചെയ്യുന്ന കൊല്ലം കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമി വിട്ടുകിട്ടുന്നതിനും മത്സ്യത്തൊഴിലാളികളല്ലാത്ത 65 താമസക്കാർക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നവിധം കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുമായി 23-9-2019-ൽ കരാറിൽ ഒപ്പുവെച്ചിട്ടുണ്ട്.

ക്യൂ.എസ്.എസ്. കോളനി ഉൾപ്പെട്ട സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഉപയോഗശൂന്യമായ റസിഡൻഷ്യൽ ഫ്ലാറ്റുകൾ പൊളിച്ച് നീക്കം ചെയ്യുന്നതിനുള്ള നടപടി ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് മാർഗ്ഗതടസ്സമായി നിന്നിരുന്ന സൈറ്റിലുള്ള ഇലക്ട്രിക് പോസ്റ്റുകളും 3 ഫേസ് ലൈനും മാറ്റി സ്ഥാപിക്കുന്നതിനുമായി 95,012 രൂപ അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ കന്റോൺമെന്റ്, കൊല്ലത്തിന് അനുവദിച്ചിട്ടുണ്ട്.

ഫ്ലാറ്റുകൾ പൊളിച്ച് നീക്കം ചെയ്യുന്ന നടപടി പൂർത്തിയാകുന്നമുറയ്ക്ക് മത്സ്യത്തൊഴിലാളികൾക്കായി 114 ഫ്ലാറ്റുകൾ ഫിഷറീസ് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചും മറ്റു താമസക്കാർക്കായി 65 ഫ്ലാറ്റുകൾ കൊല്ലം കോർപ്പറേഷൻ ഫണ്ടുപയോഗിച്ചും പ്രത്യേകം ടെണ്ടർ ക്ഷണിച്ച് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ നിർവ്വഹണ ഏജൻസിയാക്കിക്കൊണ്ട് നിർമ്മാണം ആരംഭിക്കുന്നതാണ്.

**കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതിയും ആഡംബര നികുതിയും**

28(*568) ശ്രീ.പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റത്തവണ നികുതിയുടെ നിർണ്ണയം നടത്താത്ത കെട്ടിടങ്ങൾ കണ്ടെത്തി നികുതി നിർണ്ണയിക്കുന്നതിനായി ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇതിനായി ഓരോ ജില്ലയ്ക്കും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ആഡംബര നികുതി സ്ലാബ് അടിസ്ഥാനത്തിൽ പുതുക്കി നിർണ്ണയിക്കാൻവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഫ്ലാറ്റുകളുടെ കെട്ടിട നികുതി നിർണ്ണയിക്കുന്നതിന് ഈ സർക്കാർ നിശ്ചയിച്ച പുതിയ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഒറ്റത്തവണ നികുതിയുടെ നിർണ്ണയം നടത്താത്ത കെട്ടിടങ്ങൾ കണ്ടെത്തി നികുതി നിർണ്ണയിക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനുമായി എല്ലാവർഷവും ഡിസംബർ മുതൽ മാർച്ച് മാസംവരെ ഊർജ്ജിത നികുതി പിരിവ് യജ്ഞം നടത്തിവരുന്നു. ഇതിനായി താലൂക്ക് ലെവലിൽ സ്പെഷ്യൽ സ്ക്വാഡിനെ നിയമിക്കുകയും ഒരു വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിന് അനുവാദം നൽകുകയും ചെയ്യുന്നു. ഊർജ്ജിത നികുതിപിരിവ് യജ്ഞവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ

നിർദ്ദേശങ്ങളടങ്ങിയ 2018-ലേയും 2019-ലേയും സർക്കുലറുകളുടെ പകർപ്പുകൾ (അനുബന്ധം 1* & അനുബന്ധം 2) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. കൂടാതെ സംസ്ഥാനത്തെ 77 താലൂക്കുകളിലെയും കെട്ടിട നികുതി നിർണ്ണയം സംബന്ധിച്ച പ്രവർത്തന പുരോഗതി ഓരോ മാസവും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ പരിശോധന വിഭാഗം വിലയിരുത്തുകയും ലാൻഡ് റവന്യൂ കമ്മീഷണറിൽനിന്നും ലഭിക്കുന്ന പ്രതിമാസ പ്രവർത്തന പുരോഗതി റിപ്പോർട്ട് സർക്കാർതലത്തിൽ അവലോകനം നടത്തുകയും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം*-3)

(ബി) എല്ലാ വർഷവും ഏപ്രിൽ മാസത്തിൽ കെട്ടിട നികുതി പിരിക്കുന്നതിലേയ്ക്കായി ജില്ലകളിലേയ്ക്ക് വാർഷിക ടാർജറ്റ് നിശ്ചയിച്ച് നൽകാറുണ്ട്. എന്നാൽ ഊർജ്ജിത പിരിവ് യജ്ഞ പരിപാടിയോടനുബന്ധിച്ച് സ്പെഷ്യൽ സ്ക്വാഡിനെ നിയോഗിക്കുമ്പോൾ ടാർജറ്റ് നിശ്ചയിച്ച് നൽകാറില്ല.

(സി) The Kerala Finance Bill 2019 പ്രകാരം 1-4-2019 മുതൽ ആഡംബര നികുതിക്ക് സ്ലാബ് സിസ്റ്റം ഏർപ്പെടുത്തുകയും ആയത് 19-7-2019-ലെ 2711/Leg.A2/2019/La നമ്പർ അസാധാരണ ഗസറ്റായി വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

1-4-1999-നോ അതിനുശേഷമോ പണി പൂർത്തീകരിച്ചിട്ടുള്ള 278.7 ച.മീറ്ററോ അതിനുമുകളിലോ തറവിസ്തീർണമുള്ള താമസാവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങൾക്കും 1-4-2019 മുതൽ പുതിയ നിരക്കിലുള്ള ആഡംബര നികുതി ഈടാക്കുമെന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കാർ 28-6-2019-ൽ എസ്.സി. 1-68089/06/റവ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം*-4)

(ഡി) ഒരു കെട്ടിടം വ്യത്യസ്ത ഉടമസ്ഥതയിലുള്ള ഒന്നിലധികം ഫ്ലാറ്റുകൾ അടങ്ങിയതായിരിക്കുകയും. കെട്ടിടത്തിന്റെ നിർമ്മാണച്ചെലവ് വ്യക്തികൾ കൂട്ടായി വഹിച്ചിരിക്കുകയും ചെയ്യുന്ന കേസുകളിൽ ഓരോ അപ്പാർട്ട്മെന്റിനേയും പ്രത്യേക കെട്ടിടമായി കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടതാണെന്ന് 1975-ലെ കേരള കെട്ടിട നികുതി നിയമം വകുപ്പ് 2 (ഇ) വിശദീകരണം II-ൽ അനുശാസിക്കുന്നു. എന്നാൽ ഫ്ലാറ്റുകൾ/അപ്പാർട്ട്മെന്റുകൾ ഉൾപ്പെടുന്ന കെട്ടിട സമുച്ചയത്തിന്റെ ആഡംബര നികുതി നിർണ്ണയിക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ ബഹുമാനപ്പെട്ട സുപ്രീം കോടതി 1-7-2015-ലെ വിധിന്യായത്തിൽ (എസ്.എൽ.പി. നമ്പർ 12269/14) ചൂണ്ടിക്കാട്ടിയതിന്റെ പശ്ചാത്തലത്തിൽ ഒരു കെട്ടിടത്തിൽത്തന്നെ വിവിധ അപ്പാർട്ട്മെന്റുകൾ/ഫ്ലാറ്റുകൾ ഉണ്ടെങ്കിൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഓരോന്നിന്റെയും ഉടമസ്ഥാവകാശത്തിന്റെ അടിസ്ഥാനത്തിൽ ഓരോ അപ്പാർട്ട്മെന്റും/ഫ്ലാറ്റും പ്രത്യേക കെട്ടിടമായി കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തേണ്ടതാണെന്ന് നിർദ്ദേശം നൽകിക്കൊണ്ട് 1-6-2017-ലും 23-6-2017-ലും 30-1-2019-ലും സർക്കാർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം- 5, 6, 7)

**മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കിവരുന്ന ക്ഷേമപ്രവർത്തനങ്ങൾ**

29(*569) ശ്രീ. എം. നൗഷാദ് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ആൻസലൻ :
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനോപാധികളുടെ ഉടമകളാക്കി മത്സ്യത്തൊഴിലാളികളെ മാറ്റുന്നതിനും മത്സ്യബന്ധനോപാധികൾ നഷ്ടപ്പെടുന്ന അവസരത്തിലും അറ്റകുറ്റപ്പണികൾ ആവശ്യമായി വരുമ്പോഴും അവരെ സഹായിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യബന്ധനത്തൊഴിലാളികൾക്ക് പ്രകൃതിദുരന്തങ്ങളിൽ നിന്ന് രക്ഷ നേടുന്നതിനും ജീവഹാനി ഉണ്ടാകാതിരിക്കുന്നതിനുമായി എന്തെല്ലാം ആധുനിക സംവിധാനങ്ങളാണ് ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ മേഖലയിൽ ആധുനികവൽക്കരണം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) മത്സ്യത്തൊഴിലാളികളെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിനായി വള്ളങ്ങളുടെയും വല ഉൾപ്പെടെയുള്ള മത്സ്യബന്ധനോപകരണങ്ങളുടെയും ഉടമകളാക്കുന്നതിന് ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന സംയോജിത മത്സ്യവികസന പദ്ധതി പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ,

പദ്ധതി മാനദണ്ഡങ്ങൾക്കനുസരിച്ച് മത്സ്യഫെഡ് മുഖേന പലിശരഹിത വായ്പയായി നൽകിവരുന്നു.

ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ/ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടി മത്സ്യബന്ധന ഉപകരണങ്ങൾക്ക്, ഒരു വ്യക്തിക്ക് പരമാവധി 3 ലക്ഷം രൂപവരെ വായ്പയായി നൽകിവരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ FRP വള്ളങ്ങൾ ഉൾപ്പെടെയുള്ള മത്സ്യബന്ധന യൂണിറ്റുകൾ സൗജന്യമായി നൽകുന്നതിന് ഓഖി പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി 120 യൂണിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചേർന്ന് 40 ശതമാനം സബ്സിഡിയോടെ 200 FRP ബോട്ടുകൾ ഉൾപ്പെടുന്ന മത്സ്യബന്ധന യൂണിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതിയും സർക്കാരിന്റെ പരിഗണനയിലാണ്.

പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട് മത്സ്യബന്ധനോപകരണങ്ങൾ പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ജില്ലാ കളക്ടറുടെ എസ്.ഡി.ആർ.എഫ്.-ൽനിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പൊന്നാനിയിലെ കടൽക്ഷോഭത്തിൽ തകർന്ന 39 മത്സ്യബന്ധന യാനങ്ങൾക്ക് 2,30,24,585 രൂപ ആദ്യഘട്ടമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ 2-ാം ഘട്ടമായി തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

ഓഖി ദുരന്തത്തിൽപ്പെട്ട് മത്സ്യബന്ധന ഉപകരണങ്ങൾക്ക് പൂർണ്ണമായും ഭാഗികമായും നഷ്ടം സംഭവിച്ചതിന് നഷ്ടപരിഹാരമായി 7,35,67,862 രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

2018-19 സാമ്പത്തികവർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. 10 എച്ച്.പി.-യിൽ താഴെയുള്ള എൻജിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിക്ക് പരമാവധി 10,000 രൂപ വരെ സബ്സിഡി നൽകിവരുന്നു.

നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി-യിൽ താഴെയുള്ള ഔട്ട് ബോർഡ് എൻജിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം പരമാവധി 30,000 രൂപവരെ സബ്സിഡി നൽകിവരുന്നു.

(ബി&സി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് പ്രകൃതി ദുരന്തത്തിൽനിന്ന് രക്ഷ നേടുന്നതിനും ജീവഹാനി ഉണ്ടാകാതിരിക്കുന്നതിനുമായി സൗജന്യമായി ലൈഫ് ജാക്കറ്റ് വിതരണംചെയ്യുന്ന പദ്ധതിയും മത്സ്യബന്ധന യാനങ്ങൾക്ക് നാവിക്, സാറ്റലൈറ്റ് ഫോൺ എന്നിവ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. 2018-19 സാമ്പത്തികവർഷത്തെ കടൽ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി 566 GPS-കളും 1132 ലൈഫ്ബോയ്കളും വിതരണം ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തികവർഷം കടൽ രക്ഷാ ഉപകരണങ്ങൾ നൽകുന്നതിനായി 9 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കടൽ രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി പരിശീലനം നേടിയ 900 കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. കടൽ രക്ഷാപ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കൊച്ചിൻ ഷിപ്പ്യാർഡിൽ പുരോഗമിച്ചുവരുന്നു. വകുപ്പിന്റെ കീഴിൽ മാസ്റ്റർ കൺട്രോൾറൂം സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

**റോഡ് നിർമ്മാണത്തിൽ പുതിയ സാങ്കേതിക വിദ്യകൾ**

30(*570) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് നിർമ്മാണത്തിന് നിലവിൽ ഏതെല്ലാം പുതിയ സാങ്കേതിക വിദ്യകളാണ് അവലംബിക്കുന്നത്;

(ബി) റോഡുകൾ ദീർഘകാലം നിലനിൽക്കുന്നതിന് നിർമ്മാണ രീതികളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;

(സി) നിലവിൽ ഉപയോഗിക്കുന്ന നിർമ്മാണരീതികളിൽ നമ്മുടെ കാലാവസ്ഥക്ക് ഏറ്റവും അനുയോജ്യമായ രീതി ഏതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ സൈക്കിൾ ട്രാക്കും കേബിൾ ഡക്ടുകളും സ്ഥാപിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ & ബി) സംസ്ഥാനത്ത് ദീർഘകാലം ഈട് നിൽക്കുന്ന രീതിയിലുള്ള ബി.എം & ബി.സി റോഡുകൾ നിർമ്മിക്കുന്നുണ്ട്. വാഹന സാന്ദ്രത, മണ്ണിന്റെ ഘടന എന്നിവ അടിസ്ഥാനമാക്കി ഡിസൈൻ ചെയ്ത് നിർമ്മിക്കുന്ന ബി.എം. & ബി.സി. റോഡുകൾ 10 മുതൽ 15 വർഷം വരെ നിലനിൽക്കുന്നതാണ്. കൂടാതെ റോഡുകളുടെ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ 15 മുതൽ 20 വർഷം വരെ നീണ്ടുനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് ഏറ്റെടുത്ത് നടപ്പിലാക്കാനും തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേകതരം പൾവറൈസറും ചേർത്ത് കുഴച്ച് ടി ഭാഗത്ത് തന്നെ ഇടുകയും ചെയ്യുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തിട്ടുണ്ട്. കോൾഡ് ഇൻപ്ലേസ് റീ സൈക്ലിംഗ് നിർമ്മാണ രീതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. സ്വാഭാവിക റബ്ബർ, കയർ-ജിയോ ടെക്സ്റ്റൈൽ, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിവരുന്നു.

ദേശീയപാതകളുടെ ഉപരിതലം അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിങ് ഉപയോഗിച്ച് പുതുക്കി നിർമ്മിക്കാറുണ്ട്. ഈ സാങ്കേതികവിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനു ശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർ നിർമ്മിക്കുകയാണ് ചെയ്യുന്നത്. കൂടാതെ ടാറിനൊപ്പം ഷ്രെഡഡ് പ്ലാസ്റ്റിക് ചേർത്തുകൊണ്ട് നിർമ്മാണം നടത്തുവാൻ 2018-19 സാമ്പത്തിക വർഷം സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്കും 2019-20 സാമ്പത്തികവർഷം ഉപരിതലം പുതുക്കലിനായി കേന്ദ്രത്തിൽ നിന്നും അനുമതി ലഭിച്ച പദ്ധതികൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ ഒരു സി.ആർ.എഫ്. പദ്ധതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്.

(സി) വൈറ്റ് ടോപ്പിംഗ് രീതിയിലുള്ള റോഡ് പ്രവർത്തികൾ 15 മുതൽ 20 വർഷം വരെ ഈട് നിൽക്കുന്നവയാണ്. ടി രീതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുന്ന ബി.സി. ഉപരിതലം കൂടുതൽ കാലം ഈട് നിൽക്കുന്നതാണ്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിന് വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയതായി ബി.സി.

ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും 50% നീളമെങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ദൃഢത, ഉറപ്പ്, വെള്ളം മൂലമുണ്ടാകുന്ന കേടുപാടുകളിൽ നിന്നുള്ള ഉയർന്ന പ്രതിരോധ ശേഷി എന്നിവ പ്ലാസ്റ്റിക് റോഡുകളുടെ ഗുണങ്ങളാണ്.

(ഡി) സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന തീരദേശ ഹൈവേയ്ക്ക് രണ്ട് മീറ്റർ വീതിയിൽ സൈക്കിൾ ട്രാക്കുകൂടി ഉൾപ്പെടുത്തുന്നുണ്ട്. ദേശീയപാത വിഭാഗത്തിൽ നിലവിലുള്ള ദേശീയ പാതകൾ നാലുവരിപ്പാതയായി വികസിപ്പിക്കുമ്പോൾ കേബിളുകൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി സ്പേസ്/യൂട്ടിലിറ്റി ഡക്ട് എന്നിവ ഉൾപ്പെടുത്താറുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന ആലപ്പുഴ, കണ്ണൂർ നഗര റോഡുകളിൽ യൂട്ടിലിറ്റി ഡക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ നഗരപാത വികസന പദ്ധതിയിൽ സൈക്കിൾ ട്രക്കുകളുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ

1(6351) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്നാണ് നിലവിൽ വന്നത്; വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത കമ്പനി നാളിതുവരെ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്റ്റേറ്റ് ഹൈവേകളും മേജർ ജില്ലാ റോഡുകളും പുനരുദ്ധരിക്കുന്നതിനുവേണ്ടി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആന്യൂറ്റി മോഡിൽ രൂപംകൊടുത്ത പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി (എസ്.ആർ.ഐ.പി.) 2-2-2012-ലെ ജി.ഒ.(എം.എസ്.) നമ്പർ 15/2012/പൊ.മ.വ. ഉത്തരവുപ്രകാരം സംസ്ഥാന റോഡ് വികസന പദ്ധതി (എസ്.ആർ.ഐ.പി.)-ക്ക് സർക്കാർ ഭരണാനുമതി നൽകുകയും സംസ്ഥാന റോഡു

വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രത്യേക ദൗത്യ സ്ഥാപനമായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd) എന്ന പേരിൽ കമ്പനി രൂപീകരിക്കുവാൻ അനുമതി നൽകുകയുംചെയ്തു. അതിൻപ്രകാരം 19-3-2012-ൽ "കമ്പനീസ് ആക്ട് പ്രകാരം" റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. കമ്പനിയുടെ 51 ശതമാനം ഓഹരി മൂലധനമായ 25,50,000 രൂപ (2550 രൂപ ഓഹരികൾ) കേരള സർക്കാരിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പേരിലും 49 ശതമാനം ഓഹരി മൂലധനത്തുകയായ 24,50,000 രൂപ (2450 ഓഹരികൾ) കേരള റോഡ് ഫണ്ട് ബോർഡിനുവേണ്ടി ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ പേരിലും രജിസ്റ്റർ ചെയ്യുകയുണ്ടായി.

(ബി & സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ഇരുപത് ശതമാനം തുക വകയിരുത്തിയ പി.ഡബ്ല്യു.ഡി. പദ്ധതികൾ**

2(6352) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പ് സാമ്പത്തികവർഷത്തെ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പി.ഡബ്ല്യൂ.ഡി. പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും, ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പി.ഡബ്ല്യു.ഡി. പദ്ധതികൾക്ക് മുൻഗണനാടിസ്ഥാനത്തിൽ ഭരണാനുമതി നൽകിവരുന്നു.

(ബി) 2019-20 സാമ്പത്തിക വർഷത്തിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിരിക്കുന്ന പദ്ധതികളിൽ, സർക്കാരിൽ ലഭ്യമാക്കിയ പ്രവൃത്തികളിൽനിന്ന് നിയമസഭാ മണ്ഡലത്തിലെ ഒന്ന് (ബന്ധപ്പെട്ട ബഹുമാനപ്പെട്ട എം.എൽ.എ. ശിപാർശ ചെയ്യുന്നത് അല്ലെങ്കിൽ ഏറ്റവും കൂടിയ തുകയുള്ളത്) എന്ന മുൻഗണനാടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് അനുമതി നൽകിവരികയാണ്. അപ്രകാരം ധനകാര്യ വകുപ്പിൽനിന്ന് അനുമതി ലഭിച്ചിട്ടുള്ളവയ്ക്ക് അടിയന്തരമായി ഭരണാനുമതി നൽകിവരുന്നുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഏറനാട് മണ്ഡലത്തിൽ പ്രളയാനന്തരം നാശം സംഭവിച്ച പാലങ്ങൾ**

3(6353) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കഴിഞ്ഞ ആഗസ്റ്റ് മാസം ഉണ്ടായ പ്രളയംമൂലം റോഡുകൾക്കും പാലങ്ങൾക്കും ഉണ്ടായ നാശനഷ്ടങ്ങളുടെ തോത് എത്രയാണ്; എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായി എന്ന് അറിയിക്കാമോ;

(ബി) ഇവയുടെ പുനരുദ്ധാരണത്തിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(സി) പാലങ്ങളുടെ പുനരുദ്ധാരണത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്കും പാലങ്ങൾക്കുമാണ് പ്രളയത്തിൽ നാശം സംഭവിച്ചത്; എങ്കിൽ അവയുടെ സമയബന്ധിത പുനരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ 5031.51 കി.മീറ്ററിലായി റോഡുകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. സംരക്ഷണഭിത്തി, കലുങ്കുകൾ മുതലായവയ്ക്ക് നാശനഷ്ടങ്ങളും ഉപരിതലത്തിന് കേടുപാടുകളും സംഭവിച്ചിട്ടുണ്ട്. ആകെ 2958.33 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചതായാണ് വിലയിരുത്തിയിട്ടുള്ളത്.

മലപ്പുറം ജില്ലയിലെ കൈപ്പിനിക്കടവ് പാലം, കോഴിക്കോട് ജില്ലയിലെ പോത്തുണ്ടിപാലം, നടത്തോട് പാലം എന്നീ മൂന്ന് പാലങ്ങൾ പൂർണ്ണമായും തകർന്നിട്ടുണ്ട്. പാലങ്ങളുടെ കൈവരി തകർന്നത് ഡെക്ക് സ്ലാബ് നിരങ്ങി നീങ്ങിയത് സംരക്ഷണ ഭിത്തിക്ക് കേടുപാട് സംഭവിച്ചത് അബട്ട്മെന്റിന് കോട്ടപാട് സംഭവിച്ചത് എന്നിവ പരിഹരിക്കുന്നതിലേയ്ക്കായും പൂർണ്ണമായി തകർന്ന മൂന്ന് പാലങ്ങളുടെ പുനർനിർമ്മാണത്തിനുംകൂടി 42.45 കോടി രൂപ ആവശ്യമുണ്ട്.

(ബി) എല്ലാ റോഡുകളിലും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടർച്ചയായ മഴമൂലം റോഡുകളുടെ പ്രവൃത്തികൾ നടത്തുന്നതിന് തടസ്സം നേരിടുന്നുണ്ട്.

പൂർണ്ണമായി തകർന്ന മൂന്ന് പാലങ്ങൾക്ക് 17.20 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഫ്ലഡ് ഡാമേജ് റിപ്പയർ, ഓർഡിനറി റിപ്പയർ എന്നീ വിഭാഗത്തിൽ പാലങ്ങൾക്ക് 23.80 കോടി രൂപയുടെ ഭരണാനുമതി നോൺ പ്ലാൻ ഇനത്തിൽ നൽകിയിട്ടുണ്ട്. പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

(സി) പാലങ്ങളുടെ പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ഡി) കൊയിലാണ്ടി-എടവണ്ണ റോഡ്, അകമ്പാടം-പാതാർ റോഡ്, നിലമ്പൂർ-വാളംതോട് റോഡ്, നായാടംപൊയിൽ-വെണ്ടേക്കുംപൊയിൽ റോഡ്, മണ്ണുപ്പാടം-എരഞ്ഞിമങ്ങാട് റോഡ്, ഇരുവേറ്റി-ആമയൂർ റോഡ്, അരീക്കോട്-മഞ്ചേരി റോഡ് എന്നീ റോഡുകൾക്കാണ് നാശം സംഭവിച്ചത്. ഇവയുടെ അറ്റകുറ്റപ്പണികൾക്കായി 150 ലക്ഷം വീതം 2 ഘട്ടങ്ങളിലായി അനുവദിക്കുകയും ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഏറനാട് മണ്ഡലത്തിലെ അരിക്കോട് പാലത്തിന്റെ അനുബന്ധറോഡിനും എടവണ്ണ സീതിഹാജി പാലത്തിനുമാണ് വെള്ളപ്പൊക്കത്തിൽ അപാകത സംഭവിച്ചത്. എടവണ്ണ പാലത്തിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്ക് 4 ലക്ഷം രൂപയും അരിക്കോട് പാലത്തിനും നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പാലങ്ങൾക്കുമായി 10.75 ലക്ഷം രൂപയും താൽക്കാലികമായി അനുവദിച്ചിട്ടുണ്ട്. ശാശ്വത പരിഹാരത്തിനുവേണ്ടി ഓരോ പാലത്തിന്റെയും 250 ലക്ഷം രൂപയുടെ റീഹാബിലിറ്റേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി റീഹാബിലിറ്റേഷൻ നടത്തുവാനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## അപകടരഹിത ഇടനാഴി പദ്ധതി

4(6354) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടരഹിത ഇടനാഴി പദ്ധതിയിൽ ഏതെല്ലാം രീതിയിലുള്ള പ്രദേശങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അപകടരഹിത ഇടനാഴിയിൽ ചെങ്ങന്നൂരിനെ ഉൾപ്പെടുത്തുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ലോകബാങ്കിന്റെ പ്രോജക്ട് അപ്രെയ്സൽ ഡോക്യുമെന്റിൽ നിർദ്ദേശിച്ചപ്രകാരം കെ.എസ്.റ്റി.പി. ഫേസ് -I-ൽ പൂർത്തീകരിച്ച 80 കി.മീ. ഹൈറിസ്ക് കോറിഡോറായ കഴക്കൂട്ടം-തൈക്കോട്-കൊട്ടാരക്കര-അടൂർ റോഡ് മാതൃകാ സുരക്ഷാ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു.

(ബി) മാതൃകാ സുരക്ഷിത ഇടനാഴി പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. ഈ പദ്ധതിയിൽ ചെങ്ങന്നൂരിനെ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ അടൂർ-ചെങ്ങന്നൂർ റോഡ് ലോകബാങ്ക് സഹായത്തോടുകൂടി പുനർനിർമ്മിക്കുന്നതിന് ടെണ്ടർ ക്ഷണിക്കുകയും അതിൻപ്രകാരം 98.10 കോടി രൂപയുള്ള കരാറിൽ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്.

**പൊതുമരാമത്ത് ഉത്തരവുപ്രകാരം പെട്രോൾ പമ്പ്**

5(6355) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പെട്രോൾ പമ്പ് ആരംഭിക്കുന്നതിന് ഐ.ആർ.സി. വ്യവസ്ഥകൾ എന്നുമുതലാണ് ബാധകമാക്കിയിട്ടുള്ളത്; ഇതുസംബന്ധിച്ച് 22-10-19-ന് പൊതുമരാമത്ത് വകുപ്പ് എന്തെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) 22-10-2019-ന് മുൻപായി സംസ്ഥാനത്ത് ആരംഭിച്ച പെട്രോൾ പമ്പുകൾക്ക് ഏതെല്ലാം മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് എൻ.ഒ.സി. നൽകിയിട്ടുള്ളത്;

(സി) സംസ്ഥാനത്ത് പെട്രോൾ പമ്പുകൾ ആരംഭിക്കുന്നതിന് ഐ.ആർ.സി. വ്യവസ്ഥകൾ ബാധകമാക്കേണ്ടതില്ലെന്ന് ഹൈക്കോടതിയുടെ വിധി ഉണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) എൻ.ഒ.സി. ലഭിക്കുന്നതിന് 22-10-2019-ലെ G.O.(Ms) No. 46/2019/PWD ഉത്തരവിന് മുമ്പായി അപേക്ഷിച്ചവർക്ക് എൻ.ഒ.സി. നൽകുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) കാലങ്ങളായി പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം പെട്രോൾ പമ്പിന് എൻ.ഒ.സി. നൽകുന്നതിന് ഐ.ആർ.സി. വ്യവസ്ഥകളാണ് മാനദണ്ഡമായി സ്വീകരിച്ചുവരുന്നത്. പി.ഡബ്ല്യു.ഡി. മാന്വലിന്റെ അനുബന്ധത്തിൽ ഐ.ആർ.സി. 12-2016 ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി. 22-10-2019-ന് ജി.ഒ.(എം.എസ്.) നമ്പർ 46/2019/പി.ഡബ്ല്യു.ഡി. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ 24-7-2013-ലെ RW/NH-33023/19/99-DO-III നമ്പർ കത്ത് പ്രകാരമുള്ള വ്യവസ്ഥകളാണ് ദേശീയപാതയുടെ വശങ്ങളിലെ പമ്പുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്നത്.

(ബി) 22-10-2019-നുമുമ്പ് പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം IRC മാനദണ്ഡങ്ങൾക്ക് വിധേയമായാണ് പെട്രോൾ പമ്പുകൾക്ക് എൻ.ഒ.സി. നൽകിയിട്ടുള്ളത്.

(സി) സംസ്ഥാനത്ത് പെട്രോൾ പമ്പുകൾ ആരംഭിക്കുന്നതിന് IRC വ്യവസ്ഥകൾ ബാധകമാക്കേണ്ടതില്ലെന്ന പൊതുവായ ഒരു ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടില്ല.

(ഡി) പ്രസ്തുത സർക്കാർ ഉത്തരവ് ഇറങ്ങുന്നതിന് മുമ്പും പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം IRC മാനദണ്ഡം പാലിച്ചുവരുന്ന അപേക്ഷയിന്മേൽ മാത്രമേ NOC അനുവദിച്ച് നൽകിയിട്ടുള്ളൂ. തുടർന്നും IRC മാനദണ്ഡങ്ങൾ പാലിച്ചുവരുന്ന അപേക്ഷകളിൽ NOC അനുവദിച്ചു നൽകുന്നതാണ്.

**പ്രളയാനന്തര നിർമ്മാണ പദ്ധതികൾ**

6(6356) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് ഇതിനകം ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) പ്രളയാനന്തര നവകേരളം നിർമ്മാണം പരിസ്ഥിതി സൗഹാർദ്ദപരമായ രീതിയിൽ നടപ്പിലാക്കുവാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ തകർന്ന ദേശീയ പാതകളുടെ സ്ഥായിയായ അറ്റകുറ്റപ്പണികൾക്ക് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലെ പ്രളയം നിമിത്തം തകർന്ന കേരളത്തിലെ റോഡുകളുടെ പുനർനിർമ്മാണത്തിനായി റീബിൽഡ് കേരളാ ഇനിഷ്യേറ്റീവിന്റെ ഭാഗമായി ജർമ്മൻ/ലോകബാങ്കുകളുടെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ജർമ്മൻ ബാങ്കിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കിയ

റോഡുകളുടെ മുൻഗണനാ പട്ടകയിൽ ഉൾപ്പെട്ട പ്രഥമ പരിഗണനയർഹിക്കുന്ന ഏകദേശം 819 കി.മീ. വരുന്ന റോഡുകൾ ആദ്യഘട്ടമായി പുനർനിർമ്മിക്കുന്നതിന് 13-8-2019-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നമ്പർ 25/2019/ആ.സാ.വ. പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള റോഡുകൾ പ്രകൃതിദുരന്തത്തിൽ അതിജീവന ക്ഷമത കൈവരിക്കുന്നതിനും പരിസ്ഥിതി സൗഹാർദ്ദപരമായ നിർമ്മാണരീതികളും ഉൾപ്പെടുത്തിയതാണ്.

(സി&ഡി) 2019 ആഗസ്റ്റ് മാസത്തിൽ ദേശീയപാതയ്ക്കുണ്ടായ നാശനഷ്ടങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ഉപരിതലം പുതുക്കുന്നതിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതുകൂടാതെ 457 കോടി രൂപയുടെ പട്ടിക ആന്വൽ പ്ലാൻ 2019-20 സാമ്പത്തിക വർഷം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

**പ്രളയത്തിൽ തകർന്ന റോഡുകളുടെ നവീകരണത്തിനുള്ള നടപടികൾ**

7(6357) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിൽ ഉണ്ടായിട്ടുള്ള കനത്ത മഴയിലും പ്രളയത്തിലും തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഇതിനായി ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ 2018-19 വർഷം നോൺ പ്ലാൻ ഫണ്ടിൽനിന്നും 660 കോടി രൂപയുടെ പ്രവൃത്തികൾ പ്രളയത്തിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിരുന്നു. ഇതിൽ 445

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. 7446 കി.മീ. അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിരുന്നു. പുനരുദ്ധാരണ പ്രവൃത്തികൾക്കായി പ്ലാൻ, നോൺ പ്ലാൻ ഹെഡ്ഡിൽ മൊത്തം 1766 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 142.89 കോടി രൂപയുടെ പ്രവൃത്തികൾ 312.38 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്. ദുരന്ത നിവാരണ വകുപ്പിൽനിന്നും കഴിഞ്ഞ പ്രളയത്തെത്തുടർന്ന് 71.25 കോടി രൂപ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിരുന്നു. ഇതിൽ 60 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. NABARD ഫണ്ടിൽ ഉൾപ്പെടുത്തി 53 പ്രവൃത്തികൾക്ക് 350.49 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചു. ഈ പ്രവൃത്തികൾ ടെൻഡർ ചെയ്ത് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. 2019-20 വർഷം നോൺപ്ലാൻ ഫണ്ടിൽനിന്നും 305 കോടി രൂപയുടെ പ്രവൃത്തികൾക്കും പ്ലാൻ ഫണ്ടിൽ 436.67 കോടി രൂപയുടെ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ എല്ലാംതന്നെ ടെൻഡർ ചെയ്ത് നടപ്പിലാക്കിവരുന്നു.

2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലെ പ്രളയം നിമിത്തം തകർന്ന കേരളത്തിലെ റോഡുകളുടെ പുനർനിർമ്മാണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ജർമ്മൻ/ലോകബാങ്കുകളുടെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. കേരള പുനർനിർമ്മാണത്തിനായി ജർമ്മൻ വികസന ബാങ്കിന്റെ 1400 കോടി രൂപയുടെ (Euro 170 million) ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി 6-11-2019-ൽ കേരള സർക്കാരും ജർമ്മൻ ബാങ്കും തമ്മിൽ എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. പൊതുമരാമത്ത് നിരത്ത് വിഭാഗം, പ്രളയം നിമിത്തം തകർന്നതായി വിലയിരുത്തി തയ്യാറാക്കിയ 59 റോഡുകളുടെ പട്ടികയിൽനിന്നും M/s. L&T Infrastructure Engineering Ltd മുഖേന ജർമ്മൻ ബാങ്കിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കിയ റോഡുകളുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട പ്രഥമ പരിഗണനയർഹിക്കുന്ന ഏകദേശം 819 കി.മീ. വരുന്ന റോഡുകൾ ആദ്യഘട്ടമായി പുനർനിർമ്മിക്കുന്നതിന് 13-8-2019-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ)നമ്പർ 25/2019/ആ.സാ.വ. പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള റോഡുകൾ, പ്രകൃതി ദുരന്തത്തിൽ അതിജീവനക്ഷമത കൈവരിക്കുന്നതിനാവശ്യമായ സാങ്കേതിക ശിപാർശകൾ അടങ്ങിയ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റുമായി 2019 ഒക്ടോബറിൽ കരാർ ഒപ്പുവച്ചു. കൂടാതെ കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പ്രളയത്തിൽ തകർന്ന ഇടുക്കി ജില്ലയിലെ ചെമ്മണ്ണാർ ഗ്യാപ്പ് റോഡും പൈനാവ്-താന്നിക്കണ്ടം-അശോകകവല റോഡും അടൂർ-ചെങ്ങന്നൂർ

റോഡും 307.96 കോടി രൂപ ഉപയോഗപ്പെടുത്തി പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2019-ൽ സംസ്ഥാനത്ത് പ്രളയത്തിൽ തകരാറുപറ്റിയ കെ.എസ്.ടി.പി. റോഡുകളുടെ അറ്റകുറ്റപ്പണിക്കായി 35.78 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ 2.63 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കെ.ആർ.എഫ്.ബി.-യുടെ കീഴിൽ 2018-ലെ പ്രളയത്തിൽ ശംഖുംമുഖം ബീച്ച് റോഡിൽ 300 മീറ്റർ ഭാഗികമായി തകർന്നിരുന്നു. ഇതിന്റെ പുനരുദ്ധാരണത്തിന് പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി സാധ്യതാപഠനം നടത്തുന്നതിനായി CRRI (Central Road Research Institute)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിനുകീഴിൽ 2018 ആഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ഇടുക്കി, വയനാട്, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിൽ കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ യുദ്ധകാലാടിസ്ഥാനത്തിൽ റോഡ് ഗതാഗതയോഗ്യമായി നിലനിർത്തുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ ഓർഡിനറി റിപ്പയറിൽ നടപ്പിലാക്കിയിരുന്നു. റോഡുകളിൽ കാര്യമായ നാശം സംഭവിക്കുകയും സംരക്ഷണ ഭിത്തികൾ തകർന്ന ഭാഗങ്ങളിലെയും താൽക്കാലിക പരിഹാരത്തിനായി കേന്ദ്ര മന്ത്രാലയം ഫ്ലഡ് ഡാമേജ് റിപ്പയറിൽ അനുവദിച്ച 32.09 കോടി രൂപയിൽ ഓരോ ദേശീയപാത ഡിവിഷനുകളിലും അത്യാവശ്യമായ പദ്ധതികൾ അനുമതി നൽകി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ സ്ഥായിയായ റിപ്പയറിനുവേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അനുമതി ലഭിച്ചമുറയ്ക്ക് നടപ്പിലാക്കിവരുന്നു. ഇവ പൂർത്തിയാക്കുന്നതിന് 12 മുതൽ 18 മാസം വരെ കാലാവധി എടുക്കുന്നതാണ്. കൂടാതെ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 56 പദ്ധതികൾക്ക് (റോഡ് -54 എണ്ണം, പാലങ്ങൾ - 2 എണ്ണം) 801 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പുരോഗമിച്ചുവരുന്നു. ദേശീയപാത 766-ലെ താമരശ്ശേരി ചുരത്തിലുണ്ടായ മണ്ണിടിച്ചിലിൽ തകർന്ന സംരക്ഷണ ഭിത്തി 1.86 കോടി രൂപയിൽ സർക്കാർ പുനർനിർമ്മിക്കുകയുണ്ടായി. 2019-ലെ പ്രളയനാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി 20.52 കോടി രൂപ ഓർഡിനറി റിപ്പയറിലും 5 കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പയറിലും കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്. റോഡുകളുടെ ഉപരിതലം പുതുക്കലിന് വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ആയതിന്റെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതുകൂടാതെ 457 കോടി രൂപയുടെ പട്ടിക ആന്വൽ പ്ലാൻ 2019-20 സാമ്പത്തിക വർഷം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

## എസ്റ്റിമേറ്റ് തയ്യാറാക്കുന്ന രീതിയിലെ മാറ്റം

8(6358) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരമുള്ള പുതിയ നിർമ്മാണങ്ങൾക്ക് ആധുനിക നിർമ്മാണ സങ്കേതങ്ങൾ ഉപയോഗിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഇതിനായി നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നിലവിലെ രീതിയിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ & ബി) പൊതുമരാമത്ത് നിരത്തു വിഭാഗത്തിനുകീഴിൽ ദീർഘകാലം ഈടുനിൽക്കുന്ന രീതിയിലുള്ള ബി.എം. & ബി.സി. റോഡുകൾ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നുണ്ട്. 15 മുതൽ 20 വർഷം വരെ ഈടുനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് അനുയോജ്യമായ സ്ഥലങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമെന്റും പ്രത്യേകതരം പൾവറൈസും ചേർത്ത് കുഴച്ച് ടി ഭാഗത്ത് തന്നെ ഇടുകയും ചെയ്യുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തിട്ടുണ്ട്. സ്വാഭാവിക റബ്ബർ, കയർ-ജിയോ ടെക്സ്റ്റൈൽസ്, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിവരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നസമയത്ത് സൈറ്റ് കണ്ടീഷനും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് മേൽപ്പറഞ്ഞ രീതിയിലുള്ള നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്.

ദേശീയപാത വിഭാഗത്തിനുകീഴിൽ ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ദേശീയപാതകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിക്കുന്നുണ്ട്.

ഈ സാങ്കേതികവിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾതന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമെന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്. ദേശീയപാത വിഭാഗത്തിന്റെ കീഴിൽ ആലപ്പുഴ ജില്ലയിൽ ഒരു സി.ആർ.എഫ്. പദ്ധതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ദേശീയ നിലവാരം പുലർത്തുന്നതി ലേയ്ക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് ദേശീയപാതകളുടെ നിർമ്മാണത്തിനും പരിപാലനത്തിനും വേണ്ടിയുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്.

**സർക്കാരിന്റെ പൊതുമരാമത്ത് നയം**

9(6359) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പൊതുമരാമത്ത് നയം സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുന്നതിന് ആദ്യമായാണോ പൊതുമരാമത്ത് വകുപ്പിനായി ഒരു നയം സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ പൊതുമരാമത്ത് നയത്തിന്റെ അടിസ്ഥാനത്തിൽ അന്തർദ്ദേശീയ നിലവാരമുള്ള നിർമ്മിതികൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ? വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് റോഡുകളിലെ അറ്റകുറ്റപ്പണികൾ കാര്യക്ഷമമായി നടപ്പാക്കുന്ന എന്നുറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ചുള്ള പരാതികൾ അറിയിക്കുന്നതിനും ആയത് പരിഹരിക്കുന്നതിനുമുള്ള സംവിധാനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ആദ്യമായാണ് പൊതുമരാമത്ത് വകുപ്പിനുമാത്രമായി ഒരു നയം സർക്കാർ പ്രഖ്യാപിക്കുന്നത്. സ.ഉ.(കൈ) നമ്പർ 41/2018/പൊ.മ.വ. തീയതി 16-11-2018 പ്രകാരം പുതിയ കാലം പുതിയ നിർമ്മാണം എന്ന ആപ്ത

വാകൃത്തിലൂന്നി കാലത്തിനനുസരിച്ചുള്ള സാങ്കേതിക വിദ്യകളും നിർമ്മിതികളും പരിസ്ഥിതി സൗഹൃദ, അപകടരഹിത, സുരക്ഷിത നിർമ്മാണ രീതി ഉൾക്കൊള്ളുന്നതും വകുപ്പിന്റെ കാര്യക്ഷമത, ഗുണമേന്മ, സുതാര്യത, അഴിമതി ഇല്ലായ്മ, ആധുനികത എന്നിവ ഉറപ്പാക്കുന്നതിനും വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും പുന:സംഘടിപ്പിക്കുന്നതിനും വേണ്ടിയാണ് കേരള സംസ്ഥാന പൊതുമരാമത്ത് നയം 2018- പുതിയ കാലം പുതിയ നിർമ്മാണം നിലവിൽ വന്നത്.

(ബി) പുതിയ കാലം പുതിയ നിർമ്മാണം നയത്തിന്റെ ഭാഗമായുള്ള പ്രവർത്തനത്തിൽ പൊതുമരാമത്ത് വകുപ്പിൽ കാര്യക്ഷമത, ഗുണമേന്മ, സുതാര്യത, അഴിമതിയില്ലായ്മ, ആധുനികത എന്നിവ ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യയുപയോഗിച്ച് ദീർഘകാലം ഈടുനിൽക്കുന്ന റോഡ് നിർമ്മാണ രീതികൾ വകുപ്പിൽ അവലംബിച്ച് വരുന്നു. ആയതുവഴി വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ കാര്യമായ മാറ്റവും ഗുണനിലവാരവും ഉറപ്പാക്കാൻ സഹായിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി ക്വാളിറ്റി കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ റോഡ് പുനർനിർമ്മാണത്തിൽ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. സ്വാഭാവിക റബ്ബർ, ജിയോ ടെക്സ്റ്റൈൽസ് എന്നിവ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ നിർമ്മാണ പ്രവൃത്തികൾ വകുപ്പിൽ നടപ്പാക്കുന്നുണ്ട്. ആധുനിക നിർമ്മാണ രീതിയിൽ പ്രാപ്തരാക്കുന്നതിനായി ഉദ്യോഗസ്ഥർക്കാവശ്യമായ ശില്പശാലകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്.

(സി) അറ്റകുറ്റപ്പണികൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലകളിലേയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പ് റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച പരാതികൾ നേരിട്ട് അറിയിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ പ്രത്യേക സെൽ രാവിലെ 9 മണി മുതൽ വൈകിട്ട് 7 മണി വരെ പ്രവർത്തിക്കുന്നുണ്ട്. 1800425 7771 എന്ന ടോൾഫ്രീ നമ്പരിൽ വിളിച്ചാണ് പരാതികൾ അറിയിക്കേണ്ടത്. പ്രസ്തുത പരാതികൾ അതാത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ അറിയിക്കുകയും പരിഹരിക്കുകയും ചെയ്തുവരുന്നു.

**പൈതൃക തനിമയിൽ സെക്രട്ടേറിയറ്റ് മന്ദിരം**

10(6360) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിന്റെ പ്രധാന മന്ദിരം പൈതൃക തനിമ നിലനിർത്തി പുനരുദ്ധീകരിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഏജൻസിയെയാണ് പ്രസ്തുത നിർമ്മാണ ചുമതല ഏല്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന് പൈതൃക നിർമ്മാണ ജോലികളിൽ പ്രാവീണ്യമുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ നിർമ്മാണ പ്രവർത്തനങ്ങളുടെ മൊത്തം അടങ്കൽ തുക എത്രയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ- ഡി) സെക്രട്ടേറിയറ്റിന്റെ പ്രധാന മന്ദിരം പൈതൃക തനിമ നിലനിർത്തി പുനരുദ്ധരിക്കുവാൻ നിലവിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിന് കീഴിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

**ടെൻഡർ നടപടികളിലെ സുതാര്യത**

11(6361) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ ടെണ്ടർ നടപടികളിൽ സുതാര്യത ഉറപ്പുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിൽ 5 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികളുടെ ടെണ്ടർ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചും 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികളും ഇ-ടെണ്ടർ മുഖേനയാണ് നടപ്പിലാക്കുന്നത്. 5 കോടി രൂപയ്ക്ക് താഴെയും അഞ്ചുകോടിക്ക് മുകളിലുള്ള പ്രവൃത്തികൾക്കുമായി വെവ്വേറെ സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റുകൾ തയ്യാറാക്കി അതിൻപ്രകാരമാണ് ടെണ്ടറുകൾ നടത്തുന്നത്. ടെണ്ടർ സംബന്ധിച്ചുള്ള ദർഘാസുകൾ ദിനപ്പത്രങ്ങളിൽ നൽകുകയും വകുപ്പിന്റെ ഒഫീഷ്യൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

**അങ്കമാലി മിനി സിവിൽ സ്റ്റേഷനിലെ ലിഫ്റ്റ് നിർമ്മാണം**

12(6362) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി മിനി സിവിൽ സ്റ്റേഷനിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനും ട്രാൻസ്ഫോമർ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതിലേക്കുമായി എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി കിട്ടിയിട്ട് ഇപ്പോൾ എത്ര മാസം പിന്നിട്ടുവെന്നും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; ടി പ്രവൃത്തി പൂർത്തീകരിക്കാൻ നിലവിലുള്ള തടസ്സങ്ങൾ എന്താണെന്നും വിശദമാക്കാമോ;

(സി) ഭരണാനുമതി നൽകിക്കഴിഞ്ഞ പ്രവൃത്തികൾ വകുപ്പിലെ ചുമതലക്കാർ പ്രതിമാസ അവലോകന യോഗം ചേരുമ്പോൾ ചർച്ച ചെയ്യാറുണ്ടോ; വീഴ്ചകൾ പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി അനന്തമായി നീളുന്നതിന്റെ കാരണം എന്താണെന്ന് ഏതെങ്കിലും ഘട്ടത്തിൽ ഉന്നത ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വിഷയത്തിൽ ഉദ്യോഗസ്ഥർ കൈക്കൊണ്ട നടപടി എന്താണെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) അങ്കമാലി സിവിൽ സ്റ്റേഷന്റെ ആദ്യഘട്ടമായി മൂന്ന് നിലകളുടെ പ്രവൃത്തി വൈദ്യുതീകരണം അടക്കം പൂർത്തിയാക്കിയതും ഇപ്പോൾ ഉപയോഗിച്ചു വരുന്നതും ആകുന്നു. നാലും അഞ്ചും നിലകളുടെ സിവിൽ വർക്കിനും വൈദ്യുതീകരണ പ്രവൃത്തികൾക്കുമായി (രണ്ടാം ഘട്ടം) 600 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് 26-11-2012-ൽ ലഭ്യമായത്. ഈ ഭരണാനുമതിയിൽ ഉൾപ്പെടുത്തിയാണ് ട്രാൻസ്ഫോർമറും ലിഫ്റ്റും സ്ഥാപിക്കുന്ന പ്രവൃത്തി ക്രമീകരിച്ചിട്ടുള്ളത്. ഇതിൽ വൈദ്യുതീകരണത്തിന് 50,07,225.72 രൂപയും ലിഫ്റ്റിന് 61,25,000 രൂപയും ഫയർഫൈറ്റിംഗിന് 5,76,6713 രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) ഭരണാനുമതി കിട്ടിയിട്ട് 83 മാസം പിന്നിട്ടു. വൈദ്യുതീകരണം, ലിഫ്റ്റ്, ഫയർ സംവിധാനം എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് 23-5-2015-ന് സാങ്കേതികാനുമതി നൽകുകയും ടെൻഡറുകൾ ക്ഷണിക്കുകയും ചെയ്തു. ഇതനുസരിച്ച് പ്രസ്തുത പ്രവൃത്തി മൂന്ന് തവണ ടെൻഡർ ക്ഷണിച്ച ശേഷമാണ് കരാർ ഉറപ്പിക്കുവാൻ സാധിച്ചത്. മൂന്നാമത്തെ ടെണ്ടറിൽ കരാറുകാരനെ തെരഞ്ഞെടുക്കുകയും 2016 മേയ് മാസം ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തു. ഇപ്രകാരം ലിഫ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തി രണ്ടു തവണ ടെണ്ടർ ക്ഷണിച്ചശേഷം 27-1-2016-ന് ഉത്തരവ് നൽകുകയും 10-2-2016-ന് ഉടമ്പടി വയ്ക്കുകയും ചെയ്തു. ഫയർഫൈറ്റിംഗ് സംവിധാനത്തിന്റെ പ്രവൃത്തിയും മൂന്ന് തവണ ടെണ്ടർ ക്ഷണിക്കുകയും മൂന്നാമത്തെ ടെണ്ടറിനുശേഷം 27-2-2016-ൽ ഉടമ്പടി വയ്ക്കുകയും ചെയ്തു. ഇതിൽ വൈദ്യുതീകരണ പ്രവൃത്തികൾ 30-7-2019-ലും ലിഫ്റ്റിന്റെ പ്രവൃത്തി 25-9-2018-ലും ഫയർ സംവിധാനം 30-9-2018-ലും പൂർത്തിയാക്കിയിട്ടുണ്ട്. സിവിൽ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തതിനാലും വൈദ്യുതീകരണ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ യഥാസമയം പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തുന്നതിനാലുമാണ് പ്രവൃത്തിയുടെ പൂർത്തീകരണം വൈകിയത്. ഉടമ്പടി അനുസരിച്ചുള്ള പിഴ കരാറുകാരനിൽനിന്നും ഈടാക്കിയിട്ടുമുണ്ട്.

(സി) ചർച്ച ചെയ്യാറുണ്ട്. അപ്പപ്പോൾ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാറുണ്ട്. മറ്റ് വകുപ്പുകളിൽനിന്നും അനുമതി ലഭിക്കുവാനുള്ള കാലതാമസം മാത്രമാണ് ഉണ്ടായിരുന്നത്.

(ഡി) പരിശോധിച്ചിട്ടുണ്ട്. വൈദ്യുതീകരണ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഉണ്ടായ കാലതാമസം പരിഹരിക്കാൻ കരാറുകാരന് യഥാസമയം നോട്ടീസ് നൽകുകയും ആവശ്യമായ പിഴ ഈടാക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) വൈദ്യുതീകരണം, ലിഫ്റ്റ്, ഫയർ ഫൈറ്റിംഗ് സംവിധാനം എന്നിവ സ്ഥാപിക്കൽ തുടങ്ങി എല്ലാ പ്രവൃത്തികളും 30-7-2019-ൽ പൂർത്തിയാക്കിയിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ നിന്നുമുള്ള അനുമതി മാത്രമാണ് ലഭിക്കാനുള്ളത്. ഇവ പൊതുമരാമത്ത് വകുപ്പ് മാത്രമല്ല വൈദ്യുതി കണക്ഷന് ആവശ്യമായ ഉടമ്പടി വയ്ക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ നിർവ്വഹിക്കുന്ന മാതൃ വകുപ്പുകൂടി മുൻകയ്യെടുത്ത് നടപടികൾ സ്വീകരിച്ചാൽ മാത്രമേ യാഥാർത്ഥ്യമാവുകയുള്ളൂ.

## റസ്റ്റ് ഹൗസുകളുടെ നിലവാരം

13(6363) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. എം. മുകേഷ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ്ഹൗസുകളുടെ നിലവാരം ഉയർത്തുന്നതിനും സ്വകാര്യവ്യക്തികൾ കൈവശം വച്ചിരുന്നവയും പാട്ടത്തിന് നൽകിയിരുന്നവയും സർക്കാരിലേയ്ക്ക് തിരിച്ചുപിടിക്കുന്നതിനും നടത്തിയ പ്രവർത്തനത്തിന്റെ ഫലം അറിയിക്കുമോ;

(ബി) ഈ കാലയളവിൽ റസ്റ്റ്ഹൗസുകളുടെ അറ്റകുറ്റപ്പണികൾക്കും വിവിധ നിർമ്മാണ പ്രവൃത്തികൾക്കും മാതൃകാ റസ്റ്റ്ഹൗസുകളായി ഉയർത്തുന്നതിനും ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിലുള്ള എല്ലാ റസ്റ്റ്ഹൗസുകളും പ്രവർത്തനക്ഷമമാണോ; പ്രവർത്തനം നിലച്ചിട്ടുള്ളവ ഏതെല്ലാമാണ്; അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ദൈനംദിന ചെലവുകൾക്കും ജീവനക്കാരുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും നൽകുന്നതിനും ആവശ്യമായ വരുമാനം ലഭിക്കുന്ന റസ്റ്റ് ഹൗസുകൾ ഏതെല്ലാമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഇ) സർക്കാരിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സേവനങ്ങൾ നൽകുന്ന റസ്റ്റ് ഹൗസുകളും സാമ്പത്തികഭദ്രത ഉറപ്പുവരുത്തുന്നവയും നിലനിർത്തികൊണ്ട് മറ്റുള്ളവ സർക്കാരിന്റെ അംഗീകാരമുള്ള ഏജൻസികൾ, സഹകരണസ്ഥാപനങ്ങൾ, കുടുംബശ്രീകൾ എന്നിവരെ കരാറടിസ്ഥാനത്തിൽ നടത്തിപ്പു ചുമതലയേൽപ്പിക്കുന്നത് ഗുണകരമാകുമോ; അതുസംബന്ധിച്ച ആലോചനകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകളുടെ നിലവാരം ഉയർത്തുന്നതുവഴി വരുമാനത്തിൽ 68.6 ശതമാനം വരെ വർദ്ധനവുണ്ടായിട്ടുണ്ട്.

2002-ൽ മലയാളം ഇൻഡസ്ട്രീസ് ലിമിറ്റഡ് പാട്ടവ്യവസ്ഥയിൽ വിട്ടുനൽകിയ മൂന്നാർ റസ്റ്റ് ഹൗസും ഭൂമിയും ബന്ധപ്പെട്ട് ഹൈക്കോടതി ആർബിട്രേഷൻ അപ്പീൽ 66/2014-ലെ 11-12-2018-ലെ ഉത്തരവ് പ്രകാരം 27-12-2018-ൽ തിരികെ ഏറ്റെടുത്തിട്ടുള്ളതാകുന്നു. മൂന്നാർ റസ്റ്റ് ഹൗസ് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഇടുക്കിയുടെ നിയന്ത്രണത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

ആലുവ റസ്റ്റ് ഹൗസ് തിരികെ പിടിക്കാൻ ശ്രമം നടത്തിവരികയും റസ്റ്റ് ഹൗസിന്റെ പ്രവർത്തനം കോടതി നിർദ്ദേശപ്രകാരം പാട്ടവ്യവസ്ഥയിൽതന്നെ തുടരുകയാണ്.

വൈക്കം പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് 3-1-2003-ൽ ശ്രീ. എം. എൻ. സതീഷ് എന്ന വ്യക്തിക്ക് ലീസിന് നൽകുകയും കരാർ വ്യവസ്ഥകൾ ലംഘിച്ചതിനെത്തുടർന്ന് 5-6-2007-ൽ ടി വ്യക്തിക്ക് നോട്ടീസ് നൽകുകയും 6-9-2008-ൽ ടി റസ്റ്റ് ഹൗസ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ ടിയാൻ ഫയൽ ചെയ്ത ആർബിട്രേഷൻ കേസ് 39/2013-ന് 7-12-2015-ൽ വിധി വരികയും ആയത് പ്രകാരം പൊതുമരാമത്ത് കരാർ പ്രകാരം കുടിശ്ശിക തുകയും പലിശയും ചേർന്ന തുക നൽകുവാൻ ഉത്തരവ് ആകുകയും ചെയ്തു. നിലവിൽ ടി റസ്റ്റ് ഹൗസ് ക്യാന്റീൻ സൗകര്യത്തോടുകൂടി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കോട്ടയത്തിന്റെ നിയന്ത്രണത്തിലാണ്.

(ബി) റസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണികൾക്കും വിവിധ നിർമ്മാണ

പ്രവൃത്തികൾക്കും മാതൃക റസ്റ്റ് ഹൗസുകളായി ഉയർത്തുന്നതിനും ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | തിരുവനന്തപുരം | Rs. 2,35,25,950 |
| 2 | കൊല്ലം | Rs.5,18,27,923 |
| 3 | പത്തനംതിട്ട | Rs.1,05,96,191 |
| 4 | ആലപ്പുഴ | Rs.1,67,84,487 |
| 5 | കോട്ടയം | Rs.4,79,97,370 |
| 6 | എറണാകുളം | Rs.38,92,701 |
| 7 | തൃശ്ശൂർ | Rs.1,80,44,225 |
| 8 | പാലക്കാട് | Rs.1,95,23,798 |
| 9 | ഇടുക്കി | Rs.70,00,163 |
| 10 | വയനാട് | Rs.1,82,40,008 |
| 11 | കോഴിക്കോട് | Rs.26,81,133 |
| 12 | മലപ്പുറം | Rs.98,74,711 |
| 13 | കണ്ണൂർ | Rs.35,00,000 |
| 14 | കാസർഗോഡ് | Rs.66,20,774 |
| | ആകെ തുക | Rs.24,01,09,434 |

(സി)

1. പുതുതായി പണികഴിപ്പിച്ച പേരാവൂർ റസ്റ്റ് ഹൗസ്, കണ്ണൂർ എന്നിവിടങ്ങളിൽ ആവശ്യമായ തസ്തിക അനുവദിക്കുന്ന വിഷയമുള്ളതിനാൽ പ്രവർത്തനം സാധിച്ചിട്ടില്ല.

2. പാമ്പാടി റസ്റ്റ് ഹൗസ് കോട്ടയം - പൊതുമരാമത്ത് വകുപ്പ് റോഡ്സ് സെക്ഷൻ ആഫീസായി പ്രവർത്തിക്കുന്നു.

3. കുട്ടിക്കാനം റസ്റ്റ് ഹൗസ് ഇടുക്കി - IHRD College of Applied Science, ലീസിന് നൽകിയിരിക്കുന്നു.

4. കുമ്പള റസ്റ്റ് ഹൗസ് നിലവിലുള്ള കെട്ടിടം ഉപയോഗപ്രദമല്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്നില്ല. പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

5. ബദിയടുക്ക റസ്റ്റ് ഹൗസ് - നിലവിൽ പ്രവർത്തിക്കുന്നില്ല. പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

6. കാലിക്കടവ് റസ്റ്റ് ഹൗസ് - അംഗീകൃത തസ്തിക ഇല്ലാത്തതിനാലും നിലവിലുള്ള കുക്ക്-കം-വാച്ച്മാൻ സസ്പെൻഷനിലുമായതിനാൽ പ്രവർത്തനക്ഷമമല്ല. മറ്റുള്ള റസ്റ്റ് ഹൗസുകളെല്ലാം തന്നെ പ്രവർത്തനക്ഷമമാണ്.

(ഡി) റസ്റ്റ് ഹൗസിന്റെ ദൈനംദിന ചെലവുകളും ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് റസ്റ്റ് ഹൗസുകളുടെ വരുമാനത്തിൽ നിന്നല്ല എന്നതിനാൽ അത്തരത്തിലുള്ള വിലയിരുത്തൽ നടത്തിയിട്ടില്ല.

(ഇ) മുൻകാലങ്ങളിൽ ക്യാന്റീൻ നടത്തിപ്പിനായി കുടുംബശ്രീയെ ഏൽപ്പിച്ച സമയത്ത് നിരവധി പരാതികൾ ലഭ്യമായതിനാൽ കുടുംബശ്രീയുമായുള്ള MOU പുതുക്കി നൽകിയിട്ടില്ല. ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയെ റസ്റ്റ് ഹൗസിന്റെ നടത്തിപ്പ് ചുമതലയേൽപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

**കിഫ്ബിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന്റെ മാനദണ്ഡം**

14(6364) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുന്നതിന് കിഫ്ബിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് റോഡുകൾക്കുണ്ടായിരിക്കേണ്ട നീളം, വീതി എന്നിവ സംബന്ധിച്ച് കിഫ്ബി നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങളും മറ്റ് വ്യവസ്ഥകളും എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) റോഡുകളുടെ വീതി സംബന്ധിച്ച് കിഫ്ബി നിർദ്ദേശിക്കുന്ന കർശനമായ വ്യവസ്ഥകൾമൂലം ജനസാന്ദ്രമായ കേരളത്തിലെ ഗ്രാമീണ മേഖലയിലെ റോഡുകൾക്ക് കിഫ്ബി സഹായം ലഭിക്കാത്ത സാഹചര്യം നിലനില്ക്കുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ കിഫ്ബി

സഹായം ലഭിക്കാൻ സാധ്യതയില്ലാത്ത ഗ്രാമീണ മേഖലകളിലെ പി.ഡബ്ല്യൂ.ഡി. റോഡുകൾ ആധുനിക രീതിയിൽ നവീകരിക്കാൻ അടിയന്തരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുന്നതിന് കിഫ്ബിയിൽനിന്ന് ധനസഹായം ലഭിക്കുന്നതിന് ഓരോ വിഭാഗം റോഡിനും വേണ്ട വീതി കിഫ്ബി നിശ്ചയിച്ചിട്ടുണ്ട്. അതിൽ വാഹന സാന്ദ്രത കൂടിയ റോഡുകളുടെ കുറഞ്ഞവീതി 10 മീറ്റർ ആണ്. സംസ്ഥാനപാത, മലയോര ഹൈവേ, തീരദേശ ഹൈവേ, മറ്റ് റോഡുകൾ എന്നീ വിഭാഗത്തിൽപ്പെട്ടത് എന്നതനുസരിച്ചും അവയുടെ വാഹനസാന്ദ്രത കണക്കിലെടുത്തും അധികവീതിയും നിഷ്കർഷിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കിഫ്ബി 20-11-2018-ന് പുറത്തിറക്കിയ മാനദണ്ഡങ്ങളും മറ്റ് വ്യവസ്ഥകളും നിർദ്ദേശിക്കുന്ന മാന്വലിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) വീതി കുറവുള്ള പദ്ധതികളിൽ കിഫ്ബി നിഷ്കർഷിക്കുന്ന വീതി ലഭ്യമാകുന്നതിന് ഫ്രീസറണ്ടർ വഴിയോ ഏറ്റെടുക്കുന്നതിലൂടെയോ സ്ഥലം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ കൂടി ഉൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. നിലവിൽ കിഫ്ബി നിർദ്ദേശിക്കുന്ന കുറഞ്ഞ വീതി ലഭ്യമായാൽ മാത്രമേ കിഫ്ബിയിൽ ഉൾപ്പെടുത്തി പദ്ധതികൾക്ക് സാമ്പത്തികാംഗീകാരം ലഭ്യമാകുകയുള്ളൂ. കിഫ്ബി സഹായം ലഭിക്കാൻ സാധ്യതയില്ലാത്ത ഗ്രാമീണ മേഖലയിലെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ നവീകരിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കാറുണ്ട്.

**കെ.എസ്.റ്റി.പി. റോഡ് നിർമ്മാണ പ്രവൃത്തികൾ**

15(6365) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.റ്റി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകളുടെ നിർമ്മാണത്തിനാണ് അനുമതി നൽകിയതെന്ന് അറിയിക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിനായി ഇതിനകം എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കെ.എസ്.റ്റി.പി. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികൾക്കുംകൂടി 13-2-2013-ലെ സ.ഉ. (കൈ) നമ്പർ 16/2013/പൊ.മ.വ. പ്രകാരം 2403 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കെ.എസ്.ടി.പി. പ്രവൃത്തികൾ നീണ്ടുപോകാതെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഏതെങ്കിലും കാരണത്താൽ നീണ്ടു പോകുകയാണെങ്കിൽ ലോകബാങ്ക് പ്രതിനിധികൾ, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റിയറിംഗ് കമ്മിറ്റി എന്നിവരുടെ അംഗീകാരത്തോടെ മാത്രമേ സമയം നീട്ടി നൽകാറുള്ളൂ. കരാറുകാരന്റെ ഭാഗത്തുനിന്നുള്ള കാരണത്താലാണ് ഈ കാലതാമസമെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം പിഴ ഈടാക്കുകയോ, കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതാണ്.

**കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട്**

16(6366) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ഉബൈദുള്ള :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി റോഡുകളിൽ കാൽനട യാത്രക്കാർക്കും, സൈക്കിൾ യാത്രികർക്കും സുരക്ഷിതമായ പാത ഒരുക്കുന്നതിന് കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പകരം

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിയമനിർമ്മാണം നടത്താൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എൻ.എച്ച്, പി.ഡബ്ല്യൂ.ഡി റോഡുകളിൽ നിലവിലുള്ള സ്ഥലം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കാൽനട യാത്രക്കാർക്കും സൈക്കിൾ യാത്രക്കാർക്കും സുരക്ഷിതപാത ഒരുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് 1999 അധ്യായം 3, സെക്ഷൻ 7 പ്രകാരം നിലവിലുണ്ട്. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിലുള്ള റോഡുകളിൽ കാൽനട യാത്രക്കാർക്കും സൈക്കിൾ യാത്രികർക്കും സുരക്ഷിതമായ പാതയൊരുക്കുന്നതിനുള്ള നടപടികൾ സ്ഥല ലഭ്യതയും ഫണ്ട് ലഭ്യതയും അനുസരിച്ച് നടപ്പിലാക്കിവരുന്നു.

ദേശീയപാതയോരത്ത് കാൽനടയാത്രക്കാർക്കും സൈക്കിൾ യാത്രക്കാർക്കും സുരക്ഷിത യാത്ര ഒരുക്കുന്നതിന് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് നിലവിലുണ്ട്. ഈ ആക്ട് പ്രകാരം നിലവിലെ അഡ്മിനിസ്ട്രേറ്റർ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ റീജിയണൽ ഓഫീസറാണ്. കേരള സർക്കാരിന്റെ പുതിയ പദ്ധതിയായ തീരദേശ ഹൈവേയുടെ നിർമ്മാണത്തിൽ രണ്ട് മീറ്റർ വീതിയിൽ സൈക്കിളുകൾക്കായി പ്രത്യേകം ട്രാക്ക് നിർമ്മിക്കുന്നുണ്ട്.

(ബി) സർക്കാർ ഉത്തരവ് (കൈ) നമ്പർ 63/16 പൊ.മ.വ. തീയതി 3-9-2016 പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനായി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് സാധ്യമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ സംരക്ഷണത്തിനും നിരീക്ഷണത്തിനുമായി അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ടി ആക്ട് പ്രകാരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള അധികാരം മേൽപ്പറഞ്ഞ ഉദ്യാഗസ്ഥരിൽ നിക്ഷിപ്തമാണ്. ഉത്തരവ് കർശനമായി പാലിക്കുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 8-2-2017-ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെയും ഗതാഗത വകുപ്പുമന്ത്രിയുടെയും അദ്ധ്യക്ഷതയിൽ എല്ലാ ജില്ലാ കളക്ടർമാരുടെയും ജില്ലാതല ഉദ്യോഗസ്ഥന്മാരുമായും നടത്തിയ വീഡിയോ കോൺഫറൻസിൽ ഇത്തരം കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിന് പൊതുമരാമത്ത്, പോലീസ്, റവന്യൂ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളുടെ വശങ്ങളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് അതാത് പ്രദേശത്തെ ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാർക്ക് അധികാരമുണ്ട്. അനധികൃത കയ്യേറ്റങ്ങൾ ഉള്ളതിൽ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ഉപയോഗിച്ച് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ട്.

## ഹിൽ ഹൈവേയുടെ നിർമ്മാണ പുരോഗതി

17(6367) <u>ശ്രീ. പുരുഷൻ കടലുണ്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാനസൗകര്യവികസനത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന ഹിൽ ഹൈവേയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏതൊക്കെ ജില്ലകളിൽ എത്ര കിലോമീറ്റർ ദൂരത്തിലാണ് ഇപ്പോൾ ഹിൽ ഹൈവേ പൂർത്തീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) കോഴിക്കോട് ജില്ലയിൽ എത്ര കിലോമീറ്റർ ദൂരത്തിൽ ഏതൊക്കെ നിയോജകമണ്ഡലങ്ങളിലൂടെയാണ് ഹിൽ ഹൈവേ കടന്നുപോകുന്നതെന്നും എത്ര കിലോമീറ്റർ ദൂരത്തിലാണെന്നും വെളിപ്പെടുത്താമോ;

(ഡി) ബാലുശ്ശേരി മണ്ഡലത്തിൽ പന്ത്രണ്ട് മീറ്റർ വീതി ലഭ്യമായ എത്ര കിലോമീറ്റർ ദൂരമാണ് നിലവിലുള്ളത്;

(ഇ) നിലവിൽ അഞ്ചുകിലോമീറ്റർ ദൂരത്തിൽ പന്ത്രണ്ട് മീറ്റർ ലഭ്യമാണെങ്കിൽ ടെണ്ടർ നടപടി ആരംഭിച്ച് പ്രവൃത്തി തുടങ്ങാമെന്നിരിക്കെ ബാലുശ്ശേരി മണ്ഡലത്തിൽ സ്ഥലം ലഭ്യമായ പ്രദേശങ്ങളിലെ ഡി.പി.ആർ. സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251.04 കി.മീ. നീളത്തിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 10-7-2017-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 942/2017/പി.ഡബ്ല്യു.ഡി. പ്രകാരം മലയോര ഹൈവേ നിർമ്മാണത്തിനായി 3,500 കോടി രൂപ അനുവദിച്ച് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 12 മീറ്റർ വീതിയിലാണ് മലയോര

ഹൈവേ നിർമ്മിക്കുന്നത്. 12 മീറ്റർ വീതിയിൽകുറവുള്ള സ്ഥലങ്ങളിൽ ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി സ്ഥലം ലഭ്യമാക്കി പദ്ധതി നടത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഓരോ ജില്ലയിലും വിവിധ റീച്ചുകളായി തിരിച്ചാണ് മലയോര ഹൈവേ നിർമ്മാണം നടപ്പിലാക്കുന്നത്. ഇതുവരെ 26 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു. (തിരുവനന്തപുരം - 4, കൊല്ലം - 1, ഇടുക്കി - 3, എറണാകുളം - 2, തൃശ്ശൂർ - 2, പാലക്കാട് - 2, മലപ്പുറം - 3, കോഴിക്കോട് - 3, വയനാട് - 2, കാസർഗോഡ് - 4). ഇതിൽ 18 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ഈ 18 റീച്ചുകൾക്കുമായി 1506.24 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കിഫ്ബിയിൽനിന്ന് സാമ്പത്തികാംഗീകാരം ലഭിച്ച റീച്ചുകളുടെ ആകെ നീളം 460.599 കി.മീ. ആണ്. അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| തിരുവനന്തപുരം ജില്ല | | നീളം |
|---|---|---|
| (1) | (2) | (3) |
| 1 | കള്ളിക്കാട് പാറശ്ശാല ഒന്നാംഘട്ടം | 15.495 കീ.മി. |
| 2 | കള്ളിക്കാട് പാറശ്ശാല രണ്ടാംഘട്ടം | 15.705 കീ.മി. |
| 3 | കൊല്ലായിൽ ചല്ലിമുക്ക് വിതുര റോഡ് | 21.08 കി.മീ. |
| 4 | പെരിങ്ങമല വിതുര റോഡ് | 9.450 കി.മീ. |
| കൊല്ലം ജില്ല | | |
| 5 | പുനലൂർ അഗസ്ത്യകോട് റോഡ് | 48.10 കി.മീ. |
| ഇടുക്കി ജില്ല | | |
| 6 | കുട്ടിക്കാനം ചപ്പാത്ത് റോഡ് | 19.00 കി.മീ. |
| 7 | പീരുമേട് ദേവികുളം റോഡ് | 27.717 കി.മീ. |
| തൃശ്ശൂർ ജില്ല | | |
| 8 | വെള്ളിക്കുളങ്ങര വെറ്റിലപ്പാറ റോഡ് | 19.00 കി.മീ. |
| മലപ്പുറം ജില്ല | | |
| 9 | പൂക്കോട്ടുപാടം തമ്പുരാട്ടിക്കല്ല് | 32.19 കി.മീ. |
| 10 | പൂക്കോട്ടുപാടം മൂലേപാടം | 20.50 കി.മീ. |
| 11 | പൂക്കോട്ടുപാടം കാളികാവ് | 26.31 കി.മീ. |

| (1) | (2) | (3) |
|---|---|---|
| കോഴിക്കോട് ജില്ല | | |
| 12 | പുല്ലുവ തൊട്ടിൽപ്പാലം | 28.00 കി.മീ. |
| 13 | കോടഞ്ചേരി കക്കാടംപൊയിൽ | 35.35 കി.മീ. |
| വയനാട് ജില്ല | | |
| 14 | പച്ചിലക്കാട് കൈനട്ടി കൽപ്പറ്റ ബൈപ്പാസ് റോഡ് | 16.75 കി.മീ. |
| കാസർഗോഡ് ജില്ല | | |
| 15 | ചേവാർ ഇടപ്പറമ്പ | 49.675 കി.മീ. |
| 16 | നന്ദാരപ്പടവ് ചേവാർ | 23.00 കി.മീ. |
| 17 | കൊളിച്ചൽ ചെറുപുഴ | 28.877 കി.മീ. |
| 18 | കൊളിച്ചൽ ഇടപറമ്പ | 24.40 കി.മീ. |

(ബി) തിരുവനന്തപുരം ജില്ലയിലെ 2 പ്രവൃത്തികളും കൊല്ലം, വയനാട് ജില്ലകളിലെ ഓരോ പ്രവൃത്തിയും കാസർഗോഡ് ജില്ലയിലെ 3 പ്രവൃത്തികളും ഉൾപ്പെടെ 177.702 കി.മീ. ദൂരത്തിൽ 7 പ്രവൃത്തികൾ ആരംഭിച്ചു. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| തിരുവനന്തപുരം ജില്ല | | നീളം |
|---|---|---|
| 1 | കള്ളിക്കാട് പാറശ്ശാല ഒന്നാംഘട്ടം | 15.495 കീ.മി. |
| 2 | കൊല്ലായിൽ ചല്ലിമുക്ക് വിതുര റോഡ് | 21.08 കി.മീ. |
| കൊല്ലം ജില്ല | | |
| 3 | പുനലൂർ അഗസ്ത്യകോട് റോഡ് | 48.10 കി.മീ. |
| വയനാട് ജില്ല | | |
| 4 | പച്ചിലക്കാട് കൈനട്ടി കൽപ്പറ്റ ബൈപ്പാസ് റോഡ് | 16.75 കി.മീ. |
| കാസർഗോഡ് ജില്ല | | |
| 5 | നന്ദാരപ്പടവ് ചേവാർ | 23.00 കി.മീ. |
| 6 | കൊളിച്ചൽ ചെറുപുഴ | 28.877 കി.മീ. |
| 7 | കൊളിച്ചൽ ഇടപറമ്പ | 24.40 കി.മീ. |

ഈ റീച്ചുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. പ്രവൃത്തികൾ ഒന്നുംതന്നെ പൂർത്തിയായിട്ടില്ല.

(സി) കോഴിക്കോട് ജില്ലയിൽ ആകെ 117.3 കി.മീ. നീളത്തിൽ പുല്ലുവ മുതൽ കക്കാടംപൊയിൽ വരെയാണ് ഹിൽ ഹൈവേ കടന്നുപോകുന്നത്. നാദാപുരം, പേരാമ്പ്ര, ബാലുശ്ശേരി, കൊടുവള്ളി, തിരുവമ്പാടി എന്നീ നിയോജകമണ്ഡലങ്ങളിലൂടെയാണ് കടന്നുപോകുന്നത്.

(ഡി) ബാലുശ്ശേരി മണ്ഡലത്തിൽ മലയോര ഹൈവേയുടെ കി.മീ. 51/325 (കുരാച്ചുണ്ട്) മുതൽ കി.മീ. 63/800 (പടിക്കൽ വയൽ) വരെയുള്ള 12.555 കി.മീ. ഭാഗമാണ് ഉൾപ്പെടുന്നത്. ഇതിൽ കി.മീ. 57/150 (28-ാം മൈൽ) മുതൽ കി.മീ. 63/800 (പടിക്കൽ വയൽ) വരെ 6.650 കി.മീ. നീളത്തിലും 12 മീറ്റർ വീതിയിലും സ്ഥലം ലഭ്യമാണ്.

(ഇ) 6.65 കി.മീ. നീളത്തിലുള്ള ഭാഗത്ത്, 12 മീറ്റർ വീതിയിൽ, ഇപ്പോൾ പൊതുമരാമത്ത് വകുപ്പിന് പൂർണ്ണമായും സ്ഥലം ലഭ്യമായിട്ടുണ്ട്. ഈ ഭാഗത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു. എത്രയും പെട്ടെന്ന് കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതാണ്.

## റോഡിലെ തടസ്സങ്ങൾ കണ്ടെത്താൻ നടപടി

18(6368) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളിൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ, സ്വകാര്യ വ്യക്തികൾ നിക്ഷേപിച്ചിരിക്കുന്ന നിർമ്മാണ സാമഗ്രികൾ, തുടങ്ങിയവ യഥാസമയം കണ്ടെത്തി നീക്കംചെയ്ത് അപകടങ്ങൾ ഒഴിവാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഇപ്രകാരമുള്ള ഗതാഗത തടസ്സങ്ങൾ സംബന്ധിച്ച പരാതികൾ ലഭിച്ചാലുടനെയോ അതിനുമുമ്പോ വേഗത്തിൽ കണ്ടെത്തി നീക്കം ചെയ്യുന്നതിനും വകുപ്പിൽ ഒരു സ്ക്വാഡ് സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനും റോഡിന്റെ ഇരുവശങ്ങളിലും കാൽനടയാത്രക്കാർക്ക് മതിയായ സൗകര്യം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ വീതി കൂട്ടൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ തടസ്സമായി വന്നാൽ അത് മാറ്റുന്നതിനായി വേണ്ടുന്ന ഫീസ് വകുപ്പ് തന്നെ കെ.എസ്.ഇ.ബി.-യിലേയ്ക്ക് അടയ്ക്കുകയും തുടർന്ന് കെ.എസ്.ഇ.ബി. അത് മാറ്റി സ്ഥാപിക്കാറുമുണ്ട്. റോഡുകളുടെ വശങ്ങളിൽ സ്വകാര്യ വ്യക്തികളുടെ നിർമ്മാണ സാമഗ്രികൾ ശ്രദ്ധയിൽപ്പെട്ടാൽ നോട്ടീസ് നൽകി ഒഴിപ്പിക്കുന്നതിന് അതാത് പ്രദേശത്തെ ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാർക്ക് അധികാരമുണ്ട്. അവർ അത് നടപ്പിലാക്കാറുമുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനും കാൽനട യാത്രക്കാർക്ക് സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും തിരക്കുള്ള ജംഗ്ഷനുകളിൽ സ്ഥലലഭ്യത അനുസരിച്ച് ഫുട്പാത്തുകൾ നൽകാറുണ്ട്. കൂടാതെ കാലാകാലങ്ങളിൽ റോഡ് സേഫ്റ്റി ഓഡിറ്റുകൾ നടത്തുകയും ആയതിൻപ്രകാരം തിരക്കുള്ള ജംഗ്ഷനുകളിൽ ഫുട്പാത്തുകൾ നിർമ്മിക്കുകയും ചെയ്യാറുമുണ്ട്. ഫുട്പാത്തുകളിൽ അനധികൃത കയ്യേറ്റം കണ്ടെത്തിയാൽ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാറുമുണ്ട്. റോഡുകൾ ടാർ ചെയ്യുന്നതിനോടൊപ്പം തന്നെ വശങ്ങൾ മണ്ണിട്ട് നിരപ്പാക്കുന്ന പ്രവൃത്തികളും നടപ്പിലാക്കാറുണ്ട്.പല സ്ഥലങ്ങളിലും ടൈലുകൾ പാകി ശക്തപ്പെടുത്തി കാൽനട യാത്രക്കാർക്ക് സുരക്ഷിതമായ സഞ്ചാരത്തിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജനത്തിരക്കേറിയ റോഡുകളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി മുന്നറിയപ്പ് ബോർഡുകൾ സിഗ്നലുകൾ എന്നിവ സ്ഥാപിക്കാറുണ്ട്. ദേശീയ പാതകൾ നാലു വരിയായി വികസിപ്പിക്കുമ്പോൾ ഫുട്പാത്ത് നിർമ്മാണവും കാൽനട യാത്രക്കാരുടെ സുരക്ഷയും ഉറപ്പ് വരുത്തുന്നുണ്ട്.

## ഗ്രാമീണ പാതകൾ ഗതാഗതയോഗ്യമാക്കുന്നതിന് നടപടി

19(6369) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റേതല്ലാത്ത പ്രധാന ഗ്രാമീണ പാതകൾ പി.ഡബ്ളിയു.ഡി. മുഖേന ഒറ്റത്തവണ നവീകരിച്ച് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളൊന്നും തന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതില്ലായെന്നാണ് സർക്കാർ തീരുമാനം.

(ബി) നിലവിൽ ഗ്രാമീണ പാതകൾ പി.ഡബ്ല്യു.ഡി. മുഖേന ഒറ്റത്തവണ നവീകരിച്ച് നൽകുന്ന പദ്ധതിക്കായി പി.ഡബ്ല്യു.ഡി.-ക്ക് ഫണ്ടുകൾ ഒന്നും ലഭ്യമല്ല.

**ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

20(6370) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എങ്ങനെയാണെന്ന് വിശദമാക്കാമോ;

(ബി) വയനാട് ജില്ലയിൽ ഏതെങ്കിലും ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന ആവശ്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം റോഡുകൾ എന്ന് വിശദമാക്കാമോ;

(സി) ഏതെങ്കിലും ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടാൽ ആയത് പരിഗണിക്കുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയാൽ അതനുസരിച്ച് പ്രൊപ്പോസൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർ ഓഫീസ് വഴി സർക്കാരിൽ സമർപ്പിക്കുകയും പ്രൊപ്പോസൽ പരിഗണിച്ച് സർക്കാർ ഉത്തരവാകുന്നമുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ഏറ്റെടുക്കുകയുമാണ് ചെയ്യുന്നത്.

(ബി) സുൽത്താൻ ബത്തേരി എം.എൽ.എ.-യുടെ ശിപാർശപ്രകാരം താഴെപ്പറയുന്ന പ്രവൃത്തികൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുവാനായി എക്സിക്യൂട്ടീവ്

എഞ്ചിനീയർ റോഡ്സ് ഡിവിഷൻ വയനാട് നൽകിയ കത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചുവെങ്കിലും അതിനോടൊപ്പം ആവശ്യമായ അനുബന്ധരേഖകൾ ഉള്ളടക്കം ചെയ്യാത്തതിനാൽ ആയത് സമർപ്പിക്കുവാൻ വയനാട് റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്.

1. നരിക്കുണ്ട് പാറക്കൊല്ലി റോഡ് - 2.900 കി.മീ.

2. അഞ്ഞപ്പാറ മലയച്ചംകൊല്ലി റോഡ് - 6.400 കി.മീ.

3. മീനങ്ങാടി കുബ്ലേരി റോഡ് - 3.00 കി.മീ.

(സി) നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ റോഡുകൾ ഒന്നുംതന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതില്ല എന്നാണ് സർക്കാർ തീരുമാനം.

**റോഡുകൾ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതി**

21(6371) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) റോഡുകളിൽ സുരക്ഷാ സംവിധാനം നടപ്പിലാക്കി അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കെ.എസ്.ടി.പി. റോഡുകളിൽ ഉപയോഗിക്കുന്ന നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം സംബന്ധിച്ച ടെസ്റ്റുകൾ പണി സ്ഥലത്ത് തന്നെ ലാബുകൾ സജ്ജമാക്കി ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനമുണ്ടോ;

(ഡി) പ്രസ്തുത സംവിധാനം പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ നിർമ്മാണ പ്രവൃത്തിയിലും കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ദീർഘകാലം ഈടുനിൽക്കുന്ന രീതിയിലുള്ള ബി.എം.ആന്റ് ബി.സി. റോഡുകൾ നിർമ്മിക്കുന്നുണ്ട്. വാഹന സാന്ദ്രത, മണ്ണിന്റെ ഘടന എന്നിവ അടിസ്ഥാനമാക്കി ഡിസൈൻ ചെയ്ത് നിർമ്മിക്കുന്ന ബി.എം.ആന്റ് ബി.സി. റോഡുകൾ 10 മുതൽ 15 വർഷം വരെ നിലനിൽക്കുന്നതാണ്. കൂടാതെ റോഡുകളുടെ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ 15 മുതൽ 20 വർഷം വരെ ഈടുനിൽക്കുന്ന

വൈറ്റ് ടോപ്പിംഗ് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമെന്റും പ്രത്യേക തരം പൾവറൈസറും ചേർത്ത് കുഴച്ച് ടി ഭാഗത്ത് തന്നെ ഇടുകയും ചെയ്യുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തിട്ടുണ്ട്. കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് നിർമ്മാണ രീതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. സ്വാഭാവിക റബ്ബർ, കയർ-ജിയോ ടെക്സ്റ്റൈയിൽ, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിവരുന്നു.

(ബി) റോഡുകളിലെ അപകടങ്ങൾ ഒഴിവാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് എല്ലാ വർഷവും പദ്ധതി/പദ്ധതിയേതരം/റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് എന്നിവയുടെ ലഭ്യതയ്ക്കനുസരിച്ച് സൈൻ ബോർഡുകൾ, റോഡ് മാർക്കിംഗുകൾ, ക്രാഷ് ബാരിയറുകൾ, റിഫ്ലക്ടറുകൾ, റോഡ് സ്റ്റഡുകൾ, ഡലീനീയേറ്റർ പോസ്റ്റുകൾ, ഒബ്ജക്ട് ഹസാർഡ് മാർക്കറുകൾ തുടങ്ങിയ റോഡ് സുരക്ഷാ ഉപാധികൾ സ്ഥാപിച്ചുവരുന്നുണ്ട്. കൂടാതെ റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് മുഖേന സ്കൂൾ മേഖലകളുടെ നവീകരണവും ക്രാഷ് ബാരിയറുകളും സ്ഥാപിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികളിൽ ഗുണനിലവാര പരിശോധന ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബ് മുഖേനയാണ് നടത്തുന്നത്. നിലവിൽ 2 കോടിക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികളിലും കരാറുകാർ സ്വന്തം ചെലവിൽ പണിസ്ഥലത്ത് തന്നെ ഗുണനിലവാര പരിശോധനയ്ക്കുള്ള ലാബ് സജ്ജമാക്കണമെന്ന് Standard Bid Document പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

**റോഡുകളിലെ അപകട സാധ്യത കൂടിയ രീതിയിലുള്ള ഹമ്പുകൾ**

22(6372) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്തിന്റെ പല നിരത്തുകളിലും അശാസ്ത്രീയവും അപകട സാധ്യത കൂടിയതുമായ രീതിയിൽ ഹമ്പുകൾ സ്ഥാപിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.ഡബ്ല്യു.ഡി. റോഡുകളിൽ ഹമ്പ് സ്ഥാപിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രതലത്തിന്റെ ഘടനയും ഭൂപ്രകൃതിയും ഒന്നും പരിഗണിക്കാതെ ഹമ്പുകൾ നിർമ്മിക്കുന്നത് നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) വാഹനങ്ങളിലെ ഡ്രൈവർമാർക്ക് ഹമ്പുകൾ പെട്ടെന്ന് തിരിച്ചറിയുന്ന തരത്തിൽ സൈൻ ബോർഡുകളും റോഡ് മാർക്കിംഗും നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) ഉണ്ട്. പൊതുമരാമത്ത് റോഡുകളിൽ ഹമ്പുകൾ സ്ഥാപിക്കുന്നതിനായി IRC -99-2018-ലെ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർ 18-3-2019-ൽ നമ്പർ GL(Tech)/CE/R&B/RSW/2018 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ പൊതുമരാമത്ത് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ കർശനമായി പാലിക്കാൻ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 11-4-2016-ലെ F.No. RW/NH-33037/01/2016/S&R (R) നമ്പർ കത്ത് പ്രകാരം ദേശീയ പാതയിൽ ഹമ്പുകൾ സ്ഥാപിക്കാൻ പാടുള്ളതല്ല.

**ജർമ്മൻ സഹായത്തോടെ നിർമ്മിക്കുന്ന റോഡുകൾ**

23(*T6373) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന പൊതുമരാമത്ത് റോഡുകൾ പുനർനിർമ്മിക്കുന്നതിന് ജർമ്മൻ സഹായം ലഭ്യമായിട്ടുണ്ടോയെന്നും തുക ലഭിച്ചത് ഏതെല്ലാം റോഡുകൾക്കാണെന്നും അപ്രകാരം എത്ര തുക വീതമാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലെ പ്രളയം നിമിത്തം തകർന്ന കേരളത്തിലെ റോഡുകളുടെ പുനർനിർമ്മാണത്തിനായി റീബിൽഡ് കേരളാ

*T-മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഇനിഷ്യേറ്റീവിന്റെ ഭാഗമായി ജർമ്മൻ/ലോകബാങ്കുകളുടെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട റോഡുകളുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. അതിനുശേഷം മാത്രമേ ഇതുസംബന്ധിച്ച വിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

കേരള പുനർനിർമ്മാണത്തിനായി ജർമ്മൻ വികസനബാങ്കിന്റെ 1,400 കോടി രൂപയുടെ (Euro 170 million) ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി 6-11-2019-ൽ കേരള സർക്കാരും ജർമ്മൻ ബാങ്കും തമ്മിൽ എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്.

(ബി) 2020 മാർച്ച് മാസത്തോടുകൂടി വിശദമായ പദ്ധതി രൂപരേഖ സമർപ്പിക്കുകയും തുടർന്ന് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 2020 ജൂൺ മാസത്തോടുകൂടി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## റോഡുകളിൽ യൂട്ടിലിറ്റി മാറ്റുന്നതിന് അനുമതി

24(6374) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ യൂട്ടിലിറ്റി മാറ്റുന്നതിന് വിവിധ വകുപ്പുകൾ കെട്ടിവയ്ക്കുന്ന പണം ഉപയോഗിച്ച് പ്രവൃത്തി നടത്തുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ;

(ബി) അത്തരം പ്രവൃത്തികൾക്ക് കെട്ടിവച്ച തുകയിൽ പരിമിതപ്പെടുത്തി പ്രവൃത്തി ടെണ്ടർ ചെയ്യാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധികാരം നൽകുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമില്ല. റോഡുകളിൽ യൂട്ടിലിറ്റി മാറ്റുന്നതിന് വിവിധ വകുപ്പുകൾ കെട്ടിവയ്ക്കുന്ന പണം ഉപയോഗിച്ച് പ്രവൃത്തി നടത്തുന്നതിന് വിവിധ ഉദ്യോഗസ്ഥരുടെ അധികാര പരിധിയനുസരിച്ച് ഭരണാനുമതി നൽകുന്നു. 50 ലക്ഷത്തിലധികം വരുന്ന പ്രവൃത്തികൾക്ക് സർക്കാർ തലത്തിൽ ആണ് ഭരണാനുമതി ലഭ്യമാക്കുന്നത്.

(ബി) കെട്ടിവച്ച തുകയിൽ പരമിതപ്പെടുത്തി പ്രവൃത്തി ടെൻഡർ ചെയ്യുന്നതിന് ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് അധികാരം നൽകിയിട്ടുള്ളതാണ്.

## പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി ജർമ്മൻ വികസന ബാങ്ക് വായ്പ

25(6375) ശ്രീ. എൻ . എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി ജർമൻ വികസന ബാങ്ക് വായ്പയിൽ നിന്ന് റോഡ് നവീകരിക്കുന്നതിന് എത്ര രൂപയാണ് വിനിയോഗിക്കുക എന്ന് വ്യക്തമാക്കാമോ;

(ബി) റോഡ് നവീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പ്രളയത്തിൽ തകർന്ന റോഡുകൾ മാത്രമാണോ നവീകരിക്കുക എന്നും പ്രളയത്തിൽ തകർന്ന പഞ്ചായത്ത് റോഡുകൾ പുനർനിർമ്മിക്കുന്നതിന് ഈ ഫണ്ട് ഉപയോഗപ്പെടുത്തുമോ എന്നും വ്യക്തമാക്കാമോ;

(സി) എറണാകുളം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി, കോട്ടയം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലെ റോഡുകളാണോ ജർമ്മൻ വികസന ബാങ്ക് നൽകിയ വായ്പ ഉപയോഗിച്ച് നവീകരിക്കുക എന്നത് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ പ്രളയത്തിലും അല്ലാതെയും തകർന്ന് ദയനീയാവസ്ഥയിലുള്ളതും നവീകരണം അനിവാര്യമായിട്ടുള്ളതുമായ മലബാർ ജില്ലകളിലെ റോഡുകൾക്ക് ഇത്തരം ഫണ്ടുകൾ ഉപയോഗിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഇ) ജർമ്മൻ വികസന ബാങ്ക് വായ്പ കൂടാതെ പ്രളയാനന്തരം റോഡുകൾ നന്നാക്കുന്നതിനു മറ്റേതെല്ലാം വായ്പകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിന്റെ ഭാഗമായി പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി ജർമ്മൻ വികസന ബാങ്കിന്റെ 1,400 കോടി രൂപയുടെ (Euro 170 million) ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി 6-11-2019-ൽ കേരള സർക്കാരും ജർമ്മൻ ബാങ്കുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ബി) 2018 ജൂലൈ-ആഗസ്റ്റ് മാസത്തെ പ്രളയത്തിൽ തകർന്നതായി പൊതുമരാമത്ത് നിരത്ത് വിഭാഗം വിലയിരുത്തി തയ്യാറാക്കിയ 1600 കി.മീ. പൊതുമരാമത്ത് റോഡുകളുടെ പട്ടിക കെ.എസ്.റ്റി.പി.-ക്ക് കൈമാറുകയും ആയതിൻമേൽ ജർമ്മൻ ബാങ്കിന്റെ നിർദ്ദേശാനുസരണം നവീകരിക്കുന്നതിനുള്ള

റോഡുകളുടെ മുൻഗണനാക്രമത്തിലുള്ള പട്ടിക തയ്യാറാക്കുന്നതിനായി പ്രളയംമൂലം മുങ്ങിയ റോഡുകൾ, മണ്ണിടിച്ചിലും മണ്ണൊലിപ്പും, പാരിസ്ഥിതിക സാമൂഹ്യ ആഘാതം, തന്ത്രപ്രധാന റോഡുകൾ, റൈറ്റ് ഓഫ് വേയുടെ ലഭ്യത, സാമ്പത്തിക ലഭ്യത, കലുങ്കുകളുടെ കോട്ടം, ജനവാസ മേഖല, റോഡുകളുടെ നീളം, വാഹനത്തിരക്ക്, പൊതുഗതാഗതം എന്നീ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ചെന്നൈ ആസ്ഥാനമായ M/s L&T Infra Engineering Ltd. മുഖാന്തരം വിശദമായ പഠനം നടത്തി മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രഥമപരിഗണനയർഹിക്കുന്ന 819 കി.മീ. വരുന്ന 31 റോഡുകൾക്ക് ആദ്യഘട്ടമായി പുനർനിർമ്മിക്കുന്നതിന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അനുമതി നൽകിയതിൽ പ്രളയത്തിൽ തകർന്ന പഞ്ചായത്ത് റോഡുകൾ പുനർനിർമ്മിക്കുന്നതിന് ജർമ്മൻ വികസന ബാങ്കിന്റെ വായ്പ ലഭ്യമല്ല.

(സി) എറണാകുളം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി, കോട്ടയം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിലെ റോഡുകൾ പുനർനിർമ്മിക്കുന്നതിന് ജർമ്മൻ വികസന ബാങ്ക് വായ്പ ലഭ്യമാകുന്നതാണ്.

(ഡി) ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അനുമതി നൽകിയിട്ടുള്ള പ്രളയത്തിൽ തകർന്ന മലബാർ ജില്ലകളിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകൾ പ്രകൃതിദുരന്ത അതിജീവനക്ഷമതയോടെ പുനർനിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക ശിപാർശകൾ ഉൾപ്പെടെയുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത രൂപരേഖ തയ്യാറാക്കുന്നമുറയ്ക്ക് ലോകബാങ്ക്/ജർമ്മൻ ബാങ്ക് എന്നിവരുടെ ധനസഹായത്തോടെ പ്രസ്തുത റോഡുകളും പുനർനിർമ്മിക്കുന്നതാണ്.

(ഇ) ജർമ്മൻ വികസന വായ്പ കൂടാതെ ലോകബാങ്കും പ്രളയാനന്തര റോഡുകൾ പുനർനിർമ്മിക്കുന്നതിന് ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന റോഡുകൾ**

26(6376) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഏറ്റെടുക്കുന്നതിന് അതാത് പഞ്ചായത്തുകളുടെ റെസല്യൂഷൻ ആവശ്യമാണ്. ടി റോഡുകൾ 8 മീറ്റർ വീതിയുള്ളതും കുറഞ്ഞത് 2 പഞ്ചായത്ത് വഴി കടന്നുപോകുന്നതും

2 പൊതുമരാമത്ത് വകുപ്പ് റോഡുകളെ ബന്ധപ്പിക്കേണ്ടതും റഗുലർ ആയി ബസ് സർവ്വീസ് ഉള്ളതും ആയിരിക്കണം. ഇപ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതും ആയത് ധനകാര്യവകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും അനുമതി ലഭ്യമായി, മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് റോഡുകൾ ഏറ്റെടുക്കുന്നത്. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ ഒന്നുംതന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതില്ല എന്നതാണ് സർക്കാർ തീരുമാനം.

## പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിലെ കയ്യേറ്റങ്ങൾ

27(6377) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിലെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നിലവിൽ ചുമതല നൽകിയിട്ടുള്ളത് ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലെ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കാത്തതിനാൽ പൊതുമരാമത്ത് പാതയോരങ്ങളിലെ അനധികൃത കൈയ്യേറ്റങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ജില്ലകൾതോറും പ്രത്യേക ടീമുകളെ സജ്ജമാക്കി ഒഴിപ്പിക്കൽ നടപടികൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) 3-9-16-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 63/16 പൊ.മ.വ. പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനായി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് സാധ്യമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുപ്രകാരം പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ സംരക്ഷണത്തിനും നിരീക്ഷണത്തിനുമായി അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ടി ആക്ട് പ്രകാരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള അധികാരം മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. ഉത്തരവ് കർശനമായി പാലിക്കുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 8-2-2017-ൽ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും ഗതാഗത വകുപ്പുമന്ത്രിയുടെയും അദ്ധ്യക്ഷതയിൽ എല്ലാ ജില്ലാ കളക്ടർമാരുടെയും ജില്ലാതല

ഉദ്യോഗസ്ഥന്മാരുമായും നടത്തിയ വീഡിയോ കോൺഫറൻസിൽ ഇത്തരം കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിന് പൊതുമരാമത്ത്, പോലീസ്, റവന്യൂ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃത കയ്യേറ്റങ്ങൾ ഉള്ളതിൽ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ഉപയോഗിച്ച് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ട്.

**റോഡുസുരക്ഷയ്ക്കായി പദ്ധതികൾ**

28(6378) ശ്രീ. അനിൽ അക്കര :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്ന ഗുരുതരമായ സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) റോഡ് സുരക്ഷയ്ക്കായി പൊതുമരാമത്ത് വകുപ്പ് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

(സി) ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിന്റെയും മെച്ചപ്പെടുത്തുന്നതിന്റെയും ഭാഗമായി ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സേഫ്റ്റി എന്ന ശീർഷകത്തിൽ സുരക്ഷിതത്വത്തിനു വേണ്ടിയുള്ള ഐറ്റങ്ങൾ ഉൾപ്പെടുത്തിയിട്ടാണ് എല്ലാ എസ്റ്റിമേറ്റുകളും തയ്യാറാക്കുന്നത്. ദേശീയപാതകളിൽ തുടർച്ചയായി അപകടം നടക്കുന്ന സ്ഥലങ്ങൾ ബ്ലാക്ക് സ്പോട്ട് ആയി കണ്ടുകൊണ്ട് പഠനം നടത്തി റോഡ് സുരക്ഷാ പ്രവൃത്തികൾ നടത്തിവരുന്നു. ദേശീയപാത വിഭാഗത്തിൽ വിവിധ റോഡുകളിൽ റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തുകയും പ്രശ്നബാധിത ഭാഗങ്ങളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി ആയവ പരിഹരിക്കാറുണ്ട്. പുതിയ റീസർഫസിംഗ് പ്രവൃത്തികൾ നടത്തുന്ന കൂട്ടത്തിൽ ആവശ്യമായ സൈൻ

ബോർഡുകൾ, റമ്പിൾ സ്ലിപ്പ്, ബ്ലിങ്കേഴ്സ് ലൈറ്റ്, ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ, സ്റ്റഡുകൾ, മാർക്കിംഗുകൾ എന്നിവ സ്ഥാപിച്ച് അപകട സാധ്യത കുറയ്ക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. റോഡ് സേഫ്റ്റിക്കും ഗവേഷണത്തിനും ഡിസൈനിംഗിനുമായി നാറ്റ്പാക്ക്, റോഡ് സേഫ്റ്റി അതോറിറ്റി, കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുതലായ സ്ഥാപനങ്ങൾ മുഖേന പഠനങ്ങൾ നടത്തുന്നുണ്ട്.

(സി) ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിന്റെയും മെച്ചപ്പെടുത്തുന്നതിന്റെയും ഭാഗമായി ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കൊട്ടാരക്കര ജംഗ്ഷൻ നവീകരണം
2. തുമ്പോളി ജംഗ്ഷൻ നവീകരണം
3. പെരുമ്പ ജംഗ്ഷൻ നവീകരണം.

**തീരദേശപാത പൂർത്തീകരിക്കുന്നതിന് നടപടികൾ**

29(6379) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശപാത സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പാതയുടെ നിർമ്മാണത്തിനായി ഇനിയും ഭൂമി ഏറ്റെടുക്കുവാനുണ്ടോ; വ്യക്തമാക്കുമോ;

(സി) ഭൂമി ലഭ്യമായിട്ടുള്ള സ്ഥലങ്ങളിൽ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പാത നിർമ്മാണത്തിന്റെ എസ്.പി.വി. ആയി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) തീരദേശ പാത സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്ഥലം ലഭ്യമായ റീച്ചുകളുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. ബാക്കി റീച്ചുകളിൽ 14 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനായി 4 എൽ.എ. യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി തീരദേശപാത കടന്നുപോകുന്ന അസംബ്ലി മണ്ഡലങ്ങളിലെ എം.എൽ.എ.-മാരെ വിളിച്ചുചേർത്ത്

രണ്ടുതവണ സംസ്ഥാനതലത്തിൽ യോഗം ചേർന്നിരുന്നു. തിരുവനന്തപുരം ജില്ലയിൽ ശംഖുമുഖം മുതൽ വർക്കല വരെ കടൽത്തീരത്തിന് വളരെ അടുത്തു കൂടിയാണ് തീരദേശപാതയുടെ അലൈൻമെന്റ് കടന്നുപോകുന്നത്. വിദഗ്ദ്ധരായ കൺസൾട്ടൻസിയെ കൊണ്ട് 30 കി.മീ. ഡിസൈൻ ചെയ്യേണ്ടത് ആവശ്യമാണ്. ഡി.പി.ആർ. ഇതിനകം തയ്യാറാക്കാനാരംഭിച്ചിട്ടില്ലാത്ത റീച്ചുകളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായുള്ള കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നതിനായി കിഫ്ബി ബിഡ് ഡോക്യുമെന്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) തീരദേശപാതയുടെ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുത്തിട്ടില്ല. രണ്ട് മീറ്റർ സൈക്കിൾ ട്രാക്കോടുകൂടി ആകെ വീതി 14 മീറ്റർ ആയി തീരദേശ ഹൈവേ നിർമ്മിക്കാൻ തീരുമാനമെടുത്തിട്ടുള്ളതിനാൽ ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനായി തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ നാല് എൽ.എ. യൂണിറ്റ് ഓഫീസുകൾ ആരംഭിച്ച് തഹസിൽദാർമാരെയും ഡെപ്യൂട്ടി തഹസിൽദാർമാരെയും നിയമിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പുരോഗമിച്ചുവരുന്ന തീരദേശ ഹൈവേയുടെ മലപ്പുറം ജില്ലയിലെ രണ്ടും കോഴിക്കോട് ജില്ലയിലെ ഒരു റീച്ചും ഉൾപ്പെടെ മൂന്ന് റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പാത നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കെ.ആർ.എഫ്.ബി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണി

30(6380) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ചീഫ് വിപ്പിന്റെയും ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണിക്കും മോടിപിടിപ്പിക്കലിനുമായി ഇതുവരെ എന്ത് തുക ചെലവഴിച്ചു; ഓരോ വസതിക്കും ചെലവഴിച്ച തുക പ്രത്യേകം നൽകുമോ?

<u>ഉത്തരം</u>

28-9-2018-ലെ സ.ഉ.(കൈ) നമ്പർ 36/2018 പ്രകാരം മന്ത്രി മന്ദിരങ്ങൾ സർക്കാരിന്റെ പൊതു സ്വത്തായതിനാൽ മന്ത്രി മന്ദിരങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടത് സർക്കാരിന്റെ ചുമതലയാണ്. അതിനാൽ വാർഷിക അറ്റകുറ്റപ്പണികൾ/അത്യാവശ്യ റിപ്പെയറുകൾ യഥാസമയം പൊതുമരാമത്ത് വകുപ്പ്

തന്നെ ഏറ്റെടുത്ത് ചെയ്യേണ്ടതാണെന്നും അതിനുവേണ്ടിവരുന്ന ചെലവ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട സ്പീക്കർ, മന്ത്രിമാർ എന്നിവരുടെ ചെലവിൽ ഉൾപ്പെടുത്തുന്നത് ഒഴിവാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ബഹുമാനപ്പെട്ട മന്ത്രിമാർക്ക് പൊതുവെ ഇല്ലാത്ത പ്രത്യേക സൗകര്യങ്ങൾ മന്ത്രി മന്ദിരത്തിൽ ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയും അത് ചെയ്ത് കൊടുക്കുകയും ചെയ്താൽ ആ ചെലവുകൾ ആവശ്യപ്പെട്ട ബഹുമാനപ്പെട്ട മന്ത്രിയുടെ പേരിൽ രേഖപ്പെടുത്തുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്ങനെ അസാധാരണമായ മോടിപിടിപ്പിക്കൽ ഒന്നും നടത്തിയിട്ടില്ല. വർഷങ്ങളുടെ പഴക്കമുള്ള പല മന്ദിരങ്ങൾക്കും അറ്റകുറ്റപ്പണികൾ നല്ല നിലയിൽ വേണ്ടിവരുന്നുണ്ട്. നിലവിലുള്ള ആസ്തി സംരക്ഷിക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. അതിനാൽ ഓരോ മന്ത്രിയുടെയും പേരിൽ അധിക ചെലവുകൾ രേഖപ്പെടുത്തേണ്ടിവന്നിട്ടില്ല. കഴിഞ്ഞ 42 മാസങ്ങൾക്കുള്ളിൽ സാധാരണ ഗതിയിലുള്ള അറ്റകുറ്റപ്പണികൾക്കായി ആകെ 1,33,84,889 രൂപ ചെലവായിട്ടുണ്ട്. ഇലക്ട്രോണിക്സ് പ്രവൃത്തികൾക്ക് പ്രത്യേക ചെലവൊന്നും ആയിട്ടില്ല.

## കോതമംഗലത്ത് പുതിയ രജിസ്ട്രേഷൻ കോംപ്ലക്സ്

31(6381) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് പുതിയ രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഏത് ഏജൻസി ആണ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഡി.പി.ആർ. പ്രകാരം എന്തെല്ലാം നിർമ്മാണങ്ങളാണ് പുതിയ രജിസ്ട്രേഷൻ കോംപ്ലക്സുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കോതമംഗലത്ത് സബ് രജിസ്ട്രാർ ഓഫീസിനായുള്ള പുതിയ കെട്ടിട നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നത്. ടി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ റൂഫ് സ്ലാബ് കോൺക്രീറ്റിനുള്ള കമ്പി പണിയും സെന്ററിംഗും നടന്നുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത്.

(സി) ഗ്രൗണ്ട് ഫ്ലോറിൽ സബ് രജിസ്ട്രാർ ഓഫീസ് റൂം, ജോയിന്റ് സബ് രജിസ്ട്രാർ ഓഫീസ് റൂം, ഓഡിറ്റ് ആന്റ് ലൈബ്രറി റൂം, വരാന്ത, സ്റ്റാഫ് ഡൈനിംഗ് റൂം, വികലാംഗർക്കായി റാമ്പ്, വെയിറ്റിംഗ് റൂം, ശുചിമുറികൾ എന്നിവയും രണ്ടാമത്തെ നിലയിൽ റിക്കാർഡ് റൂം, രണ്ടാം നിലയിലൂടെ ടെറസ്സിന് GI ഷീറ്റ് മേൽക്കൂര തുടങ്ങിയ സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് കെട്ടിടത്തിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്.

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## കെട്ടിടങ്ങളുടെ ഇലക്ട്രിക് പ്രവൃത്തികൾ

32(6382) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നതും, നിർമ്മാണം പൂർത്തിയാക്കിയതുമായ എത്ര കെട്ടിടങ്ങൾക്ക് ഇലക്ട്രിക് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള ഫണ്ടിന്റെ കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വർക്കല മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങളിൽ ഇലക്ട്രിക്കൽ പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാണോ; ഫണ്ട് ലഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നതും, നിർമ്മാണം പൂർത്തിയാക്കാത്തതുമായ കെട്ടിടങ്ങളിൽ, ഇലക്ട്രിക് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന്റെ ഫണ്ട് കുറവുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പോത്തൻകോട് മിനി സിവിൽ സ്റ്റേഷനിൽ ഇലക്ട്രിക് പ്രവൃത്തികൾക്കുള്ള ഫണ്ട് ഇല്ല.
2. ചിറയിൻകീഴ് താലൂക്ക് ഹോസ്പിറ്റലിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനും മെറ്റേണിറ്റി വിംഗിന് എയർകണ്ടീഷണർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമല്ല.

3. ആറ്റിങ്ങൽ താലൂക്ക് ഹോസ്പിറ്റലിൽ ഡയാലിസിസ് യൂണിറ്റിൽ ജനറേറ്ററും എയർകണ്ടീഷണറും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമല്ല.

4. വർക്കല താലൂക്ക് ഹോസ്പിറ്റലിൽ ജനറേറ്ററിനും ഡയാലിസിസ് യൂണിറ്റിൽ എയർ കണ്ടീഷണർ സ്ഥാപിക്കുന്നതിനും വേണ്ടി 16 ലക്ഷം രൂപയുടെ ഫണ്ട് ലഭ്യത ആവശ്യമുണ്ട്.

5. തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ഇൻഫെർട്ടിലിറ്റി ബിൽഡിംഗിന് ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമല്ല.

6. തിരുവനന്തപുരം തൈക്കാട് ഭക്ഷ്യസുരക്ഷാ വകുപ്പ് കെട്ടിടം - സിവിൽ നിർമ്മാണം നടന്നുവരുന്നു - ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമല്ല.

7. ഗവൺമെന്റ് എച്ച്.എസ്.എസ്. ഭരതന്നൂർ കെട്ടിട നിർമ്മാണം - ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമല്ല.

8. നെടുമങ്ങാട് ഗവൺമെന്റ് കോളേജിലെ പുതിയ പി.ജി. ബ്ലോക്കിന്റെ നിർമ്മാണം - സിവിൽ പ്രവൃത്തികൾ പൂർത്തീകരണത്തിന് Phase II ആവശ്യമാണ്.

9. ഗവൺമെന്റ് എൽ.പി.എസ്. ആട്ടുകാൽ - പുതിയ കെട്ടിട നിർമ്മാണം - സിവിൽ നിർമ്മാണം നടന്നുവരുന്നു. ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമല്ല.

10. അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി - ഗവൺമെന്റ് എച്ച്.എസ്.എസ്. ചാല, സ്കൂളിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ- ഇലക്ട്രിക്കലിന് ആവശ്യമായ ഫണ്ട് ലഭ്യമല്ല.

(ബി) വർക്കല മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങളിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമാകാത്ത പ്രവൃത്തികളുണ്ട്. ഫണ്ട് ലഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ താഴെ ചേർക്കുന്നു:

1. Construction of Payward block in Nature Cure Hospital, Varkala, Thiruvananthapuram - Phase I

2. Construction of Dialysis unit at Taluk Headquarters Hospital, Varkala - Additional Electrification and Installation of A/C unit- Phase I-ൽ 8.50 ലക്ഷം രൂപയേ ലഭ്യമായിരുന്നുള്ളൂ. ആയതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിഫിക്കേഷനുവേണ്ടിയുള്ള എസ്റ്റിമേറ്റ് ഡിവിഷനിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ ജനറേറ്ററിനും ഡയാലിസിസ് യൂണിറ്റിൽ എ.സി. സ്ഥാപിക്കുന്നതിനും വേണ്ടി 16 ലക്ഷം രൂപയുടെ ഫണ്ട് ആവശ്യമുണ്ട്.

## വർക്കലയിൽ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ്

33(6383) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിൽ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി)പ്രസ്തുത റസ്റ്റ് ഹൗസ് നിർമ്മാണനടപടികൾ ത്വരിതപ്പെടുത്താമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വർക്കല പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് നിർമ്മാണത്തിന്റെ ഒന്നാംഘട്ടമായി ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണത്തിനായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റസ്റ്റ് ഹൗസിന്റെ നിർമ്മാണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ്, കെട്ടിട ഉപവിഭാഗം ആറ്റിങ്ങൽ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നുണ്ട്. സാങ്കേതികാനുമതി നൽകിയശേഷം ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനം

34(6384) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രവർത്തനം തൃപ്തികരമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണതോതിൽ സാക്ഷാത്കരിക്കുന്നതിന് നിലവിൽ സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ വകുപ്പുകളിൽനിന്നും ടെൻഡർ മുഖാന്തരം കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് പുറം കരാർ നൽകാറുണ്ടോ;

(ഡി) ഇപ്രകാരം പുറം കരാർ നൽകുമ്പോൾ പുറം കരാറുകാരൻ നടത്തുന്ന വർക്കുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കെ.എസ്.സി.സി.-ക്ക് സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർതലത്തിൽ എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്താറുണ്ട്. 2016 വരെ ദീർഘകാലമായി പ്രവർത്തനം വളരെ മോശമായിരുന്നു. ഇപ്പോൾ മെച്ചപ്പെട്ടുവരുന്നു. ലാഭത്തിൽ ആയിട്ടുണ്ട്. നിരവധി കുഴപ്പങ്ങൾ കണ്ടെത്തി തിരുത്തി വരുന്നു.

(ബി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിലവിൽ നേരിട്ടോ അല്ലാതെയോ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല. സർക്കാർ ചുമതലപ്പെടുത്തുന്നമുറയ്ക്ക് വിവിധ പ്രവൃത്തികളുടെ കൺസൾട്ടൻസിയും മേൽനോട്ടവും നിർവ്വഹിച്ചു വരുന്ന എസ്.പി.വി. ആയി നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

(സി) സർക്കാർ വകുപ്പുകളിൽനിന്നും ടെൻഡർ മുഖാന്തരം ഇപ്പോൾ പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല. എസ്.പി.വി. ആയിട്ടാണ് പ്രവർത്തിക്കുന്നത്.

(ഡി) ബാധകമല്ല.

**പൊതുമരാമത്ത്, രജിസ്ട്രേഷൻ വകുപ്പുകളിലെ തസ്തികകൾ**

35(6385) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിലും രജിസ്ട്രേഷൻ വകുപ്പിലുമായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; കാറ്റഗറി തിരിച്ചുള്ള വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ 321 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ തസ്തികകളൊന്നും

സൃഷ്ടിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ സൃഷ്ടിച്ചിട്ടുള്ള തസ്തികകളുടെ കാറ്റഗറി തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പൊതുമരാമത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥ സംവിധാനം**

36(6386) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ എത്ര ഡിവിഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ ;

(ബി) നിലവിലെ ഉദ്യോഗസ്ഥ സംവിധാനം വഴി പൊതുമരാമത്ത് ഇലക്ട്രിക്കൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പൊതുമരാമത്ത് നിരത്ത് വിഭാഗം എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിയോജകമണ്ഡലത്തിന് ഒരു സെക്ഷൻ എഞ്ചിനീയർ എന്ന അനുപാതം സൃഷ്ടിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 5 ഡിവിഷനുകളുണ്ട്.

(ബി) നിലവിലെ ഉദ്യോഗസ്ഥ സംവിധാനം വഴി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 28-6-2019-ലെ സ.ഉ.(കൈ) നമ്പർ 31/2019/പൊ.മ.വ. പ്രകാരം ഇലക്ട്രിക്കൽ വിഭാഗത്തിൽ 68 അധിക തസ്തികകൾ സൃഷ്ടിക്കുകയും 9-8-2019-ലെ സ.ഉ. (കൈ)നമ്പർ 37/2019/പൊ.മ.വ. പ്രകാരം പുതിയതായി രണ്ട് ഡിവിഷനുകളും രണ്ട് സബ് ഡിവിഷനുകളും ഏഴ് സെക്ഷനുകളും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുതിയതായി രൂപീകരിച്ച കാര്യാലയങ്ങളിൽ ആവശ്യമായ ലൈൻമാൻ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. പുതിയതായി രൂപീകരിച്ച കാര്യാലയങ്ങളിൽ പുതിയ തസ്തികകളെല്ലാം വിന്യസിച്ച് കഴിയുമ്പോൾ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയും.

(സി) ഇക്കാര്യത്തിൽ ശിപാർശയൊന്നും ലഭ്യമായിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്റ്റേറ്റ് ഹൈവേയിലെ ചേർക്കള-കണിയാർവയൽ ഭാഗത്തിന്റെ പുനരുദ്ധാരണം

37(6387) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ സാമ്പത്തിക പരിമിതിമൂലം ഉൾപ്പെടുത്തുവാൻ കഴിയാതെ പോയ തളിപ്പറമ്പ് - ഇരിട്ടി സ്റ്റേറ്റ് ഹൈവേയിലെ ചേർക്കള-കണിയാർവയൽ ഭാഗം വീതികൂട്ടി പുനരുദ്ധരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള പ്രധാനപ്പെട്ട ഈ റോഡ് പൂർണ്ണമായും യാത്രായോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) തളിപ്പറമ്പ് - ഇരിട്ടി സ്റ്റേറ്റ് ഹൈവേയിലെ ചേർക്കള-കണിയാർവയൽ റോഡിൽ വീതികൂട്ടി പുനരുദ്ധരിക്കുവാൻ നിലവിൽ പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല.

(ബി) ചേർക്കള-കണിയാർവയൽ ഭാഗത്ത് അറ്റകുറ്റപ്പണിക്ക് വേണ്ടി ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. എസ്.എൽ.ടി.എഫ്.2019-20 പ്രകാരം കി.മീ.1/000 മുതൽ 2/500 വരെ 10 ലക്ഷം രൂപയുടെ പ്രവൃത്തി തളിപ്പറമ്പ് സബ് ഡിവിഷൻ ഓഫീസിൽനിന്ന് ടെൻഡർ ചെയ്തിട്ടുണ്ട്. രണ്ട് പ്രാവശ്യം ടെൻഡർ ചെയ്തിട്ടും ആരും ഏറ്റെടുക്കാത്തതിനാൽ 22-11-2019-ന് തീയതി വച്ച് മൂന്നാമത്തെ പ്രാവശ്യം റീടെൻഡർ ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കെ.എൻ.ജി. റോഡിൽ നാടുകാണി ചുരത്തിലെ ഗതാഗത തടസ്സം

38(6388) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും കെ.എൻ.ജി. റോഡിലെ (കോഴിക്കോട്- നിലമ്പൂർ -ഗൂഡല്ലൂർ) നാടുകാണി ചുരത്തിൽ എത്ര ദിവസമാണ് ഗതാഗത തടസ്സം ഉണ്ടായത്; വ്യക്തമാക്കാമോ:

(ബി) എല്ലാ മഴക്കാലത്തും ചുരത്തിൽ മണ്ണിടിച്ചിലും മറ്റും കാരണം ഗതാഗത തടസ്സം ഉണ്ടാവാറുണ്ടോ; വിശദമാക്കാമോ;

(സി) അന്തർ സംസ്ഥാന പാതയായ കെ.എൻ.ജി. റോഡിൽ ഗതാഗത തടസ്സം ഉണ്ടായാൽ ബദൽ റോഡായി മുണ്ടേരി-അപ്പൻകാപ്-പന്തല്ലൂർ പാത ഉപയോഗിക്കുവാനാകുമോയെന്ന് പരിശോധിക്കുമോ;

(ഡി) കേവലം ഒന്നര കിലോമീറ്റർ ദൂരം മാത്രം വനഭൂമിയുള്ള ഈ റോഡിന്റെ സാധ്യതാ പഠനത്തിനായി തമിഴ്നാട് സർക്കാരുമായി ആശയ വിനിമയം നടത്തുന്നതിന് സർക്കാർ മുൻകൈ എടുക്കുമോ; വിശദമാക്കാമോ;

(ഇ) ഇതിനാവശ്യമായ നടപടികൾ ആരംഭിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉരുൾപൊട്ടലും മണ്ണിടിച്ചിലുംമൂലം കെ.എൻ.ജി. റോഡിലെ തേൻപാറ, തകരപ്പാടി എന്നീ സ്ഥലങ്ങളിൽ ആഗസ്റ്റ് 9 മുതൽ സെപ്റ്റംബർ 14 വരെ 37 ദിവസവും ജാറത്തിന് സമീപം റോഡ് പിളരുകയും താഴ്ന്ന് പോകുകയും ചെയ്തത് കാരണം സെപ്റ്റംബർ 19 മുതൽ ഒക്ടോബർ 2 വരെ 14 ദിവസവും ഗതാഗത തടസ്സമുണ്ടായി.

(ബി) ഉണ്ട്. ആയത് അടിയന്തരമായി നീക്കം ചെയ്യാറുണ്ട്.

(സി-ഇ) പരിശോധിക്കുന്നതാണ്.

**ചവറ മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകൾ**

39(6389) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റോഡുകളിൽ കിഫ്ബി ഏറ്റെടുത്ത് നിർമ്മാണം നടത്തുന്നവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) പൊതുമരാമത്ത് ഭരണാനുമതി നൽകിയ റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; അതിൽ നിർമ്മാണം പൂർത്തിയാക്കിയ റോഡുകൾ, നിർമ്മാണം ആരംഭിക്കാത്ത റോഡുകൾ, ഭാഗികമായി പണി പൂർത്തിയാക്കിയ റോഡുകൾ എന്നിവ ഏതൊക്കെയെന്ന് തരംതിരിച്ച് അറിയിക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കാൻ ബാക്കിയുള്ള റോഡുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ചവറ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ചവറ നിയോജകമണ്ഡലത്തിലെ കിഫ്ബി ഏറ്റെടുത്ത് നിർമ്മാണം നടത്തിവരുന്ന പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്:

1. വെറ്റമുക്ക് - തേവലക്കര
2. കുറ്റിവട്ടം - അരിനല്ലൂർ റോഡ്
3. തേവലക്കര – മൈനാഗപ്പള്ളി.

(സി) ചവറ നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയതും, അതിൽ നിർമ്മാണം പൂർത്തിയാക്കിയതും, നിർമ്മാണം ആരംഭിക്കാത്തതും ഭാഗമികമായി പണി പൂർത്തിയാക്കിയതുമായ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ചവറ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിക്കേണ്ട പൊതുമരാമത്ത് വകുപ്പ് റോഡുകൾ താഴെപ്പറയുന്നവയാണ്:

1. 2/2 സി.പി.-യും 1/8 കെ.എ. റോഡ്
2. ഇടപ്പള്ളിക്കോട്ട – ബാലഭട്ടേശ്വരം റോഡ്
3. വലിയത്ത് മുക്ക് - പടപ്പനാൽ റോഡ്
4. പന്മന ആശ്രമം - പനയന്നാർ കാവ് റോഡ്.

**ആലുവ തടിയിട്ട പറമ്പ്-വല്ലം കടവ് റോഡ്**

40(6390) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന തടിയിട്ടപറമ്പ്-വല്ലംകടവ് റോഡിന്റെ ദൂരവും പേരും പുനഃക്രമീകരിക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡ് ഡയറക്ടർക്ക് നൽകിയ E-3521090/M (PWD&R)/19 നമ്പർ കത്തിൽ എന്തെങ്കിലും ഉത്തരവ് കേരള റോഡ് ഫണ്ട് ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ടോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇല്ലെങ്കിൽ ഇതിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ?

ഉത്തരം

(എ&ബി) 2017-18 ബഡ്ജറ്റ് പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തടിയിട്ടപറമ്പ്-വല്ലംകടവ് റോഡിന്റെ പേര് "ദേശം-വല്ലംകടവ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ" എന്ന് പുനർനാമകരണം ചെയ്ത് പുതുക്കിയ ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള റോഡ് ഫണ്ട് ബോർഡ്, പ്രോജക്റ്റ് ഡയറക്ടർ 19-11-2019-ൽ സർക്കാരിൽ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം-പരിയാപുരം റോഡിന് ഫണ്ട്**

41(6391) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ അങ്ങാടിപ്പുറം-പരിയാപുരം റോഡിന് നബാർഡ് ആർ.ഐ.ഡി.എഫ്.-XXV പദ്ധതിയിൽനിന്നും ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള ശിപാർശ നബാർഡിലേക്ക് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ നബാർഡിലേക്ക് നൽകിയിട്ടുള്ള മറ്റ് പ്രവൃത്തികളുടെ അടക്കമുള്ള സീനിയോറിറ്റി പട്ടികയുടെ വിശദാംശങ്ങൾ നൽകാമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് അനുമതി ലഭ്യമാക്കാമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) നബാർഡിലേയ്ക്ക് നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി) അനുമതി ലഭ്യമായിട്ടില്ല.

**മങ്കട മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണം**

42(6392) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട അലൈൻമെന്റ് ഓപ്ഷന് കേന്ദ്ര ഉപരിതല

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗതാഗത മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിക്കുന്നതിന് നിലവിൽ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) 2016-17 ബജറ്റിൽ ഉൾപ്പെടുത്തിയ പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിന് അനുവദിച്ച തുകയിൽ നിന്നും എത്ര രൂപ നിലവിൽ ചെലവ് വന്നിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) 2016-17-ൽ പ്രഖ്യാപിച്ച ടി പദ്ധതി നാളിതുവരെ നടപ്പാക്കാൻ സാധിക്കാത്തത് സർക്കാർ ഗൗരവമായി എടുക്കുമോ;

(ഡി) കേന്ദ്ര മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ബൈപ്പാസ് ദേശീയപാത 966 (പഴയ എൻ.എച്ച്. 213)-ൽ വരുന്നതാണ്. പ്രസ്തുത ബൈപ്പാസ് 45 മീറ്റർ സ്ഥലമെടുത്ത് നാലുവരി പാതയായി നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനവും പദ്ധതി രൂപരേഖയും തയ്യാറാക്കുന്ന കൺസൾട്ടന്റായി M/s KITCO Ltd. Kochi-ക്ക് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും അനുമതി ലഭിക്കുകയും പ്രസ്തുത പ്രവൃത്തി നടന്നുവരുന്നതുമാകുന്നു. ബൈപ്പാസിന്റെ അലൈൻമെന്റ് ഓപ്ഷന്റെ പ്രസന്റേഷനുള്ള തീയതിക്കായി കേന്ദ്ര മന്ത്രാലയത്തിൽ അപേക്ഷിച്ചിട്ടുണ്ട്. മന്ത്രാലയത്തിൽനിന്നുള്ള മറുപടി നാളിതുവരെ ലഭിച്ചിട്ടില്ല.

(ഡി) കേന്ദ്ര മന്ത്രാലയത്തിൽനിന്നും അനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**കോന്നി മണ്ഡലത്തിലെ റോഡുകളുടെ നവീകരണം**

43(6393) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോന്നി നിയോജക മണ്ഡലത്തിൽ ഏതെല്ലാം റോഡുകളുടെ നവീകരണത്തിനാണ് ഭരണാനുമതി നല്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇനി ഏതെല്ലാം റോഡുകളുടെ നവീകരണത്തിനാണ് ഭരണാനുമതി ലഭ്യമാകാനുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഓരോ റോഡിനും എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോന്നി നിയോജകമണ്ഡലത്തിൽ ചുവടെപ്പറയുന്ന റോഡുകളുടെ നവീകരണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്:

1. കോന്നി മെഡിക്കൽ കോളേജ് റോഡ് പുനരുദ്ധാരണം
2. കുമ്പഴ-മല്ലശ്ശേരി-പ്രമാടം കോന്നി-ളാക്കൂർ റോഡ് അഭിവൃദ്ധിപ്പെടുത്തൽ
3. ചിറ്റാർ-പുലൻപാറ റോഡ് കി.മീ.0/000-1/500 വരെ അഭിവൃദ്ധിപ്പെടുത്തൽ
4. വകയാർ-വള്ളിക്കോട്-കൈപ്പട്ടൂർ റോഡിൽ കി.മീ. 0/000 മുതൽ 12/000 വരെ പുനരുദ്ധാരണം ചെയ്യൽ
5. കല്ലേലി-ഊട്ടുപാറ റോഡിൽ കി.മീ.0/000 മുതൽ 3/500 വരെ പുനരുദ്ധാരണം ചെയ്യൽ
6. ചന്ദനപ്പള്ളി-മാമ്മൂട് റോഡിൽ ബി.എം. ആന്റ് ബി.സി. റോഡ് നിർമ്മാണം
7. കുരിശ്ശുമൂട്-വി-കോട്ടയം റോഡ് കി.മീ. 0/000 -2/700
8. പുനരുദ്ധാരണ പ്രവൃത്തികൾ-അട്ടച്ചാക്കൽ-കുമ്പളാംപൊയ്ക റോഡ് (12 കി.മീ.)
9. പുനരുദ്ധാരണ പ്രവൃത്തികൾ - കലഞ്ഞൂർ-പാടം റോഡിൽ ബി.എം. ആന്റ് ബി.സി. ചെയ്യൽ
10. അച്ചൻകോവിൽ-പ്ലാപ്പള്ളി റോഡ്
11. പ്ലാപ്പള്ളി-ആങ്ങമൂഴി-ചിറ്റാർ-വടശ്ശേരിക്കര റോഡിൽ പ്ലാപ്പള്ളി മുതൽ ആങ്ങമൂഴി വരെ 7 കി.മീ. ദൂരം ബി.എം.ബി.സി. പ്രവൃത്തികൾ
12. കായംകുളം-പത്തനാപുരം റോഡ്. കി.മീ.36/420 – 42/500 വരെ 6.08 കി.മീ. ബി.സി. ഓവർലെയും 27/050-36/120 വരെ ഡ്രൈനേജ് പ്രവൃത്തിയും
13. മൈലപ്ര-മേക്കൊഴൂർ-ഇടക്കര റോഡ്-ബി.എം. ആന്റ് ബി.സി. പ്രവൃത്തികൾ

(ബി) ഭരണാനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള ചുവടെപ്പറയുന്ന 3 പ്രവൃത്തികളുടെ പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്:

1. ബഡ്ജറ്റ് വർക്ക് 2019-20 കാഞ്ഞരപ്പാറ കിഴക്കുംപുറം - വടക്കുംപുറം വെട്ടൂർ റോഡ് ചെ. 1/600 മുതൽ ചെ.5/300 വരെ ബി.എം. ആന്റ് ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ

2. ബഡ്ജറ്റ് വർക്ക് - 2019-20 താന്നിമൂട് മൂഴി കരിമൺതോട് റോഡ് ചെ. 4/000 മുതൽ ചെ. 6/2000- വരെ ബി.എം. ആന്റ് ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ

3. ബഡ്ജറ്റ് വർക്ക് - 2019-20 പയ്യനാമം കുപ്പക്കാര റോഡ് ചെ.0/000 മുതൽ ചെ.1/700 വരെ അഭിവൃദ്ധിപ്പെടുത്തൽ

(സി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വേങ്ങര മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം**

44(6394) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെയും 2019-ലെയും പ്രളയത്തിൽ വേങ്ങര നിയോജകമണ്ഡലത്തിൽ ഏതൊക്കെ പൊതുമരാമത്ത് റോഡുകളാണ് തകർന്നതെന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരമുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച വേങ്ങര നിയോജകമണ്ഡലത്തിലെ റോഡുകളുടെ പേര് ചുവടെ കൊടുക്കുന്നു:

1. ഒതുക്കുങ്ങൾ-ചെറുകുന്ന്-അരിച്ചോൾ ആഗോൾ റോഡ്

2. ചേറ്റൂർ-കിളിനക്കോട്-പാറക്കണ്ടി റോഡ്

3. കാരാത്തോട്-പുള്ളിക്കല്ല്-ചേറ്റൂർ റോഡ്

4. ഊരകം-നടുവക്കാട്-നെടിയിരിപ്പ് റോഡ്

5. ഒതുക്കുങ്ങൾ-പാണക്കാട് റോഡ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

6. അധികാരിത്തൊടി-കുറ്റാളൂർ റോഡ്
7. കോട്ടക്കൽ-ചാപ്പനങ്ങാടി റോഡ്
8. വേങ്ങര-കച്ചേരിപ്പടി-കക്കാട്ടുംപുറം റോഡ്
9. എടരിക്കോട്-പറപ്പൂർ-വേങ്ങര റോഡ്
10. ഒതുക്കങ്ങൾ വേങ്ങര റോഡ്
11. വേങ്ങര-കുന്നുംപുറം റോഡ്
12. അച്ചനമ്പലം-കൂരിയാട് റോഡ്.

2019-ലെ പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച വേങ്ങര നിയോജകമണ്ഡലത്തിലെ റോഡുകളുടെ പേര് ചുവടെ കൊടുക്കുന്നു:

1. പള്ളിപ്പടി-കീരൻകുന്ന് റോഡ്
2. ഒതുക്കങ്ങൽ-വേങ്ങര റോഡ്
3. കോട്ടക്കൽ-പറപ്പൂർ-വേങ്ങര റോഡ്
4. മമ്പുറം ലിങ്ക് റോഡ്
5. അച്ചനമ്പലം കൂരിയാട് റോഡ്.

(ബി) തുക അനുവദിച്ചിട്ടുണ്ട്. 2018-ൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് 243.5 ലക്ഷം രൂപയും 2019-ലെ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് 155 ലക്ഷം രൂപയും എസ്.എൽ.ടി.എഫ്. പ്രവൃത്തിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്.

**ശബരിമല പാക്കേജിൽ ഉൾപ്പെടുത്തിയ റോഡുകൾ**

45(6395) <u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ തീർത്ഥാടന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി ശബരിമല പാക്കേജിൽ ഉൾപ്പെടുത്തുന്നതിനായി ഹൈക്കോടതി നിർദ്ദേശിച്ച റോഡുകൾ ഏതെല്ലാമായിരുന്നു;

(ബി) ശബരിമല ഉത്സവകാലത്തിനുമുമ്പ് പ്രവൃത്തി പൂർത്തീകരിച്ച മറ്റു പ്രധാന റോഡുകളും അനുബന്ധ റോഡുകളും ഏതെല്ലാമായിരുന്നു; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ച റോഡുകൾ താഴെപ്പറയുന്നവയാണ്:

1. മണ്ണാറകുളഞ്ഞി വടശ്ശേരിക്കര പൂവത്തുമൂട്, പ്ലാപ്പള്ളി, ചാലക്കയം റോഡ്
2. എരുമേലി, മുക്കൂട്ടുതറ, പമ്പാവാലി, കാരമല, തുലാപ്പള്ളി, പ്ലാപ്പള്ളി റോഡ്
3. എരുമേലി, മുക്കട, ഇടമൺ, അത്തിക്കയം, പൂവത്തുംമൂട് റോഡ്
4. പ്ലാപ്പള്ളി, അങ്ങാമൂഴി, ചിറ്റാർ, വടശ്ശേരിക്കര റോഡ്
5. ചെങ്ങന്നൂർ, പന്തളം, കടക്കാട്, കൈപ്പട്ടൂർ, പത്തനംതിട്ട റോഡ്
6. ചെങ്ങന്നൂർ, ആറന്മുള, പത്തനംതിട്ട റോഡ്
7. പന്തളം, അടൂർ, തട്ട, കൈപ്പട്ടൂർ, പത്തനംതിട്ട റോഡ്
8. തിരുവല്ല, ഇരവിപേരൂർ, കോഴഞ്ചേരി, പത്തനംതിട്ട റോഡ്
9. റാന്നി, ചെത്തോംകര, അത്തിക്കയം റോഡ്
10. റാന്നി, മന്ദ്രാംപടി, വടശ്ശേരിക്കര റോഡ്
11. റാന്നി, പ്ലാച്ചേരി, മുക്കട റോഡ്
12. കൊട്ടാരക്കര, അടൂർ റോഡ്
13. കോഴഞ്ചേരി റാന്നി റോഡ്
14. പുനലൂർ, പത്തനാപുരം, മൈലപ്ര റോഡ്
15. പുനലൂർ, തെന്മല, ആര്യങ്കാവ് റോഡ്
16. തെന്മല, കുളത്തുപ്പുഴ റോഡ്
17. ചാലക്കയം പമ്പ റോഡ്.

(ബി) ശബരിമല ഉത്സവകാലത്തിനുമുമ്പ് പുരോഗമിക്കുന്നതും പൂർത്തീകരിച്ചതുമായ മറ്റ് പ്രധാന റോഡുകളുടെ പ്രവൃത്തി വിവരങ്ങൾ ചുവടെ ചേർക്കുന്നു:

പത്തനംതിട്ട ജില്ല

തങ്ക-അങ്കി കടന്നുപോകുന്ന പാതകളായ കോഴഞ്ചേരി മാർക്കറ്റ്-മരോട്ടിമുക്ക്-മേലുകര-കീഴുകര റോഡ്, മൈലപ്ര-മേക്കൊഴൂർ-ഇടക്കര റോഡ്, ഏഴംകുളം-ഏനാത്ത് റോഡ് എന്നീ റോഡുകളുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. കായംകുളം-പത്തനാപുരം റോഡ് കി.മീ.36/420-42/500 വരെ 6.08 കി.മീ. ബി.സി. ഓവർലെയും 27/050-36/120 വരെ ഡ്രൈനേജ് പ്രവൃത്തിയും ആരംഭിച്ചു. റോഡുകൾ ഗതാഗതയോഗ്യമാണ്.

കോട്ടയം ജില്ല

കോട്ടയം ജില്ലയിലെ പ്രധാന റോഡായ ചങ്ങനാശ്ശേരി-വാഴൂർ റോഡ് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. മറ്റക്കര-കുമണ്ണൂർ റോഡിലെയും ഏറ്റുമാനൂർ-പൂഞ്ഞാർ റോഡിലെയും പ്രവൃത്തികൾ പൂർത്തീകരണത്തോടടുക്കുന്നു.

ഇടുക്കി ജില്ല

പീരുമേട്-ദേവികുളം റോഡ്, മൂന്നാർ-കുമിളി റോഡ്, നോർത്തേൺ ഔട്ട് ലെറ്റ് റോഡ് എന്നിവ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. ഇവയുടെ പണി പൂർത്തീകരിച്ചുവരുന്നു. പുളിയൻമല-കമ്പംമെട്ട് റോഡ് പണിപൂർത്തീകരിച്ചു.

ആലപ്പുഴ ജില്ല

ശബരിമല ഉത്സവത്തിന് മുമ്പ് അമ്പീരത്തുപ്പടി-കുത്തിയതോട് റോഡ്, കോയിക്കൽമുക്ക്-കുത്തിയതോട് റോഡ് ബി.എം. ആന്റ് ബി.സി. ചെയ്ത് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. കൃഷ്ണപുരം-ചൂനാട് റോഡ് ബി.എം. പൂർത്തീകരിച്ചു. കോട്ടപ്പുഴക്കൽ-തഴവ റോഡിൽ ഡബ്ല്യു.എം.എം. പൂർത്തീകരിച്ചു.

കൊല്ലം ജില്ല

കൊല്ലം ജില്ലയിലെ കൊല്ലം ജില്ല-മൈലം-പട്ടാഴി റോഡ് കൊല്ലം ജില്ല-കല്ലുവാതുക്കൽ-ചെങ്കുളം-വേളമാനൂർ റോഡ് എന്നീ റോഡിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു. നിലവിൽ സഞ്ചാരയോഗ്യമാണ്.

തിരുവനന്തപുരം ജില്ല

വഴയില-പാലോട് റോഡ്, മണ്ണന്തല-തൈക്കോട് റോഡ് എന്നീ റോഡുകളിലെ നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു.

എറണാകുളം ജില്ല

മൂവാറ്റുപുഴ-അച്ചൻ കവല റോഡ്, മുളംതുരുത്തി-കാഞ്ഞിരമറ്റം റോഡ്, പേപ്പാത്തിപ്പാറ എന്നീ റോഡുകളിലെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## വേങ്ങര മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകൾ

46(6396) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20-ലെ ബജറ്റിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകൾക്ക് വേങ്ങര മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വേങ്ങര നിയോജക മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്ക് ബജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഈ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 2019-20-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി വേങ്ങര മണ്ഡലത്തിൽ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.

(ബി) വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## മെയിൻ സെൻട്രൽ റോഡിന്റെ നവീകരണ പ്രവൃത്തികൾ

47(6397) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെയിൻ സെൻട്രൽ റോഡിന്റെ നവീകരണ പ്രവൃത്തികൾ എത്ര ഘട്ടങ്ങളായി നടന്നുവരുന്നു എന്നും ഓരോ ഘട്ടങ്ങളുടെയും നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ;

(ബി) നവീകരണം നടന്ന സ്ഥലങ്ങളിലെ പഴയ ഭാഗങ്ങൾ ശരിയായി സംരക്ഷിക്കാത്തത്മൂലം അനധികൃത കയ്യേറ്റങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭാഗങ്ങൾ സംരക്ഷിച്ച് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ നിലനിർത്തുന്നതിനുള്ള ചുമതല നൽകിയിട്ടുള്ളത് ആർക്കാണ്; സംരക്ഷണത്തിനായി അവർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ എം.സി. റോഡ് നവീകരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) റോഡിന്റെ പല ഭാഗങ്ങളിലും അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇരുവശങ്ങളിലുമായി വഴിയോര കച്ചവടം, കെട്ടിടത്തിന്റെ ഇറക്കുകൾ മറ്റ് നിർമ്മിതികൾ തുടങ്ങിയവ കാണപ്പെടുന്നു. നവീകരണം നടത്തിയ ഭാഗങ്ങളിൽ അനധികൃത കയ്യേറ്റങ്ങൾ പല പ്രാവശ്യം ഒഴിപ്പിച്ചിട്ടുള്ളതാണ്.

(സി) പ്രസ്തുത ഭാഗങ്ങൾ സംരക്ഷിച്ച് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ നിലനിർത്തുന്നതിനുള്ള ചുമതല വകുപ്പിലെ എഞ്ചിനീയർമാർക്കാണ്. കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള ഭാഗത്ത് മാതൃകാ സുരക്ഷിത ഇടനാഴിയിൽ ഉൾപ്പെടുത്തി റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ റോഡിന്റെ അതിർത്തി നിർണ്ണയിച്ചുവരുന്നു. കയ്യേറ്റങ്ങൾ അടയാളപ്പെടുത്തിയ സ്കെച്ച് റവന്യൂ വകുപ്പിൽനിന്നും ലഭിക്കുന്നതനുസരിച്ച് കയ്യേറ്റക്കാർക്ക് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഒഴിപ്പിക്കൽ നോട്ടീസ് നൽകുകയും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതുമാണ്.

**ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് പുതുക്കിപ്പണിയുവാൻ നടപടി**

48(6398) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് വെള്ളം കയറാത്ത രീതിയിൽ ഉയർത്തി പുതുക്കിപ്പണിയുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് എന്ത് ചെലവാണ് പ്രതീക്ഷിക്കുന്നതെന്നും നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിലുള്ള ഏതെങ്കിലും പാലങ്ങൾ പുതുക്കിപ്പണിയുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പാലങ്ങളാണ് പുതുക്കിപ്പണിയുന്നത് എന്നറിയിക്കാമോ;

(ഡി) ഈ റോഡിൽ ചങ്ങനാശ്ശേരിയിലെ പെരുന്ന ഭാഗത്തുള്ള ആവണി കലുങ്ക് അശാസ്ത്രീയമായി നിർമ്മിച്ചതുമൂലം ഈ ഭാഗത്ത് മഴക്കാലത്ത് വെള്ളപ്പൊക്കമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) റോഡ് പുനർനിർമ്മാണത്തിന്റെ ഭാഗമായി ഈ കലുങ്ക് പുതുക്കിപ്പണിയുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് വെള്ളം കയറാത്ത രീതിയിൽ ഉയർത്തി പുതുക്കിപ്പണിയുവാൻ തീരുമാനിച്ചിട്ടുണ്ട്. 2-7-2019-ലെ സ.ഉ.(കൈ) നമ്പർ 212/2019/റവ. ഉത്തരവ് പ്രകാരം ഈ റോഡ് റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും പ്രതീക്ഷിത ചെലവായ 350 കോടി രൂപ വികസന നയ വായ്പ പ്രകാരം ലഭിക്കുന്ന തുകയിൽനിന്നും കണ്ടെത്താനുമാണ് ഉത്തരവായിട്ടുള്ളത്.

(ബി) ടി പ്രവൃത്തിയുടെ പ്രതീക്ഷിത ചെലവ് 350 കോടി രൂപയാണ്. പദ്ധതിയുടെ രൂപരേഖ പൊതുമരാമത്ത് ഡിസൈൻ വിംഗ് തയ്യാറാക്കിവരികയാണ്. ഡിസൈൻ പൂർത്തീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ യഥാർത്ഥ നിർമ്മാണച്ചെലവ് കൃത്യമായി കണക്കാക്കാനും എന്നത്തേയ്ക്ക് നിർമ്മാണം ആരംഭിക്കാമെന്നും പറയുവാനും സാധിക്കുകയുള്ളൂ.

(സി) പുതുക്കി പണിയുവാൻ ഉദ്ദേശിക്കുന്ന പാലങ്ങളുടെ രൂപരേഖ പൊതുമരാമത്ത് ഡിസൈൻ വിംഗ് തയ്യാറാക്കിവരികയാണ്. അത് ലഭിച്ചാൽ മാത്രമേ പുതുക്കി പണിയുവാൻ ഉദ്ദേശിക്കുന്ന പാലങ്ങളുടെ വിവരങ്ങൾ നൽകുവാൻ സാധിക്കുകയുള്ളൂ.

(ഡി) പെരുന്ന ഭാഗത്തുള്ള ആവണി കലുങ്ക് ഭാഗത്ത് മഴക്കാലത്ത് വെള്ളക്കെട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

**ആലുവയിലെ വെടിമറ-അത്താണി റോഡ് നിർമ്മാണം**

49(6399) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ ആലുവ മണ്ഡലത്തിലെ കുട്ടമശ്ശേരി-ചാലയ്ക്കൽ തടിയിട്ട പറമ്പ് റോഡിന് പകരം വെടിമറ-അത്താണി റോഡ് എന്ന് പേര് മാറ്റിനല്കുന്നതിന് പ്രസ്തുത മണ്ഡലത്തിലെ എം.എൽ.എ. നൽകിയ അപേക്ഷയിൽ എന്തെങ്കിലും ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഈ അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഉത്തരം

(എ & ബി) ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ, ആലുവ മണ്ഡലത്തിലെ കുട്ടമശ്ശേരി-ചാലയ്ക്കൽ തടിയിട്ട പറമ്പ് റോഡിന് പകരം വെടിമറ-അത്താണി റോഡ് എന്ന പ്രവൃത്തിക്കായി മാറ്റി ഭരണാനുമതി നൽകുന്നതിന് പ്രസ്തുത മണ്ഡലത്തിലെ എം.എൽ.എ. നൽകിയ അപേക്ഷ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## കണ്ണൂർ ജില്ലയിൽ നബാർഡ് സഹായത്തോടെ റോഡ് നവീകരണം

50(6400) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടെ പി.ഡബ്ള്യൂ.ഡി. റോഡ് നവീകരണത്തിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ നബാർഡ് പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ ഏതെല്ലാം റോഡ് പ്രവൃത്തികളാണ് പരിഗണിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പുലികുറുമ്പ-പുറഞ്ഞാൽ റോഡ് നബാർഡിന്റെ സഹായത്തോടെ പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നബാർഡ് പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ ചുവടെ ചേർക്കുന്ന റോഡ് പ്രവൃത്തികളാണ് പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുന്നത്:

NABARD PROPOSAL 2019

| Sl. No. | Name of Work | Amount (Lakhs) |
|---|---|---|
| 1 | Improvements to Madathil Koomanthod Road Km0/00 to 5/290 | 700.00 |
| 2 | Widening and Improvements to Chekyattukavu Erinhikkadavu - Koralay road Km 0/000 to 3/000 and Poomangalam -Poonam road Km 0/000 to 1/000 by providing BM & BC in Kannur District. | 500.00 |
| Total | | 1200.00 |

(സി) പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ഇടപ്പള്ളി-മൂവാറ്റുപുഴ റോഡ് നിർമ്മാണം

51(6401) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടപ്പള്ളി-മൂവാറ്റുപുഴ റോഡിന്റെ ടെണ്ടർ നടപടി പൂർത്തിയായെങ്കിലും നിർമ്മാണ പ്രവൃത്തികൾ ഇനിയും ആരംഭിച്ചിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) 5-9-2019-ൽ തീയതിയിൽ കരാറുകാരന് സൈറ്റ് കൈമാറുകയും ഇനിഷ്യൽ ലെവൽസ് എടുക്കുകയും ചെയ്തിട്ടുണ്ട്. ലെവൽ റിപ്പോർട്ട് ചെയ്താൽ ഉടൻതന്നെ പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

## ആലത്തൂർ മണ്ഡലത്തിൽ ഭരണാനുമതിയുള്ള റോഡ് പ്രവൃത്തികൾ

52(6402) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റിൽ ഇരുപതുശതമാനം തുക വകയിരുത്തിയ എതെല്ലാം റോഡുകളാണ് ആലത്തൂർ നിയോജക മണ്ഡലത്തിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം പ്രവത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെന്നും പ്രവൃത്തി ആരംഭിച്ച റോഡുകൾ ഏതെല്ലാമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ-സി) 2019-20 ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിരുന്നതും ആലത്തൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്നതുമായ 'അണക്കപ്പാറ-മുടപ്പല്ലൂർ റോഡ് കി.മീ. 0/000 മുതൽ 4/000 വരെ അഭിവൃദ്ധിപ്പെടുത്തലും ബി.എം. ആന്റ് ബി.സി.-യും' എന്ന പ്രവൃത്തിയുടെ 5 കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു. ആയതിൽ ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

## പട്ടാമ്പി മണ്ഡലത്തിൽ വൺ ടൈം സെറ്റിൽമെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ

53(6403) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി മണ്ഡലത്തിൽ വൺ ടൈം സെറ്റിൽമെന്റിൽ ഉൾപ്പെടുത്തി നവീകരണം നടത്തിയിട്ടുള്ള റോഡുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്ന വിഭാഗത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫണ്ടുകളൊന്നും അനുവദിച്ചിട്ടില്ല.

## പട്ടാമ്പി മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകൾ

54(6404) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. യുടെ അധീനതയിൽ ഉള്ള റോഡുകളുടെ വിശദവിവരങ്ങളും അവയുടെ നിലവിലുള്ള അവസ്ഥയും വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളിൽ അടിയന്തരമായി പുനർനിർമ്മിക്കേണ്ടതോ അല്ലെങ്കിൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടതോ ആയിട്ടുള്ള റോഡുകൾ ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## മാനന്തവാടി-കണ്ണൂർ എയർപോർട്ട് കണക്ടിവിറ്റി റോഡ്

55(*T6405) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ എയർപോർട്ടുമായി ബന്ധിപ്പിക്കുന്നതിന് മാനന്തവാടിയിൽ നിന്നും എയർപോർട്ട് കണക്ടിവിറ്റി റോഡ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*T- മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

വനപ്രദേശം ഒഴികെയുള്ള മാനന്തവാടി-ബോയ്സ് ടൗൺ-പേരാവൂർ-ശിവപുരം-മട്ടന്നൂർ റോഡ് കിഫ്ബിയിൽ ഉൾപ്പെടുത്തി നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി. പ്രസ്തുത പാതയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ബാംഗ്ലൂർ ആസ്ഥാനമായിട്ടുള്ള ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കർണ്ണാടക) ലിമിറ്റഡ് (iDeCK) എന്ന കൺസൾട്ടൻസി കമ്പനിയെ തെരഞ്ഞെടുക്കുകയും അവരുമായി കരാറിൽ ഏർപ്പെടുകയും, തുടർന്ന് കൺസൾട്ടന്റ് പദ്ധതി രൂപരേഖ തയ്യാറാക്കി വരികയുമാണ്.

**പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ ഔട്ടർ റിംഗ് റോഡ് നിർമ്മാണം**

56(6406) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ ഔട്ടർ റിംഗ് റോഡ് നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര മീറ്റർ വീതിയിലാണ് വികസിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ വിശദമായ പ്ലാനും ഡി.പി.ആർ.-ഉം തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) റോഡിന്റെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിക്കായി എത്ര തുക അനുവദിച്ചുവെന്നും പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ 80 കി.മീ. നീളത്തിലും 70 മീറ്റർ വീതിയിലും NHAI മുഖേന ഔട്ടർ റിംഗ് റോഡ് നിർമ്മിക്കാൻ സ.ഉ.(സാധാ) 181/2019/പൊ.മ.വ. തീയതി 4-2-2019 പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 100 ശതമാനം നിർമ്മാണച്ചെലവും 50 ശതമാനം ഭൂമി ഏറ്റെടുക്കൽ ചെലവും NHAI വഹിക്കുന്ന രീതിയിലാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. 4-2-2019-ലെ ഉത്തരവ് ഭാഗികമായി പുതുക്കി സ.ഉ. (സാധാ) നമ്പർ 562/2019/പൊ.മ.വ. തീയതി 8-5-2019 പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധം I, II ആയി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി & സി) പ്രസ്തുത പദ്ധതിക്ക് ഉപരിതല ഗതാഗത വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ഗതാഗത ഹൈവേ വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. മാത്രമല്ല പ്രസ്തുത റോഡിന്റെ അലൈൻമെന്റ് ഫിക്സ് ചെയ്യാനും, ഭൂമി ഏറ്റെടുക്കൽ ആരംഭിക്കാനും തിരുവനന്തപുരം സന്ദർശിക്കണമെന്ന് അഭ്യർത്ഥിച്ച് കേന്ദ്ര ഗതാഗത ഹൈവേ വകുപ്പ് ജോയിന്റ് സെക്രട്ടറിക്കും കത്ത് നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായാൽ മാത്രമേ ഡി.പി.ആർ. തയ്യാറാക്കാൻ എൻ.എച്ച്.എ.ഐ.-യോട് ആവശ്യപ്പെടാനാകൂ.

**കുണ്ടമൺകടവ്-പേയാട് റോഡ് സഞ്ചാരയോഗ്യമാക്കൽ**

57(6407) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പൂജപ്പുര മുതൽ കുണ്ടമൺകടവ്-പേയാട് വരെയുള്ള റോഡ് മാസങ്ങളായി സഞ്ചാരയോഗ്യമല്ലാതെ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിൽ ടാറിംഗ് നടത്തി സഞ്ചാര യോഗ്യമാക്കുന്നതിന് പകരം റോഡിലെ കുഴികൾ അടക്കുവാൻ മണ്ണിട്ടതിന്റെ ഫലമായി പൊടിപടലംമൂലം സ്കൂൾ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള വഴിയാത്രക്കാർക്കും റോഡിന്റെ ഇരുവശങ്ങളിലുമുള്ള കച്ചവടക്കാർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡ് ടാറിംഗ് നടത്താത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; റോഡ് എത്രയും വേഗം ടാറിംഗ് നടത്തി സഞ്ചാര യോഗ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ പൂജപ്പുര മുതൽ കുണ്ടമൺകടവ്-പേയാട് വരെയുള്ള റോഡിൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രസ്തുത റോഡ് നവീകരിക്കുന്നതിന് RICK-നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നിരുന്നാലും ടി പദ്ധതി നടപ്പിലാക്കുന്നത് വരെയുള്ള കാലയളവിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനാണ്. കുണ്ടമൺകടവ് പാലം മുതൽ പേയാട് വരെയുള്ള ഭാഗത്തെ റോഡിന്റെ ബി.എം. ആന്റ് ബി.സി. പ്രവൃത്തികൾ ചെയ്ത് നവീകരിക്കുന്നതിനുള്ള 4.95 കോടി രൂപയുടെ പ്രവൃത്തി ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) തുടർച്ചയായ മഴമൂലം ഉണ്ടായ കുഴികൾ വാഹന യാത്രക്കാർക്ക് ഭീഷണി ആയതിനെത്തുടർന്നാണ് റോഡിലുണ്ടായ കുഴികളിൽ മണ്ണ് ഇടേണ്ടി വന്നത്. വെറ്റ് മിക്സ് മെക്കാടം ഉപയോഗിച്ച് പൂർത്തിയാക്കുന്നതോടുകൂടി പ്രസ്തുത പരാതി പരിഹരിക്കപ്പെടുന്നതാണ്.

(സി) ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത റോഡ് ടാർ ചെയ്ത് ഗതാഗതയാഗ്യമാക്കുന്നതാണ്. കൂടാതെ പൂജപ്പുര മുതൽ പള്ളിമുക്ക് വരെയുള്ള ഭാഗം ഗതാഗതയോഗ്യമാക്കുന്നതിന് 10 ലക്ഷം രൂപയുടെ പ്രവൃത്തി പുനർദർഘാസ് നടപടികളിലാണ്.

**തിരുവനന്തപുരം നഗരത്തിലെ മേൽപ്പാലനിർമ്മാണം**

58(6408) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ നിർദ്ദിഷ്ട മേൽപ്പാലങ്ങളായ പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നിവയ്ക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പുൾപ്പെടെയുള്ള നടപടിക്രമങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയാണോ പ്രസ്തുത പദ്ധതിക്ക് അനുമതി നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) സാങ്കേതിക അനുമതി ലഭിച്ചിട്ടില്ലായെങ്കിൽ ആയത് എന്നേയ്ക്ക് നൽകാൻ കഴിയും എന്നറിയിക്കാമോ;

(ഡി) ഈ പദ്ധതിക്ക് ഏതെങ്കിലും രീതിയിലുള്ള കൺസൾട്ടൻസി കരാർ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) പ്രസ്തുത മേൽപ്പാല നിർമ്മാണ പദ്ധതിക്ക് എന്നേയ്ക്ക് തുടക്കം കുറിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നിടങ്ങളിലെ നിർദ്ദിഷ്ട മേൽപ്പാലങ്ങൾക്കുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. സാമൂഹികാഘാത പഠനം മൂന്നിടത്തും പൂർത്തിയായിട്ടുണ്ട്. ശ്രീകാര്യം മേൽപ്പാലത്തിനാവശ്യമായ സ്ഥലമെടുപ്പിനുള്ള പ്രാഥമിക വിജ്ഞാപനം

ജില്ലാകളക്ടർ പുറപ്പെടുവിക്കുകയും തുടർന്ന് സർവ്വെ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി & സി) പ്രസ്തുത പദ്ധതിക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതിക്ക് അനുമതി നൽകിയിരിക്കുന്നത്.

(ഡി) പദ്ധതിക്കുള്ള സാങ്കേതിക കൺസൾട്ടന്റിനെ തെരഞ്ഞെടുത്ത് നിയമിക്കുന്നതിലേയ്ക്കായുള്ള ഇ-ടെൻഡർ 2019 ജൂലൈ 3-ന് പ്രസിദ്ധീകരിക്കുകയും പ്രസ്തുത ടെൻഡറിൽ 8 സ്ഥാപനങ്ങൾ പങ്കെടുക്കുകയും ചെയ്തു. ടെൻഡർ നടപടികൾ ഉടൻ പൂർത്തിയാക്കി കൺസൾട്ടന്റിനെ നിയമിക്കുന്നതാണ്.

(ഇ) പ്രസ്തുത മേൽപ്പാല നിർമ്മാണ പദ്ധതിക്ക് ആവശ്യമായ സ്ഥലമെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.

**പൊതുമരാമത്ത് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ**

59(6409) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്ത ശ്രീകണ്ഠപുരം - മയ്യിൽ (പെരുവളത്തുപറമ്പ് - പാവന്നൂർ കടവ് ഭാഗം) റോഡ്, മണക്കടവ് - മൂരിക്കടവ് റോഡ്, കാർത്തികപുരം - അരിവിളഞ്ഞപൊയിൽ റോഡ്, വെള്ളാട് - കരുവഞ്ചാൽ റോഡ് എന്നിവയുടെ പ്രവൃത്തി ആരംഭിക്കാതെയിരിക്കാൻ കാരണം എന്താണെന്നറിയിക്കുമോ;

(സി) ശ്രീകണ്ഠപുരം ടൗൺ നവീകരണ പ്രവൃത്തിയുടെ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി)

<u>ശ്രീകണ്ഠപുരം-മയ്യിൽ റോഡ് (പെരുവളത്തുപറമ്പ്-പാവന്നൂർ കടവ് ഭാഗം)</u>

പ്രവൃത്തി പുരോഗമിച്ചുവരുന്നു. 12 മീറ്റർ വീതിയിൽ ROW വികസിപ്പിച്ച് പ്രവൃത്തി നടത്താൻ ഉദ്ദേശിച്ചാണ് പ്രവൃത്തി അറേഞ്ച് ചെയ്തത്. സ്ഥലം അളന്ന് തിട്ടപ്പെടുത്തി വിട്ടുകിട്ടുന്നതിലുണ്ടാകുന്ന കാലതാമസമാണ് പ്രവൃത്തിയിൽ

ഉണ്ടായിട്ടുള്ളത്. കൾവർട്ടുകളുടെയും ഡ്രെയ്നേജിന്റെയും പ്രവൃത്തികളാണ് ഇപ്പോൾ നടക്കുന്നത്. 31-12-2019 വരെ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടുണ്ട്. പ്രസ്തുത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

മണക്കടവ് - മൂരിക്കടവ് റോഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്ന് ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. കരാർ ഉടമ്പടി നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

കാർത്തികപുരം - അരിവിളഞ്ഞപൊയിൽ റോഡ്

ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് സൂപ്രണ്ടിംഗ് എഞ്ചിനീയർ പൊതുമരാമത്ത് നിരത്തുകൾ ഉത്തരമേഖല കോഴിക്കോട് ഓഫീസിൽനിന്നും ടെൻഡർ നടപടികൾ പൂർത്തിയായിവരുന്നു.

വെള്ളാട്-കരുവഞ്ചാൽ റോഡ്

പ്രസ്തുത റോഡിന്റെ ബാലൻസ് പോർഷൻ 3.50 കി.മീ. ദൂരത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതിക്കായി നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനായുള്ള നടപടികൾ നടന്നുവരുന്നു.

(സി) ശ്രീകണ്ഠപുരം ടൗൺ നവീകരിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ**

60(6410) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-നുശേഷം എഗ്രിമെന്റ് വച്ച് പണി ആരംഭിച്ച കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ റോഡ് നിർമ്മാണപ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചുവെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(ബി) എഗ്രിമെന്റ് വച്ചശേഷം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്ത ഏതെങ്കിലും കരാറുകാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പൂർത്തീകരിക്കാത്ത പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2015-നുശേഷം എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചതും പൂർത്തീകരിച്ചതുമായ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടുണ്ട്.

(സി) സ്വീകരിക്കും. സമയബന്ധിതമായി പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പൊതുമരാമത്ത് മാന്വൽ പ്രകാരം പിഴ ഈടാക്കുന്നതാണ്.

**ആർ.ബി.ഡി.സി.കെ. തിരുവനന്തപുരം ജില്ലയിൽ ഏറ്റെടുത്ത പ്രവൃത്തികൾ**

61(6411) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ.) തിരുവനന്തപുരം ജില്ലയിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ആർ.ബി.ഡി.സി.കെ. യെ തിരുവനന്തപുരം ജില്ലയിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) ആർ.ബി.ഡി.സി.കെ. തിരുവനന്തപുരം ജില്ലയിൽ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് രൂപരേഖ തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അവ ഏതെല്ലാം?

ഉത്തരം

(എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ.) തിരുവനന്തപുരം ജില്ലയിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ചുവടെ കൊടുക്കുന്നു:

1. അട്ടക്കുളങ്ങര ഫ്ലൈഓവർ
2. പേരൂർക്കട ഫ്ലൈഓവർ
3. ചിറയിൻകീഴ് ആർ.ഒ.ബി.
4. ഇടവ ആർ.ഒ.ബി.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. കരമന ആർ.ഒ.ബി.

6. വെൺകുളം ആർ.ഒ.ബി.

7. പുന്നമൂട് ആർ.ഒ.ബി.

8. വെട്ട്റോഡ് ആർ.ഒ.ബി.

9. കണിയാപുരം ആർ.ഒ.ബി.

10. ബാലരാമപുരം ആർ.ഒ.ബി.

11. ക്ലേ ഗേറ്റ് ആർ.ഒ.ബി.

12. ശാർക്കര ആർ.ഒ.ബി.

13. മഞ്ചാടിമൂട് ആർ.ഒ.ബി.

(ബി) ആർ.ബി.ഡി.സി.കെ.-യെ തിരുവനന്തപുരം ജില്ലയിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ പുരോഗതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) ആർ.ബി.ഡി.സി.കെ. തിരുവനന്തപുരം ജില്ലയിൽ രൂപരേഖ തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള റെയിൽവേ മേൽപ്പാലങ്ങൾ ചുവടെ ചേർക്കുന്നു:

<table>
<tr><td>1</td><td>ചിറയിൻകീഴ് ആർ.ഒ.ബി.</td><td rowspan="7">രൂപരേഖ തയ്യാറാക്കി കഴിഞ്ഞു.</td></tr>
<tr><td>2</td><td>ഇടവ ആർ.ഒ.ബി.</td></tr>
<tr><td>3</td><td>കരമന ആർ.ഒ.ബി.</td></tr>
<tr><td>4</td><td>വെൺകുളം ആർ.ഒ.ബി.</td></tr>
<tr><td>5</td><td>പുന്നമൂട് ആർ.ഒ.ബി.</td></tr>
<tr><td>6</td><td>വെട്ട്റോഡ് ആർ.ഒ.ബി.</td></tr>
<tr><td>7</td><td>കണിയാപുരം ആർ.ഒ.ബി.</td></tr>
<tr><td>8</td><td>ബാലരാമപുരം ആർ.ഒ.ബി.</td><td rowspan="4">രൂപരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.</td></tr>
<tr><td>9</td><td>ക്ലേ ഗേറ്റ് ആർ.ഒ.ബി.</td></tr>
<tr><td>10</td><td>ശാർക്കര ആർ.ഒ.ബി.</td></tr>
<tr><td>11</td><td>മഞ്ചാടിമൂട് ആർ.ഒ.ബി.</td></tr>
</table>

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി പാലം നിർമ്മാണം**

62(6412) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് 2018-19-ൽ കേന്ദ്ര വാർഷിക പദ്ധതിയുടെ ഭാഗമായുള്ള പട്ടികയിൽ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പാലം നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല.

(ബി&സി) 2018-19-ൽ കേന്ദ്ര വാർഷിക പദ്ധതിയുടെ ഭാഗമായുള്ള പട്ടികയിൽ മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി പാലം നിർമ്മാണം ഉൾപ്പെട്ടിരുന്നുവെങ്കിലും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം അനുമതി നൽകിയിരുന്നില്ല. എന്നാൽ 2019-20-ലെ വാർഷിക പദ്ധതിയിലെ പ്രാഥമിക പട്ടികയിൽ പുനരുദ്ധാരണത്തിന് പ്രസ്തുത പാലം ഉൾപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. എത്രയുംവേഗം അനുമതിക്കായി കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിക്കുന്നതാണ്.

**ഒള്ളൂർ കടവ് പാലം നിർമ്മാണം**

63(6413) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒള്ളൂർ കടവ് പാലത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിലുള്ള കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒള്ളൂർ കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) പ്രസ്തുത പാലം നിർമ്മിക്കുന്നതിനായി എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്;

(ഡി) പാലം നിർമ്മാണം വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ടി പാലത്തിന് സ.ഉ. (സാധാ) നമ്പർ 1185/09/പി.ഡബ്ല്യൂ.ഡി. തീയതി 14-8-2009 പ്രകാരം 850 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുകയിൽനിന്നും ഇൻവെസ്റ്റിഗേഷന് 95,000 രൂപ ചെലവഴിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി 2.17 ലക്ഷം രൂപയ്ക്ക് 8-9-2015-ലെ സ.ഉ. (സാധാ) നമ്പർ 1318/2015/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിരുന്നുവെങ്കിലും തുക അനുവദിക്കാതിരുന്നതിനാൽ ഈ ഉത്തരവ് ഡിനോവ ആയി. ഇപ്പോൾ പാലം നിർമ്മിക്കുന്നതിലേയ്ക്കായി 1,700 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പാലം ജലഗതാഗത പാതയിൽ വരുന്നതിനാൽ പാലത്തിന് ഉയരം കൂട്ടി നിർമ്മിക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയുംകൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പാലം നിർമ്മാണം വേഗത്തിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**ഉള്ളൂർ ഫ്ലൈഓവർ നിർമ്മാണം**

64(6414) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലുൾപ്പെടുത്തി നിർമ്മാണം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഉള്ളൂർ ഫ്ളൈഓവറിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത ഫ്ളൈഓവറിന് എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ; നിർമ്മാണം എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉള്ളൂർ മേൽപ്പാലത്തിനുള്ള അന്തിമ രൂപരേഖ അംഗീകരിക്കുകയും തുടർന്ന് 2017 ഡിസംബറിൽ സ്ഥലമെടുപ്പിനുള്ള ഭരണാനുമതി നൽകുകയും ചെയ്തു.

സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചു. സാമൂഹികാഘാത പഠനം പൂർത്തിയായി. തുടർനടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

(ബി) ഉള്ളൂർ മേൽപ്പാല നിർമ്മാണത്തിനാവശ്യമായ തുക കിഫ്ബിയിൽനിന്ന് അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 79.25 കോടി രൂപയാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തുക. 8-9-2016-ലെ ജി.ഒ. (എ.എസ്.) നമ്പർ 67/2016/പി.ഡബ്ല്യു.ഡി. പ്രകാരം ഉള്ളൂർ മേൽപ്പാലം ഉൾപ്പെടെയുള്ള ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ നടപടികൾക്ക് ഭരണാനുമതി നൽകി പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. സാമൂഹികാഘാത പഠനം പൂർത്തിയായി. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

**കോട്ടയം കോടിമത പാലത്തിന്റെ പ്രവൃത്തികൾ**

65(6415) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ എം.സി. റോഡിലെ കോടിമത രണ്ടാം പാലത്തിന്റെ സ്പാൻ, അബട്ട്മെന്റ്, അപ്രോച്ച് റോഡ് പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സാഹചര്യം വിശദമാക്കുമോ;

(ബി) പ്രസ്തുത പാലത്തിനോട് ചേർന്ന് പുറമ്പോക്കിൽ താമസിക്കുന്നവർക്ക് ഭൂമി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്തുനടപടിയാണ് ഇതേവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കോടിമത പുതിയ പാലത്തിന്റെ ആകെയുള്ള 3 സ്പാനുകളിൽ 2 സ്പാനും അബട്ട്മെന്റും പൂർത്തീകരിച്ചിട്ടുണ്ട്. ഒരു സ്പാനും അബട്ട്മെന്റും നിർമ്മിക്കണമെങ്കിൽ മുനിസിപ്പൽ പുറമ്പോക്കിൽ താമസിക്കുന്ന 2 കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടതുണ്ട്. ടി കുടുംബങ്ങളെ ഒഴിപ്പിക്കുവാൻ നിരവധി ശ്രമങ്ങൾ നടത്തിയെങ്കിലും ഒഴിപ്പിക്കൽ ശ്രമങ്ങൾക്കെതിരെ ആത്മഹത്യാ ഭീഷണി മുഴക്കി കുടുംബങ്ങൾ നിലകൊള്ളുകയാണുണ്ടായത്. ഈ സാഹചര്യത്തിൽ സ്ഥലം വിട്ടുകിട്ടാത്തതു കൊണ്ട് നിലവിലെ കരാറുകാരൻ ടി പ്രവൃത്തിയിൽനിന്ന് ഒഴിവാക്കിത്തരണമെന്ന് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കെ.എസ്.ടി.പി. പ്രോജക്ട് വിഭാഗം നവീകരണവുമായി ബന്ധപ്പെട്ട ഈ പുറമ്പോക്ക് സ്ഥലത്തിന് ഓരോ കുടുംബത്തിനും 2 ലക്ഷം രൂപാവീതം അനുവദിച്ചിട്ടുള്ളതും 30,000 രൂപാവീതം ഓരോ കുടുംബവും കൈപ്പറ്റിയിരുന്നതുമാണ്. ബാക്കി തുക ഇവിടെനിന്ന് പുതിയ സ്ഥലത്ത് മാറിത്താമസം തുടങ്ങുമ്പോൾ നൽകുമെന്ന് ടി വ്യക്തികളെ അറിയിച്ചിട്ടുണ്ട്.

കോട്ടയം ജില്ലാ വികസന സമിതി യോഗത്തിൽവച്ച് ടി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കോട്ടയം പട്ടികജാതി വികസന ഓഫീസറെയും കോട്ടയം ജില്ലാ മുനിസിപ്പൽ സെക്രട്ടറിയെയും ചുമതലപ്പെടുത്തുകയുണ്ടായി. കുടുംബങ്ങളെ അടിയന്തരമായി പുനരധിവസിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർക്കും മുനിസിപ്പൽ സെക്രട്ടറിക്കും പൊതുമരാമത്ത് വകുപ്പിൽനിന്നും കത്ത് നൽകുകയും, ടി വിവരം കോട്ടയം ജില്ലാ കളക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ജനപ്രതിനിധികൾ ഇടപെട്ട് ഇവരെ ബോധവൽക്കരിച്ച് മാറ്റിപാർപ്പിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സർക്കാർ ആഗ്രഹിക്കുന്നു.

## തലശ്ശേരി മണ്ഡലത്തിലെ പാലങ്ങളുടെ പ്രവൃത്തി

66(6416) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ എരഞ്ഞോളി, പുളിഞ്ഞോളിക്കടവ്, കുണ്ടുചിറ എന്നീ പാലങ്ങളുടെ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കുമോ?

### ഉത്തരം

(എ) എരഞ്ഞോളി പാലവുമായി ബന്ധപ്പെട്ട നാല് സ്പാനുകളാണ് പണിയാനുള്ളത്. ഇതിന്റെ പിയറുകളെല്ലാംതന്നെ പിയർ ക്യാപ്പ് വരെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ രണ്ട് അബട്ട്മെന്റുകളിൽ ഒന്നിന്റെ പൈലിംഗ് ജോലികൾ പൂർത്തീകരിക്കുകയും മറ്റേതിന്റെ പൈലിംഗ് ജോലികൾ അവസാന ഘട്ടത്തിലുമാണ്. ഇതിന്റെ ഗർഡുകളെല്ലാംതന്നെ നിർമ്മിച്ച് കഴിഞ്ഞിട്ടുണ്ട്.

പുളിഞ്ഞോളിക്കടവ്, കുണ്ടുചിറ എന്നീ പാലങ്ങൾ സംസ്ഥാന ജലപാതയുടെ അലൈൻമെന്റിൽ വരുന്നതിനാൽ പ്രസ്തുത പാലങ്ങളുടെ പുതുക്കിയ ഡിസൈൻ ലഭിക്കുന്നതിനായി ഡിസൈൻ വിംഗിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ പൂർത്തിയായി ലഭിച്ചുകഴിഞ്ഞാൽ സാമ്പത്തികാനുമതിക്കായി ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുവാൻ കഴിയും.

(ബി) എരഞ്ഞോളി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കൽ പൂർത്തീകരിക്കേണ്ടതുണ്ട്. ഇത് 2020 ഫെബ്രുവരി മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിൻപ്രകാരം പാലത്തിന്റെ പണികൾ എല്ലാംതന്നെ 2020 ഓടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പുളിഞ്ഞോളിക്കടവ്, കുണ്ടുചിറ എന്നീ പാലങ്ങളുടെ ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയും.

**മാനന്തവാടി മണ്ഡലത്തിലെ വള്ളിയൂർക്കാവ് പാലം നിർമ്മാണം**

67(6417) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ 20% ബജറ്റ് വിഹിതം അനുവദിച്ച മാനന്തവാടി മണ്ഡലത്തിലെ വള്ളിയൂർകാവ് പാലത്തിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം തന്നെ ഭരണാനുമതി ലഭ്യമായില്ലെങ്കിൽ പ്രവൃത്തി നഷ്ടപ്പെടുന്ന സ്ഥിതി ഉണ്ടാകുമോ; ഇക്കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) വള്ളിയൂർകാവ് പാലം പദ്ധതിക്ക് സമയബന്ധിതമായി ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) വള്ളിയൂർക്കാവ് പാലത്തിന് ഇതുവരെ ഭരണാനുമതി നൽകിയിട്ടില്ല. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പിൽ ഡിസൈൻ വിഭാഗത്തിന് നൽകി അവിടെനിന്നും ഡിസൈൻ ലഭിച്ച് അതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

ഈ സാമ്പത്തിക വർഷംതന്നെ ഭരണാനുമതി നൽകുന്നതിനുവേണ്ട നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**കരുവച്ചാൽ, ആലക്കോട് പാലങ്ങളുടെ നിർമ്മാണം**

68(6418) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കരുവച്ചാൽ, ആലക്കോട് പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പാലങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകി ടെണ്ടർ വിളിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ബജറ്റ് വാല്യം ഒന്നിൽ ഓരോ പാലത്തിനും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടും ഭരണാനുമതി നൽകാൻ വൈകുന്നതിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) തളിപ്പറമ്പ്-കൂർഗ് ഇന്റർനാഷണൽ റോഡിൽപ്പെട്ട കരുവച്ചാൽ പാലത്തിന്റെ ഭരണാനുമതിക്കുള്ള 500.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു. ആലക്കോട് പാലത്തിന്റെ 380 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ധനവകുപ്പിന്റെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ആലക്കോട് പാലത്തിന്റെ നിർമ്മാണത്തിന് 2019-20 ബഡ്ജറ്റിൽ 20% പ്രൊവിഷനായി ഉൾപ്പെടുത്തി 120 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കരുവച്ചാൽ പാലത്തിന് 2019-20 ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പാലങ്ങളുടെ പ്രവൃത്തികൾക്ക് വിശദമായ ഇൻവെസ്റ്റിഗേഷൻ ആവശ്യമാണ്. ഇൻവെസ്റ്റിഗേഷൻ ഡീറ്റെയിൽസിന്റെ അടിസ്ഥാനത്തിലാണ് ഡിസൈൻ തയ്യാറാക്കുന്നത്. ഡിസൈനിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഡി.പി.ആർ. തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. അതിനാലാണ് പ്രസ്തുത പ്രവൃത്തികൾ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടും ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ഉണ്ടാകുന്നത്.

## മാവേലിക്കരയിലെ നൂറനാട് മുക്കാട് പാലം നിർമ്മാണം

69(6419) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ. എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി അനുവദിച്ച നൂറനാട് മുക്കാട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കുമോ;

(സി) കാലതാമസത്തിനുള്ള കാരണം പരിഹരിച്ച് ഇത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയോജകമണ്ഡലത്തിലെ നൂറനാട് മുക്കാട് പാലം നിർമ്മാണത്തിനായി ജി.ഒ. (ആർ.ടി.) നമ്പർ 1889/2018/PWD തീയതി 6-12-2018 പ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 11-1-2019-ൽ ചീഫ് എഞ്ചിനീയർ പാലം വിഭാഗം പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് 150 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് പണി ടെണ്ടർ ചെയ്ത് 1,29,99,227 രൂപയ്ക്ക് 21-2-2019-ന് കരാർ നൽകുകയും ചെയ്തു.

(ബി&സി) പാലം നിർമ്മാണത്തിനായി 2019 ഫെബ്രുവരി 26-ാം തീയതിയിൽ സൈറ്റ് കൈമാറിയെങ്കിലും മഴക്കാലമായതിനാൽ പണികൾ ആരംഭിക്കുവാൻ സാധിച്ചില്ല. ഇപ്പോൾ മഴക്കാലം കഴിഞ്ഞതിനാൽ 2019 നവംബർ മാസത്തിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ നിർമ്മാണം 2020 ജനവരി മാസത്തോടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## കണ്ണംകുണ്ട്കാവ് പാലം നിർമ്മാണം

70(6420) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തിലെ കണ്ണംകുണ്ട്കാവ് പാലം നിർമ്മാണം സംബന്ധിച്ച് ഡി.പി.ആർ.-ഉം എസ്റ്റിമേറ്റും 2018-19, 2019-20-വർഷങ്ങളിൽ നൽകിയിട്ടും പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി

ലഭ്യമായിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദ വിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കണ്ണംകുണ്ട് പാലത്തിന്റെ നിർമ്മാണത്തിനായി കിഫ്ബി 2016-17-ൽ സ.ഉ. (സാധാ) നമ്പർ 1496/2016 തീയതി 31-10-2016 പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പുതിയ ഡിസൈൻ പ്രകാരം എസ്റ്റിമേറ്റ് ഉണ്ടാക്കിയപ്പോൾ പാലത്തിന്റെ നിർമ്മാണ ചെലവ് 10 കോടി രൂപയിൽ താഴെമാത്രമേ വന്നുള്ളൂ. ആയതുകൊണ്ട് പാലത്തിന് കിഫ്ബിയിൽനിന്ന് അനുമതി ലഭിക്കുവാനുള്ള സാധ്യതയില്ലാത്തതിനാൽ ബഡ്ജറ്റ് 2018-19-ൽ ഉൾപ്പെടുത്തി പാലം നിർമ്മാണത്തിന് 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കണ്ണംകുണ്ട് പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് നിർമ്മാണം**

71(6421) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിലവിലെ അവസ്ഥ അറിയിക്കുമോ;

(ബി) ഏറ്റെടുത്ത ഭൂമിക്ക് ഇനി എത്ര തുക നൽകാനുണ്ട്;

(സി) റോഡ് നിർമ്മാണത്തിന് ഇനി എത്ര തുക ആവശ്യമുണ്ട്; ഇതുസംബന്ധിച്ച് എക്സിക്യൂട്ടീവ് എൻജിനീയർ പ്രൊപ്പോസൽ ചീഫ് എൻജിനീയർക്ക് അയച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കഞ്ഞിപ്പുര-മൂടാൽ റോഡ് നിർമ്മാണത്തിനുവേണ്ടി വരുന്ന തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മൂടാൽ-കഞ്ഞിപ്പുര ബൈപ്പാസ് പ്രവൃത്തിക്ക് 16-2-2012-ലെ സ.ഉ. (സാധാ) നമ്പർ 238/12/പൊ.മ.വ. പ്രകാരം 25 കോടി രൂപയ്ക്ക് സർക്കാരിൽനിന്നും ഭരണാനുമതി നൽകുകയുണ്ടായി. ഇതിൽ 15 കോടി രൂപ നിർമ്മാണ പ്രവൃത്തികൾക്കും 10 കോടി രൂപ സ്ഥലമേറ്റെടുക്കുന്നതിനും വേണ്ടിയാണ് നീക്കിവച്ചിരിക്കുന്നത്. തുടർന്ന് 17-10-2012-ന് പ്രവൃത്തിക്കാവശ്യമായ സാങ്കേതികാനുമതി ചീഫ് എഞ്ചിനീയറിൽനിന്നും ലഭിച്ചു. 20-11-2012-ന് സ്ഥലമേറ്റെടുക്കുന്നതിനുള്ള എൽ.എ. പ്രൊപ്പോസൽ മലപ്പുറം ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. 18-4-2013-ൽ പ്രവൃത്തി നിരത്തുകൾ വിഭാഗം, ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെണ്ടർ ചെയ്യുകയും ശ്രീ. വി. രജീന്ദ്രനാഥ്, നാഥ് ചേവരമ്പലം, കോഴിക്കോട് എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത് 16-4-2014-ൽ SE(K)214/13-14 നമ്പർ പ്രകാരം കരാർ ഉടമ്പടി ഒപ്പുവച്ചു. 27-1-2014-ന് സൈറ്റ് കൈമാറി. പ്രവൃത്തി തുടങ്ങാൻ ശ്രമം നടത്തിയെങ്കിലും സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാക്കാത്തതിനാൽ സ്ഥലമുടമകൾ പ്രവൃത്തി തടസ്സപ്പെടുത്തി.

18-9-2015, 20-11-2015 എന്നീ തീയതികളിലായി കി.മീ. 4/000 മുതൽ 5/850 വരെ ആവശ്യമായ 1.2393 ഹെക്ടർ ഭൂമി ഏറ്റെടുത്തു. 16-12-2015-ൽ അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രവൃത്തി പുരോഗതി വിലയിരുത്താൻ യോഗം ചേർന്നു. യോഗ തീരുമാനപ്രകാരം 16-1-2014-ൽ എഗ്രിമെന്റുവച്ച പ്രവൃത്തിക്ക് സ്ഥലം ഭാഗികമായി ലഭ്യമായത് 2015 നവംബറിൽ ആയതിനാൽ പ്രവൃത്തി ചെയ്യാനുള്ള സമയം ദീർഘിപ്പിച്ച് സ്ഥലമേറ്റെടുത്ത കി.മീ. 4/000 മുതൽ 5/850 വരെയുള്ള ഭാഗങ്ങളിൽ പ്രവൃത്തി ചെയ്യാൻ കോൺട്രാക്ടർക്ക് 1-1-2016-ൽ പുതുക്കി സൈറ്റ് കൈമാറി. സ്ഥലം ഏറ്റെടുത്ത ഭാഗങ്ങളിൽ സംരക്ഷണ ഭിത്തികളുടെയും കൾവർട്ടുകളുടെയും പ്രവൃത്തികൾ ഏറെക്കുറെ പൂർത്തിയാക്കി. റോഡ് ഫോർമേഷൻ പ്രവൃത്തി ആരംഭിച്ചപ്പോൾ വാട്ടർ അതോറിറ്റി പൈപ്പുകൾ പൊട്ടുകയും കൂടാതെ ഇലക്ട്രിസിറ്റി ലൈനുകൾ മാറ്റി സ്ഥാപിക്കാത്തതുകൊണ്ടും 2016 മേയ് മാസത്തിൽ നിർമ്മാണ പ്രവൃത്തി കോൺട്രാക്ടർ നിർത്തിച്ചു. ഇതിനിടയിൽ കരാറുകാരന്റെ എഗ്രിമെന്റ് കാലാവധി 31-12-2016-ന് അവസാനിക്കുകയും ചെയ്തു. നിലവിൽ ഭൂമി അക്വയർ ചെയ്യാനുള്ള സമയം 5 വർഷത്തിലധികം എടുത്തതിനാൽ കറന്റ് ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം എസ്റ്റിമേറ്റ് പുതുക്കുന്നതിനായി കരാറുകാരൻ WP(C) No. 15314/2019 നമ്പറിൽ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ഇതിന്മേൽ മൂന്നുമാസംകൊണ്ട് കോൺട്രാക്ടറുടെ അപേക്ഷ പരിഗണിച്ച്

ഉചിതമായ നടപടി സ്വീകരിക്കണമെന്നും 8-7-2019-ന് ബഹു. ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 16-7-2019-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ. (സാധാ) 881/2019/പി.ഡബ്ല്യു.ഡി. പ്രകാരം കരാറുകാരനെ റിസ്ക് & കോസ്റ്റ് ഇല്ലാതെ ടെർമിനേറ്റ് ചെയ്യാൻ ഉത്തരവാകുകയും ഏറ്റെടുത്ത സ്ഥലങ്ങളിൽ പ്രവൃത്തി ഘട്ടംഘട്ടമായി നടത്തുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

മൂടാൽ-കഞ്ഞിപ്പുര ബൈപ്പാസ് പ്രവൃത്തി കി.മീ. 0/000 മുതൽ 6/000 വരെയാണുള്ളത്. കി.മീ. 4/000 മുതൽ 6/000 വരെയുള്ള 2 കി.മീ. ഭാഗത്തിന്റെ എൽ.എ. നടപടികൾ പൂർത്തീകരിച്ച് ഭൂമി ഏറ്റെടുത്തിട്ടുള്ളതാണ്. 0/000 മുതൽ 4/000 വരെയുള്ള ഭാഗത്തിന്റെ എൽ.എ. നടപടികൾ അവസാന ഘട്ടത്തിലാണ്.

കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ 0/000 - 6/000 കി.മീ. വരെയുള്ള ഭാഗത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിവരികയാണ്.

(ബി) ഇതുവരെ ഏറ്റെടുത്ത ഭൂമിക്ക് 40,82,86,641 രൂപ എൽ.എ. വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ഇനി തുകയൊന്നും നൽകാനില്ല.

(സി) കഞ്ഞിപ്പുര-മൂടാൽ 0/000 - 6/000 വരെയുള്ള റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ഡി.പി.ആർ. തയ്യാറാക്കിയാൽ മാത്രമേ തുക എത്രയാകുമെന്ന് അറിയാൻ സാധിക്കുകയുള്ളൂ.

(ഡി) പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ദേശീയപാത 966**

72(6422) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 966 -ന്റെ പണി പൂർത്തീകരിക്കുവാനുള്ള കാലാവധി തീരാൻ മാസങ്ങൾ മാത്രം ശേഷിക്കേ പ്രവൃത്തികൾ മന്ദഗതിയിലാണ് നടക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ; എങ്കിൽ പ്രസ്തുത റോഡിന്റെ പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രത്യേകിച്ച് നാട്ടുകൽ - മണ്ണാർക്കാട് പാലക്കാട് മേഖലയിലെ പ്രവൃത്തികൾ തീർത്തും മന്ദഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയപാത 966-ന്റെ പാലക്കാട് ജില്ലയിലെ നാട്ടുകൽ മുതൽ താണാവ് വരെ പേവ്ഡ് ഷോൾഡറോട്ടുകൂടിയ രണ്ടുവരിപ്പാതയാക്കുന്ന പ്രവൃത്തി ഇ.പി.സി. വ്യവസ്ഥയിൽ പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതിലും മരങ്ങൾ വെട്ടിമാറ്റുന്നതിലും യൂട്ടിലിറ്റി ഷിഫ്റ്റിംഗിലുമുള്ള കാലതാമസമാണ് പദ്ധതി വൈകാൻ കാരണം. ഭൂമി ഏറ്റെടുക്കൽ വേണ്ടാത്ത ഭാഗങ്ങളിൽ പണി ത്വരിതഗതിയിൽ നടപ്പിലാക്കിവരുന്നു. പ്രസ്തുത റോഡിന് ആവശ്യമായ സ്ഥലമെടുപ്പ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോതമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി

73(6423) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗവും, കെട്ടിട വിഭാഗവും അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) എത്ര തുകയുടെ പ്രവൃത്തികളാണ് ഓരോ വിഭാഗത്തിലും അനുവദിച്ചിരിക്കുന്നതെന്ന് പ്രവൃത്തികൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്നും ഏതെല്ലാം പ്രവൃത്തികൾ നടന്നുവരുന്നുണ്ടെന്നും ഇനി ഏതെല്ലാം പ്രവൃത്തികളാണ് ആരംഭിക്കുവാനുള്ളതെന്നും വിശദമാക്കാമോ;

(ഡി) പൂർത്തിയാക്കുവാനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഇ) പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനും ആരംഭിക്കുവാനുള്ള പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിനും വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഇ) നിരത്ത്, കെട്ടിടം, പാലം വിഭാഗങ്ങൾക്ക് കീഴിൽ അനുവദിച്ച പ്രവൃത്തികളുടെ അനുവദിച്ച തുക, നിലവിലെ സ്ഥിതി തുടങ്ങിയവ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇടക്കൊച്ചി മിനി സിവിൽ സ്റ്റേഷൻ

74(6424) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഇടക്കൊച്ചിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) 2019-2020 ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളുടെ ബഡ്ജറ്റിലെ ലിസ്റ്റിൽ പേജ് നമ്പർ 54, ഐറ്റം 1144 ആയി ഇടക്കൊച്ചി മിനി സിവിൽ സ്റ്റേഷന്റെ പദ്ധതി 100 രൂപ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ

75(6425) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 ബഡ്ജറ്റിൽ ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് 5 കോടി രൂപ അനുവദിച്ചിരുന്നതിൻ പ്രകാരം പ്രസ്തുത പ്രവൃത്തിയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ ആയതു കൂടി വിശദമാക്കാമോ?

ഉത്തരം

(എ) സ്ഥലം ലഭ്യമായിട്ടില്ല. ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ എന്ന പ്രവൃത്തി നടപ്പാക്കുന്നതിന് അനുയോജ്യമായ സ്ഥലത്തിന്റെയും ടി മിനി സിവിൽ സ്റ്റേഷനിൽ ഉൾപ്പെടുത്തേണ്ട ഓഫീസുകളുടെയും വിശദാംശങ്ങൾ കോട്ടയം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമായിട്ടില്ല.

(ബി) പ്രവൃത്തി നടപ്പാക്കുന്നതിനുവേണ്ട സ്ഥലം ലഭ്യമായെങ്കിൽ മാത്രമേ ആയതിനുവേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കുവാനും തുടർനടപടികൾ സ്വീകരിക്കുവാനും സാധിക്കുകയുള്ളൂ.

**നാദാപുരം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

76(6426) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ താഴെ കൊടുത്തിട്ടുള്ള കിഫ്ബി പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

1. തൊട്ടിൽപ്പാലം കുണ്ട് തോട് (പ്രൈസ് ഐ. ഡി .6962/2016)
2. കുളങ്ങരത്ത് നമ്പ്യത്താൻ കുണ്ട് റോഡ് (പ്രൈസ് ഐ. ഡി. 4812/2016)
3. മലയോര ഹൈവേ (പുലുവ -തൊട്ടിൽപ്പാലം പ്രൈസ് ഐ. ഡി. 4758/2017)
4. ചേലക്കാട്-വില്ല്യാപ്പള്ളി-വടകര (പ്രൈസ് ഐ. ഡി. 394/2017)

(ബി) മേൽ പ്രവൃത്തിയുടെ ഫയൽ ഇപ്പോൾ ഏത് സെക്ഷനിൽ ആണുള്ളതെന്ന് അറിയിക്കാമോ;

(സി) മേൽ പ്രവൃത്തിക്ക് ഓരോ സെക്ഷനിലും ഉണ്ടായ കാലവിളംബം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ-സി)

1. തൊട്ടിൽപ്പാലം - കുണ്ടുതോട് (പ്രൈസ് ഐ.ഡി. 2016/6962) 13-8-2019-ൽ നടന്ന ചീഫ് എഞ്ചിനീയർമാരുടെ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ എസ്റ്റിമേറ്റിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചു. അവ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫയൽ നിലവിൽ പ്രോജക്ട് ഡയറക്ടറുടെ പക്കലാണ്.
2. കുളങ്ങരത്ത് - നമ്പിത്താൻകുണ്ട് റോഡ് (പ്രൈസ് ഐ.ഡി. 2016/4812) 13-8-2019-ൽ നടന്ന ചീഫ് എഞ്ചിനീയർമാരുടെ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ എസ്റ്റിമേറ്റിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചു. അവ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫയൽ നിലവിൽ പ്രോജക്ട് ഡയറക്ടറുടെ പക്കലാണ്.

3. മലയോര ഹൈവേ (പുല്ലുവ-തൊട്ടിൽപ്പാലം - പ്രൈസ് ഐ.ഡി. 4758/2017) 12 മീറ്റർ സ്ഥലം ലഭ്യമായതിനെത്തുടർന്ന് 14.1 കി.മീ. റോഡിന്റെ 44.25 കോടി രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി തയ്യാറാക്കിയിട്ടുണ്ട്. തയ്യാറാക്കിയത് പ്രോജക്ട് ഡയറക്ടറുടെ പരിഗണനയിലാണ്.

4. ചേലക്കാട് - വില്യാപ്പള്ളി - വടകര (പ്രൈസ് ഐ.ഡി. 2018/11677) സാമ്പത്തികാംഗീകാരം ലഭ്യമായിട്ടില്ല. കിഫ്ബിയിൽ സമർപ്പിച്ച അലൈൻമെന്റ് പ്രകാരമുള്ള ഡി.പി.ആർ. അംഗീകരിക്കാത്തതിനാൽ കൊട്ടുംവളവുകളിൽ സൗജന്യമായി സ്ഥലം ലഭ്യമാക്കി ഐ.ആർ.സി. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് റോഡിന്റെ പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കിവരുന്നു. പ്രൈസ് ഫയൽ നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലാണ്.

## കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലങ്ങൾ

77(6427) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലങ്ങൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ബി) അവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പാലം പ്രവൃത്തികൾ - ചുള്ളിമടപാലം, ആലത്തൂർ, പറക്കുന്നം പാലം എന്നിവയാണ്.

(ബി) ചുള്ളിമട പാലം - കെ.ആർ.എഫ്.ബി. വഴി ടെണ്ടറിംഗ് നടത്തിയിട്ടുണ്ട്. 12-11-2019-ൽ ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്തിട്ടുണ്ട്. പ്രീക്വാളിഫിക്കേഷൻ പരിശോധന KIIFB-യിൽ നടന്നുവരുന്നു. പ്രീക്വാളിഫിക്കേഷൻ പൂർത്തീകരിച്ചാൽ ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്യാവുന്നതാണ്.

ആലത്തൂർ, പറക്കുന്നം പാലം - ഡിസൈൻ ലഭിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

## പൊതുമരാമത്ത് വകുപ്പ് മാന്വൽ

78(6428) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പുതിയ വ്യവസ്ഥകളാണ് കൂട്ടിച്ചേർത്തിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

ഇല്ല. പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിക്കുന്നതിന് 19-8-2019-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 1020/2019/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഭേദഗതികൾ നടത്തിവരുന്നു. പൂർത്തീകരണം ആയിട്ടില്ല.

## ചീഫ് എഞ്ചിനീയർ (റോഡ്സ്)-ന് ലഭിച്ച കത്തിലെ നടപടി

79(6429) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് റോഡ് ഡിവിഷൻ കോട്ടയം ഓഫീസിൽ നിന്ന് റോഡ്സ് ചീഫ് എൻജിനീയർക്ക് അയച്ച 8-3-2019-ലെ DB21(2)-10984/17 നമ്പർ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത കത്തിന്മേൽ പി.ഡബ്ല്യു.ഡി. എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(ബി) 18-3-2019-ൽ 3731/2019/CE റോഡ്സ് &ബ്രിഡ്ജ്സ് എന്ന നമ്പരിൽ ഇൻവേഡ് (റോഡ്സ്) വിഭാഗത്തിന് ലഭിച്ച തപാൽ പ്രകാരമുള്ള ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത ഫയൽ സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടോ; എങ്കിൽ ഫയൽ നമ്പരും ഫയലിന്റെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ഉത്തരം

(എ-സി) കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ അയച്ചതന്ന 8-3-2019-ലെ DB21(2)-10984/17 നമ്പർ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*. മേൽ കത്തിന്റെ ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ഇൻവേഡ് നമ്പറാണ് 3731/2019/CE തീയതി 18-3-2019. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭിച്ച 13-7-2018-ലെ 289/ഡി.സി3/2018/തസ്വഭവ. നമ്പർ കത്തിന് മറുപടിയായിട്ടാണ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത കത്ത് അയച്ച് തന്നിട്ടുള്ളത്. ഈ മറുപടി 15-11-2019-ലെ സി.ഇ./റോഡ്സ്/2017/10984/കെ.റ്റി.എം/പ്രൈസ് നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്.

**കിഫ്ബി മുഖേനയുള്ള കൊല്ലം ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

80(6430) <u>ശ്രീമതി. പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ കൊല്ലം ജില്ലയിൽ നടക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ നിർത്തിവയ്ക്കാൻ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ പേരു വിവരവും നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകേണ്ടി വന്നതിന് കാരണങ്ങളും വ്യക്തമാക്കുമോ;

(സി) കരാറുകാരുടെ നിരുത്തരവാദപരമായ സമീപനംമൂലം ജില്ലയിൽ കിഫ്ബി ധനസഹായത്തോടെയുള്ള മരാമത്ത് പ്രവൃത്തികളിലെ മെല്ലെപ്പോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിച്ച് നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആയൂർ-ഇത്തിക്കര റോഡ് (രണ്ടാം ഘട്ടം), പാങ്ങോട് കടയ്ക്കൽ ചിങ്ങേലി ചടയമംഗലം റോഡ് എന്നീ പ്രവൃത്തികളാണ് താൽക്കാലികമായി നിർത്തിവച്ചത്. കിഫ്ബിയുടെ സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രവൃത്തികൾക്കാവശ്യമായ പുരോഗതിയില്ല എന്നതും പ്രവൃത്തികളുടെ ഗുണനിലവാരത്തിൽ ചില അപാകതകളും ചൂണ്ടിക്കാട്ടിയാണ് പ്രവൃത്തികൾ നിർത്തിവച്ചത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക് പോസ്റ്റുകൾ, വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ എന്നിവ മാറ്റി സ്ഥാപിച്ചും പുറമ്പോക്ക് ഭൂമിയും ഫ്രീ സറണ്ടർ ആയി സ്ഥലം ലഭ്യമാക്കിയും കിഫ്ബി നിഷ്കർഷിക്കുന്ന വീതി ഉറപ്പാക്കിയുമാണ് നിർമ്മാണം നടത്തിവരുന്നത്. ആയതിനാൽ ചില പ്രവൃത്തികളിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

## റാന്നി നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

81(6431) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ ഓരോന്നിലും എത്ര രൂപ വീതമാണ് അനുവദിച്ചതെന്നും അറിയിക്കുമോ;

(ബി) അവയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണ്;

(സി) അവശേഷിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനുണ്ടായ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ഡി) അവയ്ക്ക് എന്നത്തേക്ക് ഭരണാനുമതി ലഭിക്കും; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അറിയിക്കുമോ?

ഉത്തരം

(എ&ബി) റാന്നി നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് പ്രവൃത്തികളും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധം-1 ആയി ചേർക്കുന്നു*.

(സി&ഡി) കുമ്പളത്താനം-മണിയാർ, തെള്ളിയൂർ-വലിയകാവ് റോഡുകളുടെ തത്വത്തിലുള്ള ഭരണാനുമതി ഗവൺമെന്റിൽനിന്നും നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നുള്ള സാമ്പത്തികാനുമതിക്കായി ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ഡി.പി.ആർ. എത്രയും പെട്ടെന്ന് കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) അനുബന്ധം-1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

## മണലൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

82(6432) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണലൂർ മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ ഓരോന്നിന്റെയും അടങ്കൽ തുക എത്രയാണെന്നും വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മണലൂർ മണ്ഡലത്തിൽ നിലവിൽ പ്രസ്തുത വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികളും അവയുടെ എസ്റ്റിമേറ്റ് തുകയും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണലൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗത്തിന് കീഴിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഒന്നുംതന്നെയില്ല. നിരത്ത് വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു*.

(ബി) നിരത്ത്, പാലം വിഭാഗങ്ങളുടെ കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു*.

**ആറന്മുള മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

83(6433) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ആറന്മുള മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പൂർത്തീകരിച്ചതും പുരോഗമിക്കുന്നതുമായ പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ കിഫ്ബി ഫണ്ടുപയോഗിച്ചുള്ളവ ഒഴികെ മറ്റ് പ്രധാന പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആറന്മുള മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പൂർത്തീകരിച്ചതും പുരോഗമിക്കുന്നതുമായ പൊതുമരാമത്ത് പ്രവൃത്തികളുടെ പട്ടിക അനുബന്ധം-I ആയി ചേർത്തിട്ടുണ്ട് *.

(ബി) പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന് കീഴിലുള്ള മണ്ഡലത്തിലെ മറ്റ് പ്രധാന പൊതുമരാമത്ത് പ്രവൃത്തികളുടെ പട്ടിക അനുബന്ധം-II ആയും കെട്ടിട വിഭാഗത്തിന് കീഴിൽവരുന്ന പ്രവൃത്തികളുടെ പട്ടിക അനുബന്ധം-III ആയും ചേർത്തിട്ടുണ്ട് *.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മഞ്ചേരി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

84(6434) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പൊതുമരാമത്ത് വകുപ്പിന്റെ സ്പെഷ്യൽ ഫണ്ടിൽ ഉൾപ്പെടുത്തി പി.ഡബ്ല്യു.ഡി. റോഡുകളുടെ നവീകരണത്തിനായി മഞ്ചേരി മണ്ഡലത്തിൽനിന്നും എത്ര പ്രൊപ്പോസലുകളുടെ എസ്റ്റിമേറ്റാണ് ലഭിച്ചതെന്നറിയിക്കാമോ;

(ബി) ഇവയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്നറിയിക്കാമോ;

(സി) ഇനിയും ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾ ഏതെല്ലാം; അവയ്ക്ക് എന്നത്തേക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്നറിയിക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേരി ഡിവിഷന് കീഴിലുള്ള 8 പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ ലഭിച്ചിരുന്നു.

(ബി) ബഡ്ജറ്റ് വർക്ക് 2017-18 മഞ്ചേരി നിയോജകമണ്ഡലം (സ്പെഷ്യൽ സാങ്ഷൻ)

1. വായപ്പാറപ്പടി - പുല്ലഞ്ചേരി റോഡിൽ കി.മീ. 0/000 മുതൽ 4/200 വരെ പുനരുദ്ധാരണവും ബി.എം &ബി.സി. പ്രവൃത്തിയും - എസ്റ്റിമേറ്റ് തുക 375 ലക്ഷം.
2. മാലംകുളം-ചെറാകുത്ത്-ചെറുകുളം റോഡിൽ കി.മീ. 0/400-നും 0/600-നും ഇടയിലുള്ള സംരക്ഷണ ഭിത്തി പുനർനിർമ്മിക്കൽ - എസ്റ്റിമേറ്റ് തുക 25 ലക്ഷം.
3. മങ്കട– പട്ടിക്കാട് റോഡ് കി.മീ. 7/000 മുതൽ 9/030 കി.മീ. വരെ 50 എം.എം.ബി.എം, 30 എം.എം.ബി.സി. ചെയ്ത് നവീകരിക്കുന്ന പ്രവൃത്തി - എസ്റ്റിമേറ്റ് തുക 185 ലക്ഷം.
4. കുട്ടിലങ്ങാടി മേലാറ്റൂർ റോഡ് കി.മീ. 0/000 മുതൽ 2/000 വരെ ബി.എം & ബി.സി. ചെയ്ത് നവീകരിക്കുന്ന പ്രവൃത്തി - എസ്റ്റിമേറ്റ് തുക 115 ലക്ഷം.

ബഡ്ജറ്റ് വർക്ക് 2018-19 മഞ്ചേരി നിയോജകമണ്ഡലം (സ്പെഷ്യൽ സാങ്ഷൻ) ഓലപ്പാറ കൊമ്പംകല്ല് റോഡ് കി.മീ. 0/000 മുതൽ 1/500 ബി.എം & ബി.സി. ചെയ്ത് നവീകരിക്കുന്ന പ്രവൃത്തി - എസ്റ്റിമേറ്റ് തുക 194.80 ലക്ഷം.

(സി) ഇടിയാന്മല-കോടഞ്ചേരി റോഡ് കി.മീ. 0/000 മുതൽ 2/900 ബി.എം. & ബി.സി. ചെയ്ത് നവീകരിക്കുന്ന പ്രവൃത്തി, കോഴിക്കോട്- നിലമ്പൂർ-ഗുഡല്ലൂർ റോഡ് കി.മീ. 41/400 മുതൽ 41/800 വരെ നവീകരിക്കുന്ന പ്രവൃത്തി, ചോലക്കൽ - തോട്ടുപൊയിൽ മീൻപാറക്കൽ റോഡ് കി.മീ. 0/400 മുതൽ 2/000 വരെ ബി.എം. & ബി.സി. ചെയ്ത് നവീകരിക്കുന്ന പ്രവൃത്തി എന്നിവയ്ക്ക് ഭരണാനുമതി നൽകാമോ എന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**പിലാത്തറ-പാപ്പിനിശ്ശേരി റോഡിലെ വിശ്രമകേന്ദ്രവും പാർക്കും**

85(6435) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിൽ രാമപുരത്ത് യാത്രക്കാർക്ക് വേണ്ടി നിർമ്മിക്കുന്ന വിശ്രമകേന്ദ്രത്തിന്റെയും പാർക്കിന്റെയും നിർമ്മാണം മന്ദഗതിയിലായതിനാൽ പ്രസ്തുത നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിൽ ഓക്സ്ബോ ലാന്റ് ഡെവലപ്മെന്റിന്റെ ഭാഗമായി നിർമ്മിക്കുന്ന വിശ്രമ കേന്ദ്രത്തിന്റെയും പാർക്കിന്റെയും നിർമ്മാണം യഥാർത്ഥ കരാറിൽനിന്ന് വ്യതിചലിച്ച് അധിക പണിയായി കരാറുകാരനെ ഏൽപ്പിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ടി പ്രവൃത്തി ഡിസംബർ മാസം അവസാനത്തോടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ**

86(6436) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഇതുവരെ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതുമായ പദ്ധതികൾ ഏതൊക്കെയാണ് എന്ന് അറിയിക്കുമോ;

(ബി) ഈ കാലയളവിൽ ഭരണാനുമതി ലഭിച്ചതും ഇപ്പോൾ പ്രവൃത്തി നടന്നുവരുന്നതുമായ പദ്ധതികൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ ഭരണാനുമതി ലഭിച്ചെങ്കിലും ഇനിയും പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികളുണ്ടോ; എങ്കിൽ ഇതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ പ്രവൃത്തിയുടെയും പേരും എസ്റ്റിമേറ്റ് തുകയും പദ്ധതി നിലനിൽക്കുന്ന പഞ്ചായത്തിന്റെ പേരും ആരംഭിച്ച വർഷവും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകുമോ;

(ഇ) പ്രവൃത്തി നടന്നുവരുന്ന പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകും എന്നും ഇനിയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകും എന്നും അറിയിക്കുമോ;

(എഫ്) മണ്ഡലത്തിൽ നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ളതും ഇപ്പോൾ വകുപ്പിന്റെയും/സർക്കാരിന്റെയും പരിഗണനയിലുള്ളതുമായ പദ്ധതികൾ ഏതെങ്കിലുമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കെട്ടിട വിഭാഗത്തിന് കീഴിൽ മൊകേരി ഗവൺമെന്റ് കോളേജിൽ ക്യാന്റീൻ കെട്ടിട നിർമ്മാണം എന്ന വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

നിരത്ത് വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു. *.

(ബി) കെട്ടിട വിഭാഗത്തിന് കീഴിൽ ഈ കാലയളവിൽ ഭരണാനുമതി ലഭിച്ചതും ഇപ്പോൾ പ്രവൃത്തി നടന്നുവരുന്നതുമായ പദ്ധതികൾ ഒന്നുംതന്നെയില്ല.

നിരത്ത് വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു.*

(സി) കെട്ടിട വിഭാഗത്തിന് കീഴിൽ പറമ്പിൽ യു.പി. സ്കൂൾ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി കരാറുകാരനെ തെരഞ്ഞെടുത്ത് എഗ്രിമെന്റ് വച്ചുവെങ്കിലും ആവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്.

നിരത്ത് വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-III ആയി ചേർക്കുന്നു.*

(ഡി) നിരത്ത്, കെട്ടിട വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-IV ആയി ചേർക്കുന്നു.*

(ഇ) കെട്ടിട വിഭാഗത്തിന് കീഴിൽ പറമ്പിൽ യു.പി. സ്കൂൾ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്കേ പ്രവൃത്തി ആരംഭിക്കുകയുള്ളൂ.

നിരത്ത് വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-V ആയി ചേർക്കുന്നു. .*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) കെട്ടിട വിഭാഗത്തിന് കീഴിലുള്ള പദ്ധതികൾ

1. കുറ്റ്യാടി പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് പുതിയ ബ്ലോക്കിന്റെ നിർമ്മാണം - 200 ലക്ഷം

2. മൂടാടി കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം - 125 ലക്ഷം

നിരത്ത് വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-VI ആയി ചേർക്കുന്നു. *

**വെള്ളരിക്കുണ്ട്, മഞ്ചേശ്വരം താലൂക്കുകളിൽ സബ്ഡിവിഷൻ ഓഫീസുകൾ**

87(6437) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാർ കാസർഗോഡ് ജില്ലയിൽ അനുവദിച്ച വെള്ളരിക്കുണ്ട്, മഞ്ചേശ്വരം താലൂക്കുകളിലെ പി.ഡബ്ല്യു.ഡി. (റോഡ്സ്, ബ്രിഡ്ജസ്, ബിൽഡിംഗ്സ്) സബ് ഡിവിഷൻ ഓഫീസുകൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ചീഫ് എഞ്ചിനീയറിൽനിന്നും ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ആധാരം രജിസ്ട്രേഷൻ ആക്ട് പ്രകാരമുള്ള നടപടികൾ**

88(6438) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറിജിനൽ മുന്നാധാരമില്ലാതെയും പ്രധാനകക്ഷികളെ അറിയിക്കാതെയും മേജർ ഷെയറുള്ള കക്ഷിയെ വിവരങ്ങൾ ധരിപ്പിക്കാതെയും ഒരാളുടെ പേരിൽ അവകാശം ലഭിക്കുന്നതും സാക്ഷികൾ വ്യാജവുമായ ആധാരം രജിസ്ട്രേഷൻ ആക്ട് എൺപത്തിമൂന്ന് -എ പ്രകാരം റദ്ദ് ചെയ്യാൻ വകുപ്പിന് അധികാരമുണ്ടോ;

(ബി) പ്രധാന അവകാശികൾ സ്ഥലത്ത് ഉണ്ടായിട്ടും അയാളെ അറിയിക്കാതെ അയാൾ സ്ഥലത്തില്ല എന്ന് ആധാരത്തിൽ എഴുതിച്ചേർത്ത് ഭാഗാധാരം നടത്തിയ നടപടിയിൽ പ്രധാനകക്ഷി തന്നെ ആർക്കാണ് പരാതി നൽകേണ്ടത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രധാന ഭാഗാധാര കക്ഷി കബളിപ്പിക്കപ്പെടുകയും ആധാരം രജിസ്ട്രേഷൻ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാതെയും നടത്തുന്ന ഭാഗാധാരങ്ങൾക്ക് നിയമപരമായി സാധുതയുണ്ടോ എന്നറിയിക്കാമോ;

(ഡി) ഇത്തരം പരാതികൾ പരിഹരിക്കുന്നതിനും മുതിർന്ന പൗരൻമാരെ കബളിപ്പിക്കുന്നത് തടയാനും എന്ത് പരിഹാരമാണ് നിർദ്ദേശിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. ആൾമാറാട്ടംവഴി രജിസ്ട്രേഷൻ ചെയ്ത ആധാരങ്ങളും നടപടിക്രമങ്ങൾ പാലിക്കാതെ രജിസ്റ്റർ ചെയ്ത് സർക്കാർ ഭൂമി കൈവശപ്പെടുത്തിയതുമായി ബന്ധപ്പെട്ട ആധാരങ്ങളുമാണ് 1908-ലെ രജിസ്ട്രേഷൻ നിയമം എൺപത്തിമൂന്ന് (എ) വകുപ്പ് പ്രകാരം രജിസ്ട്രേഷൻ വകുപ്പിന് റദ്ദ് ചെയ്യാൻ കഴിയുന്നത്.

(ബി) ഈ വിഷയത്തിനുള്ള പരിഹാരം കോടതി വ്യവഹാരംവഴി സാധ്യമാകുന്നതാണ്.

(സി) ആധാരത്തിന്റെ നിയമസാധുത പരിശോധിക്കുന്നതിനുള്ള അധികാരം ഉചിതമായ സിവിൽ കോടതിക്കാണ്.

(ഡി) മുതിർന്ന പൗരന്മാരുടെ അവകാശ സംരക്ഷണത്തിന് Maintenance and Welfare of Parents and Senior Citizen Act 2007 പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുമ്പാകെ പരാതി നൽകി പരാതി പരിഹാര നടപടി സ്വീകരിക്കാവുന്നതാണ്.

**സ്വത്ത് തട്ടിപ്പുമായി ബന്ധപ്പെട്ട വ്യാജ രജിസ്ട്രേഷനുകൾ**

89(6439) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വത്തുതട്ടിപ്പുമായി ബന്ധപ്പെട്ട വ്യാജ രജിസ്ട്രേഷനുകൾ വർദ്ധിച്ചുവരുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം രജിസ്ട്രേഷനുകൾക്ക് ഉദ്യോഗസ്ഥന്മാരുടെ സഹായം ലഭിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) വ്യാജ രജിസ്ട്രേഷനുകൾ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വ്യാജ രജിസ്ട്രേഷനുകൾ നിയന്ത്രിക്കുന്നതിനുവേണ്ടി 1908-ലെ രജിസ്ട്രേഷൻ നിയമത്തിൽ 48/2001-ാം നമ്പർ ഭേദഗതി പ്രകാരം കൂട്ടിച്ചേർക്കപ്പെട്ട 32 എ വകുപ്പ് പ്രകാരം രജിസ്ട്രേഷൻ ഓഫീസിൽ രജിസ്ട്രേഷനായി ഹാജരാക്കപ്പെടുന്ന ഏത് ആധാരത്തിലും അത് ഹാജരാക്കുന്ന ആളിന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും വിരൽപ്പതിപ്പും പതിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സ്ഥാവര വസ്തുവിന്റെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെടുന്ന ആധാരങ്ങളിൽ വാങ്ങുന്ന ആളിന്റെയും വിൽക്കുന്ന ആളിന്റെയും പാസ്പോർട്ട് സൈസ് ഫോട്ടോയും വിരൽപ്പതിപ്പും പതിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൂടാതെ രജിസ്ട്രേഷൻ നിയമത്തിൽ 13/2013-ാം നമ്പർ ഭേദഗതി നിയമപ്രകാരം കൂട്ടിച്ചേർക്കപ്പെട്ട 83 എ വകുപ്പ് പ്രകാരം, ആൾമാറാട്ടം വഴി രജിസ്റ്റർ ചെയ്ത ആധാരങ്ങളും നടപടിക്രമങ്ങൾ പാലിക്കാതെ രജിസ്റ്റർ ചെയ്ത് സർക്കാർ ഭൂമി കൈവശപ്പെടുത്തിയതുമായി ബന്ധപ്പെട്ട ആധാരങ്ങളും റദ്ദ് ചെയ്യുന്നതിന് രജിസ്ട്രേഷൻ ഐ.ജി.-ക്ക് അധികാരം നൽകിയിട്ടുണ്ട്.

**ആധാരം രജിസ്റ്റർ ചെയ്യുവാൻ ഇ-സ്റ്റാമ്പിംഗ് സംവിധാനം**

90(6440) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാരം രജിസ്റ്റർ ചെയ്യുവാൻ ഇ-സ്റ്റാമ്പിംഗ് സംവിധാനം പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കി എന്നറിയിക്കുമോ;

(ബി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ആയത് സാക്ഷാത്കരിക്കുന്നതിന് സാധിച്ചതായി വിലയിരുത്തുന്നുണ്ടോ; അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 7-4-2017-ലെ 690-ാം നമ്പർ ഗസറ്റിൽ SRO. No.182/2017 ആയി പ്രസിദ്ധീകരിച്ച 7-4-2017-ലെ G.O.(P) No.23/2017/TD ഉത്തരവ് പ്രകാരം,

1960-ലെ കേരള മുദ്രപ്പത്ര ചട്ടത്തിൽ ചട്ടഭേദഗതി വരുത്തിക്കൊണ്ടാണ് സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കിയത്. പ്രസ്തുത ഭേദഗതി പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് താഴെ മുദ്രവില വരുന്ന ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനമോ മുദ്രപ്പത്രമോ ഉപയോഗിക്കാവുന്നതും ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം ഉപയോഗിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

നിലവിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന ഇടപാടുകൾക്ക് മാത്രമാണ് ഇ-സ്റ്റാമ്പിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ 315 സബ്‌രജിസ്ട്രാർ ഓഫീസുകളിലും ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മുദ്രപ്പത്രങ്ങളുടെ ദൗർലഭ്യം പരിഹരിക്കുക, വ്യാജ മുദ്രപ്പത്രങ്ങൾ തടയുക, രജിസ്ട്രേഷൻ നടപടികൾ കൂടുതൽ സുതാര്യമാക്കുക എന്നിവയാണ് ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തിയതിലൂടെ ഉദ്ദേശിക്കുന്നത്.

(സി) ഇ-സ്റ്റാമ്പിംഗ് മുഖേന തുക ഒടുക്കിയ വിവരം ഓൺലൈനായി പരിശോധിക്കുവാൻ കഴിയുന്നതിനാലും ഇ-സ്റ്റാമ്പിംഗ് പ്രകാരം ഡിഫേസിംഗ് സംവിധാനമുള്ളതിനാലും, സ്റ്റാമ്പ് വിതരണ നാൾവഴികൾ കമ്പ്യൂട്ടർ മുഖാന്തരം ആയതിനാലും വ്യാജമുദ്രപ്പത്രങ്ങൾ ഒരു പരിധിവരെ തടയാൻ സാധിക്കുന്നുണ്ട്.

**മട്ടാഞ്ചേരി സബ്‌രജിസ്ട്രാർ ഓഫീസ് വിഭജനം**

91(6441) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് വിഭജിച്ച് പള്ളുരുത്തിയിൽ പുതിയ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിനായി 247/E3/2017/Taxes നമ്പർ ഫയൽ പ്രകാരം ആവശ്യപ്പെട്ട അടിയന്തര റിപ്പോർട്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ഡി) റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) പുതിയ ഓഫീസ് തുടങ്ങുന്നത് സംബന്ധിച്ച് റവന്യൂ അധികാരിയുടെ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തിയ ചെക്ക് ലിസ്റ്റ് സഹിതമുള്ള റിപ്പോർട്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് ലഭിക്കാത്തതാണ് കാലതാമസത്തിനുള്ള കാരണം.

(ഡി) ബാധകമല്ല.

**കന്യാകുളങ്ങര സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

92(6442) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കന്യാകുളങ്ങര സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വെളിപ്പെടുത്താമോ; ടി നിർമ്മാണ കരാർ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കന്യാകുളങ്ങര സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ അടിസ്ഥാനം നിർമ്മിച്ചുകഴിഞ്ഞു. പാർശ്വഭിത്തിയുടെ നിർമ്മാണം 50% പൂർത്തിയായിട്ടുണ്ട്.

(ബി) 30-1-2019-ൽ ആരംഭിച്ച പ്രവൃത്തി കരാർ പ്രകാരം 29-1-2020-ൽ അവസാനിക്കേണ്ടതാണ്. എന്നാൽ നിർമ്മാണ സൈറ്റ് റോഡ് നിരപ്പിൽനിന്നും ഉയർന്നുനിന്നതുകൊണ്ട് മണ്ണ്/പാറ എന്നിവ ഖനനം ചെയ്ത് മാറ്റുന്നതിന് അനുവാദം ലഭ്യമാക്കി മാറ്റാനുണ്ടായ 7 മാസത്തെ കാലതാമസം പരിഗണിച്ച് കരാർ കാലാവധി 6 മാസംകൂടി കൂട്ടി നൽകിയിട്ടുണ്ട്. 2020 ജൂലൈ അവസാനത്തോടുകൂടി നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**നികുതി വകുപ്പിന്റെ 32/2018/ടാക്സസ് ഇ 1 നമ്പർ ഫയലിന്മേൽ**

**സ്വീകരിച്ച നടപടി**

93(6443) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വകുപ്പിന്റെ 32/2018/ടാക്സസ് ഇ 1 നമ്പർ ഫയലിൽ എന്ത് തീരുമാനം എടുത്തു ; വ്യക്തമാക്കാമോ;

(ബി) ധനകാര്യ വകുപ്പിലേക്ക് പ്രസ്തുത ഫയൽ അയച്ചപ്പോൾ ലഭിച്ച റിമാർക്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) 181/2018/ടാക്സസ് ഇ 1 നമ്പർ ഫയലിൽ എന്ത് തീരുമാനം എടുത്തു എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ ലഭിച്ച മറുപടിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത ഫയലുകൾ പരിശോധിക്കുമ്പോൾ മെഡിക്കൽ റീ- ഇമ്പേഴ്സ്മെന്റും ഐ.എഫ്.എം.എ.-യും തമ്മിൽ ഉള്ള വ്യത്യാസം മനസ്സിലാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2004, 2006, 2008 വർഷങ്ങളിൽ കൊടുങ്ങല്ലൂർ താലൂക്കിൽ പുല്ലറ്റ് വില്ലേജിൽ മുൻ ആധാരങ്ങൾ പരിശോധിക്കാതെ തെറ്റായി ആധാരങ്ങൾ പോക്കുവരവ് ചെയ്ത് കൊടുത്ത വില്ലേജ് ഓഫീസർക്കെതിരെ നടപടിയെടുക്കണമെന്ന ശ്രീ. രാമചന്ദ്രന്റെ അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി Taxes-E1/32/2018-Taxes നമ്പർ ഫയൽ റവന്യൂ വകുപ്പിന് 14-3-2018-ൽ നൽകുകയുണ്ടായി. റവന്യൂ വകുപ്പ് REV-T3/139/2018-REV നമ്പർ ഫയൽ പ്രകാരം ടി പരാതിയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് 8-4-2018-ലെ ഇതേ നമ്പർ കത്തുപ്രകാരം പ്രസ്തുത അപേക്ഷ ലാന്റ് റവന്യൂ കമ്മീഷണർക്ക് അയച്ചുകൊടുക്കുകയുണ്ടായി.

(ബി) ധനകാര്യ വകുപ്പിൽ അയച്ചിട്ടില്ല.

(സി) ചെങ്ങന്നൂർ സബ്‌രജിസ്ട്രാറായ ശ്രീ. ജി. ശ്രീകുമാറിന്റെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രസ്തുത ഫയലിൽ തുക അനുവദിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) മറുപടി ഉള്ളടക്കം ചെയ്യുന്നു.*

(ഇ) ഇല്ല. ധനവകുപ്പിന്റെ അഭിപ്രായ പ്രകാരം ശ്രീ. ശ്രീകുമാറിന് 21-6-2018-ൽ അനുവദിച്ചിരുന്ന 18,00,000 രൂപയുടെ പലിശരഹിത വായ്പ ക്രമീകരിക്കുന്നതിനുള്ള നിർദ്ദേശം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനോട് നൽകിയ വേളയിൽ മാത്രമാണ് പ്രസ്തുത തുക കൈപ്പറ്റിയിട്ടില്ലെന്ന വിവരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിൽ അറിയിച്ചിട്ടുള്ളത്. മേൽവിവരം സർക്കാരിൽ ലഭ്യമായത് 20-9-2019-ൽ മാത്രമാണ്. തുടർന്ന് തുക പ്രതിപൂരണം ചെയ്യുന്നതിനുള്ള അനുമതി ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുമുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വലിയശാല ഐ.എസ്.ആർ.ഒ. എൽ.പി.എസ്.സി.-യുടെ വിപുലീകരണത്തിന് സ്ഥലം

94(6444) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് വലിയശാല ഐ.എസ്.ആർ.ഒ. എൽ.പി.എസ്.സി.-യുടെ വിപുലീകരണത്തിന് സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നതിന്റെ ഭാഗമായി 15-5-2019 മുതൽ നാളിതുവരെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ പരിധിയിൽവരുന്ന ഏതെല്ലാം വില്ലേജുകളിൽ നടന്ന രജിസ്റ്റർ ചെയ്ത വിലയാധാരങ്ങളുടെ പകർപ്പുകൾ നെടുമങ്ങാട് സബ് രജിസ്ട്രാർ ഓഫീസിൽനിന്നും തിരുവനന്തപുരം കളക്ടറേറ്റിലെ സ്പെഷ്യൽ തഹസീൽദാർ, അഡീഷണൽ (എൽ.എ.)-യുടെ ഓഫീസിലേക്ക് നൽകി; വ്യക്തമാക്കുമോ;

(ബി) ആധാരങ്ങൾ ഏതെല്ലാം തീയതികളിൽ എത്ര എണ്ണം വീതം നാളിതുവരെ നൽകിയെന്ന് അറിയിക്കുമോ;

(സി) വിലയാധാരങ്ങൾ ലഭ്യമാക്കാൻ നെടുമങ്ങാട് സബ് രജിസ്ട്രാർ ഓഫീസിൽനിന്നും ക്രോഡീകരിച്ച ലിസ്റ്റ് ലഭിച്ചിരുന്നോ; അത് എന്നായിരുന്നു; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ബ്ലോക്ക് നമ്പർ 37-ൽ ഉൾപ്പെടുന്ന കരിപ്പൂര് വില്ലേജ് വക വിലയാധാരങ്ങളുടെ പകർപ്പും ബ്ലോക്ക് 16-ലും 17-ലും ഉൾപ്പെട്ട ആനാട് വില്ലേജ് വക വിലയാധാരങ്ങളുടെ പകർപ്പും നൽകിയിട്ടുണ്ട്.

(ബി) 5-7-2019-ൽ 12 എണ്ണം.

10-7-2019-ൽ 169 എണ്ണം.

23-10-2019-ൽ 62 എണ്ണം.

11-11-2019-ൽ 124 എണ്ണം.

13-11-2019-ൽ 74 എണ്ണം.

ആകെ 441 എണ്ണം.

(സി) നെടുമങ്ങാട് സബ്‌രജിസ്ട്രാർ ഓഫീസിൽനിന്നും ക്രോഡീകരിച്ച ലിസ്റ്റ് ലഭിച്ചിട്ടില്ല. എന്നാൽ തിരുവനന്തപുരം സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)-യുടെ ഓഫീസിൽനിന്നും ക്രോഡീകരിച്ച ലിസ്റ്റ് നെടുമങ്ങാട് സബ്‌രജിസ്ട്രാർക്ക് ലഭിച്ചിരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വിൽപ്പനവില കുറച്ചുകാണിച്ച് രജിസ്ട്രേഷൻ നടത്തുന്ന പ്രവണത**

95(6445) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ഫ്ലാറ്റുകളും ബഹുനില മന്ദിരങ്ങളും വിൽക്കുമ്പോൾ വില കുറച്ചുകാണിച്ച് രജിസ്ട്രേഷൻ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഇതിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത രീതിയിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത് കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ഇത്തരം പ്രവണതകൾ തടയുന്നതിനും വേണ്ടി സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള 570 കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ കേരള മുദ്രപ്പത്രനിയമം വകുപ്പ് 45(ബി) പ്രകാരം അണ്ടർവാല്യുവേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഫ്ലാറ്റുകളും അപ്പാർട്ട്മെന്റുകളും വില കുറച്ചുകാണിച്ച് രജിസ്ട്രേഷൻ നടത്തിയതായി കണ്ടെത്തിയ കേസ്സുകളിൽ കേരള മുദ്രപ്പത്ര നിയമം വകുപ്പ് 45(ബി) പ്രകാരം അണ്ടർവാല്യുവേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. 2016-ലെ ഫിനാൻസ് ആക്ട് പ്രകാരം ഫ്ലാറ്റോ അപ്പാർട്ട്മെന്റോ ഉൾപ്പെടുന്ന ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള പ്രമാണം രജിസ്റ്റർ ചെയ്യുന്നതിനായി 1959-ലെ കേരള മുദ്രപ്പത്ര ആക്ടിന്റെ 28(ബി) ചട്ടത്തിൻ കീഴിൽ ക്ഷമതയുള്ള അധികാരസ്ഥൻ പുറപ്പെടുവിച്ച വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുകയും വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാത്ത ഫ്ലാറ്റുകളുടെയും അപ്പാർട്ട്മെന്റുകളുടെയും ആധാരങ്ങൾ രജിസ്ട്രേഷന് സ്വീകരിക്കുവാൻ പാടില്ലെന്ന് 1958-ലെ കേരള രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 30(ബി)-യിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്.

## വെള്ളാരപ്പിള്ളി തെക്കേ കോവിലകത്തിന്റെ ഭൂമി ക്രയവിക്രയം

96(6446) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ താലൂക്ക് കിഴക്കുംഭാഗം വില്ലേജിൽ ബ്ലോക്ക് 29-ൽ റീ സർവ്വേ 59-ൽപ്പെട്ട 5 ഏക്കർ 57 സെന്റ് സ്ഥലമുള്ള വെള്ളാരപ്പിള്ളി തെക്കേ കോവിലകം സംരക്ഷിത സ്മാരകം ആക്കുവാനുള്ള 19/1/17-ലെ 19/17/CAD സർക്കാർ ഉത്തരവിനുശേഷം ടി ഭൂമിയിൽ മറ്റു ക്രയവിക്രയങ്ങൾ രജിസ്ട്രേഷൻ വകുപ്പ് ചെയ്തു നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഈ നടപടികൾ നിയമവിരുദ്ധമാണെങ്കിൽ ക്രയവിക്രയ നടപടികൾ റദ്ദു ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രസ്തുത വസ്തുവിൽനിന്നും 40.50 ആർ വസ്തു ശ്രീമൂലനഗരം സബ്‌രജിസ്ട്രാർ ഓഫീസിലെ 874/18 നമ്പർ വിലയാധാരപ്രകാരം 12-4-2018-ൽ കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) 1908-ലെ രജിസ്ട്രേഷൻ ആക്ട് 83(എ) പ്രകാരം ആൾമാറാട്ടത്തിലൂടെ രജിസ്റ്ററാക്കിയ ആധാരങ്ങളും നടപടിക്രമങ്ങൾ പാലിക്കാതെ സർക്കാർ ഭൂമി കൈവശപ്പെടുത്തി രജിസ്റ്റർ ചെയ്ത ആധാരങ്ങളും റദ്ദാക്കുവാൻ മാത്രമേ രജിസ്ട്രേഷൻ വകുപ്പിന് അധികാരമുള്ളൂ. മറ്റ് രീതിയിൽ നിയമവിരുദ്ധമായി രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങൾ റദ്ദ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട കോടതികൾക്ക് മാത്രമാണ് അധികാരമുള്ളത്.

## നേമം റെയിൽവേ കോച്ചിംഗ് ടെർമിനലിന്റെ വികസനം

97(6447) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം റെയിൽവേ കോച്ചിംഗ് ടെർമിനലിന്റെ വികസന പ്രവർത്തനങ്ങൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ടെർമിനലിന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കൽ നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ; ഇതുമായി ബന്ധപ്പെട്ട് റെയിൽവേ അധികൃതരുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ;

(സി) തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന്റെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) നേമം റെയിൽവേ ഇരട്ടിപ്പിക്കലിനും പുതിയ കോച്ചിംഗ് ടെർമിനൽ സ്ഥാപിക്കുന്നതിനുമായി തൈക്കാട്, തിരുമല, നേമം, പള്ളിച്ചൽ വില്ലേജുകളിൽപ്പെട്ട 15 ഹെക്ടർ സ്ഥലം 2013-ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 2013-ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് സാമൂഹ്യാഘാതപഠനം നടന്നുവരുന്നു. സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി നടന്നുവരുന്നു.

(സി) തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി നേമം മുതൽ പാറശ്ശാല വരെയുള്ള ഭാഗത്തെ 19.499 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ ഭരണാനുമതി 26-9-2019-ലെ സ.ഉ. (സാധാ) നമ്പർ 449/2019/ഗതാ. ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്.

19.499 ഹെക്ടർ ഭൂമിയിൽ ഉൾപ്പെട്ട നേമം മുതൽ നെയ്യാറ്റിൻകര വരെയുള്ള ഭാഗത്തെ 7.6060 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 23-10-2019-ലെ സ.ഉ. (സാധാ) നമ്പർ 2951/2019/റവ. ഉത്തരവുപ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**അങ്കമാലി-ശബരി റെയിൽപ്പാത നിർമ്മാണ പുരോഗതി**

98(6448) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ബഡ്ജറ്റുകളിലായി മുന്നൂറ്റി എൺപത് കോടി രൂപ അനുവദിച്ചിട്ടുള്ള അങ്കമാലി-ശബരി റയിൽപാത നിർമ്മാണ പദ്ധതിയിൽ കേന്ദ്രവും സംസ്ഥാനവും തുല്യമായി പദ്ധതി ചെലവ് വഹിച്ചാൽ മാത്രമേ പുതിയ പദ്ധതി ഏറ്റെടുക്കാൻ കഴിയൂ എന്ന് റെയിൽവേ മന്ത്രാലയം അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത റെയിൽപാത നിർമ്മാണത്തിന്റെ ഭാഗമായി റെയിൽവേ ലൈൻ കടന്നു പോകുന്ന ഇടങ്ങളിൽ നൂറ് കണക്കിന് ആളുകൾ ഭൂമിയുടെ

ക്രയവിക്രയം നടത്താൻ കഴിയാതെ വർഷങ്ങളായി ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) അങ്കമാലി-ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. 517 കോടി രൂപ ചെലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതിയുടെ പുതുക്കിയ ചെലവ് 2815 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ഈ പദ്ധതിക്കാവശ്യമായ ഭൂമിയുടെ വിലയിലുണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ ചെലവിന്റെ 50% ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്ന മുറയ്ക്ക് ഈ പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രധാനമന്ത്രിയുടെ "പ്രഗതി" സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിയുടെ മുഴുവൻ ചെലവും റെയിൽവേ വഹിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. ഈ പദ്ധതി ആവിഷ്കരിച്ച വേളയിലോ പ്രഖ്യാപന സമയത്തോ പദ്ധതി വിഹിതത്തിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നോ ആവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കണമെന്നോ ഉള്ള നിർദ്ദേശങ്ങൾ ഇല്ലായിരുന്നു.

പാതയുടെ പരിപാലനത്തിനും നടത്തിപ്പിനും ആവശ്യമായ തുകയിൽനിന്നും അധികരിച്ച് ലഭിക്കുന്ന വരുമാനം സംസ്ഥാനവും റെയിൽവേ മന്ത്രാലയവും ആനുപാതികമായി പങ്കിടുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽനിന്നായി 416 ഹെക്ടർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇതിനായി റവന്യൂ വകുപ്പ് രണ്ട് സ്പെഷ്യൽ തഹസിൽദാർമാർ ഉൾപ്പെട്ട രണ്ട് ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കാലടി വരെയുള്ള 24.4 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ ആകെ 131.6348 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്.

കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽപ്പാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ കടന്നുപോകുന്ന ഈ ലൈനിന്റെ രാമപുരം-എരുമേലി ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിന്

ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വേ നടപടികൾ റെയിൽവേ അധികൃതർ സ്വീകരിച്ചുവരുന്നു.

അങ്കമാലി-ശബരി പദ്ധതി ചെലവിന്റെ 50% സംസ്ഥാനം വഹിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**റെയിൽവേ വികസന പദ്ധതികളോടുള്ള കേന്ദ്ര സർക്കാർ സമീപനം**

99(6449) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ പദ്ധതികൾ യഥാസമയം നടപ്പിലാക്കുവാനായി സതേൺ റെയിൽവേ തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകൾ ചേർത്ത് എറണാകുളം ആസ്ഥാനമാക്കി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികളോട് കേന്ദ്ര സർക്കാർ വിവേചനം കാണിക്കുന്നുവെന്ന ആക്ഷേപം വസ്തുതാപരമാണോ; വിശദാംശം നൽകുമോ;

(ഡി) വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖ വികസനത്തിന്റെ ഭാഗമായി തിരുവനന്തപുരം-കന്യാകുമാരി ലൈനിൽ വിഴിഞ്ഞം-ബാലരാമപുരം പുതിയ ബ്രോഡ്ഗേജ് ലൈൻ നിർമ്മാണ പദ്ധതി ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ചുമതല സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസുള്ളതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടുപോകുന്ന

സാഹചര്യത്തിൽ കേരളത്തിന് മാത്രമായൊരു റെയിൽവേ സോൺ ആവശ്യപ്പെട്ടിട്ടുണ്ട്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം-പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും ഈ സോണിന്റെ ആസ്ഥാനമായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു പ്രത്യേക സോൺ രൂപവൽക്കരിക്കാനുള്ള സ്ഥിതിവിശേഷം ഇപ്പോൾ ഇല്ല എന്ന തീരുമാനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. അനുകൂല നിലപാട് കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ട് 10-7-2019-ന് റെയിൽവേയുടെ ചുമതലയുള്ള മന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് വീണ്ടും കത്ത് അയച്ചിട്ടുണ്ട്. അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നു.

(ഡി&ഇ) വിഴിഞ്ഞം സീപോർട്ട്-ബാലരാമപുരം റെയിൽ ലിങ്കിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.സി.എൽ.) സമർപ്പിച്ചിട്ടുള്ളതും ആയത് സംസ്ഥാനതല കമ്മിറ്റി പരിശോധിച്ച് ദക്ഷിണ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. റെയിൽവേയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് തുടർനടപടി തുറമുഖ വകുപ്പ് സ്വീകരിക്കുന്നതാണ്.

**വല്ലാർപാടം കണ്ടെയിനർ ടെർമിനൽ റെയിൽപ്പാത**

100(6450) <u>ശ്രീ. ജോൺ ഫെർണാണ്ടസ് :</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച വല്ലാർപാടം കണ്ടെയിനർ ടെർമിനലിലേക്കുള്ള റെയിൽപാതയുടെ പ്രയോജനം എല്ലാവർക്കും ലഭ്യമാകത്തക്ക രീതിയിൽ വല്ലാർപാടം പള്ളിയേയും വേളാങ്കണ്ണിയേയും ബന്ധിപ്പിച്ചുകൊണ്ട് ട്രെയിൻ സർവീസ് ആരംഭിക്കുന്നതിനായി എം.എൽ. എ. സമർപ്പിച്ച കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

വല്ലാർപാടം പള്ളിയെയും വേളാങ്കണ്ണിയെയും ബന്ധിപ്പിച്ചുകൊണ്ട് ട്രെയിൻ സർവ്വീസ് ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 28-6-2019-ന് കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് കത്ത് അയച്ചിട്ടുള്ളതും ആയത് തുടർനടപടി

സ്വീകരിക്കുന്നതിലേയ്ക്കായി റെയിൽവേ ബോർഡിന് കൈമാറിയിട്ടുള്ളതായും 10-7-2019-ൽ കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്.

**അങ്ങാടിപ്പുറം ഏഴുകണ്ണി പാലത്തിന് സമീപം ഓവർബ്രിഡ്ജ് നിർമ്മാണം**

101(6451) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്ങാടിപ്പുറം ഏഴുകണ്ണി പാലത്തിന് സമീപം റെയിൽവേ ക്രോസിംഗ് ഭാഗത്ത് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണുള്ളതെന്ന് അറിയിക്കാമോ;

(ബി) ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനായി റെയിൽവേയ്ക്ക് പ്ലാൻ ആന്റ് എസ്റ്റിമേറ്റ് (പി&ഇ) ചാർജ്ജ് ഇനത്തിൽ അടയ്ക്കുവാനുള്ള തുക സംബന്ധിച്ചുള്ള പ്രൊപ്പോസലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) റെയിൽവേയ്ക്ക് നൽകാനുള്ള പി&ഇ ചാർജ്ജ് അനുവദിച്ച് നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് റവന്യൂ സർവ്വേ പൂർത്തിയായിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഉടമസ്ഥർക്ക് നൽകേണ്ട തുക സംബന്ധിച്ച വിവരം റവന്യൂ വകുപ്പ് നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഇ) പി&ഇ ചാർജ്ജ് അതിവേഗം അനുവദിച്ച് നൽകി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് റെയിൽവേയുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ അതിവേഗമാക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-ഇ) ഓരാടം പാലം മാനത്തുമംഗലം ബൈപ്പാസ് നിലമ്പൂർ ഷൊർണ്ണൂർ റെയിൽവേ പാതയെ കടന്നുപോകുന്ന ഭാഗത്ത് ലെവൽ ക്രോസ് നമ്പർ 7-ൽ (ഏഴുകണ്ണി പാലത്തിന് സമീപം) മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ റെയിൽവേ ഓവർബ്രിഡ്ജ് പോർഷന്റെ ഏകദേശ എസ്റ്റിമേറ്റ് തുക 8,11,41,000 രൂപയാണെന്നും ആയതിന്റെ പി.&ഇ. ചാർജ്ജ് 16,23,800 രൂപയാണെന്നും ഇതിൽ പി.&ഇ. ചാർജ്ജ് അടിയന്തരമായി അടയ്ക്കണമെന്നും സതേൺ റെയിൽവേ ചീഫ് ബ്രിഡ്ജ് എഞ്ചിനീയർ അറിയിച്ചിരുന്നു. എന്നാൽ ഭരണാനുമതി

പുറപ്പെടുവിക്കുന്നതിന് മുമ്പുതന്നെ പി.&ഇ. ചാർജ്ജ് അനുവദിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും സാധാരണയായി പി.&ഇ. ചാർജ്ജ് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുമുമ്പ് അനുവദിക്കാറുണ്ടോയെന്നത് സംബന്ധിച്ചും പരിശോധിക്കുവാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

**വർക്കല റെയിൽവേ സ്റ്റേഷൻ നവീകരണം**

102(6452) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് കേന്ദ്രമായ വർക്കലയിലെ റെയിൽവേ സ്റ്റേഷൻ പരിസരം സൗന്ദര്യവൽക്കരിക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വർക്കല റെയിൽവേ സ്റ്റേഷന് മുൻവശം റെയിൽവേയുടെ അധീനതയിലുള്ള ഭൂമി നവീകരിച്ച് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ആയതിലേയ്ക്കുള്ള ഫണ്ട് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) പി.പി.പി. മോഡൽ വഴിയായി രാജ്യത്തെ റെയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് പുനർവികസിപ്പിക്കുന്ന പദ്ധതിയിൽ കേരളത്തിലെ 21 റെയിൽവേ സ്റ്റേഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ വർക്കല-ശിവഗിരി റെയിൽവേ സ്റ്റേഷൻ വികസിപ്പിക്കുന്നതിനുള്ള നടപടികൾ വിവിധ കോർപ്പറേഷനും ഇന്ത്യൻ റെയിൽവേ സ്റ്റേഷൻ കോർപ്പറേഷൻ ലിമിറ്റഡും (IRSDC) സംയുക്തമായി സ്വീകരിച്ചുവരുന്നു.

**രാജ്യറാണി എക്സ്പ്രസ്സ് ട്രെയിൻ**

103(6453) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽ നിന്ന് തിരുവനന്തപുരത്തേക്കും, തിരിച്ചുമുള്ള രാജ്യറാണി എക്സ്പ്രസ്സ് ട്രെയിൻ കൊച്ചുവേളി വരെ മാത്രം സർവ്വീസ് നടത്തുന്നത്മൂലം യാത്രക്കാർക്കുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം, പാലക്കാട് ജില്ലകളിൽ നിന്നുള്ള കാൻസർ രോഗികളുൾപ്പെടെയുള്ള യാത്രക്കാർ കൊച്ചുവേളിയിൽ ഇറങ്ങി യാത്രാ സൗകര്യങ്ങളില്ലാതെ ബുദ്ധിമുട്ടുന്നത് പരിഹരിക്കാൻ ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്നറിയിക്കാമോ;

(സി) രാജ്യറാണി ട്രെയിൻ തിരുവനന്തപുരം സെൻട്രൽ സ്റ്റേഷൻ വരെ നീട്ടാൻ സാധിക്കുമോ; സർക്കാർ ഇതിനുവേണ്ടി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(ഡി) രാജ്യറാണി ട്രെയിനിൽ പുതിയ കോച്ചുകൾ ഉപയോഗിക്കാൻ കഴിയുമോ; ഇതിനുവേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം യാത്രക്കാർക്ക് തിരുവനന്തപുരം നഗരത്തിൽ എത്തിച്ചേരുവാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ട്രെയിൻ തിരുവനന്തപുരംവരെ നീട്ടണമെന്ന് റെയിൽവേയോട് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ ടെർമിനലുകളുടെ അപര്യാപ്തത കാരണം ഈ നിർദ്ദേശം പ്രായോഗികമല്ലെന്ന നിലപാടാണ് റെയിൽവേ കൈക്കൊണ്ടിട്ടുള്ളത്.

നിലവിൽ രാജ്യറാണി എക്സ്പ്രസ്സിൽ കൊച്ചുവേളി റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേരുന്ന യാത്രക്കാർക്ക് മതിയായ യാത്രാസൗകര്യം കെ.എസ്.ആർ.ടി.സി. ഒരുക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി രാവിലെ 2 എ.സി. ജൻറം ബസ്സുകളും, ഒരു സിറ്റി ഫാസ്റ്റ് ബസ്സും, രാത്രി 3 സിറ്റി ഫാസ്റ്റ് സർവ്വീസുകളും ക്രമീകരിച്ചിട്ടുണ്ട്. ഇവയ്ക്ക് റെയിൽവേ സ്റ്റേഷന്റെ ടെർമിനൽ 1-ൽ (മാധവപുരം) സ്റ്റോപ്പ് അനുവദിച്ചിട്ടുള്ളതുമാണ്. കൂടാതെ കൊച്ചുവേളി റെയിൽവേ സ്റ്റേഷൻ അധികാരികൾ ആവശ്യപ്പെടുന്ന സമയത്തും കെ.എസ്.ആർ.ടി.സി. അധിക സർവ്വീസുകൾ നടത്തിവരുന്നുണ്ട്.

സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് രാജ്യറാണി എക്സ്പ്രസ്സ് തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻവരെ നീട്ടുന്ന കാര്യത്തിൽ റെയിൽവേയുടെ ഭാഗത്തുനിന്ന് അനുഭാവപൂർണ്ണമായ സമീപനം കൈക്കൊള്ളുമെന്ന് കരുതുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ LHB കോച്ചുകളുള്ള ട്രെയിൻ ഓടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ട്രെയിനുകളിൽ ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ എൽ.എച്ച്.ബി. (LHB) കോച്ചുകൾ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കോന്നി മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

104(6454) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കോന്നി മണ്ഡലത്തിലെ സ്കൂളുകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത മണ്ഡലത്തിലെ സ്കൂൾ വികസന പ്രവർത്തനം സംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖാന്തരം തുക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും, ഇനി ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോന്നി മണ്ഡലത്തിൽ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ കോന്നി ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയും സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതിയും ഏകദേശം പൂർത്തിയായി. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കോന്നി മണ്ഡലത്തിലെ സ്കൂളുകളിൽ കിഫ്ബി ഫണ്ടുപയോഗിച്ചും പ്ലാൻ ഫണ്ടുപയോഗിച്ചുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. സ്കൂളുകളിൽ അക്കാദമിക മാസ്റ്റർ പ്ലാൻ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ഭാഷാ വികാസത്തിനായി 'മലയാളത്തിളക്കം', 'ഹലോ ഇംഗ്ലീഷ്', 'സുരീലി ഹിന്ദി' തുടങ്ങിയ പദ്ധതികളും പഠന പിന്നാക്കാവസ്ഥ അഭിമുഖീകരിക്കാൻ 'ശ്രദ്ധ' പദ്ധതിയും, ശാസ്ത്രം, ഗണിതം എന്നിവയിൽ ആഭിമുഖ്യം വളർത്തുന്നതിനുതകുന്ന പദ്ധതികളും കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിനുള്ള പദ്ധതികളും അക്കാദമിക പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നുവരുന്നു.

(ബി) കോന്നി മണ്ഡലത്തിൽ 5 കോടി രൂപ ചെലവഴിച്ച് മികവിന്റെ കേന്ദ്രമാക്കുന്നതിന് കോന്നി ജി.എച്ച്.എസ്.എസ്., അടിസ്ഥാന സൗകര്യവികസനത്തിനായി 3 കോടി രൂപ വീതം ചെലവഴിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ജി.എച്ച്.എസ്.എസ്. ചിറ്റാർ, ജി.എച്ച്.എസ്.എസ്. കലഞ്ഞൂർ എന്നീ സ്കൂളുകൾക്കും തുക അനുവദിച്ചിട്ടുണ്ട്.

(സി) കോന്നി നിയോജകമണ്ഡലത്തിലെ കിഫ്ബി ധനസഹായത്തോടെ 5 കോടി/3 കോടി/ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കപ്പെട്ട താഴെപ്പറയുന്ന നാല് സ്കൂളുകൾക്കും ഭരണാനുമതി

നൽകിയിട്ടുണ്ട്.

1. ജി.എച്ച്.എസ്.എസ്. കോന്നി - 5 കോടി രൂപ

2. ജി.എച്ച്.എസ്.എസ്. ചിറ്റാർ - 3 കോടി രൂപ

3. ജി.എച്ച്.എസ്.എസ്. കലഞ്ഞൂർ - 3 കോടി രൂപ

4. ജി.എച്ച്.എസ്.എസ്. മാങ്കോട് - 1 കോടി രൂപ

**പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന നടപടി**

105(6455) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഓരോ മണ്ഡലത്തിലെയും ഒരു സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നൂറ് വർഷം പൂർത്തിയാക്കിയ സർക്കാർ സ്കൂളുകൾക്ക് എന്തൊക്കെ ധനസഹായങ്ങളാണ് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഇരുന്നൂറ് വർഷം പിന്നിട്ട എയ്ഡഡ് സ്കൂളുകളടക്കം ഏഴ് പൈതൃക സ്കൂളുകൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനായി എത്ര സ്കൂളുകളുടെ മാസ്റ്റർ പ്ലാനുകളാണ് തയ്യാറാക്കിയിട്ടുള്ളതെന്നും എത്ര സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാണോ; എങ്കിൽ നൽകുമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 200 വർഷം പിന്നിട്ട എയ്ഡഡ് സ്കൂളുകളടക്കം 7 പൈതൃക സ്കൂളുകൾക്ക് പ്രത്യേക പരിഗണന നൽകുന്നതാണെന്നും 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 150 വർഷം പിന്നിട്ട എല്ലാ ഹെറിറ്റേജ് സ്കൂളുകൾക്കും പ്രത്യേക ധനസഹായം നൽകുന്നതാണെന്നും പ്രഖ്യാപിച്ചിരുന്നു. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

(ഡി) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനായി 141 സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ മേഖലയ്ക്കായി വിനിയോഗിക്കുന്ന തുക

106(6456) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനം തുകയാണ് നിലവിൽ പൊതുവിദ്യാഭ്യാസ മേഖലക്കായി വിനിയോഗിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉന്നമനത്തിനായി സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾ, എം.പി., എം.എൽ.എ., തദ്ദേശഭരണ വകുപ്പ് എന്നിവരുടെ വിവിധ ഫണ്ടുകൾ ഈ മാസ്റ്റർ പ്ലാനിനനുസരിച്ച് ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം സാദ്ധ്യമാക്കുമോയെന്ന് വെളിപ്പെടുത്താമോ;

(ഡി) വരും വർഷങ്ങളിൽ പ്രസ്തുത മേഖലക്കായി ചെലവിടുന്ന തുക വർദ്ധിപ്പിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി പൊതുപരീക്ഷകളുടെ ഉത്തരക്കടലാസ് വിതരണം

107(6457) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020- മാർച്ച് മാസം നടക്കുന്ന എസ്.എസ്.എൽ.സി.-ഹയർ സെക്കന്ററി,വൊക്കേഷണൽ ഹയർ സെക്കന്ററി പൊതുപരീക്ഷകളുടെ ഉത്തരക്കടലാസ് വിതരണം ഇതുവരെയും ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2019- മാർച്ചിലെ എസ്.എസ്.എൽ.സി.,ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി പൊതു പരീക്ഷകളുടെ ഉത്തരക്കടലാസ് വിതരണം ഇതേ രീതിയിൽ വൈകിപ്പിച്ചതിനെ തുടർന്ന് പ്രൈവറ്റ് വാഹനം ഉപയോഗിച്ച വിതരണം നടത്തിയതിൽ മുൻ വർഷത്തെ അപേക്ഷിച്ച എത്ര രൂപ അധികം ചെലവായി എന്ന് വ്യക്തമാക്കാമോ;

(സി) അത്തരത്തിൽ സർക്കാരിന് നഷ്ടമുണ്ടാക്കിയ ജീവനക്കാർക്കെതിരെ എന്തെങ്കിലും നടപടി സീകരിച്ചിട്ടുണ്ടോ; ഇല്ലങ്കിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2020 മാർച്ച് മാസം നടക്കേണ്ട എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി പൊതുപരീക്ഷകൾക്കുള്ള ഉത്തരക്കടലാസ് വിതരണം 20-11-2019-ന് ആരംഭിച്ചു.

(ബി) കഴിഞ്ഞ വർഷം വിതരണം നടത്തേണ്ടിയിരുന്ന ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഉത്തര പുസ്തകങ്ങൾ (Answer Booklets) ആദ്യമായി ബുക്ക്ലെറ്റ് രൂപത്തിൽ തയ്യാറാക്കിയതിനാൽ ഗവൺമെന്റ് പ്രസ്സുകളിൽനിന്ന് വിതരണത്തിനായി ലഭിക്കുന്നതിന് കുറച്ച് കാലതാമസം നേരിട്ടിരുന്നു. ഈ സാഹചര്യത്തിൽ 2019 മാർച്ചിലെ പൊതുപരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിനായി ബഹു. വിദ്യാഭ്യാസ മന്ത്രി, പൊതുവിദ്യാഭ്യാസ സെക്രട്ടറി, പരീക്ഷാ കമ്മീഷണർ, ഹയർ സെക്കന്ററി ഡയറക്ടർ, സ്റ്റേഷനറി ഡയറക്ടറുടെ പ്രതിനിധി, പരീക്ഷാ ജോയിന്റ് കമ്മീഷണർ, പരീക്ഷാ സെക്രട്ടറി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം പരീക്ഷാ സെക്രട്ടറി എന്നിവർ പങ്കെടുത്ത യോഗതീരുമാനപ്രകാരമാണ് പ്രൈവറ്റ് വാഹനങ്ങൾ ഉപയോഗിച്ച് ഉത്തരക്കടലാസ്സുകൾ വിതരണം നടത്തിയത്. 2018 മാർച്ചിലെ പൊതുപരീക്ഷകളുടെ ഉത്തരക്കടലാസ്സുകളുടെ വിതരണത്തിന് ചെലവായ തുകയേക്കാൾ ഏകദേശം 6 ലക്ഷം രൂപ 2019 മാർച്ചിലെ പൊതുപരീക്ഷകളുടെ ഉത്തരക്കടലാസ് വിതരണത്തിന് അധികമായി ചെലവായിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടില്ല.

## ബധിര വിദ്യാലയങ്ങളിലെ പഠന-പഠനേതര പ്രവർത്തനങ്ങൾ

108(6458) ശ്രീ. പി. ഉണ്ണി :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. വി. കെ. പ്രശാന്ത് :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ, എയ്ഡഡ് ബധിര വിദ്യാലയങ്ങളിലെ പഠന-പഠനേതര പ്രവർത്തനങ്ങളെക്കുറിച്ചും പശ്ചാത്തല സൗകര്യങ്ങളെക്കുറിച്ചും അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(ബി) പ്രസ്തുത വിദ്യാലയങ്ങളിൽ സാധാരണ വിദ്യാലയങ്ങളിലെ പാഠപുസ്തകങ്ങളാണ് പഠിപ്പിക്കുന്നതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബധിര വിദ്യാലയങ്ങളിലെ ഒന്നു മുതൽ നാലുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ പരിമിതികൾ ഉൾക്കൊണ്ടുകൊണ്ട് പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കാൻ എസ്.സി.ഇ.ആർ.ടി. തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) ബധിര വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി തയ്യാറാക്കിവരുന്ന പുസ്തകങ്ങൾ എന്നു മുതൽ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) കാലതാമസം ഒഴിവാക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2013-14 വർഷം 'ബധിര വിദ്യാലയങ്ങളിലെ അവസ്ഥാപഠനം' എന്ന ഗവേഷണ പഠനം എസ്.സി.ഇ.ആർ.ടി. നടത്തിയിട്ടുണ്ട്. ഇതിൽ നിലവിലെ പാഠ്യപദ്ധതി, അടിസ്ഥാന സൗകര്യം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം തുടങ്ങിയ മേഖലകളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്.

(ബി) ബധിര വിദ്യാലയങ്ങളിൽ സാധാരണ വിദ്യാലയങ്ങളിലെ പാഠപുസ്തകങ്ങളാണ് ഇപ്പോൾ പഠിപ്പിക്കുന്നത്.

(സി) ഒന്ന് മുതൽ നാലുവരെ ക്ലാസ്സുകളിലെ ബധിര കുട്ടികൾക്കായി പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം ഒന്നാം ക്ലാസ്സിലെ പാഠപുസ്തകങ്ങൾ തയ്യാറാക്കിവരുന്നു. കൂടാതെ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടുന്ന കുട്ടികൾക്കായി ഉദ്ഗ്രഥിത പ്രവേശിക പാഠവും തയ്യാറാക്കിയിട്ടുണ്ട്.

(ഡി&ഇ) 2020-21 അദ്ധ്യയന വർഷം മുതൽ പാഠപുസ്തക വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

## നാഷണൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് തുക വിതരണം

109(6459) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് (എൻ.എം.എം.എസ്.) പരീക്ഷ വിജയിച്ച വിദ്യാർത്ഥികൾക്ക് യഥാസമയം തുക വിതരണം ചെയ്യാത്ത സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വർഷത്തെ തുകയാണ് വിതരണം ചെയ്യാൻ കുടിശ്ശികയുള്ളതെന്ന് അറിയിക്കാമോ;

(ബി) കേന്ദ്രസർക്കാരിൽ നിന്നും സ്കോളർഷിപ്പ് വിതരണത്തിനുള്ള തുക ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും നാളിതുവരെയായിട്ടും പ്രസ്തുത തുക വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടില്ലായെങ്കിൽ അതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(സി) മികച്ച വിജയം കരസ്ഥമാക്കിയ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് യഥാസമയം ലഭിക്കേണ്ട സ്കോളർഷിപ്പ് സമയബന്ധിതമായി വിതരണം ചെയ്യാത്തത് സ്കോളർഷിപ്പിന്റെ ഉദ്ദേശ്യത്തെത്തന്നെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) നാഷണൽ മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് പൊതുവിദ്യാഭ്യാസ വകുപ്പ് വഴിയല്ല വിതരണം ചെയ്യുന്നത്. ഇതൊരു പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ആണ്. പൊതുവിദ്യാഭ്യാസ വകുപ്പ് വഴി വിതരണം ചെയ്യുന്നത് നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് (NMMS) ആണ്. 100% കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പാണിത്. അർഹരായ എല്ലാ കുട്ടികൾക്കും 2018-19 വർഷം വരെയുള്ള തുക അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡി.ബി.റ്റി. (DBT) ആയി കേന്ദ്രമന്ത്രാലയം (MHRD) നൽകിയിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക നേരിട്ടാണ് നൽകുന്നത്. സംസ്ഥാന സർക്കാരിന്/വകുപ്പിന് ഈ ഇനത്തിൽ ഫണ്ട് കൈമാറുന്നില്ല. അവ്യക്തവും

അപൂർണ്ണവും തെറ്റായതുമായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നൽകുന്ന കുട്ടികൾക്ക് യഥാസമയം സ്കോളർഷിപ്പ് ലഭിക്കുന്നില്ല.

(സി) കുട്ടികൾ നൽകുന്ന ബാങ്ക് അക്കൗണ്ട്/ആധാർ നമ്പർ എന്നിവയിൽ തെറ്റുണ്ടെങ്കിൽ സ്കോളർഷിപ്പ് തുക ലഭിക്കാതെ വരാറുണ്ട്. ഈ വിഷയത്തിൽ പരാതി ലഭിക്കുന്ന മുറയ്ക്ക് ശരിയായ ബാങ്ക് അക്കൗണ്ട്/ആധാർ വിവരങ്ങൾ കേന്ദ്ര മന്ത്രാലയത്തിന് കൈമാറി സ്കോളർഷിപ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കത്ത് നൽകാറുണ്ട്.

**സ്കൂൾ കുട്ടികൾ ജങ്ക് ഫുഡിന് അടിമകളാകുന്ന സാഹചര്യം**

110(6460) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾ ജങ്ക് ഫുഡിന് അടിമകളായിരിക്കുന്നത് മൂലം കുട്ടികളിൽ ആരോഗ്യ പ്രശ്നങ്ങൾ കണ്ടുവരുന്നതായ സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) ഇത്തരം ജങ്ക് ഫുഡ്സുകളും കോളകളും സ്കൂൾ ക്യാന്റീനുകളിൽ വിൽക്കുന്നത് നിരോധിക്കുന്നതിനും പ്രസ്തുത കാന്റീനുകളിൽ ആവിയിൽ പാചകം ചെയ്ത ഭക്ഷ്യവസ്തുക്കളും പഴവർഗ്ഗങ്ങളും മാത്രം വിൽക്കുന്നതിനും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരം ജങ്ക് ഫുഡ്സുകളും കോളകളും സ്കൂൾ ക്യാന്റീനുകളിൽ വിൽക്കുന്നത് നിരോധിക്കുന്നതിനും പ്രസ്തുത ക്യാന്റീനുകളിൽ ആവിയിൽ പാചകം ചെയ്ത ഭക്ഷ്യവസ്തുക്കളും പഴവർഗ്ഗങ്ങളുംമാത്രം വിൽക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**മലയാളഭാഷ പഠിപ്പിക്കാത്ത സ്കൂളുകൾ**

111(6461) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയാളഭാഷ പഠിപ്പിക്കാത്ത സ്കൂളുകൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാരിതര സിലബസ് പഠിപ്പിക്കുന്ന സ്കൂളുകളിൽ മലയാളഭാഷ നിർബന്ധമാക്കിയിട്ടുണ്ടോ;

(സി) സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിൽ മലയാളഭാഷ പഠിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളിലും മലയാളഭാഷ പഠിപ്പിക്കുന്നുണ്ട്. എന്നാൽ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിലും, കേന്ദ്രീയ വിദ്യാലയങ്ങൾ, നവോദയ വിദ്യാലയങ്ങൾ, സൈനിക സ്കൂൾ എന്നിവിടങ്ങളിലും മലയാളഭാഷാ പഠനത്തിൽ വിമുഖത കാട്ടുന്നുണ്ട്. ഈ സാഹചര്യത്തിൽ സർക്കാരിതര സിലബസ് പഠിപ്പിക്കുന്ന സ്കൂളുകളിലും മലയാള ഭാഷാപഠനം ലക്ഷ്യമാക്കി നിയമം കൊണ്ടുവന്നിട്ടുണ്ട്. 2018-ലെ മലയാളഭാഷാ പഠന ചട്ടങ്ങളിൽ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിലും മലയാളഭാഷ പഠിപ്പിക്കണമെന്ന ചട്ടം ഉൾപ്പെടുത്തിയിട്ടുണ്ട്. സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. അഫിലിയേഷനോടുകൂടി പ്രവർത്തിക്കുന്ന സ്കൂളുകളിൽ 1, 2 ക്ലാസ്സുകളിൽ മലയാളം പഠിപ്പിക്കാൻ പ്രത്യേകം പാഠപുസ്തകം എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. 3 മുതലുള്ള ക്ലാസ്സുകളിൽ മലയാളത്തിന് മാത്രമായി പാഠപുസ്തകങ്ങൾ നിലവിലുള്ളതിനാൽ ആ പാഠപുസ്തകങ്ങൾ തന്നെ തുടരാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**മാതൃഭാഷാ പഠനത്തിനോടൊപ്പം ഇംഗ്ലീഷും**

112(6462) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി തലം മുതൽ ഹയർസെക്കണ്ടറി തലം വരെയുള്ള സ്കൂളുകളിൽ മാതൃഭാഷാ പഠനത്തിന് ഊന്നൽ നൽകിയുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്;

(സി) മലയാളഭാഷാ പഠനത്തോടൊപ്പം ഇംഗ്ലിഷ് ഭാഷാ പഠനം പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് പല സ്കൂളുകളിലും, ഇംഗ്ലീഷ് പഠിപ്പിക്കുന്നത് ഇംഗ്ലീഷിൽ ബിരുദം ഇല്ലാത്തവരാണെന്നത് വസ്തുതയല്ലേ; എങ്കിൽ എല്ലാ സ്കൂളുകളിലും ഇംഗ്ലീഷ് അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിച്ച് മലയാള ഭാഷാ പഠനത്തോടൊപ്പം ഇംഗ്ലീഷ് ഭാഷാ പഠനം കൂടി പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഹയർസെക്കണ്ടറി തലംവരെ മാതൃഭാഷാ പഠനത്തിന് പാഠപുസ്തകങ്ങൾ നിലവിലുണ്ട്. പ്രീ-പ്രൈമറിതലം മുതൽ ഹയർസെക്കണ്ടറി തലംവരെയുള്ള സ്കൂളുകളിൽ മാതൃഭാഷാ പഠനത്തിന് ഊന്നൽ നൽകിക്കൊണ്ട് എസ്.എസ്.കെ.-യുടെ നേതൃത്വത്തിൽ "മലയാളത്തിളക്കം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) ഉണ്ട്. ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തുന്നതിനായി "ഹലോ ഇംഗ്ലീഷ്" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഡി) ഹൈസ്കൂൾ, ഹയർസെക്കണ്ടറി തലങ്ങളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കുകയും നിശ്ചിത യോഗ്യതയുള്ളവരെമാത്രം നിയമിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ജി.ഒ. (എം.എസ്.) നമ്പർ 11/2002/പൊ.വി.വ. തീയതി 7-1-2002 പ്രകാരം ഹൈസ്കൂൾ വിഭാഗത്തിൽ മിനിമം 5 ഡിവിഷനുണ്ടെങ്കിലാണ് എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) തസ്തിക അനുവദിക്കുന്നത്. കുട്ടികൾ തീരെ കുറഞ്ഞത് കാരണം ഹൈസ്കൂൾ വിഭാഗത്തിൽ 5 ഡിവിഷനിൽ കുറവുള്ള സ്കൂളുകളിൽ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) തസ്തിക അനുവദിക്കാൻ സാധ്യമല്ല. പ്രസ്തുത വിഭാഗം സ്കൂളുകളിൽ, മുകളിൽ സൂചിപ്പിച്ച 7-1.-2002-ലെ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് ചെയ്യുന്നതുപോലെ എച്ച്.എസ്.റ്റി. കോർ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ തന്നെയാണ് ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നത്.

## സ്കൂളുകളിലെ പാചകത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

113(6463) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്കൂളുകളിലെ പാചക ത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അവർക്ക് ക്ഷേമനിധി ഏർപ്പെടുന്നതും പെൻഷൻ നൽകുന്നതും പരിഗണിക്കുമോ?

<u>ഉത്തരം</u>

ക്ഷേമനിധി ഏർപ്പെടുത്തിയിട്ടില്ല. പാചകത്തൊഴിലാളികൾക്കായി ക്ഷേമനിധി /ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## സ്കൂളുകളിൽ പഞ്ചിംഗ് സംവിധാനം

114(6464) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ അദ്ധ്യാപകർ സമയക്ലിപ്തത പാലിക്കാത്തതിനാൽ ക്ലാസ്സുകൾ പലപ്പോഴും മുടങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഹൈസ്കൂൾ/ഹയർ സെക്കണ്ടറി തലത്തിലുള്ള സ്കൂളുകളിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 30-8-2019-ലെ സർക്കാർ ഉത്തരവ് (സാധാ) 5090/2019/പൊ.ഭ.വ. പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ നടന്നുവരുന്നു.

## സ്കൂളുകളിലെ ഉച്ചഭക്ഷണത്തിനുള്ള ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം

115(6465) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്ക്കുളുകളിൽ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കുവാൻ നിലവിലുള്ള സംവിധാനം എന്താണ്;

(ബി) ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരമില്ലായ്മയെ സംബന്ധിച്ച് ഈ അദ്ധ്യയന വർഷം എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്;

(സി) സ്കൂൾ കുട്ടികൾക്ക് പഴവർഗ്ഗങ്ങൾ കൂടി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) എഫ്.സി.ഐ. ഡിപ്പോകളിൽനിന്ന് അരി എടുക്കുന്നതിനുമുമ്പ് എഫ്.സി.ഐ.-യുടെ ക്വാളിറ്റി കൺട്രോൾ ഓഫീസർ, ലിഫ്റ്റിംഗ് ഏജൻസിയായ സപ്ലൈകോയുടെ അസിസ്റ്റന്റ് മാനേജർ/ജൂനിയർ മാനേജർ (ക്യൂ.എ) എന്നിവരടങ്ങുന്ന വിദഗ്ദ്ധസംഘം ഗുണമേന്മ പരിശോധന നടത്തി

ഗുണനിലവാരമുള്ള ലോട്ടുകൾ ലിഫ്റ്റിംഗിനായി മാർക്ക് ചെയ്യുന്നു. പ്രസ്തുത ലോട്ടുകളുടെ 3 സാമ്പിളുകൾ ശേഖരിക്കുകയും അവ സീൽ ചെയ്ത് പ്രത്യേകമായി സൂക്ഷിക്കുകയും ചെയ്യുന്നു. ഇപ്രകാരം വിട്ടെടുക്കുന്ന അരി താൽക്കാലികമായി സപ്ലൈകോ ഡിപ്പോകളിൽ സൂക്ഷിക്കുകയും ഗുണനിലവാര പരിശോധന ഇടയ്ക്കിടയ്ക്ക് നടത്തുകയും ചെയ്യുന്നു.

(ബി) എഫ്.സി.ഐ. കഴക്കൂട്ടം ഡിപ്പോ, മീനങ്ങാടി ഡിപ്പോ എന്നിവിടങ്ങളിൽനിന്ന് നടപ്പുവർഷം രണ്ടാം പാദത്തിലെ വിതരണത്തിനായി ലഭിച്ചതും സപ്ലൈകോയുടെ നെടുമങ്ങാട്, കല്പറ്റ, സുൽത്താൻബത്തേരി, മാനന്തവാടി ഡിപ്പോകൾവഴി സ്കൂളുകൾക്ക് വിതരണം ചെയ്തതുമായ അരിയുടെ ഗുണമേന്മയെക്കുറിച്ച് പരാതി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഈ വിഷയം എഫ്.സി.ഐ. റീജിയണൽ മാനേജരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഗുണനിലവാരമില്ലാത്ത അരി തിരിച്ചെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് മികച്ച ഗുണനിലവാരമുള്ള ഭക്ഷ്യധാന്യം അനുവദിക്കുന്ന കാര്യത്തിൽ ജാഗ്രത പാലിക്കാൻ എഫ്.സി.ഐ. റീജിയണൽ മാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

**പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ശുചിമുറികൾ**

116(6466) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പലതിലും വൃത്തിഹീനമായ ശുചിമുറികൾ ആണ് ഉള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുവിദ്യാലയങ്ങളിലെ ശുചിമുറികളുടെ നിലവാരം പരിശോധിക്കുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മൂന്നുമാസം കൂടുമ്പോഴെങ്കിലും ഇത് പരിശോധിക്കാനും ശുചിത്വം ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ;

(സി) പെൺകുട്ടികൾക്കായി ഗേൾ ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ ഉണ്ടാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വ്യാപകമായ രീതിയിൽ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പൊതുവിദ്യാലയങ്ങളിലെ ശുചിമുറികൾ പരിശോധിച്ച് ആയതിന്റെ നിലവാരം ഉറപ്പുവരുത്താൻ എല്ലാ പ്രധാനാദ്ധ്യാപകർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പെൺകുട്ടികൾക്കായി 'ഗേൾ ഫ്രണ്ട്‌ലി' ടോയ്‌ലെറ്റ് നിർമ്മിച്ച് നൽകുന്ന പദ്ധതി പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേനയും സമഗ്ര ശിക്ഷാ കേരള, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴിയും നടപ്പിൽ വരുത്തിയിട്ടുണ്ട്.

## സുരക്ഷിതമല്ലാത്ത സ്കൂളുകളിൽ അറ്റകുറ്റപ്പണികൾ

117(6467) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സുരക്ഷിതമല്ലാത്ത സ്കൂളുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ സർക്കാർ സ്കൂളുകൾ എത്രയാണ്; ഇത്തരം സ്കൂളുകൾക്ക് ഈ വർഷം ഫിറ്റനസ്സ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വെളിപ്പെടുത്താമോ;

(സി) സുരക്ഷിതമല്ലാത്ത സ്കൂളുകളിൽ അപകടസാധ്യത കൂടുതലായതിനാൽ ഇത്തരം സ്കൂളുകളിൽ അടിയന്തരമായി അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭാഗികമായി സുരക്ഷിതമല്ലാത്ത 8 സ്കൂളുകൾ നിലവിൽ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ രേഖപ്പെടുത്തിയിരിക്കുന്നു:

| | ജില്ല | സ്കൂളിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | ഗവ. എൽ.പി.ജി.എസ്. പെരുങ്കടവിള |
| 2 | പത്തനംതിട്ട | 1. ഗവ. യു.പി.എസ്. നിരണം<br>2. ഗവ. എൽ.പി.എസ്. കുന്നം |
| 3 | ആലപ്പുഴ | പി.കെ.എം.എം.എൽ.പി.എസ്. എലിപ്പക്കുളം |
| 4 | പാലക്കാട് | ഗവ. എൽ.പി.എസ്. പട്ടിത്തറ |
| 5 | മലപ്പുറം | എ.എം.യു.പി.എസ്. പൂവ്വത്താണി |
| 6 | കോഴിക്കോട് | 1. പൂവ്വാട്ട് പറമ്പിൽ എ.എൽ.പി.എസ്.<br>2. എം.എൽ.പി.എസ്. മണിയൂർ |

(ബി) ഇതിൽ നാലെണ്ണം സർക്കാർ സ്കൂളുകളാണ്. ഇവയിൽ ഗവ. എൽ.പി.ജി.എസ്. പെരുങ്കടവിള (തിരുവനന്തപുരം ജില്ല), ഗവ. എൽ.പി.എസ്. കുന്നം (പത്തനംതിട്ട ജില്ല) എന്നീ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ ഉടൻ പൂർത്തിയാക്കുമെന്ന പഞ്ചായത്തിന്റെ ഉറപ്പിന്മേൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. എന്നാൽ ഗവ. യു.പി.എസ്. നിരണം, മുകുളടി (പത്തനംതിട്ട ജില്ല), ഗവ. എൽ.പി.എസ്. പട്ടിത്തറ (പാലക്കാട് ജില്ല) എന്നീ സർക്കാർ സ്കൂളുകളുടെയും പി.കെ.എം.എം.എൽ.പി.എസ്. എലിപ്പക്കുളം (ആലപ്പുഴ ജില്ല), എ.എം.യു.പി.എസ്. പൂവ്വത്താണി (മലപ്പുറം ജില്ല), പൂവ്വാട്ട് പറമ്പിൽ എ.എൽ.പി.എസ്. (കോഴിക്കോട് ജില്ല), എം.എൽ.പി.എസ്. മണിയൂർ (കോഴിക്കോട് ജില്ല) എന്നീ എയ്ഡഡ് സ്കൂളുകളുടെയും അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ഇവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

(സി) ഓരോ വർഷവും സ്കൂളുകളിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഓരോ അദ്ധ്യയന വർഷാരംഭത്തിലും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എഞ്ചിനീയർമാർ പരിശോധിച്ച് സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകണമെന്ന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

## പൊതുവിദ്യാലയങ്ങളിലെ ഉച്ചഭക്ഷണച്ചെലവ്

118(6468) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്ന ഉച്ചഭക്ഷണത്തിന്റെ ചെലവ് സർക്കാർ മുൻകൂർ നൽകുന്നുണ്ടോ; ഭക്ഷണം പാകം ചെയ്യുന്നതിനായി സ്കൂളുകളിൽ പ്രത്യേകം ആളുകളെ ദിവസവേതനാടിസ്ഥാനത്തിൽ നിർത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർക്ക് നൽകുന്ന വേതനം എത്രയാണ്; ഇത് വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഉച്ചഭക്ഷണച്ചെലവ് മുൻകൂറായി നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉച്ചഭക്ഷണത്തിന്റെ ചെലവ് മുൻകൂറായി നൽകുന്നുണ്ട്. പാചകം ചെയ്യുന്നതിനായി ദിവസ വേതനാടിസ്ഥാനത്തിൽ പാചകത്തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്.

(ബി) 17-8-2019-ൽ ഏർപ്പെടുത്തിയ വർദ്ധനവ് പ്രകാരം നിലവിൽ പാചക തൊഴിലാളികൾക്ക് ലഭിക്കുന്ന കുറഞ്ഞ വേതനം 500 രൂപയും പരമാവധി വേതനം 575 രൂപയുമാണ്.

(സി) ഈ വർഷം തുടക്കത്തിൽ പാചക ചെലവിനാവശ്യമായ തുക മുൻകൂറായി അനുവദിച്ച് നൽകിയിരുന്നു. തുടർന്നുള്ള ദിവസങ്ങളിലേയ്ക്കുള്ള തുക മുൻകൂറായി അലോട്ട്മെന്റ് മുഖാന്തിരം അനുവദിച്ച് നൽകിയിട്ടുണ്ട്.

**വിദ്യാഭ്യാസ ലോണുകൾക്ക് മൊറട്ടോറിയം**

119(6469) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ലോണുകൾക്ക് മൊറട്ടോറിയം നിലവിലുണ്ടോ; പ്രസ്തുത ലോണുകൾക്ക് ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇളവ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഈ വർഷം ആഗസ്റ്റ് മാസമുണ്ടായ പ്രളയത്തെത്തുടർന്ന് പ്രളയ ദുരിതാശ്വാസ നടപടികളുടെ ഭാഗമായി പ്രളയബാധിതരുടെ നിഷ്ക്രിയ ആസ്തികളല്ലാത്ത വിദ്യാഭ്യാസ വായ്പകൾക്ക് ആറുമാസത്തേയ്ക്ക് മൊറട്ടോറിയം ഏർപ്പെടുത്തുന്നതിനും അർഹതപ്പെട്ടവർക്ക് വായ്പാ പുന:ക്രമീകരണം അനുവദിക്കുന്നതിനും 3-9-2019-ൽ കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം തീരുമാനിച്ചിട്ടുണ്ട്.

രക്ഷകർത്താക്കളുടെ വരുമാന പരിധി പ്രതിവർഷം നാലരലക്ഷം രൂപവരെയുള്ളവരുടെ പഠനകാലയളവിലെ വിദ്യാഭ്യാസ വായ്പയുടെ പലിശ സെൻട്രൽ സെക്ടർ ഇന്ററസ്റ്റ് സബ്സിഡി സ്കീം 2009 പ്രകാരം കേന്ദ്ര സർക്കാർ വഹിക്കുന്നുണ്ട്.

(ബി) പ്രളയബാധിതരുടെ വിദ്യാഭ്യാസ വായ്പയുടെ മൊറട്ടോറിയത്തിനും വായ്പാ പുനഃക്രമീകരണത്തിനുമായും സെൻട്രൽ സെക്ടർ ഇന്ററസ്റ്റ് സബ്സിഡി സ്കീം പ്രകാരമുള്ള പലിശ സബ്സിഡിക്കായും ബന്ധപ്പെട്ട ബാങ്കിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## വികസിത രാജ്യങ്ങളിലെ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവും നേടുന്നതിനുള്ള തന്ത്രം

120(6470) ശ്രീ. രാജു എബ്രഹാം :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. ബാബു :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസിത രാജ്യങ്ങളിലെ സമാനപ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവും സംസ്ഥാനത്തെ വിദ്യാർത്ഥികളും നേടുന്നുവെന്ന് ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള തന്ത്രം അറിയിക്കാമോ;

(ബി) അന്വേഷണാത്മക പഠനരീതിയിൽ വായനശാലകൾക്ക് ലബോറട്ടറിക്കുള്ള സമമായ പ്രാധാന്യം വിദ്യാർത്ഥികൾക്ക് അനുഭവവേദ്യം ആക്കാൻ സാധിച്ചിട്ടുണ്ടോ; സർഗ്ഗശേഷിക്കുള്ള അംഗീകാരം എന്ന നിലയിൽ നൽകിവരുന്ന ഗ്രേസ് മാർക്ക് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പകരം ഏതു തരത്തിലുള്ള പ്രോത്സാഹനമാണുദ്ദേശിക്കുന്നത്;

(സി) എല്ലാ കുട്ടികളും സ്കൂളിൽ പ്രവേശനം നേടുന്നതിനും അവർ ഹയർസെക്കണ്ടറി തലം പൂർത്തിയാക്കുന്നതുവരെ സാമ്പത്തിക, സാമൂഹിക, കുടുംബപരമായ കാരണങ്ങളാൽ കൊഴിഞ്ഞുപോകുന്നില്ലെന്ന് ഉറപ്പുവരുത്താനുമുള്ള പരിപാടിയെ കുറിച്ച് അറിയിക്കാമോ; പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഉചിതമായ പിന്തുണയും പ്രോത്സാഹനവും നൽകിവരുന്നുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) വികസിത രാജ്യങ്ങളിലെ സമപ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും ശേഷികളും സംസ്ഥാനത്തിലെ വിദ്യാർത്ഥികളും നേടണമെന്ന ലക്ഷ്യംകൂടി കണ്ടുകൊണ്ടാണ് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. ഇതിനായി വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനോടൊപ്പം പഠന ബോധന നിലവാരം ഉയർത്തുന്നതിനാവശ്യമായ കർമ്മ പരിപാടികളും സമയബന്ധിതമായി നടപ്പാക്കിവരുന്നു. ഇതിനായി പൊതുജന പങ്കാളിത്തത്തോടെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും മറ്റ് സർക്കാർ വകുപ്പുകളെയും യോജിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി) പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ വായനശാലകളുടെ (ലൈബ്രറി) പ്രവർത്തനം ശാസ്ത്രീയമായി മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രേസ് മാർക്ക് നിർത്തലാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) 8-ാം തരംവരെ എല്ലാ കുട്ടികൾക്കും പാഠപുസ്തകങ്ങൾ സൗജന്യമായി നൽകൽ, സമഗ്ര ശിക്ഷാ പദ്ധതിയുടെ ഭാഗമായി എട്ടാം തരംവരെ എല്ലാ പെൺകുട്ടികൾക്കും എ.പി.എൽ. ഒഴികെയുള്ള ആൺകുട്ടികൾക്കും സൗജന്യ യൂണിഫോം നൽകുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കും മലയോര പ്രദേശത്തെ ഗോത്രഭാഷകൾ സംസാരിക്കുന്ന കുട്ടികൾക്കുമായി അവരുടെ മാതൃഭാഷയിൽ മൊഡ്യൂൾ തയ്യാറാക്കിവരുന്നു. സ്കൂളുകളിൽ എത്തിച്ചേരുന്നതിന് പ്രയാസമുള്ള കുട്ടികൾക്ക് ട്രാൻസ്പോർട്ട് എസ്കോർട്ട് സഹായം ഓരോ കുട്ടിക്കും 600 രൂപാവീതം നൽകിവരുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അവർക്കാവശ്യമായ അക്കാദമിക പിന്തുണ റിസോഴ്സ് അദ്ധ്യാപകരുടെ സേവനത്തിലൂടെ ഉറപ്പുവരുത്തുന്നു. ഭിന്നശേഷിയുള്ള കുട്ടികൾക്ക് മെഡിക്കൽ ക്യാമ്പിലൂടെ കണ്ടെത്തുന്ന സഹായ ഉപകരണങ്ങൾ നൽകുന്നു.

**സ്കൂളുകൾ ഹൈടെക് ആക്കുന്നതിന് നടപടി**

121(6471) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ .ബഷീർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ സ്കൂളുകൾ ഹൈടെക് ആക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പൂർണ്ണമായി ഹൈടെക് ആക്കുന്ന നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) 8 മുതൽ 12 വരെ ക്ലാസ്സുകളുള്ള സർക്കാർ, എയ്ഡഡ്, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയത്. സ്കൂളുകൾ സജ്ജമാക്കുന്ന ക്ലാസ് മുറികളിലേയ്ക്ക് ഐ.സി.ടി. ഉപകരണങ്ങളും സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാക്കുകയാണ് ഹൈടെക് സ്കൂൾ പദ്ധതിയിലൂടെ ചെയ്തത്. പദ്ധതി പൂർത്തിയായി.

## സ്കൂളുകളുടെ അദ്ധ്യയന നിലവാരം ഉയർത്താൻ നടപടി

122(6472) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റി ശിപാർശകളുടെ അടിസ്ഥാനത്തിൽ ഒരു യൂണിറ്റായി സ്കൂൾ മാറുമ്പോൾ ഉണ്ടാകുന്ന ഭരണപരമായ സൗകര്യങ്ങൾ സ്കൂളിന്റെ അക്കാദമിക മികവിന് എപ്രകാരം വഴിയൊരുക്കുമെന്ന് വിശദമാക്കുമോ;

(ബി) സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ വേണ്ടി 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ച അഞ്ച് കോടി രൂപ അനുവദിക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ട സർക്കാർ സ്കൂളുകളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകാത്ത സാഹചര്യമുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) ഭൗതിക സാഹചര്യം ഒരുക്കുന്നതിലൂടെ അദ്ധ്യയന നിലവാരം ഉയരുകയില്ല എന്നതിനാൽ ഇതോടൊപ്പം സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പഠനം കൂടുതൽ വിദ്യാർത്ഥി സൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ഒരേ കാമ്പസ്സിൽ ഒന്നിലധികം സ്ഥാപന മേധാവികൾ വിവിധ ഡയറക്ടറേറ്റുകളിലൂടെ വരുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ബാദ്ധ്യസ്ഥരാകുമ്പോഴുണ്ടാകുന്ന സങ്കീർണ്ണതകൾ ഒഴിവാക്കാൻ സാധിക്കും. അതോടൊപ്പം സ്കൂളിലെ പൊതുവിഭവങ്ങളായ ലൈബ്രറി, ലബോറട്ടറി തുടങ്ങിയവ എല്ലാ കുട്ടികൾക്കും ഉപയോഗിക്കുന്നതിനുള്ള അവസരം ലഭ്യമാകും. ഹൈസ്കൂളിലെ മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഹയർ സെക്കണ്ടറിക്കും, ഹയർ സെക്കണ്ടറിയുടേത് ഹൈസ്കൂൾ, പ്രൈമറി വിഭാഗങ്ങൾക്കും ഉപയോഗിക്കാൻ കഴിയും. കൂടാതെ മികച്ച അദ്ധ്യാപകരുടെ സേവനം എല്ലാ വിഭാഗം കുട്ടികൾക്കും ലഭ്യമാക്കാനും കഴിയും. സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങൾ 1-12 വരെയുള്ള ക്ലാസ്സുകളെ ഒരു യൂണിറ്റായി പരിഗണിച്ച് ആസൂത്രണം ചെയ്യുന്നതിനും തുടർച്ച ഉറപ്പുവരുത്തുന്നതിനും സ്ഥാപന മേധാവികൾക്ക് സ്കൂളിനെ സമഗ്രമായി കണ്ടുകൊണ്ടുള്ള സ്കൂൾ മാനേജ്മെന്റ് സംവിധാനങ്ങൾ വളർത്തിയെടുക്കുവാനും സാധിക്കും.

(ബി) 2017-18-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അഞ്ചുകോടി രൂപ അനുവദിക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ട 141 സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച 138 സ്കൂളുകളിൽ 8 സ്കൂളുകൾ നിർമ്മാണം പൂർത്തിയാക്കി സ്കൂളിന് കൈമാറിയിട്ടുണ്ട്. അവശേഷിക്കുന്ന മൂന്ന് സ്കൂളുകളുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(സി) പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് എസ്.സി.ഇ.ആർ.ടി. ആവശ്യമായ പഠനങ്ങളും വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ദേശീയ സെമിനാറും നടത്തുകയുണ്ടായി. ജനകീയത, ആധുനികത, മാനവികത എന്നിവ ഉൾക്കൊള്ളാനും വികസിപ്പിക്കുവാനും അതുവഴി ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും കഴിയുംവിധം പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചർച്ചയ്ക്കുള്ള പാഠ്യപദ്ധതി കാഴ്ചപ്പാട് രേഖയുടെ കരട് തയ്യാറാക്കിയിട്ടുണ്ട്.

(ഡി) സ്കൂളിലെ സമഗ്രമായ അക്കാദമിക പ്ലാനിനകത്തുനിന്നുകൊണ്ട് ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി പരിഗണിച്ചുകൊണ്ടുള്ള വിനിമയ രീതിയാണ് നിലവിൽ അവലംബിക്കുന്നത്. ഓരോ കുട്ടിയുടെയും ശേഷിയും പരിമിതിയും തിരിച്ചറിഞ്ഞുകൊണ്ട് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ഇതിലൂടെ കഴിയും. കൂടാതെ അറിവിന്റെ ദൃശ്യരൂപങ്ങൾ ലഭ്യമാകുന്നതിന് ഐ.സി.റ്റി. വിഭവങ്ങൾ തയ്യാറാക്കി 'സമഗ്ര' പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. 8 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ക്യൂ.ആർ. കോഡ് സംവിധാനം ഒരുക്കിയിട്ടുണ്ട്. പഠനം ആസ്വാദ്യകരമാക്കുന്നതിനും സ്വയം പഠനത്തിനും ഇതിലൂടെ കുട്ടിക്ക് അവസരം ലഭിക്കുന്നു. 9, 10 ക്ലാസ്സുകളിലെ പാഠഭാഗങ്ങൾ വിശകലനം നടത്തി പഠനപ്രയാസം ലഘൂകരിക്കുന്നതിനാവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. കുട്ടിക്ക് സ്വയം വിലയിരുത്തലിനുള്ള ചോദ്യജാലകം 'സമഗ്ര' പോർട്ടലിൽ ലഭ്യമാണ്. ഓരോ കുട്ടിയെക്കുറിച്ചും കൂടുതൽ അറിയുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുന്നതിനും 'മെന്ററിംഗ്' സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പൊതുവിദ്യാലയങ്ങളുടെ ആധുനികവൽക്കരണം**

123(6473) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാർ അടച്ചുപൂട്ടാൻ ഉത്തരവിട്ട മലാപ്പറമ്പ് സ്കൂൾ അടക്കം സ്കൂൾ മാനേജ്മെന്റുകൾ വാണിജ്യ താല്പര്യത്തോടെ അടച്ചുപൂട്ടാൻ തീരുമാനിച്ച എത്ര

സ്കൂളുകൾ ഈ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) സ്കൂൾ ലൈബ്രറികളും ലബോറട്ടറികളും ആധുനികവത്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ സാമൂഹ്യ, സാമ്പത്തിക, വൈകാരിക പ്രശ്നങ്ങൾ മനസ്സിലാക്കി അവരുടെ പഠന മികവ് ഉയർത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള 'ശ്രദ്ധ' പദ്ധതിയുടെ വിശദാംശം നൽകുമോ;

(ഡി) സ്കൂൾ വിദ്യാർത്ഥികൾക്കായി സൗജന്യ ഇൻഷ്വറൻസ് പദ്ധതികളും രക്ഷിതാക്കൾ മരണപ്പെട്ടാൽ കുട്ടിക്ക് സ്ഥിരനിക്ഷേപമായി അൻപതിനായിരം രൂപ നൽകുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ജൈവ വൈവിധ്യത്തേയും കൃഷിയെയും പരിസ്ഥിതിയെയും കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിന് ജൈവ വൈവിധ്യ ഉദ്യാനങ്ങൾ സ്കൂളുകളിൽ ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സ.ഉ. (പി) നമ്പർ 122/2016/പൊ.വി.വ. തീയതി 27-7-2016 പ്രകാരം താഴെപ്പറയുന്ന 4 സ്കൂളുകൾ സർക്കാർ നഷ്ടപരിഹാരം നൽകി ഏറ്റെടുത്തിട്ടുണ്ട്.

1. എ.യു.പി. സ്കൂൾ, മലാപ്പറമ്പ്, കോഴിക്കോട്
2. എ.എം.എൽ.പി. സ്കൂൾ, മങ്ങാട്ടുമുറി, മലപ്പുറം
3. പി.എം.എൽ.പി. സ്കൂൾ, കിരാലൂർ, തൃശ്ശൂർ
4. എ.യു.പി. സ്കൂൾ, പാലാട്ട്, കോഴിക്കോട്

(ബി) 2018-19 വർഷം മുതൽ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് സ്കൂൾ ലൈബ്രറികൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ലൈബ്രറി പുസ്തകങ്ങൾ അനുവദിച്ചുവരുന്നു. ഇതിലേയ്ക്കായി 2018-19-ൽ 10 കോടി രൂപയുടെയും 2019-20-ൽ 8 കോടി രൂപയുടെയും പദ്ധതിയാണ് നടപ്പിലാക്കുന്നത്.

ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലൈബ്രറി/ലബോറട്ടറികളുടെ നവീകരണത്തിനായി 2018-19 സാമ്പത്തിക വർഷത്തിൽ 23 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നവീകരണ പ്രവൃത്തി ചെയ്യുന്നതിനായി സിഡ്കോയ്ക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(സി) വ്യത്യസ്ത കാരണങ്ങൾകൊണ്ട് പഠന പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി അവരെക്കൂടി മുഖ്യധാരയിലേയ്ക്ക് കൈ പിടിച്ചുയർത്തുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 2017-18 മുതൽ സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ള ഒരു നൂതന പദ്ധതിയാണ് 'ശ്രദ്ധ'.

2017-18 അദ്ധ്യയന വർഷത്തിൽ 3, 5, 8 ക്ലാസ്സുകളിലെ കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ആയതിൻപ്രകാരം 4695 സർക്കാർ സ്കൂളുകളിലെ ഏകദേശം 1,20,000 കുട്ടികൾക്ക് പദ്ധതിയുടെ ഗുണഫലം ലഭിച്ചിട്ടുണ്ട്. 2018-19 മുതൽ 3 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുകയും ടി അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ 4659 സർക്കാർ സ്കൂളുകളിലായി ഏകദേശം 1,90,000 കുട്ടികൾക്ക് ഈ പദ്ധതിയുടെ ഗുണം ലഭിക്കുകയുണ്ടായി.

പാദ വാർഷിക പരീക്ഷകളിൽ കുട്ടികൾക്ക് 'ശ്രദ്ധ'യുടെ പ്രവർത്തന മികവുകൊണ്ട് ഉയർന്ന ഗ്രേഡുകൾ കരസ്ഥമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷം സംസ്ഥാനത്തെ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസുകളുടെ പരിധിയിൽനിന്നും 10 എൽ.പി., 10 യു.പി., എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസുകളുടെ പരിധിയിൽനിന്നും 10 ഹൈസ്കൂളുകൾ എന്നിങ്ങനെ തെരഞ്ഞെടുത്ത് ആകെ 3670 സർക്കാർ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

എൽ.പി./യു.പി./ഹൈസ്കൂൾ വിഭാഗങ്ങൾക്കായി പ്രത്യേകം പ്രത്യേകം മൊഡ്യൂളുകൾ തയ്യാറാക്കിയാണ് പഠന പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. അവധി ദിവസങ്ങളിലോ അല്ലെങ്കിൽ സ്കൂൾ പ്രവർത്തന സമയത്തിനുമുമ്പോ ശേഷമോ ആയിട്ടാണ് സ്കൂളുകളിൽ പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നത്. കുട്ടികൾക്കായി പ്രത്യേക ഇവാല്യുവേഷൻ ടൂളും നിർമ്മിച്ച് പഠന പുരോഗതി വിലയിരുത്തുന്നുണ്ട്. പ്രീ ടെസ്റ്റ്, പോസ്റ്റ് ടെസ്റ്റ് എന്നിവയും പദ്ധതിയുടെ ഭാഗമായി നടത്തുന്നുണ്ട്.

(ഡി) സ്കൂൾ കുട്ടികൾക്കുണ്ടാകുന്ന എല്ലാ തരത്തിലുള്ള അപകടങ്ങൾക്കുമുള്ള ഇൻഷ്വറൻസ് തുക നൽകുന്നതിനുള്ള പദ്ധതി പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം നടപ്പിലാക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 30-9-2016-ലെ സ.ഉ. (കൈ) നമ്പർ 163/2016/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഒരു വിദ്യാർത്ഥി മരണപ്പെട്ടാൽ 50,000 രൂപയും ഗുരുതരമായി പരിക്കുപറ്റിയാൽ 10,000 രൂപയും നൽകുന്നതിനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ രക്ഷിതാക്കൾ മരണപ്പെട്ടാൽ 50,000 രൂപ ട്രഷറി അക്കൗണ്ടിൽ ഫിക്സഡ്

ഡെപ്പോസിറ്റായി നിക്ഷേപിക്കുകയും പലിശയിനത്തിൽ ലഭിക്കുന്ന തുക കുട്ടികയുടെ പഠനത്തിനായി ലഭിക്കുന്നതിന് സഹായകമാകുന്ന രീതിയിലുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

(ഇ)ജൈവ വൈവിധ്യത്തെക്കുറിച്ച് അറിയുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള താൽപ്പര്യം വിദ്യാർത്ഥികളിൽ വളർത്തുക, പ്രകൃതിവിഭവ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം ജനിപ്പിക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യത്തോടെയാണ് ജൈവ വൈവിധ്യ ഉദ്യാനം എന്ന പദ്ധതി 2017-18 വർഷത്തിൽ ആവിഷ്കരിച്ചിട്ടുള്ളത്. വിദ്യാഭ്യാസ ഉപഡയറക്ടർമാരിൽ നിന്നും ലഭിച്ച ലിസ്റ്റ് പ്രകാരം സ്കൂൾ ഒന്നിന് 10,000 രൂപവീതം ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിനായി നൽകിവരുന്നു. പ്രസ്തുത വർഷം സംസ്ഥാനത്തെ 1200 പൊതുവിദ്യാലയങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയത്. 2018-19 വർഷം 2350 പൊതുവിദ്യാലയങ്ങളിലും പദ്ധതി നടപ്പിലാക്കി. നടപ്പുവർഷം 1943 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

പദ്ധതിയുടെ ഭാഗമായി ജില്ലാതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന മികച്ച ഉദ്യാനങ്ങൾക്ക് സമ്മാനമായി 25,000, 20,000, 15,000 രൂപവീതം ക്യാഷ് അവാർഡും സംസ്ഥാന തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യ മൂന്ന് സ്ഥാനങ്ങളിലെത്തുന്ന പൊതുവിദ്യാലയങ്ങൾക്ക് 50,000, 30,000, 20,000 രൂപാവീതം ക്യാഷ് അവാർഡും നൽകിവരുന്നു.

**എസ്.എം.വി. സ്കൂളിലെ പ്രിൻസിപ്പലിനെതിരെയുള്ള ആരോപണങ്ങൾ**

124(6474) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എം.വി. ഹയർ സെക്കണ്ടറി സ്കൂളിന്റെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്കൂളിലെ പ്രിൻസിപ്പലിനെതിരെ ധാരാളം അഴിമതി ആരോപണങ്ങളും സാമ്പത്തിക ക്രമക്കേടുകളും നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിന്മേലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) സർക്കാർ നിർദ്ദേശപ്രകാരം ഒരു സ്കൂളിന്റെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് എത്ര ബാങ്ക് അക്കൗണ്ടുകൾ അനുവദനീയമാണ്; തിരുവനന്തപുരം എസ്.എം.വി. ഹയർ സെക്കണ്ടറി സ്കൂളിൽ സർക്കാർ അനുമതിയില്ലാതെ ധാരാളം

ബാങ്ക്അക്കൗണ്ടുകൾ ഉപയോഗിക്കുന്നതായുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം സാഹചര്യങ്ങളിൽ സ്കൂളിന് അവധി പ്രഖ്യാപിക്കുവാൻ സർക്കാർ പ്രിൻസിപ്പൽമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്; പ്രസ്തുത സ്കൂളിലെ ഒരു അദ്ധ്യാപകന്റെ വിവാഹവുമായി ബന്ധപ്പെട്ട് 2018-19 അദ്ധ്യയന വർഷത്തിൽ പ്രിൻസിപ്പൽ സ്കൂളിന് അവധി നൽകിയതിനെതിരെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിരുന്ന പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഇ) പ്രസ്തുത സ്കൂളിലെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് നാലു ലക്ഷം രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് നടന്ന സാമ്പത്തിക ക്രമക്കേടുകളിൻമേൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് ഉണ്ടായിട്ടും നാളിതുവരെ പ്രിൻസിപ്പലിനെതിരെ യാതൊരുവിധ അച്ചടക്ക നടപടിയും സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത സ്കൂളിലെ കുട്ടികൾക്ക് വിതരണം ചെയ്യുവാനായി വാങ്ങിയ യൂണിഫോം തുണികൾ വിതരണം ചെയ്യാതെ സ്കൂളിൽ കെട്ടിക്കിടക്കുന്നതും സ്കൂൾ ബസ് ഉപയോഗ ശൂന്യമായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഹയർ സെക്കണ്ടറി സ്കൂളുകളിലെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടത് ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പൽ ആയിരിക്കെ സർക്കാർ അനുമതി കൂടാതെ ആയത് കൈകാര്യം ചെയ്യുന്നതിന് ഒരു ക്ലർക്കിനെയും ലൈബ്രേറിയനെയും പ്രിൻസിപ്പൽ നിയമിച്ച് വേതനം നൽകിവരുന്നുണ്ടോ;

(ജി) കുട്ടികളിൽ നിന്ന് അനധികൃത പിരിവ് നടത്തുന്നതിന്മേൽ സ്കൂൾ പ്രിൻസിപ്പലിനെതിരെ ഹയർ സെക്കണ്ടറി വിഭാഗം മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ച പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വിഷയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് 14-11-2019-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(സി) സ്കൂളിന്റെ ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട് ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്കിലോ ജോയിന്റ് അക്കൗണ്ട് തുടങ്ങുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവനന്തപുരം

എസ്.എം.വി. ഹയർ സെക്കണ്ടറി സ്കൂളിൽ ബാങ്ക് ഓഫ് ഇന്ത്യ (പുത്തൻചന്ത ശാഖ)-യിൽ പ്രിൻസിപ്പൽ, പ്രഥമ അദ്ധ്യാപിക, പി.റ്റി.എ. പ്രസിഡന്റ് എന്നിവരുടെ പേരിൽ ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ തുടങ്ങിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പൊതുഅവധി, പ്രാദേശിക അവധികൾ കൂടാതെ സ്കൂളിന്റെ ഒഴിച്ചുകൂടാനാകാത്ത സാഹചര്യങ്ങൾ പരിഗണിച്ച് പ്രിൻസിപ്പൽമാർ സ്കൂളിന് അവധി നൽകാറുണ്ട്. അദ്ധ്യാപകന്റെ വിവാഹവുമായി ബന്ധപ്പെട്ട് 2018-19 അദ്ധ്യയന വർഷത്തിൽ സ്കൂളിന് അവധി നൽകിയിട്ടില്ലായെന്ന് തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ - ജി) ഈ വിഷയം സംബന്ധിച്ച് നിലവിൽ വിജിലൻസ് അന്വേഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ച് തീരുമാനമെടുക്കുന്നമുറയ്ക്ക് ഈ വിഷയങ്ങളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ലാബ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ**

125(6475) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള എത്ര ഒഴിവുകളാണ് ഇതുവരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ബി) ഏതെങ്കിലും സ്കൂളുകളിൽ നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ടോ; വിശദമാക്കാമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ)13 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി&സി) ഒഴിവുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യാൻ സ്കൂൾ പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## ചലഞ്ച് ഫണ്ട് പദ്ധതി

126(6476) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് നടപ്പാക്കിയ ചലഞ്ച് ഫണ്ട് പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ടോ;

(ബി) ബന്ധപ്പെട്ട ജില്ലാതല ആഫീസർമാർ ആവശ്യമായ നിർദ്ദേശങ്ങളോ, ഇടപെടലുകളോ ഈ പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് വേണ്ടി നൽകുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചെങ്ങന്നൂർ മണ്ഡലത്തിൽ ചലഞ്ച് ഫണ്ട് പ്രവൃത്തികൾക്ക് ഉടമ്പടി വച്ച സ്കൂളുകൾ ഏതെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ചെങ്ങന്നൂർ മണ്ഡലത്തിലെ മാന്നാർ നായർ സമാജം ഹയർ സെക്കണ്ടറി സ്കൂൾ, സ്വാമി വിവേകാനന്ദ ഹയർ സെക്കണ്ടറി സ്കൂൾ, പാണ്ടനാട് എന്നീ സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഏറനാട് മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതി

127(6477) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് ഈ സർക്കാരിന്റെ കാലത്ത് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(സി) അന്തർദ്ദേശീയ നിലവാരത്തിലേക്കുയർത്തുന്ന കുഴിമണ്ണ ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിടനിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ഏറനാട് മണ്ഡലത്തിലെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുള്ള സ്കൂളുകൾ ചുവടെ ചേർക്കുന്നു:

5 കോടി - GHSS കുഴിമണ്ണ – നിർമ്മാണം നടന്നുവരുന്നു. 60% പൂർത്തിയായി.

3 കോടി - GHSS കിഴുപ്പറമ്പ്, GHSS അരീക്കോട്, സീതിഹാജി മെമ്മോറിയൽ GVHSS എടവണ്ണ, GHSS കാവന്നൂർ - ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകൾ - 3 കോടി -

GHS പേരകമണ്ണ, GUPS പത്തപ്പിരിയം, - GHSS എരഞ്ഞിമങ്ങാട് - നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള SPV-യായി INKEL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ - 1 കോടി - GHS പന്നിപ്പാറ, GLPS കിഴിച്ചേരി, GUPS എരഞ്ഞിമങ്ങാട്, GUPS മൈത്ര, GUPS മൂർക്കനാട്, GHS വടശ്ശേരി, GMUPS മുണ്ടമ്പ്ര, GHS വെറ്റിലപ്പാറ, GMUPS അരീക്കോട്, GUPS ചെങ്ങറ, LSGD മുഖേന നിർമ്മാണ പ്രവർത്തനം നടത്തുന്നതിനായി SPV-യായി KILA-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്ലാൻ ഫണ്ട് - 1 കോടി

GUPS പത്തപ്പിരിയം - പണി പൂർത്തിയായി.

**കോതമംഗലം - മാതിരപ്പിള്ളി വി.എച്ച്.എസ്.ഇ. സ്കൂളിൽ കെട്ടിട നിർമ്മാണം**

128(6478) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ മാതിരപ്പിള്ളി വി.എച്ച്.എസ്.ഇ. സ്കൂളിൽ കെട്ടിട നിർമ്മാണത്തിന് 1.5 കോടി രൂപ അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുവിദ്യാഭ്യാസ (എസ്.സി.) വകുപ്പിൽ നിന്നും ഇറങ്ങിയ.723/2019/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത സ്കൂൾ കെട്ടിടനിർമ്മാണം പി.ഡബ്ല്യൂ.ഡി.-യെ ഏല്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്കൂൾ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ഡി) ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കെട്ടിട നിർമ്മാണം നടത്തുന്നതിന് മാതിരപ്പിള്ളി ഗവ. വി.എച്ച്.എസ്.എസ്.-ന് 1.5 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിരുന്നു. ഭരണാനുമതി ലഭ്യമാക്കിയ ഉത്തരവിൽ കെട്ടിട നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിരുന്നത് തദ്ദേശസ്വയംഭരണ വകുപ്പിനെയായിരുന്നു. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിന് സ്കൂൾ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകാരണം 26-2-2019-ലെ സ.ഉ.(സാധാ)723/19/പൊ.വി.വ. നമ്പർ ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും നിർവ്വഹണ ഏജൻസി പൊതുമരാമത്ത് വകുപ്പിന് നൽകിയിരുന്നു. അതനുസരിച്ചുള്ള തുടർനടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു.

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നതായി പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണ്.

## എറണാകുളം ജില്ലയിലെ എൽ.പി. സ്കൂൾ അസിസ്റ്റന്റ് തസ്തിക

129(6479) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ എറണാകുളം ജില്ലയിൽ എൽ.പി. സ്കൂൾ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളാണ് തസ്തിക നിർണ്ണയശേഷം നിലവിലുള്ളതെന്ന വിവരം വിദ്യാഭ്യാസ ഉപജില്ലാ ക്രമത്തിൽ ലഭ്യമാക്കാമോ; തസ്തിക നിർണ്ണയം എന്നാണ് പൂർത്തിയാക്കിയതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ എൽ.പി. സ്കൂൾ അസിസ്റ്റന്റായി ഡെപ്യൂട്ടേഷൻ , ദിവസ വേതനം, കരാർ എന്നീ വ്യവസ്ഥകളിൽ ആരെങ്കിലും ജോലി നോക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ എണ്ണം ഉപജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) എൽ.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയിൽ ജില്ലയിൽ സൂപ്പർ ന്യൂമററി തസ്തികയിൽ എത്ര പേർ ജോലി നോക്കുന്നുവെന്ന വിവരം ഉപജില്ലാ ക്രമത്തിൽ ലഭ്യമാക്കാമോ;

(ഡി) എറണാകുളം ജില്ലയിൽ ഈ തസ്തികയിൽ 2020- മേയ് 31 വരെയുള്ള വിവിധ മാസങ്ങളിൽ പെൻഷൻ പറ്റി പിരിയുന്നവരുടെ എണ്ണം ഉപജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) എറണാകുളം ജില്ലയിൽ ഈ തസ്തികയ്ക്കായുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളതായി അറിയാമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) എൽ.പി.എസ്.ടി. ഒഴിവുകൾ -115 (ചുവടെ ചേർക്കുന്നു:)

| ക്രമ നമ്പർ | വിദ്യാഭ്യാസ ഉപജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, മൂവാറ്റുപുഴ | 11 |
| 2 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,പിറവം | 16 |
| 3 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കൂത്താട്ടുകുളം | 4 |
| 4 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കോലഞ്ചേരി | 12 |
| 5 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, പെരുമ്പാവൂർ | 17 |
| 6 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, അങ്കമാലി | 5 |
| 7 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കല്ലൂർക്കാട് | 7 |
| 8 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,കോതമംഗലം | 43 |
| | ആകെ | 115 |

16-7-2019-ൽ തസ്തിക നിർണ്ണയം പൂർത്തിയാക്കി.

(ബി) ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്നുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വിദ്യാഭ്യാസ ഉപജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,അങ്കമാലി | 5 |
| 2 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,മൂവാറ്റുപുഴ | 11 |
| 3 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,പിറവം | 16 |
| 4 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,കൂത്താട്ടുകുളം | 4 |
| 5 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,കോലഞ്ചേരി | 12 |
| 6 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,പെരുമ്പാവൂർ | 17 |
| 7 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,കല്ലൂർക്കാട് | 7 |
| 8 | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,കോതമംഗലം | 43 |
| | ആകെ | 115 |

(സി) ആരും തന്നെയില്ല.

(ഡി) വിരമിക്കുന്ന എൽ.പി.എസ്.ടി. അദ്ധ്യാപകരുടെ എണ്ണം -17 വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഉപജില്ലയുടെ പേര് | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | കൂത്താട്ടുകുളം | 3 |
| 2 | പിറവം | 5 |
| 3 | എറണാകുളം | 1 |
| 4 | തൃപ്പൂണിത്തുറ | 2 |
| 5 | മട്ടാഞ്ചേരി | 2 |
| 6 | കോലഞ്ചേരി | 1 |
| 7 | പെരുമ്പാവൂർ | 1 |
| 8 | ആലുവ | 2 |
| | ആകെ | 17 |

(ഇ) നിലവിൽ ഉണ്ട്. റാങ്ക് ലിസ്റ്റ് നമ്പർ– 981/2018/എസ്.എസ്.വി., കാറ്റഗറി നമ്പർ 387/2014.

**പട്ടാമ്പി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ രംഗത്തെ പദ്ധതികൾ**

130(6480) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2019-20 വരെയുള്ള ബജറ്റുകളിലായി പട്ടാമ്പി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ രംഗത്ത് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ; അവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഇനിയും ആരംഭിക്കാത്ത പദ്ധതികളുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പട്ടാമ്പി മണ്ഡലത്തിലെ 21 സ്കൂളുകളെ ഹൈടെക് സ്കൂൾ പദ്ധതിയിലും 84 സ്കൂളുകളെ പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

131(6481) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയ പേരശ്ശന്നൂർ ഹയർസെക്കണ്ടറി സ്കൂൾ, കുറ്റിപ്പുറം എച്ച്.എസ്.എസ്, ഇരിമ്പിളിയം എച്ച്.എസ്.എസ്, രാജാസ് ഹയർസെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലെ പ്രവൃത്തി സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് രൂപീകരിച്ച കൺസൾട്ടൻസി ആരെന്ന് വ്യക്തമാക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കും; എത്ര സമയത്തിനകം പൂർത്തിയാക്കും; ഇത് സംബന്ധിച്ച ഷെഡ്യൂൾ ലഭ്യമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പേരശ്ശന്നൂർ ഗവ. എച്ച്.എസ്.എസ്, ഭൗതിക സാഹചര്യത്തിന് തെരഞ്ഞെടുത്ത ഗവ. രാജാസ് ഹയർ സെക്കന്ററി സ്കൂൾ കോട്ടയ്ക്കൽ, കുറ്റിപ്പുറം ജി.എച്ച്.എസ്.എസ്., ഇരിമ്പിളിയം ജി.എച്ച്.എസ്.എസ്. എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പേരശ്ശന്നൂർ ഹയർ സെക്കണ്ടറി സ്കൂൾ, രാജാസ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ നിർമ്മാണം 60% പൂർത്തിയായി. കുറ്റിപ്പുറം ജി.എച്ച്.എസ്.എസ്., ഇരിമ്പിളിയം ജി.എച്ച്.എസ്.എസ്. എന്നിവയുടെ നിർമ്മാണ പ്രവർത്തനത്തിന്റെ SPV യായി INKEL-നെ ചുമതലപ്പെടുത്തി. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പേരശ്ശന്നൂർ സ്കൂളിന്റെയും രാജാസ് ഹയർ സെക്കണ്ടറി സ്കൂളിന്റെയും എസ്.പി.വി. കൈറ്റാണ്. ഡിസൈൻ കൺസൾട്ടൻസി കിറ്റ്കോ ആയിരുന്നു. നിർവ്വഹണത്തിനുള്ള പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി വാപ്കോസാണ് നിലവിൽ പ്രവർത്തിക്കുന്നത്.

(സി) പേരശ്ശന്നൂർ ഹയർ സെക്കണ്ടറി സ്കൂൾ, ഗവ. രാജാസ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലെ പ്രവൃത്തികൾ പുരോഗതിയിലാണ്. 2020 ജനുവരിയോടെ പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കുറ്റിപ്പുറം ജി.എച്ച്.എസ്.എസ്., ഇരിമ്പിളിയം ജി.എച്ച്.എസ്.എസ്. എന്നിവയുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

**കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി (കാൻഫെഡ്)**

132(6482) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി (കാൻഫെഡ്) യുടെ ലക്ഷ്യം എന്താണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പദ്ധതികളാണ് കാൻഫെഡ് നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) വരും വർഷങ്ങളിൽ നടപ്പിലാക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികളുടെ വിശദവിവരങ്ങളും അറിയിക്കാമോ;

(ഡി) കാൻഫെഡിന്റെ 2016-17, 2017-18, 2018-19 വർഷങ്ങളിലെ സാമ്പത്തിക കണക്കുവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ - സി) കാൻഫെഡ് എന്നത് ഒരു സർക്കാർ സ്ഥാപനമോ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനമോ അല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

**സമഗ്രശിക്ഷ അഭിയാൻ പദ്ധതി**

133(6483) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര ശിക്ഷ അഭിയാൻ പദ്ധതി നടപ്പ് അക്കാദമിക വർഷം പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ; പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്ര ശതമാനം തുകയാണ് കേന്ദ്രം നൽകിയത്; അതിൽ എത്ര തുകയാണ് വകുപ്പിന് ലഭ്യമായത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾ വഴിയുള്ള സംസ്ഥാന വിഹിതം ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സമഗ്രശിക്ഷാ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഇതുവരെ കേന്ദ്രം അനുവദിച്ചത് 16.52% തുകയാണ്. ആയതിൽ നിന്നും സമഗ്രശിക്ഷാ കേരളയുടെ ബാങ്ക് അക്കൗണ്ടിൽ തുക ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തദ്ദേശ സ്ഥാപനങ്ങൾ വഴിയുള്ള സംസ്ഥാന വിഹിതം 161.33 കോടി രൂപയിൽ നിന്നും 82.3 കോടി രൂപ ലഭിച്ചിട്ടുണ്ട്.

**കോന്നി മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം**

134(6484) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് അടിസ്ഥാന സൗകര്യവികസനത്തിനായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുള്ളത്;

(ബി) എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു; ഇനി ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭ്യമാക്കാനുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ-സി) 2019-20 സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി തുകയൊന്നും അനുവദിച്ചിട്ടില്ല.

**ശ്രദ്ധ - മികവിലേയ്ക്കൊരു ചുവട് പരിപാടി**

135(6485) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ 'ശ്രദ്ധ-മികവിലേയ്ക്കൊരു ചുവട്' പരിപാടിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 2017-18 മുതൽ സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'ശ്രദ്ധ'. വ്യത്യസ്ത കാരണങ്ങൾ കൊണ്ട് പഠന പ്രയാസം നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണനനൽകി മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുന്ന തിനായിട്ടാണ് ശ്രദ്ധ പദ്ധതി നടപ്പിലാക്കുന്നത്. 2017-18 അദ്ധ്യയന വർഷത്തിൽ 3, 5, 8 ക്ലാസ്സുകളിലെ കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ടി വർഷം 1,20,000 കുട്ടികൾക്ക് 'ശ്രദ്ധ' പദ്ധതിയുടെ മെച്ചം ലഭ്യമായിട്ടുണ്ട്. 2018-19 വർഷം മുതൽ 3 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. 2018-19 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ 4659 സർക്കാർ സ്കൂളുകളിലായി 1,90,000 കുട്ടികൾക്ക് 'ശ്രദ്ധ' പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുണ്ട്. പാദ വാർഷിക പരീക്ഷകളിൽ 'സി', 'ഡി' ഗ്രേഡുകൾ ലഭിച്ചിരുന്ന കുട്ടികൾക്ക് വാർഷിക പരീക്ഷയിൽ 'ശ്രദ്ധ' പദ്ധതിയുടെ പ്രവർത്തന മികവുകൊണ്ട് 'എ', 'ബി' ഗ്രേഡുകൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2019-2020 വർഷം സംസ്ഥാനത്തെ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെയും ജില്ലാ

വിദ്യാഭ്യാസ ഓഫീസിന്റെയും പരിധിയിൽ നിന്നും 10 വീതം എൽ.പി./ യു.പി/ഹൈസ്കൂളുകൾ തെരഞ്ഞെടുത്ത് ആകെ 3670 സർക്കാർ സ്കൂളുകളിലാണ് 'ശ്രദ്ധ' പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. എൽ.പി./യു.പി/ഹൈസ്കൂൾ വിഭാഗങ്ങൾക്കായി പ്രത്യേകം മൊഡ്യൂളുകൾ തയ്യാറാക്കിയാണ് പഠന പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. കുട്ടികൾക്കായി പ്രത്യേക ഇവാല്യുവേഷൻ ടൂളും നിർമ്മിച്ചാണ് പഠന പുരോഗതി വിലയിരുത്തുന്നത്. പ്രീ ടെസ്റ്റ്, പോസ്റ്റ് ടെസ്റ്റ് എന്നിവയും പദ്ധതിയുടെ ഭാഗമായി നടത്തുന്നുണ്ട്.

(ബി) ഓരോ ഉപജില്ലയിലെയും വിദ്യാഭ്യാസ ജില്ലയിലെയും റിസൾട്ട് കുറഞ്ഞ 10 സ്കൂളുകൾ വീതം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ കണ്ടെത്തി നൽകിയിട്ടുണ്ട്. അത്തരം 3670 സർക്കാർ സ്കൂളുകളിലാണ് 'ശ്രദ്ധ' പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

**പരീക്ഷാഭയം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

136(6486) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ മാനസികവും ശാരീരികവുമായ ശേഷി മെച്ചപ്പെടുത്തുന്നതിനും പരീക്ഷാഭയം ഒഴിവാക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) പത്താംക്ലാസ്, പ്ലസ് ടു എന്നിവയിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പരീക്ഷാകാലത്ത് ആവശ്യമായ മാനസികശേഷി നിലനിർത്തുന്നതിനാവശ്യമായ കൗൺസിലിംഗ് ക്ലാസുകൾ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) പൊതുപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന സ്കൂൾ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി വിവിധ ജില്ലാ പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികൾ പരിശോധിച്ച് ഏറ്റവും മെച്ചപ്പെട്ടവ സംസ്ഥാന തലത്തിൽ തന്നെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) പരീക്ഷാക്കാലത്ത് വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവുമായ ശേഷി മെച്ചപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി

ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ സ്കൂൾ കൗൺസിലർമാരുടെ സഹായത്തോടെ കുട്ടികൾക്ക് കൗൺസിലിംഗ് നൽകി വരുന്നു.

വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവുമായ ശേഷി മെച്ചപ്പെടുത്തുന്നതിന് സ്കൂൾതല ആരോഗ്യ-കായിക വിദ്യാഭ്യാസത്തിനായി സവിശേഷ പാഠ്യക്രമം വികസിപ്പിച്ചിട്ടുണ്ട്. ഇതിനനുസൃതമായി അദ്ധ്യാപക പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ കുട്ടികളിലെ പരീക്ഷാഭയം ഇല്ലാതാക്കുന്നതിന് മൂല്യനിർണ്ണയം കൂടുതൽ ശാസ്ത്രീയമാക്കിയിട്ടുണ്ട്. പത്താം ക്ലാസ്സിലെ കുട്ടികൾക്കായി ക്വസ്റ്റ്യൻ പൂൾ തയ്യാറാക്കിയിട്ടുള്ളത് എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് പരീക്ഷയെ നേരിടുന്നതിന് കൂടുതൽ സഹായകരമാണ്. അദ്ധ്യാപകർക്കുള്ള കൈപുസ്തകങ്ങളിലും മേൽ സൂചന മേഖലകൾ വേണ്ട രീതിയിൽ പ്രതിപാദിച്ചിട്ടുണ്ട്.

(ബി) കുട്ടികളുടെ രക്ഷിതാക്കൾക്ക് സ്കൂൾ കൗൺസിലറുടെ നേതൃത്വത്തിൽ കൗൺസിലിംഗ് നടത്താറുണ്ട്.

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ, പരീക്ഷ സമയത്ത് കുട്ടികളുടെയും രക്ഷിതാക്കളുടെയും സംശയങ്ങൾ ദുരീകരിക്കുന്നതിനും പരീക്ഷ പേടി അകറ്റുന്നതിനും അവരുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനുമായി കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസിലിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഒരു ടോൾഫ്രീ-ടെലി കൗൺസിലിംഗ് സംവിധാനം "വീഹെൽപ്പ്" എന്ന പേരിൽ പരീക്ഷയോട് അനുബന്ധിച്ച് ഒരുമാസക്കാലം നടപ്പിലാക്കി വരുന്നുണ്ട്. അതിനു പുറമേ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും സൗഹൃദ കോ-ഓർഡിനേറ്റർമാരുടെ ഫോൺ നമ്പറുകൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കാനും കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സമ്മർദ്ദങ്ങൾ കുറയ്ക്കാനായി കൗൺസിലിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനായി പ്രസ്തുത നമ്പറുകൾ ഉപയോഗപ്പെടുത്താനും പ്രിൻസിപ്പൾമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രത്യേക പരിശീലനം ലഭിച്ച സൗഹൃദ കോ-ഓർഡിനേറ്റർമാർ ഇത്തരത്തിലുള്ള കൗൺസിലിംഗും മറ്റു മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് സദാസമയവും സന്നദ്ധരാണ്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പോസിറ്റീവ് പാരന്റിംഗ് എന്ന പ്രോഗ്രാം നടത്തി വരുന്നുണ്ട്. ടി ക്ലാസ്സുകൾ പ്രമുഖ സൈക്കോളജിസ്റ്റുകളാണ് കൈകാര്യം ചെയ്യുന്നത്.

(സി) പരിശോധിക്കുന്നതാണ്.

## ശാസ്ത്രപോഷിണി ലാബുകൾ

137(6487) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂളുകളിൽ ശാസ്ത്ര പോഷിണി ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

### ഉത്തരം

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുഖേന സ്കൂളുകളിൽ ശാസ്ത്ര പോഷിണി ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ഹൈസ്കൂളുകളിലും ഘട്ടംഘട്ടമായി ഈ പദ്ധതി നടപ്പിലാക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

ശാസ്ത്രപോഷിണി ലാബ് സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ:-

- ഹൈസ്കൂളുകൾ ആയിരിക്കണം.
- അടച്ചുറപ്പുള്ള 3 ക്ലാസ് റൂമുകൾ ഉണ്ടായിരിക്കണം.
- അതാത് വിഷയങ്ങളിൽ (ഫിസിക്സ്, കെമിസ്ട്രി, ബയോളജി) യോഗ്യതയുള്ള അദ്ധ്യാപകർ ഉണ്ടായിരിക്കണം.
- സ്കൂളിലെ ഹൈസ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം.

## നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് നടപ്പിലാക്കിയ സ്കൂളുകൾ

138(6488) ശ്രീ. കെ. എൻ. എ ഖാദർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എൻ.എസ്.ക്യു.എഫ് (നാഷണൽ സ്കിൽ ക്വോളിഫിക്കേഷൻ ഫ്രെയിംവർക്ക്) നടപ്പിലാക്കിയ സ്കൂളുകൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം നടപ്പിലാക്കിയ സ്കൂളുകളിൽ ജീവനക്കാരുടെ പുനർവിന്യാസം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും എൻ.എസ്.ക്യു.എഫ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 അദ്ധ്യയനവർഷം 66 സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും 2019-20 അദ്ധ്യയന വർഷം 35 സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും എൻ.എസ്.ക്യൂ.എഫ്. പാഠ്യപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്കൂൾ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

(ബി) ഇല്ല. എൻ.എസ്.ക്യൂ.എഫ്. നടപ്പിലാക്കിയ സ്കൂളുകളിലെ ബന്ധപ്പെട്ട ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് പാഠ്യപദ്ധതിക്ക് അനുസൃതമായ പരിശീലനം നൽകിയിട്ടുണ്ട്.

(സി) ആകെയുള്ള 389 സർക്കാർ/എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽനിന്നും തെരഞ്ഞെടുത്ത 101 സർക്കാർ സ്കൂളുകളിലാണ് ഇപ്പോൾ എൻ.എസ്.ക്യൂ.എഫ്. നടപ്പിലാക്കിയിരിക്കുന്നത്. തുടർന്ന് ഘട്ടംഘട്ടമായി ശേഷിക്കുന്ന സ്കൂളുകളിലും ആരംഭിക്കുന്നതാണ്.

**വിദ്യാലയം പ്രതിഭകളിലേയ്ക്ക് പദ്ധതി**

139(6489) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയം പ്രതിഭകളിലേയ്ക്ക് എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; ഇത് ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നുവെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിലെ മുഖ്യ പങ്കാളികൾ ആരെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതി സംസ്ഥാനത്ത് ഏതെങ്കിലും വിദ്യാലയത്തിൽ മുമ്പ് നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികളാണ് ഈ പരിപാടിയിൽ പങ്കാളികളാകുന്നത്. സംസ്ഥാനത്തിനകത്തും പുറത്തും വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച് വിദ്യാലയ പരിസരത്തെ പ്രതിഭയെ ആദരിക്കുകയാണ് ചെയ്യുന്നത്. പ്രതിഭകൾ നവപ്രതിഭകളെ ഉണർത്തുന്ന സർഗ്ഗ പ്രക്രിയയാണ് ഈ കൂടിക്കാഴ്ച.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) അദ്ധ്യാപകർ, വിദ്യാർത്ഥികൾ, വിദ്യാലയ പരിസരത്തുള്ള പ്രതിഭാധനരായ വ്യക്തികൾ എന്നിവരാണ് ടി പദ്ധതിയിലെ പങ്കാളികൾ.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

140(6490) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ മേഖലയിൽ പഠിക്കുന്ന കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിന് തയ്യാറാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) മാതൃഭാഷാ പരിപോഷണത്തിനായി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ ഫലപ്രാപ്തി സംബന്ധിച്ച വിവരങ്ങളും അറിയിക്കുമോ;

(സി) പ്രീ-പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറി തലം വരെ മാതൃഭാഷാ പഠനം നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്താനായി ഇതുവരെ നടന്ന പരിപാടികൾ സംബന്ധിച്ച വിശകലനം നടത്തിയിട്ടുണ്ടോ; അതിൽ എന്തൊക്കെ പോരായ്മകളുണ്ട്; വിശദമാക്കാമോ;

(ഇ) കുട്ടികളുടെ ഗണിതപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും ഗണിതശാസ്ത്രത്തോടുള്ള ഭയം മാറ്റി പ്രൈമറിതലത്തിൽത്തന്നെ കുട്ടികളെ ഗണിത സൗഹൃദമാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ)കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പദ്ധതികൾ എസ്.സി.ഇ.ആർ.ടി. പൂർത്തിയാക്കി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഹൈസ്കൂൾ തലത്തിലെ കുട്ടികളുടെ മലയാള ഭാഷാശേഷി വികസിപ്പിക്കുന്നതിനുള്ള 'എന്റെ മലയാളം', ഇംഗ്ലീഷ് ഭാഷാശേഷി വികസിപ്പിക്കുന്നതിനുള്ള 'റെലിഷ് ഇംഗ്ലീഷ് എന്നീ ഗവേഷണ പദ്ധതികളും അപ്പർ പ്രൈമറി തലത്തിൽ യഥാക്രമം അറബിക്, സംസ്കൃതം, ഉറുദു, ഹിന്ദി എന്നിവയിൽ കുട്ടികളുടെ ഭാഷാശേഷി

വികസിപ്പിക്കുന്നതിനുള്ള അഹ്ലൻ അറബിക്, സംസ്കൃത മാധുരി, പ്യാരി ഉറുദു, സുരീലി ഹിന്ദി എന്നീ പദ്ധതികളും നടപ്പാക്കി വരുന്നു. ഇതു കൂടാതെ മലയാളം, ഇംഗ്ലീഷ് വിഷയങ്ങളിൽ അധിക വായനാ സാമഗ്രികളും തയ്യാറാക്കിയിട്ടുണ്ട്. സംസ്കൃതം, ഉറുദു വിഷയങ്ങളിൽ വായനാ സാമഗ്രികൾ തയ്യാറാക്കി വരുന്നു.

(ബി) മാതൃഭാഷാ പരിപോഷണത്തിനായി എന്റെ മലയാളം എന്ന പ്രത്യേക പരിപാടി നടപ്പിലാക്കിവരുന്നു. മൂന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ കീഴിൽ ഇതിന്റെ ഫലപ്രാപ്തി പഠനം നടത്തിയിട്ടുണ്ട്. തമിഴ്, കന്നട മാധ്യമങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ മലയാള ഭാഷാ പഠനത്തിനായി പ്രത്യേക പാഠപുസ്തകങ്ങളും തയ്യാറാക്കി നൽകുന്നുണ്ട്. 1, 2, 3 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള പാഠപുസ്തകങ്ങൾ ഇതിനോടകം അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. മറ്റു ക്ലാസുകളിലേയ്ക്കായി ഘട്ടംഘട്ടമായി പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതാണ്.

(സി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്നാം തരം മുതൽ പത്താം തരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി 2-6-2018-ലെ സ.ഉ. (പി) നമ്പർ 14/18/പൊ.വി.വ. പ്രകാരം മലയാള ഭാഷാ പഠന ചട്ടങ്ങൾ നിലവിലുണ്ട്. ഹയർ സെക്കണ്ടറി തലത്തിൽ മലയാളം ഉപഭാഷയായും ഓപ്ഷണലായും പഠിക്കുന്നതിന് അവസരം നൽകുന്നുണ്ട്.

(ഡി) ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച 'ഹലോ ഇംഗ്ലീഷ് എന്ന പ്രോഗ്രാമിന്റെ ഫലപ്രാപ്തി പഠനം എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം ഗവേഷണ പഠനപരിപാടി മികച്ചതാണെന്ന് അദ്ധ്യാപകർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അദ്ധ്യാപക പരിശീലനത്തിൽ പങ്കെടുക്കുന്നത് പ്രയോജനപ്രദമാണെന്ന് 32% അദ്ധ്യാപകരും പരിശീലനത്തിന്റെ ഭാഗമായി നൽകിയ പഠന സാമഗ്രികൾ മികച്ചതാണെന്ന് 31% അദ്ധ്യാപകരും അഭിപ്രായപ്പെട്ടിട്ടുണ്ട്. റോൾ പ്ലേ പോലുള്ള പഠനക്രമങ്ങൾ ക്ലാസ്സ് മുറിയിൽ ഇംഗ്ലീഷ് സംസാരിക്കുന്നതിന് ഫലപ്രദമായി പ്രയോജനപ്പെടുത്താനായി എന്ന് 25% അദ്ധ്യാപകർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ഗെയിമുകൾ ഉപയോഗപ്രദമായി എന്ന് അഭിപ്രായപ്പെട്ടത് 44% പേർ ആണ്. പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ച പഠനസാമഗ്രികൾ പ്രയോജനപ്രദമായി എന്ന് ആകെ അദ്ധ്യാപകരിൽ പകുതി പേർ അഭിപ്രായപ്പെട്ടു. 'ഹലോ ഇംഗ്ലീഷി'ലെ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പരിപാടികൾ ഉത്തമമാണ് എന്ന് അഭിപ്രായപ്പെടുന്നവർ 18% ആണ്. പരിശീലനത്തിന്റെ ഭാഗമായുള്ള ആസൂത്രണവും വിശകലനവും സംബന്ധിച്ച സെക്ഷനുകൾ ഫലപ്രദമായി എന്ന് അഭിപ്രായപ്പെട്ടവർ പങ്കെടുത്തവരിൽ 28% ആണ്.

(ഇ) 6 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി 'ന്യൂമാറ്റ്സ്' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കുട്ടികളുടെ ഗണിതപരമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പരിപാടികളാണ് ഉല്ലാസ ഗണിതം, ഗണിതവിജയം പരിപാടികൾ. ഉല്ലാസ ഗണിതം 1, 2 ക്ലാസ്സുകളിലെ കുട്ടികൾക്കായും ഗണിതവിജയം 3 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കു വേണ്ടിയും നടപ്പിലാക്കുന്ന പരിപാടികളാണ്. ഗണിത പഠനോപകരണ കിറ്റുകൾ സ്കൂളുകളിൽ ഓരോ കുട്ടിക്കും നൽകിക്കൊണ്ടാണ് ഉല്ലാസഗണിതം പരിപാടി നടപ്പിലാക്കുന്നത്. ക്ലാസ്സ് ഗണിത ലാബുകൾ സജ്ജീകരിച്ചു കൊണ്ടാണ് ഗണിത വിജയം പരിപാടി നടപ്പിലാക്കുന്നത്. ഈ രണ്ട് പരിപാടികളും നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഗണിത പഠനോപകരണങ്ങളുടെ സ്വയംപര്യാപ്തത യാഥാർത്ഥ്യമാക്കാൻ കഴിയും.

## വിദ്യാലയങ്ങളിലെ മലയാള ഭാഷാ പഠനം

141(6491) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം പഠിപ്പിക്കേണ്ടതില്ലാത്ത വിദ്യാലയങ്ങളിൽ ഒന്നാം തരം മുതൽ പത്താം ക്ലാസ്സ് വരെ മലയാള ഭാഷ പഠിപ്പിക്കണമെന്ന് 2017-ലെ മലയാള ഭാഷ പഠന ആക്ട് വിഭാവനം ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരം സ്കൂളുകളിൽ മലയാള ഭാഷാ പഠനം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്നറിയിക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാ പഠനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2017-ലെ മലയാള ഭാഷാ പഠന ആക്ടിന്റെ പ്രാരംഭ തീയതിയിൽ നിലവിലുള്ള പാഠ്യപദ്ധതി പ്രകാരം മലയാളഭാഷ പഠിപ്പിക്കാത്ത ഭാഷാ ന്യൂനപക്ഷ സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിനായി SCERT പാഠപുസ്തകം തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മലയാളം പഠിപ്പിക്കാത്ത കന്നട, തമിഴ് മീഡിയം സ്കൂളുകളിലെ കുട്ടികൾക്ക് മലയാള ഭാഷ പരിചയപ്പെടുത്തുന്നതിനുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. 1, 2, 3 ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങളാണ് ഇതിനകം അച്ചടിച്ച് വിതരണം ചെയ്തിട്ടുള്ളത്. ഘട്ടംഘട്ടമായി മറ്റു ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങളും തയ്യാറാക്കി നൽകുന്നതാണ്.

(ബി) 2017-ലെ മലയാള ഭാഷാ പഠന ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താംതരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി 2-6-2018-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 14/2018/പൊ.വി.വ. പ്രകാരം മലയാള ഭാഷാ പഠനചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ അക്കാദമിക വർഷവും സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി പരിശോധനകൾ നടന്നുവരികയുമാണ്.

(സി) ഉണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിൽ ഒന്നാം ഭാഷയായും ഹയർ സെക്കണ്ടറി തലത്തിൽ ഉപഭാഷയായും ഓപ്ഷണലായും മലയാളം പഠിപ്പിക്കുന്നതിന് അവസരമൊരുക്കിയിട്ടുണ്ട്. സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. അഫിലിയേഷനോടു കൂടി പ്രവർത്തിക്കുന്ന സ്കൂളുകളിൽ 1, 2 ക്ലാസ്സുകളിൽ മലയാളം പഠിപ്പിക്കുന്നതിന് പ്രത്യേകം പാഠപുസ്തകം എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. മൂന്ന് മുതലുള്ള ക്ലാസ്സുകളിൽ മലയാളത്തിനു മാത്രമായി പാഠപുസ്തകങ്ങൾ നിലവിലുള്ളതിനാൽ ആ പാഠപുസ്തകങ്ങൾ തന്നെ തുടരാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

### ടി.ടി.ഐ. അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത

142(6492) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.ടി.ഐ.-കളിലെ അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പഠിപ്പിക്കുന്ന വിഷയത്തിൽ ബിരുദാനന്തരബിരുദം ആവശ്യമാണോ;

(സി) അതാത് വിഷയത്തിൽ തന്നെ ബിരുദാനന്തര ബിരുദം വേണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ടി.ടി.ഐ.-കളിലെ അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത

1. Perspectives in Education/Foundation

    - 50% മാർക്കോടെ സോഷ്യൽ സയൻസ്/ഹ്യൂമാനിറ്റിസ്/സയൻസ്/ഗണിതം/ഭാഷയിലുള്ള ബിരുദാനന്തര ബിരുദം
    - 50% മാർക്കോടെ എം.എഡ്. അല്ലെങ്കിൽ 50% മാർക്കോടെ എം.എ.(എഡ്യൂക്കേഷൻ)

2. ഫിലോസഫി/സൈക്കോളജി/സോഷ്യോളജിയിൽ 50% മാർക്കോടുകൂടി ബിരുദാനന്തര ബിരുദവും 50% മാർക്കോടെ ബി.എൽ.എഡ്/ ബി.എഡ്/ഡി.എൽ.എഡ്. അഥവാ എം.എഫിൽ/ എഡ്യൂക്കേഷനിൽ പി.എച്ച്.ഡി. ബിരുദം

3. ഫിസിക്കൽ എഡ്യൂക്കേഷൻ

- 50% മാർക്കോടെ ഫിസിക്കൽ എഡ്യൂക്കേഷനിൽ ബിരുദാനന്തര ബിരുദം (എം.പി.എഡ്)

4. വിഷ്വൽ & പെർഫോമിംഗ് ആർട്ട്സ്

- 50% മാർക്കോടെ ഫൈൻ ആർട്സ്/മ്യൂസിക്/ഡാൻസ്/തിയേറ്റർ ഇവയിൽ ഏതിലെങ്കിലും ബിരുദാനന്തര ബിരുദം.

(ബി) പഠിപ്പിക്കുന്ന വിഷയത്തിൽ ബിരുദാനന്തര ബിരുദം ആവശ്യമാണ്.

(സി)

I. Perspectives in Education/Foundation

- സയൻസ്/ സോഷ്യൽ സയൻസ്/ ആർട്സ്/ ഹ്യൂമാനിറ്റിസിൽ 50% മാർക്കോടെ ബിരുദാനന്തര ബിരുദവും 50% മാർക്കോടെ എം.എഡ്./എം.എ. എഡ്യൂക്കേഷൻ
- ഫിലോസഫി/സൈക്കോളജി/സോഷ്യോളജിയിൽ 50% മാർക്കോട് കൂടി ബിരുദാനന്തര ബിരുദവും 50% മാർക്കോടെ ബി.എഡ്/ ബി.എൽ.എഡ്./ഡി.എൽ.എഡ്./എം.എഫിൽ/ എഡ്യൂക്കേഷനിൽ പി.എച്ച്.ഡി.

II. Science

50% മാർക്കോടെ സയൻസിൽ ബിരുദാനന്തര ബിരുദവും 50% മാർക്കോടെ എം.എഡ്/എം.എ. എഡ്യൂക്കേഷൻ

III. Humanities & Social Science

50% മാർക്കോടെ സോഷ്യൽ സയൻസ്/ ഹ്യൂമാനിറ്റിസി ബിരുദാനന്തര ബിരുദവും 50% മാർക്കോടെ എം.എഡ്./എം.എ. എഡ്യൂക്കേഷൻ

IV. Maths

50% മാർക്കോടെ ഗണിതത്തിൽ ബിരുദാനന്തര ബിരുദവും 50% മാർക്കോടെ എം.എഡ്./എഡ്യൂക്കേഷനിൽ എം.എ. ബിരുദം

ഭാഷകൾ - 50% മാർക്കോടെ ഇംഗ്ലീഷ്/പ്രാദേശിക ഭാഷയിൽ ബിരുദാനന്തര ബിരുദവും 50% മാർക്കോടെ എം.എഡ്./ എം.എ. (എഡ്യൂക്കേഷൻ)

V. Fine Arts/Performing Arts

50% മാർക്കോടെ ഫൈൻ ആർട്ട്സ്/ പെർഫോമിംഗ് ആർട്ട്സ്/ മ്യൂസിക്/ ഡാൻസ്/ തീയേറ്റർ-ൽ ബിരുദാനന്തര ബിരുദം

VI. Physical Education

50% മാർക്കോടെ ഫിസിക്കൽ എഡ്യൂക്കേഷനിൽ ബിരുദാനന്തര ബിരുദം.

**എറവ് റ്റി.എഫ്.എം.എൽ.പി. സ്കൂൾ ഏറ്റെടുക്കാൻ നടപടി**

143(6493) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ അരിമ്പൂർ പഞ്ചായത്തിലെ അദ്ധ്യാപക മാനേജ്മെന്റ് നടത്തുന്ന എറവ് റ്റി.എഫ്.എം.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് മാനേജ്മെന്റ് സമർപ്പിച്ച 18-12-2017-ലെ 4717/17M (Edn.) നിവേദനപ്രകാരം സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ കൈക്കൊണ്ട തുടർനടപടി എന്താണെന്ന് അറിയിക്കാമോ;

(സി) സർക്കാരിന് കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടാകാത്തവിധം ഈ സ്കൂൾ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ - സി) മാനേജ്മെന്റ് സമർപ്പിച്ച നിവേദനത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കാനായി പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട്

നൽകിയിട്ടുള്ളതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

**പാലക്കാട് ജില്ലയിൽ പ്രീ-പ്രൈമറി അദ്ധ്യാപക ഒഴിവുകൾ**

144(6494) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പ്രീ-പ്രൈമറി അദ്ധ്യാപകരുടെ എത്ര തസ്തികകളാണ് സർക്കാർ മേഖലയിൽ ആകെയുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും എത്ര ഒഴിവുകൾ അന്തർവകുപ്പ് സ്ഥലം മാറ്റത്തിന് നീക്കിവച്ചിട്ടുണ്ട് എന്നും അറിയിക്കാമോ?

ഉത്തരം

(എ) നാല് തസ്തികകൾ.

(ബി) 2019-ൽ നിലവിൽ വന്ന ഒരൊഴിവുണ്ട്. ടി ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല കാരണം പി.എസ്.സി. മുഖാന്തിരം മുൻവർഷം നിയമന ഉത്തരവ് ലഭിച്ച ഉദ്യോഗാർത്ഥിക്ക് പാലക്കാട് ജില്ലയിൽ പ്രീ-പ്രൈമറി തസ്തികയിൽ ഒഴിവ് ഇല്ലാത്തതിനാൽ കൊല്ലം ജില്ലയിൽ താൽക്കാലിക നിയമനം നൽകുകയുണ്ടായി. ടി അദ്ധ്യാപികയെ പാലക്കാട് ജില്ലയിലെ 2019-20 വർഷത്തിലെ പ്രീ-പ്രൈമറി തസ്തികയിലെ ഒഴിവിലേയ്ക്ക് പരിഗണിക്കേണ്ടതുണ്ട്. അന്തർ വകുപ്പ് സ്ഥലം മാറ്റത്തിന് ഒഴിവുകൾ നീക്കിവച്ചിട്ടില്ല.

**സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി**

145(6495) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി പ്രകാരം ജോലി ചെയ്യുന്ന പാചക തൊഴിലാളികളുടെ എണ്ണം വിദ്യാർത്ഥികളുടെ എണ്ണത്തിനനുസൃതമായി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാചക തൊഴിലാളികളുടെ എണ്ണം പരമാവധി രണ്ടാക്കി നിജപ്പെടുത്തിയതുമൂലം കൂടുതൽ വിദ്യാർത്ഥികളുള്ള വിദ്യാലയങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത് തീരുമാനം പുനഃപരിശോധിക്കുമോ;

(സി) ഇക്കാര്യത്തിൽ 2-7-2019-ന് മലപ്പുറം നിയമസഭാംഗം നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ബഹുമാനപ്പെട്ട മലപ്പുറം എം.എൽ.എ.-യുടെ നിവേദനത്തിലെ വസ്തുതകൾകൂടി കണക്കിലെടുത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## വി.എച്ച്.എസ്.ഇ. കോസ്മറ്റോളജി ബ്യൂട്ടിപാർലർ മാനേജ്മെന്റ് കോഴ്സ്

146(T*6496) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ കോസ്മറ്റോളജി ബ്യൂട്ടിപാർലർ മാനേജ്മെന്റ് എന്ന കോഴ്സ് സംസ്ഥാനമൊട്ടാകെ എത്ര സ്കൂളുകളിൽ നിലവിലുണ്ട്; വിശദമാക്കാമോ;

(ബി) വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ കോസ്മറ്റോളജി ബ്യൂട്ടിപാർലർ മാനേജ്മെന്റ് എന്ന കോഴ്സിന് ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്ന തസ്തിക സംസ്ഥാനമൊട്ടാകെ എത്ര സ്കൂളുകളിൽ നിലവിലുണ്ട്; അറിയിക്കാമോ;

(സി) വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ കോസ്മറ്റോളജി ബ്യൂട്ടിപാർലർ മാനേജ്മെന്റ് കോഴ്സിൽ 9-5-2018-ന് മുമ്പായി ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ ഉണ്ടായിരുന്നു; അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു; നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; വിശദമാക്കാമോ;

(ഡി) വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ കോസ്മറ്റോളജി ബ്യൂട്ടിപാർലർ മാനേജ്മെന്റ് കോഴ്സിൽ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയ്ക്ക് വേണ്ട യോഗ്യത, മാനദണ്ഡം എന്നിവ എന്താണ്; വ്യക്തമാക്കാമോ;

(ഇ) കോസ്മറ്റോളജി ബ്യൂട്ടിപാർലർ കോഴ്സിൽ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ എത്ര നിയമനം ഇന്നേ വരെ നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ?

*T-മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ&ബി) 5 സ്കൂളുകളിൽ.

(സി) കോസ്മറ്റോളജി ബ്യൂട്ടിപാർലർ മാനേജ്മെന്റ് കോഴ്സിൽ 9-5-2018-ന് മുമ്പായി ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ മൂന്ന് ഒഴിവുകൾ ഉണ്ടായിരുന്നു. രണ്ട് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. രണ്ട് ഒഴിവുകൾ നിലവിലുണ്ട്.

(ഡി) A pass in Vocational Higher Secondary Education in the concerned course;

OR

A pass in ITI in the concerned trade.

(ഇ) ഒരാളെ നിയമിച്ചു. ഒരു ഒഴിവ് കാഴ്ചവൈകല്യമുള്ള ഉദ്യോഗാർത്ഥിക്കായി മാറ്റിവച്ചിരിക്കുന്നു.

**ലാബ് അസിസ്റ്റന്റുമാരുടെ നിയമനാംഗീകാരത്തിന് പത്രപ്പരസ്യം**

147(6497) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ഹയർ സെക്കണ്ടറി ലാബ് അസിസ്റ്റന്റുമാരുടെ നിയമന അംഗീകാരത്തിന് പത്രപ്പരസ്യം ആവശ്യമുണ്ടോ; വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് ആർ.ഡി.ഡി. ഓഫീസിൽ നിന്നും ഇതു വരെ എത്ര എയ്ഡഡ് ഹയർ സെക്കണ്ടറി ലാബ് അസിസ്റ്റന്റുമാർക്ക് നിയമനാംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയെല്ലാം പത്രപ്പരസ്യം മുഖേനെയാണോ നിയമന അംഗീകാരം നൽകിയിട്ടുള്ളത്;

(സി) ഏതെങ്കിലും ലാബ് അസിസ്റ്റന്റിന്റെ നിയമനാംഗീകാര അപേക്ഷ പത്രപ്പരസ്യം ഇല്ലായെന്ന കാരണത്താൽ കോഴിക്കോട് ആർ.ഡി.ഡി. ഓഫീസിൽ നിന്നും നിരസിച്ചിരുന്നോ; ഉണ്ടെങ്കിൽ ആരുടെ അപേക്ഷയായിരുന്നു എന്നറിയിക്കാമോ;

(ഡി) 72-7-2018 നമ്പർ ഉത്തരവ് പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഇറങ്ങാനുണ്ടായ സാഹചര്യം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ആവശ്യമില്ല.

(ബി) 85 ലാബ് അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുണ്ട്. ആയത് പത്രപ്പരസ്യം മുഖേനയല്ല നിയമന അംഗീകാരം നൽകിയിട്ടുള്ളത്.

(സി) നിരസിച്ചിട്ടില്ല.

(ഡി) 16-3-2019-ലെ 72/റ്റി1/2018/പൊ.വി.വ. നമ്പർ കത്ത് പ്രകാരം പത്രപ്പരസ്യം നിർബന്ധമാക്കേണ്ടതില്ല എന്നത് സംബന്ധിച്ച ഒരു നിർദ്ദേശം ഹയർ സെക്കണ്ടറി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പത്രപ്പരസ്യം സംബന്ധിച്ച് നിലനിന്ന അവ്യക്തത ഒഴിവാക്കുന്നതിനാണ് പ്രസ്തുത നിർദ്ദേശം നൽകിയത്.

## പരിശീലന പരിപാടികളിൽ പങ്കെടുത്ത അദ്ധ്യാപകർക്ക് ഓണറേറിയം അനുവദിച്ച നടപടി

148(6498) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്ന സർക്കാർ വേതനം കൈപ്പറ്റുന്ന സ്ഥിരം അദ്ധ്യാപകർക്ക് അനുവദനീയമായ ബത്തകൾ/ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; ഏത് ചട്ടപ്രകാരമാണ് പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നത്;

(ബി) അവർക്ക് ഓണറേറിയം അനുവദിച്ച് നൽകാവുന്നതാണോ; എങ്കിൽ ഏത് ചട്ടപ്രകാരമാണ് തുക അനുവദിച്ച് നൽകുന്നത്; വ്യക്തമാക്കുമോ;

(സി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ 2018-19 അദ്ധ്യയന വർഷത്തിൽ ഇ.എ.പി.- യുടെ ഭാഗമായുള്ള കോംപ്രിഹെൻസീവ് പ്രോഗ്രാം ഫോർ ദി ട്രാൻസ്ഫോർമേഷൻ ഓഫ്എച്ച്.എസ്.എസ്.റ്റി. എന്ന പരിശീലന പരിപാടിയുടെ ഭാഗമായി നാളിതുവരെ എത്ര അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്; പങ്കെടുത്ത അദ്ധ്യാപകർക്ക് ഓണറേറിയം അനുവദിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ചട്ടപ്രകാരം; വ്യക്തമാക്കുമോ;

(ഡി) ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് ഓണറേറിയം അനുവദിച്ചത് ധനകാര്യവകുപ്പിന്റെ അനുമതിക്ക് വിധേയമായിട്ടാണോ; എങ്കിൽ ബന്ധപ്പെട്ട അഭിപ്രായക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) മേൽ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് എത്ര ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ ചട്ടപ്രകാരമല്ലാതെ ഓണറേറിയം അനുവദിച്ച് നൽകിയിട്ടുണ്ട്; ഈ ഉദ്യോഗസ്ഥർ അപ്രകാരം എത്ര തുക സർക്കാർ ഖജനാവിന് നഷ്ടം വരുത്തിയിട്ടുണ്ട്; ആയത് തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്ന സർക്കാർ വേതനം കൈപ്പറ്റുന്ന സ്ഥിരം അദ്ധ്യാപകർക്ക് ദിനബത്തയും യാത്രാബത്തയും അനുവദിക്കാറുണ്ട്. കേരള സർവ്വീസ് റൂൾസ് അനുസരിച്ചാണ് ബത്തകൾ അനുവദിക്കുന്നത്.

ഹയർ സെക്കണ്ടറി വിഭാഗത്തിൽ 10 ദിവസം നീണ്ടുനിൽക്കുന്ന റസിഡൻഷ്യൽ റീഫ്രഷർ കോഴ്സായ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ട്രാൻസ്ഫർമേഷൻ പ്രോഗ്രാം (HSSTTP)യിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് 29-5-2019-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1989/2019/പൊ.വി.വ. എന്ന സർക്കാർ ഉത്തരവുപ്രകാരമുള്ള ആനുകൂല്യങ്ങൾ/ബത്തകൾ ഇവ നൽകുന്നുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ പരിശീലന പരിപാടികൾക്ക് ഓണറേറിയം അനുവദിക്കാറില്ല. എന്നാൽ ക്ലസ്റ്റർ പരിശീലനത്തിൽ മാത്രം 125 രൂപ മെസ് അലവൻസ് ആയി അനുവദിക്കാറുണ്ട്. ആയത് എം.എച്ച്.ആർ.ഡി.-യുടെ മിനിട്ട്സ് പ്രകാരമാണ് അനുവദിക്കുന്നത്.

ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ട്രാൻസ്പർമേഷൻ പ്രോഗ്രാം (HSSTTP) എന്ന ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് ഓണറേറിയം അനുവദിക്കുന്നതിന് 29-5-2019-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1989/2019/പൊ.വി.വ. എന്ന സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) 2018-19 അദ്ധ്യയന വർഷത്തിൽ EAP-യുടെ ഭാഗമായി ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ട്രാൻസ്ഫർമേഷൻ പ്രോഗ്രാം (HSSTTP)യിൽ 1177 അദ്ധ്യാപകർ പരിശീലനം നേടിയിട്ടുണ്ട്. പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് ഓണറേറിയം അനുവദിക്കുന്നതിന് 19-5-2018-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1859/2018/പൊ.വി.വ. എന്ന സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ട്രാൻസ്ഫർമേഷൻ പ്രോഗ്രാം (HSSTTP)യിൽ പങ്കെടുത്ത അദ്ധ്യാപകർക്ക് ഓണറേറിയം അനുവദിക്കുന്നതിന് 29-5-2019-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1989/2019/പൊ.വി.വ. എന്ന സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ട്രാൻസ്ഫർമേഷൻ പ്രോഗ്രാം (HSSTTP)യിൽ പങ്കെടുത്ത അദ്ധ്യാപകർക്ക് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ വഴി ഓണറേറിയം അനുവദിച്ച് നൽകിയിട്ടില്ല.

## ഹയർ സെക്കണ്ടറി സ്കൂളിലെ പുതിയ തസ്തികകൾ

149(6499) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിൽ പുതുതായി സൃഷ്ടിച്ച തസ്തികകളിൽ ജൂനിയർ, സീനിയർ തസ്തികകൾ എത്രയാണ്; വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ എത്ര തസ്തികകൾക്കാണ് അംഗീകാരം നൽകിയത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ - 358

ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) - 337

അപ്ഗ്രഡേഷൻ - 155

(ബി) 2033 തസ്തികകൾക്ക് നിയമനാംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർതലം

| | | |
|---|---|---|
| തിരുവനന്തപുരം | - | 199 |
| ചെങ്ങന്നൂർ | - | 176 |
| കോട്ടയം | - | 188 |
| എറണാകുളം | - | 362 |
| മലപ്പുറം | - | 574 |
| കോഴിക്കോട് | - | 343 |
| കണ്ണൂർ | - | 191 |

## സ്കൂൾ കായികമേള

150(6500) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കായിക മേളകളും ഗെയിംസുകളും അപകടരഹിതമായി നടത്തുവാൻ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത മേളകൾ നടത്തുവാനുള്ള ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) കായികമേളകളും ഗെയിംസുകളും നടത്തുന്നതിനുമുൻപ് അപകടത്തിനുള്ള സാധ്യതകൾ ഒഴിവാക്കി എല്ലാ മുൻകരുതലുകളും എടുത്തുവേണം മത്സരങ്ങൾ നടത്തുവാൻ എന്നുള്ള സർക്കുലർ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

(ബി) കായികമേളകൾ നടത്തുന്നതിനായി ഉദ്യോഗസ്ഥരുടെ കുറവ് അനുഭവപ്പെട്ടിട്ടില്ല. എല്ലാ മത്സരങ്ങളും കൃത്യമായി നടന്നുവരുന്നു.

## കായികമേളകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

151(6501) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കായിക മേളകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകാറുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സ്കൂൾ കായികമേളകളിലെ നടത്തിപ്പിനായി അംഗീകൃത കോച്ചുകളുടെയും ഒഫീഷ്യലുകളുടെയും സേവനത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാറുണ്ടെന്ന്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സ്കൂൾ കായികമേളയിൽ പങ്കെടുക്കുന്ന കുട്ടികൾക്കും ഉദ്യോഗസ്ഥർക്കും ഇൻഷ്വറൻസ് പരിരക്ഷ എല്ലാ വർഷവും നൽകുന്നുണ്ട്.

(ബി) അംഗീകൃത കോച്ചുകളുടെ സേവനം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവരുടെ മേലധികാരികൾക്ക് കത്ത് നൽകാറുണ്ട്. ഒഫീഷ്യലുകളുടെ സേവനത്തിനും ഇതേ നടപടികൾ തന്നെയാണ് സ്വീകരിച്ചുവരുന്നത്. കൂടാതെ കേരള സ്പോർട്സ് കൗൺസിലിൽനിന്നും കായിക യുവജനകാര്യ വകുപ്പിൽനിന്നും കോച്ചുകളെയും ഒഫിഷ്യലുകളെയും കായികമേളയുടെ നടത്തിപ്പിനായി ക്ഷണിക്കാറുണ്ട്.

## അംഗീകാരമില്ലാത്ത സർട്ടിഫിക്കറ്റ് ഹാജരാക്കി ഗ്രേസ് മാർക്ക് തട്ടിപ്പ്

152(6502) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗീകാരമില്ലാത്ത സർട്ടിഫിക്കറ്റ് ഹാജരാക്കി ഗ്രേസ് മാർക്ക് തട്ടിപ്പ് നടത്തിയത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കായികയിനങ്ങളുടെ അന്തർദ്ദേശീയ, ദേശീയ, സംസ്ഥാനതല വിജയികൾക്ക് മാത്രമേ ഗ്രേസ് മാർക്ക് അനുവദിക്കാവൂ എന്ന ചട്ടം പാലിക്കാതെ ചെന്നൈ റൈഫിൾസ് ക്ലബ് നടത്തിയ ദക്ഷിണ മേഖലാ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിന്റെ സർട്ടിഫിക്കറ്റുകൾ ഗ്രേസ് മാർക്കിനായി ഹാജരാക്കിയത് പരിശോധിക്കുമോ; വിശദാംശം നൽകാമോ;

(സി) അംഗീകാരമില്ലാത്ത സംഘടനകളുടെ ഇത്തരം സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്ക് നൽകിയ എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) പൊതു വിദ്യാഭ്യാസ വകുപ്പ് ഇത്തരത്തിലുള്ള എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട്; എത്ര കേസുകൾ റദ്ദാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(ഇ) അംഗീകാരമില്ലാത്തതും ആർഹതയില്ലാത്തതുമായ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ഗ്രേസ് മാർക്ക് തട്ടിപ്പ് നടത്തിയ കേസുകൾ കണ്ടെത്തുവാനും നടപടി സ്വീകരിക്കുവാനും പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുമോ; അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന മത്സരങ്ങൾക്കും സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള മത്സരങ്ങൾക്കുമാണ് നിലവിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നത്. അംഗീകാരമില്ലാത്ത സർട്ടിഫിക്കറ്റ് നൽകിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നുണ്ട്.

(ബി) ദക്ഷിണ മേഖലാ മത്സരങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകി വന്നിരുന്നു. ദക്ഷിണ മേഖലാ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ ഗ്രേസ് മാർക്ക് അനുവദിച്ചത് സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിന്നുള്ള കത്തിന്റെ അടിസ്ഥാനത്തിലാണ്.

(സി) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഇത്തരം മത്സരങ്ങൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നത്. ഇത്തരം മത്സരങ്ങളുടെ അംഗീകാരം സംബന്ധിച്ച് തീരുമാനമെടുക്കുന്നത് കേരള സ്പോർട്സ് കൗൺസലാണ്.

(ഡി) ശേഖരിച്ചുവരുന്നു.

(ഇ) പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന മത്സരങ്ങൾക്ക് ഇത്തരത്തിൽ ഒരു പ്രശ്നം വരുന്നില്ല. എന്നാൽ കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകളുടെ സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതി അറിയുവാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് നിലവിൽ സംവിധാനങ്ങളില്ല. ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുക എന്നകാര്യം പരിശോധിച്ചുവരുന്നു.

## എസ്.എസ്.എ., ആർ.എം.എസ്.എ. പ്രകാരം സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ

153(6503) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ., ആർ.എം.എസ്.എ. പദ്ധതി പ്രകാരം സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ കൊല്ലം ജില്ലയിൽ അനുവദിച്ച തുക സാമ്പത്തിക വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പ്പെടുന്ന സ്കൂളുകളിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സമഗ്രശിക്ഷാ കേരളം സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. അക്സസ് & റിറ്റെൻഷൻ
   - റസിഡൻഷ്യൽ ഹോസ്റ്റൽ
   - സ്കൂളുകളുടെ ശാക്തീകരണം (സിവിൽ വർക്ക്സ്)
   - ട്രാൻസ്പോർട്ട് & എസ്കോർട്ട് അലവൻസ്
2. ആർ.ടി.ഇ. എൻടൈറ്റിൽമെന്റ്സ്
   - സൗജന്യ യൂണിഫോം
   - സൗജന്യ പാഠപുസ്തകം
   - സ്കൂളിന് പുറത്തുള്ള കുട്ടികളെ സ്കൂളിലെത്തിക്കൽ
   - കമ്മ്യൂണിറ്റി മൊബിലൈസേഷൻ & മീഡിയ
3. ക്വാളിറ്റി ഇന്റർവെൻഷൻസ്
   - പഠന പരിപോഷണ പരിപാടി
   - ഗണിത വിജയം
   - ഗണിതോത്സവം
   - ഉല്ലാസഗണിതം

- മലയാളത്തിളക്കം
- കുഞ്ഞുവായന
- ഹലോ ഇംഗ്ലീഷ്
- സുരീലി ഹിന്ദി
- ശാസ്ത്രപാർക്ക്
- ശാസ്ത്ര കൗതുകം
- ശാസ്ത്ര പഥം

(എ) <u>നൂതനാശയ പ്രവർത്തനങ്ങൾ (എലിമെന്ററി)</u>

- ചരിത്രച്ചുമരുകൾ
- സർഗവിദ്യാലയം
- ചിത്രവണ്ടി
- ജ്വാല
- പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ
- ഊരുവിദ്യാ കേന്ദ്രം
- ശാലാസിദ്ധി

(ബി) <u>നൂതനാശയ പ്രവർത്തനങ്ങൾ (സെക്കണ്ടറി)</u>

- വ്യവസായ സ്ഥാപനങ്ങളിലെ പരിശീലനം
- ബ്രിഡ്ജിംഗ് പ്രോഗ്രാം
- ടാലന്റ് സെർച്ച്
- ഇക്കോ ക്ലബ്ബ്
- അസസ്സ്മെന്റ് ( നാഷണൽ & സ്റ്റേറ്റ് ലെവൽ)
- അദ്ധ്യാപക പരിശീലനം
- കോമ്പസിറ്റ് സ്കൂൾ ടാലന്റ്
- ലൈബ്രറി (സ്കൂൾ/ക്ലാസ് തല ലൈബ്രറി ശാക്തീകരണം)
- രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ (ആർ.എ.എ)

- ശാസ്ത്ര, ഗണിതശാസ്ത്ര ക്ലബ്ബ്
- വിദ്യാലയ കൂട്ടുച്ചേരൽ പദ്ധതി
- പ്രീ-പ്രൈമറി പിൻതുണ പദ്ധതി

4. <u>ടീച്ചർ എഡ്യൂക്കേഷൻ</u>

(ഡയറ്റുകളുടെ പ്രവർത്തനം, എസ്.സി.ഇ.ആർ.ടി. പ്രവർത്തനങ്ങളിൽ സാമ്പത്തിക സഹായം)

5. <u>ജെൻഡർ & ഇക്വറ്റി</u>

- കൗമാര വിദ്യാഭ്യാസ പദ്ധതി
- കരിയർ ഗൈഡൻസ് പ്രോഗ്രാം

4. <u>പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിദ്യാഭ്യാസം</u>

(<u>ഉൾച്ചേർക്കൽ വിദ്യാഭ്യാസം</u>)

- വൈദ്യപരിശോധനാ ക്യാമ്പ്
- തെറാപ്പി സേവനങ്ങൾ
- ഓട്ടിസം സെന്റർ
- ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം
- റിസോഴ്സ് ടീച്ചർമാരുടെ ശാക്തീകരണം
- രക്ഷാകർത്തൃ ശാക്തീകരണം
- സാമൂഹ്യ ഉൾച്ചേർക്കൽ

7. <u>വൊക്കേഷണൽ എഡ്യൂക്കേഷൻ</u>

- നൈപുണി വിദ്യാഭ്യാസ പദ്ധതി
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

8. <u>മോണിട്ടറിംഗ് & ഇൻഫർമേഷൻ സിസ്റ്റം</u>

(ബി) വിശദാംശം അനുബന്ധം I ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു. *

(സി) വിശദാംശം അനുബന്ധം II ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു. *

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുന്നം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ശോചനീയാവസ്ഥ

154(6504) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കുന്നം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ ഓട് പാകിയ കെട്ടിടങ്ങൾ അതീവ ശോചനീയാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നവീകരണത്തിനായി തുക അനുവദിക്കുമോയെന്നും നവീകരിച്ച് ഉപയോഗയോഗ്യമാക്കുമോയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കുന്നം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ ഓടിട്ട കെട്ടിടത്തിന്റെ മേൽക്കൂരയുടെ ശോച്യാവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ യഥാസമയം അറിയിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള നിർദ്ദേശാനുസരണം തഴക്കര ഗ്രാമപഞ്ചായത്തിൽ കെട്ടിടം മെയിന്റനൻസ് ചെയ്യുന്നതിന് വേണ്ടി എസ്റ്റിമേറ്റ് എടുക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും ആയതിൻപ്രകാരം തഴക്കര ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗത്തിൽ നിന്നും സ്കൂൾ സന്ദർശിച്ച് എസ്റ്റിമേറ്റ് എടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ജില്ലാ പഞ്ചായത്തിൽനിന്നും തുക അനുവദിച്ച് കിട്ടിയിട്ടില്ല. കിട്ടുന്ന മുറയ്ക്ക് നവീകരണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്. എന്നിരുന്നാലും കുന്നം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് ഹയർ സെക്കണ്ടറി വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്ന് G.O.(Rt) No. 2830/2018/G.EDN dt. 25-7-2018 ഉത്തരവുപ്രകാരം 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾക്കുവേണ്ട പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

## വേങ്ങര മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന കിഫ്ബി പദ്ധതികൾ

155(6505) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് വഴി നടപ്പിലാക്കുന്ന കിഫ്ബി പദ്ധതികൾ ഏതൊക്കെയെന്നും ഇവയ്ക്ക് അനുമതി നൽകിയതിന്റെ വിശദാംശവും വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ഇനി പൂർത്തിയാക്കാനുള്ളവ എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ;

(സി) 2018-19-ലെ ബഡ്ജറ്റിൽ പരാമർശിച്ചതനുസരിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി മുഖേന വേങ്ങര നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് ഭരണാനുമതി നൽകിയതിനുശേഷം ഇതിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപ/3 കോടി രൂപ/1 കോടി രൂപ എന്നിങ്ങനെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുള്ളത്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | |
|---|---|
| വേങ്ങര GBVHSS | 5 കോടി |
| ഒതുക്കുങ്ങൽ GHSS | 3 കോടി |
| GVHSS വേങ്ങര | 3 കോടി |
| GMUPS ചേറൂർ | 3 കോടി |
| GHS കറുക | 3 കോടി |
| GHS കോലപ്പുറം | 1 കോടി |
| GUPS മുണ്ടോത്തുപറമ്പ് | 1 കോടി |
| GUPS ചോലക്കുണ്ട് | 1 കോടി |
| GMUPS കണ്ണമംഗലം | 1 കോടി |

(ബി) ഇതിൽ 5 കോടി രൂപ പദ്ധതിയിലുൾപ്പെട്ട വേങ്ങര GBVHSS 85% വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2020 ഫെബ്രുവരി മാസത്തോടെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഒതുക്കുങ്ങൽ GHSS-ലെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. GVHSS വേങ്ങര സ്കൂൾ, കറുക, ചേറൂർ എന്നീ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി. ആയി INKEL നെയും കണ്ണമംഗലം, മുണ്ടോത്തുപറമ്പ, കോലപ്പുറം, ചോലക്കുണ്ട് എന്നീ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് SPV-യായി കിലയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) 2018-19 ലെ ബഡ്ജറ്റിൽ പരാമർശിച്ചതനുസരിച്ച് പശ്ചാത്തല സൗകര്യവികസനത്തിനായി 3 കോടി രൂപ വീതം അനുവദിച്ച GHS കറുക, GMUPS ചേറൂർ എന്നീ സ്കൂളുകൾക്ക് SPV-യായി INKEL-നെയും അടിസ്ഥാന സൗകര്യ വികസനത്തിനായി 1 കോടി രൂപ വീതം അനുവദിച്ച കണ്ണമംഗലം, കോലപ്പുറം, ചോലക്കുണ്ട്, മുണ്ടോത്തുപറമ്പ, എന്നീ സ്കൂളുകളുടെ SPV-യായി കിലയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കണിയാരം ഫാദർ ജി.കെ.എം. സ്കൂളിലെ അദ്ധ്യാപകർക്ക് നിയമന അംഗീകാരം

156(6506) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ കണിയാരം ഫാദർ ജി.കെ.എം. സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ചില അദ്ധ്യാപകർക്ക് നിയമന അംഗീകാരം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ കാരണവും പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ.ഉ.(എം.എസ്)143/2014/പൊ.വി.വ. തീയതി 31-7-2014 പ്രകാരം നിഷ്കർഷിക്കുന്ന എണ്ണം വിദ്യാർത്ഥികൾ 2015-16 അദ്ധ്യയന വർഷം ഐ.സി.റ്റി. സെൽ റിപ്പോർട്ട് പ്രകാരം ടി സ്കൂളിൽ ഇല്ലാതിരുന്നതിനാൽ ടി സ്കൂളിനെ തസ്തിക നിർണ്ണയ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടില്ല. മതിയായ എണ്ണം കുട്ടികൾ ലഭിക്കുന്നമുറയ്ക്ക് ടി സ്കൂളിൽ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## മിതൃമ്മല ഗവ. ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിടനിർമ്മാണം

157(6507) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ ഗ്രാമപഞ്ചായത്തിൽ മിതൃമ്മല ഗവ. ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിനായി കിഫ്ബി പദ്ധതി പ്രകാരം 3 കോടി രൂപ അനുവദിച്ചതനുസരിച്ചുള്ള പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് അറിയിക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതെന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ - സി) മിതൃമ്മല ഗവ. ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണം കിഫ്ബിയുടെ 3 കോടി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിലെ SPV-യെ മാറ്റി നിശ്ചയിക്കുന്നകാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

## നാദാപുരം മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

158(6508) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ അഞ്ഞൂറിന് മുകളിൽ കുട്ടികളുള്ള ഗവ. യു.പി. സ്കൂൾ നാദാപുരം, വെള്ളിയോട് ഹൈസ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണത്തിന് സർക്കാർ പ്രഖ്യാപിച്ച 3 കോടി രൂപയുടെ പ്രവൃത്തി ഏത് ഏജൻസിയെ ആണ് ഏൽപ്പിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പ്രവർത്തന പുരോഗതി ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ; പ്രവൃത്തി വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ - സി) ഗവ. യു.പി. സ്കൂൾ നാദാപുരം, വെള്ളിയോട് സ്കൂൾ എന്നീ സ്കൂളുകളുടെ കെട്ടിടനിർമ്മാണത്തിനുള്ള SPV-യായി INKEL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## നിലമ്പൂർ സബ് ജില്ലയിലെ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ

159(6509) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സബ് ജില്ലക്ക് കീഴിൽ എത്ര ഏകാദ്ധ്യാപക വിദ്യാലയങ്ങൾ (എം.ജി.എൽ.സി.) പ്രവർത്തിക്കുന്നുവെന്നും ഈ വിദ്യാലയങ്ങളിൽ എത്ര കുട്ടികൾ പഠനം നടത്തുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) എം.ജി.എൽ.സി.-കൾക്ക് സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിന് അനുവദിച്ച സാമഗ്രികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) എം.ജി.എൽ.സി.-കൾ സ്മാർട്ട് ക്ലാസ് റൂം പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കാൻ കാരണം അറിയിക്കാമോ; ഇവയെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) അർഹതയുള്ള എം.ജി.എൽ.സി.-കളെ എൽ.പി. വിദ്യാലയങ്ങളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഇ) വേഗത്തിൽ നടപടിക്രമം പൂർത്തീകരിക്കുമോ; ഈ സർക്കാർ കാലയളവിൽ അപ്ഗ്രേഡ് ചെയ്യുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ സബ് ജില്ലയുടെ കീഴിൽ ആകെ 25 എം.ജി.എൽ.സി.-കൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടങ്ങളിൽ ആകെ 390 കുട്ടികൾ പഠനം നടത്തുന്നു.

(ബി) എം.ജി.എൽ.സി.-കളെ സ്മാർട്ട് ക്ലാസ് റൂം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകൾ ഉള്ള സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് സ്മാർട്ട് ക്ലാസ് റൂം പദ്ധതി നടപ്പിലാക്കി വരുന്നത്.

(ഡി&ഇ) പരിശോധിച്ചുവരുന്നു.

**വെള്ളിനേഴി സർക്കാർ ഹൈസ്കൂളിൽ കഥകളി പഠനം**

160(6510) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ വെള്ളിനേഴി സർക്കാർ ഹൈസ്കൂളിൽ കേരള കലാമണ്ഡലത്തിന്റെ സഹകരണത്തോടെ കഥകളി പഠനം നടത്തുന്നതിന് അനുമതിക്കായി സ്കൂൾ അധികൃതർ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച തീരുമാനങ്ങളും നടപടികളും വിശദമാക്കാമോ?

<u>ഉത്തരം</u>

സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

## നിലമ്പൂർമണ്ഡലത്തിലെ വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ

161(6511) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽവന്നശേഷം നിലമ്പൂർ മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എത്ര കോടി രൂപ അനുവദിച്ചു; ഏതെല്ലാം സ്കൂളുകൾക്കാണ് അനുവദിച്ചത്; ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് തടസ്സം ഉണ്ടാകുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; തടസ്സം നീക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു; പ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്കൂളുകളുടെ ഡി.പി.ആർ.-ഉം മാസ്റ്റർ പ്ലാനും തയ്യാറാക്കുന്ന സർക്കാർ ഏജൻസികൾ ഏതെല്ലാം; പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണ്; നിർമ്മാണപ്രവർത്തനം എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ - സി)

| സ്കൂളിന്റെ പേര് | അനുവദിച്ച തുക | നിർവ്വഹണ ഏജൻസി | പുരോഗതി |
|---|---|---|---|
| (1) | (2) | (3) | (4) |
| ഗവ. മാനവേദൻ HSS, നിലമ്പൂർ | 5 കോടി | KITE | 45% വർക്കുകൾ പൂർത്തിയായിട്ടുണ്ട് |
| GHSS, പൂക്കോട്ട്പാടം | 3 കോടി | KITE | DPR KITCO തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| GHSS, പുലാങ്ങോട് | 3 കോടി | KITE | |
| GHSS,എടക്കര | 3 കോടി | KITE | |
| GHSS,മൂത്തേടത്ത് | 3 കോടി | KITE | |
| GUPS, പറമ്പ | 3 കോടി | INKEL | DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| GMVHSS, മമ്പാട് | 3 കോടി | INKEL | |

| (1) | (2) | (3) | (4) |
|---|---|---|---|
| GUPS, പുളിയിൽ | 1 കോടി | KILA | KILA-യെ SPV യായി നിയമിച്ച് സർക്കാർ ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| GUPS, കുറുമ്പിലങ്ങാട് | 1 കോടി | KILA | |
| GMLPS നിലമ്പൂർ | 1 കോടി | KILA | |
| GHS മുണ്ടേരി | 1 കോടി | KILA | |
| GMUPS നിലമ്പൂർ | 1 കോടി | KILA | |
| GHS, മരുത | 1 കോടി | KILA | |
| GMUPS പുള്ളിയിൽ | 1.8 കോടി | LSGD | ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വരികയാണ്. |
| GUPS പള്ളിക്കുത്ത് | 1 കോടി | PWD | |
| GMLPS ചന്തക്കുന്ന് | 1.49 കോടി | PWD | |

**കല്യാശ്ശേരി മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം**

162(6512) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ എത്ര സ്കൂളുകൾക്കാണ് അടിസ്ഥാന സൗകര്യവികസനത്തിന് അംഗീകാരം ലഭിച്ചിട്ടുള്ളത്; എത്ര സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഒന്നാം ഘട്ടത്തിൽ പ്രഖ്യാപിച്ച കിഫ്ബിയിൽ ഉൾപ്പെടുത്തിയ 3 കോടി രൂപയുടെ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണ്; ഒന്നിലേറെ ഏജൻസികളെ എസ്.പി.വി. ആയി നിശ്ചയിച്ചിരുന്നുവെങ്കിലും ഇക്കാര്യത്തിൽ അന്തിമതീരുമാനം ആയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ/ 3 കോടി രൂപ/ 1 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുത്ത കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ അംഗീകാരം ലഭിച്ച സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | |
|---|---|
| GHSS ചെറുതാഴം | 5 കോടി |
| GGVHSS ചെറുകുന്ന് | 3 കോടി |
| GBHSS ചെറുകുന്ന് | 3 കോടി |
| KPR ഗോപാല സ്മാരക HSS കല്യാശ്ശേരി | 3 കോടി |
| CHMKSGHSS മാട്ടൂൽ | 3 കോടി |
| GHSS കൊട്ടില | 3 കോടി |
| GHSS കുഞ്ഞിമംഗലം | 3 കോടി |
| GGHSS മടായി | 1 കോടി |
| GBVHSS മടായി | 1 കോടി |
| GMUPS മടായി | 1 കോടി |
| GWHSS ചെറുകുന്ന് | 1 കോടി |
| GHSS കടന്നപ്പള്ളി | 1 കോടി |

ഇതിൽ ചെറുതാഴം GHSS-ന്റെ നിർമ്മാണം ഹൈസ്കൂൾ ബ്ലോക്കിന്റേത് പൂർത്തിയായിവരുന്നു. UP ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) അന്തിമ തീരുമാനം ആയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ കിഫ്ബി ധനസഹായത്തോടെ 3 കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്ക് SPV ആയി കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ആയതിൽ 67 സ്കൂളുകളുടെ SPV ആയി കൈറ്റിനെ മാറ്റി ഇൻകെലിനെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ ടെണ്ടർ പൂർത്തിയായ നിർമ്മാണ പ്രവർത്തനങ്ങളുടെ SPV ആയി കൈറ്റ് തന്നെ തുടരാനും, റീ ടെണ്ടർ ചെയ്യേണ്ട സ്കൂളുകൾ ഉണ്ടെങ്കിൽ അവയുടെ എസ്.പി.വി. ആയി ഇൻകെലിനെ നിയമിക്കാനും തത്വത്തിൽ തീരുമാനമായിട്ടുണ്ട്.

(സി) സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ക്രമീകരണങ്ങൾ ഒരുക്കിവരികയാണ്.

**കണ്ടശ്ശാംകടവ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക ഗവൺമെന്റ് എച്ച്.എസ്.എസ്.-ന്റെ കെട്ടിട നിർമ്മാണം**

163(6513) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടശ്ശാംകടവ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക ഗവൺമെന്റ് എച്ച്.എസ്.എസി.ന്റെ കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി ഇതുവരെ എത്ര തുക അനുവദിച്ചെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 4 കോടി 12 ലക്ഷം രൂപ.

(ബി) 89,75,000 രൂപ.

(സി) ചുമർ നിർമ്മാണം നടക്കുന്നു.

## തൃപ്പൂണിത്തുറയിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന് നടപടികൾ

164(6514) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഇതു പ്രകാരം തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ സ്വീകരിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ്, ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയത്. സ്കൂളുകൾ സജ്ജമാക്കുന്ന ക്ലാസ് മുറികളിലേയ്ക്ക് ഐ.സി.ടി. ഉപകരണങ്ങളും സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാക്കുകയാണ് ഹൈടെക് സ്കൂൾ പദ്ധതിയിലൂടെ ചെയ്യുന്നത്.

(ബി) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

## 2019-20 വർഷം സ്കൂൾ വിദ്യാർത്ഥികൾക്കുള്ള യൂണിഫോം വിതരണം

165(6515) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷം സ്കൂൾ വിദ്യാർത്ഥികൾക്കുള്ള യൂണിഫോം വിതരണത്തിന്റെ പുരോഗതി അറിയിക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏതൊക്കെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് തുണി നേരിട്ട് നൽകാൻ തീരുമാനിച്ചിരുന്നത്; വ്യക്തമാക്കാമോ;

(സി) ഏതൊക്കെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് യൂണിഫോമിനുള്ള പണം നൽകാൻ തീരുമാനിച്ചിരുന്നത്; അവർക്ക് പണം പൂർണ്ണമായും നൽകിയോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) അദ്ധ്യയനവർഷം പകുതി പിന്നിട്ടിട്ടും കൊണ്ടോട്ടി ഉപജില്ലയിലെ അയ്യായിരത്തിലധികം വിദ്യാർത്ഥികൾക്ക് ഇത് വരെ സ്കൂൾ യൂണിഫോം ലഭിച്ചില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2019-20 അദ്ധ്യയന വർഷം സംസ്ഥാനത്തെ 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും 1 മുതൽ 7 വരെയും 5 മുതൽ 7 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ LP/UP സ്കൂളുകളിലും 1 മുതൽ 4 വരെ മാത്രം പ്രവർത്തിക്കുന്ന എയ്ഡഡ് എൽ.പി. സ്കൂളുകളിലും കൈത്തറി യൂണിഫോം വിതരണം ഒന്നാംഘട്ടം മേയ്, ജൂൺ മാസങ്ങളിൽ പൂർത്തിയാക്കിയിട്ടുണ്ട്. 2019-ൽ മേൽ സൂചിപ്പിച്ച സ്കൂളുകളിൽ അധികമായി അഡ്മിഷൻ എടുത്ത കുട്ടികൾക്കുള്ള യൂണിഫോം നിലവിൽ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്.

(ബി) 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും 1 മുതൽ 7 വരെയും 5 മുതൽ 7 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ LP/UP സ്കൂളുകളിലും 1 മുതൽ 4 വരെ മാത്രം പ്രവർത്തിക്കുന്ന എയ്ഡഡ് എൽ.പി. സ്കൂളുകളിലും കൈത്തറി യൂണിഫോം നേരിട്ട് നൽകുന്നു.

(സി) കൈത്തറി യൂണിഫോം നൽകാത്ത സ്കൂളുകളിൽ (സർക്കാർ, എയ്ഡഡ്) 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും യൂണിഫോമിനുള്ള പണം നൽകിവരുന്നു. 2019-2020 അദ്ധ്യയന വർഷത്തിൽ സൗജന്യ യൂണിഫോമിനായി ഒന്നാം ഘട്ടം ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. ആകെ 3,55,799 കുട്ടികൾക്ക് 600 രൂപ ക്രമത്തിൽ ആവശ്യമായ 21,34,79,400 രൂപ (ഇരുപത്തി ഒന്ന് കോട് മുപ്പത്തിനാല് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി നാന്നൂറ് രൂപ മാത്രം) ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ബാക്കി ആവശ്യമായ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

(ഡി) കൊണ്ടോട്ടി ഉപജില്ലയിൽ 2019-2020 അദ്ധ്യയന വർഷത്തിൽ മുൻവർഷം ഉണ്ടായിരുന്നതിനെക്കാൾ അധികമായി അഡ്മിഷൻ എടുത്ത 1282 കുട്ടികൾക്കാണ് യൂണിഫോം നൽകാൻ ബാക്കിയുള്ളത്. ഈ കുട്ടികൾക്കുള്ള യൂണിഫോം വിതരണം നടന്നുവരികയാണ്.

## പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ

166(6516) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ തീരുമാനപ്രകാരം വിദ്യാഭ്യാസ വകുപ്പിന് വിട്ടുകൊടുത്ത പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂളിന്റെ ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിലെ അദ്ധ്യാപകർക്ക്എട്ട് മാസമായി ശമ്പളം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂളിന്റെ ഏറ്റെടുക്കൽ നടപടി സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഉണ്ട്. പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂളിന്റെ ഏറ്റെടുക്കൽ നടപടി പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## ഫുൾടൈം ബെനിഫിറ്റ് അദ്ധ്യാപകർക്ക് പ്രൊമോഷൻ

167(6517) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഫുൾടൈം ബെനിഫിറ്റ് തസ്തികയിൽ 2012 മുതൽ ജോലി ചെയ്തുവരുന്ന പാർട്ട് ടൈം വിത്ത് ഫുൾടൈം ബെനിഫിറ്റ് അദ്ധ്യാപകർക്ക് ഫുൾടൈം ലാംഗ്വേജ് ടീച്ചർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് നിലവിലുള്ള തടസ്സങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഫുൾടൈം ബെനിഫിറ്റ് തസ്തികയിലെ അദ്ധ്യാപകർക്ക് മതിയായ യോഗ്യതകൾ ഉണ്ടെങ്കിൽ ഫുൾടൈം തസ്തികയിലെ അദ്ധ്യാപകരോടൊപ്പം പ്രൊമോഷന് അർഹതയുണ്ടോയെന്ന് വിശദമാക്കാമോ;

(സി) 2007 മുതൽ ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ ഫുൾടൈം ബെനിഫിറ്റ് തസ്തികയിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള കാലതാമസം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഫുൾടൈം ലാംഗ്വേജ് ടീച്ചർ തസ്തികയിൽ ഒഴിവ് ലഭ്യമായാൽ മാത്രമേ ഫുൾടൈം ബെനിഫിറ്റ് ലഭിച്ച അദ്ധ്യാപകർക്ക് സർക്കാർ സ്കൂളുകളിൽ പ്രൊമോഷൻ നൽകാൻ കഴിയുകയുള്ളൂ.

(ബി) ഫുൾടൈം ബെനിഫിറ്റ് ലഭിച്ച അദ്ധ്യാപകർക്ക് മതിയായ യോഗ്യതകൾ ഉണ്ടെങ്കിലും ഫുൾടൈം തസ്തികയിലെ അദ്ധ്യാപകരോടൊപ്പം പ്രൊമോഷൻ ലഭിക്കുവാൻ അർഹതയില്ല. ഫുൾടൈം അദ്ധ്യാപകരില്ലാത്ത സാഹചര്യത്തിൽ മാത്രമേ ഫുൾടൈം ബെനിഫിറ്റ് ലഭിച്ചവർക്ക് പ്രൊമോഷന് അർഹതയുള്ളൂ.

(സി) ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിലെ ഒഴിവ് ലഭ്യമല്ലാത്തതിനാലാണ് പ്രൊമോഷൻ നൽകുവാൻ കാലതാമസം വരുന്നത്.

## കാസർഗോഡ് ജില്ലയിലെ കന്നഡ അദ്ധ്യാപകരുടെ എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റ്

168(6518) <u>ശ്രീ. എൻ . എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കന്നഡ അദ്ധ്യാപകരുടെ എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റ് (കാറ്റഗറി നമ്പർ 233/2016) നിലവിൽ വന്നത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ കാസർഗോഡ് ജില്ലയിൽ എത്ര കന്നഡ എൽ.പി.എസ്.എ. അദ്ധ്യാപകരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ആയതിൽ എത്ര ഒഴിവുകളാണ് പി.എസ്.സി. ബൈട്രാൻസ്ഫർ നിയമനങ്ങൾക്കായി മാറ്റിവച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) പി. എസ്. സി. ഈ തസ്തികയിൽ ബൈട്രാൻസ്ഫർ വിജ്ഞാപനം നടത്തിയിട്ട് എത്രകാലമായെന്ന് വ്യക്തമാക്കാമോ ;

(ഇ) ബൈട്രാൻസ്ഫർ വിജ്ഞാപനം നടത്തി അർഹരായവർ ഇല്ലെങ്കിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 233/2016 കാറ്റഗറി നമ്പരായുള്ള കാസർഗോഡ് ജില്ലയിലെ എൽ.പി.എസ്.എ. (കന്നഡ) തസ്തികയുടെ റാങ്ക് പട്ടിക 23-10-2018-ൽ നിലവിൽവന്നു.

(ബി) 38 ഒഴിവ്.

(സി) തസ്തികമാറ്റത്തിന് - 11, എൻ.സി.എ. വിഭാഗത്തിന് - 8.

(ഡി & ഇ) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

**തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തിക**

169(6519) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് വിഭാഗത്തിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്ന എത്ര സർക്കാർ അദ്ധ്യാപകർ ആണ് ഉള്ളത്; ഇവർ ഏതൊക്കെ സ്ഥാപനങ്ങളിലാണ് ജോലി നോക്കുന്നത്;

(ബി) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് വിഭാഗത്തിലെ എത്ര സർക്കാർ അദ്ധ്യാപകരാണ് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മറ്റ് സ്ഥാപനങ്ങളിൽ ജോലി നോക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(സി) 2019-20 കാലഘട്ടത്തിൽ തസ്തിക നിർണ്ണയം കഴിഞ്ഞ് തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ എത്ര എച്ച്.എസ്.റ്റി. ഇംഗ്ലീഷ് അദ്ധ്യാപകരുടെ ഒഴിവുകളാണ് ഡി.ഡി.ഇ. റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ഡി) പ്രസ്തുത കാലഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിൽ ഭൗതിക സാഹചര്യത്തിന്റെ അഭാവത്താൽ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തിക അനുവദിക്കാത്ത എത്ര സർക്കാർ സ്കൂളുകൾ ഉണ്ട്; അവ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് വിഭാഗത്തിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരുംതന്നെ ജോലി ചെയ്യുന്നില്ല.

(ബി) വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ 4 പേർ ജോലി ചെയ്യുന്നുണ്ട്. കൈറ്റ്-ൽ ഒരാളും ഡയറ്റ്-ൽ 3 പേരും.

(സി) വിദ്യാഭ്യാസ ഉപഡയറക്ടർ ഒഴിവുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) ഭൗതിക സാഹചര്യങ്ങളുടെ അഭാവത്താൽ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തിക അനുവദിക്കാത്ത സ്കൂളുകൾ ഒന്നുംതന്നെ ജില്ലയിൽ ഇല്ല.

**സ്കൂളുകളിലെ അദ്ധ്യാപക നിയമനം കാര്യക്ഷമമാക്കുന്നതിന് ഭേദഗതി**

170(6520) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ അദ്ധ്യാപക നിയമനം കാര്യക്ഷമമാക്കുന്നതിന് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തൊക്കെ ഭേദഗതികളാണ് കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന സ്വകാര്യ മേഖലയിലെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിലെ അദ്ധ്യാപകർക്ക് അർഹമായ വേതനം ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവർക്ക് അർഹമായ ശമ്പളം ലഭിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 3-12-2016-ലെ ജി.ഒ(പി) നമ്പർ 199/2016/പൊ.വി.വ. പ്രകാരവും 28-2-2019-ലെ ജി.ഒ.(പി) നമ്പർ 3/2019/പൊവിവ. പ്രകാരവും കെ.ഇ.ആർ.-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ ഇത് സുഗമമാക്കുന്നതിനുവേണ്ടി 8-3-2019-ലെ സർക്കുലർ നമ്പർ ജെ2/57/2019/പൊവിവ. പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളുടെ ഏകീകരണം യാഥാർത്ഥ്യമായ സാഹചര്യത്തിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. സംസ്ഥാനത്തെ അംഗീകാരമുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

## എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ നിയമന അംഗീകാരം

171(6521) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 6-2-2019-ലെ സ.ഉ.(കൈ) നമ്പർ 14/19/പൊതു.വി.വ. പ്രകാരം എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ അനുവദിച്ച തസ്തികകളിലേയ്ക്കുള്ള നിയമന അംഗീകാരത്തിനായി കണ്ണൂർ ജില്ലയിലെ എത്ര ഹയർസെക്കണ്ടറി സ്കൂൾ മാനേജ്മെന്റുകളിൽ നിന്നും റീജണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ സ്കൂളുകളിലെ എത്ര അദ്ധ്യാപകരുടെ നിയമനത്തിനാണ് അംഗീകാരം നൽകിയിട്ടുള്ളത്; അറിയിക്കാമോ;

(സി) കൂടാളി ഹയർസെക്കണ്ടറി സ്കൂളിൽനിന്നും അപേക്ഷ കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അപേക്ഷ കിട്ടിയത്; വ്യക്തമാക്കാമോ;

(ഡി) അപേക്ഷയിൽ എന്തെങ്കിലും അപാകതകൾ ഉണ്ടോ; ഉണ്ടെങ്കിൽ എന്തു പോരായ്മകളാണ് ഉള്ളതെന്നും അത് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അംഗീകാരം നൽകുന്നതിന് ഇത്രയും കാലതാമസം വന്നതെന്നും എന്നത്തേയ്ക്ക് അംഗീകാരം നൽകുമെന്നും വ്യക്തമാക്കാമോ;

(എഫ്) ബോധപൂർവ്വമായ കാലതാമസമാണ് സംഭവിച്ചതെങ്കിൽ അതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) 8 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ആർക്കും നിയമനാംഗീകാരം നൽകിയിട്ടില്ല.

(സി) ഉണ്ട്. 15-6-2019-ന്.

(ഡി) അപേക്ഷയുടെ പ്രാഥമിക പരിശോധനയിൽ അപാകതകൾ കണ്ടെത്തിയിട്ടില്ല.

(ഇ) 2019-2020-ൽ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായിട്ടില്ല. തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് നിയമനാംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ബോധപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല.

## എറണാകുളം ജില്ലയിലെ അദ്ധ്യാപക നിയമനം

172(6522) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ യു.പി.എസ്.ടി. തസ്തികയിൽ (മലയാളം മീഡിയം) നിലവിൽ എത്ര സ്ഥിരം ഒഴിവുകൾ ഉണ്ട്; ഏതെല്ലാം സ്കൂളുകളിൽ ഉള്ളതാണ് ഈ ഒഴിവുകൾ എന്ന് വ്യക്തമാക്കാമോ;

(ബി) അടുത്ത അദ്ധ്യയന വർഷം എറണാകുളം ജില്ലയിൽ ഈ തസ്തികകളിൽ വിരമിക്കുന്ന അദ്ധ്യാപകരുടെയും എൽ.പി./യു.പി. സ്കൂളുകളിലെ പ്രധാന അദ്ധ്യാപകരുടെയും എണ്ണം സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) ആറ് മാസത്തിൽ കൂടുതൽ ഉള്ള ശൂന്യവേതന അവധികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുമോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) യു.പി.എസ്.ടി. തസ്തിക - 36 ഒഴിവുകൾ.

ജില്ലാ വിദ്യാഭ്യാസ ഓഫീസ്, കോതമംഗലം

| ക്രമ നമ്പർ | സ്കൂൾ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഗവ. ഹൈസ്കൂൾ, പൊയ്ക്ക | 1 |
| 2 | ഗവ. ഹൈസ്കൂൾ, പിണവൂർകുടി | 3 |
| 3 | ഗവ. ഹൈസ്കൂൾ, അകനാട് | 2 |
| 4 | ഗവ. വി.എച്ച്.എസ്.എസ്., നേര്യമംഗലം | 2 |
| 5 | ഗവ. വി.എച്ച്.എസ്.എസ്.,ഓടക്കാലി | 1 |
| 6 | ഗവ. ഹൈസ്കൂൾ, ചേരാനല്ലൂർ | 1 |
| 7 | ഗവ. ഹൈസ്കൂൾ, മാമലക്കണ്ടം | 3 |
| 8 | വി.എച്ച്.എസ്.എസ്.,പല്ലാരിമംഗലം | 1 |
| | | 14 |

ജില്ലാ വിദ്യാഭ്യാസ ഓഫീസ്, ആലുവ

| ക്രമ നമ്പർ | സ്കൂൾ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഗവ. ഹൈസ്കൂൾ, മുടിക്കൽ | 1 |
| | | 1 |

ജില്ലാ വിദ്യാഭ്യാസ ഓഫീസ്, മൂവാറ്റുപുഴ

| ക്രമ നമ്പർ | സ്കൂൾ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഗവ. വി.എച്ച്.എസ്.എസ്., ഈസ്റ്റ് മാറാടി | 2 |
| 2 | ഗവ. എച്ച്.എസ്.എസ്., ഊരമന | 1 |
| 3 | ഗവ. ഹൈസ്കൂൾ, പേഴക്കാപ്പിള്ളി | 4 |
| 4 | ഗവ. ഹൈസ്കൂൾ, ശിവൻകുന്ന് | 1 |
| 5 | ഗവ. ടി.ടി.ഐ., മൂവാറ്റുപുഴ | 1 |
| | | 9 |

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കോലഞ്ചേരി

| ക്രമ നമ്പർ | സ്കൂൾ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഗവ. യു.പി. സ്കൂൾ, കുറിഞ്ഞി | 1 |
| | | 1 |

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കൂത്താട്ടുകുളം

| ക്രമ നമ്പർ | സ്കൂൾ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഗവ. യു.പി. സ്കൂൾ, കൂത്താട്ടുകുളം | 1 |
| | | 1 |

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കല്ലൂർക്കാട്

| ക്രമ നമ്പർ | സ്കൂൾ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | പി.യു.പി. സ്കൂൾ, വെള്ളാരംകല്ല് | 2 |
| | | 2 |

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, പെരുമ്പാവൂർ

| ക്രമ നമ്പർ | സ്കൂൾ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഗവ. യു.പി. സ്കൂൾ, അശമന്നൂർ | 1 |
| | | 1 |

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, പിറവം

| ക്രമ നമ്പർ | സ്കൂൾ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഗവ. യു.പി. സ്കൂൾ, ഓണക്കൂർ | 1 |
| | | 1 |

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, തൃപ്പൂണിത്തുറ

| ക്രമ നമ്പർ | സ്കൂൾ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഗവ. യു.പി. സ്കൂൾ, കാരിക്കോട് | 1 |
| | | 1 |

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, അങ്കമാലി

| ക്രമ നമ്പർ | സ്കൂൾ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഗവ. യു.പി. സ്കൂൾ, ഇല്ലിത്തോട് | 1 |
| | | 1 |

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കോതമംഗലം

| ക്രമ നമ്പർ | സ്കൂൾ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ഗവ. യു.പി. സ്കൂൾ, ചെങ്കര | 1 |
| 2 | ഗവ. യു.പി. സ്കൂൾ, ഇടമലയാർ | 1 |
| 3 | ഗവ. യു.പി. സ്കൂൾ, നേര്യമംഗലം | 2 |
| | | 4 |

(ബി) വിരമിക്കുന്ന യു.പി.എസ്.ടി. അദ്ധ്യാപിക/അദ്ധ്യാപകൻ(സ്കൂൾ തിരിച്ച്)

| ക്രമ നമ്പർ | സ്കൂൾ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | ഗവ. എച്ച്.എസ്, ഊരമന | 1 |
| 2 | ഗവ. എച്ച്.എസ്, ആത്രൂർ | 1 |
| 3 | ജി.എച്ച്.എസ്., എഴിപ്പുറം | 2 |
| 4 | ജി.എച്ച്.എസ്., എടത്തല | 1 |
| 5 | ജി.എച്ച്.എസ്., പുത്തുക്ക | 1 |
| 6 | ജി.വി.എച്ച്.എസ്.എസ്., തൃക്കാക്കര | 1 |
| 7 | ജി.എച്ച്.എസ്.എസ്., മൂപ്പത്തടം | 1 |
| 8 | ജി.വി.എച്ച്.എസ്.എസ്,അമ്പലമുഗൾ | 1 |
| 9 | ജി.എച്ച്.എസ്., കടയിരുപ്പ് | 2 |
| 10 | ജി.എച്ച്.എസ്., ചൊവ്വര | 2 |
| 11 | ജി.എച്ച്.എസ്., പഴന്തോട്ടം | 2 |
| 12 | ജി.ജി.എച്ച്.എസ്., പെരുമ്പാവൂർ | 2 |
| 13 | ജി.എച്ച്.എസ്.എസ്., വെണ്ണല | 1 |
| 14 | ജി.എച്ച്.എസ്.എസ്., മുളന്തുരുത്തി | 2 |
| 15 | ജി.ജി.എച്ച്.എസ്., മട്ടാഞ്ചേരി | 1 |
| 16 | ജി.യു.പി.എസ്., കടാതി | 1 |
| 17 | ജി.യു.പി.എസ്., കുന്നക്കാൽ | 1 |
| 18 | ജി.യു.പി.എസ്., കുത്താട്ടുകുളം | 1 |
| 19 | ജി.വി.എച്ച്.എസ്.,കടമക്കുടി | 1 |
| 20 | ജി.യു.പി.എസ്., ഊരക്കാട് | 1 |
| 21 | ജി.യു.പി.എസ്., കറുകപ്പിള്ളി | 1 |
| 22 | ജി.യു.പി.എസ്., ഓണക്കൂർ നോർത്ത് | 1 |
| | ആകെ | 28 |

പ്രധാനാദ്ധ്യാപകർ - 30 എണ്ണം (സ്കൂൾ തിരിച്ച്) താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്കൂൾ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | ജി.എൽ.പി.എസ്, ഊരമന ഈസ്റ്റ് | 1 |
| 2 | ജി.എൽ.പി.എസ്, പിറവം | 1 |
| 3 | ജി.യു.പി.എസ്., ഉപ്പുക്കണ്ടം | 1 |
| 4 | ജി.യു.പി.എസ്., കടാതി | 1 |
| 5 | ജി.എൽ.പി.എസ്., കടാതി | 1 |
| 6 | ജി.യു.പി.എസ്., തട്ടേക്കാട് | 1 |
| 7 | ജി.യു.പി.എസ്., ചെറുവട്ടൂർ | 1 |
| 8 | ജി.എൽ.പി.എസ്, പൂത്തൃപ്പാടി | 1 |
| 9 | എം.എൽ.പി.എസ്., വലിയപ്പാറ | 1 |
| 10 | ജി.എൽ.പി.എസ്., കരുകുന്നപുരം | 1 |
| 11 | ജി.എൽ.പി.എസ്.,കടകര | 1 |
| 12 | ജി.എൽ.പി.എസ്., കുത്താട്ടുകുളം | 1 |
| 13 | ജി.എൽ.പി.എസ്., ഇടയാർ | 1 |
| 14 | ജി.യു.പി.എസ്., മേമുറി | 1 |
| 15 | ജി.യു.പി.എസ്., നോർത്ത് ഓണക്കൂർ | 1 |
| 16 | ജി.യു.പി.എസ്., ചിറക്കകം | 1 |
| 17 | ജി.എൽ.പി.എസ്., എരുമത്തല | 1 |
| 18 | ജി.എൽ.പി.എസ്., നീറിക്കോട് | 1 |
| 19 | ജി.യു.പി.എസ്., പുതുവൈപ്പ് | 1 |
| 20 | ജി.എഫ്.യു.പി.എസ്., ഞാറക്കൽ | 1 |
| 21 | ജി.ജെ.ബി.എസ്., നീറാംമുഗൾ | 1 |

| (1) | (2) | (3) |
|---|---|---|
| 22 | ജി.എൽ.പി.എസ്., വെമ്പിള്ളി | 1 |
| 23 | എൽ.പി.എൽ.ജി.എസ്., മഴവന്നൂർ | 1 |
| 24 | ജി.യു.പി.എസ്., ഊരക്കാട് | 1 |
| 25 | ജി.എൽ.പി.എസ്., സൗത്ത് മഴവന്നൂർ | 1 |
| 26 | ജി.ജെ.ബി.എസ്., കണ്ണ്യാട്ടുനിരപ്പ് | 1 |
| 27 | ജി.എൽ.പി.എസ്., വടയമ്പാടി | 1 |
| 28 | എൻ.എസ്.എസ്.ജി.എൽ.പി.എസ്., ഐരാപുരം | 1 |
| 29 | ജി.എൽ.പി.എസ്., പാങ്കോട് | 1 |
| 30 | ജി.എൽ.പി.എസ്., കോലഞ്ചേരി | 1 |
| | ആകെ | 30 |

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കും. 2 ഒഴിവുകൾ.

**പുതുതായി സൃഷ്ടിച്ച തസ്തികകൾ**

173(6523) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ വകുപ്പിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; കാറ്റഗറി തിരിച്ചുള്ള വിശദവിവരം നൽകുമോ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

**ഹയർ സെക്കണ്ടറി ഹിസ്റ്ററി സീനിയർ, ജൂനിയർ തസ്തികകളിൽ നിയമനം**

174(6524) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ഹിസ്റ്ററി സീനിയർ, ജൂനിയർ തസ്തികകളിലായി നിരവധി ഒഴിവുകൾ ഉണ്ടായിട്ടും എസ്.സി./എസ്.റ്റി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് റാങ്ക്

പട്ടികയിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിലേക്കായി ആ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തത് എന്ത് കൊണ്ടാണെന്നറിയിക്കാമോ:

(ബി) പി.എസ്.സി. വഴി ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികകളിലേക്ക് നിയമനം ആരംഭിച്ചതിന് ശേഷം ഓരോ വർഷവും എസ്.സി. ഹിസ്റ്ററി, സീനിയർ/ജൂനിയർ അദ്ധ്യാപകരുടെ നിയമനം, എണ്ണം സംബന്ധിച്ച കണക്കെടുപ്പുകൾ ഓരോവർഷവും നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എച്ച്.എസ്.എസ്.റ്റി. സീനിയർ നിയമനങ്ങൾ പ്രൊമോഷനിലൂടെ മാത്രം നടത്താനുള്ള ഉത്തരവ് ഹയർ സെക്കണ്ടറി വകുപ്പിൽ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് ഇത് പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ വാർഷിക അവലോകനം നടത്തി ഉത്തരവാകുന്നതിനനുസരിച്ചാണ് എസ്.സി./എസ്.റ്റി. കാറ്റഗറിയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നത്. 2014 മുതൽ 2019 വരെയുള്ള വർഷങ്ങളിൽ വാർഷിക അവലോകനം നടത്തിയതിൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യകുറവ് ഇല്ല എന്ന് ഉത്തരവായിട്ടുണ്ട്.

(ബി) ഓരോ വർഷവും പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ എണ്ണം കണക്കാക്കി നൽകുന്നതിനനുസരിച്ചാണ് സർക്കാർ വാർഷിക അവലോകനം നടത്തുന്നത്. ആയതുപ്രകാരം 2009, 2011, 2012 എന്നീ വർഷങ്ങളിൽ അവലോകനം നടത്തിയതിൽ മറ്റു വിഷയങ്ങളോടൊപ്പം ഹിസ്റ്ററി വിഷയത്തിലും വേക്കൻസികൾ ഉണ്ടായിട്ടുണ്ട്. ആയവ ചുവടെ ചേർക്കുന്നു:

സ.ഉ (കൈ) നമ്പർ 102/14/പൊ.ഭ.വ തീയതി 29-4-2014 (2009 - അവലോകനം)

എച്ച്.എസ്.എസ്.റ്റി(ഹിസ്റ്ററി) - SC/ST - 2, ST only - 1

ജൂനിയർ (ഹിസ്റ്ററി) - SC/ST - 3, ST only - 0

സ.ഉ. (കൈ) നമ്പർ 278/15/പൊ.ഭ.വ. തീയതി 9-11-2015 (2011 - അവലോകനം)

എച്ച്.എസ്.എസ്.റ്റി. (ഹിസ്റ്ററി) - SC/ST - 2, ST only - 2

ജൂനിയർ (ഹിസ്റ്ററി) - SC/ST - 4, ST only - 1

സ.ഉ. (കൈ) നമ്പർ 282/15/പൊ.ഭ.വ. തീയതി 13-11-2015 (2012 - അവലോകനം)

എച്ച്.എസ്.എസ്.റ്റി (ഹിസ്റ്ററി) - SC/ST - 2, ST only - 4

ജൂനിയർ (ഹിസ്റ്ററി) - SC/ST - 1, ST only - 0

ടി വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് അഡ്വൈസ് ലഭിച്ചവർക്കെല്ലാം നിയമനം നൽകിയിട്ടുണ്ട്. ST only category-യിൽ ഓരോ വേക്കൻസി വീതം (എച്ച്.എസ്.എസ്.റ്റി.-1, എച്ച്.എസ്.എസ്.റ്റി. ജൂനിയർ -1) അഡ്വൈസ് ലഭ്യമാകാനുണ്ട്. 2014 മുതൽ 2019 വരെയുള്ള വാർഷിക അവലോകന പ്രകാരം ഹയർ സെക്കണ്ടറി വകുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യകുറവ് ഇല്ല എന്ന് ഉത്തരവായിട്ടുണ്ട്.

(സി) 2001 മുതൽ പുറപ്പെടുവിച്ച സ്പെഷ്യൽ റൂൾ അനുസരിച്ച് എച്ച്.എസ്.എസ്.റ്റി. നിയമനങ്ങൾ യോഗ്യരായ എച്ച്.എസ്.എസ്.റ്റി. ജൂനിയർ അദ്ധ്യാപകരിൽനിന്നും ബൈട്രാൻസ്ഫർ മുഖേനയാണ് നടത്തുന്നത്. അർഹരായ ജൂനിയർ അദ്ധ്യാപകരുടെ അഭാവത്തിൽ ഒഴിവുകൾ 1:3 അനുപാതത്തിൽ ബൈട്രാൻസ്ഫറിനായും നേരിട്ടുള്ള നിയമനത്തിനായും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

### ഇടുക്കി ജില്ലയിലെ പാർട്ട് ടൈം ഹൈസ്കൂൾ അസിസ്റ്റന്റ്

175(6525) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിൽ പാർട്ട്ടൈം ഹൈസ്കൂൾ അസിസ്റ്റന്റ് (ഹിന്ദി) തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇതിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

പാർട്ട് ടൈം ഹൈസ്കൂൾ അസിസ്റ്റന്റ് (ഹിന്ദി) തസ്തികയിൽ ഇടുക്കി ജില്ലയിൽ നിലവിൽ ഒഴിവുകൾ ഇല്ല.

### എറണാകുളം ജില്ലയിലെ എച്ച്.എസ്.റ്റി. റാങ്ക് ലിസ്റ്റ്

176(6526) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര നിയമനങ്ങൾ നടന്നു എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ജില്ലയിലെ എച്ച്.എസ്.റ്റി. സോഷ്യൽ സയൻസ് വിഭാഗത്തിൽ 2020-21-ലെ ആന്റിസിപ്പേറ്റഡ് (ആനുപാതിക) തസ്തികകളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും 33 നിയമനങ്ങൾ നടന്നിട്ടുണ്ട്.

(ബി) 2020-21 അദ്ധ്യയന വർഷത്തിൽ വിരമിക്കൽമൂലം 3 ഒഴിവുകൾ ഉണ്ടാകുമെങ്കിലും തസ്തിക നിർണ്ണയത്തിനുശേഷം മാത്രമേ തസ്തികകളുടെ എണ്ണം നിർണ്ണയിക്കാനാവൂ.

**സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്കുള്ള എൻ.ഒ.സി.**

177(6527) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതി പുറപ്പെടുവിച്ച വിധിയനുസരിച്ച് എത്ര സ്കൂളുകൾക്ക് എൻ.ഒ.സി. നൽകി എന്നതിന്റെ വിശദവിവരം നൽകുമോ?

ഉത്തരം

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതി പുറപ്പെടുവിച്ച വിധിയനുസരിച്ച് 39 സ്കൂളുകൾക്ക് ഇതുവരെ എൻ.ഒ.സി. അനുവദിച്ച് നൽകുകയുണ്ടായി.

**അനധികൃത വിദ്യാലയങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി**

178(6528) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല സ്വകാര്യ വിദ്യാലയങ്ങളിലും ഫീസ് നൽകാത്തതിന്റെ പേരിൽ പ്രൈമറിതലത്തിലുള്ള കുട്ടികളെ ഉൾപ്പെടെ നിരന്തരം അപമാനിച്ച് ബുദ്ധിമുട്ടിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർദ്ധനരായ രക്ഷിതാക്കളിൽ നിന്നുപോലും അമിത ഫീസ് ഈടാക്കുന്നതിന്റെ ഭാഗമായി കുട്ടികളെ ശകാരിക്കുന്നതും ക്ലാസ്സിന് പുറത്താക്കുന്നതും ഉൾപ്പെടെയുള്ള പീഡനങ്ങൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ മേൽസൂചിപ്പിച്ച പ്രകാരമുള്ള പ്രവണതകൾ ആവർത്തിക്കാതിരിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ;

(ഡി) മതിയായ അംഗീകാരമില്ലാതെയും ചട്ടം ലംഘിച്ചും പ്രവർത്തിക്കുന്ന വിദ്യാലയങ്ങളെ നിയന്ത്രിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുട്ടികളെ ശകാരിക്കുന്നതും ക്ലാസിന് പുറത്താക്കുന്നതും ഉൾപ്പെടെയുള്ള പീഡനങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പരാതികൾ ലഭിക്കുകയാണെങ്കിൽ കർശന നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഇത്തരം പ്രവണതകൾ ഒഴിവാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്.

(സി) ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഇത്തരം പ്രവണതകൾ ഒഴിവാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്.

(ഡി) മതിയായ അംഗീകാരമില്ലാതെയും ചട്ടം ലംഘിച്ചും പ്രവർത്തിക്കുന്ന വിദ്യാലയങ്ങളെ സംബന്ധിച്ച് പരാതി ലഭിക്കുന്ന പക്ഷം കർശന നടപടി സ്വീകരിക്കുന്നതാണ്.

## സർക്കാരിതര സ്കൂളുകൾ പേരിനൊപ്പം പബ്ലിക്

179(6529) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിതര സ്കൂളുകൾ പേരിനൊപ്പം പബ്ലിക് എന്ന വാക്ക് ചേർക്കുന്നത് കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ഉത്തരവു വഴി വിലക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) എങ്കിൽ അത് എത്രമാത്രം നടപ്പാക്കിയിട്ടുണ്ടെന്നും നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഉത്തരവ് ഇറക്കിയിട്ടില്ല.

(ബി) ബാധകമല്ല.

## ഇ-ഗവേണൻസ് പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്

180(6530) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയതുവഴി സർക്കാർ ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാണെങ്കിലും മതിയായ പ്രാവീണ്യമില്ലാത്തതിനാൽ അക്ഷയ കേന്ദ്രങ്ങളെയും ജനസേവാ കേന്ദ്രങ്ങളെയുമാണ് പൊതുജനങ്ങൾക്ക് ആശ്രയിക്കേണ്ടിവരുന്നത് എന്ന വസ്തുത കണക്കിലെടുത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസിനെ കുറിച്ച് പഠിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ഒട്ടനവധി പ്രവർത്തനങ്ങൾ ഇ-ഗവേണൻസ് അടിസ്ഥാനമാക്കിയാണ് നിലവിൽ ചെയ്തുവരുന്നത്. പ്രാഥമിക ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്കൂൾ വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിനോടൊപ്പം ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ഒരുക്കിയിരിക്കുന്ന ഹൈടെക് സംവിധാനങ്ങൾ കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് സഹായിക്കാൻ ഉതകുന്നരീതിയിൽ പ്രത്യേകം പരിശീലനം അമ്മമാർക്ക് കൈറ്റിന്റെ നേതൃത്വത്തിൽ നൽകുന്നുണ്ട്. ഇത്തരം പരിശീലനങ്ങൾ പൊതുജനങ്ങൾക്ക് ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ സ്വന്തമായി ചെയ്യുന്നതിന് സഹായകമാകും. പത്താം ക്ലാസ്സിലെ സാമൂഹ്യശാസ്ത്രം ഭാഗം 1-ലെ പൊതുഭരണം എന്ന അദ്ധ്യായത്തിൽ (അദ്ധ്യായം -3 ൽ) ഇ-ഗവേണൻസ്, അക്ഷയ കേന്ദ്രങ്ങൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ പാഠഭാഗങ്ങൾ നിലവിലുണ്ട്.

## കെ-ടെറ്റ്

181(6531) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ടെറ്റിന്റെ വിജയ ശതമാനം അൻപത് എന്നാക്കി കുറയ്ക്കുന്നത് സർക്കാരിന്റെ പരിഗണയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് എന്നത്തേക്ക് നടപ്പിൽ വരുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്

നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE)യെയാണ്. ഈ സ്ഥാപനമാണ് അദ്ധ്യാപക യോഗ്യതാ പരീക്ഷയുടെ (TET) പാസ് മാർക്ക് മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് സ്വമേധയാ സാധിക്കുന്നതല്ല.

## അന്യ സംസ്ഥാനങ്ങളിലെ സ്കൂളുകളിൽ പഠിച്ചശേഷം സംസ്ഥാനത്തെ സ്കൂളുകളിൽ പ്രവേശനം നേടുന്ന കുട്ടികൾ

182(6532) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിലെ സ്കൂളിൽ പഠിച്ചശേഷം സംസ്ഥാനത്തെ സ്കൂളുകളിൽ പ്രവേശനം നേടുന്ന കുട്ടികൾക്ക് മലയാളം ഭാഷാ പഠനത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഒരുക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പത്താം തരത്തിന് മുമ്പ് ഇത്തരം വിദ്യാർത്ഥികൾക്ക് മലയാളത്തിന് പകരം ഇംഗ്ലീഷ് പഠിക്കുവാൻ അനുമതി നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും പ്രത്യേക പരിഗണന നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. അന്യ സംസ്ഥാനങ്ങളിലെ സ്കൂളിൽ പഠിച്ചശേഷം സംസ്ഥാനത്തെ സ്കൂളുകളിൽ പ്രവേശനം നേടുന്ന, മുൻ ക്ലാസ്സുകളിൽ മലയാളം പഠിച്ചിട്ടില്ലാത്ത കുട്ടികളെ, മലയാള ഭാഷ പഠിപ്പിക്കുന്നതിനായി എസ്.സി.ഇ.ആർ.റ്റി. അതത് ക്ലാസ്സുകൾക്കുവേണ്ടി തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ പഠിപ്പിക്കേണ്ടതാണെന്നും അതിന് അതത് സ്കൂൾ അദ്ധ്യാപകരെ ചുമതലപ്പെടുത്തേണ്ടതാണെന്നും മലയാള ഭാഷാപഠന ചട്ടങ്ങൾ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയത് സംബന്ധിച്ച നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

(ബി & സി) പത്താം തരത്തിനുമുൻപ് ഇത്തരം വിദ്യാർത്ഥികൾക്ക് മലയാളത്തിനുപകരം ഇംഗ്ലീഷ് പഠിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകുവാൻ വിദ്യാഭ്യാസ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഭാഷാ പഠനത്തിനായി എസ്.സി.ഇ.ആർ.റ്റി. അതത് ക്ലാസ്സുകളിലേയ്ക്ക് തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ ഇവരെ പഠിപ്പിക്കേണ്ടതുമാണ്.

## സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ലോഗോ

183(6533) ശ്രീ. എൻ . എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കലോത്സവത്തിന് ലോഗോ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) തെരെഞ്ഞെടുക്കപ്പെടുന്ന ലോഗോ രൂപകൽപ്പന ചെയ്യുയാൾക്ക് സമ്മാനം നൽകാറുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) കലയുമായി ബന്ധപ്പെട്ട പ്രതീകങ്ങൾ, വർഷം, മാസം, തീയതി എന്നിങ്ങനെയുള്ള രേഖപ്പെടുത്തലുകൾ, മേള നടക്കുന്ന ജില്ലയുടേതായ പ്രതീകം എന്നിവ പരിശോധിച്ച് ആവർത്തനങ്ങൾ ഇല്ലാത്ത ലോഗോകളാണ് തെരഞ്ഞെടുക്കുന്നത്.

(ബി) ഉണ്ട്. കലോത്സവ വേദിയിൽ വച്ചോ, അല്ലാതെയോ ആണ് പ്രോത്സാഹന സമ്മാനം നൽകുന്നത്.

## ഇരവിമംഗലം സെന്റ് ജോസഫ് എൽ.പി. സ്കൂളിന് ചലഞ്ച് ഫണ്ട്

184(6534) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ ഇരവിമംഗലം സെന്റ് ജോസഫ് എൽ.പി. സ്കൂളിന് ചലഞ്ച് ഫണ്ട് നൽകുന്നത് സംബന്ധിച്ച് 17-7-2019-ൽ ഡി.പി.ഐ.-ക്ക് നൽകിയിരുന്ന ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) 1920-ൽ സ്ഥാപിതമായ പ്രസ്തുത സ്കൂൾ കെട്ടിടങ്ങൾ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മൈനോറിറ്റി കമ്മീഷന്റെ അംഗീകാരമുള്ള ഈ സ്കൂളിന്റെ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചലഞ്ച് ഫണ്ട് വിനിയോഗിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവൃത്തിക്ക് ഡി.പി.ഐ. ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 1-3-2018-ലെ സ. ഉ.(അച്ചടി) നമ്പർ 30/2018/ധന എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളുടെ നിലവാരമുയർത്താൻ പദ്ധതികൾ**

185(6535) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ നിലവാരമുയർത്തുന്നതിന് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ ഹെറിറ്റേജ് സ്കൂളുകളുടെ നിലവാരമുയർത്തുന്നതിന് ഡി.പി.ആർ. സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഡി.പി.ആർ. പ്രകാരമുള്ള തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 5 കോടി, 3 കോടി, ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടപ്പാക്കിവരുന്നത്. ആയതിൽ മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെട്ട സ്കൂളുകൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| മാവേലിക്കര ജി.ജി.എച്ച്.എസ്.എസ്. | 5 കോടി |
| ജി.എച്ച്.എസ്.എസ്. ചുനക്കര | 3 കോടി |
| ജി.കെ.കെ.എം.എച്ച്.എസ്.എസ്. വള്ളിക്കുന്നം | 3 കോടി |
| ജി.എസ്.വി.എച്ച്.എസ്.എസ് കുടശ്ശനാട് | 1 കോടി |
| ജി.എൽ.പി.എസ്. മറ്റത്തിൽ ഭാഗം | 1 കോടി |
| ജി.വി.എച്ച്.എസ്.എസ്. മാവേലിക്കര | 1 കോടി |
| ജി.എച്ച്.എസ്.എസ്. കുന്നം | 1 കോടി |

ഇതിൽ 5 കോടി രൂപ പദ്ധതിയിൽ ഉൾപ്പെട്ട ജി.ജി.എച്ച്.എസ്.എസ്. മാവേലിക്കരയുടെ 37% വർക്ക് പൂർത്തീകരിച്ചുകഴിഞ്ഞു. മൂന്ന് കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെട്ട ജി.കെ.കെ.എം.എച്ച്.എസ്.എസ്. വള്ളിക്കുന്നം സ്കൂളിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരന് കൈമാറിയിട്ടുണ്ട്.

ചുനക്കര ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണത്തിനുള്ള SPV യായി INKEL നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു കോടി കിഫ്ബി ഫണ്ടിൽ ഉൾപ്പെട്ട ജി.എസ്.വി.എച്ച്.എസ്.എസ്. കുടശ്ശനാട്, ജി.എൽ.പി.എസ്. മറ്റത്തിൻ ഭാഗം, ജി.വി.എച്ച്.എസ്.എസ്. മാവേലിക്കര, ജി.എച്ച്.എസ്.എസ്. കുന്നം എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള SPV-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ പരിശോധിച്ചുവരുന്നു.

**കാലപ്പഴക്കം ചെന്ന സ്കൂൾ കെട്ടിടങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ**

186(6536) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലപ്പഴക്കം ചെന്ന സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് പകരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി സർക്കാർ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

കാലപ്പഴക്കം ചെന്ന സ്കൂൾ കെട്ടിടങ്ങൾക്കുപകരം കെട്ടിടം നിർമ്മിക്കുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി മുഖേന 5 കോടി, 3 കോടി പദ്ധതികളും സംസ്ഥാന ബഡ്ജറ്റിൽനിന്ന് ഒരു കോടി രൂപയുടെ പദ്ധതിയും നടപ്പിലാക്കിവരുന്നു.

**നെടുമങ്ങാട് ഓട്ടിസം പാർക്ക് നിർമ്മാണം**

187(6537) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് മണ്ഡലത്തിലെ ഓട്ടിസം പാർക്ക് നിർമ്മാണത്തിനായി നാളിതുവരെ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഓട്ടിസം പാർക്ക് സ്ഥാപിക്കുന്നതിനായി എത്ര തുക വകയിരുത്തി എന്ന് വ്യക്തമാക്കുമോ;

(സി) ഓട്ടിസം പാർക്ക് നിർമ്മിക്കുന്നതിനുള്ള പ്ലാൻ, ഡിസൈൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ആയത് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പകർപ്പുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഓട്ടിസം പാർക്ക് സ്ഥാപിക്കുന്നതിന് ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചാലക്കുടിയിലെ ഐ.ആർ.എം.എൽ.പി. സ്കൂൾ നഗരസഭയ്ക്ക് കൈമാറുന്നതിനുള്ള നടപടി

188(6538) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി നഗരസഭയിലെ ഐ.ആർ.എം.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിനോ, ചാലക്കുടി നഗരസഭയ്ക്ക് കൈമാറുന്നതിനോ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

അപേക്ഷയിലെ ആവശ്യം കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ വ്യവസ്ഥകളനുസരിച്ച് പരിശോധിച്ച് സാധ്യതകൾ വിലയിരുത്തി വ്യക്തമായ ശിപാർശ സർക്കാരിൽ ലഭ്യമാക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഹൈസ്കൂളുകളിലെ ശുചീകരണ വിഭാഗം ജീവനക്കാരുടെ തസ്തികകൾ

189(6539) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈസ്കൂളുകളിലെ ശുചീകരണ വിഭാഗം (എഫ്.ടി.സി.എം.) ജീവനക്കാർ വേണ്ടത്ര ഇല്ലാതെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിലെ നിരവധി സർക്കാർ ഹൈസ്കൂളുകളിൽ ഈ തസ്തികയിൽ ജീവനക്കാരില്ലാത്തത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; അറിയിക്കുമോ;

(സി) പി.ടി.സി.എം.-ന്റെ പ്രൊമോഷൻ തസ്തികയായ എഫ്.ടി.സി.എം. തസ്തികയിലേക്ക് സർവ്വീസ് ദൈർഘ്യം പ്രതീക്ഷിച്ച് പ്രൊമോഷൻ നിരാകരിക്കുന്നത് മൂലമാണോ പ്രസ്തുത തസ്തികയിൽ വേണ്ടത്ര ജീവനക്കാരെ ലഭിക്കാത്തതിന് കാരണം; വിശദമാക്കാമോ;

(ഡി) ഭൗതിക വികസന രംഗത്ത് മുന്നേറ്റങ്ങൾ കൈവരിച്ച സർക്കാർ ഹൈസ്കൂളുകൾക്ക് ശുചിത്വം നിലനിർത്താൻ ഈ തസ്തികയിലേക്ക് താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ അനുമതി നൽകുമോ; വിശദമാക്കാമോ;

(ഇ) ഇല്ലെങ്കിൽ ഈ അപര്യാപ്തത മറികടക്കാൻ എന്തെല്ലാം നടപടികൾക്കാണ് സർക്കാർ ആലോചിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) പി.റ്റി.സി.എം. ജീവനക്കാർക്ക് 70 വയസ്സുവരെ സർവ്വീസിൽ തുടരാൻ കഴിയുമെന്നതിനാൽ എഫ്.റ്റി.സി.എം. തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് സമ്മതപത്രം നൽകുന്ന പി.റ്റി.സി.എം. ജീവനക്കാരുടെ എണ്ണം വളരെ കുറവാണ്.

(ഡി&ഇ) പരിശോധിക്കുന്നതാണ്.

**വിദ്യാലയങ്ങളിലെ അദ്ധ്യയന ദിനങ്ങൾ**

190(6540) <u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠ്യപദ്ധതിയുടെ ഭാരത്തിനനുസൃതമായി എത്ര പ്രവർത്തിദിനങ്ങളാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്; അറിയിക്കാമോ;

(ബി) പ്രതികൂല കാലാവസ്ഥ, ദുരന്തങ്ങൾ, മറ്റു ആകസ്മിക പ്രശ്നങ്ങൾ എന്നീ കാരണങ്ങളാൽ പഠനം നഷ്ടപ്പെടുന്ന ദിവസങ്ങൾക്ക് എന്തു പരിഹാരമാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(സി) ഹയർസെക്കണ്ടറി ഒന്നാം വർഷ ക്ലാസുകൾ ആരംഭിക്കാൻ വൈകുന്നതുമൂലം സാധ്യായ ദിനങ്ങളിലുണ്ടാകുന്ന കുറവ് നികത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പൊതു വാർഷിക പദ്ധതിക്ക് പൂരകമായി സ്കൂളുകൾ പാഠ്യപദ്ധതി വിനിമയത്തിനുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നുണ്ടോ; നിരന്തര മൂല്യനിർണ്ണയം എത്രത്തോളം ഫലപ്രദമാണ്; വ്യക്തമാക്കാമോ;

(ഇ) പൊതു വിദ്യാലയങ്ങളിൽ പി.ടി.എ.-കളും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 2019-20 അദ്ധ്യയന വർഷം പൊതുവിദ്യാലയങ്ങളിൽ ഹൈസ്കൂൾതലം വരെയുള്ള സ്കൂളുകളിൽ 203 പ്രവൃത്തിദിനങ്ങൾ ലഭിക്കുന്നതരത്തിലാണ് പൊതുവിദ്യാഭ്യാസ വകുപ്പ് കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം VII റൂൾ-5 പ്രകാരമുള്ള വിദ്യാഭ്യാസ കലണ്ടർ തയ്യാറാക്കിയിട്ടുള്ളത്. ഹയർ സെക്കണ്ടറി വിഭാഗത്തിന് 203 അദ്ധ്യയന ദിനങ്ങളാണുള്ളത്.

(ബി) പ്രതികൂല കാലാവസ്ഥ, ദുരന്തങ്ങൾ, മറ്റ് ആകസ്മിക പ്രശ്നങ്ങൾ എന്നീ കാരണങ്ങളാൽ പഠനം നഷ്ടപ്പെടുന്ന ദിവസങ്ങൾക്കുപകരം, കലണ്ടറിൽ മുൻകൂട്ടി പ്രവൃത്തി ദിനങ്ങളായി നിശ്ചയിച്ചിട്ടില്ലാത്ത ശനിയാഴ്ചകളും രണ്ടാം ശനി ഒഴികെ പ്രവൃത്തി ദിനങ്ങളാക്കിക്കൊണ്ട് പരിഹാരം കാണുന്നുണ്ട്. കൂടാതെ മേളകൾ, കലോത്സവങ്ങൾ എന്നിവ പരമാവധി അവധി ദിനങ്ങൾകൂടി ഉൾപ്പെടുത്തിയാണ് സംഘടിപ്പിക്കുന്നത്. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി, ഹൈസ്കൂൾ പരീക്ഷകൾ ഒരുമിച്ച് നടത്തിയുള്ള പരീക്ഷാദിനങ്ങളുടെ ക്രമീകരണവും പരമാവധി സാധ്യമായ ദിനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളാണ്.

ഹയർസെക്കണ്ടറി വിഭാഗത്തിൽ പഠനം നഷ്ടപ്പെടുന്ന ദിവസങ്ങൾക്ക് പകരം തുടർന്നുവരുന്ന ശനിയാഴ്ചകളെ പ്രവൃത്തി ദിനമാക്കിക്കൊണ്ട് ബന്ധപ്പെട്ട ഹയർസെക്കണ്ടറി മേഖലാ ഉപമേധാവിമാർ സ്കൂളുകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്.

(സി) 2019-20 അദ്ധ്യയന വർഷം മുതൽ ഹയർസെക്കണ്ടറി ഒന്നാം വർഷ ക്ലാസ്സുകളും അദ്ധ്യയന വർഷാരംഭത്തിൽ സ്കൂൾ തുറക്കുന്ന അതേദിവസംതന്നെ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. സ്കൂൾ പാഠ്യപദ്ധതി വിനിമയത്തിന് സ്കീം ഓഫ് വർക്ക് എല്ലാ വർഷവും തയ്യാറാക്കാറുണ്ട്. നിരന്തര മൂല്യനിർണ്ണയം വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വികാസത്തെ വിലയിരുത്തുന്നതിനുള്ള ഒരു സങ്കേതമാണ്. പഠനം ഒരു നിരന്തര പ്രക്രിയയായതിനാൽ വിലയിരുത്തലും നിരന്തരം നടക്കേണ്ട ഒന്നാണ്. അതിനാൽ ടേം മൂല്യനിർണ്ണയത്തോടൊപ്പം നിരന്തര മൂല്യനിർണ്ണയം നടത്തിയാണ് വിദ്യാർത്ഥികളുടെ പഠന നിലവാരം വിലയിരുത്തുന്നത്.

(ഇ) ഉണ്ട്. കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പി.ടി.എ., സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പി.ടി.എ., സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എന്നിവയുടെ രൂപീകരണവും പ്രവർത്തനവും

സംബന്ധിച്ച സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിത്തന്നെയാണ് പ്രസ്തുത കമ്മിറ്റികൾ പ്രവർത്തിക്കുന്നതെന്നകാര്യം ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ യഥാസമയം പരിശോധന നടത്തുന്നുണ്ട്. കൂടാതെ പ്രസ്തുത കമ്മിറ്റികൾ നടത്തുന്ന സാമ്പത്തിക ഇടപാടുകൾ എല്ലാം വകുപ്പുതല ഓഡിറ്റിന് വിധേയമാക്കാറുണ്ട്.

ഹയർസെക്കണ്ടറി വിഭാഗത്തിൽ പി.റ്റി.എ. സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകൾ സ്കൂൾ അധികൃതർ കൃത്യമായി പാലിക്കണമെന്ന് 21-3-2018-ലെ ഹയർസെക്കണ്ടറി ഡയറക്ടറുടെ സർക്കുലർ നമ്പർ എസിഡി.സി. 4/105160/18 എച്ച്.എസ്.ഇ. പ്രകാരം എല്ലാ ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാളിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ഹയർസെക്കണ്ടറി സ്കൂളുകളിലും പി.റ്റി.എ.-യും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പി.റ്റി.എ. സംബന്ധിച്ച പരാതികൾ പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

## പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി

191(6541) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ സ്ഥലമുള്ള പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നതിനായി മൈതാനങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതിനായി ഫണ്ട് അനുവദിക്കുന്നതിന് വേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ-സി) കൂടുതൽ സ്ഥലമുള്ള പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നതിന് മൈതാനങ്ങൾ നിർമ്മിക്കുന്നതിനായി 2020-21 വർഷം പ്ലാൻ ഫണ്ടിൽ തുക വകയിരുത്തുന്നതിനായി ഒരു പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച തുടർനടപടികൾ പ്ലാനിംഗ് ബോർഡിന്റെ തീരുമാനത്തിന് വിധേയമായി സ്വീകരിക്കുന്നതാണ്.

## വിദ്യാലയങ്ങളിലെത്താത്ത ആദിവാസി മേഖലകളിലെ കുട്ടികൾ

192(6542) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസപരമായി വളരെയേറെ മുന്നിലുള്ള സംസ്ഥാനമായിരുന്നിട്ടും ആദിവാസി മേഖലകളിൽ നിന്നും ഇപ്പോഴും വിദ്യാലയങ്ങളിലെത്താത്ത നിരവധി കുട്ടികൾ ഉണ്ടെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മേൽ സൂചിപ്പിച്ച പ്രകാരം വിദ്യാർത്ഥികൾ സ്കൂളിൽ എത്താത്തതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇപ്രകാരം പാർശ്വവത്കരിക്കപ്പെട്ട വിദ്യാർത്ഥികളെ വിദ്യാലയങ്ങളിലെത്തിക്കുവാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വാഹനങ്ങളുടെ അസൗകര്യം, ഭൂമിശാസ്ത്രപരമായ കാരണങ്ങൾ, ദുർഘടമായ പാതകൾ, സാമൂഹ്യ-വിദ്യാഭ്യാസ-പിന്നോക്കാവസ്ഥ തുടങ്ങിയ പ്രസ്തുത വിഭാഗക്കാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മേൽ സൂചിപ്പിച്ച പ്രകാരം വിദ്യാർത്ഥികൾ സ്കൂളിൽ എത്താത്തതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു:

1. ഗോത്രഭാഷയിൽ ക്ലാസ് മുറികളിൽ ആശയവിനിമയം നടത്താൻ പറ്റാത്ത സാഹചര്യം.
2. ഊരുകളിൽ കുട്ടികളിലൂടെ പഠന തുടർച്ച ഉറപ്പിക്കാനോ കുട്ടികളെ സഹായിക്കാനോ ഉള്ള സാധ്യതകുറവ്.
3. തുടർച്ചയായ ഹാജരില്ലായ്മ പഠന പിന്നോക്കാവസ്ഥയ്ക്കും തുടർന്നു കൊഴിഞ്ഞു പോക്കിനും കാരണമാകുന്നു.
4. വിളവെടുപ്പ് കാലങ്ങളിൽ രക്ഷിതാക്കളോടൊപ്പം കൃഷിയിടങ്ങളിൽ ജോലി ചെയ്യാൻ പോകുന്നു:

(സി)

1. ഇടുക്കി ജില്ലയിലെ മറയൂർ, മലപ്പുറത്തെ നിലമ്പൂർ, തിരുവനന്തപുരത്തെ കോട്ടൂർ, പത്തനംതിട്ട ജില്ലയിലെ നിലയ്ക്കൽ എന്നീ സ്ഥലങ്ങളിലായി

പാർശ്വവത്കരിക്കപ്പെട്ട വിദ്യാർത്ഥികൾക്കായി റസിഡൻഷ്യൽ ഹോസ്റ്റൽ പ്രവർത്തിക്കുന്നു. ഈ വർഷം ഇടുക്കി ജില്ലയിലെ അടിമാലി, കണ്ണൂർ ജില്ലയിലെ ഇരിട്ടി തുടങ്ങിയ സ്ഥലങ്ങളിൽ ഹോസ്റ്റൽ ആരംഭിക്കാൻ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം അനുവദിച്ചിട്ടുണ്ട്.

2. ഔട്ട് ഓഫ് സ്കൂൾ.

സ്കൂളിൽ ചേരാത്തതും പലകാരണങ്ങളാലും കൊഴിഞ്ഞു പോയതുമായ കുട്ടികളെ സർവ്വെയിലൂടെ കണ്ടെത്തി അവരുടെ വയസിന് അനുസൃതമായി ക്ലാസ്സിൽ ചേർക്കുന്നു. ഔട്ട് ഓഫ് സ്കൂൾ കുട്ടികൾക്കായി മാതൃഭാഷയിൽ അദ്ധ്യയനം നടത്താൻ സഹായിക്കുന്നു. 10 ഗോത്രഭാഷകളിലായി മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. അവർക്ക് ബ്രിഡ്ജ് കോഴ്സുകൾ നടത്തുന്നു.

(ഡി) പൊതുഗതാഗത സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടമാകാതിരിക്കാൻ ട്രാൻസ്പോർട്ടേഷൻ അലവൻസ് നൽകുന്നുണ്ട്.

## ഇതര സംസ്ഥാന തൊഴിലാളികളെ മലയാളഭാഷ അഭ്യസിപ്പിക്കുന്നതിനുള്ള പദ്ധതികൾ

193(6543) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താമസിച്ച് തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളെ മലയാളഭാഷ അഭ്യസിപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതികളെക്കുറിച്ച് വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതികൾ വിജയകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതികൾ എവിടെയൊക്കെയാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്നതിനായി “ ചങ്ങാതി” എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇവർക്കായി

സാക്ഷരതാമിഷൻ " ഹമാരി മലയാളം" എന്ന പേരിൽ പ്രത്യേക സാക്ഷരതാ പാഠപുസ്തകം തയ്യാറാക്കിയാണ് പഠിപ്പിച്ചത്. അന്യസംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി എറണാകുളം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ 'രോഷ്നി' എന്ന പദ്ധതി നടപ്പാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ എല്ലാം തന്നെ വിജയകരമാണ്.

(സി) എറണാകുളം ജില്ലയിലെ വിവിധ ഉപജില്ലകളിലായി 38 സ്കൂളുകളിൽ 'രോഷ്നി' പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നു. വിവിധ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ " ചങ്ങാതി" പദ്ധതി നടപ്പിലാക്കുകയുണ്ടായി.

## വയനാടിനെ സമ്പൂർണ്ണ സാക്ഷരതാ ജില്ലയായി മാറ്റാൻ നടപടി

194(6544) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊണ്ണൂറു ശതമാനത്തിൽ കുറവ് സാക്ഷരതാ നിരക്കുള്ള ഏക ജില്ല വയനാടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) വയനാടിനെ സമ്പൂർണ്ണ സാക്ഷരതാ ജില്ലയായി മാറ്റിയെടുക്കുവാൻ സാക്ഷരതാ മിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വയനാട്ടിൽ 2017-ൽ ആരംഭിച്ച പ്രത്യേക സാക്ഷരതാ പദ്ധതി വിജയപ്രദമായിരുന്നോ; ഇതിലൂടെ എത്ര പേരെ സാക്ഷരരാക്കുവാൻ കഴിഞ്ഞു എന്നറിയിക്കാമോ

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. വയനാട് പ്രത്യേക ആദിവാസി സാക്ഷരതാ പദ്ധതിയെന്നാണ് പദ്ധതിയുടെ പേര്. വയനാട്ടിലെ ആദിവാസി ഊരുകൾ സമ്പൂർണ്ണ സാക്ഷരത നേടുന്നതോടുകൂടി വയനാട് ജില്ല സമ്പൂർണ്ണ സാക്ഷരത കൈവരിക്കും.

(സി) വിജയപ്രദമായിരുന്നു. 2017-18 ഒന്നാംഘട്ടം സാക്ഷരതാ പരിപാടിയിലൂടെ 4512 പേരും 2018-19 രണ്ടാംഘട്ട സാക്ഷരതാ പരിപാടിയിലൂടെ 2993 പേരും സാക്ഷരരായിട്ടുണ്ട്.

## ഭൂമിയുടെ ന്യായവില സംബന്ധിച്ച ഉത്തരവ്

195(6545) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്ന് അറിയിക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിൽ നിരവധി അപാകതകളും പാകപ്പിഴകളും സംഭവിച്ചതിനാൽ പലസ്ഥലത്തും ന്യായവില വളരെയധികം ഉയർന്നു നിൽക്കുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിച്ച് കാലാനുസൃതമായി മാറ്റങ്ങൾ വരുത്തി ഉത്തരവിറക്കിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(സി) ഭൂമിയുടെ ന്യായവില വർദ്ധിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കാൻ ഉണ്ടായ കാലതാമസം മൂലം സർക്കാരിലേക്ക് ലഭിക്കേണ്ട എത്ര തുകയാണ് നഷ്ടപ്പെട്ടതെന്നും കാലതാമസത്തിനുണ്ടായ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില 6-3-2010-ലെ വിജ്ഞാപനങ്ങൾ പ്രകാരം 1-4-2010 മുതൽ നിലവിൽ വന്നു. 1959-ലെ കേരള സ്റ്റാമ്പ് ആക്ട് സെക്ഷൻ 27 എ പ്രകാരം ന്യായവില നിർണ്ണയത്തിന് അധികാരപ്പെട്ട ഉദ്യോഗസ്ഥർ അതത് പ്രദേശങ്ങളിലെ ആർ.ഡി.ഒ.-മാരാണ്. ടി ഉദ്യോഗസ്ഥർ തങ്ങളുടെ അധീനതയിലുള്ള വില്ലേജുകളുടെ ഫെയർവാല്യൂ പ്രത്യേകം പ്രത്യേകം വിജ്ഞാപനങ്ങൾ പ്രകാരമാണ് പ്രസിദ്ധപ്പെടുത്തുന്നത്. ആയതിന്റെയെല്ലാം പകർപ്പുകൾ ലഭ്യമാക്കുകയെന്നത് പ്രായോഗികമല്ല.

(ബി) 14-8-2018-ലെ 302/2018/റവ നമ്പർ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്തൊട്ടാകെയുള്ള ഭൂമിയുടെ ന്യായവില പുനർനിർണ്ണയം നടത്താൻ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ന്യായവില പുനർനിർണ്ണയം പൂർത്തിയാക്കി പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ 14-11-2014-ലെ ജി.ഒ.(പി) 188/2014/റ്റി.ഡി., 31-3-2018-ലെ ജി.ഒ.(പി) 43/2018/റ്റി.ഡി., 30-4-2019-ലെ ജി.ഒ.(പി) 70/2019/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം യഥാക്രമം നിലവിലുള്ള

ന്യായവിലയുടെ 50%, 10%, 10% വീതം വർദ്ധനവ് വരുത്തിയിട്ടുള്ളതാണ് പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

(സി) സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടില്ല. സംസ്ഥാനമാകെ ന്യായവില പുനർനിർണ്ണയിക്കുന്നതിനായി 14-8-2018 തീയതിയിൽ 303/2018/റവ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും ആയത് സംബന്ധിച്ച് പരിശീലന പരിപാടികൾ 23-10-2018-ന് പൂർത്തിയാക്കുകയും ചെയ്തു. 31-10-2018 വരെ സംസ്ഥാനത്തൊട്ടാകെ പട്ടയ വിതരണത്തിനുള്ള നടപടികളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിവന്നതിനാൽ ഫെയർവാല്യൂ പരിഷ്കരിക്കുന്ന പരിപാടികൾ 2019 ജനുവരി മുതൽ ആരംഭിച്ചാൽ മതിയെന്ന് തീരുമാനിക്കുകയുണ്ടായി. എന്നാൽ 2019 ഏപ്രിൽ, മേയ് മാസങ്ങളിൽ നടന്ന ലോക്സഭയിലേയ്ക്കുള്ള പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികളും മറ്റും ആരംഭിക്കുകയും റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി കളക്ടർ, തഹസിൽദാർ, ഡെപ്യൂട്ടി തഹസിൽദാർ എന്നീ തസ്തികകളിലുള്ള ഉദ്യോഗസ്ഥരുടെ ജില്ല വിട്ടുള്ള സ്ഥലംമാറ്റം നടപ്പിൽ വരികയും ചെയ്ത സാഹചര്യത്തിൽ ന്യായവില പുനർനിർണ്ണയ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലാത്തതാണ്.

## റവന്യൂ വകുപ്പിലെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുന്നതിന് നടപടി

196(6546) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപ വർഷങ്ങളിൽ പ്രത്യേകിച്ച് 2018-ലെ മഹാപ്രളയത്തെ തുടർന്ന് റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് ഉണ്ടായിട്ടുള്ള ജോലിഭാരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റവന്യൂ വകുപ്പിന്റെ അടിസ്ഥാന സൗകര്യവികസനത്തിനും കാര്യക്ഷമതയ്ക്കും വേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) വിവിധ പരീക്ഷകളിൽ അപേക്ഷകൾ സമർപ്പിക്കുമ്പോൾ തന്നെ വിവിധങ്ങളായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിനായി നിർദ്ദേശിക്കുന്നത് ഒഴിവാക്കി, പ്രവേശനം ലഭിച്ചവർ മാത്രം സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയാൽ മതി എന്ന് ക്രമീകരിച്ചാൽ വില്ലേജ്, താലൂക്ക് ഓഫീസുകളിലെ ജോലിഭാരം കുറയ്ക്കാൻ സഹായിക്കും എന്നുള്ളതുകൊണ്ട് ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2018-ലെ മഹാപ്രളയത്തിൽ റവന്യൂ ജീവനക്കാർക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചിട്ടുണ്ട്. ഈ സമയത്തെ റവന്യൂ ജീവനക്കാരുടെ ജോലിഭാരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

(ബി) വില്ലേജ് ആഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വില്ലേജ് ആഫീസുകളുടെ അറ്റകുറ്റപ്പണി, ടോയ്‌ലറ്റ്, അഡീഷണൽ റൂം നിർമ്മാണം, വില്ലേജാഫീസുകളിൽ വരുന്ന പൊതുജനങ്ങൾക്കുള്ള അടിസ്ഥാന വികസനം എന്നിവ ഏർപ്പെടുത്തിവരുന്നു.

(സി) 7-2-2017-ൽ ചേർന്ന യോഗത്തിൽ സംസ്ഥാന എൻട്രൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കുമ്പോൾത്തന്നെ ക്രീമിലെയർ തുടങ്ങിയ സർട്ടിഫിക്കറ്റുകൾ കൂടി ഹാജരാക്കണമെന്നുള്ള നിലവിലെ രീതിക്കുപകരം അപേക്ഷകൾ നൽകി അതിന്റെ നടപടികൾ പൂർത്തിയാക്കി പരീക്ഷയും കഴിഞ്ഞശേഷം സെലക്ട് ചെയ്യപ്പെടുന്നമുറയ്ക്ക് അപ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയാൽ മതിയെന്ന് തീരുമാനമെടുക്കുകയുണ്ടായി. മേൽ നിർദ്ദേശം പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിച്ചിരുന്നെങ്കിലും നടപ്പിൽ വരുത്തിയിട്ടില്ല. KEAM 2020 പ്രവേശന പരീക്ഷ ഏപ്രിൽ മാസത്തിൽ നടത്താനിരിക്കുന്നതിനാൽ, അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതോടെ അപേക്ഷകർ വില്ലേജ്/താലൂക്ക് ഓഫീസുകളെ സമീപിക്കുവാനും തന്മൂലം ടി ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാനും ഇടയുള്ളതിനാൽ, വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുമുൻപുതന്നെ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടുന്ന സാക്ഷ്യപത്രങ്ങൾ ബന്ധപ്പെട്ട അധികാരികളിൽനിന്നും ലഭ്യമാക്കുന്നതിന് വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും അറിയിപ്പ് നൽകാവുന്നതാണെന്നും പ്രസ്തുത അറിയിപ്പ് നൽകിയ വിവരം ബന്ധപ്പെട്ട കാര്യാലയങ്ങളെ അറിയിക്കാവുന്നതാണെന്നും പ്രവേശന പരീക്ഷാ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പിൽ പരിശോധിച്ചുവരുന്നു.

**കേന്ദ്ര സംഘത്തിന്റെ പുതിയ സന്ദർശന മാനദണ്ഡങ്ങൾ**

197(6547) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം വിലയിരുത്തുന്നതിനും പഠിക്കുന്നതിനും സഹായധനം ശിപാർശ ചെയ്യുന്നതിനുമായി വിവിധ മന്ത്രാലയങ്ങളുടെ പ്രതിനിധികളടങ്ങിയ

കേന്ദ്രസംഘം ഇനി മുതൽ രണ്ടു തവണ സംസ്ഥാനം സന്ദർശിക്കാൻ തീരുമാനമുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ കേന്ദ്ര സംഘത്തിന്റെ പുതിയ സന്ദർശന മാനദണ്ഡങ്ങൾ സംബന്ധിച്ച അറിയിപ്പ് സംസ്ഥാനത്തിന് ഇതിനകം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് വിശദാംശങ്ങൾ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസംഘം കേരളം സന്ദർശിക്കുകയുണ്ടായോ; എങ്കിൽ എന്നാണ് സന്ദർശിച്ചത്; കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ഡി) 2019-ൽ ഇതുവരെ എത്രകോടി രൂപ സംസ്ഥാനത്തിന് കേന്ദ്രത്തിൽനിന്നും പ്രകൃതിക്ഷോഭ സഹായധനമായി ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു

(സി) 2019-ലെ പ്രളയംമൂലവും ഉരുൾപൊട്ടൽമൂലവും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനായി ആഭ്യന്തര മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി ശ്രീ. ശ്രീപ്രകാശത്തിന്റെ നേതൃത്വത്തിലുള്ള ഏഴംഗ സംഘം 16-9-2019-ന് കേരളത്തിൽ എത്തിച്ചേരുകയുണ്ടായി. കേന്ദ്ര മാനദണ്ഡ പ്രകാരം തയ്യാറാക്കിയ 2101.881 കോടി രൂപയുടെ നാശനഷ്ടം സംബന്ധിച്ച മെമ്മോറാണ്ടം കേരള സർക്കാർ കേന്ദ്ര സംഘത്തിന് സമർപ്പിച്ചു. അടുത്തടുത്ത വർഷങ്ങളിൽ അതിതീവ്ര മഴമൂലമുള്ള ദുരന്തം 68 വർഷത്തിനിടയിൽ ആദ്യമായാണ് കേരളം നേരിടുന്നതെന്ന് ദുരന്ത നിവാരണ അതോറിറ്റി കേന്ദ്ര സംഘത്തെ അറിയിച്ചു. ആയതിനാൽ സാധാരണയിൽനിന്ന് വ്യത്യസ്തമായി കേരളത്തിന്റെ ഈ വർഷത്തെ മെമ്മോറാണ്ടത്തിന് പ്രത്യേക പരിഗണന നൽകണമെന്ന് കേന്ദ്ര സംഘത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ സന്ദർശനം നടത്തിയ കേന്ദ്ര സംഘം 20-09-2019-ന് ബഹുമാനപ്പെട്ട റവന്യൂ ദുരന്ത നിവാരണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി എന്നിവരെ സന്ദർശിക്കുകയും പ്രളയത്തിൽ സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ച് ചർച്ച നടത്തുകയുമുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി)2019-ൽ കേരളത്തിലുണ്ടായ പ്രളയത്തിന്റെ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രം അടിയന്തര സഹായം അനുവദിച്ചിട്ടില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്കുള്ള 2019-20 സാമ്പത്തിക വർഷത്തിലെ കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായി 5227.50 ലക്ഷം രൂപ അനുവദിച്ച് കിട്ടിയിട്ടുണ്ട്.

## ഭൂമിയുടെ ന്യായവില നിർണ്ണയം

198(6548) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തലത്തിൽ ഭൂമിയുടെ ന്യായവില നിർണ്ണയം പൂർത്തിയാകാത്തത് മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമിയുടെ ന്യായവില നിർണ്ണയത്തിലുണ്ടായ അപാകതകൾ സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ രൂപീകരിച്ച കമ്മിറ്റി പ്രസ്തുത റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നിലവിലെ ന്യായവില ഈ സർക്കാർ വന്നശേഷം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില നിർണ്ണയത്തിലുണ്ടായ നിരവധി ആക്ഷേപങ്ങളും അപാകതകളും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ന്യായവില പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ലാൻഡ് റവന്യൂ കമ്മീഷണർ കൺവീനറും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, പാലക്കാട് ജില്ലാ കളക്ടർമാർ, തിരുവനന്തപുരം, പെരിന്തൽമണ്ണ, ദേവികുളം, തൃശ്ശൂർ സബ് കളക്ടർമാർ എന്നിവർ അംഗങ്ങളുമായി ഒരു സബ് കമ്മിറ്റി 9-7-2015-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 3598/2015/ആർ.ഡി. പ്രകാരം രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി 1-1-2016-ൽ യോഗം ചേരുകയും ഓരോ ജില്ലയിലും കുറച്ചു ഭൂമി തെരഞ്ഞെടുത്ത് ന്യായവില പുനർനിർണ്ണയം സംബന്ധിച്ച് ഒരു പഠന റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് രണ്ട് തവണകൂടി യോഗം ചേരുകയും ഒരു ശിൽപ്പശാല നടത്തുകയും ചെയ്തു. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നൽകിയ ശിപാർശകളും ന്യായവില പുനർനിർണ്ണയിക്കുമ്പോൾ പരിഗണിക്കേണ്ട പ്രായോഗിക നിർദ്ദേശങ്ങളും

കണക്കിലെടുത്തും നടപടികൾ പൂർത്തിയാക്കേണ്ട സമയക്രമങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള വിശദമായ ഒരു പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 14-8-2018-ലെ സ.ഉ.(കൈ) നമ്പർ 302/18/റവ പ്രകാരം സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില പുനർനിർണ്ണയം നടത്താൻ അനുമതി നൽകിയും ന്യായവില പുനർനിർണ്ണയിക്കുമ്പോൾ പരിഗണിക്കേണ്ട നിർദ്ദേശങ്ങളും സ്വീകരിക്കേണ്ട നടപടികളും ഉൾപ്പെടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(സി) പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 30-3-2018-ലെ ജി.ഒ.(പി) 43/2018 റ്റി.ഡി., 30-4-2019-ലെ ജി.ഒ.(പി) 70/2019 റ്റി.ഡി. ഉത്തരവുകൾപ്രകാരം നിലവിലുണ്ടായിരുന്ന ന്യായവിലയുടെ 10% വീതം വർദ്ധനവുവരുത്തി രണ്ട് തവണ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

## ഗ്രൂപ്പ് വില്ലേജ് ഓഫീസുകളുടെ വിഭജനം

199(6549) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ചിലയിടങ്ങളിൽ നാലും അഞ്ചും വില്ലേജ് ഓഫീസുകൾ ഒരുമിച്ച് ഒരു ഓഫീസിൽ പ്രവർത്തിക്കുന്ന സാഹചര്യം നിലവിൽ സംസ്ഥാനത്തുണ്ടോ; വ്യക്തമാക്കുമോ;

(സി) സാധാരണ വില്ലേജ് ഓഫീസുകളിൽ അമ്പത് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ഇത്തരം ഗ്രൂപ്പ് വില്ലേജ് ഓഫീസുകളിൽ അത് നൂറ്റമ്പത് മുതൽ ഇരുന്നൂറ് വരെ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുകാരണം ഇവിടങ്ങളിൽ അഴിമതിക്കുള്ള അവസരം കൂടുതലാണെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) അമിതജോലിയും മാനസിക സംഘർഷവുംമൂലം ഇവിടങ്ങളിൽ ജീവനക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിശോധിക്കുകയുണ്ടായോ;

(ഇ) എങ്കിൽ ഇത്തരം ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ വിഭജിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്താകെ 1664 വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്. കാസർഗോഡ് ജില്ലയിൽ 4 വീതം വില്ലേജുകൾ ഉൾപ്പെടുന്ന 4 ഗ്രൂപ്പ് വില്ലേജുകളും 5 വില്ലേജുകൾ ഉൾപ്പെടുന്ന ഒരു ഗ്രൂപ്പ് വില്ലേജുമുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് വില്ലേജ് ഓഫീസുകളിലെ ജോലിഭാരം വർദ്ധിക്കാനും സമയബന്ധിതമായി സേവനം നൽകുന്നതിനും സുഗമമായ റവന്യൂ ഭരണത്തിനും വിഘാതം സൃഷ്ടിക്കുന്നതുമാണ്. അമിത ജോലിഭാരം കാരണം അഴിമതിക്കുള്ള അവസരം കൂടുതലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 1972-ലെ സ്റ്റാഫ് പാറ്റേൺ പ്രകാരമാണ് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളും നിലവിൽ പ്രവർത്തിച്ചുവരുന്നത്. അമിതജോലിയും മാനസിക സംഘർഷങ്ങളുംമൂലം റവന്യൂ വകുപ്പുദ്യോഗസ്ഥർ വിശിഷ്യാ വില്ലേജോഫീസ് ജീവനക്കാർ വളരെയധികം പ്രയാസങ്ങൾ അനുഭവിക്കുന്നതായി വർക്ക് സ്റ്റഡി റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഇ) സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്നകാര്യം പരിശോധിക്കാവുന്നതാണ്.

**മലപ്പുറം ആസ്ഥാനമാക്കി താലൂക്ക് രൂപീകരണം**

200(6550) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

(ബി) 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ ഏറ്റവും വളർച്ച രേഖപ്പെടുത്തിയ അർബൻ അഗ്ലോമറേഷന്റെ കേന്ദ്രമായ മലപ്പുറം ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മലപ്പുറം ജില്ലാ ആസ്ഥാനവും നഗരസഭയും സമീപ പഞ്ചായത്തുകളും വില്ലേജുകളും ചേർത്ത് പുതിയ താലൂക്ക് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള പ്രസ്തുത ടീം പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

### രജിസ്റ്റർ ചെയ്യാത്ത ഒസ്യത്തുകൾ പ്രകാരമുള്ള പോക്കുവരവ്

201(6551) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്റ്റർ ചെയ്യാത്ത ഒസ്യത്ത് ആണെങ്കിലും ആയത് പ്രകാരം ഭൂമി പോക്കുവരവ് നടത്തി നികുതി സ്വീകരിക്കുന്ന രീതി വില്ലേജ് ഓഫീസുകളിൽ തർക്കത്തിനും അഴിമതിക്കും കാരണമാവുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒസ്യത്തുകൾ രജിസ്റ്റർ ചെയ്യൽ നിയമപരമായി നിർബന്ധമാക്കുന്നതിന് നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിൽപ്പത്രത്തേയും അനുപ്രകാരമുള്ള പിൻതുടർച്ചാവകാശത്തെയും നിയന്ത്രിക്കുന്നത് 1925-ലെ ഇന്ത്യൻ സക്സഷൻ ആക്ട് പ്രകാരമാണ്. ആയതിനാൽ ഈ വിഷയത്തിൽ റവന്യൂ വകുപ്പ് മുഖേന നടപടി സ്വീകരിക്കാൻ കഴിയുകയില്ല.

### ജില്ലാകളക്ടർ അംഗങ്ങളായിട്ടുള്ള വിവിധ കമ്മിറ്റികൾ

202(6552) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജില്ലാകളക്ടർമാർ അംഗങ്ങളായിട്ടുള്ള വിവിധ കമ്മിറ്റികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റികളിൽ ചട്ടപ്രകാരം ഏതെല്ലാം കമ്മിറ്റികളുടെ ചെയർമാൻ സ്ഥാനമാണ് ജില്ലാകളക്ടർ വഹിക്കേണ്ടതെന്ന് വിശദമാക്കാമോ;

(സി) കളക്ടർമാരുടെ വർദ്ധിച്ചുവരുന്ന ജോലിഭാരം കണക്കിലെടുത്ത് ഗൗരവതരമല്ലാത്ത കമ്മിറ്റികളിൽ നിന്നും അവരെ ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജില്ലാകളക്ടർ അംഗങ്ങളായിട്ടുള്ള വിവിധ കമ്മിറ്റികളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) ജില്ലാകളക്ടർമാർ നൂറിലധികം നിയമങ്ങളും ചട്ടങ്ങളും കൈകാര്യം ചെയ്യുന്നുണ്ട്. ആയതിനാൽതന്നെ വിവിധ നിയമങ്ങളും ചട്ടങ്ങളും പ്രകാരം രൂപീകൃതമായിട്ടുള്ള നിരവധി സ്റ്റാറ്റ്യൂട്ടറി കമ്മിറ്റികളുടെ ചെയർമാൻ ജില്ലാ കളക്ടർമാരാണ്. ഇതുകൂടാതെ ഓരോ ജില്ലയുടേയും പ്രാദേശിക പ്രത്യേകതയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുമുണ്ട്. ഇത്തരത്തിൽ നിലവിൽ നൂറിലധികം കമ്മിറ്റികളിൽ ജില്ലാകളക്ടർ ചെയർമാനോ അംഗമോ ആണ്.

(സി) വിവിധ നിയമങ്ങളും ചട്ടങ്ങളും പ്രകാരം രൂപീകൃതമായിട്ടുള്ള സ്റ്റാറ്റ്യൂട്ടറി കമ്മിറ്റികളിലും ജില്ലാ ഭരണാധികാരിയെന്ന നിലയിലും ജില്ലാ മജിസ്ട്രേറ്റ് എന്ന നിലയിലും ഉള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതിലേയ്ക്കുമായാണ് ജില്ലാ കളക്ടർമാർ വിവിധ കമ്മിറ്റികളിൽ ചെയർമാനോ, അംഗമോ ആയിരിക്കുന്നത്. ഭരണ നിർവ്വഹണത്തിന് അത്തരം കമ്മിറ്റികളിൽ ജില്ലാകളക്ടർമാരുടെ സേവനം അത്യാവശ്യമായതിനാൽ ഒഴിവാക്കുന്നത് ഉചിതമായിരിക്കുകയില്ല.

**കെട്ടിടങ്ങൾക്കുള്ള ഒറ്റത്തവണ നികുതി**

203(T*6553) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ മുഖ്യ വരുമാന സ്രോതസ്സുകളിൽ ഒന്നായ കെട്ടിടങ്ങൾക്കുള്ള ഒറ്റത്തവണ നികുതി, ആഡംബര നികുതി എന്നിവ നിർണ്ണയിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് റവന്യൂ വകുപ്പിൽ ലഭ്യമാക്കുന്നതിന് എന്ത് നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തദ്ദേശ സ്വയംഭരണ വകുപ്പ് കെട്ടിട നിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് നിലവിൽ ഉപയോഗിച്ചുവരുന്ന സഞ്ജയ ഓൺലൈൻ സോഫ്റ്റ്‌വെയറിൽ നിന്ന് കൃത്യമായ വിവരങ്ങൾ റവന്യൂ വകുപ്പിനും ധനകാര്യ വകുപ്പിനും തൽസമയം കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*T-മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ഉണ്ട്. കെട്ടിടം പണി പൂർത്തിയാകുന്നമുറയ്ക്ക് കെട്ടിട ഉടമ ഫോം II - ൽ കെട്ടിട നികുതി നിർണ്ണയം സംബന്ധിച്ച റിട്ടേൺ സമർപ്പിക്കേണ്ടതുണ്ടെങ്കിലും ആയത് യഥാസമയം സമർപ്പിക്കാത്തതുകാരണം കെട്ടിടം കണ്ടുപിടിച്ച് നികുതി നിർണ്ണയം നടത്തുന്നതിൽ കാലതാമസം നേരിടാറുണ്ട്. പ്രസ്തുത കാലതാമസം ഒഴിവാക്കാനായി തദ്ദേശസ്വയംഭരണ വകുപ്പ് അധികൃതർ അംഗീകരിച്ച് നൽകുന്ന പ്ലാനിന്റേയോ കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റേയൊ അടിസ്ഥാനത്തിൽ ഒറ്റത്തവണ നികുതി, ആഡംബര നികുതി ഈടാക്കുന്നതിനുള്ള 1975-ലെ കേരള കെട്ടിട നികുതി നിയമ ഭേദഗതി നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പഞ്ചായത്ത്, മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുമ്പോൾ ആയതിന്റെ ഒരു പകർപ്പ് ഒറ്റത്തവണ നികുതി നിർണ്ണയിക്കൽ സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ അധികാരികൾക്ക് ലഭ്യമാക്കുവാൻ 9-9-2016-ലെ 80/ആർ.ഡി1/16/ത.സ്വ.ഭ.വ നമ്പർ സർക്കുലർപ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിരുന്നു. സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം *ചെയ്യുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉപയോഗിച്ചുവരുന്ന സഞ്ജയ സോഫ്റ്റ്‍വെയറിലെ വിവരങ്ങൾ റിപ്പോർട്ടിംഗ് ഓഫീസർമാരായ വില്ലേജ് ഓഫീസർമാർക്കുകൂടി ലഭ്യമാക്കുന്നതിലേയ്ക്കായി ഐ.ഡി., പാസ് വേർഡ് തുടങ്ങിയവ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**വൻകിട ഭൂമികയ്യേറ്റം സംബന്ധിച്ച കേസ്സുകൾ**

204(6554) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൻകിട ഭൂമികയ്യേറ്റം സംബന്ധിച്ച എത്ര കേസുകൾ വിജയിച്ചിട്ടുണ്ട്; എത്ര കേസുകൾ പരാജയപ്പെട്ടിട്ടുണ്ട്; ഇവയുടെ വിശദവിവരം നൽകുമോ;

(ബി) കേസുകൾ പരാജയപ്പെടുവാനുണ്ടായ കാരണം സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സർക്കാർ അഭിഭാഷകരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള അലംഭാവം മൂലമാണ് ഭൂരിഭാഗം കേസുകളിലും പരാജയപ്പെട്ടതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് ആകെ 36 കോടതി കേസ്സുകളിൽ സർക്കാർ ഭാഗം വിജയിച്ചിട്ടുണ്ട്.

ഇടുക്കി, വയനാട് ജില്ലകളിലായി രണ്ട് കേസ്സുകളിൽ സർക്കാരിനെതിരെ കോടിതി വിധി വന്നിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ചിന്നക്കനാൽ വില്ലേജിലെ സർക്കാർ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് അപ്പോത്തിയോസിസ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻപാകെ സമർപ്പിച്ച WP(C) 16390/2013 നമ്പർ കേസ്സിൽ 21-5-2015-ൽ ടി കമ്പനിക്ക് അനുകൂലമായാണ് കോടതി വിധി ഉണ്ടായത്. ടി വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത WA 1630/2015 നമ്പർ അപ്പീൽ ഹർജി 9-1-2019-ൽ തള്ളി ഉത്തരവായിരുന്നു. ടി വിധിക്കെതിരെ RP 785/2019 നമ്പരായി സർക്കാർ പുന:പരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളതാണ്. വയനാട് ജില്ലയിൽ മുട്ടിൽ നോർത്ത് വില്ലേജിൽ 24.4040 ഹെക്ടർ സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് സർക്കാരിലേയ്ക്ക് തിരികെ നിഷിപ്തമാക്കിയിരുന്നെങ്കിലും ഈ നടപടിക്കെതിരെ കയ്യേറ്റ കക്ഷികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 731/2019 നമ്പർ കേസിൽ LARR ആക്ട് പ്രകാരം കൈവശക്കാർക്ക് പ്രതിഫലം നൽകി സ്ഥലം ഏറ്റെടുക്കുന്നതിനോ അല്ലായെങ്കിൽ ടി ഭൂമി കക്ഷികൾക്ക് തിരികെ വിട്ടു നൽകുന്നതിനോ ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. ഭൂ സംരക്ഷണ നിയമപ്രകാരം സ്വീകരിച്ച ഒഴിപ്പിക്കൽ നടപടികൾ നിയമാനുസൃതമായതിനാൽ പ്രസ്തുത വിധിന്യായത്തിനെതിരെ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുൻപാകെ WA 2227/2019 നമ്പരായി സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(ബി&സി) കേസുകൾ പരാജയപ്പെടുവാനുണ്ടായ കാരണം പരിശോധിച്ച് കയ്യേറ്റം ഒഴിപ്പിച്ചെടുക്കുകയെന്നുള്ള സർക്കാർ നയം സംരക്ഷിക്കുന്നതിനായി ബഹു. കോടതി മുൻപാകെ അപ്പീൽ/പുന:പരിശോധനാ ഹർജികൾ യഥാസമയം സമർപ്പിച്ചിട്ടുണ്ട്.

**സ്വകാര്യവ്യക്തി കയ്യടക്കി വച്ചിരിക്കുന്ന സർക്കാർ ഭൂമി**

205(6555) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വാഴയൂർ വില്ലേജിൽ തിരുത്തിയാട് ആറ് ഏക്കറോളം സർക്കാർഭൂമി ഒരു സ്വകാര്യവ്യക്തി കയ്യടക്കിവച്ചിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് തിരിച്ചുപിടിക്കാൻ സർക്കാർ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(സി) ഈ ഭൂമി തിരിച്ചുപിടിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലനിൽക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി കയ്യേറ്റ ഭൂമി തിരിച്ച് പിടിക്കുന്നതിനായി 18-6-2019-ന് DCMPM/3878/2018/B5 നമ്പർ നടപടിക്രമം പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി ജില്ലാകളക്ടർ ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) മേൽ നടപടിക്രമത്തിനെതിരെ കക്ഷി ബഹു. ഹൈക്കോടതിയിൽ WP(C) 17903/2019 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്യുകയും ടി കേസ്സിൽ ഇനി ഒരു ഉത്തരവ് വരുന്നതുവരെ എല്ലാ തുടർ നടപടികളും നിർത്തിവച്ചുകൊണ്ട് 4-11-2019-ന് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് നിലവിലുണ്ട്.

**കോന്നി മണ്ഡലത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടി**

206(6556) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ എത്ര പേർക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടയം നൽകിയിട്ടുള്ളത്;

(ബി) പട്ടയം നൽകുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ പട്ടയം നൽകുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോന്നി നിയോജകമണ്ഡലത്തിൽ 8 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ 30 പേർക്ക് നടപടികൾ പൂർത്തീകരിച്ച് പട്ടയം അനുവദിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ളതുമാണ്. കോന്നി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന പ്രദേശങ്ങളിൽ ഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തികളിൽ ഭൂരിഭാഗം പേർക്കും 1993-ലെ വനഭൂമി ക്രമീകരിക്കൽ

ചട്ടങ്ങൾ പ്രകാരമാണ് പട്ടയം അനുവദിക്കേണ്ടത്. ആയതിലേയ്ക്ക് റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത സർവ്വേ നടത്തി ലിസ്റ്റ് കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതും കേന്ദ്രാനുമതി ലഭിച്ചശേഷം മാത്രം പട്ടയം അനുവദിക്കാൻ കഴിയുന്നതുമാണ്. പത്തനംതിട്ട ജില്ലയിൽ വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത സർവ്വേ പൂർത്തിയാക്കിയിട്ടുള്ളതും 1970.04 ഹെക്ടർ വനഭൂമി ക്രമപ്പെടുത്തി പട്ടയം അനുവദിക്കുന്നതിനുള്ള കേന്ദ്രാനുമതിക്കായി വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളതാണ്. കേന്ദ്രാനുമതി ലഭ്യമാക്കുന്നതിനനുസൃതമായി പ്രസ്തുത ഭൂമി കൈവശം വച്ചിരിക്കുന്ന കുടുംബങ്ങൾക്കുകൂടി പട്ടയം നൽകാൻ കഴിയുന്നതാണ്.

(ബി) കോന്നി താലൂക്കിൽ കേരള ഭൂമി പതിവ് ചട്ടം 1964 പ്രകാരം 52 അപേക്ഷകളും, ആരബിൾ ഫോറസ്റ്റ് ലാൻഡ് നിയമപ്രകാരം 34 അപേക്ഷകളും, വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ നിയമപ്രകാരം 5330 അപേക്ഷകളും പട്ടയത്തിനായി പരിഗണിക്കുവാൻ ഉണ്ട്.

(സി) സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ പത്തനംതിട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു. വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ നിയമപ്രകാരം പട്ടയം ലഭിക്കുന്നതിലേക്ക് ലഭിച്ച അപേക്ഷകളിന്മേൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് പ്രത്യേക ടീമിനെ നിയോഗിച്ച് പത്തനംതിട്ട ജില്ലാ കളക്ടർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. അതിനെ തുടർന്ന് വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കി കേന്ദ്രാനുമതിക്കായി വിശദാംശങ്ങൾ സമർപ്പിച്ചിരിക്കുകയാണ്. ആയത് ലഭിച്ചാൽ തുടർ നടപടികൾ സ്വീകരിച്ച് പട്ടയം നൽകാവുന്നതാണ്.

**തൃത്താല നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം**

207(6557) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല നിയോജകമണ്ഡലത്തിലുൾപ്പെടുന്ന പട്ടിത്തറ വില്ലേജിൽ വെള്ളിയാങ്കല്ല് പ്രദേശത്ത് പട്ടയം ലഭിക്കുന്നതിന് വേണ്ടി എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ടെന്നും എത്ര പേർക്ക് നാളിതുവരെ പട്ടയം നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) ഈ അപേക്ഷകളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും, ഇവർക്ക് എന്നത്തേക്ക് പട്ടയം നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തൃത്താല നിയോജകമണ്ഡലത്തിലുൾപ്പെടുന്ന പട്ടിത്തറ വില്ലേജിൽ വെള്ളിയാങ്കല്ല് പ്രദേശത്ത് പട്ടയം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലാത്തതാണ്.

**കോതമംഗലം മണ്ഡലത്തിലെ പട്ടയവിതരണ നടപടികൾ**

208(6558) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയത്തിനുവേണ്ടി കോതമംഗലം മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് പട്ടയം ലഭ്യമാക്കിയെന്നും ഇനിയും എത്ര അപേക്ഷകൾ അവശേഷിക്കുന്നുണ്ടെന്നും പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) മുഴുവൻ അപേക്ഷകർക്കും എന്നത്തേക്ക് പട്ടയം ലഭ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) പട്ടയവിതരണ നടപടികൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 876 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | കവളങ്ങാട് | 202 |
| 2 | വാരപ്പെട്ടി | 30 |
| 3 | പല്ലാരിമംഗലം | 30 |
| 4 | നെല്ലിക്കുഴി | 75 |
| 5 | കീരമ്പാറ | 108 |
| 6 | പിണ്ടിമന | 7 |
| 7 | കുട്ടമ്പുഴ | 194 |
| 8 | കോട്ടപ്പാടി | 74 |
| 9 | കോതമംഗലം മുനിസിപ്പാലിറ്റി | 156 |

(ബി) പ്രസ്തുത അപേക്ഷകളിൽ 161 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുള്ളതും 715 അപേക്ഷകൾ അവശേഷിക്കുന്നതുമാണ്. പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | പട്ടയം അനുവദിച്ചത് | പട്ടയം അനുവദിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| 1 | കവളങ്ങാട് | 53 | 149 |
| 2 | വാരപ്പെട്ടി | 2 | 28 |
| 3 | പല്ലാരിമംഗലം | 6 | 24 |
| 4 | നെല്ലിക്കുഴി | 19 | 56 |
| 5 | കീരമ്പാറ | 48 | 60 |
| 6 | പിണ്ടിമന | 3 | 4 |
| 7 | കുട്ടമ്പുഴ | 14 | 180 |
| 8 | കോട്ടപ്പാടി | 2 | 72 |
| 9 | കോതമംഗലം മുനിസിപ്പാലിറ്റി | 14 | 142 |
| ആകെ | | 161 | 715 |

(സി) അർഹതയുള്ള എല്ലാ അപേക്ഷകർക്കും എത്രയും വേഗം പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട് 18-11-2019-ൽ റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 1-1-1970-ന് മുൻപുള്ള കൈവശ ഭൂമിക്ക് 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പട്ടയം അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മൂന്നാർ ടൗൺ പ്ലാനിംഗ് പദ്ധതി**

209(6559) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ നൽകിയിട്ടുള്ള രവീന്ദ്രൻ പട്ടയങ്ങൾ അനധികൃതമാണോ എന്ന് പരിശോധിക്കുവാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത സമിതി അംഗങ്ങൾ ആരൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഇടുക്കിയിൽ പാട്ടവ്യവസ്ഥ ലംഘിച്ച് കെട്ടിടങ്ങൾ പണിയുകയും കൃഷി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്ത ഭൂമിയുടെ പട്ടയം റദ്ദാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) മൂന്നാറിൽ പുതിയ ടൗൺ പ്ലാനിംഗ് പദ്ധതി പ്രാവർത്തികമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ദേവികുളം തഹസിൽദാരുടെ നേതൃത്വത്തിൽ രണ്ട് പരിശോധനാ സംഘങ്ങൾ പ്രവർത്തിച്ച് വരുന്നു. ഓരോ ടീമിലും ഒരു ഡെപ്യൂട്ടി തഹസിൽദാർ, രണ്ട് ക്ലാർക്കുകൾ, ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു സർവ്വേയർ എന്നിവർ ഉൾപ്പെടുന്നു.

(ബി) പാട്ടവ്യവസ്ഥ ലംഘിച്ച കേസുകളിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. മൂന്നാർ പ്രദേശത്തുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് അനുഗുണമായവിധം മാത്രമായിരിക്കണമെന്നും, ഉപയോഗിക്കുന്ന വൈദ്യുതിയുടെ മുഖ്യ പങ്കം സോളാർ പാനൽ സ്ഥാപിച്ച് ഉൽപ്പാദിപ്പിക്കണമെന്നും, മഴവെള്ള സംഭരണി നിർമ്മിക്കണമെന്നും, മെച്ചപ്പെട്ട മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കണമെന്നുമുള്ള നിബന്ധനകൾ ഉൾപ്പെടുത്തിക്കൊണ്ട് വട്ടവട, ചിന്നക്കനാൽ ഒഴികെയുള്ള മേഖലകളിൽ ഉൾപ്പെടുന്ന ഒരു ടൗൺ പ്ലാനിംഗ് സ്കീമിന് രൂപം നൽകുന്നതു സംബന്ധിച്ച നിർദ്ദേശം 22-8-2019-ലെ സ.ഉ.(കൈ)269/2019/റവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്.

**ചെറുവത്തൂർ പഞ്ചായത്തിലെ കൈവശക്കാർക്ക് പട്ടയം**

210(6560) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ പഞ്ചായത്തിലെ പുഴ പുറമ്പോക്കുകളിൽ വർഷങ്ങളായി ജീവിച്ചുവരുന്ന കൈവശക്കാർക്ക് പട്ടയം ലഭ്യമാക്കാനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ ചെറുവത്തൂർ പഞ്ചായത്തിലെ പുഴ പുറമ്പോക്കിൽ താമസിക്കുന്ന 67 കൈവശക്കാർക്ക് കൈവശഭൂമി പതിച്ചു നൽകുന്നതിനായി

ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് 154/എൽ4/17/റവ നമ്പർ ഫയലിൽ സർക്കാർ പരിശോധിക്കുകയും ഇക്കാര്യത്തിൽ ജില്ലാകളക്ടറോട് ചില അധിക വിവരങ്ങൾ ആരാഞ്ഞിരിക്കുകയുമാണ് .

1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പുഴ പുറമ്പോക്ക് പതിവിന് വിധേയമല്ലാത്തതാകുന്നു. പ്രസ്തുത വസ്തു പുഴ പുറമ്പോക്ക് ആയതിനാൽ ആയതിന്റെ സംരക്ഷണ ചുമതലയുള്ള തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നിരാക്ഷേപപത്രം ലഭ്യമാക്കി സമർപ്പിക്കാനും കൂടാതെ ടി കുടുംബങ്ങളുടെ പുരധിവാസത്തിന് ലൈഫ് മിഷൻ പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുവാനും 67 കുടുംബങ്ങൾക്ക് കൈവശമുള്ളതായി കണക്കാക്കിയിരിക്കുന്ന സാഹചര്യത്തിൽ ഓരോ കുടുംബത്തിന്റെ കൈവശം പരിശോധിച്ച് അളന്ന് തിട്ടപ്പെടുത്തി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാനും ലാൻഡ് റവന്യൂ കമ്മീഷണർ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ജില്ലാകളക്ടറോട് ആവശ്യപ്പെട്ട വിവരങ്ങളും ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും പ്രൊപ്പോസലും ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-1-1977-നുമുൻപേ വനഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് പട്ടയം

211(6561) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-1977-നുമുൻപ് വനഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്നവർക്ക് ആയത് പതിച്ച് കൊടുക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഇക്കാര്യം സംബന്ധിച്ച് റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കൈവശക്കാർക്ക് വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെയും സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച വനഭൂമിയിൽ അവശേഷിക്കുന്നവർക്ക് പട്ടയം നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചതും റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടില്ലാത്തതുമായ കേസുകളിൽ പട്ടയം അനുവദിക്കുന്നതിന് ത്വരിത നടപടി സ്വീകരിക്കുമോ;

(ഇ) ഇത്തരത്തിലുള്ള ഭൂമികളിൽ നിലനില്ക്കുന്ന മരങ്ങൾക്ക് നിരക്ക് നിർണ്ണയിച്ചാണോ പട്ടയം അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1-1-1977-നുമുമ്പ് വനഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്നവർക്ക് പതിച്ച് നൽകുന്നതിനായി കേന്ദ്രാനുമതി ലഭിച്ച കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 28588.159 ഹെക്ടർ ഭൂമിയിൽ കൊല്ലം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ 1993-ലെ കേരള ഭൂമി പതിവ് പ്രത്യേക ചട്ടം പ്രകാരം ഭൂമി വിതരണം പൂർത്തിയാക്കിയിട്ടുള്ളതും, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ ഭൂമി വിതരണം പുരോഗമിച്ച് വരുന്നതുമാണ്. 1-1-1977-നുമുൻപ് വനഭൂമിയിൽ കുടിയേറിയവർക്ക് പട്ടയം നൽകുന്നതിലേയ്ക്ക് വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന കോട്ടയം ജില്ലയിലൊഴികെ പൂർത്തിയായിട്ടുള്ളതും പ്രസ്തുത വിശദാംശങ്ങൾ കേന്ദ്ര സർക്കാരിലേയ്ക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതുമാണ്. കേന്ദ്രാനുമതി ലഭിക്കുന്നമുറയ്ക്ക് ആയത് പതിച്ച് നൽകുന്നതാണ്.

(ബി) 1-1-1977-നുമുൻപ് വനഭൂമിയിൽ കുടിയേറിയവർക്ക് പട്ടയം നൽകുന്നതിലേയ്ക്ക് വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന കോട്ടയം ജില്ലയിലൊഴികെ പൂർത്തിയായിട്ടുള്ളതും പ്രസ്തുത വിശദാംശങ്ങൾ കേന്ദ്ര സർക്കാരിലേയ്ക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതുമാണ്.

(സി) 1-1-1977-നുമുമ്പ് വനഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്നവർക്ക് പതിച്ച് നൽകുന്നതിനായി കേന്ദ്രാനുമതി ലഭിച്ച കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 28588.159 ഹെക്ടർ ഭൂമിയിൽ കൊല്ലം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ 1993-ലെ കേരള ഭൂമി പതിവ് പ്രത്യേക ചട്ടം പ്രകാരം ഭൂമി വിതരണം പൂർത്തിയാക്കിയിട്ടുള്ളതും, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ ഭൂമി വിതരണം പുരോഗമിച്ചുവരുന്നതുമാണ്. സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിലേയ്ക്കായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റേയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടേയും അനുമതി ലഭിച്ചിട്ടുള്ള 19,000 ഏക്കർ (7693.2257 ഹെക്ടർ) നിഷിപ്ത വനഭൂമി പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 5 ജില്ലകളിൽ ഉൾപ്പെട്ടതാണ്. ഇതിൽ വിതരണം ചെയ്യാൻ ശേഷിക്കുന്ന 3766.4634 ഹെക്ടർ ഭൂമിയുടെ വിതരണ നടപടികൾ ത്വരിതപ്പെടുത്തുവാൻ ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വനം വകുപ്പിൽനിന്ന് യഥാസമയം ഭൂമി വിട്ടുകിട്ടാത്തതും സംയുക്ത പരിശോധനാ വേളയിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ തടസ്സവാദങ്ങൾ ഉന്നയിക്കുന്നതും ഭൂമി വിതരണത്തിന് കാലതാമസം സൃഷ്ടിക്കുന്നുണ്ട്.

(ഡി&ഇ) 1-1-1977-നുമുൻപ് വനഭൂമിയിൽ കുടിയേറിയവർക്ക് പട്ടയം നൽകുന്നതിലേയ്ക്ക് വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തിയതും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ളതും ഭൂമിക്ക് നിലവിൽ സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമല്ലാത്തതുമായ കേസ്സുകളിൽ 1993-ലെ പ്രത്യേക ഭൂമി പതിവ് (1-1-1977-നുമുൻപ് വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) ചട്ടങ്ങളിലെ 6,7 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിന് അനുമതി നൽകിയും കേന്ദ്രാനുമതി ലഭിച്ച കേസ്സുകളിൽ സംയുക്ത പരിശോധന നടത്തിയ സമയത്ത് ഭൂമിയിലുണ്ടായിരുന്നതും ഇപ്പോൾ ടി ഭൂമിയിൽ ഇല്ലാത്തതുമായ മരങ്ങളുടെ വില ഒഴിവാക്കിയും ഇപ്പോൾ ഭൂമിയിൽ നിലനിൽക്കുന്ന മരങ്ങൾക്ക് നിലവിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ മരവില നിർണ്ണയിച്ച് നൽകിയും പട്ടയം അനുവദിക്കുന്നതിന് തൃശ്ശൂർ ജില്ലാകളക്ടർക്ക് അനുമതി നൽകിയും ടി ഉത്തരവ് പത്തനംതിട്ട, ഇടുക്കി, കോട്ടയം എന്നീ ജില്ലകളിലെ സമാനമായ കേസുകൾക്കുകൂടി ബാധകമാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

## മഹാപ്രളയത്തിൽ നഷ്ടപ്പെട്ട പട്ടയങ്ങളും രേഖകളും ലഭ്യമാക്കുന്നതിന് നടപടികൾ

212(6562) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിൽ പട്ടയങ്ങളും മറ്റ് രേഖകളും നഷ്ടപ്പെട്ടവർക്ക് ആയത് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ചെങ്ങന്നൂർ മണ്ഡലത്തിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും എത്രപേർക്ക് പ്രസ്തുത പ്രമാണങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് അദാലത്തുകൾ സംഘടിപ്പിക്കുകയും പ്രസ്തുത അദാലത്തിൽവച്ചു തന്നെ തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ്, റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് എന്നീ സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുകയും പരിശോധന

ആവശ്യമുള്ള രേഖകളിൽ (ഭൂമിയുടെ പ്രമാണം, പാസ്സ്പോർട്ട്, പാൻകാർഡ് മുതലായവ) അതത് വകുപ്പിനെ പ്രതിനിധീകരിച്ച ഉദ്യോഗസ്ഥർ പരിശോധിച്ച് താമസംവിനാ അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി&സി) ചെങ്ങന്നൂർ താലൂക്ക് പരിധിയിൽ 2018-ലെ മഹാപ്രളയത്തിൽ പട്ടയം നഷ്ടപ്പെട്ടതായി കാണിച്ച് അപേക്ഷകൾ ലഭിച്ചിട്ടില്ല.

**കൽപ്പറ്റ മണ്ഡലത്തിൽ ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള പ്രവൃത്തികൾ**

213(6563) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കൽപ്പറ്റ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തിയായവ ഏതെല്ലാം; ടെണ്ടർ ചെയ്ത പ്രവൃത്തികൾ ഏതെല്ലാം; ഇതുവരെ ടെണ്ടർ ചെയ്തിട്ടും ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഏതെല്ലാം; ഇനിയും ടെണ്ടർ ചെയ്യാനുള്ള പ്രവൃത്തികൾ ഏതെല്ലാം; വിശദമാക്കുമോ;

(സി) പുനരുദ്ധാരണ പ്രവൃത്തികൾ അനുവദിച്ച തദ്ദേശസ്വയംഭരണ സ്ഥാപനം ഭരണാനുമതി തീയതി മുതൽ ആറു മാസത്തിനുള്ളിൽ അനുവദിച്ച പ്രവൃത്തി നിർവ്വഹിക്കാനുള്ള കരാറിൽ ഏർപ്പെട്ട് പ്രസ്തുത കരാർ ജില്ലാകളക്ടർക്ക് സമർപ്പിച്ചില്ലെങ്കിൽ ഭരണാനുമതി റദ്ദാകുമെന്ന നിർദ്ദേശം പ്രാവർത്തികമാക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പുനഃപരിശോധിച്ച് കരാറിൽ ഏർപ്പെടുന്ന സമയം ദീർഘിപ്പിച്ചു നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇത്തരത്തിൽ റദ്ദ് ചെയ്യപ്പെടുന്ന കരാറുകൾ പുതുക്കി നൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ; ഇത്തരത്തിൽ കരാർ വയ്ക്കുന്നതിന് കഴിയാതെ ഏതൊക്കെ പ്രവൃത്തികളുടെ ഭരണാനുമതി റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ട്?

ഉത്തരം

(എ&ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ പ്രവൃത്തികൾക്ക് ഫണ്ടോ ഭരണാനുമതിയോ അനുവദിക്കാറില്ല.

(സി&ഡി) ദുരന്ത പ്രതികരണ നിധിയിൽനിന്നും ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾ അടിയന്തര സ്വഭാവമുള്ളവയാണ്. പ്രസ്തുത നിധി അടിയന്തരമായി 90 ദിവസത്തിനുള്ളിൽ ചെയ്തുതീർക്കേണ്ട പ്രവൃത്തികൾക്കുവേണ്ടിയാണ് വിനിയോഗിക്കാവുന്നത്. എന്നിരുന്നാലും നിലവിൽ പ്രകൃതിക്ഷോഭത്തിൽ നാശം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഒന്നര വർഷത്തെ സാവകാശം അനുവദിക്കുന്നുണ്ട്. ഭരണാനുമതി തീയതി മുതൽ 6 മാസത്തിനുള്ളിൽ പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കരാർവച്ച് കരാർ ജില്ലാകളക്ടർക്ക് സമർപ്പിച്ചില്ലെങ്കിൽ പ്രസ്തുത ഭരണാനുമതി റദ്ദാകുന്നതാണ്. പ്രവൃത്തികളുടെ അടിയന്തര സ്വഭാവം കണക്കിലെടുക്കുമ്പോൾ പ്രസ്തുത കാലയളവ് മതിയായ കാലയളവാണ്. അപ്രതീക്ഷിതവും ഒഴിവാക്കാനാകാത്തതുമായ കാരണങ്ങളാൽ സമയബന്ധിതമായി കരാറിലേർപ്പെടാതെ ഭരണാനുമതി റദ്ദായിപ്പോകുന്ന പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് വ്യക്തമായ കാരണം സഹിതം റിപ്പോർട്ട് ചെയ്യുന്ന കേസുകൾ പ്രത്യേകമായി പരിഗണിച്ച് ആവശ്യകത ബോധ്യപ്പെടുന്ന പ്രവൃത്തികൾക്ക് പുതിയ ഭരണാനുമതി നൽകാറുണ്ട്. ഭരണാനുമതി റദ്ദാകുന്ന പ്രവൃത്തികളുടെ കാലാവധി നീട്ടിനൽകാനാവില്ല. 27-3-2018-ലെ സ.ഉ.(കൈ)നമ്പർ 3/2018/ഡി.എം.ഡി. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി തീയതി മുതൽ 6 മാസത്തിനകം തദ്ദേശസ്വയംഭരണ സ്ഥാപനം നിർവ്വഹണത്തിനുള്ള കരാറിലേർപ്പെട്ട് പ്രസ്തുത കരാർ ജില്ലാകളക്ടർക്ക് സമർപ്പിച്ചില്ലെങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി റദ്ദാകുന്നതാണ്. അപ്രകാരം റദ്ദാകുന്ന പ്രവൃത്തികളുടെ ലിസ്റ്റ് പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല.

**പ്രളയത്തിൽ നഷ്ടം സംഭവിച്ച വ്യാപാരികൾക്ക് സഹായം**

214(6564) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-ലെ പ്രളയത്തിൽ വലിയ നഷ്ടം സംഭവിച്ച ചാലക്കുടി ടൗൺ, മാർക്കറ്റ് അടക്കമുള്ള സ്ഥലങ്ങളിലെ വ്യാപാരികൾക്ക് പലിശരഹിത വായ്പയടക്കം ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

രാജ്യത്തെ അടിസ്ഥാന ദുരിതാശ്വാസത്തിൽ ഉൾപ്പെടാത്ത സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾ, കടകൾ, തേനീച്ച കർഷകർ,

അലങ്കാര പക്ഷി കർഷകർ എന്നിവർക്ക് 2 ലക്ഷം രൂപ വരെയുള്ള ഉജ്ജീവന സഹായ പദ്ധതിപ്രകാരം കിസാൻ ക്രെഡിറ്റ് കാർഡുള്ള പ്രളയ ബാധിതരായ കർഷകർക്ക് സംസ്ഥാന സർക്കാർ 4% താങ്ങ്-പലിശ നൽകുന്നു. ഉജ്ജീവന വായ്പാ പദ്ധതിപ്രകാരം ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും സഹകരണ ബാങ്കുകളിൽനിന്നും എടുക്കുന്ന വായ്പകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സഹായം നൽകുന്നു. MSME സ്ഥാപനങ്ങൾക്കുള്ള കടം റിസർവ് ബാങ്ക് മാനദണ്ഡപ്രകാരം ദുരന്ത ബാധിത പ്രദേശത്തെ സ്വകാര്യ മേഖലയിലെ Micro, Small and Medium Enterprises (MSME) സ്ഥാപനങ്ങളുടെ നാശനഷ്ട ആഘാതം ലഘൂകരിക്കുന്നതിനുള്ള ചട്ടങ്ങൾ പ്രകാരം നിലവിലെ കടം MSME സ്ഥാപനങ്ങൾക്ക് പുനർക്രമീകരിക്കുകയും പ്രവർത്തനം പുനരാരംഭിക്കുവാൻ പുതുതായി കടം നൽകുവാനും ദുരന്ത നിവാരണ നിയമത്തിന്റെ section 13 പ്രകാരം വേണ്ടനടപടി സ്വീകരിക്കുവാൻ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയോട് സംസ്ഥാന അതോറിറ്റി ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി പരിശോധിച്ച്, കേന്ദ്ര ഫിനാൻസ് വകുപ്പിന് നിർദ്ദേശം നൽകുകയും ആയത് പരിഗണിച്ച് കേന്ദ്ര ഫിനാൻസ് വകുപ്പ് രാജ്യത്തെ എല്ലാ ബാങ്കുകൾക്കും നിർദ്ദേശം നൽകുകയും ചെയ്തു.

**വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി**

215(6565) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി പുനർ നിർമ്മാണത്തിന് ഉത്തരവായിട്ടുള്ള പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കാൻ വിസമ്മതിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഈ പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ കാലോചിതമായ പരിഷ്കാരത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഈ പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) പ്രവൃത്തികൾക്ക് അനുവദിക്കുന്ന തുകയിലുള്ള പോരായ്മ, കുട്ടനാട് പോലുള്ള പ്രദേശങ്ങളിൽ വെള്ളക്കെട്ടുള്ളതിനാൽ വാഹനങ്ങൾ എത്തിപ്പെടാനുള്ള അസൗകര്യം, നിർമ്മാണ സാമഗ്രികളുടെ കുറവ്, അവയുടെ വില വർദ്ധനവ്,

പ്രതികൂലമായ കാലാവസ്ഥ, പ്രൈസ് കോസ്റ്റ് ഇൻഡക്സിൽ വന്ന കുറവ് എന്നിവമൂലം ചില ജില്ലകളിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കേണ്ട റിപ്പയർ പ്രവൃത്തികളാണ്. (immediate repair/restoration) കേന്ദ്ര മാനദണ്ഡപ്രകാരം ഒരു കിലോമീറ്റർ ഗ്രാമീണ റോഡിന്റെ പുനരുദ്ധാരണത്തിന് 60,000 (അറുപതിനായിരം രൂപാ മാത്രം) മാത്രമാണ് അനുവദനീയം. അത്തരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിഷ്കരിക്കുന്നതിന് ദുരന്ത പ്രതികരണനിധിയിൽ വ്യവസ്ഥകളില്ല. കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള മാനദണ്ഡമാണ് നിലവിലുള്ളത്. അവ പരിഷ്കരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ സമയബന്ധിതമായ നിർവ്വഹണം സംബന്ധിച്ചും ഫണ്ട് വിനിയോഗം സംബന്ധിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കാലാകാലങ്ങളിൽ നൽകിവരുന്നുണ്ട്.

**തൂക്ക് പാലങ്ങളുടെ നിർമ്മാണത്തിലെ അപാകത**

216(6566) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ദുരന്തനിവാരണ വകുപ്പ് മുഖേന 2006-2011 കാലയളവിൽ കാസർഗോഡ് അനുവദിച്ച രണ്ട് തൂക്കുപാലങ്ങളും അനിശ്ചിതത്വത്തിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏഴ് കോടിയിലധികം രൂപ ചെലവാക്കി നിർമ്മിച്ച ഈ പാലത്തിന്റെ പുനരുദ്ധാരണം നടത്താനോ തകർന്ന പാലത്തിന്റെ കരാറുകാർക്കെതിരെ നടപടി സ്വീകരിച്ച് തകർന്നത് ഉൾപ്പെടെ പുനരുദ്ധരിക്കാനോ തയ്യാറാകാത്തത് സർക്കാരിന് വലിയ നഷ്ടമുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. മാടക്കൽ തൂക്കുപാലം തകർന്നത് പുനർ നിർമ്മിക്കുന്നതിന് KE-മായി ഏർപ്പെട്ട എഗ്രിമെന്റ് പരിശോധിച്ച് KEL-നെ കൊണ്ടുതന്നെ പുനഃപ്രവൃത്തി നടത്തുന്നതിനും തുക തദ്ദേശസ്വയംഭരണ/പൊതുമരാമത്ത് വക ഫണ്ട് ഉപയോഗിച്ച് കണ്ടെത്തുവാനും നിർമ്മാണം നിർത്തിവച്ച പടന്ന-തെക്കെപ്പുറം പാലത്തിന് അനുവദിച്ച തുക പാലത്തിന്റെ പണി

പുനരാരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ KEL-ൽനിന്നും തിരിച്ചു പിടിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

## റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള നട്ടാശ്ശേരി റഗുലേറ്റർ കം ബ്രിഡ്ജ്

217(6567) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന കോട്ടയം ജില്ലയിൽ പൂവത്തുമ്മൂട്ടിലും വെള്ളൂപ്പറമ്പിലും മീനച്ചിലാറിനോട് ചേർന്നുള്ള ശുദ്ധജല കിണറുകളിൽ ഓരു വെള്ളം കയറാതിരിക്കുവാൻ വിഭാവനം ചെയ്തിരിക്കുന്ന നട്ടാശ്ശേരി റഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തി പാതിവഴിക്ക് നിലയ്ക്കുവാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടയം ജില്ലയിലെ ചവിട്ടുവേലിക്കടവ് (നട്ടാശ്ശേരി റഗുലേറ്റർ കം ബ്രിഡ്ജ്) പാലം ഉൾപ്പെടെ 5 പാലങ്ങളാണ് കോട്ടയം, പത്തനംതിട്ട ജില്ലകളിലായി റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് പണി ആരംഭിച്ചത്. സേംസ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് പാലം പണിയുടെ കോൺട്രാക്ട് ഏറ്റെടുത്തത്. എന്നാൽ പാലം പണിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചു കഴിഞ്ഞപ്പോൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കമ്പനി പാലംപണി നിർത്തിവച്ചിരിക്കുകയാണ്. ചവിട്ടുവേലിക്കടവ് പാലത്തിന്റെ 70% പണി പൂർത്തീകരിച്ചിട്ടുണ്ട്. ആർ.എം.എഫ്-ൽ മതിയായ തുകയില്ലാത്തതും പാലം പണി നീണ്ടു പോകുന്നതിന് കാരണമായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതിനുള്ള ഫണ്ട് ലഭ്യമല്ല.

## കോട്ടയ്ക്കൽ മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട് പദ്ധതികൾ

218(6568) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ 2018-19, 2019-20 എന്നീ വർഷങ്ങളിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; ഇതിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്ന് വെളിപ്പെടുത്താമോ ;

(ബി) ആർ.എം.എഫ്.-ൽ ഉൾപ്പെടുത്തിയ എത്ര പദ്ധതികളുടെ പ്രൊപ്പോസലുകൾ സംസ്ഥാനതല സമിതിക്ക് ശിപാർശ ചെയ്തുവെന്നും സംസ്ഥാനതല സമിതി അംഗീകാരം നൽകിയ പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും മലപ്പുറം ജില്ലാകളക്ടർ 2018-19, 2019-20 എന്നീ വർഷങ്ങളിൽ കോട്ടയ്ക്കൽ മണ്ഡലത്തിലേയ്ക്ക് അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ; പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വ്യക്തമായ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) നിയോജകമണ്ഡലാടിസ്ഥാനത്തിൽ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ സ്വരൂപിച്ച് സൂക്ഷിക്കുന്നില്ല. എന്നിരുന്നാലും റിപ്പോർട്ട് ചെയ്യപ്പെട്ട വിവരങ്ങൾ താഴെ കൊടുക്കുന്നു:

കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ 2018-19, 2019-20 വർഷങ്ങളിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ 6 പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഒരു പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ 16-ാം വാർഡിൽ (ചിരട്ടക്കുന്ന്) ചെങ്ങണക്കടവ് പ്രദേശത്ത് ഭാരതപ്പുഴയോട് ചേർന്ന് ചെങ്ങണക്കടവ് റെയിൽവേ ലൈൻ റോഡ് സംരക്ഷണഭിത്തി നിർമ്മാണം. (ജില്ലാ വിദഗ്ദ്ധ സമിതി 31-10-2019-ന് സ്ഥല പരിശോധന നടത്തിയിട്ടുള്ളതാണ്)
2. മലപ്പുറം ജില്ലയിലെ കൊടുമുടി വിഷ്ണു ക്ഷേത്രത്തിന് സമീപം തിരുവേഗപ്പുറ പാലത്തിന് താഴ് ഭാഗത്ത് ഭൂതപ്പുഴയുടെ സംരക്ഷണം. (ജില്ലാ വിദഗ്ദ്ധ സമിതി 31-10-2019-ന് സ്ഥല പരിശോധന നടത്തിയിട്ടുള്ളതാണ്)
3. കോട്ടയ്ക്കൽ നിയമസഭാമണ്ഡലത്തിൽ കുറ്റിപ്പുറത്തിന്റെ കിഴക്ക് കൊടങ്ങഴിക്കൽ, ജുമാഅത്ത് പള്ളി പരിസരം, കാങ്കപ്പുതഴകടവ് എന്നിവിടങ്ങളിൽ ഭാരതപ്പുഴയിൽ സംരക്ഷണ ഭിത്തി നിർമ്മാണം. (ജില്ലാ വിദഗ്ദ്ധ സമിതി 31-10-2019-ന് സ്ഥല പരിശോധന നടത്തിയിട്ടുള്ളതാണ്)

4. കുറ്റിപ്പുറം പഞ്ചായത്തിൽ പിശാരക്കൽ ദുർഗ്ഗാദേവി ക്ഷേത്രത്തിന് സമീപം പേരശ്ശന്നൂരിൽ ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം (റീച്ച്-1, 45 മീറ്റർ ജില്ലാ വിദഗ്ദ്ധ സമിതി 31-10-2019-ന് സ്ഥല പരിശോധന നടത്തിയിട്ടുള്ളതാണ്)

5. മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ മണ്ണാത്തിപ്പാറയ്ക്ക് സമീപം ചെങ്ങണക്കടവിന്റെ മുകൾഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം. (റീച്ച് -II, 25 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്)

6. പൊൻമള പഞ്ചായത്തിൽ പൊൻമള തേമ്പറമ്പ് വടക്കേ കണ്ടിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം. (24.6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ആയത് ജില്ലാതല വിദഗ്ദ്ധ സമിതിയുടെ അംഗീകാരത്തിന് വിധേയമായി സംസ്ഥാന ഉന്നതതല സമിതിക്ക് സമർപ്പിക്കുന്നതാണ്)

(ബി) ആർ.എം.എഫ്.-ൽ ഉൾപ്പെടുത്തിയ 2 പദ്ധതികൾ ജില്ലാ വിദഗ്ദ്ധ സമിതി, സംസ്ഥാനതല സമിതിക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

പൊൻമള പഞ്ചായത്തിൽ പൊൻമള തേമ്പറമ്പ് വടക്കേ കണ്ടിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം എന്ന പ്രവൃത്തിയുടെ 24.6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 6-8-2019-ലെ ജില്ലാ വിദഗ്ദ്ധ സമിതിയുടെ 87-ാം നമ്പർ യോഗത്തിൽ ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കുറ്റിപ്പുറം പഞ്ചായത്തിലെ മണ്ണാത്തിപ്പാറയ്ക്ക് സമീപം ചെങ്ങണക്കടവിന്റെ മുകൾഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം- റീച്ച് -2 എന്ന പ്രവൃത്തിക്കുള്ള ഭരണാനുമതി 2-10-2019-ന് നൽകിയിട്ടുണ്ട്.

(സി) ജി.ഒ.(ആർ.റ്റി.) നമ്പർ 2754/2019/ആർ.ഡി. തീയതി 2-10-2019 പ്രകാരം ആർ.എം.എഫ്. മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ മണ്ണാത്തിപ്പാറയ്ക്ക് സമീപം ചെങ്ങണക്കടവിന്റെ മുകൾഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണത്തിന് (റീച്ച്-2) 25 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്.

## സർക്കാർ വകുപ്പുകളുടെ ഭൂമി സംരക്ഷിക്കാൻ നടപടി

219(T*6569) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകൾക്ക് കീഴിലുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തി ഒരു ഡാറ്റാ ബാങ്ക് രൂപത്തിൽ രേഖപ്പെടുത്തി വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

---

*T-മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കൃത്യമായ അളവോ അതിരുകളോ ഇല്ലാതെ പലയിടങ്ങളിലായി കിടക്കുന്ന വിവിധ സർക്കാർ ഓഫീസുകളുടെ ഭൂമി കൈയേറ്റങ്ങൾക്ക് വിധേയമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർവ്വേ നടപടികൾ പൂർത്തിയാക്കി ഭൂമി കൃത്യമായി അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിച്ച് സർക്കാർ ഓഫീസുകളുടെ ഭൂമി സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്. 8-5-2019-ലെ സ.ഉ. (സാധാ)നമ്പർ 1077/2019/റവ നമ്പർ ഉത്തരവിൻപ്രകാരം സർക്കാർ പുറമ്പോക്ക്, സർക്കാർ തരിശ്, എസ്ചീറ്റഡ് ലാൻഡ്, സർക്കാരിലേയ്ക്ക് വിട്ടൊഴിഞ്ഞ ഭൂമി തുടങ്ങിയ ഇനങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ ഉള്ള ഭൂമിയുടെ വിവരശേഖരണം നടത്തിവരുന്നു. ഇതിനുപുറമേ സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയുടെ വിവരശേഖരണം നടത്തുന്നതിന് 29-7-2019-ലെ സ.ഉ. (എം.എസ്.)നമ്പർ 243/2019 ആയി ഉത്തരവാകുകയും ആയതുപ്രകാരം കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിന് ഗവൺമെന്റ് വിട്ടുനൽകിയ ഭൂമിയുടേയും നിലവിൽ കൈവശമുള്ള ഭൂമിയുടേയും വിവരങ്ങൾ ഉൾപ്പെടെ ലഭ്യമാക്കുന്നതിന് ജില്ലാകളക്ടർമാർക്കും നിശ്ചിത പ്രൊഫോർമ ലഭ്യമാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരമുള്ള വിവരശേഖരണം നടത്തിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിവിധ സർക്കാർ വകുപ്പുകളുടെ ഭൂമിയിൽ കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന പക്ഷം 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കയ്യേറ്റം പൂർണമായും ഒഴിപ്പിച്ച് പരിപാലിക്കുന്നതാണ്.

**കൃഷിയോഗ്യമായ പാടങ്ങളുടേയും തണ്ണീർത്തടങ്ങളുടേയും ഡാറ്റാ ബാങ്ക്**

220(6570) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയോഗ്യമായ നെൽപ്പാടങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാ ബാങ്ക് ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നെൽവയലുകളും തണ്ണീർത്തടങ്ങളും രൂപാന്തരപ്പെടുത്തുന്നത് വ്യാപകമായ സാഹചര്യത്തിൽ ഇത് തടയുവാൻ താലൂക്ക് തലത്തിൽ എന്ത് സംവിധാനമാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വൈത്തിരി ചുണ്ടേൽ വില്ലേജിലെ ചതുപ്പും നീരുറവയും ഉള്ള നിലത്തിൽ ഫ്ലാറ്റ് നിർമ്മിച്ചതിനാൽ ഭൂമി പഴയ സ്ഥിതിയിലാക്കണമെന്ന് മാനന്തവാടി സബ് കളക്ടർ ഉത്തരവ് നൽകിയിട്ടുണ്ടോ;

(ഡി) ഇപ്രകാരം ഭൂമി പഴയ സ്ഥിതിയിലാക്കുമ്പോൾ അവിടെ നിർമ്മിച്ചിട്ടുള്ള ഫ്ലാറ്റ് പൊളിക്കേണ്ട സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് കുറ്റമറ്റ രീതിയിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി KSREC എന്ന സ്ഥാപനവുമായി ചേർന്ന് കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു. 1076 കൃഷിഭവൻ പ്രദേശങ്ങളിൽ 10 ജില്ലകളിലായി 29 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ തണ്ണീർത്തടം ഇല്ലാത്തതാണ്. ശേഷിക്കുന്ന 1047 കൃഷിഭവൻ പ്രദേശങ്ങളിൽ 813 എണ്ണത്തിൽ ഡാറ്റാബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 56 എണ്ണത്തിന്റെ ഡാറ്റാബാങ്ക് പുതിയതായി തയ്യാറാക്കിയിട്ടുണ്ട്. അതിൽ 21 എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിനായി കൈമാറിയിട്ടുണ്ട്. 12 പ്രദേശങ്ങളുടെ ഡാറ്റാബാങ്ക് ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 30-5-2017-ലെ സ.ഉ. (പി) 34/2017/റവന്യൂ (എസ്.ആർ.ഒ 301/2017) നമ്പർ വിജ്ഞാപനപ്രകാരം ഡാറ്റാബാങ്കിൽ ഉൾപ്പെടുത്തപ്പെട്ട ഭൂമിയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആക്ഷേപമുള്ളപക്ഷം പുനഃപരിശോധന അപേക്ഷ സമർപ്പിക്കുന്നതിനും 2008-ലെ നിയമപ്രകാരം നിർവ്വചനം ചെയ്തിട്ടുള്ള നെൽവയൽ, തണ്ണീർത്തടം എന്നിവ ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ ആയത് ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടും 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവായിട്ടുണ്ട്. അപ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ച് 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽവന്ന 12-8-2008-നുമുൻപും ശേഷവുമുള്ള ഉപഗ്രഹ ചിത്രങ്ങളുടേയും നേരിട്ടുള്ള സ്ഥല പരിശോധനയുടേയും അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയുടെ സ്വഭാവം സംബന്ധിച്ച് തീരുമാനമെടുത്ത് ഡാറ്റാബാങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി അവ കുറ്റമറ്റ രീതിയിൽ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ പ്രാദേശിക തല നിരീക്ഷണ സമിതികൾ പൂർത്തിയാക്കിവരുന്നു.

(ബി) നെൽവയലുകളും തണ്ണീർത്തടങ്ങളും അനധികൃതമായി പരിവർത്തനപ്പെടുത്തുന്നത് തടയുന്നതിലേയ്ക്കാവശ്യമായ നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ, തഹസിൽദാർ, വില്ലേജ് ഓഫീസർ എന്നിവർക്ക് കർശന നിർദ്ദേശം നൽകുകയും ടി പ്രവർത്തികൾ തടയുന്നതിലേയ്ക്കായി താലൂക്ക് തല സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നതുമാണ്. കൂടാതെ അനധികൃത പരിവർത്തന പ്രവർത്തനങ്ങൾ നടത്തിയതായി കണ്ടെത്തുന്ന വാഹനങ്ങൾക്കെതിരെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, 2008 സെക്ഷൻ 20 പ്രകാരമുള്ള നടപടികളും സെക്ഷൻ 13 പ്രകാരം നെൽവയലുകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. നെൽവയൽ പരിവർത്തനപ്പെടുത്തൽ തടയുന്നതിനായി ഫലപ്രദമായ നടപടികൾ കൃഷി വകുപ്പുമുഖേനയും സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) മാനന്തവാടി സബ് കളക്ടറുടെ ഉത്തരവിനെതിരെ ഭൂവുടമകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C) 39005/2018 നമ്പരായി കേസ് ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട കോടതി കേരള ഭൂവിനിയോഗ ഉത്തരവിന് വിധേയമായി ലാൻഡ് റവന്യൂ കമ്മീഷണർക്ക് അപ്പീൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ച് ഉത്തരവാകുകയും കക്ഷികൾ അപ്രകാരം അപ്പീൽ ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത അപ്പീൽ അപേക്ഷയിൽ റീസർവ്വേ രേഖകളിലെ അപാകതകൾ പരിഹരിച്ചശേഷം പുതുക്കിയ നടപടിക്രമം പുറപ്പെടുവിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് മാനന്തവാടി സബ് കളക്ടർക്ക് റിമാന്റ് ചെയ്ത് ലാൻഡ് റവന്യൂ കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി നടപടികൾ പൂർത്തിയായ ശേഷം ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**തിരുവനന്തപുരം വലിയമല എൽ.പി.എസ്.സി.-ക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ**

221(6571) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വലിയമല എൽ.പി.എസ്.സി. വികസനത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി എസ്.ഐ.എ. പഠനത്തിനായി നിയോഗിച്ച ഏജൻസി ഏതാണെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത ഏജൻസി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപത്തിനുമുള്ള അവകാശ നിയമത്തിലെ നാലാം വകുപ്പിന്റെ (എ) മുതൽ (എഫ്) വരെയുള്ള ഖണ്ഡങ്ങളിൽ നിർബന്ധമായും റിപ്പോർട്ടുചെയ്യേണ്ട എല്ലാക്കാര്യങ്ങളെ സംബന്ധിച്ച് പഠനവും വിലയിരുത്തലും നടത്തി റിപ്പോർട്ടിൽ ചേർത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ ഓരോ കാര്യങ്ങളെ സംബന്ധിച്ച് അവരുടെ അഭിപ്രായവും ശിപാർശയും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റിപ്പോർട്ടും അത് പരിശോധിച്ച വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ടും സർക്കാരിന്റെ ഏതുതലത്തിലുള്ള ഉദ്യോഗസ്ഥനാണ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ വലിയമലയിൽ ഐ.എസ്.ആർ.ഒ./ എൽ.പി.എസ്.സി. വികസനത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി രാജഗിരി ഔട്ട് റീച്ച് എന്ന ഏജൻസിയെയാണ് സാമൂഹ്യ പ്രത്യാഘാത പഠനത്തിനായി നിയോഗിച്ചിരുന്നത്.

(ബി&സി) ചേർത്തിട്ടുണ്ട്. എൽ.എ.ആർ. ആക്ട്, 2013-ലെ 4-ാം വകുപ്പിന്റെ (a) മുതൽ (f) വരെയുള്ള കാര്യങ്ങളിൽ സാമൂഹ്യ പ്രത്യാഘാത പഠന ഏജൻസിയുടെ അഭിപ്രായങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു:

(a) സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന അന്തിമ റിപ്പോർട്ടിന്റെ ഖണ്ഡിക 1.1-ൽ പ്രതിപാദിച്ചിട്ടുണ്ട്.

(b) സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന അന്തിമ റിപ്പോർട്ടിന്റെ ഖണ്ഡിക 4.2, പട്ടിക 4.2.1 ൽ വിവരിച്ചിട്ടുണ്ട്.

(c) സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന അന്തിമ റിപ്പോർട്ടിന്റെ ഖണ്ഡിക 1.3, പട്ടിക 1.3.1 ഖണ്ഡിക 1.5, പട്ടിക 1.5.1 എന്നിവയിൽ വിവരിച്ചിട്ടുണ്ട്.

(d) സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന അന്തിമ റിപ്പോർട്ടിന്റെ ഖണ്ഡിക 1.1, ഖണ്ഡിക 1.4 എന്നിവയിൽ വിവരിച്ചിട്ടുണ്ട്.

(e) സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന അന്തിമ റിപ്പോർട്ടിന്റെ ഖണ്ഡിക 1.4 -ൽ പ്രതിപാദിച്ചിട്ടുണ്ട്.

(f) സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന അന്തിമ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ വിവരിച്ചിട്ടുണ്ട്. (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു*)

(ഡി) പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്

**ഗെയിൽ പദ്ധതിക്കുവേണ്ടി ഭൂമിയുടെ കമ്പോളവില നിശ്ചയിച്ച മാനദണ്ഡം**

222(6572) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയിൽ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുത്തു നൽകിയപ്പോൾ ഭൂമിയുടെ കമ്പോളവില നിശ്ചയിച്ച മാനദണ്ഡം എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) അപ്രകാരം മാനദണ്ഡം പുറപ്പെടുവിക്കുവാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മാനദണ്ഡം പുറപ്പെടുവിച്ച ഉത്തരവ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത മാനദണ്ഡം മറ്റ് ഏതെങ്കിലും ഏജൻസിയുടെ ഭൂമി ഏറ്റെടുക്കലിന് ബാധകമാക്കിയോ; എങ്കിൽ ഏത് ഏജൻസിയാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗെയിൽ പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിൽ ഭൂമിയുടെ ഉപയോഗാവകാശം (Right of Use) മാത്രമേ ഏറ്റെടുക്കുന്നുള്ളൂ. ആയതിനുള്ള നടപടികൾ കേന്ദ്രനിയമമായ പെട്രോളിയം & മിനറൽസ് പൈപ്പ് ലൈൻ ആക്ട്, 1962 പ്രകാരമാണ് കൈക്കൊള്ളുന്നത്. പ്രസ്തുത ആക്ടിലെ സെക്ഷൻ 10(4) പ്രകാരം കമ്പോള വിലയുടെ 10% മാത്രമേ ഭൂമിയുടെ നഷ്ടപരിഹാരമായി നൽകേണ്ടതുള്ളൂ. പദ്ധതിയുടെ ആരംഭത്തിൽ ഭൂമിയുടെ നഷ്ടപരിഹാരമായി കമ്പോള വിലയുടെ 10% മാത്രമാണ് നൽകികൊണ്ടിരിക്കുന്നത്. എന്നാൽ ഇത് വളരെ തുച്ഛമായ നഷ്ടപരിഹാരമാണെന്നുകണ്ട് സർക്കാർ അതാത് കാലങ്ങളിൽ വർദ്ധനവ് വരുത്തുകയും അവസാനമായി 1-12-2017-ലെ സ.ഉ. (സാധാ)നമ്പർ 5165/17/റവ പ്രകാരം നോട്ടിഫൈഡ് ഫെയർ വാല്യുവിന്റെ 10 ഇരട്ടി കമ്പോള വിലയായി കണക്കാക്കുകയും പ്രസ്തുത മാർക്കറ്റ് വിലയുടെ 10% (ഫെയർവാല്യൂ)

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പെട്രോളിയം & മിനറൽസ് പൈപ്പ് ലൈൻ ആക്ട്, 1962 സെക്ഷൻ 10(4) പ്രകാരം ഉപയോഗാനുമതിക്ക് നഷ്ടപരിഹാരമായി നൽകിവരുന്നു.

ഗെയിൽ പദ്ധതിക്കായി എസ്.വി/ഐ.പി സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരവും ഉഭയസമ്മത പ്രകാരവുമാണ് ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുള്ളത്. അപ്രകാരം ഏറ്റെടുക്കുമ്പോൾ എൽ.എ.ആർ.ആർ. ആക്ട് സെക്ഷൻ 26(ബി) പ്രകാരമുള്ള മാനദണ്ഡം അതായത് ഭൂമി ഏറ്റെടുത്ത വർഷത്തിന് തൊട്ടുമുന്നിലത്തെ മൂന്ന് വർഷത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് സമീപസ്ഥലങ്ങളായ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള സ്ഥലത്തെ സംബന്ധിച്ച് ഉയർന്ന വിൽപ്പന വില കാണിച്ചിരിക്കുന്ന വിലയാധാരങ്ങളുടെ ആകെ എണ്ണത്തിന്റെ പകുതിയുടെ ശരാശരി വിൽപ്പന വിലയായി കണക്കാക്കി കമ്പോള വില നിശ്ചയിക്കുന്നു. ഈ കമ്പോള വിലയോടൊപ്പം നഗരപ്രദേശങ്ങളിൽ നിന്നുള്ള ദൂരത്തെ അടിസ്ഥാനമാക്കി 1 മുതൽ 2 വരെയുള്ള ഘടകം (factor) കൊണ്ട് ഗുണിച്ച് കിട്ടുന്ന തുകയും ഏറ്റെടുക്കുന്ന ഭൂമിയിൽ സ്ഥിതി ചെയ്യുന്ന എല്ലാ സ്ഥാവര വസ്തുക്കളുടെയും മറ്റ് ആസ്തികളുടേയും വൃക്ഷങ്ങളുടേയും സസ്യങ്ങളുടേയും മൂല്യം ഉൾപ്പെടെ ചേർത്ത് കിട്ടുന്ന തുകയും ആയതിന്റെ 100%-ന് തുല്യമായ തുക സോലേഷ്യം ആയും കൂട്ടി കിട്ടിയ തുകയും ആയതിന്റെ 12% പലിശയും നൽകുന്നു.

ഭൂവുടമകൾ സമ്മതപത്രം നൽകുന്ന കേസുകളിൽ എൽ.എ.ആർ.ആർ. ആക്ടിലെ സെക്ഷൻ 108 പ്രകാരം രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് പോളിസിയുടെ അടിസ്ഥാനത്തിൽ നെഗോഷ്യേറ്റ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് ഭൂവുടമകളെ വിളിച്ചുകൂട്ടി ഡിസ്ട്രിക്ട് ലെവൽ ഫെയർ കോംപൻസേഷൻ റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് കമ്മിറ്റി (DLFC) കൂടുന്നതും ആയത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി എൽ.എ.ആർ.ആർ. ആക്ടിലെ മാനദണ്ഡം 26(b) യെക്കാൾ കൂടിയവില അനുവദിച്ചു നൽകാറുണ്ട്.

(ബി) ഗെയിലിന്റെ KKBMPL പദ്ധതി 2012-ലാണ് ആരംഭിച്ചത്. എന്നാൽ ജനങ്ങളുടെ ആശങ്കയേയും എതിർപ്പിനേയും തുടർന്ന് പദ്ധതി മുന്നോട്ടുകൊണ്ടു പോകാൻ സാധിച്ചില്ല. ഇതിന് പ്രധാന തടസ്സമായി കണ്ടത് വളരെ തുച്ഛമായ നഷ്ടപരിഹാരമാണ് ജനങ്ങൾക്ക് ലഭിക്കുന്നത് എന്നതാണ്. അതിനാൽ 1-12-2017-ലെ സ.ഉ. (സാധാ)നമ്പർ 5165/17/റവ പ്രകാരം പദ്ധതിയുടെ വേഗത്തിലുള്ള നടത്തിപ്പിനുവേണ്ടിയാണ് പുതുക്കിയ മാനദണ്ഡം പുറപ്പെടുവിച്ചത്. ഇത് ജനങ്ങളുടെ ഇടയിൽ വളരെ നല്ല പ്രതികരണം ഉളവാക്കുന്നതിനും പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിനും സഹായകമായി.

(സി) 1-12-2017-ലെ സ.ഉ. (സാധാ)നമ്പർ 5165/17/റവ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം* ചെയ്യുന്നു.

(ഡി) ഉണ്ട്. ഭാരത് പെട്രോളിയത്തിന്റേയും ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റേയും സംയുക്ത സംരംഭമായ കൊച്ചി സേലം പൈപ്പ് ലൈൻ പ്രൈവറ്റ് ലിമിറ്റഡിന് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഗെയിലിനു പുറപ്പെടുവിച്ചതുപോലെ സമാനമായ ഉത്തരവ് 7-1-2019-ലെ സ.ഉ. (സാധാ)നമ്പർ 90/19/റവ പ്രകാരം ബാധകമാക്കിയിട്ടുണ്ട്.

**ഭൂമിയുടെ പൊന്നുംവില കൊടുക്കുന്നതിന് കാലതാമസം**

223(6573) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ പൊന്നും വില കൊടുക്കുന്നതിന് പുതിയ നിയമമനുസരിച്ച് നടപടികൾ പൂർത്തിയാക്കാൻ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാരിസ്ഥിതിക ആഘാത പഠനം നടത്തുന്നതിന് ഏജൻസികളെ ലഭിക്കാത്ത സാഹചര്യമുണ്ടോ;

(സി) തുച്ഛമായ കണ്ടിജൻസി തുക കെട്ടിവയ്ക്കാൻ ഭരണാനുമതിയുള്ള പ്രവൃത്തികൾക്ക് പോലും വീണ്ടും ഉത്തരവ് വേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കണ്ടിജൻസി സംഖ്യ കെട്ടി വയ്ക്കാനും, പരിസ്ഥിതി ആഘാത പഠനം നടത്തുന്ന ഏജൻസിക്ക് നൽകേണ്ട പ്രതിഫലം നൽകുന്നതിനും കളക്ടർമാർക്ക് ഒരു റിവോൾവിംഗ് ഫണ്ട് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ ഭൂവുടമകളുടെ എതിർപ്പും കോടതി വ്യവഹാരങ്ങളും കാരണം ഭൂമി ഏറ്റെടുക്കൽ നടപടികൾ നീണ്ടുപോകുന്നു.

(ബി&സി) ഇല്ല.

(ഡി) എൽ.എ.ആർ.ആർ. റൂൾസ്, 2015-ലെ ഭൂമി ഏറ്റെടുക്കൽ ചട്ടങ്ങൾ പ്രകാരം ഏറ്റെടുക്കേണ്ട ഭൂ വിലയുടെ 5% കണ്ടിജൻസി ചാർജ് അല്ലെങ്കിൽ 50 ലക്ഷം രൂപ ഇവയിലേതാണോ കുറവ് പ്രസ്തുത തുക അർത്ഥനാധികാരി ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ ഓഫീസറുടെ TSB അക്കൗണ്ടിൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിക്ഷേപിക്കേണ്ടതാണ്. പരിസ്ഥിതി ആഘാത പഠനം നടത്തുന്ന ഏജൻസിക്ക് നൽകേണ്ട പ്രതിഫലം കണ്ടിജൻസി ഫണ്ടിൽ നിന്നാണ് വകയിരുത്തുന്നത്. റിവോൾവിംഗ് ഫണ്ട് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് യാതൊന്നും തന്നെ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്തിനാൽ നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല.

**വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറുന്നതിനുള്ള വ്യവസ്ഥകൾ**

224(6574) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്നറിയിക്കുമോ;

(ബി) വകുപ്പുകൾ തമ്മിലുള്ള ഭൂമികൈമാറ്റം നടക്കാത്തതുമൂലം പല സർക്കാർ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഭൂമി ആവശ്യമുള്ള വകുപ്പ് മേധാവി നിശ്ചിത മാതൃകയിലെ അർത്ഥനപത്രത്തോടൊപ്പം ഗവൺമെന്റിൽ നിന്നുള്ള ഭരണാനുമതി, പ്രോജക്ട് റിപ്പോർട്ട്, ടി പദ്ധതിക്കായി അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ എന്നിവ ബന്ധപ്പെട്ട ജില്ലാകളക്ടർക്ക് ലഭ്യമാക്കേണ്ടതും ആയത് പരിശോധിച്ച് അപേക്ഷ ഭൂമിയുടെ വിവരങ്ങൾ (മഹസർ, സ്കെച്ച്, വിലനിർണ്ണയ സ്റ്റേറ്റ്മെന്റ്) ബന്ധപ്പെട്ട അധികാരികൾ മുഖാന്തരം പരിശോധിച്ച് വ്യക്തത വരുത്തി 5-6-2018-ലെ ജി.ഒ. (പി) 31/18 പ്രകാരം ജില്ലാ കളക്ടർമാർക്കുതന്നെ തുടർനടപടി സ്വീകരിക്കുവാൻ കഴിയുന്നതാണെങ്കിൽ അപ്രകാരവും അല്ലാത്തപക്ഷം ജില്ലാകളക്ടർമാർ ഭൂമി കൈമാറ്റ ശിപാർശ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതും സർക്കാർ അനുമതിക്ക് വിധേയമായി വകുപ്പുകൾക്ക് ഭൂമി കൈമാറുന്നതിനുള്ള ഉത്തരവ് അനുവദിക്കുന്നതുമാണ് നിലവിലെ സംവിധാനം.

മറ്റ് വകുപ്പുകളുടെ കൈവശമുള്ള ഭൂമിയാണ് അപേക്ഷ പ്രകാരം കൈമാറി നൽകേണ്ടതെങ്കിൽ പ്രസ്തുത വകുപ്പിന്റെ നിരാക്ഷേപപത്രം ഇക്കാര്യത്തിൽ ലഭ്യമാക്കേണ്ടതുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ഭൂമിയാണ് സേവന വകുപ്പുകൾക്ക് കൈമാറേണ്ടതെങ്കിൽ പ്രസ്തുത സ്ഥലം വിജ്ഞാപനം മുഖേന റവന്യൂ

വകുപ്പിൽ നിക്ഷിപ്തമാക്കിയ ശേഷമേ ഭൂമി കൈമാറ്റ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള സ്വയാർജ്ജിത ഭൂമിയാണ് സേവനവകുപ്പുകൾക്ക് കൈമാറേണ്ടതെങ്കിൽ ആയത് ഭൂമി വിട്ടൊഴിയൽ നടപടിക്രമത്തിലൂടെ റവന്യൂ പുറമ്പോക്കിൽ നിക്ഷിപ്തമാക്കി ഭൂമി കൈമാറ്റ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം വർദ്ധിച്ചുവരുന്ന വികസനാവശ്യങ്ങൾ എന്നിവ പരിഗണിച്ച് നഗര പ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരേയും പഞ്ചായത്ത് പ്രദേശങ്ങളിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് റവന്യൂ (എ) വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള 5-6-2018-ലെ ജി.ഒ. (പി) നമ്പർ 31/18/ആർ.ഡി. നമ്പർ ഉത്തരവുപ്രകാരം ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ടി ഉത്തരവിന്റേയും വിശദമായ വില നിർണ്ണയം ഒഴിവാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന്റേയും അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് 14-11-2018-ലെ എൽ.ആർ.കെ 2-27511/17-ാം നമ്പർ സർക്കുലർ പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ എല്ലാ ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**മട്ടാഞ്ചേരി കറുത്ത ജൂതപ്പള്ളി ഏറ്റെടുക്കൽ നടപടികൾ**

225(6575) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള എറണാകുളം മട്ടാഞ്ചേരി കറുത്ത ജൂതപ്പള്ളിയും അനുബന്ധ സ്ഥലവും ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സാംസ്കാരിക വകുപ്പ് 20-6-2018-ലെ സ.ഉ. (സാധാ) നമ്പർ 401/2018 പ്രകാരം 91.45 ലക്ഷം രൂപ ഇതിനായി എറണാകുളം ജില്ലാകളക്ടറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടും പ്രസ്തുത സ്മാരകം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്ന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കറുത്ത ജൂതപ്പള്ളി സംരക്ഷിത സ്മാരകമായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് പുരാവസ്തു വകുപ്പാണ്. തുടർന്ന് സ്ഥലവുമായി ബന്ധപ്പെട്ട ബാധ്യതകൾ തീർത്ത് പുരാവസ്തു ഡയറക്ടറുടെ പേരിൽ വസ്തു കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി 91.45 ലക്ഷം രൂപ എറണാകുളം ജില്ലാകളക്ടർക്ക്

20-6-2018-ലെ സ.ഉ. (സാധാ)401/2018/സാം.കാ.വ. പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ബന്ധപ്പെട്ട കക്ഷികളോട് ഭൂമിയുടെ കൈവശാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കുവാൻ നിർദ്ദേശിക്കുകയും വിചാരണ നടത്തുകയും ചെയ്തിട്ടുള്ളതാണ്. മേൽപ്പറഞ്ഞ വിചാരണയിൽ പ്രസ്തുത വകുപ്പിന്റെ രേഖകൾ സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാലും കൈവശാവകാശം തെളിയിക്കുന്നതിന് മതിയായ രേഖകൾ ഹാജരാക്കാതെയിരുന്നതിനാലും നഷ്ടപരിഹാരം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലാത്തതാകുന്നു. തുടർന്ന് 31-10-2019-ലെ സ.ഉ. (സാധാ)3119/2019/റവ പ്രകാരം എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിലെ മട്ടാഞ്ചേരി വില്ലേജിലെ 601/3 സർവ്വേ നമ്പരിൽ ഉൾപ്പെട്ട 3.51 ആർ ഭൂമി എൽ.എ.ആർ. ആർ. ആക്ട് 2013 അനുസരിച്ച് ഏറ്റെടുക്കുന്നതിനുള്ള അനുമതി പുറപ്പെടുവിച്ചിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**പുത്തൻ കുരിശ് വികലാംഗ സഹകരണസംഘം ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഭൂമി**

226(6576) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുത്തൻ കുരിശ് വികലാംഗ സഹകരണ സംഘം ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി 10 സെന്റ് ഭൂമി പതിച്ച് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ബി) റവന്യൂ പുറമ്പോക്കുഭൂമി പതിച്ചു നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(സി) എറണാകുളം കളക്ടേറ്റിലെ L2 63175/5/11(2) എന്ന ഫയൽ തീർപ്പാക്കാൻ ഉണ്ടായ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഭൂമി പതിച്ച് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ലഭിക്കുന്ന അപേക്ഷകൾ സർക്കാരിലേയ്ക്ക് ശിപാർശചെയ്ത് അയയ്ക്കേണ്ടതില്ലെന്നും ഇതുസംബന്ധിച്ച് തുടർന്നുവന്നിരുന്ന നടപടിക്രമങ്ങൾ നിർത്തിവയ്ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 12-6-2006-ൽ 48925/എ 1/06/റവ നമ്പർ കത്ത്, 12-3-2013-ലെ 10665/എ 1/13/റവ നമ്പർ കത്ത് എന്നിവ മുഖേന നൽകിയിട്ടുള്ള നിർദ്ദേശം നിലവിലും പ്രാബല്യത്തിലുള്ളതാണ്. കൂടാതെ 27-7-2011 ലെ ജി.ഒ.(എം.എസ്.) നമ്പർ

280/2011/റവ ഉത്തരവുപ്രകാരവും സ്ഥാപനങ്ങൾക്കും സംഘടനകൾക്കും സർക്കാർ ഭൂമി പതിച്ചു നൽകേണ്ടതില്ലെന്ന നിർദ്ദേശം നിലനിൽക്കുന്നു. ആയതിനാൽ പുത്തൻ കുരിശ് വികലാംഗ സഹകരണസംഘം ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി 10 സെന്റ് ഭൂമി പതിച്ച് നൽകാൻ നിർവ്വാഹമില്ല.

(ബി&സി) റവന്യൂ പുറമ്പോക്ക് ഭൂമി പതിച്ച് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. ആവശ്യമില്ല.

**കോഞ്ചുരുത്തി പുഴയുടെ പുറംമ്പോക്കിൽ താമസിക്കുന്ന 42 കുടുംബങ്ങൾക്ക് ഭൂമി**

227(6577) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജിൽ സർവ്വെ നമ്പർ 1006-ൽപ്പെട്ട കോഞ്ചുരുത്തി പുഴയുടെ പുറംമ്പോക്കിൽ താമസിക്കുന്ന നാല്പത്തി രണ്ട് കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച ഫയൽ നമ്പറുകൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-സി) കണിയന്നൂർ താലൂക്കിൽ ഏളംകുളം വില്ലേജിൽ സർവ്വേ നമ്പർ 1006-ൽപ്പെട്ട കോഞ്ചുരുത്തി പുഴയുടെ പുറംമ്പോക്കിൽ താമസിക്കുന്ന 42 കുടുംബങ്ങളെ പ്രത്യേക പരിഗണന നൽകി ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് 23-5-2018-ൽ 10252/A3/2016/റവ നമ്പർ അനൗദ്യോഗികകുറിപ്പിൻപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം WP(C) 1812/2016-ൽ സമർപ്പിച്ച അഫിഡവിറ്റിൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ബോധിപ്പിച്ചിട്ടുള്ളതും ആയതിൻപ്രകാരം നടപടി സ്വീകരിക്കുന്നതിന് 5-12-2018-ലെ Lr.No.40252/A3/2016/റവ നമ്പർ കത്തുപ്രകാരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. നിലവിൽ ഭൂമി കണ്ടെത്തിയിട്ടില്ല.

ടി സർവ്വെ നമ്പർ ഉൾപ്പെട്ടിട്ടുള്ള 58-ാം ഡിവിഷനിൽ ആകെ 135 കുടുംബങ്ങൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

## എനിമി പ്രോപ്പർട്ടി വിട്ടുകിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ

228(6578) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എനിമി പ്രോപ്പർട്ടിയായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഭൂമി പൊതു ആവശ്യത്തിനുവേണ്ടി സംസ്ഥാന സർക്കാരിന് ഉപയോഗിക്കാം എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ എനിമി പ്രോപ്പർട്ടി പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് വിട്ടുകിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ;

(സി) എനിമി പ്രോപ്പർട്ടിയിൽ സംസ്ഥാന സർക്കാരിന് ഏതെല്ലാം പൊതു ആവശ്യങ്ങൾക്കാണ് ഉപയോഗിക്കാൻ അനുവാദമുള്ളതെന്ന് അറിയിക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിലുള്ള എനിമി പ്രോപ്പർട്ടിയെ കുറിച്ചുള്ള വിവരങ്ങൾ നൽകാമോ?

### ഉത്തരം

(എ) എനിമി പ്രോപ്പർട്ടി വസ്തുക്കൾ സംസ്ഥാന സർക്കാരിന്റെ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കാം എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) എനിമി പ്രോപ്പർട്ടി വസ്തുക്കൾ സംസ്ഥാന സർക്കാരിന്റെ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി ലഭ്യമായിട്ടില്ല.

(ഡി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ ചീക്കോട്, ചെറുകാവ്, നെടിയിരിപ്പ് വില്ലേജുകളിലായി 14 എനിമി പ്രോപ്പർട്ടി വസ്തുക്കൾ നിലവിലുള്ളതായി മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചീക്കോട് വില്ലേജിലെ 54/4-1, 54/4-2, 174/2-2, 41/22, 41/8, 296/1, 316/2 സർവ്വെ നമ്പരുകളിലായി 6 എനിമി പ്രോപ്പർട്ടി ഭൂമിയും, ചെറുകാവ് വില്ലേജിലെ 54/1, 54/2, 59/1 സർവ്വെ നമ്പരുകളിലായി 7 എനിമി പ്രോപ്പർട്ടി വസ്തുക്കളും നെടിയിരിപ്പ് വില്ലേജിൽ സർവ്വെ നമ്പർ 273/6-ൽ ഒരു എനിമി പ്രോപ്പർട്ടിയും ഇതിൽ ഉൾപ്പെടുന്നു.

**നിലമ്പൂർ താലൂക്കിൽ മിച്ചഭൂമിയുമായി ബന്ധപ്പെട്ട കേസിന്റെ ഇരകൾ**

229(6579) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിലെ മൂത്തേടം വില്ലേജിലെ ഒന്ന്, രണ്ട്, മൂന്ന്, പതിനഞ്ച് എന്നീ വാർഡുകളിൽ ഉൾപ്പെട്ടതും, 1965-ന് മുമ്പായി കൈവശം വച്ചിരുന്നതുമായ നൂറ്റി ഏഴ് ഭൂവുടമകളും, അവരുടെ പിൻതുടർച്ചക്കാരായ മൂന്നൂറ്റി അമ്പത് കുടുംബങ്ങളും മിച്ചഭൂമിയുമായി ബന്ധപ്പെട്ട കേസിന്റെ ഇരകളായി നീതി ലഭിക്കാതെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റ്റി.എൽ.ബി. സെക്ഷൻ 85 പ്രകാരം അപേക്ഷ പരിശോധിച്ച് നിയമപരമായി പരിഗണിച്ച് കാലതാമസം കൂടാതെ പ്രശ്നപരിഹാരമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എന്നാൽ നിലവിൽ ഒരു കക്ഷി സമർപ്പിച്ച ഹർജി പ്രകാരം നിലമ്പൂർ താലൂക്ക് നമ്പൂരിപ്പെട്ടിയിലെ അഞ്ഞൂറോളം കർഷകർ അൻപത് വർഷമായി കൈവശം വച്ച് വരുന്ന സ്ഥലത്തെ മിച്ചഭൂമി കേസിൽനിന്നും ഒഴിവാക്കി തരണം എന്ന ഹർജിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള ഓരോ കൈവശക്കാരുടെ ഭൂമി സംബന്ധിച്ച കാര്യം നേരിട്ട് കാണുന്നതിനും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആതറൈസ്ഡ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) താലൂക്ക് ലാൻഡ് ബോർഡ് സെക്ഷൻ 85 പ്രകാരം സമർപ്പിക്കുന്ന ഹർജികൾ പരിശോധിച്ച് നിയമപരമായി പരിഗണിച്ച് കാലതാമസം കൂടാതെ പ്രശ്ന പരിഹാരമുണ്ടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**സർക്കാർ ഭൂമി വ്യവസായ ആവശ്യങ്ങൾക്ക് ലീസിനു നൽകൽ**

230(6580) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ എസ്റ്റേറ്റുകളിൽ പട്ടയം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് പ്രോജക്ട് മാറ്റം വരുത്തുന്നതിനും വ്യവസായികൾക്ക് ഇൻഡസ്ട്രിയൽ ലാൻഡ് മോർട്ട്ഗേജ് ചെയ്യുന്നതിനും അനുമതി നൽകുന്നതിന് നിലവിലെ നിയമങ്ങളനുസരിച്ച് എന്തെങ്കിലും തടസ്സമുണ്ടോ; അറിയിക്കാമോ;

(ബി) സർക്കാർ ഭൂമി വ്യവസായ ആവശ്യങ്ങൾക്ക് അനുവദിക്കുന്നതിന് പുതിയ ലാൻഡ് ലീസ് പോളിസി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) റൂൾസ് ഫോർ അസൈൻമെന്റ് ഓഫ് ഗവൺമെന്റ് ലാൻഡ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ് റൂൾ 18 (a) അപ്പെൻഡിക്സ് II 1 (ii) പ്രകാരം വ്യവസായ എസ്റ്റേറ്റുകളിൽ പട്ടയം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് ഏത് പ്രോജക്ടിനാണോ പട്ടയം അനുവദിച്ചിട്ടുള്ളത് പ്രസ്തുത പ്രോജക്ടിന് സർക്കാരിന്റെ മുൻകൂർ അനുവാദം ഇല്ലാതെ മാറ്റം വരുത്തുന്നതിന് നിയമം അനുശാസിക്കുന്നില്ല. (b) അപ്പെൻഡിക്സ് II 1 (i) പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങി ലാൻഡ് മോർട്ട്ഗേജ് ചെയ്യുന്നതിന് തടസ്സം ഇല്ല.

(ബി) പുതിയ ലാൻഡ് ലീസ് പോളിസി സർക്കാർ പരിഗണനയിലാണ്.

**പാട്ടത്തിന് നൽകിയ സർക്കാർ ഭൂമി**

231(6581) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏതെല്ലാം സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സംഘടനകൾക്കുമാണ് ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളതെന്നും പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം എത്രയെന്നും വിശദീകരിക്കാമോ;

(ബി) ഇത്തരത്തിൽ പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിക്ക് അത് നൽകപ്പെട്ട ഓരോരുത്തർക്കും നിശ്ചയിച്ചിട്ടുള്ള നിലവിലെ പാട്ടത്തുക എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിരക്ക് നിശ്ചയിച്ചതെന്നാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ഭൂമിയുടെ പാട്ടത്തുക പുതുക്കി നിശ്ചയിട്ടുണ്ടോയെന്നും പുതുക്കി നിശ്ചയിച്ചിട്ടും ആ തുക അടയ്ക്കാത്ത സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും ഏതൊക്കെയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്ഥാപനങ്ങൾക്കും സംഘടനകൾക്കും 3118 ഹെക്ടർ ഭൂമിയാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്. സ്ഥാപനങ്ങൾക്കും സംഘടനകൾക്കും നൽകിയിട്ടുള്ള പാട്ടത്തിന്റെ വിശദാംശങ്ങൾ 14 ജില്ലാകളക്ടർമാർ മുഖാന്തരം ശേഖരിക്കുകയും അവ ക്രോഡീകരിച്ച് പട്ടിക അനുബന്ധമായി* ചേർക്കുന്നു. സംസ്ഥാനത്തെ സ്വകാര്യവ്യക്തികൾക്ക് ഇതുവരെ ശേഖരിച്ച വിവരമനുസരിച്ച് 166 ഹെക്ടർ ഭൂമിയാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്. വ്യക്തികൾക്ക് നൽകിയിട്ടുള്ള

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പാട്ടത്തിന്റെ വിവരശേഖരണം നടത്തുന്നതിലേയ്ക്ക് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സ്ഥാപനങ്ങൾക്കും സംഘടനകൾക്കും നൽകിയിട്ടുള്ള ഭൂമിക്ക് നിശ്ചയിച്ചിട്ടുള്ള പാട്ടത്തുക സംബന്ധിച്ച വിവരം ക്രോഡീകരിച്ച പട്ടിക അനുബന്ധമായി* ചേർക്കുന്നു. സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ വ്യക്തികൾക്കും, സംഘടനകൾക്കും സ്ഥാപനങ്ങൾക്കും പാട്ടം നൽകിയിട്ടുള്ള ഭൂമിയുടെ പുതുക്കിയ പാട്ടത്തുക നിശ്ചയിക്കുന്നതിന് 6-2-2016-ലെ ജി.ഒ. (എം.എസ്.) 96/2016/ആർ.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലും, മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ വ്യക്തികൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കും പാട്ടം നൽകിയിട്ടുള്ള ഭൂമിയുടെ പാട്ടത്തുക നിശ്ചയിക്കുന്നത് 28-1-2016-ലെ ജി.ഒ.(പി) 64/2016/ആർ.ഡി. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലുമാണ്.

(സി) സംസ്ഥാനത്തെ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും പാട്ടം അനുവദിച്ചിട്ടുള്ള കേസുകളുടെ വിവരശേഖരം 14 ജില്ലാകളക്ടർമാർ മുഖാന്തിരം നടത്തി ക്രോഡീകരിച്ച പട്ടിക അനുബന്ധമായി* ചേർക്കുന്നു. സ്വകാര്യവ്യക്തികൾക്ക് പാട്ടം അനുവദിച്ച കേസുകളുടെ വിവരം 14 ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ചുവരുന്നു.

## പാട്ടക്കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകൾ

232(6582) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാട്ടക്കാലാവധി കഴിഞ്ഞ എത്ര എസ്റ്റേറ്റുകൾ ഇതിനകം തിരിച്ചെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇനി എത്ര എസ്റ്റേറ്റുകൾ ഏറ്റെടുക്കാനുള്ള നടപടികൾ ആണ് ഇപ്പോൾ സ്വീകരിച്ച് വരുന്നത് എന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാട്ടക്കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകൾ തിരിച്ചെടുത്തിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇടുക്കി ജില്ലയിൽ 3 എസ്റ്റേറ്റുകൾ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ നെന്മാറ ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ പാട്ടക്കരാർ ലംഘനം നടത്തിയ 41 എസ്റ്റേറ്റുകൾ ഉള്ളതിൽ 20 എണ്ണം റദ്ദ് ചെയ്തിട്ടുള്ളതാണ്. ഹാരിസൺ മലയാളം ലിമിറ്റഡും മറ്റ് അനുബന്ധ കമ്പനികളും കൈവശം വച്ചുവരുന്ന ഭൂമിയിന്മേൽ സർക്കാരിന്റെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിന് സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എല്ലാ ജില്ലാ കളക്ടർമാരേയും ചുമതലപ്പെടുത്തിക്കൊണ്ട് 6-6-2019-ന് ജി.ഒ. (എം.എസ്.) 172/2019/റവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ നടന്നു വരുന്നതുമാണ്.

## ലാൻഡ് ട്രൈബ്യൂണലുകളിൽ നിലവിലുള്ള കേസ്സുകൾ

233(6583) <u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ലാൻഡ് ട്രൈബ്യൂണലുകളിൽ നിലവിലുള്ള കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടിക്രമം ലളിതമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ സ്പെഷ്യൽ ട്രൈബ്യൂണലുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ലാൻഡ് ട്രൈബ്യൂണൽ മുഖേനയുള്ള പട്ടയങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷ നൽകുന്നതിന്റെ കാലാവധി ഈ സർക്കാർ നീട്ടി നൽകിയിട്ടുണ്ടോ;

(ഡി) ലാൻഡ് ട്രൈബ്യൂണൽ വഴി കാണം ടെനൻസി അബോളിഷൻ ആക്റ്റ് മുഖേന കുടിയാന്മാർക്ക് ലഭിക്കുന്ന കാണം പട്ടയങ്ങൾ സംബന്ധിച്ച് ഈ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ലാൻഡ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും കേസുകൾ അതിവേഗം തീർപ്പാക്കി അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള തീവ്രമായ നടപടികൾ സർക്കാർ സ്വീകരിക്കുകയുണ്ടായി. ഇതിന്റെ ഫലമായി വലിയ തോതിൽ കേസുകൾ ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

<u>നടപടികൾ ഒറ്റനോട്ടത്തിൽ</u>

1. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസിൽദാർ (എൽ.എ)-ക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി.

2. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരേയും ലാൻഡ് ട്രൈബ്യൂണലിലേയ്ക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി.

3. ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേയ്ക്ക് സ്ഥലം മാറ്റരുതെന്ന് ഉത്തരവ് പുറപ്പെടുവിച്ചു.

4. 1976-ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിലുള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് പ്രത്യേകം ലാൻഡ് ട്രൈബ്യൂണൽ ക്രമ സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

5. ലാൻഡ് ട്രൈബ്യൂണലിലെ ജീവനക്കാർക്ക് കേസുകൾ കൈകാര്യം ചെയ്യുന്നതിനും കോടതി നടപടിക്രമങ്ങളിലും നിരന്തരം പരിശീലനം നൽകിവരുന്നു.

6. ലാന്റ് ട്രൈബ്യൂണൽ കേസുകൾ, കാണം കേസുകൾ, സർവ്വീസ് ഇനാം കേസുകൾ തുടങ്ങിയ കുടിയായ്മ കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി നിയമങ്ങളിലെ സങ്കീർണ്ണത ഒഴിവാക്കി അവയെ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ജന്മിമാർക്ക് നോട്ടീസ് നടത്തുന്നതിലെ സങ്കീർണ്ണത ഇതിലൂടെ ഒഴിവാക്കാൻ കഴിഞ്ഞു. ഈ നടപടികളിലൂടെയാണ് പട്ടയ വിതരണം കാര്യക്ഷമമാക്കാൻ കഴിഞ്ഞത്.

7. കേരളത്തിലുണ്ടായിരുന്ന 300-ഓളം ലാൻഡ് ട്രൈബ്യൂണലുകളിലെ കേസ് റിക്കാർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതി, ഡിജിറ്റൽ ഇന്ത്യ ലാൻഡ് റിക്കാർഡ് മോഡണൈസേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷംതന്നെ ആരംഭിച്ചിട്ടുണ്ട്. 7 ജില്ലകളിൽ ഒന്നാംഘട്ട ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തിയായാൽ ജനങ്ങൾക്ക് ലാൻഡ് ട്രൈബ്യൂണൽ പട്ടയ പകർപ്പുകൾ വെബ്സൈറ്റിലൂടെ ലഭ്യമാകും.

8. കേസ് തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ സ്റ്റേറ്റ് ലാൻഡ് ബോർഡ് നടത്തിവരുന്നു.

(ബി) പുതിയ 6 ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകൾ രൂപീകരിച്ചു. തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ രണ്ട് വർഷത്തിനകം തീർപ്പാക്കണം എന്ന കർമ്മ പരിപാടിയുടെ ഭാഗമായി 6 പുതിയ ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| തൃശ്ശൂർ | 1. കുന്ദംകുളം എൽ.റ്റി.<br>2. ഇരിങ്ങാലക്കുട എൽ.റ്റി. |
| പാലക്കാട് | 3. പട്ടാമ്പി എൽ.റ്റി. |
| കോഴിക്കോട് | 4. വടകര എൽ.റ്റി. |
| മലപ്പുറം | 5. തിരൂരങ്ങാടി എൽ.റ്റി. |
| കണ്ണൂർ | 6. ഇരിട്ടി എൽ.റ്റി. |

<u>അധിക ചുമതല നൽകിയ സ്പെഷ്യൽ ലാൻഡ് ട്രൈബ്യൂണലുകൾ</u>

| | |
|---|---|
| തൃശ്ശൂർ | 1. തഹസിൽദാർ (ആർ.ആർ.) തൃശ്ശൂർ<br>2. പുഞ്ച സ്പെഷ്യൽ ഓഫീസർ, തൃശ്ശൂർ<br>3. സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) തൃശ്ശൂർ കോർപ്പറേഷൻ |
| പാലക്കാട് | 4. തഹസിൽദാർ (ആർ.ആർ.) പാലക്കാട്<br>5. എൽ.എ. ജനറൽ നം.1, പാലക്കാട്<br>6. എൽ.എ. ജനറൽ നം.2, പാലക്കാട്<br>7. പി.എ.ആർ.(ഇറിഗേഷൻ) പാലക്കാട് |
| മലപ്പുറം | 8. എൽ.എ. ജനറൽ മലപ്പുറം<br>9. എൽ.എ. ജനറൽ തിരൂർ<br>10. എൽ.എ. എയർപോർട്ട്, കരിപ്പൂർ. |
| കോഴിക്കോട് | 11. കോഴിക്കോട് എൽ.എ.<br>12. കൊയിലാണ്ടി എൽ.എ.<br>13. ആർ.ആർ. കോഴിക്കോട് |
| കണ്ണൂർ | 14. ആർ.ആർ. തലശ്ശേരി<br>15. എ.എസ്.എൽ. ഓഫീസ് കണ്ണൂർ. |

ദേവസ്വം ലാൻഡ് ട്രൈബ്യൂണൽ

ദേവസ്വങ്ങൾ ജന്മികളായി വരുന്ന പട്ടയ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി എൽ.ആർ. ഡെപ്യൂട്ടി കളക്ടർ പ്രിസൈഡിംഗ് ഓഫീസറായ 16 ദേവസ്വം എൽ.റ്റി-കളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

(സി) 1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരം കുടിയാന്മ, കുടികിടപ്പ് എന്നീ ഇനങ്ങളിൽ 1-4-1964-നുമുൻപ് ജന്മി-കുടിയാന്മാർ ബന്ധത്തിൽ പാട്ട വ്യവസ്ഥകളോടെ ഭൂമി കൈവശം വച്ച് കൃഷി ചെയ്തുവന്നിരുന്ന കൾട്ടിവേറ്റിംഗ് ടെനന്റിന് ഭൂമിക്കുമേൽ ക്രയസർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ലാൻഡ് ട്രൈബ്യൂണലുകളെ സമീപിക്കാവുന്നതാണ്. കുടികിടപ്പ് അപേക്ഷകൾക്ക് ഏതു സമയവും അപേക്ഷ നൽകാവുന്നതാണ്. കുടിയാന്മക്കാർക്ക് അപേക്ഷിക്കാനുള്ള സമയപരിധി നിയമം നിലവിൽ വന്ന് രണ്ട് വർഷത്തിനകമായിരുന്നു. എന്നാൽ ഈ സമയപരിധി അതാത് കാലം സർക്കാർ ദീർഘിപ്പിച്ചു നൽകാറുണ്ട്. ആയതുകൊണ്ടുതന്നെ ഇത്തരക്കാർക്കും അപേക്ഷ സമർപ്പിക്കുന്നതിന് യാതൊരു തടസ്സവും നിലവിലില്ല. ഇത്തരത്തിലുള്ള അപേക്ഷകൾ സ്വീകരിക്കണമെന്ന് സ്റ്റേറ്റ് ലാൻഡ് ബോർഡിൽനിന്ന് എല്ലാ ട്രൈബ്യൂണലുകളേയും അറിയിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് 1976-ലെ കാണം-കുടിയാന്മ നിർത്തലാക്കൽ നിയമം ബാധകമായ തൃശ്ശൂർ, എറണാകുളം, പാലക്കാട് (ചില താലൂക്കുകൾ) ജില്ലകളിൽ 32000-ൽപ്പരം കാണം-കുടിയാന്മാർക്ക് പട്ടയം ഇല്ലാത്ത സ്ഥിതിവിശേഷം ഉണ്ടായിരുന്നു. ഈ പ്രദേശങ്ങളിലെ കാണം-കുടിയാന്മാർക്ക് അവരുടെ കൈവശ ഭൂമിയിന്മേൽ പൂർണ്ണമായി ഉടമസ്ഥാവകാശം ടി നിയമം തന്നെ നൽകിയിട്ടുണ്ടെന്നും ആയതിനാൽ പ്രത്യേക ക്രയ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതില്ലെന്നും വിശദമാക്കി സ്പഷ്ടീകരണം നൽകുകയുണ്ടായി. കൂടാതെ ഈ പ്രശ്നം പരിഹരിക്കുന്നതിൽ ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങളും നൽകുകയുണ്ടായി. ഈ നടപടികൾ സ്വീകരിച്ചതിലൂടെ ഈ പ്രദേശങ്ങളിലെ 32000 കേസുകളും പൂർണ്ണമായി പരിഹരിക്കുകയുണ്ടായി.

## മഹാപ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവരുടെ അപ്പീൽ അപേക്ഷകളിന്മേൽ നടപടി

234(6584) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർ അവസാന അപ്പീൽ എന്ന നിലയ്ക്ക് 2019 ജൂൺ 30-നുള്ളിൽ സമർപ്പിച്ചിരുന്ന അപേക്ഷകളിൽ ധനസഹായം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ പ്രസ്തുത അപ്പീൽ അപേക്ഷകളിൽ എത്രപേർക്ക് നഷ്ടപരിഹാരം നൽകുവാനുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2019 ജൂൺ 30 വരെ ലഭിച്ച റീബിൽഡ് കേരള മൂന്നാംഘട്ട അപ്പീൽ അപേക്ഷകളിൽ, ധനസഹായത്തിന് അർഹരായ ചുരുക്കം ചിലരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, റേഷൻ കാർഡ് വിവരങ്ങൾ തുടങ്ങിയവയിലുള്ള പിശകുകൾ/ന്യൂനതകൾ എന്നിവമൂലം ആലപ്പുഴ ജില്ലയിലെ ധനസഹായ വിതരണത്തിന് തടസ്സം നേരിട്ടിട്ടുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ താലൂക്കിന്റെ പരിധിയിൽ ഉൾപ്പെട്ടുവരുന്ന ഗ്രാമപഞ്ചായത്തുകൾ/ ചെങ്ങന്നൂർ നഗരസഭ എന്നിവിടങ്ങളിൽ നിന്ന് റീബിൽഡ് കേരള 3-ാം ഘട്ടത്തിൽ ധനസഹായത്തിന് അർഹരായ 316 പേർക്കുകൂടി ധനസഹായം നൽകാനുണ്ട്.

## വില്ലേജ് ഓഫീസുകളിൽനിന്നും സമയബന്ധിതമായി സേവനം ഉറപ്പാക്കുന്നതിന് നടപടി

235(6585) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ ജീവനക്കാരില്ലാത്തതിനാൽ വില്ലേജ് ഓഫീസുകളിൽ നിന്നും സമയബന്ധിതമായി സേവനം ലഭിക്കുന്നതിൽ പൊതുജനങ്ങൾക്ക് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വില്ലേജ് ഓഫീസുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) കോഴിക്കോട് ജില്ലയിൽ ജനസാന്ദ്രത കൂടുതലായതുമൂലം പൊതുജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന വില്ലേജ് ഓഫീസുകൾ വിഭജിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) സംസ്ഥാനത്ത് വില്ലേജുകളിൽ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യംനൽകി വിഭജന നടപടികൾ തുടർന്നു

വന്നിരുന്നു. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

## തൃത്താലയിൽ മിനി സിവിൽ സ്റ്റേഷൻ

236(6586) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല നിയോജകമണ്ഡലത്തിൽ വിവിധ സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന സർക്കാർ ആഫീസുകൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുവേണ്ടി തൃത്താലയിൽ ഒരു മിനി സിവിൽ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) 2018-19, 2019-20 ബഡ്ജറ്റുകളിൽ തൃത്താല മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് പ്രൊപ്പോസലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതിനായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു യോഗം വിളിച്ചു ചേർത്ത് തുടർനടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃത്താല മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതും പട്ടാമ്പി താലൂക്കിൽ തൃത്താല വില്ലേജിൽ സർവ്വേ നമ്പർ 2/1-ൽപ്പെട്ടതുമായ 12.14 ആർ. ഭൂമിയാണ് തീരുമാനിച്ചിട്ടുള്ളത്. ടി ഭൂമി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറുന്നതിന് പൊതുമരാമത്ത് വകുപ്പ് സമ്മതമല്ലെന്ന് അറിയിച്ചതിനെതുടർന്ന് രജിസ്ട്രേഷൻ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി ലഭ്യമാണോയെന്നത് സംബന്ധിച്ചുള്ള വിവരം പട്ടാമ്പി തഹസീൽദാരിൽ നിന്നും ലഭ്യമാക്കിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പരിശോധിക്കാവുന്നതാണ്.

## ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

237(6587) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നിന്ന് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് എന്തൊക്കെ തീരുമാനങ്ങൾ എടുത്തു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി 5 കോടി രൂപയും ടോക്കൺ തുകയും 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഈരാറ്റുപേട്ട നഗരസഭയിലെ വടക്കേക്കര കടുവാമൂഴി പ്രൈവറ്റ് സ്റ്റാന്റിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം സ്വകാര്യ വ്യക്തികളിൽനിന്നും ഏറ്റെടുത്ത സ്ഥലം വിട്ടു നൽകുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനിച്ചിരുന്നു. ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഏറ്റെടുത്ത സ്ഥലം വില്ലേജ് റിക്കാർഡ് പ്രകാരം നിലവിൽ സ്വകാര്യ വ്യക്തിയുടെ തണ്ടപ്പേരിൽത്തന്നെ ഉൾപ്പെട്ടുകിടക്കുന്നു. എൽ.എ.സി.എം. നടപടികൾ പൂർത്തിയാക്കി വില്ലേജ് റിക്കാർഡിൽ അടിയന്തരമാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റവന്യൂ വകുപ്പിൽ സൃഷ്ടിച്ച തസ്തികകൾ

238(6588) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റവന്യൂ വകുപ്പിൽ പുതിയതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്;

(ബി) കാറ്റഗറികൾ അനുസരിച്ചുള്ള വിശദവിവരം നൽകുമോ?

ഉത്തരം

(എ) 332 എണ്ണം.

(ബി) കാറ്റഗറികൾ അനുസരിച്ചുള്ള വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

## പാലക്കാട് ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് ഒഴിവുകൾ

239(6589) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ റവന്യൂ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിലായി നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് ഒഴിവുകളുടെ താലൂക്ക് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2019 ഡിസംബർ 31-നുള്ളിൽ പ്രസ്തുത തസ്തികയിൽ പ്രൊമോഷൻ, വിരമിക്കൽ ഉൾപ്പെടെയുള്ളവയിലൂടെ ഉണ്ടാകാവുന്ന ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) നിലവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവുകൾ ഇല്ല.

(ബി) 2019 ഡിസംബർ 31 വരെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പ്രതീക്ഷിത ഒഴിവുകൾ ഇല്ല.

## കോന്നി മണ്ഡലത്തിലെ തോട്ടം മേഖലയിൽ താമസിക്കുന്നവരുടെ പ്രയാസങ്ങൾ

240(6590) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ തോട്ടം മേഖലയിൽ താമസിക്കുന്ന കൈവശാവകാശ രേഖയുള്ളവർക്ക് കരം അടയ്ക്കുന്നതിന് പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു വ്യക്തി നിയമാനുസരണം കൈവശം വച്ച് അനുഭവിക്കുന്ന ഭൂമി തോട്ടം എന്ന തരത്തിലാണെന്ന കാരണത്താൽ ഭൂനികുതി സ്വീകരിക്കുന്നതിന് നിയമപരമായ തടസ്സമില്ല. 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിന്റെ 81(1)(e) വകുപ്പുപ്രകാരം ഭൂപരിധിയിൽനിന്ന് ഒഴിവാക്കി നൽകിയ തോട്ടഭൂമി അതേപടി നിലനിർത്താതെ തരം മാറ്റിയാൽ അവയ്ക്കെതിരെ മിച്ചഭൂമി കേസ്സ് എടുക്കുകയും അത്തരം ഭൂമികൾക്ക് ഭൂനികുതി സ്വീകരിക്കാത്തതുമാണ്. എന്നാൽ താലൂക്ക് ലാൻഡ് ബോർഡ് ഈ കേസ്സിൽ തീരുമാനമെടുക്കുന്നതുവരെ ഭൂനികുതി സ്വീകരിക്കാറുമുണ്ട്. ഹാരിസൺ മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളും കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമിയുടെ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് സിവിൽ കേസ് ഫയൽ ചെയ്യാൻ 6-6-2019-ലെ സ.ഉ.(കൈ) നമ്പർ 172/2019/റവന്യൂ പ്രകാരം ഉത്തരവായിരിക്കുന്നു. സിവിൽ കേസുകളിലെ അന്തിമ വിധിക്ക് വിധേയം എന്ന വ്യവസ്ഥയോടെ ഇത്തരം ഭൂമികൾക്കും ഭൂനികുതി

സ്വീകരിക്കാവുന്നതാണെന്ന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഭൂ നികുതി അടയ്ക്കാനുള്ള കൈവശക്കാരുടെ അവകാശത്തെ നിയമ വിരുദ്ധമായി ഹനിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനും മേൽപ്പറഞ്ഞ തരത്തിലുള്ളവർക്ക് നിയമാനുസൃതമായ എല്ലാ അവകാശങ്ങളും ഉറപ്പുവരുത്താനും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

### ഭൂമി പോക്കുവരവ് ചെയ്ത് നൽകുന്നതിന് നടപടി

241(6591) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ ചിറ്റാർ വില്ലേജിൽ എ.വി.റ്റി. കമ്പനി ഇരുപത് വർഷം മുമ്പ് പലർക്കായി വിറ്റ ഭൂമി ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോക്ക് വരവ് ചെയ്ത് കൊടുത്തിട്ടുണ്ടോ ;

(ബി) കെ.എൽ.ആർ. ആക്ട് പ്രകാരം ബഹു. ഹൈക്കോടതി കേസ് തീർപ്പാക്കിയിട്ടുള്ള ഗണത്തിൽപ്പെട്ട പ്രസ്തുത ഭൂമി പോക്കുവരവ് ചെയ്യുന്നതിന് സർക്കാർ നിർദ്ദേശം ഉണ്ടായിട്ടും അവയെല്ലാം അവഗണിച്ച് അത്തരത്തിലുള്ള ഭൂമി പോക്ക് വരവ് ചെയ്ത് കൊടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സാധാരണക്കാരായ നിരവധിപേർ ഈ ഗണത്തിൽപ്പെട്ട ഭൂമി പോക്ക് വരവ് ചെയ്യുന്നതിനായ് ചിറ്റാർ വില്ലേജിൽ അപേക്ഷിച്ചിരിക്കുന്നതിനാൽ ഈ വസ്തു നിയമപരമായി പോക്ക് വരവ് ചെയ്ത് നൽകുന്നതിന് യാതൊരു തടസ്സവും ഇല്ലെന്നിരിക്കെ, പൊതുജനങ്ങൾക്കുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന്, ഈ ഭൂമിപോക്ക് വരവ് ചെയ്ത് നൽകുന്നതിന് വില്ലേജാഫീസർക്ക് നിർദ്ദേശം നൽകുമോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) തോട്ടം ഭൂമി സംബന്ധിച്ച് 6-6-2019-ലെ സ.ഉ.(കൈ) നമ്പർ 172/2019/റവ. ഉത്തരവുപ്രകാരം ഹാരിസൺ മലയാളം ലിമിറ്റഡും സമാനമായ മറ്റ് കമ്പനികളും കൈവശം വച്ചിരുന്ന തോട്ടം ഭൂമിയുടെ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് സിവിൽ കേസ് ഫയൽ ചെയ്യുന്നതിനും ഉടമസ്ഥാവകാശം സംബന്ധിച്ച് സർക്കാർ ഫയൽ ചെയ്യുന്ന കേസ്സിലെ വിധിക്ക് വിധേയം എന്ന വ്യവസ്ഥയോടെ കരം സ്വീകരിക്കുന്നതിനും തീരുമാനിച്ച് ഉത്തരവായിട്ടുള്ളതാണ്.

എ.വി.റ്റി.യുടെ ഭൂമി പ്രസ്തുത ഗണത്തിൽപ്പെട്ടതാണെങ്കിൽ സിവിൽ കേസിലെ അന്തിമ വിധിക്ക് വിധേയം എന്ന് രേഖപ്പെടുത്തി കരം അടച്ച് കൊടുക്കുന്നതിന് തടസ്സമില്ലാത്തതാണെന്നും മറ്റ് കാര്യങ്ങളിന്മേൽ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാമെന്നും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിനായി കോന്നി തഹസിൽദാർക്കും ചിറ്റാർ വില്ലേജ് ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**അഗളി വില്ലേജിലെ ഉരുൾപൊട്ടലിൽ ഉണ്ടായ നാശനഷ്ടങ്ങൾ**

242(6592) ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്കിലെ അഗളി വില്ലേജിലെ വിവിധ സ്ഥലങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) ഇതുസംബന്ധിച്ച് പാലക്കാട് ജില്ലാ ജിയോളജിസ്റ്റ് പാലക്കാട് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 2018, 2019 വർഷങ്ങളിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടായ മണ്ണാർക്കാട് താലൂക്കിലെ അഗളി വില്ലേജിലെ പുലിയറ, പല്ലിയറ, കറുവമ്പാടി, ഇന്ദിരാകോളനി, നക്കുപതി ഒ.എൽ.എച്ച്. കോളനി എന്നീ സ്ഥലങ്ങൾ ജിയോളജിസ്റ്റ് പരിശോധിക്കുകയും ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വളരെ പെട്ടെന്ന് മാറ്റി പാർപ്പിക്കേണ്ട കുടുംബങ്ങളുടെ വിവരങ്ങൾ മുൻഗണനയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യുന്നതിന് ജിയോളജിസ്റ്റിന് ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. 2019 ഒക്ടോബർ മാസത്തിലുണ്ടായ ശക്തമായ മഴയിൽ ഭൂമിയിൽ വിള്ളൽ ഉണ്ടായതിനെതുടർന്ന് ഇന്ദിരാ കോളനിയിലെ 22 കുടുംബങ്ങളേയും മണ്ണിടിച്ചിൽ ഉണ്ടായതുമൂലം നക്കുപതി ഒ.എൽ.എച്ച്. കോളനിയിലെ 11 കുടുംബങ്ങളേയും ദുരിതാശ്വാസ ക്യാമ്പുകളിൽ മാറ്റി പാർപ്പിച്ചിരുന്നു. പ്രസ്തുത സ്ഥലങ്ങൾ ജിയോളജിസ്റ്റ് പരിശോധിക്കുകയും ഇന്ദിരാകോളനിയിൽ തട്ടുകളായി തിരിച്ച് നിർമ്മിച്ചിട്ടുള്ള 8 വീടുകളിൽ തുടർന്ന് താമസിക്കുന്നത് അപകടമാണെന്നും ടി പ്രദേശത്തെ മറ്റു കുടുംബങ്ങളെ ശക്തമായ മഴയുണ്ടാകുന്ന സാഹചര്യത്തിൽ മാറ്റി പാർപ്പിക്കണമെന്നും ഒ.എൽ.എച്ച് കോളനിയിൽ മണ്ണിടിച്ചിൽ ഉണ്ടായി മണ്ണ്

ഇടിഞ്ഞു വീണ 19 വീടുകൾ വാസയോഗ്യമല്ലെന്നും, തുടർന്നും മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ദിരാകോളനിയിൽ ജിയോളജിസ്റ്റ് പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ട് അശാസ്ത്രീയമാണെന്നും മുകൾ തട്ടിലെ വീടുകൾക്ക് നാശനഷ്ടം ഉണ്ടായാൽ അതെ താഴത്തെ തട്ടിലെ വീടുകളെക്കൂടി ബാധിക്കുമെന്ന് മണ്ണാർക്കാട് തഹസിൽദാർ റിപ്പോർട്ട് ചെയ്തത് പരിശോധിക്കുന്നതിന് ജിയോളജിസ്റ്റിന് ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഏറനാട് മൊടവണ്ണക്കടവിൽ ചാലിയാറിന് കുറുകെ നടപ്പാലം നിർമ്മാണം

243(6593) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മൊടവണ്ണക്കടവിൽ ചാലിയാറിന് കുറുകെ നടപ്പാലം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തിയാക്കിയ പ്രവൃത്തി ആരംഭിക്കുവാൻ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതോടൊപ്പം ഭരണാനുമതി നല്കിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇതിനായി വനഭൂമി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അപേക്ഷയിൽ വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് 9 പാലങ്ങൾ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാൻ ഉത്തരവായിരുന്നു. മലപ്പുറം ജില്ലയിൽ ചാലിയാർ പുഴയ്ക്ക് കുറുകെ മൊടവണ്ണക്കടവിൽ നിർമ്മിക്കേണ്ട തൂക്കുപാലവും പ്രസ്തുത 9 പാലങ്ങളിൽ ഉൾപ്പെടുന്നു. ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് അലൈൻമെന്റ് സർവ്വേ, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവ പൂർത്തീകരിച്ചിട്ടുള്ളതാണെങ്കിലും പാലത്തിന്റെ ഇരുഭാഗങ്ങളിലുമുള്ള ഭൂമി വനം വകുപ്പിന്റെ കൈവശത്തിലുള്ളതായതിനാൽ വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖാന്തരം അപേക്ഷ

സമർപ്പിച്ചിട്ടുള്ളതാണ്, എന്നാൽ അനുമതി ലഭിച്ചിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തത മൂലം ആർ.എം.എഫ്. ഉപയോഗിച്ച് പാലം പണിയാനുള്ള ഭരണാനുമതി ലഭിച്ചിട്ടും ഇതുവരേയും പണി തുടങ്ങിയിട്ടില്ലാത്ത കേസുകളിൽ ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെ പണി ആരംഭിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിക്കേണ്ടതുണ്ടായി. ഇതേതുടർന്ന് ടി പാലം ഉൾപ്പെടെ 4 പാലങ്ങളുടെ പണി ആരംഭിച്ചിട്ടില്ല. ടി പാലങ്ങളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് ആർ.എം.എഫ്.-ൽ ലഭ്യമല്ലാത്തതും വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാവാത്തതും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങളാണ്.

(സി) പ്രവൃത്തി ആരംഭിച്ച 5 പാലങ്ങളുടെ പണി പൂർത്തീകരിച്ചിട്ടില്ല.

(ഡി) ലഭിച്ചിട്ടില്ല. പ്രവൃത്തി ആരംഭിക്കുന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

## മലപ്പുറം ജില്ലയിലെ മിച്ചഭൂമി കേസുകൾ തീർപ്പാക്കുന്നതിന് അദാലത്ത് - സംബന്ധിച്ച്

244(6594) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ താലൂക്ക് ലാൻഡ് ബോർഡുകളിൽ ഭൂമി സംബന്ധമായ നിരവധി കേസുകൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേസുകൾ അടിയന്തരമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) മിച്ചഭൂമി കേസുകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് അദാലത്തുകൾ നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) മലപ്പുറം ജില്ലയിൽ ഏറനാട്, നിലമ്പൂർ, തിരുരങ്ങാടി, പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ, കൊണ്ടോട്ടി താലൂക്ക് ലാൻഡ് ബോർഡുകളിലായി 233 കേസുകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. ആയതിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

1. ഏറനാട് താലൂക്ക് ലാൻഡ് ബോർഡ് - 52
2. നിലമ്പൂർതാലൂക്ക് ലാൻഡ് ബോർഡ് - 56

| | | | |
|---|---|---|---|
| 3. | തിരൂരങ്ങാടി താലൂക്ക് ലാൻഡ് ബോർഡ് | - | 25 |
| 4. | പെരിന്തൽമണ്ണ താലൂക്ക് ലാൻഡ് ബോർഡ് | - | 34 |
| 5. | പൊന്നാനി താലൂക്ക് ലാൻഡ് ബോർഡ് | - | 19 |
| 6. | തിരൂർ താലൂക്ക് ലാൻഡ് ബോർഡ് | - | 24 |
| 7. | കൊണ്ടോട്ടി താലൂക്ക് ലാൻഡ് ബോർഡ് | - | 23 |

(ബി&സി) താലൂക്ക് ലാൻഡ് ബോർഡുകളിൽ പെൻഡിംഗ് ആയിട്ടുള്ള കേസ്സുകളുടെ തീർപ്പാക്കൽ പുരോഗതി നിരീക്ഷിച്ച് അടിയന്തരമായി തീർപ്പാക്കുന്നതിന് അദാലത്തുകൾ നടത്തുന്നതിനും താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻമാർക്ക് കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്.

**പാവറട്ടി വില്ലേജിനെ സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നതിന് നടപടി**

245(6595) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി വില്ലേജിനെ 2019-20 പ്ലാൻ സ്കീം പ്രകാരം സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ലക്ഷം രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത വില്ലേജാഫീസ് നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) പാവറട്ടി വില്ലേജ് സർവ്വേ നമ്പർ 136/15 ൽപ്പെട്ട കേരള വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള പുറമ്പോക്ക് ഭൂമിയിൽ നിന്നും ആവശ്യമായ ഭൂമി വിട്ടുകിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) അനുയോജ്യമായ ഭൂമി ലഭ്യമാക്കി പാവറട്ടി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിന് വേണ്ട അടിയന്തര നടപടി എടുക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) 44,00,000 (നാൽപ്പത്തിനാല് ലക്ഷം രൂപ) രൂപയാണ് ഭരണാനുമതി പ്രകാരം അനുവദിച്ചിട്ടുള്ളത്.

(സി) വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പാവറട്ടി വില്ലേജ് സർവ്വേ നമ്പർ 136-ൽ ഉൾപ്പെട്ട പ്രസ്തുത ഭൂമി കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിൽ ഉള്ളതാണ്.

(ഡി&ഇ) റവന്യൂ വകുപ്പിൻ കീഴിൽ കെട്ടിടം പണിയുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ പാവറട്ടി വില്ലേജിൽ കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള മേൽപ്പറഞ്ഞ സ്ഥലം ഭൂമി കൈമാറ്റം മുഖേന ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പാലക്കാട് പിരായിരി വില്ലേജ് വിഭജനം

246(6596) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് താലൂക്കിലെ പിരായിരി വില്ലേജിൽ ആവശ്യത്തിന് ജോലിക്കാർ ഇല്ലാതെ അപേക്ഷകർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പിരായിരി വില്ലേജിനെ വിഭജിച്ച് രണ്ടാക്കുന്ന കാര്യം പരിഗണിക്കാമോ; കൂടുതൽ ഉദ്യോഗസ്ഥരെ പിരായിരി വില്ലേജിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിലെ പിരായിരി വില്ലേജിൽ അനുവദിക്കപ്പെട്ട തസ്തികയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വില്ലേജുകളിൽ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എങ്കിലും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം തൽക്കാലം പരിഗണിക്കേണ്ടതില്ലായെന്ന പൊതുനിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

## പട്ടാമ്പി മണ്ഡലത്തിലെ മുതുതല വില്ലേജ് ഓഫീസിന്റെ ശോചനീയാവസ്ഥ

247(6597) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ മുതുതല വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഓഫീസ് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടാമ്പി മണ്ഡലത്തിലെ മുതുതല വില്ലേജ് ഓഫീസ് കെട്ടിട പുനർനിർമ്മാണം റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**മാനന്തവാടി താലൂക്കിൽ പട്ടയം നൽകാൻ സ്വീകരിച്ച നടപടികൾ**

248(6598) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാന്തവാടി താലൂക്കിൽ പട്ടയത്തിനായി അപേക്ഷിച്ച് പട്ടയം ലഭിക്കാത്ത ആളുകളുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇവർക്ക് പട്ടയം നൽകാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും വില്ലേജിൽ പട്ടയം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കാമോ;

(ഡി) പട്ടയം നൽകാനുള്ള നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) മാനന്തവാടി താലൂക്കിൽ പട്ടയത്തിന് അപേക്ഷിച്ച് പട്ടയം ലഭിക്കാത്ത 113 അപേക്ഷകളുണ്ട്. ആയതിൽ 25 കേസുകളിൽ പട്ടയം നൽകുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. ബാക്കി 88 കേസുകളുടെ വിവരങ്ങൾ വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വില്ലേജ് | അപേക്ഷകരുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | മാനന്തവാടി | 15 |
| 2 | തിരുനെല്ലി | 25 |
| 3 | തൃശ്ശിലേരി | 11 |
| 4 | പനമരം | 4 |

| (1) | (2) | (3) |
|---|---|---|
| 5 | അഞ്ചുകുന്ന് | 6 |
| 6 | പയ്യമ്പള്ളി | 2 |
| 7 | വെള്ളമുണ്ട | 11 |
| 8 | എടവക | 2 |
| 9 | പേര്യ | 1 |
| 10 | വാളാട് | 1 |
| 11 | ചെറുകാട്ടൂർ | 1 |
| 12 | തൊണ്ടർനാട് | 3 |
| 13 | തവിഞ്ഞാൽ | 2 |
| 14 | കാഞ്ഞിരങ്ങാട് | 2 |
| 15 | പൊരുന്നന്നൂർ | 0 |
| 16 | നല്ലൂർനാട് | 2 |
| | ആകെ | 88 |

മാനന്തവാടി താലൂക്കിൽ തിരുനെല്ലി വില്ലേജിൽ നരിക്കൽ പ്രദേശത്ത് മുമ്പ് കൊടുത്ത മിച്ചഭൂമി പട്ടയം റദ്ദ് ചെയ്ത് നിലവിൽ കൈവശം വച്ച് വരുന്ന 219 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകുന്നതിനുള്ള നിയമാനുസൃത നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചുവരുന്നു.

(സി&ഡി) മാനന്തവാടി താലൂക്കിൽ തവിഞ്ഞാൽ വില്ലേജ് സർവ്വേ നമ്പർ 68/1 ബി, 90/1-ൽപ്പെട്ട മക്കിമല പ്രദേശത്ത് പട്ടാളക്കാർക്ക് പതിച്ച് കൊടുത്ത ഭൂമിയിൽ വർഷങ്ങളായി കയ്യേറി താമസിച്ചുവരുന്ന 70 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ചില തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. പ്രസ്തുത ഭൂമിയിലെ മൂവായിരത്തോളം മരങ്ങൾ നഷ്ടപ്പെട്ടതിന്റെ ബാധ്യത കണക്കാക്കുന്നതിനും മുമ്പ് അനുവദിച്ച പട്ടയം റദ്ദ് ചെയ്യുന്നതിനും കൂടുതൽ സമയം ആവശ്യമാണ്. വെള്ളമുണ്ട വില്ലേജിൽ പുളിഞ്ഞാൽ പ്രദേശത്ത് പട്ടികവിഭാഗക്കാർക്ക് പതിച്ച് കൊടുത്ത ഭൂമിയിലെ 27 അനധികൃത കൈവശക്കാർക്ക് പട്ടയം നൽകുന്ന കാര്യവും 1-1-1977-നുമുമ്പ് വനഭൂമി കൈവശം വച്ച് വരുന്ന കേസുകളിൽ തൊണ്ടർനാട്-177, പേര്യ-14, മാനന്തവാടി-175, കാഞ്ഞിരങ്ങാട്-3, എന്നിങ്ങനെ പട്ടയം നൽകുന്നതിനുള്ള 369 അപേക്ഷകളും നിലവിലുണ്ട്. ഇക്കാര്യത്തിൽ ജി.പി.എസ്. സർവ്വേ നടപടികൾകൂടി പൂർത്തിയാകാനുണ്ട്. ചട്ടപ്രകാരമുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ബേപ്പൂർ, ചെറുവണ്ണൂർ വില്ലേജുകളുടെ വിഭജനം

249(6599) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള കണക്കുകൾ പ്രകാരം കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള വില്ലേജുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) കോഴിക്കോട് ജില്ലയിലെ ബേപ്പൂർ, ചെറുവണ്ണൂർ വില്ലേജുകളിലെ ജനസംഖ്യ മറ്റ് വില്ലേജുകളെ അപേക്ഷിച്ച് വളരെ കൂടുതലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബേപ്പൂർ, ചെറുവണ്ണൂർ വില്ലേജുകളെ വിഭജിച്ച് പുതിയ വില്ലേജുകൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) ബേപ്പൂർ, ചെറുവണ്ണൂർ വില്ലേജുകളാണ് കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള വില്ലേജുകൾ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യംനൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. എന്നാൽ കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ വില്ലേജിലെ വലിയ ജനസംഖ്യയും വിസ്തൃതിയും ജനങ്ങളുടെ ബുദ്ധിമുട്ടും കണക്കിലെടുത്ത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ചെറുവത്തൂർ വില്ലേജ് വിഭജിച്ച് തുരുത്തി എന്ന ഒരു പുതിയ വില്ലേജ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

## മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ നിർമ്മാണത്തിനുള്ള ഭൂമി

250(6600) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും മാവേലിക്കര കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച ഡിപ്പോയുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട തടസ്സം നീക്കുന്നതിന് ജില്ലാ കളക്ടർ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടികൾ പൂർത്തീകരിക്കുന്നതിൽ കഴിഞ്ഞ അഞ്ച് മാസമായി യാതൊരു തുടർനടപടികളും സ്വീകരിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വീഴ്ച പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുമോ;

(ഡി) കെട്ടിട നിർമ്മാണം നടക്കുന്ന ഭൂമി നഗരസഭയുടേതല്ലെന്ന് രേഖാമൂലം നഗരസഭ വ്യക്തമാക്കിയിട്ടും ഭൂമി കെ.എസ്.ആർ.ടി.സി.-യുടെ പേരിലേക്ക് മാറ്റുന്നതിന് എൻ.ഒ.സി. നൽകാതിരിക്കുന്നതെന്തുകൊണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ വിഷയത്തിൽ പ്രശ്നപരിഹാരത്തിനായി ആലപ്പുഴ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 14-6-2019-ൽ ഒരു യോഗം വിളിച്ച് ചേർക്കുകയും ബേസിക് ടാക്സ് രജിസ്റ്റർ (BTR) പ്രകാരം ടി സ്ഥലം മുൻസിപ്പാലിറ്റിയുടെ പേരിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മുൻസിപ്പാലിറ്റിയുടെ പക്കൽ ടി സ്ഥലം അവരുടേതാണെന്ന് തെളിയിക്കുന്നതിനുള്ള യാതൊരു രേഖകളും ഇല്ല. കെ.എസ്.ആർ.ടി.സി.-യുടെ കൈവശാവകാശം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകിയാൽ മാത്രമേ പെർമിറ്റ് നൽകേണ്ടതുള്ളൂ എന്ന് മുൻസിപ്പൽ കൗൺസിൽ തീരുമാനിച്ചിട്ടുള്ളത്.

സ്ഥലം സ്വന്തമാണെന്ന് തെളിയിക്കുന്ന യാതൊരു രേഖകളും മുനിസിപ്പാലിറ്റിയുടെ പക്കൽ ഇല്ലാത്ത സാഹചര്യത്തിൽ കഴിഞ്ഞ 30 വർഷങ്ങളായി കെ.എസ്.ആർ.ടി.സി. കൈവശംവച്ച് ഉപയോഗിച്ചുവരുന്ന സ്ഥലത്തിന് മുൻസിപ്പാലിറ്റി NOC നൽകുന്നപക്ഷം സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന് തടസമില്ലെന്ന് മാവേലിക്കര തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് NOC നൽകുന്നതിന് മറ്റെന്തെങ്കിലും തടസ്സം ഉണ്ടോ എന്നുള്ള വിവരം അടിയന്തരമായി റിപ്പോർട്ട് ചെയ്യുവാൻ പലതവണ മുൻസിപ്പൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ടി വിഷയത്തിൽ മുൻസിപ്പൽ കൗൺസിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനം മുനിസിപ്പൽ സെക്രട്ടറി ഇതുവരെയും ലഭ്യമാക്കിയിട്ടില്ല.

(ബി) ഇല്ല.

(സി) തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം നിർദ്ദേശം നൽകാവുന്നതാണ്.

(ഡി) കെട്ടിട നിർമ്മാണം നടക്കുന്ന ഭൂമി ബി.റ്റി.ആർ. പ്രകാരം നഗരസഭയുടെ പേരിലാണ്. എന്നാൽ ഭൂമി നഗരസഭയുടേതല്ലെന്ന് രേഖാമൂലം നഗരസഭ അറിയിച്ചിട്ടില്ല.

ബി.റ്റി.ആർ. പരിശോധിച്ചതിൽനിന്നും ബസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് ബ്ലോക്ക് 66-ൽ റീ സർവ്വേ 47, 48, 49, 50, 51, 52, 53, 54, 55, 56, 65, 66, 67 എന്നിവയിൽപ്പെട്ടതാണ് കാണുന്നു. ടി സർവ്വേ നമ്പരുകളിൽ ഭൂരിഭാഗം വസ്തുവും ഉൾപ്പെട്ടുവരുന്ന 47, 49, 65 എന്നിവ ബി.റ്റി.ആർ. പ്രകാരം മാവേലിക്കര മുൻസിപ്പാലിറ്റി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് എന്നും 48, 51, 52, 53, 54, 67, 66 എന്നിവ മാവേലിക്കര മുൻസിപ്പാലിറ്റി സർവ്വേ എന്നും റീസർവ്വേ നമ്പർ 50, 56 എന്നിവ സർക്കാർ പുറമ്പോക്ക് എന്നും റീസർവ്വേ നമ്പർ 55 സർക്കാർ പുറമ്പോക്ക് തോട് എന്നും രേഖപ്പെടുത്തിയിരിക്കുന്നതായും ഒന്നായി കിടക്കുന്ന ടി വസ്തുക്കളിൽ കിഴക്കുഭാഗം ഒഴികെ ബാക്കി ചുറ്റുമതിൽ നിർമ്മിച്ചിട്ടുള്ളതും വർഷങ്ങളായി കെ.എസ്.ആർ.ടി.സി.-യുടെ കൈവശത്തിലുമാണ്. ബി.റ്റി.ആർ. രേഖകളിൽ സ്ഥലം മുൻസിപ്പാലിറ്റിയുടെ പേരിൽ ആയതിനാൽ മുനിസിപ്പാലിറ്റിയുടെ NOC ലഭിക്കുന്നപക്ഷം ടി സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് കെ.എസ്.ആർ.ടി.സി.-ക്ക് നൽകുന്നതിന് തടസ്സമില്ലായെന്നും ഇക്കാര്യത്തിൽ മുനിസിപ്പൽ കൗൺസിൽ കൈകൊണ്ടിട്ടുള്ള തീരുമാനം നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല.

## നിലമ്പൂർ റവന്യൂ ടവറിന്റെ നിർമ്മാണം

251(6601) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ റവന്യൂ ടവറിന്റെ ഫയൽ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഫയൽ നടപടികൾ ഏതുവരെയായെന്നും ഏത് ഓഫീസിലാണ് പ്രസ്തുത ഫയൽ കൂടുതൽ കാലം കെട്ടിക്കിടന്നതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത ഫയൽ നടപടി വൈകുന്നതിന്റെ പ്രധാന ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) എന്നത്തേക്ക് പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി ഉദ്ഘാടനം നടത്താൻ കഴിയുമെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡാണ് നിലമ്പൂർ റവന്യൂ ടവർ നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസി. നിലമ്പൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 90-ൽ റീസർവ്വേ നമ്പർ 85/6-ന്റെ പാർട്ടിൽപ്പെട്ട നിലമ്പൂർ റവന്യൂ ടവറിനുള്ള

50.3 സെന്റ് സ്ഥലം 17-5-2018-ന് കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ ചെയ്ത് സ്കെച്ച് തയ്യാറാക്കി കെട്ടിടത്തിൽ ഉൾപ്പെടുത്തേണ്ട ഓഫീസുകളെ സംബന്ധിച്ച വിവരങ്ങൾ നിലമ്പൂർ താലൂക്ക് ഓഫീസിൽനിന്ന് ശേഖരിച്ച് പ്രദേശത്തെ മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് ഹൗസിംഗ് ബോർഡ് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കെട്ടിടത്തിന്റെ റഫ് പ്ലാൻ തയ്യാറാക്കി നിലമ്പൂർ തഹസീൽദാർക്ക് അഭിപ്രായം അറിയിക്കുന്നതിനായി നൽകിയിരുന്നതും പ്ലാനിൽ വരുത്തേണ്ട മാറ്റങ്ങൾ തഹസീൽദാർ ഓഫീസിൽനിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്ലാൻ ഫൈനലൈസ് ചെയ്തുവരുന്നുണ്ട്. ഇത്തരത്തിലുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതുള്ളതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ഹൗസിംഗ് ബോർഡിന് ആരംഭിക്കാനായിട്ടില്ല.

(ബി&സി) ടവർ നിർമ്മാണത്തിനുള്ള ഭൂമി 17-5-2018-ലും ടവർ നിർമ്മാണത്തിന്റെ ഫൈനലൈസ് ചെയ്ത പ്ലാൻ 6-4-2019-ലും നിലമ്പൂർ തഹസിൽദാർക്ക് മലപ്പുറം ഭവന നിർമ്മാണ ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. തുടർന്ന് 7-6-2019-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തഹസീൽദാർക്ക് സമർപ്പിച്ച പ്ലാൻ 21-6-2019-ൽ നിർമ്മാണ അനുമതി ലഭ്യമാക്കുന്നതിന് ടിയാൻ നിലമ്പൂർ നഗരസഭ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ തുടർനടപടി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മലപ്പുറം ഓഫീസുമായി ബന്ധപ്പെട്ടതാണ്.

(ഡി) പ്ലാൻ ഫൈനലൈസ് ചെയ്തതിനുശേഷം സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്ത് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കി ഭരണാനുമതിയും കിഫ്ബിയുടെ അംഗീകാരവും ലഭ്യമാക്കിയതിനുശേഷം സാങ്കേതികാനുമതി നൽകി പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭാഗാധാരവും പോക്കുവരവും റദ്ദാക്കുന്നത് സംബന്ധിച്ച ഹർജി**

252(6602) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേണ്ടത്ര സാക്ഷികളില്ലാതെ തയ്യാറാക്കിയ ഭാഗാധാരവും പോക്കുവരവും റദ്ദാക്കണമെന്നാവശ്യപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ പാങ്ങപ്പാറ വില്ലേജിൽ കാര്യവട്ടം എള്ളുവിള പുത്തൻവീട്ടിൽ ഓമനയമ്മ തിരുവനന്തപുരം ജില്ലാകളക്ടർക്ക് നൽകിയ പെറ്റീഷൻ നമ്പർ 220164/2019-ൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ പെറ്റീഷൻ ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ; ഇതിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലാകളക്ടർ മുമ്പാകെ കാര്യവട്ടം എള്ളുവിള പുത്തൻവീട്ടിൽ ശ്രീമതി ഓമനയമ്മ സമർപ്പിച്ച അപേക്ഷ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം കക്ഷിയെ അറിയിക്കണമെന്ന നിർദ്ദേശത്തോടുകൂടി 4-10-2019-ൽ 220164/2019/എൻ.ഡിസ്. ആയി തിരുവനന്തപുരം ജില്ലാ കളക്ടർ തിരുവനന്തപുരം ഭൂരേഖ തഹസിൽദാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) ടി പരാതി സംബന്ധിച്ച് തിരുവനന്തപുരം ഭൂരേഖ തഹസിൽദാരുടെ കാര്യാലയത്തിൽ നടപടി സ്വീകരിച്ചുവരുന്നു. വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ട് 11-11-2019-ന് പാങ്ങപ്പാറ വില്ലേജ് ഓഫീസർക്ക് തിരുവനന്തപുരം ഭൂരേഖ തഹസിൽദാർ നിർദ്ദേശം നൽകിയിട്ടുള്ളതും ടി റിപ്പോർട്ട് ലഭ്യമാക്കി തിരുവനന്തപുരം ഭൂരേഖ തഹസിൽദാർ തുടർ നടപടി സ്വീകരിച്ച് വിവരം കക്ഷിയെ അറിയിക്കുന്നതുമാണ്.

## പുല്ലിപ്പുഴ പുറമ്പോക്ക് കയ്യേറ്റം

253(6603) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലമ്പ്ര വില്ലേജിലെ പുല്ലിപ്പുഴയോരം കയ്യേറ്റം ചെയ്യുന്നത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പുല്ലിപ്പുഴ കയ്യേറുന്നത് ഒഴിവാക്കാൻവേണ്ടി സർവ്വേ ടീമിനെ നിയോഗിച്ച് അതിർത്തി നിർണ്ണയിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) ചേലമ്പ്ര പാറയിൽ കൊപ്രതോട് സ്വകാര്യ വ്യക്തി കയ്യേറിയത് സംബന്ധിച്ച് പരാതി നിലവിലുണ്ടോ; കയ്യേറ്റം കണ്ടെത്തി അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) മൂന്നിയൂർ, തേഞ്ഞിപ്പലം, വള്ളിക്കുന്ന്, അരിയല്ലൂർ, ചേലമ്പ്ര എന്നീ വില്ലേജുകളിലെ പുഴ പുറമ്പോക്ക് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ഇ) പുഴ പുറമ്പോക്കിന്റെ സർവ്വേ നമ്പരും സ്കെച്ചും സഹിതം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ചേലമ്പ്ര വില്ലേജിലെ പുല്ലിപ്പുഴയോരം കയ്യേറ്റം ചെയ്യുന്നത് സംബന്ധിച്ച പരാതി മലപ്പുറം ജില്ലാ കളക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. മേൽ പരാതി അന്വേഷണത്തിനും തുടർനടപടികൾക്കും റിപ്പോർട്ടിനുമായി കൊണ്ടോട്ടി തഹസീൽദാർക്കും ചേലമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും അയച്ചുകൊടുക്കുകയും ടി പരാതിയിൽ കൊണ്ടോട്ടി തഹസീൽദാർ അന്വേഷണം നടത്തി റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുമുണ്ട്. ആയതുപ്രകാരം കയ്യേറ്റം സ്ഥിരീകരിക്കുന്നതിനും ഒഴിപ്പിക്കുന്നതിനും അതിർത്തി പുനർനിർണ്ണയം നടത്തേണ്ടതുണ്ടെന്നും പുല്ലിപ്പുഴ ചേലമ്പ്ര ഗ്രാമപഞ്ചായത്ത് അധീനതയിലായതിനാൽ അതിർത്തി പുനർനിർണ്ണയം നടത്തുന്നതിന് ഫോറം 10-ൽ അപേക്ഷ സമർപ്പിക്കുന്നതിന് ചേലമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൊണ്ടോട്ടി (എൽ.ആർ.) തഹസിൽദാർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അപേക്ഷ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും കൊണ്ടോട്ടി തഹസിൽദാർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ബി) അതിർത്തി പുനർനിർണ്ണയം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ചേലമ്പ്ര വില്ലേജിലെ പാറയിൽ കൊപ്രതോട്, സ്വകാര്യ വ്യക്തി കയ്യേറിയത് സംബന്ധിച്ച പരാതി മലപ്പുറം ജില്ലാ കളക്ടറേറ്റിൽ നിലവിലുണ്ട്. അതിർത്തി പുനർനിർണ്ണയം നടത്തിയതിൽ 0.0050 ഹെക്ടർ കയ്യേറ്റമുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. കയ്യേറ്റത്തിന്റെ സ്കെച്ച് തുടർനടപടികൾക്കായി ചേലമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൊണ്ടോട്ടി (എൽ.ആർ.) തഹസിൽദാർ അയച്ചുകൊടുത്തിട്ടുണ്ട്.

(ഡി) ചേലമ്പ്ര വില്ലേജ്-ബ്ലോക്ക് 01 റീ.സ.1-15.4060 ഹെക്ടർ.

മൂന്നിയൂർ വില്ലേജ്-ബ്ലോക്ക് 22 റീ.സ.152/4-0.0320 ഹെക്ടർ.

ബ്ലോക്ക് 22 റീ.സ.1523/1-0.0885 ഹെക്ടർ.

ബ്ലോക്ക് 22 റീ.സ.154/1-0.0320 ഹെക്ടർ.

ബ്ലോക്ക് 22 റീ.സ.1-56.5025 ഹെക്ടർ.

ബ്ലോക്ക് 07 റീ.സ.516-12.0825 ഹെക്ടർ.

വള്ളിക്കുന്ന്-ബ്ലോക്ക് 05 റീ.സ.12-01.7840 ഹെക്ടർ.

ബ്ലോക്ക് 05 റീ.സ.1-35.8300 ഹെക്ടർ.

ബ്ലോക്ക് 05 റീ.സ.15-32.8650 ഹെക്ടർ.

അരിയല്ലൂർ-ബ്ലോക്ക് 06 റീ.സ.752-37.1750 ഹെക്ടർ.

തേഞ്ഞിപ്പലം-ബ്ലോക്ക് 03 റീ.സ.2-33.7000 ഹെക്ടർ.

(ഇ) സ്കെച്ച് അനുബന്ധമായി ചേർക്കുന്നു*

**വള്ളിക്കുന്ന് മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം**

254(6604) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2019 ഒക്ടോബർ വരെ വള്ളിക്കുന്ന് മണ്ഡലത്തിലെ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി റവന്യൂ വകുപ്പിൽ ഡിസാസ്റ്റർ മാനേജ്മെന്റിൽ നിന്ന് ഭരണാനുമതി ലഭിച്ച റോഡുകളുടെ പേരും ഭരണാനുമതിയുടെ പകർപ്പും ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി പ്രകാരം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്, തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മലപ്പുറം ജില്ലാ കളക്ടർക്ക് അംഗീകാരത്തിനായി സമർപ്പിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) കൊണ്ടോട്ടി, തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ 2016 മുതൽ 2019 ഒക്ടോബർ വരെ സമർപ്പിച്ച എസ്റ്റിമേറ്റുകളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല.

**ഇരിങ്ങാലക്കുട മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് പദ്ധതി**

255(6605) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

സംസ്ഥാനത്തെ ജീർണ്ണാവസ്ഥയിലും കാലപ്പഴക്കം, പ്രകൃതിക്ഷോഭം എന്നിവയാൽ അപകടാവസ്ഥയിലുമായിട്ടുള്ള വില്ലേജ് ഓഫീസുകളെയാണ് നിലവിൽ സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിലേയ്ക്ക് സർക്കാർ പരിഗണിച്ചു വരുന്നത്. ഇരിങ്ങാലക്കുട മണ്ഡലത്തിൽപ്പെട്ട കട്ടപ്പശ്ശേരി വില്ലേജിനെ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**ചാലക്കുടിയിൽ ഹൈപ്പർ മാർക്കറ്റ്**

256(6606) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ഹൗസിംഗ് ബോർഡ് വക വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് എന്തെങ്കിലും പ്രോജക്ട് നടപ്പാക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്താണെന്ന് വിശദമാക്കാമോ ;

(സി) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ ഒരു ഹൈപ്പർ മാർക്കറ്റ് പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിനായി അനുമതി ലഭ്യമാക്കുന്നതിനായി എന്തെങ്കിലും അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ഡി) അതിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ കിഴക്കേ ചാലക്കുടിയിലുള്ള സ്ഥലത്ത് അഞ്ച് നിലകളുള്ള കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് 2016-ൽ സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ നിലവിൽ ഈ സ്ഥലം ഭാരത് പെട്രോളിയം കോർപ്പറേഷന്റെ ഔട്ട്ലെറ്റ് സ്ഥാപിക്കുന്നതിന് വാടകയ്ക്ക് നൽകുന്നതിന് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി&ഡി) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ ചാലക്കുടി ബസ് സ്റ്റേഷന് സമീപത്തുള്ള സ്ഥലം സപ്ലൈകോയ്ക്ക് ഹൈപ്പർമാർക്കറ്റ് ആരംഭിക്കുന്നതിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സർക്കാരിനെ സമീപിച്ചിട്ടുണ്ട്.

ഇതുസംബന്ധിച്ച് സംസ്ഥാന ഭവന നിർമ്മാണ ബോർഡിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇത് സംബന്ധിച്ച തീരുമാനമെടുത്തിട്ടില്ല.

## റവന്യൂ വകുപ്പിന് വാഹനങ്ങളുടെ അപര്യാപ്തത

257(6607) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടാകുന്ന എല്ലാവിധ ദുരന്തനിവാരണ പ്രവർത്തനങ്ങളിലും നേതൃത്വം നൽകുന്ന റവന്യൂ വകുപ്പിന് നിലവിൽ വാഹനങ്ങളുടെ അപര്യാപ്തത ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏറ്റവും കൂടുതലായി ദുരന്തസ്ഥലങ്ങളിൽ ഓടിയെത്തേണ്ടുന്ന വില്ലേജ് ഓഫീസ് ജീവനക്കാർക്ക് വാഹനം ഇല്ലാത്തതിനാൽ ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(സി) വാഹനങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഒരു താലൂക്കിലെ നാലോ, അഞ്ചോ വില്ലേജുകൾക്ക് ഒരു വാഹനം എന്ന തോതിൽ സൗകര്യം ഏർപ്പെടുത്താൻ സാധിക്കുമോ; ഈ കാര്യം പരിശോധിക്കുമോയെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) വില്ലേജ് ഓഫീസർമാർക്ക് വാഹനം അനുവദിക്കണമെന്ന ആവശ്യവുമായി ബന്ധപ്പെട്ട് സമർപ്പിച്ച ശിപാർശ ധനകാര്യവകുപ്പ് നിരസിച്ചിരുന്നു.

(സി) പരിശോധിക്കാവുന്നതാണ്.

## ഭൂമിയുടെ തരം മാറ്റുന്നതിനായി സമർപ്പിച്ച അപേക്ഷ

258(6608) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ വില്ലേജിലെ സർവ്വെ നമ്പർ 187/SP-യിൽ ഉൾപ്പെട്ടതും എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ അഞ്ച് സെന്റ് ഭൂമിയുടെ തരം റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് മാറ്റുന്നതിനായി ശാന്തിനി, പെരുമ്പയിൽ വീട്, ചിറ്റാറ്റുക്കര, കാക്കശ്ശേരി, തൃശ്ശൂർ എന്ന വ്യക്തി അപേക്ഷ സമർപ്പിച്ചിരുന്നോ;

(ബി) അപേക്ഷകയോട് പ്രസ്തുത ഭൂമി തരം മാറ്റുന്നതിനായ് പുതുക്കിയ ന്യായവിലയുടെ മുപ്പത് ശതമാനം തുകയായ 79,88,796 രൂപ അടക്കാൻ ആവശ്യപ്പെട്ടിരുന്നോ;

(സി) നിലം എന്നത് കണക്കിലെടുത്താണോ പ്രസ്തുത ഭൂമിയുടെ ന്യായവില കണക്കാക്കിയത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അഞ്ച് സെന്റ് ഭൂമിക്ക് ഒരു സാധാരണക്കാരിയിൽ നിന്ന് ഇത്രയും ഭീമമായ തുക ആവശ്യപ്പെടുന്നത് ന്യായമാണെന്ന് കരുതുന്നുണ്ടോ;

(ഇ) നിലം എന്ന് റവന്യൂ രേഖയിൽ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ പ്രസ്തുത ഭൂമിയുടെ ന്യായവില നിലം എന്ന ഗണത്തിൽ ഉൾപ്പെടുത്തി നിശ്ചയിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത ഭൂമിയുടെ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫെയർ വാല്യൂ എത്രയാണെന്നും അപേക്ഷകയ്ക്ക് പ്രസ്തുത ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിനായി അനുമതി നൽകാൻ കഴിയുമോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീമതി ശാന്തിനി, പെരുമ്പയിൽ വീട്, കക്കാശ്ശേരി ചിറ്റാട്ടുകര എന്നിവർ എന്നിവർ 20-6-2018-ന് തൃശ്ശൂർ വില്ലേജ് സർവ്വേ 187/5 P-യിൽ ഉൾപ്പെട്ട ഭൂമിയുടെ തരം റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിന് തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു.

(ബി) അപേക്ഷകയോട് പ്രസ്തുത ഭൂമി തരം മാറ്റുന്നതിന് 79,88,796 രൂപ അടയ്ക്കാൻ നിർദ്ദേശിച്ചിരുന്നു.

(സി) അപേക്ഷാ വസ്തുവിന് ന്യായവില നിശ്ചയിച്ചിട്ടുള്ളതല്ല. ആയതിനാൽ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2008-ലെ 2 (VI A) വകുപ്പ് പ്രകാരം സമാനമായതും സമാനമായി സ്ഥിതി ചെയ്യുന്നതുമായ ഭൂമിയുടെ ന്യായവില കണക്കാക്കിയാണ് തുക നിശ്ചയിച്ചിരിക്കുന്നത്.

(ഡി) തൃശ്ശൂർ ജില്ലയിൽ വളരെ പ്രധാനപ്പെട്ട ഒരു സ്ഥലത്ത് സ്ഥിതി ചെയ്യുന്നതും ഉയർന്ന ന്യായവിലയും കമ്പോളവിലയുമുള്ള സ്ഥലവുമായതിനാൽ ഏതൊരു വ്യക്തിയിൽ നിന്നായാലും നിലവിലെ നിയമങ്ങൾക്കനുസരിച്ച് മേൽ തുക അടയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത് ന്യായമാണെന്ന് കരുതുന്നു. അല്ലാത്തപക്ഷം സർക്കാരിന് റവന്യൂ നഷ്ടം വരുന്നതാണ്.

(ഇ&എഫ്) നിലം തരത്തിൽനിന്നും പുരയിടം എന്ന തരത്തിലേയ്ക്ക് മാറ്റുന്നതിന് പ്രസ്തുത ഭൂമിയുടെ ന്യായവിലയുടെ നിശ്ചിത ശതമാനമാണ് ഒടുക്കേണ്ടത്. അപേക്ഷാ ഭൂമിയായ തൃശ്ശൂർ വില്ലേജ് സർവ്വേ 187/5-ൽ ഉൾപ്പെട്ട സ്ഥലത്തിന് ന്യായവില നിശ്ചയിച്ച് വന്നിട്ടില്ലാത്തതാണ്. ഭൂമിയുടെ ന്യായവില നിശ്ചയിച്ചിട്ടില്ലാത്തിടത്ത്, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിന്റെ വകുപ്പ് 2(vi A) പ്രകാരം സമാനമായതും സമാനമായി സ്ഥിതി ചെയ്യുന്നതുമായ ഭൂമിയുടെ ന്യായവിലയാണ് കണക്കിലെടുക്കേണ്ടത്. ആയതിനാൽ ഇപ്രകാരം മാത്രമേ പ്രസ്തുത ഭൂമിയുടേയും ന്യായവില നിർണ്ണയം സാധ്യമാവുകയുള്ളൂ. 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമവും ചട്ടങ്ങളിലും അനുശാസിക്കുന്ന പ്രകാരമുള്ള തുക ഒടുക്കുന്നപക്ഷം പ്രസ്തുത ഭൂമിയുടെ തരം മാറ്റി നൽകുവാൻ സാധിക്കുന്നതാണ്. അപ്രകാരം തരംമാറ്റം ലഭിച്ചാൽ നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മാണാനുമതി വാങ്ങാവുന്നതാണ്.

**പാലക്കോട് കടപ്പുറത്ത് അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യാൻ നടപടി**

259(6609) <u>ശ്രീ. റ്റി. വി. രാജേഷ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാലക്കോട് കടപ്പുറത്ത് അടിഞ്ഞു കൂടിയിരിക്കുന്ന മണൽ നീക്കം ചെയ്യുന്നതിന് കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് റവന്യൂ വകുപ്പിന് സമർപ്പിച്ച പ്രൊപ്പോസലിൽ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളികൾ ഇടയ്ക്കിടെ മണൽതിട്ടയിൽ തട്ടി അപകടമുണ്ടാകുന്ന സാഹചര്യത്തിൽ മണൽ നീക്കം ചെയ്യുന്നതിന് റവന്യൂ വകുപ്പ് സത്വര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കണ്ണൂർ ജില്ലയിലെ പാലക്കോട് കടപ്പുറത്ത് അടിഞ്ഞുകൂടിയിരിക്കുന്ന മണൽ നീക്കം ചെയ്യുന്നതിന് കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സമർപ്പിച്ച പ്രൊപ്പോസലിൽ വ്യവസായ വകുപ്പിൽനിന്നും തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ

260(6610) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയുടെ സംരക്ഷണവും അവയുടെ പരിപാലനവും പ്രസ്തുത ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും ഒരു കേന്ദ്രീകൃത രീതിയിൽ സൂക്ഷിച്ച് സംരക്ഷിക്കുന്നതിനും ഭൂമിയുടെ കൈമാറ്റം ഉൾപ്പെടെയുള്ള വിവരങ്ങൾ കാലാകാലങ്ങളിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും ഒരു സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിന് തയ്യാറാകുമോ;

(ബി) സർക്കാർ ഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നതിനുള്ള ശിക്ഷ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭൂമി വഞ്ചനാപൂർവ്വകമായി പ്രമാണം നടത്തുകയോ, ഭൂമിയിലെ ഉടമസ്ഥാവകാശത്തെ സാധൂകരിക്കുന്ന രീതിയിൽ വ്യാജപ്രമാണം ഉണ്ടാക്കുകയോ ചെയ്താലുള്ള ശിക്ഷാ നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന ആളുകൾക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കാറുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുന്നതിന് തയ്യാറാകുമോ;

(ഇ) സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമിയും പുറമ്പോക്ക് ഭൂമിയും ഉടമസ്ഥനില്ലാത്ത ഭൂമിയും സർക്കാരിലേയ്ക്ക് വിട്ടൊഴിഞ്ഞ ഭൂമി, ബോട്ട് ഇൻലാൻഡ് ഭൂമി മുതലായവയുടെ നിലവിലെ അവസ്ഥ സംബന്ധിച്ചുള്ള വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി വില്ലേജ്/താലൂക്ക്/ജില്ലാ/ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലങ്ങളിൽ 8-5-2019-ലെ സ.ഉ.(സാധാ) 1077/19 നമ്പർ ഉത്തരവുപ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ഈ കാര്യാലയത്തിൽനിന്നും ജില്ലാ കളക്ടർമാർക്ക് 1-7-2019-ലും തുടർന്ന് 26-9-2019-ലും മാർഗ്ഗനിർദ്ദേശങ്ങൾ

നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ ഡാറ്റാ കളക്ഷനും പരിശോധനയും നടന്നുവരികയുമാണ്. ഇതിനുപുറമേ 29-7-2019-ലെ സ.ഉ.(എം.എസ്.)243/19-ന്റെ അടിസ്ഥാനത്തിൽ ലാൻഡ് അസൈൻമെന്റ് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ലാൻഡ് മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ 26-9-2019-ലെ എൽ.ആർ.ജെ1-30584/12 നമ്പർ നടപടിക്രമപ്രകാരം ലാൻഡ് മാനേജ്മെന്റ് സെൽ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതും ടി സെൽ ഉപയോഗിക്കാതെ കിടപ്പുള്ള സർക്കാർ ഭൂമി, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറിയ ഭൂമി, പ്രസ്തുത ഭൂമിയുടെ നിലവിലെ അവസ്ഥ, സർക്കാർ ഭൂമിയിലെ കയ്യേറ്റം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ജില്ലകളിൽനിന്ന് ശേഖരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ബി) സർക്കാർ ഭൂമിയിൽ നിയമവിരുദ്ധമായി പ്രവേശിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്ന ഏതൊരാൾക്കെതിരെയും മൂന്ന് വർഷത്തിൽ കുറയാത്തതും അഞ്ചുവർഷംവരെയാകാവുന്നതുമായ തടവുശിക്ഷയ്ക്കോ കൂടാതെ 50,000 രൂപയിൽ കുറയാത്തതും രണ്ട് ലക്ഷം രൂപ വരെയാകാവുന്നതുമായ തുക പിഴ ചുമത്തുന്നതിൽ കേരള ഭൂ സംരക്ഷണ ഭേദഗതി നിയമം 2009 സെക്ഷൻ 7 (എ) നിഷ്കർഷിക്കുന്നുണ്ട്.

(സി) സർക്കാർ ഭൂമിയിന്മേലുള്ള അവകാശവാദത്തെയോ ഉടമസ്ഥാവകാശത്തെയൊ സാധൂകരിക്കുന്നരീതിയിൽ ഏതെങ്കിലും വ്യാജപ്രമാണം ഉണ്ടാക്കുകയോ ചമയ്ക്കുകയോ ചെയ്യുന്ന ഏതൊരാൾക്കും അഞ്ചുവർഷത്തിൽ കുറയാത്തതും ഏഴുവർഷംവരെയാകുന്നതുമായ തടവുശിക്ഷയ്ക്കോ കൂടാതെ 50,000 രൂപയിൽ കുറയാത്തതും രണ്ട് ലക്ഷം രൂപയാകുന്നതുമായ പിഴ ഒടുക്കുവാനും ബാധ്യസ്ഥനായിരിക്കുമെന്ന് കേരള ഭൂസംരക്ഷണ ഭേദഗതി നിയമം 2009 സെക്ഷൻ 7 ബി (ii) അനുശാസിക്കുന്നു. കൂടാതെ സർക്കാർ ഭൂമി കയ്യേറി കൈമാറ്റം ചെയ്യുന്ന നടപടി അസാധുവാകുന്നതിന്റെ ഭാഗമായി 24-03-2015-ലെ 12-ാം നമ്പർ ഗസറ്റ് വിജ്ഞാപനപ്രകാരം ജില്ലാ കളക്ടർക്ക് 1908-ലെ രജിസ്ട്രേഷൻ നിയമത്തിലെ 83 എ (2) വകുപ്പുപ്രകാരം സവിശേഷമായ അധികാരവും നൽകിയിട്ടുണ്ട്.

(ഡി) സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റക്കാർക്കെതിരെ കേരള ഭൂ സംരക്ഷണ ഭേദഗതി നിയമം 2009 സെക്ഷൻ 7 പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. ടി വകുപ്പുപ്രകാരമുള്ള കുറ്റകൃത്യങ്ങൾ ജാമ്യമില്ലാത്തവയും വാറന്റ് കൂടാതെതന്നെ കയ്യേറ്റക്കാരനെ അറസ്റ്റ് ചെയ്യുവാൻ പോലീസ് ഉദ്യോഗസ്ഥന്

അധികാരം നൽകുന്ന കോഗ്നിസബിൾ കുറ്റകൃത്യത്തിൽ പ്പെടുന്നവയുമാണ്. ടി നിയമം സെക്ഷൻ 9 പ്രകാരം അതാത് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികളുടെ അധികാരപരിധിയിലാണ് തീർപ്പാക്കുന്നത്.

(ഇ) സർക്കാർ ഭൂമി, പുറമ്പോക്ക് ഭൂമി, സർക്കാരിലേയ്ക്ക് കൈമാറിയ ഭൂമി, ബോട്ട് ഇൻ ലാൻഡ് ഇനത്തിൽപ്പെട്ട ഭൂമി മുതലായവ സംരക്ഷിക്കുന്നതിന് 8-5-2019-ലെ സ.ഉ. (സാധാ)1077/19/റവന്യൂ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയുടെ വിവരങ്ങൾ വില്ലേജ്/താലൂക്ക്/ജില്ലാ തലത്തിൽ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിന് എല്ലാ ജില്ലാ കലക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനുള്ള പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നു. സർക്കാർ പുറമ്പോക്ക് ഭൂമികളിൽ അനധികൃത കയ്യേറ്റം തടയുന്നതിലും ഒഴിപ്പിക്കുന്നകാര്യത്തിലും സമയോചിതമായും കാര്യക്ഷമതയോടെയും ഇടപെടുകയും ഒഴിപ്പിക്കൽ നടപടികൾ വേഗത്തിലാക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി 10-9-2018-ലെ സ.ഉ.(സാധാ) 3778/2018/റവ പ്രകാരം ജോയിന്റ് ലാൻഡ് റവന്യൂ കമ്മീഷണറേയും അസിസ്റ്റന്റ് കമ്മീഷണറേയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി കയ്യേറ്റം ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നതിനും വേഗത്തിലാക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ/ഡിവിഷൻ തലത്തിലും മോണിറ്ററിംഗ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. അപ്രകാരം രൂപീകൃതമായ സ്ക്വാഡുകൾ പൊതു അവധി ദിനങ്ങളിൽ ഉൾപ്പെടെയുള്ള മുഴുവൻ ദിവസങ്ങളിലും സ്ഥലപരിശോധന നടത്തിവരുന്നതും അപ്രകാരം കണ്ടെത്തുന്ന കയ്യേറ്റക്കാർക്കെതിരെ KLC നിയമപ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും ശിക്ഷാ നടപടികളും സ്വീകരിച്ചുവരുന്നതുമാകുന്നു. ഇതുകൂടാതെ കേരള ഭൂ സംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ കാര്യക്ഷമമായും വേഗത്തിലും നടപടി എടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

261(6611) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് റവന്യൂവകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ചകൾ നടത്തിയിരുന്നോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിന് ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ചകൾ നടത്തുന്നകാര്യം പരിശോധിക്കാവുന്നതാണ്.

**ഭൂനിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി**

262(6612) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഭൂനിയമങ്ങൾ നിലവിലെ സാമൂഹിക ആവശ്യങ്ങൾ നിറവേറ്റുന്നതിന്റെ ഭാഗമായി കാലോചിതമായി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഭൂനിയമങ്ങളിലാണ് ഭേദഗതി കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നത്; ഇക്കാര്യത്തിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) ഭൂനിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് ചില വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിലും 1995-ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടത്തിലെയും ചില വ്യവസ്ഥകളിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് നിയമം തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സർവ്വേയർമാരുടെ ഒഴിവുകൾ**

263(6613) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിൽ സർവ്വേയർമാരുടെ എത്ര ഒഴിവുകളുണ്ട്; പ്രസ്തുത ഒഴിവുകൾ ഏതെല്ലാം ജില്ലയിൽ നിന്നുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ സർവ്വേ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്ത തീയതി ജില്ല തിരിച്ച് പട്ടികയായി വ്യക്തമാക്കാമോ;

(സി) ഓരോ ജില്ലയിലും ഫസ്റ്റ് ഗ്രേഡ് സർവ്വേയർ, സെക്കൻഡ് ഗ്രേഡ് സർവ്വേയർ,ഹെഡ് സർവ്വേയർ എന്നിവയുടെ തസ്തികകൾ എത്ര വീതം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) സർവ്വേയർ ഫസ്റ്റ് ഗ്രേഡ്,സെക്കന്റ് ഗ്രേഡ് തസ്തികയിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തത് ഡേറ്റ്, സർവ്വേ ഗ്രേഡ് എന്നിവ ജില്ല തിരിച്ച് പട്ടിക ആയി വ്യക്തമാക്കാമോ;

(ഇ) സർവ്വേയും ഭൂരേഖയും വകുപ്പിൽ നിന്നും മറ്റു വകുപ്പുകളിൽ സർവ്വേയർമാരെ നിയമിക്കാറുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പിൽ എത്ര വീതം തസ്തികകളിലെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിൽ സർവ്വേയർമാരുടെ 115 ഒഴിവുകളുണ്ട്. സർവ്വേയർ നിയമനം സംസ്ഥാനാടിസ്ഥാനത്തിൽ ആയതിനാൽ ഒഴിവുകളുടെ ജില്ല തിരിച്ചുള്ള പട്ടിക കണക്കാക്കിയിട്ടില്ല.

(സി) സർവ്വേയും ഭൂരേഖയും വകുപ്പിൽ സംസ്ഥാനാടിസ്ഥാനത്തിൽ 1678 സർവ്വേയർ തസ്തികകൾ അനുവദിക്കുകയും ആയത് 1:1 അനുപാതത്തിൽ 839 ഫസ്റ്റ് ഗ്രേഡ് സർവ്വേയർ, 839 സെക്കൻഡ് ഗ്രേഡ് സർവ്വേയർ എന്നിങ്ങനെ കണക്കാക്കിയിരിക്കുന്നതുമാണ്. ജില്ലാതലത്തിൽ ഫസ്റ്റ് ഗ്രേഡ് സർവ്വേയർ/സെക്കൻഡ് ഗ്രേഡ് സർവ്വേയർ തസ്തികകൾ തരംതിരിച്ച് അനുവദിച്ചിട്ടില്ല. സർവ്വേയും ഭൂരേഖയും വകുപ്പിൽ സംസ്ഥാനാടിസ്ഥാനത്തിൽ 279 ഹെഡ് സർവ്വേയർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഹെഡ് സർവ്വേയർ തസ്തികകൾ ജില്ലതിരിച്ച് അനുവദിച്ചിട്ടില്ല.

(ഡി) സർവ്വേയർ നിയമനം സംസ്ഥാനാടിസ്ഥാനത്തിൽ ആയതിനാൽ ഒഴിവുകളുടെ ജില്ല തിരിച്ചുള്ള പട്ടിക കണക്കാക്കിയിട്ടില്ല.

(ഇ) സർവ്വേയും ഭൂരേഖയും വകുപ്പിൽനിന്നും സർവ്വേയർ തസ്തികയിൽ വനംവകുപ്പിൽ ഡി.എഫ്.ഒ., എ.ഡി. (മിനി ഫോറസ്റ്റ് സർവ്വേ) ഓഫീസുകളിലായി 42 തസ്തികകളിലും റവന്യൂ വകുപ്പിൽ ജില്ലാ കളക്ടർമാരുടെ കീഴിൽ 296 തസ്തികകളിലും നിയമനം നടത്തുന്നുണ്ട്.

## ഭൂമി അതിർത്തി നിർണയിക്കുന്നതിന് നടപടി

264(6614) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ പ്രദേശത്തെ നികുതി ഒടുക്കാൻ പറ്റാതെ ബുദ്ധിമുട്ടുന്ന നീ-കെ ഭൂമിയുടെ നികുതി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച നിവേദനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വള്ളിക്കുന്ന്, അരിയല്ലൂർ വില്ലേജുകളിലെ ഫിഷറീസ് കോളനി ഭൂമി അതിർത്തി നിർണ്ണയിക്കുന്നത് സംബന്ധിച്ച് വില്ലേജ് ഓഫീസർക്കും തഹസിൽദാർക്കും ജില്ലാ കളക്ടർക്കും ലഭിച്ച അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഭൂമി അളന്ന് തിട്ടപ്പെടുത്തി കൊടുക്കുന്നതിനുള്ള കാലതാമസത്താൽ പല പദ്ധതികളും നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം എപ്പോൾ പരിഹരിക്കാനാകുമെന്ന് അറിയിക്കാമോ;

(ഡി) വള്ളിക്കുന്ന്, അരിയല്ലൂർ, മൂന്നിയൂർ, തേഞ്ഞിപ്പലം പെരുവള്ളൂർ, ചേലേമ്പ്ര, പള്ളിക്കൽ എന്നീ പഞ്ചായത്തുകളിലുൾപ്പെട്ട വില്ലേജുകളിലെ റവന്യൂ പുറമ്പോക്ക് ഭൂമിയുടെയും, മിച്ചഭൂമിയുടെയും വിശദമായ വിവരം സർവ്വേ നമ്പർ സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ) മലബാർ പ്രദേശത്തെ നികുതി കെട്ടാത്ത കേസുകളിൽ നികുതി പിരിച്ചെടുക്കുന്നതിനായി 1961-ലെ കേരള ഭൂ നികുതി ആക്ട് പ്രകാരവും 1957-ലെ കേരള ലാൻഡ് കൺസർവൻസി ആക്ട് പ്രകാരവും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വില്ലേജ്, താലൂക്ക്, കളക്ടറേറ്റ് തലങ്ങളിൽ പ്രത്യേകമായി അപേക്ഷകൾ ഇന്നേവരെ ലഭിച്ചിട്ടില്ല.

(സി) അത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വിശദമായ വിവരം അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭൂ പതിവ് നിയമം

265(6615) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂ പതിവ് നിയമത്തിൽ ഏറ്റവുമൊടുവിൽ വരുത്തിയ ഭേദഗതിയുടെ പകർപ്പ് ലഭ്യമാക്കുമോ?

(ബി) ഭൂ പതിവ് നിയമത്തിൽ നിലവിൽ ഭേദഗതി നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2-2-2018-ലെ ജി.ഒ.(പി.) നമ്പർ .7/2018/റവ നമ്പർ ഭേദഗതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിൽ 1995-ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടത്തിലുമുള്ള ചില വ്യവസ്ഥകളിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് ചട്ടം തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതി

266(6616) ശ്രീ. എം. സ്വരാജ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാവപ്പെട്ടവർക്ക് സന്നദ്ധ സംഘടനകളുടെയോ വ്യക്തികളുടെയോ സഹകരണത്തോടെ വീട് നിർമ്മിച്ച് നൽകുന്നതിന് ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കിവരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിക്കുന്നതെന്നും ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്നതിനായി ഇന്നോവേറ്റീവ് ഭവന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിപ്രകാരം എത്ര ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഗൃഹശ്രീ പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് നാല് ലക്ഷം രൂപയാണ് നിർമ്മാണ ചെലവായി കണക്കാക്കിയിട്ടുള്ളത്.

എൻ.ജി.ഒ./ സന്നദ്ധസംഘടന/കാരുണ്യവാന്മാരായ

വ്യക്തി വിഹിതം -1,00,000 രൂപ

ഗുണഭോക്തൃ വിഹിതം -1,00,000 രൂപ

സർക്കാർ സബ്സിഡി-2,00,000 രൂപ

ഗൃഹശ്രീ പദ്ധതി പ്രകാരമുള്ള സബ്സിഡി ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ താഴെപ്പറയും പ്രകാരമാണ്:

a. കുറഞ്ഞത് രണ്ട് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ റവന്യൂ വകുപ്പിൽനിന്നോ പഞ്ചായത്തിൽനിന്നോ സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (ബി.പി.എൽ.) ഗുണഭോക്താക്കൾ അർഹരാണ്.

b. കുറഞ്ഞത് രണ്ട് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ റവന്യൂവകുപ്പിൽനിന്നോ പഞ്ചായത്തിൽനിന്നോ സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യരേഖയ്ക്ക് താഴെയല്ലാത്തവരും (എ.പി.എൽ.) അർഹരാണ്.

c. കുറഞ്ഞത് 3 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള താഴ്ന്ന വരുമാനക്കാർക്ക് (LIG) അർഹതയുണ്ട്.

കൂടാതെ നിർമ്മാണ പുരോഗതി കണക്കിലെടുത്ത് നാല് തവണകളായി ഗഡുക്കൾ ലഭിക്കുന്നതിനായി ബോർഡ് നിഷ്കർഷിച്ചിട്ടുള്ള താഴെപ്പറയുന്ന രേഖകൾകൂടി സമർപ്പിക്കേണ്ടതുണ്ട്:

1. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

2. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസിൽ നിന്നും)

3. വസ്തു കൈവശാവകാശ സർട്ടിഫിക്കറ്റ് ലൊക്കേഷൻ മാപ്പ് സഹിതം (വില്ലേജ് ഓഫീസിൽ നിന്നും)
4. വസ്തുവിന്റെ പ്രമാണം സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
5. റേഷൻകാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
6. 13 വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ്
7. ഭവനരഹിതനാണെന്നതിന് വില്ലേജ് ഓഫീസറിൽ/പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ്
8. ഭവന നിർമ്മാണത്തിനായി മുമ്പ് സർക്കാർ ധനസഹായം ലഭ്യമായിട്ടില്ലെന്ന് കാണിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്
9. പോക്കുവരവ് ചെയ്തശേഷമുള്ള കരം ഒടുക്കിയ രസീതും തണ്ടപ്പേർ സർട്ടിഫിക്കറ്റും
10. ബാങ്ക് പാസ്ബുക്കിന്റെ അക്കൗണ്ട് നമ്പരും പേരും വ്യക്തമാക്കുന്ന പേജിന്റെ ഫോട്ടോകോപ്പി
11. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (SC/ST വിഭാഗത്തിന് മാത്രം).

(സി) നഗരങ്ങളിൽ പണിയെടുക്കുകയും നഗരപ്രാന്തങ്ങളിൽ താമസിക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്ന പാവപ്പെട്ട തൊഴിലാളി കുടുംബങ്ങൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞനിരക്കിൽ വാടകയ്ക്ക് നൽകുന്നതിനായി ഇന്നോവേറ്റീവ് ഭവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരം (പൂജപ്പുര)

| | |
|---|---|
| ഘട്ടം I | 16 ഫ്ലാറ്റ് |
| ഘട്ടം II | 24 ഫ്ലാറ്റ് |
| ഘട്ടം III | 24 ഫ്ലാറ്റ് |
| ഘട്ടം IV | 24 ഫ്ലാറ്റ് |
| ആകെ | 88 ഫ്ലാറ്റുകൾ പൂർത്തീകരിച്ചു |

തൃശ്ശൂർ (കുട്ടനെല്ലൂർ)

| | |
|---|---|
| ഘട്ടം I | 24 ഫ്ലാറ്റ് |
| ഘട്ടം II | 24 ഫ്ലാറ്റ് |
| ഘട്ടം III | 24 ഫ്ലാറ്റ് |
| ആകെ | 72 ഫ്ലാറ്റുകൾ പൂർത്തീകരിച്ചു |

കോഴിക്കോട്

| | |
|---|---|
| ഘട്ടം I | 24 ഫ്ലാറ്റ് |
| ഘട്ടം II | 16 ഫ്ലാറ്റ് |
| ആകെ | 40 ഫ്ലാറ്റുകൾ പൂർത്തീകരിച്ചു |

എറണാകുളം (തൃക്കാക്കര)

36 ഫ്ലാറ്റുകൾ പൂർത്തീകരിച്ചു.

ആകെ: 236 ഫ്ലാറ്റുകൾ പൂർത്തീകരിച്ചു.

**കാലാവസ്ഥാ മാറ്റങ്ങൾക്ക് അനുയോജ്യമായ കെട്ടിട നിർമ്മാണം**

267(6617) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ മാറ്റങ്ങൾക്ക് അനുയോജ്യമായ കെട്ടിടനിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു; വിശദാംശം നൽകുമോ;

(ബി) കെട്ടിടനിർമ്മാണ സാധനങ്ങളുടെ അഭാവം മൂലം ഈ മേഖലയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-19-ലെ പ്രളയാനന്തരം സംസ്ഥാനത്ത് നിർമ്മിക്കുന്ന വീടുകൾ ചെലവുകുറഞ്ഞവയും പരിസ്ഥിതിസൗഹൃദവും പ്രകൃതിദുരന്തങ്ങളെ നേരിടാൻ ശേഷിയുള്ളവയുമായിരിക്കണമെന്ന് സർക്കാർ ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ ഭാഗമായി പരിസ്ഥിതി സൗഹൃദവും ഊർജ്ജകാര്യക്ഷമതയുള്ളതും ചെലവുകുറഞ്ഞതുമായ വീടുകളുടെ നിർമ്മാണത്തിൽ ഗവേഷണം നടത്തുന്നതിനും കാലാവസ്ഥാ പ്രതികരണശേഷിയുള്ള ഭവന സാങ്കേതികവിദ്യ പ്രചരിപ്പിക്കുന്നതിനുമായി 2019-20 വർഷം "കേരള കാലാവസ്ഥാ പ്രതികരണം ഭവന രൂപകൽപന പ്രചരണ പരിപാടി" നടപ്പാക്കുന്നതിന് ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിന്

40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതോടൊപ്പം പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതിയായ പ്രീഫാബ് സാങ്കേതികവിദ്യ സർക്കാർ പ്രോത്സാഹിപ്പിച്ചു വരുന്നു. പ്രീഫാബ് സാങ്കേതികവിദ്യയിൽ പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പി.ടി.പി. നഗറിലെ ഓഫീസ് ക്യാമ്പസിൽ ഒരു മാതൃകാ ഭവനം നിർമ്മിച്ചിട്ടുണ്ട്. പ്രീഫാബ് സാങ്കേതികവിദ്യയ്ക്ക് പുറമേ RMD Technology (Rapid Monolithic Disaster Proof Technology), LGSF Technology (Light Gauge Steel Frame Technology) എന്നീ നിർമ്മാണ രീതികളും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2018-19-ലെ പ്രളയത്തെത്തുടർന്ന് വിവിധ കെട്ടിടനിർമ്മാണ സാമഗ്രികൾക്ക് ക്ഷാമം നേരിടുന്നതിനാൽ ആയത് ഒരു പരിധിവരെ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ ബദൽ മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. ഇതിന്റെ ഭാഗമായി ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ പ്രീഫാബ് സാങ്കേതികവിദ്യ പ്രചരിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രീഫാബ് സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിലൂടെ സിമന്റ്, മണൽ, ചല്ലി, കമ്പി എന്നിവയുടെ ഉപയോഗം കുറഞ്ഞ തോതിൽ മതിയാകുന്നതും ചുമരുകൾ പൂശേണ്ട ആവശ്യവും വരുന്നില്ല. കൂടാതെ തറയുടെയും സ്ലാബുകളുടെയും നിർമ്മാണത്തിനും പ്രീഫാബ് പാനലുകൾ ഉപയോഗിക്കുവാൻ സാധിക്കുമെന്നതിനാൽ കോൺക്രീറ്റ് പരിമിതമായ തോതിൽ മതിയാകുന്നതാണ്. വർദ്ധിച്ചുവരുന്ന കെട്ടിടനിർമ്മാണ ചെലവുകളും സാമഗ്രികളുടെ ദൗർലഭ്യവും കാരണം കെട്ടിടനിർമ്മാണത്തിന് നൂതന സാങ്കേതികവിദ്യകൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കൊച്ചിയിലെ പൊതുമേഖലാ സ്ഥാപനമായ FACT-ന്റെ ഒരു ഉപഉൽപ്പന്നമായ GFRG (Glass Fibre Re-inforced Gypsom) പാനലുകൾ മദ്രാസ് ഐ.ഐ.ടി.-യുടെ സാങ്കേതിക സഹായത്തോടെ കെട്ടിടനിർമ്മാണ രംഗത്ത് ഭവന നിർമ്മാണ ബോർഡ് ഉപയോഗിച്ചുവരുന്നുണ്ട്. പ്രളയത്തെത്തുടർന്ന് നദികളിലും പുഴകളിലും അടിഞ്ഞുകൂടിയ മണൽ ഖനനം ചെയ്തു സബ്സിഡൈസ്ഡ് നിരക്കിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനുകീഴിൽ പ്രവർത്തിക്കുന്ന കലവറകൾവഴി വിതരണം ചെയ്യുന്ന കാര്യം പരിശോധിച്ചുവരികയാണ്. അതോടൊപ്പം മണൽ, സിമന്റ് എന്നിവയുടെ ഉപയോഗം വളരെ കുറച്ചുമാത്രം ആവശ്യമുള്ള ഭിത്തികളുടെ നിർമ്മാണത്തിനാവശ്യമായ ഇഷ്ടികകളുടെ ഉൽപ്പാദനം സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രൊഡക്ഷൻ സെന്ററുകളിൽ നടത്തിവരുന്നു.

**കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ**

268(6618) ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർദേശീയ, ദേശീയ സ്ഥാപനങ്ങൾ, പ്രവാസി ഇന്ത്യാക്കാർ, ഇന്ത്യൻ വംശജർ എന്നിവരിൽനിന്നും ഭവനനിർമ്മാണ മേഖലയിൽ മതിയായ ധനം സമാഹരിക്കുന്നതിനായി 2013-ൽ നിലവിൽ വന്ന കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ പ്രസ്തുത ആവശ്യങ്ങൾക്കായി എത്ര തുക സമാഹരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനം നിർത്തലാക്കുന്നതിന് തത്വത്തിൽ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കോർപ്പറേഷൻ നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി ധനസമാഹരണം എപ്രകാരമാണ് കണ്ടെത്തുന്നത്;

(ഡി) പ്രസ്തുത സ്ഥാപനത്തെ പുനരുജ്ജീവിപ്പിച്ച് ഭവന നിർമ്മാണ ബോർഡിന്റെ തനത് പദ്ധതി പ്രവർത്തനത്തിന് ആവശ്യമായ ധനസമാഹരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2013-ൽ നിലവിൽ വന്ന കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ അന്തർദേശീയ ദേശീയ സ്ഥാപനങ്ങൾ പ്രവാസി ഇന്ത്യക്കാർ ഇന്ത്യൻ വംശജർ എന്നിവരിൽ നിന്നും ഭവന നിർമ്മാണ മേഖലയിലേയ്ക്ക് ധനസമാഹരണം നടത്തിയിട്ടില്ല.

(ബി) 21-3-2019-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 3/2019/ഭവനം പ്രകാരം കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം നിർത്തലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട് ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന പല പദ്ധതികൾക്കും നിലവിൽ ബജറ്റ് അലോക്കേഷൻ മുഖേന തുക നൽകുന്നുണ്ട്. ആയത് തുടരുന്നതാണ്.

(ഡി) 21-3-2019-ലെ സ.ഉ.(കൈ) നമ്പർ 3/19/ഭവനം പ്രകാരം കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ നിർത്തലാക്കുന്നതിനുള്ള അനുമതി നൽകിയതിനാൽ തൽക്കാലം ഈ സ്ഥാപനം പുനരുജ്ജീവിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**ഗൃഹശ്രീ പദ്ധതി**

269(6619) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി നിലവിൽ വന്നതോടെ ഗൃഹശ്രീ പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പദ്ധതി പ്രകാരം എത്രപേർക്ക് ഭവന നിർമ്മാണ ധനസഹായം നൽകിയിട്ടുണ്ടെന്നും കിട്ടിയ അപേക്ഷകളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതി നിലവിൽ വന്നതോടെ ഗൃഹശ്രീ പദ്ധതി നിർത്തലാക്കിയിട്ടില്ല.

2017-18, 2018-19 വർഷത്തെ ബജറ്റിൽ ഗൃഹശ്രീ പദ്ധതിക്കായി തുക വകകൊള്ളിച്ചിരുന്നെങ്കിലും തുക അനുവദിച്ചിരുന്നില്ല. 2019-20 സാമ്പത്തിക വർഷത്തെ ടി പദ്ധതിക്കുള്ള ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട 19-10-2019-ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തീരുമാനപ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായും എൽ.എസ്.ജി.ഡി. അഡീഷണൽ ചീഫ് സെക്രട്ടറിയുമായും ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ ബോർഡിന് നിർദേശം നൽകിയിരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതിപ്രകാരം 490 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ മുമ്പ് ഗഡുക്കൾ നൽകിയിരുന്ന 668 പേർക്ക് എല്ലാ ഗഡുക്കളും അനുവദിക്കുകയും ചെയ്തിട്ടുണ്ട് (നാല് ഗഡുക്കൾ). 2017-18, 2018-19, 2019-20 വർഷങ്ങളിൽ നാളിതുവരെ ലഭിച്ച അപേക്ഷകൾ വർഷം തിരിച്ചുള്ള വിവരം ചേർക്കുന്നു.

| വർഷം | സ്പോൺസർമാരുടെ എണ്ണം (വ്യക്തികൾ/സംഘടനകൾ) | അപേക്ഷിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 2017-18 | 213 | 2914 |
| 2018-19 | 81 | 874 |
| 2019-20 | 10 | 12 |
| ആകെ | 304 | 3800 |

**സമഗ്ര തീരദേശ വികസന പരിപാടി**

270(6620) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര തീരദേശ വികസന പരിപാടി ആവിഷ്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് കോസ്റ്റൽ ഇറോഷൻ വ്യാപകമായിരിക്കുന്ന സാഹചര്യത്തിൽ ഇതുതടയുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ മാറ്റിപ്പാർപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ?

ഉത്തരം

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനും മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും ജീവനോപാധികൾ ഉറപ്പുവരുത്തുന്നതിനും ഒരു ദീർഘകാല പദ്ധതി ആവിഷ്കരിക്കുന്നതിന് 2000 കോടി രൂപയുടെ സമഗ്ര തീരദേശ വികസന പാക്കേജ് സർക്കാർ പ്രഖ്യാപിക്കുകയും ശ്രീ. എസ്. വിജയാനന്ദ് ഐ.എ.എസ്. (റിട്ടയേർഡ്) ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ജീവനോപാധി സംബന്ധിച്ചുള്ള പഠനങ്ങൾ IRMA (Institute of Rural Management Anand) വഴിയും Basic human needs, Coastal Infrastructure, Human development, Social Service, quality of public seminar, Self help group and Cooperative Safety, Disaster Management എന്നിവ സംബന്ധിച്ച് പഠനങ്ങൾ TISS (Tata Institute of Social

Science) മുഖേനയുമാണ് നടത്തുന്നത്. പഠനത്തിനും പ്രോജക്ട് തയ്യാറാക്കുന്നതിനുമായി രണ്ടുകോടി രൂപ അനുവദിച്ചിട്ടുണ്ട്.

TISS-മായിട്ടുള്ള MoU ഒപ്പുവയ്ക്കുകയും ഫീൽഡുതല പഠനം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. IRMA-യുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനും പഠനം ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. മേൽ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഡി.പി.ആർ. മൂന്ന് ഘട്ടങ്ങളിലായി തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആദ്യഘട്ടമായി 9 മത്സ്യബന്ധന തുറമുഖങ്ങൾ, 9 ഫിഷ് ലാൻഡിങ് സെന്ററുകൾ, 10 ആധുനിക മത്സ്യമാർക്കറ്റുകൾ, മത്സ്യത്തൊഴിലാളി സുരക്ഷാ പദ്ധതികൾ, മത്സ്യത്തൊഴിലാളി വനിതകളുടെ ജീവനോപാധി പദ്ധതികൾ എന്നിവയുടെ വിശദമായ രൂപരേഖ തയ്യാറാക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. തീരദേശത്തിന്റെ സമഗ്രവികസനത്തിന്റെ ഭാഗമായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള ഒരു പ്രധാന പദ്ധതിയാണ് കടലാക്രമണ ഭീഷണി നേരിടുന്ന കടൽതീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിൽ പുനരധിവസിപ്പിക്കുകയെന്നത്. ഓരോ കുടുംബത്തിനും 10 ലക്ഷം രൂപ വീതം അനുവദിച്ച് അവർക്ക് വീടും ഭൂമിയും ആർജ്ജിക്കുന്നതിന് 'പുനർഗേഹം' എന്ന പേരിൽ 2450 കോടി രൂപ അടങ്കൽ വരുന്ന ഒരു ബൃഹത് പദ്ധതി ആവിഷ്കരിച്ചു കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 1398 കോടി രൂപ ടി പദ്ധതിക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി തീരദേശത്തെ 69 വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പശ്ചാത്തല സൗകര്യവികസനത്തിനും 65 മത്സ്യമാർക്കറ്റുകളുടെ വികസനത്തിനും 334.73 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യബന്ധന തുറമുഖങ്ങളോടനുബന്ധിച്ചുള്ള കടൽതീര ശോഷണം തടയുന്നതിന് 8 പദ്ധതികൾ ആവിഷ്കരിക്കുകയും കിഫ്ബിയിലുൾപ്പെടുത്തി 99.10 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും ചെയ്തു. പരപ്പനങ്ങാടി, ചെത്തി എന്നിവിടങ്ങളിൽ പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 209.65 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതെല്ലാം തീരദേശത്തിന്റെ സമഗ്രവികസനത്തിന്റെ ഭാഗമാണ്. ഇനിയും അവശേഷിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് നിർദ്ദിഷ്ട തീരദേശ വികസന പാക്കേജ് ലക്ഷ്യമിടുന്നത്.

(ബി) കോസ്റ്റൽ ഇറോഷൻ തടയുന്നതിന് നടത്തുന്ന തീരദേശ സംരക്ഷണ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനായി 10 ലക്ഷം രൂപ നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 129 പേർ സ്ഥലം വാങ്ങുകയും ഇതിൽ 117 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

തീരപ്രദേശത്തെ വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്ററിനുള്ളിലുള്ളവരുടെ പുനരധിവാസ പദ്ധതിക്കായി കണ്ടെത്തിയ 750 കുടുംബങ്ങളിൽ 431 പേർ സ്ഥലം വാങ്ങുകയും അതിൽ 239 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. (2018-19)-ൽ ഉൾപ്പെടുത്തി 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി ആകെ 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 92 ഫ്ലാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത്.

തീരപ്രദേശത്തെ വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നതും കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരുമായ തീരദേശ നിവാസികളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതിന് ഭരണാനുമതി ലഭിച്ചാലുടൻതന്നെ മാറ്റി പാർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

തീരദേശത്ത് ഭൂമി കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട് മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തികമായ പിന്നോക്കാവസ്ഥ, മത്സ്യത്തൊഴിലാളികൾക്ക് അവരുടെ തൊഴിലിടമായ തീരപ്രദേശത്ത് അടുത്ത് സ്ഥലം ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ട് ഇവയെല്ലാംതന്നെ മത്സ്യത്തൊഴിലാളികളെ മാറ്റി പാർപ്പിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. എന്നാൽ ഇത്തരം പ്രയാസങ്ങൾ മനസ്സിലാക്കി സർക്കാർ ഉടമസ്ഥതയിലോ ഭൂമി വിലയ്ക്ക് വാങ്ങിയോ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്നുണ്ട്. തിരുവനന്തപുരം മുട്ടത്തറയിൽ 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ളാറ്റ് നിർമ്മിച്ചുനൽകി. 2018-19 വർഷത്തിൽ 772 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ്

അപ്പാർട്ട്മെന്റുകൾ നിർമ്മിക്കുന്നതിനായി 78.20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. തിരുവനന്തപുരം ജില്ലയിൽ കാരോട്, ബീമാപള്ളി, വലിയതുറ, കൊല്ലം ജില്ലയിലെ ക്യു.എസ്.എസ്. കോളനി, ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിക്കര, ഉപ്പാല വളപ്പിൽ എന്നിവിടങ്ങളിലാണ് ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്നത്.

**സമുദ്ര മത്സ്യബന്ധന നിയന്ത്രണ ബിൽ**

271(6621) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഫിഷറീസ് വകുപ്പ് തയ്യാറാക്കുന്ന സമുദ്ര മത്സ്യബന്ധന നിയന്ത്രണ ബില്ലിന് കേരളം നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മത്സ്യബന്ധന യാനങ്ങളുടെ ലൈസൻസ്, രജിസ്ട്രേഷൻ ഫീസ്, പിഴ എന്നിവ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും നിലവിൽ ഒരുപോലെയാണോയെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യബന്ധന യാനങ്ങൾക്ക് രജിസ്ട്രേഷനും ലൈസൻസും നല്കാനുള്ള സംസ്ഥാനത്തിന്റെ അധികാരം സംരക്ഷിക്കുന്നതിന് നടത്തുന്ന ശ്രമങ്ങൾ വ്യക്തമാക്കുമോ ;

(ഡി) തദ്ദേശീയ മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് സജ്ജമാക്കുന്നതിന് എന്തൊക്കെ നടപടികൾ വേണമെന്നാണ് കേരളം നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രകൃതിക്ക് കോട്ടം തട്ടാതെയുള്ള സുസ്ഥിരമായ മത്സ്യബന്ധനത്തിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് സംസ്ഥാനം മുന്നോട്ടുവച്ചതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കരട് നിയമത്തിന്മേൽ ചുവടെപ്പറയുന്ന പ്രധാന നിർദ്ദേശങ്ങളാണ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളത്:

- 12 നോട്ടിക്കൽ മൈലിനപ്പുറമുള്ള (200 നോട്ടിക്കൽ മൈൽ വരെയുള്ള) പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ/ലൈസൻസ് നൽകുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തണം.

- കേന്ദ്രസർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ ആൻഡ് മാനേജ്മെന്റ്) ബിൽ 2019-ൽ കേന്ദ്ര സർക്കാരിന്റെ അധികാരപരിധി കൃത്യമായി രേഖപ്പെടുത്തണം. തീരക്കടലിലെ (12 നോട്ടിക്കൽ മൈലിനകത്ത്) മത്സ്യബന്ധന നിയന്ത്രണം മാനേജ്മെന്റ് എന്നിവ നിലവിലുള്ളതുപോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽതന്നെ നിലനിർത്തണം.

- നിയമലംഘനം പരിശോധിക്കുന്നതിനുള്ള അധികാരം കോസ്റ്റ് ഗാർഡ്, നേവി എന്നിവരിൽ മാത്രം നിജപ്പെടുത്തി നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി ഉപയോഗിക്കണം.

- നിയമലംഘന വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ്/മെട്രോ പൊളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽനിന്ന് മാറ്റി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തണം.

- തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് വകുപ്പിൽ (ഫിഷറീസ് ഡയറക്ടറിൽ) നിക്ഷിപ്തമാക്കണം.

- ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശയാനങ്ങൾക്ക് അനുമതി നൽകാൻ പാടില്ല.

- ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളികൾ സഹകരണ സംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.

- നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറണ്ടില്ലാതെ അറസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ എടുത്തുകളയണം.

- സംസ്ഥാനത്തിന്റെ അധികാരപരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്ത് ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കണം.

- മത്സ്യവിഭവ പരിപാലനം, മാനേജ്മെന്റ് എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെ കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ്മെന്റ് സംവിധാനം കൊണ്ടുവരണം.

- നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.

- നിയമലംഘകരിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിറ്റഴിക്കുന്നതിനും സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം.

- മത്സ്യബന്ധനയാനങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ പെർമിറ്റ് നഷ്ടപ്പെട്ടാൽ അതിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥ വേണം.

- ഫിഷിംഗ് പെർമിറ്റിന്റെ കാലാവധി നിശ്ചയിക്കുന്നതിനും 'Seaworthiness' ഉറപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യണം.

- ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയൽ, മൺസൂൺകാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധനയാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ, അശാസ്ത്രീയ മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണി വലിപ്പം, ആകെ വലിപ്പം എന്നിവയിലെ നിയന്ത്രണം എന്നിവയ്ക്ക് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം.

- 'മത്സ്യബന്ധനയാനം' എന്നതിന്റെ നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെക്കൂടി ഉൾപ്പെടുത്തണം.

- പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള എല്ലാത്തരം കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.

(ബി) നിലവിൽ എല്ലാ സംസ്ഥാനങ്ങളിലും ഒരു ഏകീകൃത സ്വഭാവമില്ല.

(സി) തീരക്കടലിൽ മത്സ്യബന്ധന യാനങ്ങൾക്ക് രജിസ്ട്രേഷനും ലൈസൻസും നൽകാനുള്ള സംസ്ഥാനത്തിന്റെ അധികാരം നിലനിർത്തുമെന്ന് കേന്ദ്രസർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ കരട് സമുദ്ര മത്സ്യബന്ധന നിയമത്തിൽ ആവശ്യമായ ഭേദഗതി നിർദ്ദേശങ്ങൾ സംസ്ഥാനം സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) കേന്ദ്ര മത്സ്യബന്ധന നിയന്ത്രണ ബില്ലുമായി ബന്ധപ്പെട്ട് ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. പരിശീലനമുൾപ്പെടെ നൽകി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അതിനായി പ്രാപ്തരാക്കണം എന്നീ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെ 100 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ അനുവദിക്കുന്നതിന് 178.40 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഇ) ചുവടെപ്പറയുന്ന നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്:

1. ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയൽ, മൺസൂൺകാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധന യാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ, അശാസ്ത്രീയ മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണി വലിപ്പം, ആകെ വലിപ്പം എന്നിവയുടെ നിയന്ത്രണം എന്നിവയ്ക്ക് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം.
2. പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള എല്ലാതരം കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.
3. മത്സ്യവിഭവ പരിപാലനം, മാനേജ്മെന്റ് എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ്മെന്റ് സംവിധാനം കൊണ്ടുവരണം. കേരളം മുന്നോട്ടുവച്ച 48 നിർദ്ദേശങ്ങളിൽ 43 നിർദ്ദേശങ്ങൾ പരിഗണിക്കാമെന്ന് കേന്ദ്ര സർക്കാർ ഉറപ്പുനൽകിയിട്ടുണ്ട്.

**കേന്ദ്ര സമുദ്ര മത്സ്യഗവേഷണ കേന്ദ്രത്തിന്റെ പഠന റിപ്പോർട്ട്**

272(6622) ശ്രീ. ആർ . രാമചന്ദ്രൻ :
ശ്രീ. കെ. രാജൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൽ നൂറ്റാണ്ടിനിടയിലെ ഏറ്റവും താഴ്ന്ന നിലയിലേയ്ക്ക് സംസ്ഥാനത്തിന്റെ മത്സ്യസമ്പത്ത് കുറഞ്ഞതായുള്ള കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ കേന്ദ്രത്തിന്റെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഉപയോഗിക്കുന്ന മത്സ്യത്തിന്റെ സിംഹഭാഗവും മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണോ എത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കടലിന്റെ അടിത്തട്ടിൽ കൃത്രിമമായ ആവാസവ്യവസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന് നടത്തിയ പരിശ്രമങ്ങൾ ഫലം കണ്ടുവോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും ആയത് വർദ്ധിപ്പിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയ്ക്ക് കേരള സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ സമുദ്ര മത്സ്യ മൊത്ത ലഭ്യത, സി.എം.എഫ്.ആർ.ഐ-യുടെ കണക്കുപ്രകാരം രേഖപ്പെടുത്തിയത് 2015-ലെ 4.82 ലക്ഷം ടണ്ണാണ്. അതിനു ശേഷമുള്ള മൂന്ന് വർഷങ്ങളിൽ ഇത് ക്രമേണ വർദ്ധിച്ചതായി കാണുകയും 2018-ൽ ഇത് 6.3 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് ഉപയോഗിക്കുന്ന മത്സ്യത്തിന്റെ 25 ശതമാനത്തോളം മാത്രമാണ് അന്യസംസ്ഥാനങ്ങളിൽനിന്നും എത്തുന്നത്.

(സി) കടലിന്റെ അടിത്തട്ടിൽ കൃത്രിമമായ ആവാസ വ്യവസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന് നടത്തിയ പരിശ്രമങ്ങൾ ഫലം കണ്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമ പാരുകൾ സ്ഥാപിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം പിടിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്തുനടപ്പിലാക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ കൊച്ചുതുറ, പുതുക്കുറിച്ചി മത്സ്യബന്ധന ഗ്രാമങ്ങളുടെ തീരക്കടലിൽ 140 ട്രപിസോയിഡൽ ആകൃതിയിലുള്ള കൃത്രിമ പാരുകൾ വീതം സ്ഥാപിക്കുന്നതിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനോടകംതന്നെ പാരുകളുടെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. കടലിൽ ആയവ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ പൂന്തുറ, ബീമാപള്ളി, വലിയതുറ എന്നീ മത്സ്യബന്ധന ഗ്രാമങ്ങളിലെ തീരക്കടലിൽ 280 കൃത്രിമപാരു മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിനായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി പൂർത്തീകരിച്ചുവരുന്നു. ഇതുകൂടാതെ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത മത്സ്യ ഗ്രാമങ്ങളായ കൊല്ലംകോട്, പരുത്തിയൂർ, പൂവാർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 200 കൃത്രിമപാരു മോഡ്യൂളുകൾവീതം സ്ഥാപിക്കുന്നതിനായി 375.63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയിലുൾപ്പെടുത്തി 7 മത്സ്യ

ഗ്രാമങ്ങളിൽ റീഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് നിർമ്മിതിയിലുള്ള കൃത്രിമ പാരുകളും ഒരു മത്സ്യഗ്രാമത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ഫെറോ സിമന്റ് നിർമ്മിതിയിലുള്ള കൃത്രിമ പാരുമാണ് സ്ഥാപിക്കുന്നത്.

(ഡി) കടലിലെ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃത്രിമപ്പാര് സ്ഥാപിക്കൽ, കടലിലെ കൂട് കൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. 2017-18 സാമ്പത്തികവർഷം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കൃത്രിമപ്പാര് സ്ഥാപിക്കൽ പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലയിലെ പുതുക്കുറിച്ചി, കൊച്ചുതുറ എന്നീ സ്ഥലങ്ങളിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം നടപ്പുസാമ്പത്തികവർഷം പൂന്തുറ, വലിയതുറ, ബീമാപള്ളി എന്നീ മത്സ്യഗ്രാമങ്ങളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ നാല് ജില്ലകളിലായി 'കടലിൽ കൂടുകൃഷി' പദ്ധതി നടപ്പിലാക്കുന്നതിന് 1398 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ കേജ് ഫാബ്രിക്കേഷൻ സംബന്ധിച്ച ഇ-ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

2017-18 സാമ്പത്തികവർഷം ബ്ലൂ റവല്യൂഷൻ പദ്ധതിപ്രകാരം കല്ലുമേക്കായ കൃഷി, ഓരു ജലാശയങ്ങളിലെ കൂടുകൃഷി, ജല പഠന പര്യയന സംവിധാനത്തിലെ മത്സ്യകൃഷി, മത്സ്യകൃഷിക്കായി വെള്ളക്കെട്ട് (വാട്ടർ ലോഗ്ഡ്) പ്രദേശം പുനരുദ്ധരിക്കലും സബ്സിഡിയും ചെമ്മീൻ കൃഷിക്കുള്ള കുളം നവീകരിക്കലും ഇൻപുട്ട് സബ്സിഡിയും ഗിഫ്റ്റ് തിലാപ്പിയ കൃഷി, ആസാംവാള കൃഷി എന്നീ പദ്ധതികൾക്കായി 686.6 ലക്ഷം രൂപയുടെ കേന്ദ്രവിഹിതം ഉൾപ്പെടുന്ന പദ്ധതികൾക്ക് അനുമതി നൽകുകയും ആയത് പൂർത്തീകരിച്ചുവരികയാണ്. ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 2018-19 വർഷത്തിൽ 40 കോടി രൂപയുടെയും 2019-20 സാമ്പത്തിക വർഷത്തിൽ 74.2 കോടി രൂപയുടെയും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മത്സ്യസമ്പത്തിന്റെ പരിപാലനത്തിനും വർദ്ധനവിനുമായി നടപ്പിലാക്കിയ വിവിധ നടപടികളുടെ ഫലമായി മത്സ്യ ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ദൃശ്യമായിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ ഉൽപാദനം വർദ്ധിപ്പിച്ച് മത്സ്യത്തൊഴിലാളികൾക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശുദ്ധ ജലാശയങ്ങളിലും ഓരു ജലാശയങ്ങളിലും ഗുണമേന്മയുള്ള മത്സ്യവിത്ത് ജനപങ്കാളിത്തത്തോടെ നിക്ഷേപിക്കുന്ന ഓപ്പൺ വാട്ടർ റാഞ്ചിംഗ്, സീ റാഞ്ചിംഗ് പദ്ധതികളും നടപ്പാക്കുന്നു. വേമ്പനാട്, അഷ്ടമുടി കായലുകളിൽ കരിമീൻ

ഉൾപ്പെടെയുള്ള തദ്ദേശീയ മത്സ്യങ്ങളുടെ പ്രജനനത്തിന് ഉചിതമായ ആവാസവ്യവസ്ഥ കൃത്രിമമായി ഒരുക്കുന്നതിന് ടി കായലുകളിൽ 2 ഹെക്ടർ വീതം വിസ്തീർണ്ണത്തിൽ സംരക്ഷിത കേന്ദ്രങ്ങൾ സജ്ജമാക്കുന്ന പദ്ധതി തൊഴിലാളി പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുണ്ട്. 20 സംരക്ഷിത കേന്ദ്രങ്ങളാണ് ടി കായലുകളിൽ സജ്ജമാക്കുന്നത്. സംസ്ഥാന ഫിഷറീസ് വകുപ്പ് ശേഖരിച്ച കണക്കുപ്രകാരം 2017-18 സാമ്പത്തികവർഷം ഉൾനാടൻ മത്സ്യ ഉൽപ്പാദനം 1.89 ലക്ഷം മെട്രിക് ടണ്ണായിരുന്നത് 2018-19 ആയപ്പോഴേയ്ക്കും 1.92 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. കൂടാതെ സമുദ്ര മത്സ്യ ഉൽപ്പാദനം 4.83 ലക്ഷം മെട്രിക് ടണ്ണായിരുന്നത് 2018 -19-ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്.

**പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ശാക്തീകരണത്തിന് നടപടി**

273(6623) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നൈപുണ്യം നവീകരിച്ചും ആഴക്കടൽ മത്സ്യബന്ധനത്തിനായി പ്രത്യേക സംവിധാനമുള്ള മത്സ്യബന്ധന യാനങ്ങൾ നൽകിയും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ശാക്തീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) മത്സ്യവിത്ത് ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(സി) ഉൾനാടൻ മത്സ്യബന്ധന മേഖല വികസിപ്പിക്കുവാൻ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ഉൾനാടൻ മത്സ്യബന്ധനത്തിനും മൂല്യവർദ്ധിത മത്സ്യത്തിന്റേയും മത്സ്യ ഉല്പന്നങ്ങളുടെ ഉല്പാദനത്തിലും വിപണനത്തിലും മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ശാക്തീകരിക്കുന്നതിനായി നടപ്പാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മത്സ്യവിത്തുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായി നിലവിലുള്ള ഫിഷ് സീഡ് ഫാമുകൾ/ഹാച്ചറികൾ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നവീകരിക്കുന്നതിനും പുതിയ ഹാച്ചറികൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള നല്ലയിനം മത്സ്യ വിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 2019-20 സാമ്പത്തികവർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പുതിയ മത്സ്യവിത്ത് ഫാമുകൾ, ഹാച്ചറികൾ, നഴ്സറികൾ എന്നിവയുടെ പൂർത്തീകരണം നിലവിലുള്ള ഫിഷ് സീഡ് ഫാമുകളുടെ/ ഹാച്ചറികളുടെ വികസനം, നടത്തിപ്പ്, സംരക്ഷണം നിലവിലുള്ള സർക്കാർ ഫാമുകളിൽ അധികം മത്സ്യവിത്തുല്പാദന യൂണിറ്റുകളുടെ നിർമ്മാണം എന്നിവയ്ക്കായി 1800 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതനുസരിച്ച് മത്സ്യ വിത്തുല്പാദന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നടപ്പുസാമ്പത്തികവർഷം വിവിധ സീഡ് ഫാമുകൾ/ഹാച്ചറികളിലായി 800 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉൾനാടൻ മത്സ്യബന്ധന മേഖല വികസനത്തിനായി പൊതു ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് ആൻഡ് ഫംഗ്ഷനിംഗ് ഓഫ് എഫ്.എം.സി.-കൾ എന്ന പദ്ധതിപ്രകാരം പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നടപ്പുസാമ്പത്തിക വർഷം 295 ലക്ഷം രൂപ പദ്ധതി നടത്തിപ്പിന് വകകൊള്ളിച്ചിട്ടുണ്ട്. ഇതുകൂടാതെ കായലിലെ തദ്ദേശീയ മത്സ്യങ്ങളെ സംരക്ഷിക്കുന്നതിന് വേമ്പനാട്, അഷ്ടമുടികായലുകളിൽ സംരക്ഷണ പദ്ധതിയും നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ 11 റിസർവോയറുകളിൽ റിസർവോയർ ഫിഷറീസ് പദ്ധതി നടപ്പിലാക്കിവരുന്നു. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ അണക്കെട്ടിൽ കൂട് കൃഷി പദ്ധതിക്കുള്ള 3.2 കോടി രൂപയുടെ പ്രൊപ്പോസലിന് എച്ച്.എൽ.ഇ.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ ശക്തികുളങ്ങരയിൽ പ്രവർത്തിച്ചുവരുന്ന മത്സ്യ സംസ്കരണ കേന്ദ്രത്തിൽ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനുള്ള പരിശീലനം നൽകിവരുന്നുണ്ട്. മത്സ്യത്തൊഴിലാളി വനിതകൾക്കും മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ താല്പര്യമുള്ള മറ്റു ജനവിഭാഗങ്ങൾക്കും പരിശീലനം നൽകിവരുന്നു. കൂടാതെ മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന വിവിധ മേഖലകളിൽ കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ നൽകുന്നു. CIFT, NIFPHATT, Kochi എന്നീ Central Institute-കളിലാണ് പരിശീലനങ്ങൾ നൽകുന്നത്. ഇതിനായി 2019-20 സാമ്പത്തികവർഷത്തിൽ കപ്പാസിറ്റി ബിൽഡിംഗ് എന്ന ശീർഷകത്തിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## മത്സ്യത്തിൽ മായം ചേർക്കുന്നത് തടയുന്നതിന് സംവിധാനം

274(6624) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തിൽ മായം ചേർക്കുന്നത് തടയുന്നതിന് നിലവിൽ പ്രത്യേക സംവിധാനം ഇല്ലാത്തതിനാൽ മത്സ്യഅനുബന്ധ തൊഴിലാളികൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യത്തിൽ മായം ചേർക്കുന്നതിന്റെ ഉറവിടം കണ്ടെത്തി തടയുന്നതിന് കർശന നടപടി സ്വീകരിക്കാനുള്ള സംവിധാനം വകുപ്പുതലത്തിൽ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യ മൊത്തവ്യാപാര വിപണന ശാലകൾ, മത്സ്യമാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണം തടയുന്നതിന് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾതോറും രൂപീകരിച്ച് പരിശോധന നടത്തുന്ന സംവിധാനം നിലവിലുണ്ട്. രാസവസ്തുക്കളായ അമോണിയ, ഫോർമാലിൻ എന്നിവയുടെ സാന്നിദ്ധ്യം പരിശോധിച്ച് മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ CIFT വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തിവരുന്നു. കൂടാതെ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലമുണ്ടാവുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. വിവിധ മാർക്കറ്റുകൾ, ഹാർബറുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തിവരുന്ന പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർത്ത മത്സ്യമോ പഴകിയ മത്സ്യമോ വിൽപ്പന നടത്തുന്നതായി കണ്ടെത്തിയാൽ വിൽപ്പന നടത്തിയവർക്കെതിരെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് ആക്ട് 2006 പ്രകാരം ശിക്ഷണ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന മത്സ്യം പരിശോധിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ, റെയിൽവേ

സ്റ്റേഷൻ, ലേലസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി മത്സ്യത്തിന്റെ സ്റ്റാറ്റ്യൂട്ടറി/സർവൈലൻസ് സാമ്പിളുകൾ ശേഖരിക്കുകയും പരിശോധനയ്ക്കയയ്ക്കുകയും ചെയ്തുവരുന്നു. ആരോഗ്യത്തിന് ഹാനികരമായി റിപ്പോർട്ട് ചെയ്യപ്പെട്ടവർക്കെതിരായി ഭക്ഷ്യ സുരക്ഷാ വകുപ്പ് മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു. ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യവിൽപ്പന ഉറപ്പുവരുത്തുവാൻ കഴിയുന്നവിധത്തിൽ നിയമ നിർമ്മാണവും സർക്കാർ പരിഗണനയിലാണ്. നാളിതുവരെ ഫുഡ് സേഫ്റ്റി വകുപ്പും ഫിഷറീസ് വകുപ്പും സംയുക്തമായി 388 പരിശോധനകൾ നടത്തുകയും 300 സാമ്പിളുകൾ ശേഖരിച്ച് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടില്ല.

## മത്സ്യമേഖലയുടെ പ്രാധാന്യം

275(6625) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശജനങ്ങൾക്ക് തൊഴിലും ജീവനോപാധിയും നൽകുന്ന മത്സ്യമേഖലയുടെ പ്രാധാന്യം സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മേഖലയിൽ നിലവിലെ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(സി) എല്ലാ മത്സ്യബന്ധനഗ്രാമങ്ങളിലും ശുദ്ധജലം, ശുചിത്വമുള്ള കക്കൂസ്, മാലിന്യസംസ്കരണ സംവിധാനം എന്നീ പ്രാഥമിക സംവിധാനങ്ങൾ ഒരുക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

1. സമ്പാദ്യ സമാശ്വാസ പദ്ധതി
2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസപദ്ധതി
3. വിദ്യാഭ്യാസ ആനുകൂല്യം

4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.
5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.
6. ഓഖി പുനരധിവാസ പദ്ധതികൾ
7. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന വിവിധ സാമൂഹിക സുരക്ഷാ പദ്ധതികൾ
8. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ
9. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി
10. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതികൾ.

(സി) തീരദേശ വികസന കോർപ്പറേഷൻ മുഖേന 2007-2008 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തികവർഷം വരെ സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഏകദേശം 88.69 കോടി രൂപയുടെ 108 കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യവും മാനവശേഷി വികസനവും എന്ന പദ്ധതിപ്രകാരം 2015-16-ൽ കോട്ടയം ജില്ലയിലെ വൈക്കം മത്സ്യഗ്രാമത്തിൽ 13.88 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതിയും 2018-19-ൽ കോഴിക്കോട് ജില്ലയിലെ ചോമ്പാൽ മുതൽ പൂഴിതല വരെ തീരദേശമേഖലയിൽ 15.00 ലക്ഷം രൂപയുടെയും കണ്ണൂർ ജില്ലയിലെ മാട്ടൂൽ മടക്കര മുനമ്പ് കോളനിയിൽ 16.50 ലക്ഷം രൂപയുടെയും കുടിവെള്ള പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കിയിട്ടുണ്ട്. 2012-13 മുതൽ 2016-17 വരെയുള്ള കാലയളവിൽ തീരദേശ സാമൂഹിക അടിസ്ഥാനസൗകര്യ വികസനം, പതിമൂന്നാം ധനകാര്യ കമ്മീഷൻ, സംയോജിത മത്സ്യ ഗ്രാമവികസനം പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 14,644 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ടോയ്‌ലെറ്റ് നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംയോജിത മത്സ്യഗ്രാമം പദ്ധതിയിലുൾപ്പെടുത്തി 806 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഇരുപതിനായിരം രൂപ വീതം ടോയ്‌ലെറ്റ് നിർമ്മാണ ധനസഹായം നൽകിയിട്ടുണ്ട്. (2012-13), (2013-14), (2014-15) എന്നീ വർഷങ്ങളിൽ സംയോജിത മത്സ്യ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ 203.26 ലക്ഷം രൂപ ചെലവിട്ട് 23 പബ്ലിക്

ടോയ്‌ലെറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. 2016-17 സാമ്പത്തികവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 1700 എണ്ണം വ്യക്തിഗത സാനിറ്ററി ടോയ്‌ലെറ്റുകൾ അനുവദിച്ചിട്ടുണ്ട്. ഇരുപതിനായിരം രൂപ വീതം ധനസഹായവും ലഭ്യമാക്കി. സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷന്റെ ഓപ്പൺ ഡെഫീക്കേഷൻ ഫ്രീ (ഒ.ഡി.എഫ്.) ക്യാമ്പയിൻപ്രകാരം വ്യക്തിഗത ടോയ്‌ലെറ്റ് നിർമ്മാണ ധനസഹായത്തിനായി തെരഞ്ഞെടുക്കപ്പെട്ട 3,777 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് 10,000 രൂപവീതം അധിക ധനസഹായം നൽകിയിട്ടുണ്ട്.

തീരദേശ വികസന കോർപ്പറേഷൻ മുഖേന മാലിന്യസംസ്കരണ പദ്ധതിയിലുൾപ്പെടുത്തി 2012-13 വർഷത്തിൽ കൊല്ലം ജില്ലയിലെ തങ്കശ്ശേരി മത്സ്യഗ്രാമത്തിൽ മാലിന്യ നിർമ്മാർജനത്തിനായി 20 ലക്ഷം രൂപയിൽ എയ്റോബിക് ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ കടലിൽ അടിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ മത്സ്യത്തൊഴിലാളികൾ മുഖേന കരയിലെത്തിച്ച് അവ ഷ്രെഡ്ഡ് ചെയ്ത് റോഡ് നിർമ്മിക്കുന്ന 'ശുചിത്വ സാഗരം' പദ്ധതിയുടെ നോഡൽ ഏജൻസിയായും തീരദേശ വികസന കോർപ്പറേഷനെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിനകം ഏകദേശം 52000 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ തീരപ്രദേശത്തെ ബീച്ചുകളിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 'Surf rake' എന്ന നൂതന ഉപകരണം petronet LNG-യുടെ ധനസഹായത്തോടെ കൊല്ലം ജില്ലയിലെ ബീച്ചിൽ പ്രയോഗിക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്.

## സമുദ്ര മത്സ്യബന്ധന നിയന്ത്രണ ബിൽ

276(6626) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ തയ്യാറാക്കുന്ന സമുദ്രമത്സ്യബന്ധന നിയന്ത്രണ ബിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂച്ചുവിലങ്ങിടുന്നതും വിദേശയാനങ്ങൾക്ക് അമിതസ്വാതന്ത്ര്യം നൽകുന്നതുമാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) എങ്കിൽ പുതിയ ബിൽ പ്രകാരം തീരക്കടലിന്റെ പരിപാലനാവകാശം കേന്ദ്രത്തിൽ നിക്ഷിപ്തമാകുന്നത് ഉണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങൾ പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചു. സംസ്ഥാനങ്ങളുടെ അധികാര പരിധിയായ 12 നോട്ടിക്കൽ മൈൽ വരെയുള്ള തീരക്കടലിൽ നിലവിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അക്കാര്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ സമഗ്ര ഡാറ്റാ ബാങ്ക്**

277(6627) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ സമഗ്ര ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനകം എത്ര മത്സ്യത്തൊഴിലാളികളുടെ വിശദാംശമാണ് ഡാറ്റാബാങ്കിൽ ഉൾപ്പെടുത്തിയത് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ സമഗ്ര ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന പദ്ധതിയായ ഫിഷർഫോക്ക് ഫാമിലി രജിസ്റ്റർ (എഫ്.എഫ്.ആർ.) അന്തിമഘട്ടത്തിലാണ്. പ്രസ്തുത വിവരങ്ങൾ ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (FIMS) എന്ന വെബ്സൈറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിലവിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 235665 മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളി/മത്സ്യത്തൊഴിലാളി പെൻഷനർ എന്നിവരുടെ വിവരങ്ങളും അവരുടെ കുടുംബാംഗങ്ങളും ഉൾപ്പെടെ 643728 പേരുടെ വിശദവിവരങ്ങൾ FIMS-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**മത്സ്യ അനുബന്ധ തൊഴിലാളികൾക്ക് ധനസഹായം**

278(6628) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജെ.ജെ.ബി.വൈ./പി.എം.എസ്.ബി.വൈ. പദ്ധതി പ്രകാരം മത്സ്യതൊഴിലാളികൾക്ക് നിലവിലുള്ള അപകടംമൂലം ഉണ്ടാകുന്ന സ്ഥിരവും ഭാഗികവുമായ അവശത, സ്ഥിരവും പൂർണ്ണവുമായ അവശത, മരണം എന്നിവയ്ക്ക് നൽകുന്ന ധനസഹായം മത്സ്യ അനുബന്ധ തൊഴിലാളികൾക്ക് കൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന 9,10,11,12 ക്ലാസുകളിൽ പഠിക്കുന്ന മത്സ്യ അനുബന്ധ തൊഴിലാളികളുടെ മക്കൾക്ക് പ്രതിവർഷം രണ്ട് പേർക്കെങ്കിലും സ്കോളർഷിപ്പ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പി.എം.ജെ.ജെ.ബി.വൈ/പി.എം.എസ്.ബി.വൈ. പദ്ധതിപ്രകാരം മത്സ്യ അനുബന്ധത്തൊഴിലാളികൾക്കും അപകടംമൂലമുണ്ടാകുന്ന സ്ഥിരവും ഭാഗികവുമായ അവശത, മരണം എന്നിവയ്ക്ക് 1-6-2019 മുതൽ ധനസഹായം നൽകിവരുന്നുണ്ട്.

(ബി) മുൻകാലങ്ങളിൽ ക്ഷേമനിധി ബോർഡ് എൽ.ഐ.സി.-യുമായി ചേർന്ന് നടപ്പിലാക്കി വന്നിരുന്ന AABY പദ്ധതിയിൽ മത്സ്യത്തൊഴിലാളികളുടെ 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന പരമാവധി 2 കുട്ടികൾക്ക് 1,200 രൂപ സ്കോളർഷിപ്പ് അനുവദിച്ചിരുന്നു. എന്നാൽ ടി പദ്ധതി പി.എം.ജെ.ജെ.ബി.വൈ, പി.എം.എസ്.ബി.വൈ. എന്നീ പദ്ധതികളുമായി സംയോജിപ്പിച്ച് സംയോജിത പി.എം.ജെ.ജെ.ബി.വൈ. എന്ന പദ്ധതി 1-3-2018-ൽ നടപ്പിലാക്കിയതിനുശേഷം സ്കോളർഷിപ്പ് അപേക്ഷകൾ നോഡൽ ഏജൻസിയായ എൽ.ഐ.സി.-ക്ക് നൽകിയെങ്കിലും ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് അറിയിപ്പൊന്നും നൽകിയിട്ടില്ലെന്ന് എൽ.ഐ.സി. അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ ടി പദ്ധതിയിൽ സ്കോളർഷിപ്പ് നൽകുന്നില്ല. എന്നാൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും മക്കൾക്ക് നിലവിൽ താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്:

1. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്

   10 എ+ ലഭിക്കുന്നവർക്ക്- 5000

   9 എ+ ലഭിക്കുന്നവർക്ക്- 4000

   8 എ+ ലഭിക്കുന്നവർക്ക്- 3000

2. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽനിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ്` ലഭിക്കുന്ന മൂന്ന് വിദ്യാർഥികൾക്ക്-3000

3. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം.

   +2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക്- 5000

വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ നേടുന്നവർക്ക് - 5000

4. മരണപ്പെടുന്ന അനുബന്ധ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനച്ചെലവിനായി ഗ്രൂപ്പ് ആക്സിഡന്റൽ ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഒറ്റത്തവണ ധനസഹായമായി പരമാവധി രണ്ട് പേർക്ക് 10,000 രൂപ നൽകുന്നു.

**കേരള തീരത്തെ മത്സ്യക്ഷാമം**

279(6629) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യം പിടിക്കുവാൻ പോകുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും ചെറുയന്ത്രങ്ങൾ ഘടിപ്പിച്ച വള്ളങ്ങളിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്കും മത്സ്യം ലഭിക്കാതെ വെറുംകയ്യോടെ മടങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള തീരത്ത് മത്സ്യത്തിന് ക്ഷാമം അനുഭവപ്പെടുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) മത്സ്യം ലഭിക്കാതെ കഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിശോധിച്ചിട്ടുണ്ട്. മത്സ്യസമ്പത്ത് കുറയുന്നതിന്റെ പ്രധാന കാരണങ്ങൾ വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദവും ചെറുമീനുകളെ പിടിച്ചെടുക്കുന്നതുൾപ്പെടെയുള്ള അശാസ്ത്രീയ മത്സ്യബന്ധന രീതികളും വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജലമലിനീകരണം, ആഗോളതാപനം, കാലാവസ്ഥ വ്യതിയാനം, അതോടൊപ്പം ഓഖി, പ്രളയം പോലെയുള്ള പ്രകൃതി ദുരന്തങ്ങളും ഒരു പരിധി വരെ മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമായിട്ടുണ്ട്.

(സി) മത്സ്യലഭ്യതയിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും തീരെ മത്സ്യം ലഭിക്കാതെവരുന്ന സാഹചര്യം സംസ്ഥാനത്തുണ്ടായിട്ടില്ല. MLS (Minimum Legal Size) നടപ്പിലാക്കുകവഴി സംസ്ഥാന തീരക്കടലിൽ സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് നടപ്പിലാക്കിയും 2017 മുതൽ

കെ.എം.എഫ്.ആർ. ആക്ട് ഭേദഗതി ചെയ്ത് ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കിയും പുതിയ കെ.എം.എഫ്.ആർ. റൂൾ 2018 സെപ്തംബർ 1 മുതൽ നടപ്പിലാക്കിയും 2018-19-ലെ സമുദ്ര മത്സ്യ ഉൽപാദനം 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. തുടർച്ചയായി കാലാവസ്ഥ മുന്നറിയിപ്പുള്ള ദിവസങ്ങളിൽ സൗജന്യ റേഷൻ അനുവദിക്കാറുണ്ട്. ഇക്കഴിഞ്ഞ 'മഹാ ചുഴലിക്കാറ്റ് ഭീഷണിമൂലം കടലിൽ മത്സ്യബന്ധനം നടത്താൻ കഴിയാതിരുന്ന മത്സ്യത്തൊഴിലാളികൾക്ക് ഓരോ കുടുംബത്തിനും 2,000 രൂപ വീതം സി.എം.ഡി.ആർ.എഫ്.-ൽ നിന്നും അനുവദിച്ചിട്ടുണ്ട്.

## മത്സ്യ അനുബന്ധ തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ

280(6630) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ അനുബന്ധ തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) മത്സ്യ അനുബന്ധ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് സഹായം നൽകുന്നതിനും പ്രത്യേകം പദ്ധതിക്ക് രൂപം നൽകി നടപ്പിൽ വരുത്തുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ മത്സ്യ അനുബന്ധത്തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും മത്സ്യത്തൊഴിലാളികളുടെയും/അനുബന്ധ തൊഴിലാളികളുടെയും മക്കൾക്ക് നിലവിൽ താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

1. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്

   10 എ+ ലഭിക്കുന്നവർക്ക്- 5000

   9 എ+ ലഭിക്കുന്നവർക്ക്- 4000

   8 എ+ ലഭിക്കുന്നവർക്ക്- 3000

2. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന മൂന്ന് വിദ്യാർഥികൾക്ക്-3,000 രൂപ

3. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം. +2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക്- 5,000 രൂപ

വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിലും

എ+ നേടുന്നവർക്ക് - 5,000 രൂപ

4. മരണപ്പെടുന്ന അനുബന്ധ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠന ചെലവിനായി ഗ്രൂപ്പ് ആക്സിഡന്റൽ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി ഒറ്റത്തവണ ധനസഹായമായി പരമാവധി രണ്ടുപേർക്ക് 10,000 രൂപ നൽകുന്നു. മത്സ്യ/അനുബന്ധ തൊഴിലാളികളുടെ മക്കൾക്ക് നിലവിൽ ഫിഷറീസ് വകുപ്പ് മുഖേന വിദ്യാഭ്യാസ ആനുകൂല്യങ്ങളൊന്നും അനുവദിക്കുന്നില്ല. നിലവിൽ ഭവനരഹിതരായ മത്സ്യ/ അനുബന്ധത്തൊഴിലാളികൾ ഉൾപ്പെടെ മുഴുവൻ ആളുകൾക്കും 'ലൈഫ്' പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിന് ധനസഹായം നൽകിവരുന്നുണ്ട്.

**പീലിംഗ് തൊഴിലാളികളുടെ മിനിമം കൂലി**

281(6631) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പീലിംഗ് ഷെഡ്ഡുകളിൽ ജോലി നോക്കുന്ന തൊഴിലാളികളുടെ മിനിമം കൂലി ഏകീകരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഷെഡ്ഡുകളുടെ അടിസ്ഥാനസൗകര്യങ്ങൾ തീരെ അപര്യാപ്തമായതിനാൽ ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ തൊഴിലാളികളെ ഇ.എസ്.ഐ. സ്കീമിൽപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ 2-8-2018-ലെ ഉത്തരവുപ്രകാരം കേരളത്തിലെ പീലിംഗ് ഷെഡ്ഡുകളിൽ ജോലി നോക്കുന്ന പീലിംഗ് തൊഴിലാളികൾക്ക് മിനിമം വേതനം ഏകീകരിച്ച് ഉത്തരവാക്കിയിട്ടുണ്ട്.

(ബി) എല്ലാ പീലിംഗ് ഷെഡ്ഡുകളും സ്വകാര്യവ്യക്തികളുടേതാണ്. അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തിന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപടികൾ സ്വീകരിക്കുന്നകാര്യം പരിഗണിച്ചുവരുന്നു.

(സി) തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് ഈ തൊഴിലാളികളെ ഇ.എസ്.ഐ. സ്കീമിൽപ്പെടുത്തുന്നതിനുള്ള നടപടി പരിഗണിച്ചുവരുന്നു.

## മത്സ്യതൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനം, മാനവശേഷി വികസനം പദ്ധതി

282(6632) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യതൊഴിലാളികളുടെ അടിസ്ഥാനസൗകര്യവികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

(ബി) തിരുവനന്തപുരത്ത് കാരോട് വില്ലേജിൽ ഫിഷറീസ് വകുപ്പ് മേൽ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രയോജനം എത്ര മത്സ്യതൊഴിലാളികൾക്ക് ലഭ്യമാകും;

(സി) തിരുവനന്തപുരത്തിനുപുറമെ ഏതെല്ലാം ജില്ലകളിലാണ് മത്സ്യതൊഴിലാളികൾക്ക് ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതിനായി ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഡി) ഇത്തരം ഫ്ലാറ്റുകൾ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കുവാൻ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) തിരുവനന്തപുരം കാരോട് വില്ലേജിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിൽ 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാൻ കഴിയും.

---
*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരത്തിനുപുറമേ കൊല്ലം ജില്ലയിലെ ക്യൂ.എസ്.എസ്. കോളനി, ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിക്കര ഉപ്പാലവളപ്പ് എന്നിവിടങ്ങളിലാണ് ഫ്ലാറ്റ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിലൂടെ 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനാകും. ഇതിനായി 78.20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നിലവിൽ അംഗീകാരം നൽകിയ എല്ലാ ഫ്ലാറ്റുകളും കോൺക്രീറ്റ് സ്ട്രക്ച്ചറുകളാണ്. ഫ്ളാറ്റുകൾ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

**ദുരന്തസാധ്യതയുള്ള പ്രദേശം കണ്ടെത്തുന്നതിന് ത്രിമാന ഭൂപടം**

283(6633) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പടിഞ്ഞാറൻ തീരത്തിന്റെ 250 മീറ്റർ വീതിയിൽ കേരള തീരത്ത് അപകടസാധ്യത വിശകലനം നടത്തി ദുരന്തസാധ്യതയുള്ള പ്രദേശം കണ്ടെത്തുന്നതിനായി ഒരു ത്രിമാന ഭൂപടം തയ്യാറാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനായി ഒരു ഉപഗ്രഹ അധിഷ്ഠിത നാവിഗേഷൻ കാലാവസ്ഥാ പ്രവചന സംവിധാനം ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ദുരന്തസാധ്യതയുള്ള മേഖല കണ്ടെത്തി ത്രിമാന ഭൂപടം നിർമ്മിക്കുകയെന്നത് ഏറെ സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ളതും ഫിഷറീസ് വകുപ്പിന് മാത്രമായി നടപ്പാക്കാൻ കഴിയാത്ത ഒരു പദ്ധതിയുമാണ്. ആകയാൽ ത്രിമാന ഭൂപടം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്ഥാപനമായ Kerala State Remote Sensing & Environment Centre-മായും കേന്ദ്ര സ്ഥാപനമായ INCOIS-മായും ചർച്ചകൾ നടത്തിവരുന്നു.

(ബി) കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ചും പ്രകൃതിക്ഷോഭങ്ങളെക്കുറിച്ചും മുന്നറിയിപ്പ് നൽകുന്നതിന് സഹായകരമായ 'നാവിക് എന്ന ഉപകരണം ഐ.എസ്.ആർ.ഒ.-യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കടലിൽ 1500 കി.മീറ്റർ വരെ അകലത്തിൽ വിവരങ്ങൾ എത്തിക്കുന്നതിന് 'നാവിക്' സഹായകമാകും. ISRO 'നാവിക്' സാങ്കേതിക വിദ്യ കെൽട്രോണിന് കൈമാറിയിട്ടുണ്ട്. കെൽട്രോൺ DAT (Distress Alert Transmitter) സംവിധാനവുംകൂടി ഉൾപ്പെടുത്തി വ്യാവസായികമായി 'നാവിക്' നിർമ്മിച്ച് വിതരണം ചെയ്തുവരുന്നു. ഇതുവരെയായി 875 'നാവിക്' ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ എൻട്രൻസ് കോച്ചിംഗ്**

284(6634) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ എൻട്രൻസ് കോച്ചിംഗിന് വേണ്ടി തെരഞ്ഞെടുക്കാവുന്ന അംഗീകരിച്ച പരിശീലന കേന്ദ്രങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും സ്ഥാപനങ്ങൾ അംഗീകരിച്ച പട്ടികയിൽ ഉണ്ടോ;

(സി) അംഗീകൃത സ്ഥാപനങ്ങളുടെ കുറവുകാരണം മലബാറിൽ നിന്നടക്കമുള്ള പ്രസ്തുത വിദ്യാർത്ഥികൾക്ക് മധ്യകേരളത്തിലേയ്ക്ക് പഠനത്തിനു വരേണ്ടിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കൂടുതൽ ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്നതിന് സർക്കാർ ആലോചിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ എൻട്രൻസ് കോച്ചിംഗിനുവേണ്ടി തെരഞ്ഞെടുക്കാവുന്ന അംഗീകരിച്ച പരിശീലന കേന്ദ്രങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കോഴിക്കോട് ജില്ലയിൽനിന്നും റെസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് റെസിഡൻഷ്യൽ ബാങ്ക് പരിശീലനം എന്നിവയ്ക്കായി സ്ഥാപനങ്ങൾ താൽപ്പര്യപത്രം നൽകിയിട്ടില്ല. ആയതിനാൽ അംഗീകരിച്ച സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. വിദ്യാതീരം പദ്ധതിയിലെ പി.എസ്.സി.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരിശീലനത്തിനായി ബ്രില്ല്യൻസ് കോളേജിന്റെ കോഴിക്കോട് ശാഖയിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു.

(സി&ഡി) ഉണ്ട്. സംസ്ഥാനത്തൊട്ടാകെ താൽപ്പര്യപത്രം ക്ഷണിച്ച് മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളെ വിദ്യാതീരം പദ്ധതിക്ക് തെരഞ്ഞെടുക്കുന്നത്. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി താൽപ്പര്യപത്രം സമർപ്പിച്ചാൽ ടി സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

**ഓഖി ദുരന്തബാധിതരുടെ പുനരധിവാസം**

285(6635) ശ്രീ. വി. എസ്.ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തബാധിതരുടെ സമഗ്ര പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ തയ്യാറാക്കിയ 7340 കോടി രൂപയുടെ പദ്ധതിയിൽ എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്;

(ബി) പ്രസ്തുത പാക്കേജ് പ്രകാരമുള്ള പദ്ധതികൾക്ക് കേന്ദ്രത്തിൽ നിന്നും ഇതിനകം എന്ത് സഹായമാണ് ലഭിച്ചത്;

(സി) കേന്ദ്രസർക്കാരിന്റെ ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന് ലഭിച്ച തുക എത്രയാണ്; അത് എപ്രകാരമാണ് വിനിയോഗിച്ചത്;

(ഡി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശവാസികളുടെ സമഗ്ര വികസനത്തിനായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 2000 കോടിയുടെ തീരദേശ പാക്കേജിന്റെ നിലവിലെ സ്ഥിതി എന്താണ്;

(ഇ) ഇതുസംബന്ധിച്ച് പഠനം നടത്തുവാൻ ഏത് ഏജൻസിയെയാണ് നിയോഗിച്ചത്; അവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) മത്സ്യബന്ധന മേഖലയിൽ താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനാണ് കേന്ദ്രസർക്കാരിനോട് പ്രത്യേക സഹായം ആവശ്യപ്പെട്ടത്. ഭവനനിർമ്മാണത്തിനായി 3002.71 കോടി രൂപ, തീരദേശ റോഡുകൾക്കും പാലങ്ങൾക്കുമായി 650 കോടി രൂപ, തീരദേശ ആരോഗ്യ

സാമൂഹ്യക്ഷേമമേഖലയ്ക്ക് 455 കോടി രൂപ, മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള പ്രത്യേക ധനസഹായ പദ്ധതിക്കായി 12.50 കോടി രൂപ മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് ജീവനോപാധി ഏർപ്പെടുത്തുന്നതിനായി 12.15 കോടി രൂപ, മരണമടഞ്ഞവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസത്തിനായുള്ള പ്രത്യേക സഹായ പദ്ധതിക്കായി 7.5 കോടി രൂപ, പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾ അപ്ഗ്രേഡ് ചെയ്ത് ആഴക്കടൽ മത്സ്യബന്ധനത്തിന് പര്യാപ്തമാക്കുന്ന പദ്ധതിക്കായി 625 കോടി രൂപ, തീരദേശത്തെ മത്സ്യഗ്രാമങ്ങളിൽ സോളാർ അധിഷ്ഠിത ഡീസലൈനേഷൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 500 കോടി രൂപ, ഫിഷറീസ് സ്കൂളുകളുടെ നവീകരണത്തിനായി 100 കോടി രൂപ, തീരദേശത്തെ സർക്കാർ സ്കൂളുകളുടെ അപ്ഗ്രഡേഷനായി 306 കോടി രൂപ, കമ്മ്യൂണിറ്റി പ്രൊഡക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 50 കോടി രൂപ, റെസിഡൻഷ്യൽ മറൈൻ സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനായി 50 കോടി രൂപ, ദേശീയ മത്സ്യത്തൊഴിലാളി കാര്യശേഷി വികസന സ്ഥാപനത്തിനായി നൂറു കോടി രൂപ, മറൈൻ ആംബുലൻസിനായി 63 കോടി രൂപ, തീരദേശ പോലീസിന് 35 കോടി രൂപ വൈദ്യുതിക്ക് 537 കോടി രൂപ, കുടിവെള്ള വിതരണത്തിന് 28 കോടി രൂപ, തീരസംരക്ഷണത്തിന് 323 കോടി രൂപ, ഹാർബറുകളും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയ്ക്കായി 25 കോടി രൂപ എന്നിവയാണ്.

(ബി) കേന്ദ്രസർക്കാരിന് 7340.45 കോടി രൂപയുടെ ഒരു സമഗ്ര പാക്കേജ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) കേന്ദ്ര മാനദണ്ഡപ്രകാരം നഷ്ടപരിഹാരം എന്ന വ്യവസ്ഥയില്ല. ദുരിതാശ്വാസ സഹായം മാത്രമേയുള്ളൂ. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ 133 കോടി രൂപയുടെ അടിയന്തര സഹായം അനുവദിക്കുകയും ഓഖിക്കായി അനുവദിച്ച പ്രസ്തുത സഹായത്തിൽ 21.30 കോടി രൂപ അധികമായി അനുവദിച്ചതായി 26-2-2018-ൽ ചേർന്ന നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സബ്കമ്മിറ്റി പരിശോധിച്ച് കണ്ടെത്തുകയും അധികമായി അനുവദിച്ച ടി തുക ഇനി വരുന്ന ദുരന്തങ്ങൾ നേരിടുവാൻ ഉപയോഗിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഓഖി സമയത്ത് ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നതിന്, എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ഉപജീവന ബത്തയായി 2,000 രൂപ വീതം അനുവദിച്ചതിന്, രക്ഷാപ്രവർത്തനങ്ങൾ നടത്തിയതിന്റെ ചെലവുകൾ വഹിക്കുന്നതിന്, SDRF/NDRF മാനദണ്ഡപ്രകാരം ദുരന്തബാധിതർക്ക് അനുവദനീയമായ അടിയന്തര സഹായം അനുവദിക്കാൻ ദുരന്തത്തിൽപ്പെട്ട യാനങ്ങളെയും മത്സ്യത്തൊഴിലാളികളെയും തെരയുന്നതിന് തുടങ്ങിയ വിവിധ അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കാണ് ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക ചെലവഴിച്ചിട്ടുള്ളത്.

(ഡി&ഇ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനും മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും ജീവനോപാധികൾ ഉറപ്പുവരുത്തുന്നതിനും ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി 2000 കോടി രൂപയുടെ സമഗ്ര തീരദേശ വികസന പാക്കേജ് സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. പ്രസ്തുത പാക്കേജ് ആവിഷ്കരിക്കുന്നതിനായി ശ്രീ. എസ്. എം. വിജയാനന്ദ്, ഐ.എ.എസ്. (റിട്ടയേർഡ്) ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ജീവനോപാധി സംബന്ധിച്ചുള്ള പഠനങ്ങൾ IRMA (Institute of Rural Management Anand) വഴിയും Basic human needs, Coastal Infrastructure, Human development, Social Service, quality of public seminar, Self help group and Co-operative Safety, Disaster Management എന്നിവ സംബന്ധിച്ച പഠനങ്ങൾ TISS (Tata Institute of Social Science) മുഖേനയാണ് നടത്തുന്നത്. പഠനത്തിനും പ്രോജക്ട് തയ്യാറാക്കുന്നതിനുമായി രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ട്.

TISS-മായിട്ടുള്ള MoU ഒപ്പുവയ്ക്കുകയും ഫീൽഡുതല പഠനം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. IRMA-യുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനും പഠനം ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. മേൽപഠനങ്ങളുടെ അടിസ്ഥാനത്തിൽ ഡി.പി.ആർ. മൂന്ന് ഘട്ടങ്ങളിലായി തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. അതിൽ ആദ്യഘട്ടമായി 9 മത്സ്യബന്ധന തുറമുഖങ്ങൾ, 9 ഫിഷ് ലാൻഡിംഗ് സെന്ററുകൾ, 10 ആധുനിക മത്സ്യമാർക്കറ്റുകൾ, മത്സ്യത്തൊഴിലാളി സുരക്ഷാ പദ്ധതികൾ, മത്സ്യത്തൊഴിലാളി വനിതകളുടെ ജീവനോപാധി പദ്ധതികൾ എന്നിവയുടെ DPR തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. തീരദേശത്തിന്റെ സമഗ്രവികസനത്തിന്റെ ഭാഗമായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള ഒരു പ്രധാന പദ്ധതിയാണ് കടലാക്രമണ ഭീഷണി നേരിടുന്ന കടൽതീരത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിൽ ഭൂമിയും വീടും അനുവദിച്ച് പുനരധിവസിപ്പിക്കുകയെന്നത്. അപ്രകാരം പുനരധിവാസം ഉറപ്പാക്കുന്നതിന് 'പുനർഗേഹം' എന്ന പേരിൽ 2450 കോടി രൂപ അടങ്കൽ വരുന്ന ഒരു ബൃഹത് പദ്ധതി ആവിഷ്കരിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 1398 കോടി ടി പദ്ധതിക്ക് അനുവദിക്കാനും തീരുമാനമായി. തീരദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പശ്ചാത്തല വികസനത്തിന്റെ ഭാഗമായി 69 തീരദേശ സ്കൂളുകളുടെ വികസനം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാനും 65 മത്സ്യമാർക്കറ്റുകളുടെ വികസനത്തിന് 334.73 കോടി രൂപയുടെ പദ്ധതിക്കും തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

മത്സ്യബന്ധന തുറമുഖങ്ങളോടനുബന്ധിച്ചുള്ള കടൽതീരശോഷണം തടയുന്നതിന് 8 പദ്ധതികൾ ആവിഷ്കരിച്ച് 99.10 കോടി രൂപയ്ക്ക് ഭരണാനുമതി കിഫ്ബിയിലുൾപ്പെടുത്തി നൽകുകയും പദ്ധതിയാരംഭിക്കുകയും ചെയ്തുകഴിഞ്ഞു. പരപ്പനങ്ങാടി, ചെത്തി എന്നിവിടങ്ങളിൽ പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 209.65 കോടി രൂപയുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതെല്ലാം തീരദേശത്തിന്റെ സമഗ്രവികസനത്തിന്റെ ഭാഗമാണ്. ഇനിയും അവശേഷിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് നിർദ്ദിഷ്ട തീരദേശ വികസന പാക്കേജിന്റെ ലക്ഷ്യം.

**മത്സ്യബന്ധന മേഖലയിൽ വകുപ്പിന്റെ അനിവാര്യ പ്രവർത്തനങ്ങൾ**

286(6636) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനമേഖലയ്ക്ക് ഭീഷണിയാവുന്ന യന്ത്രവൽകൃത ട്രോളിംഗ് ബോട്ടുകളുടെയും റിംഗ്സിൽ വള്ളങ്ങളുടെയും അമിതമായ കടന്നുവരവ്, ചെറുമത്സ്യങ്ങളെപ്പോലും കോരിയെടുക്കുന്ന കൊല്ലിവലകൾ എന്നിവയെ നിയന്ത്രിക്കുവാൻ വകുപ്പ് എന്തെല്ലാം നടപടികളാണ് എടുത്തിരിക്കുന്നത്; വിശദമാക്കാമോ;

(ബി) ഓഖി ദുരന്തത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട കയ്പമംഗലം മണ്ഡലത്തിലെ കുടുംബങ്ങൾക്ക് നാളിതുവരെയായി ഭൂമിയോ, വീടോ ലഭിച്ചിട്ടില്ലാത്തതിനാൽ ഇവർക്ക് വീടും സ്ഥലവും ലഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കേരള സമുദ്രതീരത്തുനിന്നും 12 നോട്ടിക്കൽ പ്രദേശത്തിനുള്ളിൽ 20 മീറ്ററിലധികം നീളവും 250 HP-യിലധികം എഞ്ചിൻക്ഷമതയുമുള്ള മത്സ്യബന്ധനയാനം ഉപയോഗിച്ചുള്ള മത്സ്യബന്ധനം KMFR ആക്ട് പ്രകാരം നിരോധിച്ചിട്ടുണ്ട്. പുതിയ മെക്കനൈസ്ഡ് ബോട്ടുകൾക്കും 12 നോട്ടിക്കൽ മൈലിനുള്ളിൽ മത്സ്യബന്ധനത്തിന് ലൈസൻസ് അനുവദിക്കുന്നതല്ല. ഇതേ ചട്ടപ്രകാരം കൊല്ലംകോട് മുതൽ പറവൂർ പൊഴിക്കരവരെ തീരത്തുനിന്നും 30 മീറ്റർ ആഴപരിധിക്കും പറവൂർ പൊഴിക്കര മുതൽ ബെഗാര മഞ്ചേശ്വരം വരെ തീരത്തുനിന്നും 20 മീറ്റർ ആഴപരിധിയിലും ഇടയിലുള്ള ഏത് നിർദ്ദിഷ്ട സമുദ്ര ഭാഗത്തും മത്സ്യബന്ധനം നടത്തുന്നതിനും യന്ത്രവൽകൃതയാനങ്ങളെ നിരോധിച്ചിട്ടുണ്ട്.

അടക്കംകൊല്ലി ഗണത്തിൽ ഉൾപ്പെടുന്ന പഴ്സീൻവല കേരള സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ ഉപയോഗിക്കുന്നത് പൂർണമായും നിരോധിച്ചിട്ടുണ്ട്. എന്നാൽ റിംഗ് സീൻ ഉൾപ്പെടെയുള്ള വലകളുടെ കാര്യത്തിൽ ചെറുമത്സ്യങ്ങൾ പിടിച്ചെടുക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ പെലാജിക് ട്രോൾ, മിഡ് വാട്ടർട്രോൾ, ബുൾ ട്രോൾ അല്ലെങ്കിൽ പെയർ ട്രോൾ തുടങ്ങിയ അശാസ്ത്രീയ മത്സ്യബന്ധന രീതികളും നിരോധിച്ചിട്ടുണ്ട്. പുതിയ KMFR റൂൾ പ്രകാരം പ്രധാനപ്പെട്ട മത്സ്യബന്ധന വലകളുടെ ആകെ വലിപ്പവും കുറഞ്ഞ കണ്ണിവലിപ്പവും നിശ്ചയിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത നിയന്ത്രണങ്ങൾ പ്രായോഗികമായി നടപ്പിലാക്കപ്പെടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഓഖി ദുരന്തത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട കൈപ്പമംഗലം മണ്ഡലത്തിലെ 19 മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 16 പേർക്ക് സ്ഥലം വാങ്ങി വീട് വച്ചുനൽകി. രണ്ടുപേർക്ക് സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു. ഒരാളുടെ സ്ഥലവില നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടി**

287(6637) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനും വിദ്യാഭ്യാസ ഉന്നതിക്കുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം ഉൾപ്പെടെയുള്ള പദ്ധതികൾ വേഗത്തിലും സമയബന്ധിതവുമായി പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനും വിദ്യാഭ്യാസ ഉന്നതിക്കുമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. *

(ബി) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം ഉൾപ്പെടെയുള്ള പദ്ധതികൾ വേഗത്തിലും സമയബന്ധിതവുമായി പൂർത്തിയാക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മത്സ്യസമ്പത്ത് കയറ്റുമതി

288(6638) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യസമ്പത്ത് കയറ്റുമതിയിലൂടെ പ്രതിവർഷം എത്ര കോടി രൂപ സർക്കാരിന് ലഭ്യമാകുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട 2018-19 -കാലയളവിലെ കണക്ക് പ്രത്യേകം ലഭ്യമാക്കാമോ?

ഉത്തരം

(എ) The Marine Products Exports Development Authority (MPEDA)-യുടെ കണക്കുകൾപ്രകാരം സംസ്ഥാനത്ത് മത്സ്യസമ്പത്ത് കയറ്റുമതിയിലൂടെ പ്രതിവർഷം സംസ്ഥാനത്ത് ലഭ്യമാകുന്ന തുകയുടെ വിവരം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 2013-14 | 4873.80 കോടി രൂപ |
| 2014-15 | 5166.08 കോടി രൂപ |
| 2015-16 | 4644.42 കോടി രൂപ |
| 2016-17 | 5008.54 കോടി രൂപ |
| 2017-18 | 5919.02 കോടി രൂപ |
| 2018-19 | 6014.70 കോടി രൂപ |

(ബി) 6014.70 കോടി രൂപ.

## ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം

289(6639) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പ് മുഖാന്തരം ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിച്ചിട്ടുണ്ടോ;

(ബി) പുതിയ മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

## ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സർക്കാരിന്റെ ബ്ലൂ റവല്യൂഷൻ/സംസ്ഥാന സർക്കാർ ധനസഹായം പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന മൂന്ന് മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് എന്നിവ മുഖേന സ്ഥാപിക്കുന്നതിന് അംഗീകാരം നൽകിയിരുന്നു.

| ക്രമ നമ്പർ | മത്സ്യ മാർക്കറ്റ് | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | കരിക്കോട് | 356.00 | പദ്ധതി പൂർത്തീകരിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറി |
| 2 | മയ്യനാട് | 159.00 | പദ്ധതി പുരോഗമിക്കുന്നു |
| 3 | അരൂർ | 85.00 | പദ്ധതി പുരോഗമിക്കുന്നു |

(ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബി ധനസഹായത്തോടെ 65 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി 193.47 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. മാർക്കറ്റുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

ഇതുകൂടാതെ പത്തനംതിട്ട ജില്ലയിലെ ഏനാത്ത് 220.98 ലക്ഷം രൂപയും കൊല്ലം ജില്ലയിലെ കണ്ണനല്ലൂർ 403.87 ലക്ഷം രൂപയും അടങ്കൽ തുക വരുന്ന മത്സ്യമാർക്കറ്റുകൾ കേന്ദ്രസർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി അനുമതി നൽകിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാവാത്തതിനാൽ പ്രസ്തുത മാർക്കറ്റ് നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് 2019-20-ൽ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി (ട്രാഞ്ചേ 25)-യിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിലേയ്ക്കായി 502.00 ലക്ഷം രൂപ അടങ്കൽ തുകയിൽ കണ്ണനല്ലൂർ മാർക്കറ്റ് സർക്കാരിന്റെ പരിഗണനയിലാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മത്സ്യവും മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും

290(6640) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും മത്സ്യവും മറ്റ് മൂല്യവർദ്ധിത ഉല്പന്നങ്ങളും ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളുടെ പട്ടിക വെളിപ്പെടുത്തുമോ;

(ബി) 2018-2019 ൽ ഓരോ രാജ്യവും ഇറക്കുമതി ചെയ്തതിന്റെ അളവ് പ്രത്യേകം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തുനിന്നും മത്സ്യവും മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കേരളത്തിൽനിന്നും കയറ്റുമതി ചെയ്യുന്ന രാജ്യങ്ങൾ |
|---|---|
| 1 | ജപ്പാൻ |
| 2 | യു.എസ്.എ. |
| 3 | യൂറോപ്യൻ യൂണിയൻ |
| 4 | ചൈന |
| 5 | തെക്കുകിഴക്കൻ ഏഷ്യ |
| 6 | മദ്ധ്യകിഴക്കൻ രാജ്യങ്ങൾ |
| 7 | മറ്റ് രാജ്യങ്ങൾ |

(ബി)

| ക്രമ നമ്പർ | രാജ്യം | കേരളത്തിൽനിന്നും കയറ്റുമതി ചെയ്തതിന്റെ അളവ് (മെട്രിക് ടൺ) |
|---|---|---|
| 1 | ജപ്പാൻ | 6632 |
| 2 | യു.എസ്.എ. | 15680 |
| 3 | യൂറോപ്യൻ യൂണിയൻ | 48064 |
| 4 | ചൈന | 17105 |
| 5 | തെക്കുകിഴക്കൻ ഏഷ്യ | 70489 |
| 6 | മദ്ധ്യകിഴക്കൻ രാജ്യങ്ങൾ | 9020 |
| 7 | മറ്റ് രാജ്യങ്ങൾ | 16073 |

## സമുദ്രോത്പന്ന കയറ്റുമതി

291(6641) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 എന്നീ സാമ്പത്തികവർഷങ്ങളിൽ സംസ്ഥാനത്ത് നിന്നുള്ള സമുദ്രോത്പന്ന കയറ്റുമതി എത്ര തുകയ്ക്കുള്ളതായിരുന്നു എന്നറിയിക്കുമോ;

(ബി) കയറ്റുമതിയിൽ ഇടിവുണ്ടായിട്ടുണ്ടെങ്കിൽ കാരണങ്ങൾ പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കുമോ;വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ)

| വർഷം | തുക (കോടിയിൽ) |
|---|---|
| 2016-17 | 5008.54 |
| 2017-18 | 5919.03 |
| 2018-19 | 6014.70 |

(ബി) കയറ്റുമതിയിലൂടെ വരുമാനത്തിൽ കുറവുണ്ടായിട്ടില്ല.

## മത്സ്യത്തിൽ മായം ചേർക്കുന്നത് തടയുന്നതിന് നടപടികൾ

292(6642) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തിൽ മായം ചേർക്കുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള വകുപ്പുതല നടപടികളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; 2018-19 വർഷത്തിലെ കണക്ക് പ്രത്യേകം നൽകാമോ?

ഉത്തരം

(എ) മനുഷ്യാരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങൾ ചേർത്ത് മത്സ്യവിപണനം തടയുവാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി ജില്ലകൾതോറും രൂപീകരിച്ച ടാസ്ക്

ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്തുടനീളം സജീവമാണ്. രാസവസ്തുക്കൾ കലർത്തിയിട്ടുള്ള മത്സ്യ വിൽപ്പന തടയുവാൻ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾതോറും പരിശോധന നടത്തിവരുന്നു. 2017 മുതൽ ഇത്തരത്തിൽ 388 പരിശോധനകൾ നടത്തുകയും ആയതിൻപ്രകാരം 300 സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുമുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിങ്ങ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യ മൊത്തവ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ചേർക്കുന്നതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും മത്സ്യവിപണം ചെയ്യുന്ന കച്ചവടക്കാർക്കും ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ മത്സ്യത്തിൽ അമോണിയ, ഫോർമാലിൻ തുടങ്ങിയ രാസവസ്തുക്കൾ കലർത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ മുംബൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന Himedia Company-ക്ക് കൈമാറുകയും അവർ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് സംസ്ഥാനത്ത് ലഭ്യമാക്കുകയും ചെയ്തുവരുന്നു. ഇത് പ്രയോജനപ്പെടുത്തി പൊതുജനങ്ങൾക്കും ഫോർമാലിൻ, അമോണിയ എന്നിവയുടെ സാന്നിദ്ധ്യം മനസ്സിലാക്കാവുന്നതാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷ വകുപ്പിൽ ആകെ 11 കേസ്സുകൾ നിലവിലുണ്ട്. 2018-19-ൽ 10 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**രാസവസ്തുക്കൾ ചേർത്തുള്ള മത്സ്യവിൽപ്പന**

293(6643) ശ്രീ. ബി. സത്യൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, ആരോഗ്യത്തിന് ഹാനികരമായ പദാർത്ഥങ്ങൾ ചേർത്ത മത്സ്യം ധാരാളമായി വില്പനയ്ക്ക് എത്തുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം രാസവസ്തുക്കൾ ചേർത്തുള്ള മത്സ്യവില്പന തടയുന്നതിന് ഭക്ഷ്യ വകുപ്പുമായി ചേർന്ന് എന്തെല്ലാം ശക്തമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വൃത്തിയുള്ളതും മായം ചേർക്കാത്തതുമായ മത്സ്യം വിൽപ്പന നടത്തുന്നതിന് മത്സ്യഫെഡ് ഫ്രെഷ് ഫിഷ് സൂപ്പർമാർക്കറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രാസവസ്തുക്കൾ കലർത്തിയുള്ള മത്സ്യ വിൽപ്പന തടയുവാൻ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾതോറും രൂപീകരിച്ച് പരിശോധന നടത്തിവരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്തവ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ മാർക്കറ്റുകൾ, ഹാർബറുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തിവരുന്ന പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർത്ത മത്സ്യമോ പഴകിയ മത്സ്യമോ വിൽപ്പന നടത്തുന്നതായി കണ്ടെത്തിയാൽ വിൽപ്പന നടത്തിയവർക്കെതിരെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് ആക്ട് 2006 പ്രകാരം ശിക്ഷണ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ വിവിധ ഹാർബറുകളിൽനിന്നും മത്സ്യ മാർക്കറ്റുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധനകളും നടത്തിവരുന്നു. അമോണിയ, ഫോർമാലിൻ എന്നിവയുടെ സാന്നിദ്ധ്യം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തിവരുന്നു. ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യവിൽപ്പന ഉറപ്പുവരുത്തുവാൻ കഴിയുന്നവിധത്തിൽ നിയമനിർമ്മാണവും സർക്കാർ പരിഗണനയിലാണ്.

അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മത്സ്യം പരിശോധിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ, റെയിൽവേ സ്റ്റേഷൻ, ലേലസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി മത്സ്യത്തിന്റെ സ്റ്റാറ്റ്യൂട്ടറി/സർവൈലൻസ് സാമ്പിളുകൾ ശേഖരിക്കുകയും പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യത്തിന് ഹാനികരമായി റിപ്പോർട്ട് ചെയ്യപ്പെട്ടവയ്ക്കെതിരെ ഭക്ഷ്യസുരക്ഷാ വകുപ്പ് മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന മത്സ്യങ്ങളിൽ മായം ചേർത്തതായി ശ്രദ്ധയിൽപ്പെട്ടാൽ അവ തിരിച്ചയച്ച് നശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ പ്രധാന നഗരങ്ങൾ കേന്ദ്രീകരിച്ച് ഫ്രഷ് ഫിഷ് സൂപ്പർമാർക്കറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ 'അന്തിപ്പച്ച' എന്നപേരിൽ ആരംഭിച്ചിട്ടുള്ള 5 മൊബൈൽ ഫിഷ് മാർട്ടുകൾ മുഖേന ഓരോ ദിവസവും മത്സ്യബന്ധന ഹാർബറുകളിൽ മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം ഫ്രഷായി ഉപഭോക്താക്കളിൽ എത്തിക്കുന്നുണ്ട്. ഇത് വ്യാപകമാക്കുന്നതാണ്.

## ചീനവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവരുടെ തൊഴിൽ സംരക്ഷണം

294(6644) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ പള്ളുരുത്തി, പെരുമ്പടപ്പ് മേഖലകളിലെ പരമ്പരാഗത മത്സ്യതൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചീനവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന ഇവരുടെ തൊഴിൽ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ പള്ളുരുത്തി, പെരുമ്പടപ്പ് മേഖലകളിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ കുമ്പളങ്ങി പെരുമ്പടപ്പ് കായലിനെ ആശ്രയിച്ചാണ് ഉപജീവനം നടത്തിവരുന്നത്. പ്രസ്തുത കായലിൽ എക്കൽ അടിഞ്ഞ് ആഴംകുറഞ്ഞത് കായലിന്റെ സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടുത്തുകയും ആയതുമൂലം ആവാസവ്യവസ്ഥയിലുണ്ടായ മാറ്റം കായലിലെ മത്സ്യലഭ്യത ഗണ്യമായി കുറയുന്നതിനും ഇടയാക്കിയിട്ടുണ്ട്. കൂടാതെ വിവിധ മത്സ്യ സംസ്കരണ ശാലകളിൽനിന്നും പുറന്തള്ളുന്ന മലിനജലവും അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിക്കുന്ന കുറ്റിവലകളും ചീനവലകളും ഈ കായലിനെ ആശ്രയിച്ചുകഴിയുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വൻ ഭീഷണിയാണ്.

(ബി&സി) തൊഴിൽ സംരക്ഷണത്തിന്റെ ഭാഗമായി ഫിഷറീസ് വകുപ്പിൽനിന്നും നിലവിൽ ലഭിച്ചിട്ടുള്ള വ്യവസ്ഥാപിത ലൈസൻസുള്ളവരുടെ ചീനവലകൾക്ക് ലൈസൻസ് പുതുക്കി നൽകിവരുന്നുണ്ട്. ഫിഷറീസ് വകുപ്പിന്റെ രജിസ്ട്രേഷനും ലൈസൻസുമില്ലാതെ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന ചീനവലകൾ 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് സെക്ഷൻ 6 (2) 2013-ലെ കേരള ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചറും റൂൾസ് ചട്ടം 4(3) പ്രകാരം നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈപ്പിൻ നിയോജകമണ്ഡലത്തിലെ പ്രളയബാധിതരായ മത്സ്യ കർഷകർക്ക് ധനസഹായം

295(6645) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വൈപ്പിൻ നിയോജക മണ്ഡലത്തിലെ ലൈസൻസുള്ള മത്സ്യകർഷകർ ധനസഹായം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷകളിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2019 ആഗസ്റ്റ് മാസത്തിലുണ്ടായ വെള്ളപ്പൊക്കത്തിൽ നാശനഷ്ടം സംഭവിച്ച മത്സ്യകർഷകർ സമർപ്പിച്ച അപേക്ഷകൾ സ്വീകരിക്കുകയും അതിന്മേൽ അന്വേഷണം നടത്തുകയും നാശനഷ്ടങ്ങളുടെ കണക്ക് എടുക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു:

| ക്രമ. നമ്പർ | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|
| 1 | ബ്രാക്കിഷ് വാട്ടർ കൾച്ചർ ഇൻ പോണ്ട് | 2 | 72,000 |
| 2 | ബ്രാക്കിഷ് വാട്ടർ ഷ്രിംപ് ഇൻ പോണ്ട് | 1 | 36,000 |
| 3 | കേജ് കൾച്ചർ ഇൻ ബ്രാക്കിഷ് വാട്ടർ | 4 | 1,58,000 |
| ആകെ | | 7 | 2,66,000 |

2019 ആഗസ്റ്റ് മാസത്തിലുണ്ടായ വെള്ളപ്പൊക്കത്തിൽ വൈപ്പിൻ നിയോജകമണ്ഡലത്തിൽ നാശനഷ്ടം സംഭവിച്ച ഏഴ് മത്സ്യകർഷകരുടെ അപേക്ഷ സ്വീകരിക്കുകയും 2,66,000 രൂപ എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം നാശനഷ്ടം കണക്കാക്കുകയും നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു.

## കാസർകോട് ജില്ലയിലെ തീരദേശ റോഡുകളുടെ നവീകരണം

296(6646) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ നവീകരിച്ച തീരദേശ റോഡുകളുടെ പേരും നവീകരണത്തിന് വിനിയോഗിച്ച തുകയും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) തീരദേശ റോഡുകൾക്ക് ഫണ്ട് അനുവദിക്കുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ തീരദേശ റോഡുകളുടെ പേരുവിവരം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) നവീകരണത്തിനും പുനർനിർമ്മാണത്തിനുംപുറമേ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തീരദേശ റോഡുകളിൽ മറ്റെന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് ഫണ്ട് വിനിയോഗിക്കാറുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് "തീരദേശ റോഡുകളുടെ പുനരുദ്ധാരണം" എന്ന സ്കീമിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ 1480.80 ലക്ഷം രൂപ വിനിയോഗിച്ച് 39 തീരദേശ റോഡുകൾ നവീകരിച്ചിട്ടുണ്ട്.

| ക്രമനമ്പർ | മണ്ഡലം | അനുവദിച്ച തുക (ലക്ഷം) |
|---|---|---|
| 1 | മഞ്ചേശ്വരം | 441.32 |
| 2 | തൃക്കരിപ്പൂർ | 147.16 |
| 3 | കാഞ്ഞങ്ങാട് | 399.14 |
| 4 | ഉദുമ | 448.90 |
| 5 | കാസർഗോഡ് | 44.28 |
| | ആകെ | 1480.80 |

മണ്ഡലം തിരിച്ചുള്ള പട്ടിക അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തീരദേശ റോഡുകൾക്ക് ഫണ്ട് അനുവദിക്കുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. റോഡുകൾ 90 ശതമാനമെങ്കിലും കടൽതീരത്തെ High water line-ൽനിന്നും എട്ടു കിലോമീറ്റർ ദൂരപരിധിക്കുള്ളിൽ വരുന്നവ, ഒരു റോഡിന്റെ 90 ശതമാനമെങ്കിലും കായൽ തീരങ്ങളിൽനിന്നും അഞ്ചു കിലോമീറ്റർ ദൂരപരിധിക്കുള്ളിൽ വരുന്ന റോഡുകൾ, ഒരു റോഡിന്റെ 90 ശതമാനമെങ്കിലും നദീതീരങ്ങൾ/കടവുകളിൽ നിന്നും അഞ്ച് കിലോമീറ്റർ ദൂരപരിധിക്കുള്ളിൽ വരുന്ന റോഡുകൾ, ഫിഷർമെൻ കോളനിയിലേയ്ക്കുള്ള റോഡുകൾ, സർക്കാർ വക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ, ഫിഷിംഗ് ഹാർബർ, ഫിഷ് ലാന്റിംഗ് സെന്റർ എന്നിവയിലേയ്ക്കുള്ള കണക്ടിവിറ്റി റോഡുകൾ, ഹാർബർ, ഫിഷ് ലാന്റിംഗ് സെന്റർ എന്നിവയ്ക്കുള്ളിലെ റോഡുകൾ, ഹാർബർ കണക്ടിവിറ്റി റോഡുകൾ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട എല്ലാ റോഡുകളും- ഈ പറഞ്ഞ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള റോഡുകളാണ് തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നത്.
2.
   a. ബഹുമാനപ്പെട്ട ഫിഷറീസ് മന്ത്രി/ബഹുമാനപ്പെട്ട ലോകസഭാംഗങ്ങൾ/ ബഹുമാനപ്പെട്ട നിയമസഭാ സാമാജികർ ഇവരിലാരെങ്കിലും ശിപാർശ ചെയ്യുന്ന റോഡുകൾ;
   b. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കമ്മിറ്റി തീരുമാനം (resolution) പ്രകാരം ശിപാർശ ചെയ്യുന്ന റോഡുകൾ;
   c. ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ശിപാർശ ചെയ്യുന്ന ഹാർബറിലേയ്ക്കും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലേയ്ക്കും നേരിട്ടുള്ള കണക്ടിവിറ്റി റോഡും ഹാർബർ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം എന്നിവയ്ക്കുള്ളിലെ റോഡുകൾ, ഹാർബർ-ഹാർബർ കണക്ടിവിറ്റി റോഡുകൾ;
   d. ഫിഷറീസ് ഡയറക്ടർ ശിപാർശ ചെയ്യുന്ന ഫിഷ് ഫാം/ഹാച്ചറി/ അക്വേറിയങ്ങൾ, മത്സ്യത്തൊഴിലാളി/മത്സ്യകർഷക പരിശീലന കേന്ദ്രങ്ങൾ എന്നിവയ്ക്കുള്ളിലെ റോഡുകൾ, അവയിലേയ്ക്കുള്ള കണക്ടിവിറ്റി റോഡുകൾ, ഹാച്ചറികൾക്കുള്ളിലേയ്ക്കുള്ള റോഡുകൾ, അധികാരികൾ ശിപാർശ ചെയ്യുന്ന റോഡുകളാണ് സർക്കാർ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്.

3.

a. മുകളിൽ പറഞ്ഞ തീരദേശ റോഡുകളുടെ നിർവ്വചനത്തിൽ വരുന്ന പുതിയ റോഡുകൾ;

b. തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ (അവരുടെ സമ്മതപത്രത്തോടുകൂടിയുള്ളവ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ മറ്റു വകുപ്പുകളുടെയോ അധീനതയിലുള്ള സ്ഥലത്ത് പുതുതായി റോഡ് നിർമ്മിക്കാൻ നിർദ്ദേശിക്കുമ്പോഴോ നിലവിലുള്ള റോഡുകളുടെ നിലവാരം ഉയർത്താൻ നിർദ്ദേശിക്കുമ്പോഴോ, ടി പദ്ധതിയിലുൾപ്പെടുത്തി ചെയ്താൽ തുടർ പരിപാലനം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം/വകുപ്പ് നിർവ്വഹിക്കാമെന്ന ഉറപ്പിന്മേൽ റോഡുകളുടെ നിർമ്മാണം/പുനരധിവാസം;

c. സർക്കാർ നിർദ്ദേശപ്രകാരം ഏതെങ്കിലും പി.ഡബ്ല്യു.ഡി. റോഡുകൾ ഈ പദ്ധതിയിൽ ചെയ്യേണ്ടതുണ്ടെങ്കിൽ അതും തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിലുൾപ്പെടുത്തുന്നതാണ്.

(സി) കാസർഗോഡ് ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് "തീരദേശ റോഡുകളുടെ പുനരുദ്ധാരണം" എന്ന സ്കീമിൽ ഉൾപ്പെടുത്തി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി നൽകിയ തീരദേശ റോഡുകളുടെ പേര് വിവരം മണ്ഡലം തിരിച്ച് അനുബന്ധം (ബി) ആയി ചേർക്കുന്നു.*

(ഡി) റോഡുകളുടെ തൃപ്തികരമായ പൂർത്തീകരണത്തിന് ആവശ്യമായി വരുന്ന സൈഡ് ഡ്രയിൻ, പാർശ്വഭിത്തികൾ, ക്രോസ് ഡ്രെയിൻ/കൾവർട്ട്, തീരദേശ റോഡിൽ ഉൾപ്പെടുന്ന പാലങ്ങൾ എന്നിവയും ചെയ്തുവരുന്നു.

## കാസർഗോഡ് ജില്ലയിൽ ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കാൻ പദ്ധതികൾ

297(6647) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് കാസർഗോഡ് ജില്ലയിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) അനിയന്ത്രിതമായ മണലെടുപ്പുമൂലം മത്സ്യസമ്പത്തിന് നേരിടുന്ന ക്ഷാമം പരിഹരിക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ജനകീയ മത്സ്യകൃഷി, ബ്ലൂ റെവല്യൂഷൻ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കല്ലുമ്മേക്കായ കൃഷി (Mussel farming)
2. ശുദ്ധജലാശയങ്ങളിലെ കൂട്ടുകൃഷി (Cage farming of fish in brackish water)
3. ഓരുജലാശയത്തിലെ മത്സ്യകൃഷി
4. ഓരുജലാശയങ്ങളിലെ കൂട്ടുകൃഷി (Cage farming of fish in brackish water)
5. റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (ആർ.എ.എസ്.)
6. കൃത്രിമ കുളങ്ങളിലെ മത്സ്യ കൃഷി (Fish farming in artifical pool)
7. കാർപ്പ് മത്സ്യത്തിന്റെ എക്സ്റ്റൻസീവ് കൃഷി രീതി.
8. കരിമീൻ വിത്തുല്പാദനം (Seed production of pearl spot)
9. കാർപ്പ് മത്സ്യകുഞ്ഞ് പരിപാലനം യൂണിറ്റ്
10. ഓരുജല മത്സ്യ കുഞ്ഞ് പരിപാലന യൂണിറ്റ്.

കൂടാതെ ജില്ലയിലെ പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ (Ranching) എന്ന പദ്ധതിയും നടപ്പിലാക്കുന്നു.

(ബി) അനിയന്ത്രിതമായ മണലെടുപ്പുമൂലം മത്സ്യസമ്പത്തിന് നേരിടുന്ന ക്ഷാമം പരിഹരിക്കാൻ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല. എന്നാൽ പൊതുവെ ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് പൊതു ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ഈ സാമ്പത്തികവർഷം 295 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പദ്ധതി നടപ്പാക്കിവരുന്നു.

**ഉൾനാടൻ മത്സ്യബന്ധനം**

298(6648) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി നടപ്പിലാക്കുവാനുദ്ദേശിച്ചിട്ടുള്ള സ്കീമുകൾ വിവരിക്കാമോ?

ഉത്തരം

(എ) ഉൾനാടൻ മത്സ്യമേഖലയിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് പൊതുജലാശയങ്ങളിൽ 'മത്സ്യവിത്ത് നിക്ഷേപം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 'ഉൾനാടൻ ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ആക്ട് 2010' പ്രകാരം അനധികൃത മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനായി ഫിഷറീസ് വകുപ്പ് ഉൾനാടൻ പട്രോളിംഗ് ശക്തിപ്പെടുത്തുകയും രജിസ്ട്രേഷനും ലൈസൻസും നിർബന്ധമാക്കിയിട്ടുമുണ്ട്. വേമ്പനാട്, അഷ്ടമുടിക്കായലുകളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും 'അഷ്ടമുടി, വേമ്പനാട് കായൽ സംരക്ഷണ പദ്ധതികളുടെ' പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കായലിൽ രണ്ട് ഹെക്ടർ വീതം വിസ്തീർണ്ണമുള്ള 20 പ്രദേശത്ത് കൃത്രിമമായ ആവാസവ്യവസ്ഥ സൃഷ്ടിച്ച് മത്സ്യങ്ങളുടെ പ്രജനനത്തിനുള്ള സംരക്ഷിത കേന്ദ്രങ്ങൾ സജ്ജമാക്കുന്നതിനും ഈ പദ്ധതിയിലൂടെ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഉൾനാടൻ മേഖലയിലുള്ള മത്സ്യത്തൊഴിലാളി വനിതകൾക്കായി സ്വയംതൊഴിൽ പദ്ധതിയായ സൊസൈറ്റി ഫോർ അസിസ്റ്റന്റ് ടു ഫിഷർ വുമൺ (SAF) മുഖേന മത്സ്യത്തൊഴിലാളി വനിതകളിൽ ശാക്തീകരണം ഉറപ്പാക്കുന്നു. ഇതിനായി രണ്ട് മുതൽ നാല് വരെയുള്ള മത്സ്യത്തൊഴിലാളി വനിതകളുടെ ആക്ടിവിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ട് എല്ലാവിധ പരിശീലനങ്ങളും നൽകി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 80% വരെ ഗ്രാൻഡ് നൽകുന്നു. ഇതുവഴി അവർക്ക് വരുമാനം ഉറപ്പുവരുത്തുന്നതിനും ജീവിതനിലവാരം ഉയർത്തുന്നതിനും സാധിക്കുന്നു.

(ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സമ്പാദ്യ സമാശ്വാസ പദ്ധതിയും ഭവനനിർമ്മാണ പദ്ധതിയും അനധികൃത മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനായി കായൽ പെട്രോളിംഗും വകുപ്പ് മുഖേന നടത്തിവരുന്നു. ചെങ്ങന്നൂർ മണ്ഡലത്തിൽ ഒരു ഫിഷ് പ്രോസസിംഗ് സെന്റർ നിർമ്മിക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഒരു കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുകയും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിലേയ്ക്കായി ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുമുണ്ട്.

## പുതിയ തസ്തികകൾ

299(6649) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പു മന്ത്രിയുടെ കീഴിലുള്ള വിവിധ വകുപ്പുകളിലായി പുതുതായി സൃഷ്ടിച്ച ആകെ തസ്തികകൾ എത്രയെന്നറിയിക്കാമോ;

(ബി) ഓരോ വകുപ്പിലും പുതുതായി സൃഷ്ടിച്ച തസ്തികകളുടെ എണ്ണം, വകുപ്പിന്റെ പേര്, എണ്ണം എന്നീ ക്രമത്തിൽ പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിൽ 49 തസ്തികകളും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രണ്ട് തസ്തികകളും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിൽ ചീഫ് എഞ്ചിനീയർ തസ്തികയും കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ (മത്സ്യഫെഡ്)-ൽ 117 തസ്തികകളും (98 എണ്ണം താൽക്കാലിക അടിസ്ഥാനത്തിൽ) ഉൾപ്പെടെ ആകെ 169 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ, ഹാർബർ എഞ്ചിനീയറിംഗ് എന്നിവിടങ്ങളിൽ പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ബി) പുതുതായി സൃഷ്ടിച്ച തസ്തികകളുടെ എണ്ണം, വകുപ്പിന്റെ പേര്, എണ്ണം എന്നിവ പട്ടിക രൂപത്തിൽ.

| വകുപ്പ്/സ്ഥാപനം പേര് | തസ്തികകളുടെ പേര്/ എണ്ണം | ആകെ എണ്ണം |
|---|---|---|
| ഫിഷറീസ് വകുപ്പ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ -20 | |
| | ഫിഷറീ എക്സ്റ്റൻക്ഷൻ ഓഫസർ-16 | |
| | മെമ്പർ സെക്രട്ടറി (ഫിഷറീസ് ജോയിന്റ് ഡയറക്ടർ കേഡർ)-1 | |
| | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ-2 | |
| | ഫിഷറീ എക്സ്റ്റൻഷൻ ഓഫീസർ-1 | |
| | ജൂനിയർ സൂപ്രണ്ട്-1 | |
| | സീനിയർ ക്ലർക്ക്-1 | |
| | ക്ലർക്ക്-3 | |

| | | |
|---|---|---|
| | ഡേറ്റാ എൻട്രി ഓപ്പറേറ്റർ-2<br>ഡ്രൈവർ കം ഓഫീസ് അസിസ്റ്റന്റ്-2 | |
| | ആകെ | 49 |
| കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് | അക്കൗണ്ടന്റ് തസ്തിക | 2 |
| മത്സ്യഫെഡ് | ഡെവലപ്മെന്റ് ഓഫീസർ-4 | 117 |
| | മാനേജർ-1<br>പ്രൊഡക്ഷൻ സൂപ്പർവൈസർ-1<br>അക്കൗണ്ടന്റ്-1<br>ടെക്നോളജിസ്റ്റ്-1<br>ഫ്ലീറ്റ് സൂപ്പർവൈസർ-2<br>ബോയിലർ ഓപ്പറേറ്റർ -3<br>ഓപ്പറേറ്റർ ഗ്രേഡ് III-6 } 15<br><br>ഓപ്പറേറ്റർ -92<br>ഡേറ്റാ എൻട്രി ഓപ്പറേറ്റർ-1<br>ഓഫീസ് അറ്റൻഡന്റ്-1<br>സെയിൽസ്മാൻ-1<br>(താൽകാലികം)<br>വർക്കർ-2<br>അക്കൗണ്ടന്റ് -1 } 98 | |
| കേരളസംസ്ഥാനതീരദേശ വികസന കോർപ്പറേഷൻ | ചീഫ് എഞ്ചിനീയർ-1 | 1 |
| | ആകെ | 169 |

**കാലാവസ്ഥാ മുന്നറിയിപ്പും മത്സ്യത്തൊഴിലാളികളുടെ ജോലിയും**

300(6650) <u>ശ്രീ. എം. വിൻസെന്റ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി നിരന്തരമായി നൽകുന്ന ചുഴലി കൊടുങ്കാറ്റ് ജാഗ്രത നിർദ്ദേശംമൂലം കടലിൽ പോകുവാൻ കഴിയാതെ മത്സ്യത്തൊഴിലാളികൾ ബുദ്ധിമുട്ടിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോൾ അവർ ഉപയോഗിക്കുന്ന യാനങ്ങളുടെ വിവരം രേഖപ്പെടുത്തുവാനായി മൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.റ്റി. രൂപകല്പന ചെയ്ത് നൽകിയിട്ടുണ്ടോ; ഇത് ഉപയോഗിച്ച് എത്ര മത്സ്യതൊഴിലാളികളുടെയും യാനങ്ങളുടെയും വിശദാംശം രേഖപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലൈഫ് ജാക്കറ്റ് നൽകുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രവാർത്തികമാക്കിയിട്ടുണ്ടോ;

(ഡി) നിരന്തരമായി ഉണ്ടാകുന്ന കാലാവസ്ഥ മുന്നറിയിപ്പ് മൂലം ജോലി നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് എന്ത് സഹായമാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര), NIC-യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കിവരികയുമാണ്. ഇതിനകം 15904 യാനങ്ങളുടെ വിവരങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു.

(സി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ നാൽപതിനായിരം ലൈഫ് ജാക്കറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിന് അനുമതി നൽകുകയും ഇതിൽ 26,311 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) നിരന്തരമായി ഉണ്ടാകുന്ന കാലാവസ്ഥ മുന്നറിയിപ്പുമൂലം ജോലി നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുന്നുണ്ട്. മഹാ ചുഴലിക്കാറ്റിന്റെയും അതിതീവ്ര ന്യൂനമർദ്ദത്തിന്റെയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് കടലിൽ മീൻപിടിക്കാൻ പോകാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് ഒരാഴ്ചത്തെ സൗജന്യ റേഷനും ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിന് 2,000 രൂപ വീതവും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

## വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ മാസ്റ്റർ പ്ലാൻ

301(6651) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ഡോ. എം. കെ. മുനീർ :

ശ്രീ. എം. സി. കമറുദ്ദീൻ :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ സർക്കാർ പ്രഖ്യാപിച്ച മാസ്റ്റർ പ്ലാൻ അനുസരിച്ച് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ വികസനത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ കരട് രൂപരേഖയിൽ ചുവടെ പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്:

1. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ 250 മീറ്റർ വീതം നീളമുള്ള 2 വാർഫുകൾ പരമാവധി ഉപയോഗപ്പെടുത്താവുന്ന രീതിയിൽ ഡ്രഡ്ജിംഗ് പ്രവൃത്തി നടപ്പാക്കുക.

2. ഡ്രഡ്ജ്ഡ് മണ്ണ് നിറച്ച് ജിയോട്യൂബ് ഉപയോഗിച്ചുള്ള തെക്കുഭാഗത്തെ ബീച്ചിന്റെ പരിപോഷണം.

3. നിലവിൽ നിർമ്മാണം പൂർത്തിയാക്കിയ 1922 മീറ്റർ ചുറ്റുമതിൽ കൂടാതെ 1367 മീറ്റർ നീളത്തിൽ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തി.

4. വികസന പ്രവൃത്തികളായ ബോട്ട് റിപ്പയറിംഗ് യാർഡ്, നെറ്റ് മെൻഡിംഗ് ഷെഡ്, ലോക്കർ ഹാൾ സംവിധാനം, റെഡി ടു കുക്ക് യൂണിറ്റ്, സീ ഫുഡ് കോർട്ട്, റെസ്ക്യൂ ഷെൽറ്റർ കം കമ്മ്യൂണിറ്റി ഹാൾ, മത്സ്യവിപണന കേന്ദ്രം, ഡീസൽ ബങ്ക് എന്നിവയുടെ നിർമ്മാണം.

5. പൊതു കളിസ്ഥലം നിർമ്മാണം.

6. വിഴിഞ്ഞം മാസ്റ്റർ പ്ലാൻ പ്രാവർത്തികമാക്കുവാനായി യൂണിയൻ പ്രതിനിധികൾ ഉൾപ്പെടെ സ്റ്റേക്ക് ഹോൾഡേഴ്സുമായി ചർച്ചകൾ നടത്തിയെങ്കിലും ഇതുസംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല.

## പുതിയങ്ങാടി മത്സ്യത്തുറമുഖ നിർമ്മാണം

302(6652) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി മത്സ്യതുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മാതൃകാ പഠനവും പാരിസ്ഥിതിക പഠനവും പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; വിശദമാക്കാമോ;

(സി) നാളിതുവരെയായി എത്ര രൂപ മാതൃകാപഠനത്തിനായി ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നിർദ്ദിഷ്ട പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ മാതൃകാ പഠനത്തിനും സർവ്വേ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കും വേണ്ടതായ എല്ലാ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) മേൽ പദ്ധതിയുടെ മാതൃകാ പഠനം പൂനെ CWPRS മുഖേന നടത്തിയിട്ടുണ്ട്. എന്നാൽ നദീമുഖത്ത് മണൽതിട്ട രൂപാന്തരപ്പെടുന്നതിന് ശാശ്വത പരിഹാരമായി 2 പുലിമുട്ടുകൾ റിവർ ട്രെയിനിംഗ് വർക്ക് എന്ന നിലയിൽ ചെയ്യുന്നതുകൂടി പരിഗണിച്ച് CWPRS പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു. പഠനറിപ്പോർട്ട് അന്തിമമായതിനുശേഷം മാത്രമേ പാരിസ്ഥിതിക (ഇ.ഐ.എ) പഠനം നടത്തുകയുള്ളൂ.

(സി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 2,50,554 രൂപയും മോഡൽ സ്റ്റഡിക്ക് 34,27,610 രൂപയും ഉൾപ്പെടെ ആകെ 36,78,164 രൂപ നാളിതുവരെ ചെലവാക്കിയിട്ടുണ്ട്.

## കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാനസൗകര്യ വികസനം

303(6653) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാനസൗകര്യ വികസനം, നവീകരണം എന്നിവ ലക്ഷ്യമാക്കി ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) കശുവണ്ടി പരിപ്പ് വിദേശത്തേക്ക് കയറ്റി അയക്കുന്നതിന് ഏതെങ്കിലും വിദേശരാജ്യങ്ങളുമായി പുതുതായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(സി) തിരുപ്പതി ക്ഷേത്രത്തിലേയ്ക്ക് കയറ്റി അയച്ച കശുവണ്ടി പരിപ്പ് മടക്കി അയച്ച സാഹചര്യമെന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഫാക്ടറികളുടെ അടിസ്ഥാനസൗകര്യ വികസനവും നവീകരണവും ലക്ഷ്യമാക്കി കാപെക്സിന്റെ എല്ലാ ഫാക്ടറികളിലും ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആവശ്യാനുസരണമുള്ള കട്ടിങ് മെഷീനുകൾ ലഭ്യമാക്കിയിട്ടുണ്ട്. പീലിംഗ് ടേബിൾ, ഗ്രേഡിംഗ് ടേബിൾ മുതലായവ വാങ്ങി നൽകിവരുന്നു. കാപെക്സിന്റെ പെരുമ്പുഴ ഫാക്ടറി പൂർണ്ണമായും പൊളിച്ചുനീക്കി ആധുനിക സൗകര്യങ്ങളോടുകൂടി പുനർനിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. തൊഴിലാളികൾക്കാവശ്യമായ ഗ്ലൗസ്സുകളും ആധുനിക സൗകര്യങ്ങളോടുകൂടിയ ടോയ്‌ലെറ്റുകളും വിശ്രമമുറികളും ആവശ്യാനുസരണം നിർമ്മിച്ചുവരികയാണ്. എല്ലാ ഫാക്ടറികളിലും ആവശ്യാനുസരണമുള്ള ലൈറ്റുകളും ഫാനുകളും നൽകിവരുന്നു. എല്ലാ ഫാക്ടറികളിലും സി.സി.ടി.വി. ക്യാമറ സൗകര്യങ്ങളും ഏർപ്പെടുത്തി മാതൃകാപരമായി കാപെക്സ് പ്രവർത്തിച്ചുവരുന്നു.

കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളുടെ അടിസ്ഥാന സൗകര്യവികസനത്തിനും നവീകരണത്തിനുമായി 2017-18 സാമ്പത്തികവർഷം അനുവദിച്ചുനൽകിയിട്ടുള്ള 40 കോടി രൂപ വിനിയോഗിച്ച് ഫില്ലിംഗ്-പായ്ക്കിംഗ് ഷെഡുകളുടെ സ്ഥാപനം, പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായുള്ള കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്ന തരത്തിലുള്ള ടോയ്‌ലെറ്റ് ബ്ലോക്കുകളുടെ സ്ഥാപനം, ഡൈനിംഗ് ഹാൾ, തൊട്ടിപ്പുര, ഷെഡ്ഡുകളുടെ നവീകരണം, ആവശ്യത്തിന് ഫാനുകൾ, തൊഴിലാളികൾക്ക് ഇരുന്നുജോലി ചെയ്യുന്നതിനുള്ള ക്രമീകരണം എന്നിവയും സാധ്യമാക്കിയിട്ടുള്ളതാണ്.

(ബി) ഇല്ല.

(സി) തിരുപ്പതിയിലേയ്ക്ക് 5 മെട്രിക് ടൺ കശുവണ്ടിപരിപ്പ് സപ്ലൈ ചെയ്യുവാൻ ഓർഡർ ലഭിച്ചതനുസരിച്ച് 3-10-2019-ൽ കാപെക്സ് 5 മെട്രിക് ടൺ പരിപ്പ് അയയ്ക്കുകയുണ്ടായി. എന്നാൽ തിരുമല തിരുപ്പതി ദേവസ്വത്തിന്റെ നിബന്ധന അനുസരിച്ച് അനുവദിച്ചിട്ടുള്ള breakage (പൊടിയുന്നത്) 8 ശതമാനത്തിലും കൂടുതൽ വന്നതിനാൽ തിരുമല തിരുപ്പതി ദേവസ്വം ടി പരിപ്പ് നിരസിക്കുകയുണ്ടായി. നിബന്ധനപ്രകാരം 20 കിലോ വീതമുള്ള Flexi

Pack പൗച്ചിലായിരുന്ന കാപെക്സ് പരിപ്പ് അയച്ചത്. ട്രാൻസ്പോർട്ടേഷൻ, ലോഡ് അൺലോഡിങ് എന്നിവ കഴിഞ്ഞപ്പോൾ ക്രിസ്പിനസ് കൂടിയ പിളർപ്പ് പരിപ്പ് കൂടുതൽ പൊടിയുവാൻ കാരണമായി. തുടർന്ന് ടി പരിപ്പിനുപകരം പുതിയതായി അത്രയും അളവ് പരിപ്പ് Flexi Pouch-ന് പകരം ടിന്നിൽ നിറച്ച് എല്ലാ Quality Parameters-ഉം പാലിച്ച് 2-11-2019-ൽ അയയ്ക്കുകയും ആദ്യം പോയ പരിപ്പ് തിരികെ എടുക്കുകയും ചെയ്തു. രണ്ടാമത് സപ്ലൈ ചെയ്ത പരിപ്പ് തിരുമല തിരുപ്പതി ദേവസ്വം Quality Checking വിഭാഗം അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തു.

**സംസ്ഥാനത്തെ കശുവണ്ടി മേഖല നേരിടുന്ന പ്രശ്നങ്ങൾ**

304(6654) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി മേഖല നേരിടുന്ന പ്രശ്നം അസംസ്കൃത കശുവണ്ടിയുടെ ലഭ്യത കുറവാണോ എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ആവശ്യമായിട്ടുള്ള തോട്ടണ്ടി എത്ര മെട്രിക് ടണ്ണാണെന്നും നിലവിൽ ആഭ്യന്തര ഉൽപ്പാദനം എത്ര മെട്രിക് ടണ്ണാണെന്നും അറിയിക്കുമോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽ സ്ഥലം പാട്ട വ്യവസ്ഥയിൽ ഏറ്റെടുത്ത് കശുമാവ് തോട്ടം വികസിപ്പിക്കുമെന്ന പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) കശുവണ്ടിക്ക് പ്ലാന്റേഷൻ പദവി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കശുവണ്ടി മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന് അസംസ്കൃത കശുവണ്ടിയുടെ ലഭ്യതക്കുറവാണ്.

(ബി) കേരളത്തിലെ ഫാക്ടറികളുടെ പ്രതിവർഷ തോട്ടണ്ടി ആവശ്യകത 8 ലക്ഷം ടണ്ണോളമാണ്. കൊച്ചിയിലെ കാഷ്യൂ കൊക്കോ ഡയറക്ടറേറ്റിന്റെ 2017-18-ലെ റിപ്പോർട്ട് പ്രകാരം 88,180 മെട്രിക് ടണ്ണാണ്.

(സി) ആന്ധ്രാപ്രദേശിൽ കശുമാവ് തോട്ടം ആരംഭിക്കുന്നതിനായി സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ആരംഭിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നുവെങ്കിലും പാട്ടവ്യവസ്ഥകൾക്ക് അംഗീകാരം ലഭിക്കാത്തതിനാൽ ടി പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) 2012-ലെ കേരളം ഭൂപരിഷ്കരണ (രണ്ടാം ഭേദഗതി) ആക്ട് പ്രകാരം (Annexure-1) പ്രധാന ആക്ടിന്റെ 81-ാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പിൽ (എഫ്) ഖണ്ഡമായി കശുമാവിൻ തോട്ടം ഉൾപ്പെടുത്തുകയും അതുവഴി ടി ആക്ടിന്റെ 82-ാം വകുപ്പുപ്രകാരം ഒരാൾക്ക് കൈവശം വയ്ക്കാവുന്ന പരമാവധി ഭൂപരിധി കണക്കാക്കുന്നതിൽനിന്നും കശുമാവിൻ തോട്ടത്തെ ഒഴിവാക്കിയിട്ടുമുണ്ട്. 'കശുമാവിൻ തോട്ടം' (cashew estate) എന്നാൽ ഒരു ഹെക്ടറിൽ 150-ൽ കുറയാത്ത എണ്ണം കശുമാവ് മരങ്ങൾ കൃഷി ചെയ്തിട്ടുള്ള ഏതെങ്കിലും വസ്തു എന്നാണർത്ഥമാക്കുന്നത്. ഇതിനെത്തുടർന്ന് മിച്ചഭൂമി സംബന്ധിച്ച് കേസുകളിൽ മിച്ചഭൂമിയായി കണക്കാക്കുന്ന വസ്തുവിൽ മേൽ പറഞ്ഞ രീതിയിൽ കശുമാവ് കൃഷി ചെയ്ത് മിച്ചഭൂമിയുടെ പരിധിയിൽനിന്നും ഒഴിവാകുന്ന പ്രശ്നം പരിഹരിക്കുന്നതിനായി 1963-ലെ കേരള ഭൂപരിഷ്കരണ ആക്ടിന്റെ 81-ാം വകുപ്പിന്റെ ഭേദഗതി നിലവിൽ വന്ന 19-6-2012-ൽ കശുമാവിൻ തോട്ടങ്ങളായി നിലനിൽക്കുന്ന വസ്തുവിനെയാണ് സീലിംഗ് പരിധി പരമാവധി കണക്കാക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുള്ളതെന്ന് റവന്യൂ വകുപ്പ് വിശദീകരിച്ചിട്ടുണ്ട്. ഇതിൽനിന്ന് വ്യത്യസ്തമായി പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള അപേക്ഷകളിൽ ബന്ധപ്പെട്ട താലൂക്ക് ലാന്റ്യൂസ് ബോർഡുകൾ പ്രത്യേകം പ്രത്യേകം പരിശോധിച്ച് തീർപ്പു കൽപ്പിക്കുമെന്ന് കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും സംയുക്തമായി ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(Annexure-1-NotificationNo.9207/Leg.B2/2010/Lawdated 19-6-2012)

## സ്വകാര്യ കശുവണ്ടി ഫാക്ടറി വ്യവസായികൾക്ക് പുനരുദ്ധാരണ പാക്കേജ്

305(6655) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി ഫാക്ടറികൾ അടച്ചുപൂട്ടിയത് കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയവും ബാങ്കുകളുടെ നിഷേധാത്മകമായ നിലപാടും കാരണമാണെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) പ്രസ്തുത സ്വകാര്യ കശുവണ്ടി ഫാക്ടറി വ്യവസായികൾക്ക് എന്തെങ്കിലും പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഇതിനകം എത്ര സ്വകാര്യ കശുവണ്ടി ഫാക്ടറി ഉടമകൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കി; ഇതിന്റെ അടിസ്ഥാനത്തിൽ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കടക്കെണിമൂലം പൂട്ടിക്കിടന്നിരുന്ന 485 സ്വകാര്യ ഫാക്ടറികൾ ഇപ്പോൾ തുറന്നു പ്രവർത്തിച്ചുവരുന്നു. നൂറോ നൂറിലധികമോ തൊഴിലാളികൾ ജോലി ചെയ്തിരുന്ന ഫാക്ടറികളിൽ ഇരുപത്തിയഞ്ചിൽ താഴെ ഫാക്ടറികൾ മാത്രമേ ഇനി തുറന്ന് പ്രവർത്തിപ്പിക്കാനുള്ളൂ.

കേന്ദ്രസർക്കാർ തുടർന്നുവന്ന ഇറക്കുമതി നയവും ധനകാര്യ സ്ഥാപനങ്ങളായ ബാങ്കുകൾ സ്വീകരിച്ചുവന്ന നിലപാടുകളും ഇതിന് കാരണമായിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജ് കാരണം കടുത്ത നിലപാടുകളിൽനിന്നും ബാങ്കുകൾ പിന്മാറുകയും നിരവധി വ്യവസായികൾക്ക് ധനസഹായം നൽകാൻ തയ്യാറാവുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രതിസന്ധി നേരിടുന്ന കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല ഇന്ന് പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കടക്കെണിയിലായതുമൂലം പൂട്ടിക്കിടന്നിരുന്ന സ്വകാര്യ കശുവണ്ടി വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ നടത്തിയ ഇടപെടലിന്റെ ഫലമായി ഒരു റിവൈവൽ പാക്കേജിന് രൂപം കൊടുക്കുകയും അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കടബാധ്യത പുന:ക്രമീകരിച്ച് ധനകാര്യസ്ഥാപനങ്ങളായ ബാങ്കുകൾ അധിക വായ്പ നൽകിവരികയാണ്. പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായുള്ള പലിശ സബ്സിഡിക്കായി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരികയാണ്.

(സി) ഇതിനകം 49 സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കിയിട്ടുണ്ട്. വായ്പ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

## കശുവണ്ടി മേഖലയുടെ സമഗ്രപരിഷ്കരണം

306(6656) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ കശുവണ്ടി ഫാക്ടറികളിൽ 2018-19 സാമ്പത്തികവർഷത്തിൽ എത്ര തൊഴിൽദിനങ്ങൾ കാപെക്സിലെയും, കാഷ്യൂ കോർപ്പറേഷനിലെയും ജീവനക്കാർക്ക് ലഭിച്ചുവെന്ന് വിശദമാക്കുമോ;

(ബി) കശുവണ്ടി വ്യവസായ മേഖലയിൽ കടുത്ത തൊഴിലാളിക്ഷാമം അനുഭവപ്പെടുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) കശുവണ്ടി സംസ്കരണ മേഖലയിലെ യന്ത്രവൽക്കരണം ഏതെല്ലാം മേഖലകളിൽ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ;

(ഡി) കശുവണ്ടി മേഖലയുടെ സമഗ്രപരിഷ്കരണത്തിനായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2018-19 സാമ്പത്തികവർഷത്തിൽ കാപ്പെക്സിൽ 190-ഉം കെ.എസ്.സി.ഡി.സി.-യിൽ 136-ഉം തൊഴിൽദിനങ്ങൾ ജീവനക്കാർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) കാപ്പെക്സിന്റേയും കെ.എസ്.സി.ഡി.സി.-യുടേയും ഫാക്ടറികളിൽ ഷെല്ലിംഗ് വിഭാഗത്തിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ച് ഭാഗിക യന്ത്രവൽക്കരണം നടത്തിവരുന്നു.

(ഡി) പ്രതിസന്ധി നേരിടുന്ന കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല ഇന്ന് പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കടക്കെണിയിലായതുമൂലം പൂട്ടിക്കിടന്നിരുന്ന സ്വകാര്യ കശുവണ്ടി വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ നടത്തിയ ഇടപെടലിന്റെ ഫലമായി ഒരു റിവൈവൽ പാക്കേജിന് രൂപം കൊടുക്കുകയും അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കടബാധ്യത പുന:ക്രമീകരിച്ച് ധനകാര്യസ്ഥാപനങ്ങളായ ബാങ്കുകൾ അധിക വായ്പ നൽകി വരികയാണ്. പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായുള്ള പലിശ സബ്സിഡിക്കായി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരികയാണ്.

കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കേരള കാഷ്യൂ ബോർഡ് രൂപീകരിക്കുകയും ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ബോർഡിന് സർക്കാർ ഓഹരി മൂലധനമായി 24.5 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും മറ്റ് സർക്കാർ ഏജൻസികളിൽനിന്നും മൂലധന നിക്ഷേപമായി സ്വരൂപിച്ച 23 കോടി രൂപ ഉൾപ്പെടെ ആകെ 47.6 കോടി രൂപ അടച്ച തീർത്ത പ്രവർത്തന മൂലധനമായി കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽനിന്നും 350 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരന്റിയും അനുവദിച്ചിട്ടുണ്ട്.

തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്നും ഇതിനകം 20000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. എക്സ്ക്രോ അക്കൗണ്ട് ഓപ്പൺ ചെയ്യുന്നമുറയ്ക്ക് സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് സന്നദ്ധമാണ്.

സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപെക്സിന്റേയും കീഴിലുള്ള ഫാക്ടറികൾ നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആഭ്യന്തര തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. അത്യുൽപ്പാദനശേഷിയുള്ളതും അധികം ഉയരത്തിൽ വളരാത്തതുമായ കശുമാവ് തൈകൾ സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. കശുമാവ് തോട്ടവും മാതൃകാ തോട്ടങ്ങളും സ്ഥാപിച്ചുവരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

1. <u>കശുമാവ് പുതുകൃഷി</u>- ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്ക് വിധേയമായി ഒറ്റത്തവണ ധനസഹായമായി നൽകുന്നു.

2. <u>കശുമാവിൻ തോട്ടം നിർമ്മാണം</u>- രണ്ട് ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000 രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3. മുറ്റത്തൊരു കശുമാവ്- കുടുംബശ്രീ, തൊഴിലുറപ്പ്, റെസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതിപ്രകാരം പൊക്കം കുറഞ്ഞ അധികം പടരാത്ത വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി നൽകിവരുന്നു .

4. ഹൈഡെൻസിറ്റി പ്ലാന്റിംഗ്- ഈ പദ്ധതിപ്രകാരം ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈഡെൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കിവരുന്നു.

5. മാതൃക കശുമാവിൻ തോട്ടം - സർക്കാർ/അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താത്ത തരത്തിൽ മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി തോട്ടങ്ങൾ പുതിയ ഇനം കൃഷിരീതികളും കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്.

## തോട്ടണ്ടി സംസ്കരണകേന്ദ്രം

307(6657) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ വ്യാപകമായ തോതിൽ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിച്ച് ഇവിടെതന്നെ സംസ്കരിക്കുന്നതിനായി സർക്കാർ നേതൃത്വത്തിൽ സംസ്കരണകേന്ദ്രം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

കണ്ണൂർ ജില്ലയിൽ തലശ്ശേരിയിലെ ചോമ്പാലയിൽ കശുവണ്ടി വികസന കോർപ്പറേഷന്റെ ഒരു കശുവണ്ടി സംസ്കരണ ഫാക്ടറി സ്ഥിതി ചെയ്യുന്നുണ്ട്. പുതുതായി കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കശുവണ്ടി സംസ്കരണകേന്ദ്രം ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 AM]

(ചോദ്യോത്തരവേള ബഹിഷ്കരിച്ച് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ സഭയിൽ തിരികെ പ്രവേശിച്ചു.)

## II മന്ത്രിയുടെ പ്രസ്താവന

### തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിട്ട *339-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 12-11-2019-ലെ നക്ഷത്ര ചിഹ്നമിട്ട 339-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റുതിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## III അറിയിപ്പ്

### സഭാംഗങ്ങളെ സെൻഷ്വർ ചെയ്തത് സംബന്ധിച്ച്

മി. സ്പീക്കർ: റൂൾ 50 എടുക്കുന്നതിനുമുമ്പ് ഒരു കാര്യം സഭയെ അറിയിക്കേണ്ടതുണ്ട്.

ഇന്നലെ, (20-11-2019) ചട്ടം 50 പ്രകാരം ലഭിച്ച നോട്ടീസിനുള്ള പരിഗണന പൂർത്തിയായതിനുശേഷം സഭാതലത്തിൽ ചില ദൗർഭാഗ്യകരമായ സംഭവങ്ങളുണ്ടാകുകയും അതേത്തുടർന്ന് സഭാനടപടികൾ തടസ്സപ്പെടുകയും ചെയ്തു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തന്റെ വാക്കൗട്ട് പ്രസംഗം പൂർത്തീകരിക്കുന്നതിനുമുമ്പുതന്നെ പ്രതിപക്ഷ കക്ഷിയിൽപ്പെട്ട ഏതാനും അംഗങ്ങൾ ചെയറിനെതിരെ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയുടെ വെല്ലിലിറങ്ങുകയും പ്രതിഷേധിക്കുകയും ചെയ്തു. തുടർന്ന് സർവ്വശ്രീ റോജി എം. ജോൺ, എൽദോസ് പി. കുന്നപ്പിള്ളിൽ, ഐ. സി. ബാലകൃഷ്ണൻ, അൻവർ സാദത്ത് എന്നീ അംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് ഡയസിലേയ്ക്ക് കടന്നുകയറുകയും ചെയറിനുനേരെ പാഞ്ഞടുക്കുകയും ചെയ്തു. തുടർന്ന് സഭാ നടപടികൾ തടസ്സപ്പെടുകയും സമ്മേളനം താത്ക്കാലികമായി നിർത്തിവയ്ക്കേണ്ടി വരികയും ചെയ്തു. ജനാഭിലാഷം പ്രതിഫലിപ്പിക്കുന്നതും ആരോഗ്യകരമായ ചർച്ചകൾ നടക്കേണ്ടതുമായ ജനപ്രതിനിധി സഭകളിൽ സംവാദങ്ങളോടൊപ്പം പ്രതിഷേധങ്ങളും ഉയർന്നുവരുന്നത് തികച്ചും സ്വാഭാവികമാണ്. ഒരു പരിധിവരെ

അത് സ്വാഗതാർഹവുമാണ്. എന്നാൽ നമ്മുടെ സഭയുടെ ചട്ടങ്ങളും നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും അംഗങ്ങൾക്കായുള്ള പെരുമാറ്റച്ചട്ടങ്ങളും ലംഘിക്കപ്പെടുമ്പോൾ അതിനെതിരെ നടപടി സ്വീകരിക്കേണ്ടത് ചെയറിന്റെ കർത്തവ്യവും ഉത്തരവാദിത്വവുമാണ്. മുൻകാലങ്ങളിലും സഭയുടെ അന്തസ്സിന് നിരക്കാത്ത നടപടികളുണ്ടായിട്ടുണ്ട്. ഈ സാഹചര്യങ്ങളിലെല്ലാം സഭയുടെ collective wisdom-ന്റെ ഭാഗമായി യുക്തമായ നടപടികൾ സ്വീകരിച്ച കീഴ്വഴക്കമാണ് നമ്മുടെ സഭയ്ക്കുള്ളത്. ഉന്നതമായ ജനാധിപത്യ ബോധത്തിന്റെ പിൻബലത്തിൽ നടപടികൾ അംഗീകരിച്ച് പോകുന്ന രീതിയാണ് നമ്മുടെ പൂർവ്വസാമാജികരെല്ലാം സ്വീകരിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ 20-11-2019-ലെ സഭാ നടപടികളുടെ ഭാഗമായി ഉയർന്നുവന്ന പ്രതിഷേധത്തിനിടെ സഭയുടെ ഡയസിലേയ്ക്ക് തള്ളിക്കയറുകയും മുദ്രാവാക്യം വിളിക്കുകയും സഭയുടെ ചട്ടങ്ങളും അംഗങ്ങൾക്കായുള്ള പെരുമാറ്റച്ചട്ടങ്ങളും ലംഘിക്കുകയും സഭയുടെ അന്തസ്സിന് ചേരാത്ത വിധം പെരുമാറുകയും ചെയ്ത സർവ്വശ്രീ റോജി എം. ജോൺ, എൽദോസ് പി. കുന്നപ്പിള്ളിൽ, ഐ. സി. ബാലകൃഷ്ണൻ, അൻവർ സാദത്ത് എന്നീ അംഗങ്ങളെ പ്രസ്തുത നടപടികളുടെ പേരിൽ കേരള നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റ ച്ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം ചെയറിൽ നിക്ഷിപ്തമാക്കിയിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് സെൻഷ്വർ ചെയ്യുന്നതായി അറിയിക്കുന്നു.

സർക്കാരിന്റെ ലൈഫ് ഭവനനിർമ്മാണ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിലെ അവ്യക്തതയും സങ്കീർണ്ണതയുംമൂലം ത്രിതല പഞ്ചായത്തുകളിലെ ഭവനരഹിതരായ, ജനറൽ സെക്ടറിൽപ്പെട്ടതും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതുമായ കുടുംബങ്ങൾക്ക് പ്രഖ്യാപിച്ചതുപോലെ വീടുകൾ നൽകുന്നതിനോ.......

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അങ്ങയുടെ ഉത്തരവ് എന്താണെന്ന് മനസ്സിലായിട്ടില്ല. മേൽപ്പറഞ്ഞ നാല് അംഗങ്ങളെ സെൻഷ്വർ ചെയ്യുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമാക്കണം.

<u>മി. സ്പീക്കർ</u>: ചട്ടം 53-ൽ സെൻഷ്വർ എന്താണെന്ന് കൃത്യമായി പറയുന്നുണ്ട്. (.....ബഹളം...) അങ്ങേയ്ക്ക് എന്താണ് മനസ്സിലാകാത്തത്? (.....ബഹളം...) സഭയുടെ കീഴ്വഴക്കങ്ങളും ചട്ടങ്ങളും ലംഘിച്ചുകൊണ്ടുള്ള സംഭവങ്ങളുണ്ടായ സാഹചര്യങ്ങളിലെല്ലാം എല്ലാക്കാലത്തും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് ക്ലോസ് ചെയ്യേണ്ടത് ആ സമയത്ത് ചെയറിലിരിക്കുന്നവരുടെ ഉത്തരവാദിത്വവുമാണ്. (ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ബഹളത്തോടെ ഡയസിന് സമീപത്തേയ്ക്ക് വന്നു.)

ഇത് പരിധിവിട്ട രീതിയാണ്. സഭയുടെ അന്തസ്സിന് ചേരാത്ത വിധത്തിലുള്ള പെരുമാറ്റം മുൻകാലങ്ങളിലുമുണ്ടായിട്ടുണ്ട്, ആ കാലങ്ങളിലെല്ലാം ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്, ആ നടപടികൾ സഭ അംഗീകരിച്ച് പോയിട്ടുമുണ്ട്. (....ബഹളം....) സഭയുടെ അന്തസ്സും കീഴ്വഴക്കങ്ങളും ലംഘിക്കപ്പെട്ട സന്ദർഭങ്ങളിലെല്ലാം സ്വീകരിച്ച നടപടികൾ അംഗീകരിച്ചുപോകുന്ന ഉന്നതമായ ജനാധിപത്യബോധമാണ് സാമാന്യ മര്യാദയുള്ള എല്ലാവരും കാണിച്ചിട്ടുള്ളത് (....ബഹളം...) ആ ജനാധിപത്യബോധം നിങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ എനിക്ക് മറ്റ് നിവൃത്തിയില്ല. (......ബഹളം...)

(സർവ്വശ്രീ റോജി എം. ജോൺ, എൽദോസ് പി. കുന്നപ്പിള്ളിൽ, ഐ. സി. ബാലകൃഷ്ണൻ, അൻവർ സാദത്ത് എന്നീ അംഗങ്ങളെ സെൻഷ്വർ ചെയ്ത നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇന്നലെ കക്ഷിനേതാക്കളുടെ യോഗത്തിൽ ഇതുമായി ബന്ധപ്പെട്ട ഒരു ചർച്ചയും പിന്നീടുണ്ടായില്ല. അങ്ങ് വീണ്ടും സഭയിൽ വന്നശേഷം പറഞ്ഞത് എല്ലാവരുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുമെന്നാണ്. അത് ശരിയായിരുന്നെങ്കിൽ പ്രതിപക്ഷത്തോടുകൂടി ആലോചിക്കേണ്ടതായിരുന്നു. അത്തരത്തിൽ ഒരാലോചനയും ഉണ്ടായില്ല. അത് ശരിയായ നടപടിയല്ല. കൂടിയാലോചിച്ച് തീരുമാനമെടുക്കുമെന്ന് അങ്ങ് ചെയറിലിരുന്നുകൊണ്ടാണ് പറഞ്ഞത്. അങ്ങനെയെങ്കിൽ ഇന്ന് സഭ തുടങ്ങുന്നതിനുമുമ്പ് ഞങ്ങളോടുകൂടി ആലോചിക്കേണ്ടതായിരുന്നു. ഞങ്ങളോട് ആലോചിക്കാതെ ഏകപക്ഷീയമായി തീരുമാനിച്ച സെൻഷ്വർ എന്ന നടപടി അംഗീകരിക്കാൻ കഴിയില്ല.

മി. സ്പീക്കർ: ഇന്നലെ നടന്ന കക്ഷിനേതാക്കളുടെ യോഗത്തിൽ പെരുമാറ്റച്ചട്ടം ലംഘിച്ച പശ്ചാത്തലത്തിൽ നടപടി സ്വീകരിക്കേണ്ടിവരുമെന്ന് ഞാൻ സൂചിപ്പിച്ചിരുന്നു. ശ്രീ. ഒ. രാജഗോപാലുൾപ്പെടെയുള്ള അംഗങ്ങളെല്ലാം നടപടി സ്വീകരിക്കണമെന്ന് യോഗത്തിൽ പറഞ്ഞിരുന്നു, അത് സ്വീകരിക്കാൻ ചെയറിന് അവകാശവുമുണ്ട്. (......ബഹളം....) ചട്ടം 53 എന്താണെന്ന് അങ്ങ് ശ്രദ്ധിക്കു,

പെരുമാറ്റ ചട്ടലംഘന സംഗതിയിൽ സ്പീക്കർക്ക് താഴെപ്പറയുന്ന ശിക്ഷാ/ പിഴകൾ ഏതെങ്കിലും ചുമത്താവുന്നതാണ്.

(a) താക്കീത്

(b) ശാസന

(c) സെൻഷ്വർ

(d) സഭയിൽ നിന്നും പിൻവലിക്കൽ

(e) സഭയുടെ സേവനത്തിൽ നിന്നും ഒരു വിനിർദ്ദിഷ്ട കാലയളവിലേയ്ക്കുള്ള സസ്പെൻഷൻ

(f) സഭ ഉചിതമെന്ന് കരുതുന്ന മറ്റേതെങ്കിലും ശിക്ഷാ നടപടി.

ഇക്കാര്യങ്ങളെല്ലാം സഭാകീഴ്‌വഴക്കങ്ങളിലെ ചട്ടം 53-ൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. (....ബഹളം...) പരിമിതമായ ശിക്ഷാനടപടിപോലും ഏറ്റുവാങ്ങാൻ തയ്യാറല്ലാത്ത ഈ മാനസികാവസ്ഥ (....ബഹളം...) ഈ വിഷയത്തിൽ കൂടുതൽ ചർച്ചയ്ക്കൊന്നും പ്രസക്തിയില്ല. (....ബഹളം...) ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഇങ്ങനെയൊരു സാഹചര്യമുണ്ടായത് വളരെ നിർഭാഗ്യകരമാണ്. ഈ സഭയുടെ ചരിത്രത്തിൽ ഒരിക്കലുമില്ലാത്ത രീതിയിലാണ് നിങ്ങൾ പെരുമാറുന്നത്. സഭയിൽ മുമ്പും സെൻഷറും സസ്പെൻഷനുമൊക്കെ ഉണ്ടായിട്ടുണ്ട്. അന്നൊന്നുമില്ലാത്ത രീതിയിൽ പെരുമാറുന്നത് സഭയുടെ അന്തസ്സിന് ചേരുന്നതാണോയെന്ന് നിങ്ങൾ ആലോചിക്കണം. ഇത് ലോകം മുഴുവൻ കാണുന്നുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കിയാൽ മതി, അത്ര മാത്രമേ പറയാനുള്ളൂ. പ്ലീസ്... വളരെ നിർഭാഗ്യകരമാണ്. സഭയുടെ അന്തസ്സിന് ചേരാത്ത സംഭവങ്ങൾ മുൻകാലങ്ങളിലുമുണ്ടായിട്ടുണ്ടെന്ന് ഞാൻ റൂളിംഗിൽത്തന്നെ പറഞ്ഞു. അന്നെല്ലാം സഭ നിയന്ത്രിക്കുന്ന ചെയറിൽനിന്നും നടപടികളുമുണ്ടായിട്ടുണ്ട്. നടപടി സ്വീകരിച്ച് ജനാധിപത്യ ബോധത്തോടെ അംഗീകരിക്കുന്ന രീതിയാണ് എല്ലാകാലത്തും എല്ലാവരും സ്വീകരിച്ചിട്ടുള്ളത്. ഈ നടപടി ശരിയാണോയെന്ന് അങ്ങ് ആലോചിക്കണം. (....ബഹളം...) നിങ്ങൾ സീറ്റിലിരുന്നാലേ പ്രതിപക്ഷനേതാവിന് മൈക്ക് നൽകുകയുള്ളൂ... സീറ്റിലേയ്ക്ക് മടങ്ങിപ്പോകണം... സീറ്റിലിരിക്കണം... ഇതൊന്നും വ്യക്തിപരമായ പ്രശ്നമല്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇന്നലെ അങ്ങയുടെ ചേമ്പറിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും കക്ഷി നേതാക്കളുടെയും യോഗം ചേർന്നിരുന്നു.

<u>മി. സ്പീക്കർ</u>: നടപടി സ്വീകരിക്കേണ്ടിവരുമെന്ന് അവിടെവച്ച് ഞാൻ പറഞ്ഞിരുന്നല്ലോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ആ സന്ദർഭത്തിൽ നടപടി സ്വീകരിക്കേണ്ടിവരുമെന്ന് അങ്ങ് പറഞ്ഞുവെന്നുള്ളത് ശരിയാണ്. ഇന്നത്തെ സഭാനടപടികൾ വേഗത്തിൽ പൂർത്തിയാക്കണമെന്ന നിർദ്ദേശമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പോട്ടുവച്ചത്. അക്കാര്യം ഞങ്ങൾ അംഗീകരിച്ചു. തിരിച്ച് ചെയറിൽ വന്നശേഷം അങ്ങ് പറഞ്ഞത് എല്ലാവരുമായി കൂടിയാലോചിച്ച് കാര്യങ്ങൾ തീരുമാനിക്കുമെന്നാണ്.

മി. സ്പീക്കർ: ആലോചിച്ച്, കാര്യങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുമെന്നാണ് പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, എല്ലാവരുമായി കൂടിയാലോചിച്ച് ഈ കാര്യത്തിൽ തീരുമാനമെടുക്കാമെന്നാണ് പറഞ്ഞത്. അങ്ങനെയെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കക്ഷിനേതാക്കളും ഉൾപ്പെടെ എല്ലാവരുമിരിക്കുന്ന സമയത്ത് അങ്ങ് അതിനെക്കുറിച്ച് പറയണ്ടേ? ശ്രീ. ഒ. രാജഗോപാലാണ് അവിടെ ഇക്കാര്യം ഉന്നയിച്ചതെന്നത് ശരിയാണ്. നടപടിയെടുക്കണമെന്ന് അദ്ദേഹം പറഞ്ഞുവെന്നത് സത്യമാണ്. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാര്യപരിപാടികൾ വേഗത്തിൽ അവസാനിപ്പിക്കാമെന്ന് പറഞ്ഞു. എന്നാൽ അങ്ങ് ചെയറിൽ വന്നിരുന്ന് എല്ലാവരുമായും കൂടിയാലോചിച്ച് തീരുമാനിക്കുമെന്ന് പറഞ്ഞു. എന്നാൽ ഞങ്ങളോട് ആലോചിച്ചില്ലല്ലോ, പിന്നെന്തിനാണ് അങ്ങനെ പറഞ്ഞത്.

മി. സ്പീക്കർ: ചട്ടങ്ങൾ അനുവദിക്കുന്ന നടപടികൾ മാത്രമേ ചെയർ സ്വീകരിച്ചിട്ടുള്ളൂ. പരിമിതമായ നടപടിപോലും അംഗീകരിക്കാനുള്ള ജനാധിപത്യ മര്യാദ കാണിക്കണമോ വേണ്ടയോ എന്ന് തീരുമാനിച്ചാൽ മതി. നിങ്ങളുടെ പ്രശ്നമെന്താണ്, (....ബഹളം...) അതിൽ ഞാൻ പ്രകോപിതനാകുന്നില്ല. സഭയുടെ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള അധികാരങ്ങൾ ഉപയോഗപ്പെടുത്തി മാത്രമാണ് കാര്യങ്ങൾ ചെയ്തിട്ടുള്ളത്. (....ബഹളം...) റൂൾ 50 പ്രകാരം നോട്ടീസ് നൽകിയത് സ്വീകാര്യമാണെങ്കിൽ നമുക്ക് ആരംഭിക്കാം.

സർക്കാരിന്റെ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിലെ അവ്യക്തതയും സങ്കീർണതയുംമൂലം ത്രിതല പഞ്ചായത്തുകളുടെ ഭവനരഹിതരായ, ജനറൽ സെക്ടറിൽപ്പെട്ടതും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതുമായ കുടുംബങ്ങൾക്ക്, പ്രഖ്യാപിച്ചതുപോലെ വീടുകൾ നൽകുന്നതിനോ സ്ഥലം

നൽകുന്നതിനോ സാധിക്കാത്തതുമൂലവും ഒന്നാം ഗഡു നൽകിയവർക്ക് തുടർന്നുള്ള ഗഡുക്കൾ ലഭിക്കാത്തതുമൂലവും സംസ്ഥാനത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡോ. എൻ. ജയരാജ് സർവ്വശ്രീ പി. കെ. ബഷീർ, കെ. സി. ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിരുന്നു. (.....ബഹളം..) ഈ സഭയിലെ എല്ലാ അംഗങ്ങളും പറയുന്നത് എനിക്ക് ഒരുപോലെതന്നെയാണ്. (.....ബഹളം..) ആ നിലയ്ക്കൊന്നും കാര്യങ്ങൾ ദുർവ്യാഖ്യാനം ചെയ്യേണ്ട. ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും ഒരുപോലെയുള്ള അവകാശമാണുള്ളത്. (.....ബഹളം..) അത് സംരക്ഷിക്കാൻ ബാധ്യതപ്പെട്ട ചെയറാണിത്. സർവ്വ കക്ഷിയോഗത്തിൽ എന്റെ അഭിപ്രായം കൃത്യമായി പറഞ്ഞിരുന്നു. അതിനോട് ശ്രീ. ഒ. രാജഗോപാലും പിന്തുണച്ചിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്. ആ അഭിപ്രായമാണ് ഞാനിവിടെ സ്വീകരിച്ചിട്ടുള്ളത്. ചെയറിന്റെ അഭിപ്രായമാണിത്. അതിന്റെ എല്ലാ ബാധ്യതയും ഉത്തരവാദിത്വവും ഏറ്റെടുക്കാൻ ഞാൻ തയ്യാറാണ്. പ്ലീസ്..... (.....ബഹളം..)

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സംസ്ഥാനത്ത് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി .... (ബഹളം....)

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ, അങ്ങ് പ്രമേയത്തിന് അവതരണാനുമതിതേടി സംസാരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; (.....ബഹളം..) എങ്കിൽമാത്രമേ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയേണ്ട കാര്യമുള്ളൂ.

ശ്രീ. പി. കെ. ബഷീർ: സർ, ഈ വിഷയം എനിക്ക് അവതരിപ്പിക്കണമെന്നുണ്ടായിരുന്നു. സഭയുടെ ഇപ്പോഴത്തെ അവസ്ഥയിൽ അടിയന്തരപ്രമേയത്തിൽ നിന്ന് ഞാൻ പിൻമാറുകയാണ്. (ബഹളം.. ബഹളം....)

(അടിയന്തരപ്രമേയം അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: അടുത്ത നടപടിയിലേയ്ക്ക് കടക്കേണ്ടിവരും. ദയവായി നിങ്ങൾ ഇരിക്കൂ... ഈ പ്രതിഷേധം എന്തിനാണെന്ന് എനിക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല. ദയവായി നിങ്ങൾ സഹകരിക്കണം. (....ബഹളം....) ശ്രീ. അനിൽ അക്കര, പ്രകോപിപ്പിച്ച് എന്തെങ്കിലും നേടാമെന്ന് വിചാരിക്കേണ്ട. (.....ബഹളം......)

# IV ശ്രദ്ധ ക്ഷണിക്കൽ

## തലശ്ശേരി - മാഹി ബൈപ്പാസ് നിർമ്മാണം.

ശ്രീ. എ. എൻ. ഷംസീർ: സർ, തലശ്ശേരി-മാഹി ബൈപ്പാസ് കഴിഞ്ഞ 40 വർഷമായി മുടങ്ങിക്കിടന്നിരുന്ന ഒരു പ്രോജക്ടാണ്. 2016-ൽ അധികാരത്തിൽവന്ന പിണറായി വിജയൻ സർക്കാരിന്റെ കാലത്താണ് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കി പൊന്നുംവില നൽകി അത് വാങ്ങിയത്. ഇതിന്റെ പരിധി കേരളത്തിൽ തലശ്ശേരി മുനിസിപ്പാലിറ്റിയും പോണ്ടിച്ചേരിയുടെ ഭാഗമായ മാഹി മുനിസിപ്പാലിറ്റിയും മുഴപ്പിലങ്ങാട്, ധർമ്മടം, എരഞ്ഞോളി, ചൊക്ലി, ന്യൂമാഹി, അഴിയൂർ തുടങ്ങിയ ആറ് പഞ്ചായത്തുകളുമാണ്. ഏതാണ്ട് 19 കി.മീറ്റർ ദൈർഘ്യത്തിൽ 900 കോടി രൂപ മുതൽമുടക്കുള്ള എൻ.എച്ച്.എ.ഐ.-യുടെ പദ്ധതിയാണിത്. ഇ.കെ.കെ. എന്ന ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പേഴ്സാണ് ഇതിന്റെ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത്. ഇതിന്റെ പ്രവൃത്തി ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് നിർവ്വഹിച്ചത്. എരഞ്ഞോളിയിൽ വച്ച് ജനപങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിലാണ് പ്രവൃത്തി ഉദ്ഘാടനം നടന്നത്. ഇതിന്റെ പ്രവൃത്തി ഇപ്പോൾ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് 40% പ്രവൃത്തി പൂർത്തിയായപ്പോഴാണ് രണ്ട് പ്രളയം ഉണ്ടായത്. അതിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങളുടെ വേഗത വളരെയധികം കുറഞ്ഞിരിക്കുകയാണ്. ഇരുപതോളം വി.യു.പി. (വെഹിക്കുലാർ അണ്ടർപ്പാസ്)-കളും അതുപോലെതന്നെ പാലവുമുണ്ട്. ഇതിന്റെ പ്രവർത്തനം എത്രയുംവേഗം പൂർത്തിയാക്കാൻ കഴിഞ്ഞാൽ അത് ഈ സർക്കാരിന്റെ ഭരണ നേട്ടമായിരിക്കും. അതിനാൽ ഇതിന്റെ പ്രവർത്തനം എത്രയുംവേഗം പൂർത്തിയാക്കാൻ എൻ.എച്ച്.എ.ഐ.-യോട് നിരന്തരം ഇടപെടാൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതോടൊപ്പം, ഇതിന്റെ പ്രവൃത്തിയുടെ വേഗത കുറയാൻ കാരണമാകുന്നത് മണ്ണിന്റെയും പാറയുടെയും ലഭ്യതക്കുറവാണ്. ഈ പ്രവൃത്തിക്കായി ഏതാണ്ട് 6 ലക്ഷം ക്യൂബിക് മീറ്റർ മണ്ണ് ആവശ്യമുണ്ട്. മണ്ണ് പലപ്പോഴും ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. അതുപോലെ പാറ പൊട്ടിക്കാനുള്ള അനുവാദമില്ലാത്തതിനാൽ ക്വാറികൾ പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് കല്ല് ലഭിക്കാത്ത സാഹചര്യവുമുണ്ട്. അതോടൊപ്പംതന്നെ ചില സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കാൻ ഇപ്പോഴും തടസ്സമുണ്ട്.

ഒന്നര സെന്റും ഒരു സെന്റും ഭൂമി ഇപ്പോഴും ഏറ്റെടുക്കാൻ ബാക്കിയുണ്ട്. അതുകൊണ്ട് ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തിയും വളരെവേഗത്തിൽ പൂർത്തിയാക്കേണ്ടതുണ്ട്. അങ്ങനെ നമ്മുടെ സർക്കാരിന്റെ സ്വപ്നപദ്ധതി വളരെ പെട്ടെന്നുതന്നെ പൂർത്തീകരിക്കാൻ സർക്കാർതലത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. യഥാർത്ഥത്തിൽ രണ്ട് പ്രളയങ്ങളാണ് ഇതിന്റെ വേഗത കുറച്ചത്. ഈ പ്രളയത്തിന്റെ ഭാഗമായി തലശ്ശേരി മുനിസിപ്പാലിറ്റിയിൽ ബാലം എന്നുപറയുന്ന ഭാഗത്ത് ബണ്ട് നികത്തിയതിന്റെ ഫലമായി അവിടെ വെള്ളപ്പൊക്കം ഉണ്ടായിരിക്കുകയാണ്. അതിനാൽ അവിടെ പാലത്തിന്റെ സ്പാൻ നീളം കൂട്ടണം. നീളം കൂട്ടിയാൽ വെള്ളം കയറുന്നത് ഒഴിവാക്കാൻ സാധിക്കും. അതോടൊപ്പം തലശ്ശേരി മുനിസിപ്പാലിറ്റിയിൽ തിരുവങ്ങാട്, കോടിയേരി വില്ലേജുകളിൽ ചില റോഡുകൾ പൂർണ്ണമായും ഇല്ലാതാകുകയാണ്. ഇതിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ഈ പറയുന്ന സ്ഥലങ്ങളിൽ ചുരുങ്ങിയപക്ഷം ഒരു എസ്.വി.യു.പി.-യോ അല്ലെങ്കിൽ ഒരു പെഡസ്ട്രിയൻ അണ്ടർപാസ്സോ നിർമ്മിക്കാൻ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. എത്രയുംപെട്ടെന്നു തന്നെ തലശ്ശേരി-മാഹി ബൈപ്പാസിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കാനും ഇതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തി 2020-ൽ തന്നെ ഉദ്ഘാടനം ചെയ്യാനും സർക്കാർതലത്തിൽ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ):</u> സർ, (....ബഹളം..) ദേശീയപാത-66-ൽ മുഴപ്പിലങ്ങാട് മുതൽ അഴിയൂർ വരെയുള്ള 18.6 കി.മീറ്റർ തലശ്ശേരി-മാഹി ബൈപ്പാസിന്റെ പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തരം നടക്കുകയും പണി പുരോഗമിച്ചുവരികയുമാണ്. ......(ബഹളം..) 883.9 കോടി രൂപ നിർമ്മാണചെലവ് വരുന്ന പദ്ധതി 2017 ഡിസംബർ 4-ന് ആരംഭിച്ചതാണ്. കേരളത്തിലെ മുൻനിര കരാറുകാരനാണ് ഈ പണിചെയ്യുന്നത്. നിർമ്മാണ കാലാവധി 30 മാസമാണ്. അതുപ്രകാരം 2020 മേയ് 31-ന് ഇത് പൂർത്തീകരിക്കേണ്ടതായിരുന്നു. പദ്ധതിയുടെ ഒന്നാം മൈൽസ്റ്റോണായ കരാർ ജോലിയുടെ 10% 2019 ഡിസംബർ 31-ന് കൈവരിച്ചിട്ടുണ്ട്. രണ്ടാം മൈൽസ്റ്റോണായ കരാർ ജോലിയുടെ 30% 2019 ഒക്ടോബർ 15-ന് കൈവരിച്ചിട്ടുണ്ട്. ഈ വർഷം ജൂൺ മുതൽ ഉണ്ടായിട്ടുള്ള

ശക്തമായ മഴ പദ്ധതിയെ വലിയതരത്തിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പാലങ്ങളുടെ നിർമ്മാണത്തിനുവേണ്ടി നദിയിൽ നിർമ്മിച്ചിരുന്ന താല്ക്കാലിക നിർമ്മിതികളായ കോഫർ ഡാം വെള്ളപ്പൊക്കംമൂലം അഴിച്ചുമാറ്റേണ്ടിവന്നതും കരാറുകാരന് തൊഴിലാളികളെയും യന്ത്രസാമഗ്രികളെയും മഴമൂലം മാറ്റേണ്ടി വന്നതും പദ്ധതി വൈകുന്നതിന് കാരണമായിട്ടുണ്ട്. നിർമ്മാണ സാമഗ്രികളായ മണലിന്റെയും മെറ്റലിന്റെയും ദൗർലഭ്യവും നിർമ്മാണത്തെ ബാധിച്ചിട്ടുണ്ട്. പദ്ധതിയിൽ അധികമായി 6 വെഹിക്കുലാർ അണ്ടർപാസ്സും കാൽ നടക്കാർക്ക് ഒരു അണ്ടർപാസ്സും ഒരു വെഹിക്കുലാർ ഓവർ പാസ്സും ഉൾപ്പെടുത്തിയത് 18.6 കി.മീറ്റർ ദൂരത്തിലുള്ള പദ്ധതിയുടെ പുരോഗതിക്ക് അധികതരമായ ജോലി വേണ്ടിവന്നിട്ടുണ്ട്. സർവ്വീസ് റോഡിനും മറ്റ് നിർമ്മാണത്തിനുമടക്കം വിവിധ ഭാഗങ്ങളിലായി 2.36 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ട്. ഷെഡ്യൂൾ പൂർത്തീകരിക്കുന്ന തീയതിയായ 2020 മേയ് 31-ന് പൂർത്തീകരിക്കാവുന്ന ലക്ഷ്യത്തിൽ കരാറുകാരൻ നവംബർ മാസം മുതൽ അധികമായി പണിക്കാരെയും കൂടാതെ മെഷിനറികളും വിന്യസിച്ചിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ ഭാഗമായ എല്ലാ മേജർ ബ്രിഡ്ജുകളുടെയും റെയിൽവേ പാലത്തിന്റെയും പണി നടപ്പിലാക്കിവരുന്നു. പദ്ധതി സമയത്ത് പൂർത്തീകരിക്കണമെന്നാവശ്യപ്പെട്ട് എൻ.എച്ച്.എ.ഐ.-യ്ക്കും കരാറുകാരനും സംസ്ഥാന സർക്കാർ നോട്ടീസ് നൽകിയിട്ടുണ്ട്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഇതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്താനും അവിടെ പ്രാദേശികമായി ഉയർന്നുവരുന്ന വിഷയങ്ങൾ ഉൾപ്പെടെ പരിഹരിക്കാനും പെഡസ്ട്രിയൻ അണ്ടർ പാസ്സുംമറ്റും നിർമ്മിക്കാൻ സാധിക്കുമോ; ഇതിന്റെ പ്രവൃത്തി വിലയിരുത്താൻ എൻ.എച്ച്.എ.ഐ.-യെ ഉൾപ്പെടുത്തി ഒരു ഉന്നതതലയോഗം വിളിച്ചുചേർക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ; അവിടെ ജനകീയ പ്രശ്നങ്ങൾ ഉൾപ്പെടെ ഉയർന്നുവന്ന ഘട്ടത്തിൽ മണ്ണിന്റെയും കല്ലിന്റെയും ലഭ്യത ഉറപ്പുവരുത്താനും ടി പ്രവൃത്തി ഉദ്ഘാടനത്തിലേയ്ക്ക് എത്തിക്കാനും ഉന്നതതലയോഗം വിളിച്ചുകൂട്ടാൻ സാധിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ:</u> സർ, ഞാൻ അതുസംബന്ധിച്ച് പറഞ്ഞിരുന്നു. പദ്ധതിയിൽ അധികമായി 6 വെഹിക്കുലാർ അണ്ടർപാസ്സും കാൽനട യാത്രക്കാർക്കുള്ള ഒരു അണ്ടർപാസ്സും ഒരു വെഹിക്കുലാർ ഓവർ പാസ്സും പുതുതായി

ഉൾപ്പെടുത്തിയിട്ടുണ്ട്. ജോലി അത്രയുംകൂടി അധികമായി വരുന്നതു കൊണ്ടുള്ള താമസം ഉണ്ടായിട്ടുണ്ട്. സർക്കാർതലത്തിൽ ഉന്നതതലയോഗം വിളിക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഈ പ്രതിഷേധം നടത്തുന്നത് എന്തിനാണെന്ന് എനിക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല. ദയവായി നിങ്ങൾ സീറ്റുകളിൽ പോകണം. സർക്കാരിനെതിരെയുള്ള പ്രതിഷേധ പ്രകടനങ്ങളും അഭിപ്രായ പ്രകടനങ്ങളുമൊക്കെ സഭയിൽ സ്വാഭാവികമാണ്. ഇത് പരിധി വിട്ടിരിക്കുകയാണ്. പ്ലീസ്... ഇത്രയും അന്തസ്സില്ലാത്ത സാഹചര്യം തുടരുന്ന പശ്ചാത്തലത്തിൽ താൽക്കാലികമായി സഭ നിർത്തിവയ്ക്കുകയാണ്. (....ബഹളം....)

(ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രാവിലെ 10.22-ന് താൽക്കാലികമായി നിർത്തിവച്ച സഭ 10.48-ന് പുനരാരംഭിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ചെയറിനെ ഞങ്ങൾ ബഹുമാനിക്കുന്നു. അത് പാർലമെന്ററി ജനാധിപത്യത്തിന്റെ കീഴ്വഴക്കത്തിന്റെ ഭാഗമാണ്. ഇന്നലെ അങ്ങ് വിളിച്ചതനുസരിച്ച് ഞങ്ങൾ അങ്ങയുടെ ചേമ്പറിൽ വന്നിരുന്നു. ഞങ്ങളോടൊപ്പമുള്ള ഒരു എം.എൽ.എ.-യ്ക്ക് പോലീസിന്റെ ഭീകര മർദ്ദനമേറ്റ് ആശുപത്രിയിൽ കഴിയുന്ന സംഭവമാണ് ഞങ്ങൾ ഉന്നയിക്കുന്നത്. അങ്ങ് ആ അംഗത്തെ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനായ വ്യക്തിയാണ്. ആ അംഗത്തിനുണ്ടായ ഗുരുതരമായ മർദ്ദനത്തിന്റെ കാര്യം അവിടെ സന്ദർശിച്ച അങ്ങേയ്ക്ക് മനസ്സിലായിട്ടുള്ളതാണ്. ഞങ്ങളോടൊപ്പമുള്ള എം.എൽ.എ.-യെ ഗുരുതരമായി മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യണമെന്നുള്ളതാണ് ഞങ്ങളുടെ ആവശ്യം. പലപ്പോഴും സസ്പെന്റ് ചെയ്തശേഷം അന്വേഷണം നടക്കാറുണ്ട്. ഇന്നലെ വ്യവസായ വകുപ്പുമന്ത്രി പറഞ്ഞതുപോലെയല്ല, സസ്പെൻഷനിൽ നിർത്തിക്കൊണ്ടും അന്വേഷണം നടക്കാറുണ്ട്. ഇതിനുമുമ്പും അങ്ങനെയുള്ള അന്വേഷണം നടന്നിട്ടുണ്ട്. ഞങ്ങൾ ന്യായമായ ഡിമാന്റാണ് ഉന്നയിച്ചിട്ടുള്ളത്. അത് അംഗീകരിക്കാത്തതിന്റെ പേരിലാണ് ഇന്നലെ സഭയിൽ ചില സംഭവങ്ങളുണ്ടായത്. ബഹുമാനപ്പെട്ട സ്പീക്കർ ഞങ്ങളെ വിളിച്ചപ്പോൾ ഇന്ന് സഭ പെട്ടെന്ന് നടത്തി തീർക്കാമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്.

എല്ലാവരുമായി കൂടിയാലോചിച്ച് നടപടിയെടുക്കുമെന്നാണ് അങ്ങ് ചെയറിൽ വന്ന സന്ദർഭത്തിൽ പറഞ്ഞത്. ചെയർ പറയുന്നതിനാണ് വിലയുള്ളത്. ഞങ്ങളോട്ടുകൂടി ആലോചിച്ചശേഷം നടപടിയുണ്ടാകുമെന്നാണ് ഞങ്ങൾ കരുതിയത്. സ്വാഭാവികമായും ഞങ്ങളത് പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അപ്രതീക്ഷിതമായാണ് അങ്ങയുടെ നിലപാട് പ്രഖ്യാപിച്ചത്. അതിൽ ഞങ്ങൾക്ക് ശക്തമായ പ്രതിഷേധമുണ്ട്. അവിടെവച്ച് നടപടിയെടുക്കണമെന്ന് ശ്രീ. ഒ. രാജഗോപാൽ പറഞ്ഞത് ശരിയാണ്. എന്നാൽ മുഖ്യമന്ത്രി ആ സന്ദർഭത്തിൽ അതിനെക്കുറിച്ച് പറഞ്ഞില്ല, ഞങ്ങളും പറഞ്ഞില്ല. അങ്ങ് കാര്യപരിപാടികൾ അവസാനിപ്പിക്കാനാണ് തീരുമാനിച്ചത്. അതുകൊണ്ട് അങ്ങ് ഞങ്ങളുടെ വികാരം മാനിക്കണം. ഞങ്ങളോടൊപ്പമുള്ള സഹപ്രവർത്തകൻ ഭീകരമായ പോലീസ് മർദ്ദനമേറ്റ് ആശുപത്രിയിൽ കിടക്കുമ്പോൾ ഞങ്ങളുടെ വികാരം കൂടി ഉൾക്കൊള്ളേണ്ടതായിരുന്നു വെന്നാണ് എനിക്ക് പറയാനുള്ളത്.

ഞങ്ങൾ സഭാനടപടികൾ എപ്പോഴും തടസ്സപ്പെടുത്തുന്ന ആളുകളല്ല. അങ്ങ് സഭാനടപടികളുമായി മുന്നോട്ടുപോകൂ. പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭ ബഹിഷ്കരിക്കുകയാണ്.

(ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്കരിച്ചു.

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: സബ്മിഷന്റെ മറുപടികൾ ബന്ധപ്പെട്ട മന്ത്രിമാർക്ക് മേശപ്പുറത്തു വയ്ക്കാവുന്നതാണ്*.

## V ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തിൽ ഉലഞ്ഞുപോയ കേരളത്തെ മുമ്പുണ്ടായിരുന്നതിനേക്കാൾ മികവുറ്റതായി പുനർനിർമ്മിക്കുകയെന്ന സുപ്രധാന ദൗത്യമെന്ന നിലയിലാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് സർക്കാർ രൂപം നൽകിയിട്ടുള്ളത്.

*അനുബന്ധമായി ചേർത്തിരിക്കുന്നു.

പ്രളയാനന്തരം, അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുംശേഷം കേരളം ശ്രദ്ധ പതിപ്പിച്ചത് പുനർനിർമ്മാണ പ്രവർത്തനങ്ങളിലായിരുന്നു. എന്നാൽ പശ്ചാത്തലസൗകര്യങ്ങളുടെയും ഭ്രവ്യടമസ്ഥകളുടെയും പുനഃസ്ഥാപനം വൻ മുതൽമുടക്കും സമയവും വേണ്ടിവരുന്ന പ്രക്രിയയാണ്.

പ്രളയാനന്തര കേരള പുനർനിർമ്മാണം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme - RKDP)-യുടെ നയരേഖ സർക്കാർ അംഗീകരിച്ച് നടപ്പാക്കിവരുന്നു. പുനർനിർമ്മാണത്തെ സംബന്ധിച്ച പരമ്പരാഗത സമീപനം പാടേ മാറ്റിവച്ചുകൊണ്ടുള്ള ഒരു നയസമീപനമാണ് കേരള പുനർനിർമ്മാണ വികസന പരിപാടിയിൽ സ്വീകരിച്ചിട്ടുള്ളത്. ഇതിനായുള്ള പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു സമഗ്ര പ്രവർത്തന പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. പ്രളയദുരന്തത്തിൽ നിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായും അവസരമായും കണ്ട്, ഭാവിയിലുണ്ടായേക്കാവുന്ന പ്രകൃതിദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്ന വിധം കരുത്തോടെ കേരളത്തെ പുനർനിർമ്മിക്കുക എന്നതാണ് കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme - RKDP) ലക്ഷ്യമിടുന്നത്.

പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലേയ്ക്ക് വഴികാട്ടുന്ന മാർഗ്ഗരേഖയാണ് RKDP. ഇത്തരത്തിലുള്ള പുനർനിർമ്മാണത്തിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ടുകിടക്കുന്നതുമായ (cross-cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ടുന്ന പദ്ധതികൾ തുടങ്ങിയവ RKDP-യിൽ ഉൾപ്പെടുന്നു. വെള്ളപ്പൊക്കംപോലുള്ള പ്രകൃതി ദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നുള്ള മറ്റു ഭീഷണികളും പരിഗണിക്കുന്നതും ഭാവിയിലെ ദുരന്തങ്ങളെക്കൂടി ചെറുക്കാൻ ശേഷിയുള്ളതുമായ കേരള പുനർനിർമ്മാണത്തിന് കരുത്തേകുന്നതാണ് RKDP. ഈ നയരേഖ വികസന പങ്കാളികൾക്കുമുമ്പാകെ അവതരിപ്പിച്ച് പുനർനിർമ്മാണത്തിനാവശ്യമായ വിഭവസമാഹരണം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് കേരള പുനർനിർമ്മാണ പരിപാടി ആദ്യഘട്ടത്തിൽ മുൻഗണന നൽകിയിട്ടുള്ളത്. അതിലൂടെ ലോക

ബാങ്കടക്കമുള്ള വികസന പങ്കാളികളിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കാൻ നമുക്കായിട്ടുണ്ട്.

വിപുലമായ കൺസൾട്ടേഷൻ നടത്താതെയാണ് RKDP തയ്യാറാക്കിയിട്ടുള്ളത് എന്നത് ന്യൂനതയായി സർക്കാർ കരുതുന്നു. അതുകൊണ്ടു തന്നെ ആർ.കെ.ഐ. മുന്നോട്ടുവയ്ക്കുന്ന നയപരമായ നിർദ്ദേശങ്ങൾ, കേരളത്തിലെ പൊതുസമൂഹവുമായി നടത്തുന്ന വിപുലമായ ചർച്ചകളുടെയും സംവാദങ്ങളുടെയും അടിസ്ഥാനത്തിൽ സമ്പുഷ്ടമാക്കേണ്ടതുണ്ട്.

2019-ലും വെള്ളപ്പൊക്കം ആവർത്തിച്ചതോടെ ദുരന്ത പ്രതിരോധ/നിവാരണ സംവിധാനങ്ങളിലും സമീപനങ്ങളിലും കാതലായ മാറ്റം വരേണ്ടതുണ്ടെന്ന തിരിച്ചറിവ് പൊതുസമൂഹത്തിൽ ഉണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സമൂഹകേന്ദ്രീകൃത ദുരന്തനിവാരണ/പ്രതിരോധ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണമെന്ന ആവശ്യം പൊതുസമൂഹത്തിൽനിന്നും ഉയർന്നുവന്നിട്ടുമുണ്ട്.

നിലനിൽക്കുന്ന രീതി ശാസ്ത്രത്തിൽ നിന്നുള്ള മാറ്റമാണ് പ്രളയം ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളെ മറികടക്കാനുള്ള മാർഗ്ഗമായി നാം വിലയിരുത്തുന്നത്. കേരളം പരമ്പരാഗതമായി പാലിച്ചുപോരുന്ന കാഴ്ചപ്പാടുകളിലും നയസമീപനങ്ങളിലും ആവശ്യമായ തിരുത്തലുകൾ വരുത്തി മുന്നേറിയാൽ മാത്രമേ അതിജീവനക്ഷമതയുള്ള കേരളസമൂഹം എന്ന മഹത്തായ ലക്ഷ്യം നേടാനാകൂ. ജനകീയ പങ്കാളിത്തത്തോടെ ഇത്തരം തിരുത്തലുകൾ ആവശ്യമായ മേഖലകൾ കണ്ടെത്തുക എന്ന ലക്ഷ്യവുമായി, വിദഗ്ദ്ധരെ മാത്രമല്ല, സംസ്ഥാനത്തെ എല്ലാ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട്, അവരുടെ അറിവും അനുഭവവും ആശയങ്ങളും കൂടി ഉൾക്കൊണ്ട് തികച്ചും ജനകീയവും പ്രായോഗികവുമായ രീതിയിൽ ഒരു ജനപങ്കാളിത്ത ക്യാമ്പയിന് തുടക്കം കുറിക്കുകയാണ്. ആർ.കെ.ഐ.-യുടെ നേതൃത്വത്തിൽ ഏറ്റെടുക്കുന്ന 'നാം നമുക്കായി' എന്ന് പേരിട്ടിരിക്കുന്ന ജനകീയാസൂത്രണ മാതൃകയിലുള്ള ഈ ക്യാമ്പയിന് രണ്ട് ഘടകങ്ങളാണ് ഉണ്ടാകുക.

1. ജനകീയ പങ്കാളിത്തത്തോടെ അതിജീവനക്ഷമത ഉറപ്പാക്കുന്നതിലേയ്ക്കാവശ്യമായ നയവ്യതിയാനങ്ങളും തിരുത്തലുകളും കണ്ടെത്തുന്നതിനുള്ള വിപുലമായ ക്യാമ്പയിൻ.

2. എല്ലാ തദ്ദേശസ്വയംഭരണ സർക്കാരുകളിലും ദുരന്തമാനേജ്മെന്റ് പ്ലാനുകൾ ആസൂത്രണം ചെയ്യൽ.

ജനങ്ങളിൽ നിന്നുള്ള ആശയ രൂപീകരണത്തിനായി ചുവടെ പറയുന്ന മേഖലകളെ ആസ്പദമാക്കിയാണ് ചർച്ചകൾ നടത്താൻ ഉദ്ദേശിക്കുന്നത്:

1. ഭൂവിനിയോഗം
2. ജലപരിപാലനം
3. വനപരിപാലനം
4. പ്രാദേശിക സമൂഹവും അതിജീവനവും
5. ഗതാഗതം, വാർത്താവിനിമയം, സാങ്കേതികവിദ്യ

പ്രത്യേക ഗ്രാമസഭകളിലൂടെ ഉരുത്തിരിഞ്ഞ് പ്രത്യേക നിയമസഭാ സമ്മേളനത്തിൽ പര്യവസാനിക്കുന്ന വിധത്തിൽ വിവിധ തലങ്ങളിലായാണ് ക്യാമ്പയിന് രൂപം നൽകിയിട്ടുള്ളത്. പ്രാദേശിക ജനവിഭാഗങ്ങൾ, യുവാക്കൾ, പണ്ഡിതർ, ആഗോള മലയാളി സമൂഹം, അന്താരാഷ്ട്ര വിദഗ്ദ്ധർ എന്നിങ്ങനെ പല വിഭാഗങ്ങളുമായി നേരിട്ട് സംവദിക്കുന്ന തരത്തിലാണ് ക്യാമ്പയിൻ ആവിഷ്കരിച്ചിട്ടുള്ളത്. താഴെപ്പറയുന്ന വിവിധ തലങ്ങളിലായാണ് ചർച്ചകളും സംവാദങ്ങളും നടക്കുക:

1. പ്രത്യേക ഗ്രാമസഭ: കേരളത്തിന്റെ പ്രാദേശിക ആസൂത്രണത്തിന്റെ ഏറ്റവും താഴെത്തട്ടിലുള്ള ഗ്രാമസഭകളുടെ പ്രത്യേക സമ്മേളനം വിളിച്ച് ഈ പ്രക്രിയയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതാണ്. മുഖ്യമന്ത്രി അടക്കമുള്ളവർ പങ്കെടുക്കുന്ന ഗ്രാമസഭകൾ പുനർനിർമ്മാണം സംബന്ധിച്ച ചർച്ചകൾ നടത്തണം. ഇത്തരം ഗ്രാമസഭകളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുകയും അവ ജില്ലാതലങ്ങളിലെ സമഗ്ര ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യണം;
2. കേരളത്തിലെ അക്കാദമിക സമൂഹത്തെയും യുവാക്കളെയും ഉൾപ്പെടുത്തിക്കൊണ്ട് സർവ്വകലാശാലകളുടെ ആഭിമുഖ്യത്തിൽ വിപുലമായ ചർച്ചകൾ;
3. വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്തി പ്രത്യേക വിഷയങ്ങളിൽ വിശാലമായ ടെക്നിക്കൽ സെക്ഷനുകൾ;
4. കേരളത്തിനകത്തും പൊതുസമൂഹത്തിന് ഈ വിഷയങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്താനവസരം നൽകുന്ന തരത്തിൽ ഓൺലൈൻ സംവിധാനം;

5. കേരള ഡയസ്പോറയുടെ വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്താനുതകുന്ന വിധത്തിൽ ഫോക്കസ്ഡായിട്ടുള്ള വെർച്വൽ ചർച്ചകൾ;

6. മുകളിൽ പ്രതിപാദിച്ച അഞ്ച് തലങ്ങളിലെ ചർച്ചകളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ വിഷയാടിസ്ഥാനത്തിൽ ആർ.കെ.ഐ.-യുടെ നേതൃത്വത്തിൽ സമാഹരിച്ച് (വിദഗ്ദ്ധ സമിതികൾ തയ്യാറാക്കുന്ന ടെക്നിക്കൽ പേപ്പറുകൾ) ആഗോളതലത്തിലുള്ള വിവിധ മേഖലകളിലെ വിദഗ്ദ്ധരുമായി ചർച്ച ചെയ്യാൻ അടുത്ത ഘട്ടത്തിൽ ഒരു അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കും;

7. ഇത്തരത്തിലുള്ള സെമിനാറിൽനിന്നും ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് ആവശ്യമെങ്കിൽ നിയമനിർമ്മാണവുമായി ബന്ധപ്പെട്ടും പ്രത്യേക നിയമസഭാസമ്മേളനം.

ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ്, disaster management എന്നീ മേഖലകളിൽ ജനകീയ പങ്കാളിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ ഇടപെടലും ഉറപ്പാക്കി, പ്രാദേശികമായി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയാൽ ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകവും ലക്ഷ്യകേന്ദ്രീകൃതവുമാകും. ഇതുമായി ബന്ധപ്പെട്ട ചില പ്രവർത്തനങ്ങൾക്ക് കേരള സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി മുഖേന തുടക്കമിടാനായിട്ടുണ്ട്. എന്നാലിത് കേരളം മുഴുവനായും വ്യാപിപ്പിക്കേണ്ടത് ഇക്കഴിഞ്ഞ പ്രളയത്തിന്റെകൂടി പശ്ചാത്തലത്തിൽ നാം ഏറ്റവും പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ട പ്രവർത്തനമാണ്. ഇതിനായി താഴെപ്പറയുന്ന പരിപാടികളാണ് ജനപങ്കാളിത്തത്തോടെ ഏറ്റെടുത്ത് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്.

1. ജനകീയ പ്രതിരോധം (Civil Defence): കേരളത്തിലെ എല്ലാ ജില്ലകളിലും, പരിശീലനം ലഭിച്ച സന്നദ്ധപ്രവർത്തകരുടെ ജനകീയ പ്രതിരോധ സേന രൂപീകരിക്കണം;

2. പഞ്ചായത്തുതല ദുരന്ത പരിപാലന പദ്ധതികൾ (Village Disaster Management Plans): ദുരന്ത സാധ്യതയുള്ളതായ (moderate & high) എല്ലാ താലൂക്കുകളിലേയും പഞ്ചായത്തുകളിൽ അടിയന്തരമായി പഞ്ചായത്തുതല ദുരന്ത പരിപാലന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കണം. മറ്റ് പഞ്ചായത്തുകളിൽ ഇത് ഘട്ടംഘട്ടമായും നടപ്പാക്കണം.

തദ്ദേശസ്വയംഭരണ സർക്കാരുകളുടെ അടുത്ത വർഷത്തെ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന അവസരത്തിൽതന്നെ ദുരന്തപ്രതിരോധത്തിനും അതിജീവനത്തിനുമുള്ള പ്രാദേശികമായ പദ്ധതികളും ആസൂത്രണം ചെയ്ത് അംഗീകരിക്കുകവഴി പ്രാദേശിക സർക്കാരുകളുടെ പദ്ധതി ആസൂത്രണത്തിൽ മെച്ചപ്പെട്ട ദുരന്ത പ്രതിരോധവും അതിജീവനക്ഷമതയും ഉറപ്പാക്കാനാകും. എല്ലാ ജനപ്രതിനിധികളും അവർ താമസിക്കുന്ന പ്രദേശത്തെ ഗ്രാമസഭകളിൽ പങ്കെടുത്ത് നേതൃത്വപരമായ പങ്കുവഹിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ഇതോടൊപ്പംതന്നെ കേരളത്തിന്റെ ദുരന്ത പ്രതിരോധശക്തി വർദ്ധിപ്പിക്കുന്നതിലേയ്ക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെയും സമൂഹത്തിന്റെയും പിന്തുണയോടുകൂടി ഏറ്റെടുക്കേണ്ടതുണ്ട്:

1. ദുരന്ത പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ ദുരന്തപരിപാലന പദ്ധതികൾ ആവിഷ്കരിക്കുക. (Preparation of Departmental Disaster Management) ദുരന്ത നിവാരണത്തിൽ ഭാഗമാക്കേണ്ടതായി കണ്ടെത്തിയിട്ടുള്ളത് 25 വകുപ്പുകളാണ്. ഇവയിലെല്ലാം തന്നെ ദുരന്തപരിപാലന പദ്ധതികൾ ആവിഷ്കരിക്കാനാകണം;

2. സ്കൂൾ, ആശുപത്രി മുതലായ കെട്ടിടങ്ങളുടെ ദുരന്താതിജീവനക്ഷമത തിട്ടപ്പെടുത്തുക: സംസ്ഥാനത്തെ എല്ലാ സ്കൂൾ, ആശുപത്രി കെട്ടിടങ്ങളുടെയും സുരക്ഷാപരിശോധന ഒരു പ്രത്യേക ദൗത്യവുമായി ഏറ്റെടുക്കണം;

3. ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്റ്റേക്ക് ഹോൾഡർ വകുപ്പുകളിൽ Virtual Cadre രൂപീകരിക്കൽ;

4. വിപുലമായ പ്രചരണ പ്രവർത്തനങ്ങൾ.

പഞ്ചായത്ത് ദുരന്ത മാനേജ്മെന്റ് പ്ലാനുകളുടെ ഭാഗമായി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ആസൂത്രണ ബോർഡും സംയുക്തമായി ഏറ്റെടുക്കുന്നതാണ്. ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് കില മുഖേനയായിരിക്കും.

# VI ഗവൺമെന്റ് പ്രമേയങ്ങൾ (ചട്ടം 118)

## (1) പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള ആദായ നികുതി ഇളവ്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സംസ്ഥാനത്തെ മുഴുവൻ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ആദായനികുതി നിയമത്തിൽ മതിയായ മാറ്റം കൊണ്ടുവരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

" റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും 1961-ലെ ഇൻകം ടാക്സ് ആക്ടിലെ വകുപ്പ് 80(p)(2) പ്രകാരം ആദായനികുതി ഇളവ് അനുവദനീയമായിരുന്നു. എന്നാൽ 1-4-2007-ൽ പ്രാബല്യത്തിൽ വന്ന 2006-ലെ ഫിനാൻസ് ആക്ട് ഭേദഗതിയിലൂടെ ആദായനികുതി നിയമത്തിലെ വകുപ്പ് 80(p) ഭേദഗതി വരുത്തി ഉപവകുപ്പ് 4 കൂട്ടിച്ചേർക്കപ്പെട്ടതോടെ 2007-2008 സാമ്പത്തികവർഷം മുതൽ ആദായനികുതി വകുപ്പ് മേൽ നിയമത്തിലെ 80(p)(2) പ്രകാരമുള്ള ആനുകൂല്യം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയൊഴികെയുള്ള സഹകരണ സംഘങ്ങൾക്ക് നിഷേധിക്കുകയുണ്ടായി. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് (PACS) ആദായനികുതി നിയമം വകുപ്പ് 80(p)(2) പ്രകാരമുള്ള ആദായനികുതി കിഴിവിന് (deduction) തുടർന്നും അർഹതയുണ്ടെന്നിരിക്കെ ഇതിനുവിരുദ്ധമായി ആദായനികുതി വകുപ്പ് കേരളത്തിലെ PACS-കൾ ബാങ്കുകൾക്ക് സമാനമായ പ്രവർത്തനമാണ് നടത്തുന്നതെന്നും കാർഷികേതര പ്രവർത്തനങ്ങൾ നടത്തി ലാഭമുണ്ടാക്കുന്നുണ്ടെന്നും ചൂണ്ടിക്കാട്ടി വലിയതോതിൽ ആദായനികുതി ചുമത്തിക്കൊണ്ടുള്ള അസസ്മെന്റ് ഉത്തരവുകൾ നൽകിവരുന്നു. സംസ്ഥാന സർക്കാർ ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് പലതവണ പരിഹാരത്തിന് ശ്രമിക്കുകയുണ്ടായെങ്കിലും അനുകൂലമായ നടപടി ഉണ്ടായില്ല.

കൂടാതെ, കേന്ദ്ര ആദായനികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത വകുപ്പ് 194 N, 1-4-2019 മുതൽ പ്രാബല്യത്തിൽ വന്നതോടെ ഒരു സാമ്പത്തികവർഷം ഒരു കോടിയിലധികം രൂപ കറൻസിയായി ബാങ്കുകളിൽനിന്നും പിൻവലിക്കുന്നപക്ഷം 2% സ്രോതസിൽ നികുതി (TDS) ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ബാങ്കിംഗ് ബിസിനസ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സല്ല നടത്തുന്നതെന്ന് ചൂണ്ടിക്കാട്ടി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളടക്കമുള്ള പ്രാഥമിക

സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നടക്കമുള്ള ബാങ്കുകളിൽ നിന്നും ഒരു കോടി രൂപയിലധികം ഒരു സാമ്പത്തികവർഷം പണമായി പിൻവലിക്കുമ്പോൾ സ്രോതസ്സിൽ നികുതി ഈടാക്കണമെന്നുകാട്ടി ബാങ്കുകൾക്ക് ആദായനികുതി വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. കേരള സഹകരണ നിയമം 1969 പ്രകാരം നിയന്ത്രിതമായി നിക്ഷേപ-വായ്പാ പ്രവർത്തനം നടത്തുന്ന സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ (PACS) ബിസിനസിന്റെ ഭാഗമായി ഒരു സാമ്പത്തികവർഷം ഒരു കോടിയിലധികം രൂപയുടെ പണമിടപാടുകൾ നടത്തിവരുന്നുണ്ട്. അപ്രകാരമുള്ള ഇടപാടുകൾക്ക് 2% TDS ഈടാക്കുന്നത് സംഘങ്ങളുടെ പ്രവർത്തനമൂലധനത്തെ സാരമായി ബാധിക്കുന്നതും വായ്പേതര സംഘങ്ങൾക്ക് ഈ നിയമം അവരുടെ ദൈനംദിന ഇടപാടുകൾക്ക് വിഘാതം സൃഷ്ടിക്കുന്നതുമാണ്.

സഹകരണ മേഖലയുടെ പ്രവർത്തനം കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ജനങ്ങളുടെ വരുമാനം, തൊഴിൽ, അടിസ്ഥാനസൗകര്യ വികസനം, കൃഷി-വിപണനം തുടങ്ങി സമൂഹത്തിലെ സമസ്ത മേഖലകളെയും ശക്തിപ്പെടുത്തുന്നതിനുള്ള ചാലകശക്തിയായി മാറിയിട്ടുള്ളതിനാൽ കേന്ദ്ര ആദായ നികുതി നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള മേൽ നിയമഭേദഗതികളും നിയമ നിഷേധനടപടികളും സംസ്ഥാന താൽപ്പര്യങ്ങളെ ഹനിക്കുന്നതാണ്.

ഈ പശ്ചാത്തലത്തിൽ, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സ്വാതന്ത്ര്യാനന്തര കാലം മുതൽ ലഭിച്ചുവന്നിരുന്ന ആദായനികുതി ആനുകൂല്യമെടുത്ത് കളഞ്ഞതും PACS-കൾക്ക് ആദായ നികുതി നിയമപ്രകാരം അനുവദനീയമായ 80(P) ആനുകൂല്യം നിഷേധിക്കുന്നതും ആദായനികുതി നിയമത്തിലെ 194N എന്ന വകുപ്പിന്റെ പരിധിയിൽ പ്രാഥമിക സഹകരണ സംഘങ്ങളെ കൊണ്ടുവന്നിട്ടുള്ളതും കേരളത്തിലെ സഹകരണ മേഖലയുടെ തകർച്ചയ്ക്ക് വഴിവയ്ക്കുന്നതാണെന്ന് ഈ സഭ വിലയിരുത്തുന്നു.

"ആയതിനാൽ കാർഷിക, കാർഷികേതര വ്യത്യാസം കൂടാതെ സംസ്ഥാനത്തെ മുഴുവൻ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ആദായനികുതി ഇളവ് ലഭ്യമാക്കാൻ കഴിയുന്നവിധം കേന്ദ്ര ആദായനികുതി നിയമത്തിൽ മതിയായ മാറ്റം കൊണ്ടുവരണമെന്നും PACS-കൾക്ക് ആദായനികുതി 80(P) പ്രകാരം അനുവദനീയമായ നികുതി കിഴിവ് ഉപാധിരഹിതമായി അനുവദിക്കണമെന്നും ആദായനികുതി നിയമത്തിലെ 194N എന്ന വകുപ്പിന്റെ പരിധിയിൽ നിന്ന് പ്രാഥമിക സഹകരണ സംഘങ്ങളെ ഒഴിവാക്കണമെന്നും കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## (2) കരട് ദേശീയ വിദ്യാഭ്യാസ നയത്തിലെ നിർദ്ദേശങ്ങൾ

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കരട് ദേശീയ വിദ്യാഭ്യാസ നയത്തിലെ നിർദ്ദേശങ്ങൾ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

"ദേശീയ വിദ്യാഭ്യാസ നയം 2019-ന്റെ കരട് സാമൂഹ്യ ചർച്ചകൾക്കായി കേന്ദ്ര മാനവവിഭവ വികസന മന്ത്രാലയം പുറത്തുവിട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് നടക്കുന്ന ചർച്ചകളുടെ ഭാഗമായി വിദ്യാഭ്യാസരംഗത്തെ ഏറ്റവും ഉയർന്ന ഉപദേശക സമിതിയായ കാബ് (സെൻട്രൽ അഡ്വൈസറി ബോർഡ് ഓൺ എഡ്യൂക്കേഷൻ)-ഉം ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി.

നിലവിലുള്ള വിദ്യാഭ്യാസ നയം 1986-ൽ അംഗീകരിക്കപ്പെട്ടതും 1992-ൽ പരിഷ്കരിക്കപ്പെട്ടതുമാണ്. പുതിയ നയം അവതരിപ്പിക്കുമ്പോൾ വിശദമായ ചർച്ച രാജ്യത്താകമാനം നടത്തേണ്ടതുണ്ട്. അതിനനുയോജ്യമായ സാഹചര്യമൊരുക്കുക എന്നത് കേന്ദ്ര സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽപ്പെട്ട ഭാഷകളിൽ കരട് നയം പുറത്തുവിട്ട് ചർച്ചയ്ക്കായി ആവശ്യമായ സമയം നൽകുകയെന്നത് അനിവാര്യമാണ്. എന്നാൽ ഇത്തരമൊരു മുന്നൊരുക്കം ഉണ്ടായിട്ടില്ല.

പുതിയ നയം മുന്നോട്ടുവയ്ക്കുമ്പോൾ കഴിഞ്ഞ കാലങ്ങളിൽ നടന്ന പ്രവർത്തനങ്ങളെ വിലയിരുത്തുകയും അവയുടെ ശക്തിദൗർബല്യങ്ങൾ പരിശോധിക്കുകയും വേണം. നേട്ടങ്ങളെ ഉറപ്പിച്ചുനിർത്തിയും ശ്രദ്ധിക്കേണ്ട മേഖലകളെ ഊന്നിപ്പറഞ്ഞുകൊണ്ടും ദൗർബല്യങ്ങൾ പരിഹരിച്ചുകൊണ്ടും മുന്നോട്ടു പോകുകയാണ് വേണ്ടത്. എന്നാൽ അത്തരമൊരു സമീപനം ഈ രേഖയിൽ എവിടെയും കാണാനില്ല എന്നതാണ് യാഥാർത്ഥ്യം.

നിലവിലുള്ള ജനാധിപത്യ സമൂഹത്തെ ശക്തിപ്പെടുത്താൻ സഹായിക്കുന്ന വിധം ഭരണഘടനാ മൂല്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ അഭിപ്രായരൂപീകരണം നടത്താൻ സഹായകമാകുന്ന ഒന്നായിരിക്കണം വിദ്യാഭ്യാസ രംഗം. മതനിരപേക്ഷ, ജനാധിപത്യ, ഫെഡറൽ സമീപനങ്ങളെ ശക്തിപ്പെടുത്തുന്നതായിരിക്കണം അതിന്റെ കാഴ്ചപ്പാടുകൾ.

ഇന്ത്യൻ ഭരണഘടനയുടെയും അതിന്റെ സത്തയെയും ഉൾക്കൊള്ളുന്ന കാഴ്ചപ്പാടുകളിൽ നിന്ന് മാറിനിൽക്കുന്ന സമീപനമാണ് രേഖ മുന്നോട്ടുവയ്ക്കുന്നതെന്ന വിമർശനം പൊതുമണ്ഡലത്തിൽ ശക്തമായിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് എല്ലാ അധികാരങ്ങളും കേന്ദ്രസർക്കാരിൽ കേന്ദ്രീകരിക്കുന്നവിധമാണ് നയരേഖയുടെ കരട് നിർദ്ദേശങ്ങൾ. വിദ്യാഭ്യാസം 42-ാം ഭരണഘടനാ ഭേദഗതിപ്രകാരം കൺകറന്റ് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഈ മേഖലയിൽ ഒട്ടനവധി അധികാരങ്ങളുണ്ട്. ഈ സാധ്യതകൾ പ്രയോജനപ്പെടുത്തിയാണ് ഓരോ സംസ്ഥാനവും അവരവരുടെ വിദ്യാഭ്യാസ സമീപനങ്ങളും പരിപാടികളും ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഇങ്ങനെയുള്ള ഒരു സാഹചര്യം ലഭിച്ചതുകൊണ്ടാണ് വിദ്യാഭ്യാസരംഗത്ത് നമുക്ക് നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞത്. വൈവിധ്യങ്ങളാൽ സമ്പന്നമായ നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസരംഗത്ത് എല്ലാ കാര്യങ്ങളും കേന്ദ്രീകൃതമാകുന്നത് ഭരണഘടനയുടെ സത്തയ്ക്ക് എതിരാണ്. പാഠപുസ്തകങ്ങൾപോലും കേന്ദ്രീകൃതമാകണം എന്ന നിർദ്ദേശം ആധുനിക വിദ്യാഭ്യാസ സിദ്ധാന്തങ്ങളോട് ഒത്തുപോകുന്നതല്ലെന്ന് മാത്രവുമല്ല ഇന്ത്യയുടെ ബഹുസ്വരതയെ ഉൾക്കൊള്ളുന്നതിന് വിഘാതമാകുന്ന തരത്തിലുള്ളതുമാണ്.

വിദ്യാഭ്യാസരംഗത്തെ ഏറ്റവും ഉയർന്ന ദേശീയ സമിതിയായ കാബ് - നെ ഇല്ലാതാക്കി പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ള രാഷ്ട്രീയ ശിക്ഷാ ആയോഗ് അമിത കേന്ദ്രീകരണത്തിന് വഴിവയ്ക്കുന്ന നടപടിയാണ്. കാബ്-ൽ എല്ലാ സംസ്ഥാനങ്ങൾക്കും ഉപദേശക സ്വഭാവമുള്ള പ്രാതിനിധ്യമുണ്ട്. അതിനുപകരം പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ഒരു നിശ്ചിത എണ്ണം അംഗങ്ങളുമായി രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ള രാഷ്ട്രീയ ശിക്ഷാ ആയോഗ് വിദ്യാഭ്യാസരംഗത്തെ നയങ്ങളും പ്രവർത്തന പദ്ധതികളും രൂപം നൽകാനും വിലയിരുത്താനും മറ്റുമുള്ള എല്ലാ അധികാരങ്ങളുമുള്ള സമിതിയാണ്. ഈ സമിതിയാണ് ബഹുമുഖമായി നടത്തേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏകമുഖമാക്കുന്നത്. മാത്രവുമല്ല രാഷ്ട്രീയ ശിക്ഷാ ആയോഗിൽ എല്ലാ സംസ്ഥാനങ്ങളുടെയും അഭിപ്രായം രേഖപ്പെടുത്താനുള്ള അവസരവുമില്ല. വൈവിധ്യപൂർണ്ണമായ നമ്മുടെ രാജ്യത്ത് വിവിധ സംസ്ഥാനങ്ങളുടെ അഭിപ്രായം രേഖപ്പെടുത്താനുള്ള അവസരം നിഷേധിക്കുന്നത് ഫെഡറലിസം എന്ന നിലപാടിൽ നിന്നുള്ള പിൻവാങ്ങലാണ്. അതിനാൽ 'രാഷ്ട്രീയ ശിക്ഷാ ആയോഗ് എന്ന കരട് നയരേഖയിലെ നിർദ്ദേശം പിൻവലിക്കപ്പെടേണ്ടതാണ്.

ഇന്ത്യയിലെ 6 വയസ്സിനും 14 വയസ്സിനും ഇടയിലുള്ള മുഴുവൻ കുട്ടികളുടെയും വിദ്യാഭ്യാസം എന്ന അവകാശം ഉറപ്പുവരുത്തുന്നതിന് വേണ്ടിയാണ് സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസത്തിനായുള്ള 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം പാർലമെന്റ് അംഗീകരിച്ചത്. ഇതുപ്രകാരം സ്കൂൾ എന്നതും ഓരോ സ്കൂളിലുമൊരുക്കേണ്ട ചുരുങ്ങിയ സൗകര്യങ്ങളും നിർവ്വചിച്ചിട്ടുണ്ട്. ഈ നയരേഖയിൽ സ്കൂളുകൾ എന്നതിന് ബദൽ മാതൃകകളായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളവയെല്ലാം 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ നിന്നുള്ള പിൻമാറ്റമാണ്. മാത്രവുമല്ല ഇത്തരം പഴുതുകൾ വിദ്യാഭ്യാസത്തെ സ്വകാര്യവത്ക്കരിക്കുകയും കച്ചവടവത്ക്കരിക്കുകയും ചെയ്യുന്ന ശക്തികളെ പ്രോത്സാഹിപ്പിക്കുന്നതാണ്. വിദ്യാഭ്യാസരംഗത്തെ വൻതോതിലുള്ള സ്വകാര്യ വത്ക്കരണത്തിനും കച്ചവടവത്ക്കരണത്തിനും ഇടനൽകുന്ന ഈ നിർദ്ദേശം പിൻവലിച്ച് 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ വിഭാവനം ചെയ്തവിധം സ്കൂൾ വിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്ന, പഠിക്കാനുള്ള അവകാശം 18 വയസ്സുവരെയുള്ള കുട്ടികൾക്ക് ലഭ്യമാകുംവിധം 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം വിപുലീകരിക്കുകയാണ് വേണ്ടത്.

കോത്താരി കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിലുള്ള സ്കൂൾ ഘടനയാണ് ഇന്ന് നിലനിൽക്കുന്നത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ അവിടങ്ങളിലെ സാധ്യതയ്ക്കനുസരിച്ചാണ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ അക്കാദമിക ഘടന. അത് ഏകപക്ഷീയമായി രാജ്യത്തെമ്പാടും ഒറ്റഘടനയാക്കി മാറ്റുന്നത് അശാസ്ത്രീയമാണ്. ആയതിനാൽ ഫെഡറൽ തത്വങ്ങളെ മാനിച്ചുകൊണ്ട് സ്കൂൾ വിദ്യാഭ്യാസത്തിലെ അക്കാദമിക ഘടന തീരുമാനിക്കാനുള്ള അവകാശം അതത് സംസ്ഥാനങ്ങൾക്കുണ്ടാകണം.

ഉന്നത വിദ്യാഭ്യാസരംഗത്ത് വരുത്താൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ കേരളം പോലുള്ള സംസ്ഥാനത്ത് നിലവിലിരിക്കുന്ന വ്യവസ്ഥകളുടെ സമഗ്രമായ മാറ്റത്തിലേയ്ക്ക് വഴിതെളിക്കും. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെമേലുള്ള ജനാധിപത്യകരമായ നിയന്ത്രണങ്ങൾ ഇല്ലാതാകുന്ന സാഹചര്യം ഉണ്ടാകുമെന്ന ആശങ്ക നിലനിൽക്കുന്നുണ്ട്. അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകളിലും ഇന്നത്തെ നിലയിൽനിന്നും പിന്നോട്ടുപോക്കുണ്ടാകാൻ പാടില്ലാത്തതാണ്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിന്റെ കാര്യത്തിലും സംസ്ഥാന സവിശേഷതകൾ അവഗണിക്കുന്ന വ്യവസ്ഥകൾ ഒഴിവാക്കേണ്ടതാണ്.

ഉന്നതവിദ്യാഭ്യാസരംഗത്ത് ഓരോ സംസ്ഥാനങ്ങളിലും പ്രത്യേകമായി നിലനിൽക്കുന്ന സാഹചര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ധനവിനിയോഗ രീതി പിന്തുടരുന്നതിനുള്ള സുസ്ഥിര നിർദ്ദേശങ്ങൾ ദേശീയ വിദ്യാഭ്യാസ നയത്തിൽ ഉണ്ടാകേണ്ടതുണ്ട്. ഇത്തരം ഒരു നിലപാട് കരട് നയത്തിൽ ഉണ്ടായതായി കാണുന്നില്ല.

കരട് നയത്തിൽ നിർദ്ദേശിച്ചിട്ടുള്ള നാഷണൽ റിസർച്ച് ഫൗണ്ടേഷൻ എന്ന കേന്ദ്രീകൃത സംവിധാനം ഗവേഷകരുടെ വിഷയം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെപ്പോലും ഇല്ലാതാക്കി മാറ്റുന്നതിന് കാരണമാകും. സംസ്ഥാന സർവ്വകലാശാലകളിൽ നടക്കുന്ന ഗവേഷണ പദ്ധതികളെ ഈ സംവിധാനം പരിമിതപ്പെടുത്തിയേക്കുമെന്നത് അഭികാമ്യമല്ലാത്ത ഒരു സ്ഥിതിവിശേഷം സൃഷ്ടിക്കും. ഉന്നത വിദ്യാഭ്യാസ മേഖലയിൽ വികാസം, മികവ്, സമത്വം എന്നിവ ഉറപ്പുവരുത്താനും ബഹുവൈജ്ഞാനിക തലത്തിൽ അദ്ധ്യാപനത്തിനും ഗവേഷണത്തിനുമുള്ള സംവിധാനങ്ങൾ ഒരുക്കുവാനും പദ്ധതി ഉണ്ടാകണം. ഈ ദിശയിലുള്ള നിർദ്ദേശങ്ങൾ കരട് നയരേഖയിൽ കാണുന്നില്ല.

വിദ്യാഭ്യാസരംഗത്തെ കേന്ദ്രീകരണശ്രമങ്ങൾ വിദ്യാഭ്യാസത്തെ വാണിജ്യവത്ക്കരിക്കുന്നതിനും വർഗ്ഗീയവത്ക്കരിക്കുന്നതിനും വഴിതുറക്കുന്നതുവഴി ബഹുഭൂരിപക്ഷം വരുന്ന വിദ്യാർത്ഥികൾക്കും ഇന്ത്യൻ ഭരണഘടന മുന്നോട്ടു വച്ചിട്ടുള്ള ജനാധിപത്യ, മതനിരപേക്ഷ, സോഷ്യലിസ്റ്റ് മൂല്യങ്ങളും നിലപാടുകളും രൂപപ്പെടുത്താനുള്ള വിദ്യാഭ്യാസ അന്തരീക്ഷവും അവകാശവും നിഷേധിക്കപ്പെടാൻ ഇടയാക്കുമെന്നതിനാൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഇന്ത്യയിലെ മുഴുവൻ വിദ്യാർത്ഥികളുടെയും അവകാശമാക്കി മാറ്റാനും ജനാധിപത്യ മതനിരപേക്ഷ വിദ്യാഭ്യാസം ഉറപ്പാക്കാനും കഴിയുംവിധം ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ഫെഡറൽ നിലപാട് ഊട്ടിയുറപ്പിക്കുന്ന വിദ്യാഭ്യാസ നയമാണ് രാജ്യത്തിനാവശ്യം.

"ഈ സാഹചര്യത്തിൽ രാജ്യതാൽപ്പര്യം മുൻനിർത്തി എല്ലാ സംസ്ഥാന സർക്കാരുകളുമായും വിദ്യാഭ്യാസ വിചക്ഷണന്മാരുമായും കൂടുതൽ കൂടിയാലോചനകളും ചർച്ചകളും നടത്തിവേണം ദേശീയ വിദ്യാഭ്യാസ നയരേഖ അന്തിമരേഖയാക്കി അംഗീകരിക്കേണ്ടതെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു."

ഗതാഗത വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ശശീന്ദ്രൻ):</u> സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി.സ്പീക്കർ:</u> ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## VII ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

(നോട്ടീസ് നൽകിയ അംഗം ശ്രീ. അനൂപ് ജേക്കബ് സീറ്റിലില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല.)

## VIII സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

ശ്രീ. എസ്. ശർമ്മയ്ക്കുവേണ്ടി ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായുള്ള അഡ്ഹോക് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2019 നവംബർ 21-ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ശ്രീ. എസ്. ശർമ്മയ്ക്കുവേണ്ടി ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## IX റിപ്പോർട്ടുകളുടെ സമർപ്പണം

1. സംസ്ഥാനത്തെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ചും ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാ പ്രശ്നങ്ങൾ /രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ\ സംബന്ധിച്ചുമുള്ള സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ടുകൾ.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, സംസ്ഥാനത്തെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ചും ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാപ്രശ്നങ്ങൾ/ രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ചുമുള്ള സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ടുകൾ സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2. സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായുള്ള അഡ്ഹോക് കമ്മിറ്റി റിപ്പോർട്ട്

ശ്രീ. എസ്. ശർമ്മയ്ക്കുവേണ്ടി ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായുള്ള അഡ്ഹോക് കമ്മിറ്റിയുടെ റിപ്പോർട്ടുകൾ സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

3. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാല്പത്തിരണ്ട് മുതൽ നാല്പത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാല്പത്തിരണ്ട് മുതൽ നാല്പത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## X നിയമനിർമ്മാണകാര്യം

### സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (i) 2018-ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ പരിഗണയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി(ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പും ഭേദഗതികളും അവതരിപ്പിക്കേണ്ട അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 255, 293 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

255. ഖണ്ഡം 2(എഫ്)-ൽ "കൈവരിക്കുന്നതിനുവേണ്ടി" എന്ന വാക്കിനു പകരം "കൈവരിക്കുന്നതിനു വേണ്ടി" എന്നീ വാക്കുകൾ ചേർക്കുക.

293. ഖണ്ഡം 2(പി)-ൽ "സംവിധാനം" എന്നതിനു ശേഷം "ഫലപ്രദമായി" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 255, 293 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 299-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

299. ഖണ്ഡം 3(1)-ൽ,

(i) "ഔദ്യോഗിക " എന്ന വാക്ക് ഒഴിവാക്കുക.

(ii) "കീഴിൽവരുന്ന" എന്നതിനു പകരം "കീഴിൽ വരുന്ന" എന്ന് ചേർക്കുക.

(iii) "ഒരു അതോറിറ്റി" എന്നതിനു പകരം "ഒരോ അതോറിറ്റികൾ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 299-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 459-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

459. ഖണ്ഡം 5(2)-ൽ "കഴിയാതെ വരുന്ന സംഗതിയിൽ" എന്നതിനു പകരം "കഴിയാത്ത സാഹചര്യത്തിൽ" എന്നാക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 459-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 676-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

676. ഖണ്ഡം (7)-ന്റെ ക്ലിപ്തനിബന്ധനയിൽ, "വൈസ്ചെയർപേഴ്സണോ" എന്നതിന് പകരം "വൈസ് ചെയർപേഴ്സണോ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 676-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 692-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

692.ഖണ്ഡം 8(4)-ൽ "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കും മറ്റ് " എന്ന വാക്കുകൾ ഒഴിവാക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 692-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

792. ഖണ്ഡം 9(7)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(8) രണ്ടോ അതിൽ അധികമോ അതോറിറ്റികൾക്ക് ബാധകമാകുന്ന കാര്യങ്ങൾ ചർച്ച ചെയ്യുകയും പൊതുതീരുമാനം കൈക്കൊള്ളുകയും ചെയ്യേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്ന പക്ഷം സർക്കാരിന് അങ്ങനെയുള്ള അതോറിറ്റികളുടെ കൂട്ടായ യോഗം വിളിച്ചു ചേർക്കുന്നതിന് ഏതൊരു അതോറിറ്റിക്കും നിർദ്ദേശം നൽകാവുന്നതും അങ്ങനെയുള്ള യോഗത്തിൽ അതോറിറ്റികളുടെ ചെയർപേഴ്സൺ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്. അതോറിറ്റികളുടെ കൂട്ടായ യോഗം ചേരുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ, യോഗത്തിനാവശ്യമായ ക്വാറം എന്നിവ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്".

850-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

850. ഖണ്ഡം 9(4)-ൽ "ഭൂരിപക്ഷത്തിൽ"എന്ന വാക്കിനു പകരം "ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 792, 850 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

11.00 AM

പത്താം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 919, 942, 946, 947, 971, 1002 എന്നീ നമ്പർ ഭേദഗതികൾ ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

919. ഖണ്ഡം 10(1)-ൽ "നിയമിക്കാവുന്നതും" എന്ന വാക്കിന് പകരം "രൂപീകരിക്കാവുന്നതും" എന്നത് ചേർക്കുക.

942. ഖണ്ഡം 10(2)-ൽ " ആവശ്യമായി വരുന്ന പ്രകാരം" എന്നീ വാക്കുകൾക്ക് പകരം " ആവശ്യമെങ്കിൽ" എന്ന വാക്ക് ചേർക്കുക.

946. ഖണ്ഡം 10(2)-ൽ " പ്രകാരം" എന്ന വാക്കിന് ശേഷം " വിദഗ്ദ്ധനേയോ" എന്ന വാക്ക് ചേർക്കുക.

947. ഖണ്ഡം 10(2)-ൽ "ഉദ്ദേശ്യങ്ങളുമായി" എന്ന വാക്കിനു പകരം "ഉദ്ദേശലക്ഷ്യങ്ങളുമായി" എന്ന വാക്ക് ചേർക്കുക.

971. ഖണ്ഡം 10(3)-ൽ "പ്രകാരമുള്ള" എന്ന വാക്കിനു ശേഷം "നിരക്കിൽ" എന്ന വാക്ക് ചേർക്കുക.

1002. ഖണ്ഡം 10(5)-ൽ " മറ്റെല്ലാകാര്യങ്ങളും" എന്ന വാക്കിന് പകരം " മറ്റെല്ലാക്കാര്യങ്ങളിലും" എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 1044, 1055 എന്നീ നമ്പർ ഭേദഗതികൾ ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

1044. ഖണ്ഡം 11(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഗസറ്റ് " എന്നതിനു മുൻപ് "ഔദ്യോഗിക" എന്ന വാക്ക് ചേർക്കുക.

1055. ഖണ്ഡം 11(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "കൂട്ടിച്ചേർക്കുകയോ" എന്ന വാക്കിനു ശേഷം "ഒഴിവാക്കുകയോ" എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പന്ത്രണ്ടാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 1141, 1199 എന്നീ നമ്പർ ഭേദഗതികൾ ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

1141.ഖണ്ഡം 12(1)(സി)-ൽ "ധനരൂപീകരണം" എന്ന വാക്കിനു പകരം "ധനസമാഹരണം" എന്ന വാക്ക് ചേർക്കുക.

1199. ഖണ്ഡം 12 (1)(ഒ)-ൽ "ചെയ്യുക" എന്ന വാക്കിനു പകരം "നടപടിക്ക് ശുപാർശയും ചെയ്യുക" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പതിമൂന്നാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 1240, 1248 എന്നീ നമ്പർ ഭേദഗതികൾ ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

1240. ഖണ്ഡം 13(2)-ൽ, "പരിഗണിച്ച ശേഷവും" എന്ന വാക്കിനു പകരം "പരിഗണിക്കുകയോ ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് പരിഗണിക്കാതിരിക്കുകയോ ചെയ്ത ശേഷം" എന്നീ വാക്കുകൾ ചേർക്കുക.

1248. ഖണ്ഡം 13(3)-ൽ "ആ പ്ലാൻ" എന്നതിനു പകരം "അങ്ങനെയുള്ള പ്ലാൻ" എന്നത് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനഞ്ചാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

1280. ഖണ്ഡം 15 (3)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്കിനു പകരം "അതോറിറ്റി നിശ്ചയിക്കുന്ന" എന്ന വാക്ക് ചേർക്കുക.

1284, 1293 എന്നീ നമ്പർ ഭേദഗതികൾ ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

1284. ഖണ്ഡം 15(1)-ൽ "ബന്ധപ്പെട്ട മറ്റാളുകൾ " എന്നതിനു ശേഷം ",സ്ഥാപനങ്ങൾ" എന്ന് ചേർക്കുക.

1293. ഖണ്ഡം 15(3)-ൽ "റിപ്പോർട്ടോ റിപ്പോർട്ടിന്റെ പകർപ്പോ" എന്നീ വാക്കുകൾക്ക് പകരം "റിപ്പോർട്ട് " എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 1307-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1307. ഖണ്ഡം 16(2)-ൽ

(i) "യൂസർചാർജ്ജ്" എന്നത് "യൂസർ ചാർജ്ജ്" എന്ന് മാറ്റുക.

(ii)"യൂസർചാർജ്ജുകളോ" എന്നത് "യൂസർ ചാർജ്ജുകളോ' എന്ന് മാറ്റുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതോകൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 1336, 1342 എന്നീ നമ്പർ ഭേദഗതികൾ ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

1336. ഖണ്ഡം 17 (ഐ) -ൽ "ഈ ആക്റ്റിനു കീഴിൽ" എന്നത് "ഈ ആക്റ്റിൻ കീഴിൽ" എന്നാക്കുക.

1342. ഖണ്ഡം 17 (കെ)-ൽ "ശിപാർശയോ" എന്ന വാക്കിന് പകരം "ശിപാർശകളോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1318. ഖണ്ഡം 17(ബി)-ൽ "വിലയ്ക്കു" എന്നതിനുപകരം "വിലയ്ക്കോ പാട്ടത്തിനോ" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 1318-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 1318-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനെട്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്തൊൻപതാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 1363-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1363. ഖണ്ഡം 19-ൽ "സർക്കാരിൽ നിന്നോ" എന്നതിനു ശേഷം "സർക്കാർ അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്നോ" എന്ന് ചേർക്കുക.

ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപതാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 1386-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1386. ഖണ്ഡം 23(1)-ൽ

(i)"പണം " എന്ന വാക്കിനുപകരം "തുക" എന്ന വാക്ക് ചേർക്കുക.

(ii) " ഓരോവർഷവും"എന്ന വാക്കിനു പകരം "ഓരോ വർഷവും" എന്നീ വാക്കുകൾ ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 1396-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1396. ഖണ്ഡം 24(2)-ൽ "ആവശ്യപ്പെടാത്തിടത്തോളം" എന്നതിനുശേഷം " ," എന്ന ചിഹ്നം ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 1412-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1412.ഖണ്ഡം 26 (1)-ൽ, "ആ റിപ്പോർട്ട്" എന്നതിനു പകരം "അങ്ങനെയുള്ള റിപ്പോർട്ട്" എന്നത് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 1421-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1421. ഖണ്ഡം 27-ൽ

1. "സംസ്ഥാന" എന്ന വാക്ക് വരുന്നിടത്തു നിന്നെല്ലാം ആയത് ഒഴിവാക്കുക.
2. "നൽകേണ്ടതാണ്" എന്നതിനു പകരം "സമർപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 1429-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1429. ഖണ്ഡം 28(1)-ൽ

1. "പാലിക്കുവാൻ" എന്ന വാക്കിനു പകരം "പാലിക്കുന്നതിൽ" എന്ന വാക്ക് ചേർക്കുക.
2. "പതിനായിരം" എന്നതിനു പകരം "ഇരുപത്തി അയ്യായിരം" എന്ന് ചേർക്കുക.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1437. ഖണ്ഡം 28(2)-ൽ "കുറ്റസ്ഥാപനത്തിന്മേൽ" എന്നതിന് പകരം "കുറ്റം തെളിയിക്കപ്പെട്ടാൽ" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ശ്രീ. സി. കെ. ശശീന്ദ്രൻ അവതരിപ്പിച്ച 1437-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>:. ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. സി. കെ. ശശീന്ദ്രൻ അവതരിപ്പിച്ച 1437-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിയൊമ്പതാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

ഇരുപത്തിഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പതാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 1456-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1456. ഖണ്ഡം 32(1)-ൽ "ചട്ടങ്ങളുടെയോ റഗുലേഷനുകളുടെയോ" എന്നീ വാക്കുകൾക്കു പകരം "ചട്ടങ്ങളിലെയോ, റഗുലേഷനുകളിലെയോ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

<u>മി. സ്പീക്കർ</u>: മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിനാലാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിയഞ്ചാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

<u>മി. സ്പീക്കർ</u>: മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിയാറാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

<u>മി. സ്പീക്കർ</u>: മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയെട്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയൊൻപതാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## നാൽപ്പതാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 1503, 1504, 1507 എന്നീ നമ്പർ ഭേദഗതികൾ ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

1503. ഖണ്ഡം 40 (2) (ii)-ൽ "ജില്ലയ്ക്കുവേണ്ടി " എന്നതിന് പകരം "ജില്ലയ്ക്ക് വേണ്ടി" എന്ന് ചേർക്കുക.

1504. ഖണ്ഡം 40 (2) (ii)-ൽ, "കമ്മിറ്റിക്ക് ' ' എന്നവാക്കിന്പകരം' സമിതിക്ക് " എന്ന വാക്ക് ചേർക്കുക.

1507. ഖണ്ഡം 40 (3)-ൽ "വികസനങ്ങൾ" എന്നതിനു പകരം" വികസന പ്രവർത്തനങ്ങൾ" എന്നത് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## നാൽപ്പത്തിയൊന്നാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 1514-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1514. ഖണ്ഡം 41-ൽ "അപേക്ഷിക്കാവുന്നതാണ്" എന്നതിനുപകരം "ആവശ്യപ്പെടാവുന്നതാണ്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>നാൽപ്പത്തിരണ്ടാം വകുപ്പ്</u>

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, 1518-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1518. ഖണ്ഡം 42(1)-ൽ "ഇല്ലാതെയോ ഫയൽ ചെയ്യാൻ പാടുള്ളതല്ല" എന്നതിനുപകരം "ഇല്ലാതെയും ഫയൽചെയ്യാൻ പാടുള്ളതല്ല" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>നാൽപ്പത്തിമൂന്നാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: നാൽപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

നാൽപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാൽപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിനാലാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

1527.ഖണ്ഡം 44(2)-ൽ

(i) ഇനം (സി)-ക്ക് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

" (ഡി)അതോറിറ്റികളുടെ കൂട്ടായ യോഗം ചേരുന്നത് സംബന്ധിച്ചുള്ളനടപടിക്രമങ്ങളും യോഗത്തിന് ആവശ്യമായ ക്വാറവും;"

(ii) "നിലവിലുള്ള ഇനം (ഡി), (ഇ) എന്നിവ യഥാക്രമം ഇനം (ഇ) (എഫ്) ആയി പുനരക്ഷരം ചെയ്യുക" .

(iii) നിലവിലുള്ള ഇനം (എഫ്) ഒഴിവാക്കുക.

(iv) നിലവിലുള്ള ഇനം (എച്ച്) താഴെപ്പറയും പ്രകാരം മാറ്റുക.

" (എച്ച്) 18-ാം വകുപ്പിന്റെ, (2)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരം അർബൻ മൊബിലിറ്റി പ്രദേശത്ത് നിന്നും സമാഹരിക്കാവുന്ന യൂസർ ഫീസുകളും അല്ലെങ്കിൽ ചാർജ്ജുകളും, (3)-ാം ഉപവകുപ്പ് പ്രകാരം നിധിയിലേക്ക് തുക അടയ്ക്കുന്നതിനും അതിൽ നിന്നും തുക ഉപയോഗിക്കുന്നതിനും ഉള്ള രീതിയും വ്യവസ്ഥകളും;"

1529, 1535, 1538, 1540 എന്നീ നമ്പർ ഭേദഗതികൾ ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

1529. ഖണ്ഡം 44(1)-ൽ "വിജ്ഞാപനംവഴി" എന്ന വാക്കിന് പകരം "വിജ്ഞാപനം വഴി" എന്നീ വാക്കുകൾ ചേർക്കുക.

1535. ഖണ്ഡം 44(2)(ജി)-ൽ "വകുപ്പു പ്രകാരമുള്ള" എന്നതിന് പകരം "വകുപ്പ് പ്രകാരമുള്ള" എന്നത് ചേർക്കുക.

1538. ഖണ്ഡം 44(2)(ഐ)-ൽ "വകുപ്പുപ്രകാരം" എന്നതിന് പകരം "വകുപ്പ് പ്രകാരം" എന്നത് ചേർക്കുക.

1540. ഖണ്ഡം 44(2)(ജെ)-ൽ "വകുപ്പുപ്രകാരമുള്ള" എന്നതിന് പകരം " വകുപ്പ് പ്രകാരമുള്ള " എന്നത് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിയഞ്ചാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1541. ഖണ്ഡം 45 (എ)-ൽ, "തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും പൊതുവായ ഭരണനിർവ്വഹണത്തിനുമുള്ള നടപടിക്രമങ്ങളും" എന്നീ വാക്കുകൾക്ക് പകരം "പൊതുവായ ഭരണനിർവ്വഹണ കാര്യങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

1544, 1545, 1549, 1550, 1551, 1553 എന്നീ നമ്പർ ഭേദഗതികൾ ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

1544. ഖണ്ഡം 45-ൽ " അനുവാദത്തോടുകൂടി" എന്ന വാക്കിന് പകരം " അംഗീകാരത്തോടുകൂടി" എന്ന വാക്ക് ചേർക്കുക. :

1545. ഖണ്ഡം 45-ൽ " പൊരുത്തപ്പെട്ടുകൊണ്ടും" എന്ന വാക്കിന് പകരം " വിരുദ്ധമല്ലാത്തവിധം" എന്ന വാക്ക് ചേർക്കുക.

1549. ഖണ്ഡം 45(എ)-ൽ " വകുപ്പുപ്രകാരം" എന്നതിന് പകരം " വകുപ്പ് പ്രകാരം" എന്നത് ചേർക്കുക.

1550. ഖണ്ഡം 45(ബി)-ൽ " വകുപ്പുപ്രകാരം" എന്നതിന് പകരം " വകുപ്പ് പ്രകാരം" എന്നത് ചേർക്കുക.

1551. ഖണ്ഡം 45(സി)-ൽ " വകുപ്പുപ്രകാരം" എന്നതിന് പകരം " വകുപ്പ് പ്രകാരം" എന്നത് ചേർക്കുക.

1553. ഖണ്ഡം 45(ഇ)-ൽ " വകുപ്പുപ്രകാരം" എന്നതിന് പകരം " വകുപ്പ് പ്രകാരം" എന്നത് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിയാറാം വകുപ്പ്

ഗതാഗത വകുപ്പുമന്ത്രി(ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 1557, 1562 എന്നീ നമ്പർ ഭേദഗതികൾ ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

1557. ഖണ്ഡം 46-ൽ "അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ" എന്നതിനു ശേഷം "അപ്രകാരമുള്ള" എന്ന വാക്കു ചേർക്കുക.

1562. ഖണ്ഡം 46-ൽ "മുമ്പ്" എന്ന വാക്കിനു പകരം "മുൻപ്" എന്ന വാക്കു ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>നാല്പത്തിയേഴാം വകുപ്പ്</u>

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, 1564-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1564. ഖണ്ഡം 47(2)-ൽ "വിഷയം" എന്ന വാക്കിനു പകരം "തർക്കം" എന്ന വാക്കു ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>നാല്പത്തിയെട്ടാം വകുപ്പ്</u>

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, 1566-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1566.ഖണ്ഡം 48(1)-ൽ "ഗസറ്റിൽ" എന്നതിനു പകരം "ഔദ്യോഗിക ഗസറ്റിൽ" എന്നു ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക I</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: പട്ടിക I ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

പട്ടിക I ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക I ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക II</u>

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, 1582-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1582.ഖണ്ഡം 2 (പി) യുടെ പട്ടിക II-ന്റെ ഇനം 4-ൽ "സംയോജനത്തിനും" എന്ന വാക്കിനു ശേഷം "മേൽനോട്ടത്തിനും" എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പട്ടിക II ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള പട്ടിക II ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക II ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 166, 181 എന്നീ നമ്പർ ഭേദഗതികൾ ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

166. പീഠികയിൽ "രൂപീകരിക്കുന്നതിലേക്ക്" എന്ന വാക്കിനു പകരം "രൂപീകരിക്കുന്നതിന്" എന്ന വാക്ക് ചേർക്കുക.

181. തത്വ പ്രഖ്യാപന വാക്യത്തിൽ "ഇനിപറയും" എന്നതിനു പകരം "ഇനിപ്പറയും" എന്നത് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## (ii) 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല. ചർച്ചയില്ല.)

മി. സ്പീക്കർ: സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടാം വകുപ്പ്</u>

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, 188, 206(ii), 210, 222 എന്നീ നമ്പർ ഭേദഗതികളും 287, 302, 207 എന്നീ നമ്പർ ഭേദഗതികൾ താഴെപ്പറയുന്ന ഭേദഗതികളോടെയും ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു:

188. ഖണ്ഡം 2(എ)-ൽ "ചിപ്പി" എന്നതിനുശേഷം "കക്ക" എന്ന് ചേർക്കുക.

206. ഖണ്ഡം 2 (ഇ) (i) -ൽ ii. "അവിവാഹിതരായ പെൺമക്കൾ" എന്നീ വാക്കുകൾക്ക് പകരം "അവിവാഹിതരോ, വിധവകളോ, വിവാഹ മോചിതരോ ആയ പെൺമക്കൾ" എന്നീ വാക്കുകൾ ചേർക്കുക.

302. ഖണ്ഡം 2(എം)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക:

"നിലവിലുള്ള (കെ), (എൽ), (എം) എന്നീ ഇനങ്ങൾ യഥാക്രമം (എൽ), (എം), (എൻ) എന്നീ ഇനങ്ങളായി പുനരക്ഷരം ചെയ്യേണ്ടതും അപ്രകാരം പുനരക്ഷരം ചെയ്ത (എൽ) ഇനത്തിനുമുമ്പായി താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതുമാണ്, അതായത്-

"(കെ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം എന്നർത്ഥമാകുന്നു;"

207. ഖണ്ഡം 2 (ഇ) (i)-ൽ " മാനസിക വളർച്ച പ്രാപിക്കാത്തതോ" ശാരീരിക വൈകല്യമുള്ളതോ" എന്ന വാക്കുകൾക്കുപകരം "ഭിന്നശേഷിക്കാരായതോ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

210. ഖണ്ഡം 2 (ഇ) (i)-ൽ "അവിവാഹിതരായ" എന്ന വാക്കിനു മുൻപ് "ദത്തെടുത്ത കുട്ടികൾ" എന്ന വാക്കുകൾ ചേർക്കുക.

222. ഖണ്ഡം 2(ഇ)(ii)-ൽ "അച്ഛനും അമ്മയും" എന്നതിനു പകരം "മാതാപിതാക്കൾ" എന്ന് ചേർക്കുക.

287. ഖണ്ഡം 2(ഐ)-ൽ "60" എന്ന അക്കങ്ങൾക്കു പകരം "അറുപത്" എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മൂന്നാം വകുപ്പ്</u>

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

926. (1) ഖണ്ഡം 3(5)-ൽ

(i) ഇനം(സി)-ൽ "അംശദായം അടച്ച വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി പദ്ധതിയിൽ നിർദ്ദേശിക്കപ്പെടാവുന്ന അങ്ങിനെയുള്ള" എന്ന വാക്കുകൾക്ക് പകരം "അടച്ച അംശദായത്തിന്റെയും ഒടുക്കിയ വർഷത്തിന്റെയും അടിസ്ഥാനത്തിൽ പദ്ധതിപ്രകാരം നിശ്ചയിക്കുന്ന" എന്ന വാക്കുകൾ ചേർക്കുക.

(ii) ഇനം (എഫ്) താഴെപ്പറയും പ്രകാരം മാറ്റുക:

"(എഫ്) അംഗങ്ങളുടെ ചികിത്സാ ധനസഹായത്തിനും വനിതാ അംഗങ്ങൾക്ക് പ്രസവ സംബന്ധമായ ആനുകൂല്യങ്ങൾ നൽകുന്നതിനും, വനിതാ അംഗങ്ങളുടെയോ അംഗത്തിന്റെ പെൺമക്കളുടെയോ വിവാഹ ധനസഹായത്തിനും അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസ ധനസഹായത്തിനും"

(iii) ഇനം (എച്ച്) താഴെപ്പറയുംപ്രകാരം മാറ്റുക:

"(എച്ച്) അംഗങ്ങൾക്കുണ്ടാകുന്ന അപകടവും മരണവും, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന അപകടവും മരണവും, വന്യജീവികളുടെ ആക്രമണം

മൂലമുണ്ടാകുന്ന മരണവും ശാരീരിക അവശതകളും പലവിധത്തിലുള്ള വിഷബാധകളും ഉൾപ്പെടെയുള്ള കഷ്ടനഷ്ടങ്ങൾക്ക്, അംഗങ്ങൾക്കോ കുടുംബത്തിലെ അംഗങ്ങൾക്കോ, അതതു സംഗതിപോലെ, നഷ്ടപരിഹാരം നൽകുന്നതിന് "

(iv) ഇനം (എച്ച്)-ന് ശേഷം (ഐ) ആയി താഴെപ്പറയുന്ന ഇനം ചേർക്കുകയും ശേഷിക്കുന്നത് പുനരക്ഷരം ചെയ്യുകയും ചെയ്യുക:

"(ഐ) നിധിയിലേയ്ക്ക് അംശദായം അടയ്ക്കുകയും അഞ്ച് വർഷം പൂർത്തിയായില്ല എന്ന കാരണത്താൽ ആനുകൂല്യങ്ങൾക്ക് അർഹത ഇല്ലാത്തവർക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ളതും നിർണ്ണയിക്കപ്പെടാവുന്ന നിരക്കിലുള്ളതുമായ തുക തിരികെ നൽകുന്നതിന്".

(2) ഖണ്ഡം 3(7)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(8) സർക്കാരിന്, വിജ്ഞാപനം വഴി, ഈ വകുപ്പിൻകീഴിൽ ആവിഷ്കരിക്കുന്ന പദ്ധതി, മുൻകാല പ്രാബല്യത്തോട് കൂടിയോ, പിൽക്കാല പ്രാബല്യത്തോട് കൂടിയോ എന്തെങ്കിലും കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(3) ഖണ്ഡം 3-ൽ ഉപഖണ്ഡം (8)-നെ (9) ഉപഖണ്ഡമായി പുനരക്കം ചെയ്യുകയും അപ്രകാരം പുനരക്കം ചെയ്ത (9)-ാം ഉപഖണ്ഡത്തിൽ "(1)-ാം ഉപവകുപ്പ് പ്രകാരം" എന്ന വാക്കുകൾക്കും അക്കത്തിനും ചിഹ്നങ്ങൾക്കും പകരം "ഈ വകുപ്പ് പ്രകാരം" എന്ന വാക്കുകൾ ചേർക്കുകയും ചെയ്യുക.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ ): 303, 304(ii), 340, 331, 338, 332, 337, 341, 398, 406, 360, 397, 422, 435 എന്നീ നമ്പർ ഭേദഗതികളും 409-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതികളോടെയും ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

303. ഖണ്ഡം 3 ന്റെ മാർജിനൽ ശീർഷകത്തിൽ "കേരള കർഷകക്ഷേമനിധി" എന്നത് "കേരള കർഷക ക്ഷേമനിധി" എന്നാക്കുക.

304. ഖണ്ഡം 3(1)-ൽ

ii)" കേരളകർഷക ക്ഷേമനിധി പദ്ധതി" എന്നത് " കേരള കർഷക ക്ഷേമനിധി പദ്ധതി" എന്ന് ചേർക്കുക.

340. ഖണ്ഡം 3(3)(v)-ൽ "വർഷംതോറും" എന്നതിനു പകരം "വർഷം തോറും" എന്ന് ചേർക്കുക

331. ഖണ്ഡം 3(3)(iii)-ൽ "ബാങ്കിലുള്ള" എന്ന വാക്കിനു പകരം "ബാങ്ക് അക്കൗണ്ടിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

338. ഖണ്ഡം 3(3)(iv)-ൽ "കോർപറേറ്റ്" എന്ന വാക്കിനു പകരം "കോർപ്പറേറ്റ്" എന്ന വാക്ക് ചേർക്കുക.

332. ഖണ്ഡം 3(3)(iv)-ൽ "സംസ്ഥാന സർക്കാരോ" എന്നതിനു ശേഷം "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ" എന്ന് ചേർക്കുക.

337. ഖണ്ഡം 3(3)(iv)-ൽ "സ്ഥാപനങ്ങളോ" എന്നതിനു ശേഷം "സംഘടനകളോ" എന്ന് ചേർക്കുക.

341. ഖണ്ഡം 3(3)(v)-ൽ "നല്കുന്ന" എന്ന വാക്കിനു പകരം "നൽകുന്ന" എന്ന വാക്ക് ചേർക്കുക.

398. ഖണ്ഡം 3(5) (സി)-ൽ "അഞ്ചു" എന്ന വാക്കിനു പകരം "അഞ്ച്" എന്ന വാക്കു ചേർക്കുക.

406. ഖണ്ഡം 3(5)(സി)-ൽ "നല്കുന്നതിന്" എന്ന വാക്കിനു പകരം "നൽകുന്നതിന്" എന്ന വാക്കു ചേർക്കുക.

360. ഖണ്ഡം 3(3)(ix)-ൽ "പ്രകൃതിസംരക്ഷണം" എന്ന വാക്കിന് പകരം "പരിസ്ഥിതിസംരക്ഷണം" എന്ന വാക്ക് ചേർക്കുക.

397. ഖണ്ഡം 3(5) (സി)-ൽ "തൊഴിൽ" എന്നതിനു പകരം "കാർഷിക വൃത്തി" എന്ന് ചേർക്കുക.

409. ഖണ്ഡം 3(5)(ഇ)-ൽ "സ്ഥായിയായ ശാരീരിക/മാനസിക" എന്ന വാക്കുകൾക്കുപകരം "സ്ഥായിയായ ശാരീരിക/മാനസിക അവശത" എന്ന വാക്ക് ചേർക്കേണ്ടതാണ്.

422. ഖണ്ഡം 3(5)(ജി)-ൽ "മുടങ്ങാതെ" എന്ന വാക്ക് ഒഴിവാക്കുക.

435. ഖണ്ഡം 3(6)-ൽ "അംഗീകാരത്തോടുകൂടി" എന്നതിനു പകരം "അനുമതിയോടു കൂടി"എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. മുരളിപെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

346. ഖണ്ഡം 3(3) (vi)-ൽ "സംഭരിക്കുന്ന" എന്നതിനു പകരം "സമാഹരിക്കുന്ന"എന്ന് ചേർക്കുക.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 346-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: 333,335,336 എന്നീ നമ്പർ ഭേദഗതികൾ 332-ാം നമ്പർ ഭേദഗതിക്ക് തുല്യവും 361,362 എന്നീ നമ്പർ ഭേദഗതികൾ 360-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 346-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

927.(i) ഖണ്ഡം 4(2)-ൽ " കൃഷിഭവനിലും ബന്ധപ്പെട്ട കൃഷി ഓഫീസുകളിലും" എന്ന വാക്കുകൾക്കു പകരം " കൃഷിഭവനിൽ" എന്ന വാക്ക് ചേർക്കുക.

(ii) ഖണ്ഡം 4(3)-ൽ "(2)-ാം ഉപവകുപ്പ് പ്രകാരമുള്ള" എന്ന വാക്കുകൾക്കു അക്കത്തിനും ചിഹ്നങ്ങൾക്കും പകരം "(2)-ാം ഉപവകുപ്പ് പ്രകാരം,"എന്ന വാക്കുകളും അക്കവും ചിഹ്നങ്ങളും ചേർക്കുക.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 457, 495, 463, 479, 510, 517, 518 എന്നീ നമ്പർ ഭേദഗതികളും 488, 503 എന്നീ നമ്പർ ഭേദഗതികൾ താഴെപ്പറയുന്ന ഭേദഗതികളോടെയും ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

457. ഖണ്ഡം 4(2)-ൽ, "അപേക്ഷകൾ എല്ലാം തന്നെ എന്നതിനുപകരം "എല്ലാ അപേക്ഷകളും "എന്ന് ചേർക്കുക.

495. ഖണ്ഡം 4(3)-ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "തള്ളിക്കളയുവാൻ" എന്നതിനു പകരം "നിരസിക്കുവാൻ" എന്ന് ചേർക്കുക.

463. ഖണ്ഡം 4(2)-ൽ "സർട്ടിഫൈ ചെയ്യിരിക്കേണ്ടതാണ് " എന്നീ വാക്കുകൾക്കു പകരം "സാക്ഷ്യപ്പെടുത്തേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

479.ഖണ്ഡം 4(3)-ന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "തള്ളിക്കളയുന്ന " എന്ന വാക്കിനു പകരം "നിരസിക്കുന്ന" എന്ന വാക്ക് ചേർക്കുക.

488. ഖണ്ഡം 4(3)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ" എന്നതിനു പകരം "അപേക്ഷകനെ കേൾക്കുന്നതിന് ന്യായമായ ഒരു അവസരം" എന്ന് ചേർക്കേണ്ടതാണ്.

503. ഖണ്ഡം 4(4)-ൽ "അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ" എന്നതിനു പകരം "അപേക്ഷകനെ കേൾക്കുന്നതിന് ന്യായമായ ഒരു അവസരം" എന്ന് ചേർക്കേണ്ടതാണ്.

510. ഖണ്ഡം 4(4)-ൽ " അന്തിമ്മായിരിക്കുന്നതുമാണ്" എന്ന വാക്കിന് പകരം " അന്തിമമായിരിക്കുന്നതുമാണ്" എന്ന വാക്ക് ചേർക്കുക.

517. ഖണ്ഡം 4(6)-ൽ " ഓഫീസർ" എന്ന വാക്കിന് പകരം " ആഫീസർ" എന്ന വാക്ക് ചേർക്കുക.

518. ഖണ്ഡം 4(6)-ൽ " ഏർപ്പാടുകൾ" എന്നതിന് പകരം " ക്രമീകരണങ്ങൾ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 480, 481, 482, 483, 484 എന്നീ നമ്പർ ഭേദഗതികൾ 479-ാം നമ്പർ ഭേദഗതിക്ക് തുല്യവും 496, 497,498, 499, 500 എന്നീ നമ്പർ ഭേദഗതികൾ 495-ാം നമ്പർ ഭേദഗതിക്ക് തുല്യവും 511-ാം നമ്പർ ഭേദഗതി 510-ാം നമ്പർ ഭേദഗതിക്ക് തുല്യവും 519, 520, 521, 522 എന്നീ നമ്പർ ഭേദഗതികൾ 518-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 529, 539 എന്നീ നമ്പർ ഭേദഗതികളും 534-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതികളോടെയും ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു:

529. ഖണ്ഡം 5(1)-ൽ "കണ്ടെത്തുകയാണെങ്കിൽ" എന്നതിനു പകരം " കണ്ടെത്തുന്ന സംഗതിയിൽ" എന്ന് ചേർക്കുക.

534. ഖണ്ഡം 5(1)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ, "അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ" എന്നതിനുപകരം "അപേക്ഷകനെ കേൾക്കുന്നതിന് ന്യായമായ ഒരു അവസരം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

539. ഖണ്ഡം 5(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ, "ഏതൊരാൾക്കും" എന്നതിനു പകരം " ഏതൊരു അംഗത്തിനും" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ആറാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ:</u> ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഏഴാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ:</u> ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>എട്ടാം വകുപ്പ്</u>

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, ഞാൻ താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

928. ഖണ്ഡം 8(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

"എന്നുമാത്രമല്ല അംഗങ്ങൾക്ക് അവർ ഒടുക്കേണ്ടതായ അംശദായം വാർഷികമായോ അർദ്ധവാർഷികമായോ ഒരുമിച്ച് ഒടുക്കാവുന്നതാണ്".

585-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതികളോടെ ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു:

585. ഖണ്ഡം 8(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "അതേ സാമ്പത്തിക വർഷത്തിൽ" എന്നതിനുപകരം "അതേ സാമ്പത്തിക വർഷത്തിൽ രണ്ടു തവണയിൽ കൂടുതൽ കുറവ് വരുത്താൻ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

591. ഖണ്ഡം 8 (2) -ൽ "പരമാവധി" എന്നതിന് ശേഷം "പ്രതിമാസം" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 591-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 591-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

929. (i)ഖണ്ഡം 9(1)-ൽ "ഒരു ശതമാനം വരുന്ന തുക" എന്ന വാക്കുകൾക്കുശേഷം "കർഷകർക്കുള്ള അവകാശലാഭമെന്ന നിലയ്ക്ക്" എന്നീ വാക്കുകളും "ബോർഡിലേയ്ക്ക്" എന്ന വാക്കിനുപകരം "നിധിയിലേയ്ക്ക് " എന്ന വാക്കും ചേർക്കുക.

(ii) ഖണ്ഡം 9(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനമായി താഴെപ്പറയുന്നത് ചേർക്കുക:

"എന്നുമാത്രമല്ല സർക്കാരിന് ബോർഡിന്റെ ശിപാർശയിന്മേൽ വിജ്ഞാപനം വഴി, വാർഷിക ലാഭത്തിന്റെ പരിധി പുതുക്കി നിശ്ചയിക്കാവുന്നതാണ്."

(iii) ഖണ്ഡം 9(5)-ൽ "ഏതൊരു അന്വേഷണവും" എന്ന വാക്കുകൾക്കു ശേഷം "1860-ലെ" എന്ന അക്കങ്ങളും വാക്കും ചേർക്കേണ്ടതാണ്.

(iv) ഖണ്ഡം 9(5)-ന് താഴെപ്പറയുന്നത് വിശദീകരണം ചേർക്കുക:

"വിശദീകരണം:- ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി "വ്യാപാരി" എന്നാൽ കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വിപണിയിൽ എത്തിക്കുന്ന സംരംഭകരോ വ്യവസായികളോ വ്യവസായ സ്ഥാപനങ്ങളോ എന്നർത്ഥമാകുന്നു".

611-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

611 ഖണ്ഡം 9 (1) -ൽ "ഒരു വർഷത്തെ" എന്ന വാക്കുകൾക്കു പകരം "വാർഷിക" എന്ന വാക്കു ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനൊന്നാം വകുപ്പ്</u>

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, ഞാൻ താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

930. (i) ഖണ്ഡം 11(1)-ൽ " ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതോടു കൂടി" എന്ന വാക്കുകൾക്കു ശേഷം "നിധിയുടെ ഭരണനിർവ്വഹണത്തിനും നടത്തിപ്പിനും" എന്ന വാക്കുകളും "അവ നിർവ്വഹിക്കുന്നതിനുമായി" എന്ന വാക്കുകൾക്കു പകരം "അവ നിർവ്വഹിക്കുന്നതിനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ടി" എന്ന വാക്കുകളും ചേർക്കുക.

(ii) ഖണ്ഡം 11(4) (viii)-ൽ "കേരള കാർഷിക സർവ്വകലാശാലയുടെ പ്രോ-ചാൻസലർ" എന്ന വാക്കുകൾക്കു പകരം "സർക്കാർ" എന്ന വാക്ക് ചേർക്കുക.

662, 692, 751 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

662. ഖണ്ഡം 11(3)-ൽ "കൃഷിയിൽ" എന്നതിനു പകരം "കാർഷിക മേഖലയിൽ " എന്ന് ചേർക്കുക.

692. ഖണ്ഡം 11(4)(iii)-ൽ "കൃഷി വകുപ്പ് " എന്നതിനു പകരം "കാർഷിക വികസനവും, കർഷക ക്ഷേമവും വകുപ്പ് " എന്ന് ചേർക്കുക.

751. ഖണ്ഡം 11(6)-ൽ "ഇരുപത് " എന്നതിന് പകരം "പത്ത് " എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: 663, 664, 665, 666, 667 എന്നീ നമ്പർ ഭേദഗതികൾ 662-ാം നമ്പർ ഭേദഗതിക്ക് തുല്യവും 693, 694, 695, 696, 697, 698, 699, 700, 701, 702 എന്നീ നമ്പർ ഭേദഗതികൾ 692-ാം നമ്പർ ഭേദഗതിക്ക് തുല്യവും 752, 753 എന്നീ നമ്പർ ഭേദഗതികൾ 751-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 782-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

782. ഖണ്ഡം 12(4)-ൽ "ചെയർപേഴ്സൺ" എന്നതിനു പകരം "ചെയർപേഴ്സണ്" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിമൂന്നാം വകുപ്പ്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 784, 787, 790 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

784. ഖണ്ഡം 13(1)-ൽ "ചാർജ്ജ് എടുത്ത" എന്നതിന് പകരം "ചുമതല ഏറ്റെടുത്ത" എന്നത് ചേർക്കുക.

787. ഖണ്ഡം 13(1)-ൽ "അഞ്ച്" എന്ന വാക്കിന് പകരം "മൂന്ന്" എന്ന വാക്ക് ചേർക്കുക.

790. ഖണ്ഡം 13(1)-ൽ "ഉദ്യോഗം" എന്ന വാക്കിന് പകരം "പദവി" എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 791, 792 എന്നീ നമ്പർ ഭേദഗതികൾ 790-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 831-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

831. ഖണ്ഡം 14(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "നല്കേണ്ടതാണ്" എന്ന വാക്കിനു പകരം "നൽകേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ

അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനഞ്ചാം വകുപ്പ്</u>

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, ഞാൻ താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

931.ഖണ്ഡം 15(2)-ൽ "അലവൻസുകളും" എന്ന വാക്കിനുപകരം "ബത്തകളും"എന്ന വാക്ക് ചേർക്കുക.

840, 853(i), 854(ii)(iii) എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

840. ഖണ്ഡം 15(1)-ൽ "ഓഫീസറെയും" എന്ന വാക്കിനു പകരം "ആഫീസറെയും" എന്ന വാക്ക് ചേർക്കുക.

853. ഖണ്ഡം 15(2)-ൽ

(i) "മറ്റ് സേവന വ്യവസ്ഥകളും " എന്നതിന് പകരം "മറ്റ് സേവന വേതന വ്യവസ്ഥകളും" എന്ന് ചേർക്കുക.

854. ഖണ്ഡം 15(3)-ൽ

(ii) "നിയമനംവഴി" എന്നതിനു പകരം"നിയമനം വഴി" എന്ന് ചേർക്കുക.

(iii) "ചെയ്തപ്രകാരമുള്ള" എന്നതിന് പകരം "ചെയ്ത പ്രകാരമുള്ള" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 861-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതികളോടെ ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു:

861. ഖണ്ഡം 17 (1)-ൽ "8-ാം വകുപ്പ് പ്രകാരം അംശദായം നൽകാൻ ബാധ്യതയുള്ള" എന്നീ വാക്കുകൾക്കു പകരം "നിധിയിൽ അംഗമായ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനെട്ടാം വകുപ്പ്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 865(i)-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു:

865. ഖണ്ഡം 18 (1)-ൽ

(i) "അനുമതിയോട്ടുകൂടി" എന്നതിന് പകരം "അനുമതിയോട്ട കൂടി" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പത്തൊമ്പതാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ:</u> പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപതാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ:</u> ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. സുനിൽ കുമാർ)</u>: സർ, 879-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

879.ഖണ്ഡം 21-ൽ "ഓഫീസറും" എന്ന വാക്കിനു പകരം "ആഫീസറും" എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 879-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തി മൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ഇരുപത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 890-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

890.ഖണ്ഡം 24(2)-ൽ "അനുവാദത്തോട്ട" എന്നതിനു പകരം "അനുമതിയോട്ട" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 890-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ്

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

897. ഖണ്ഡം 25(1)-ൽ "അതിക്രമിക്കുകയോ" എന്നതിന് പകരം "അതിലംഘിക്കുകയോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 897-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 897-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

932. ഖണ്ഡം 26(1)-ൽ "സർക്കാർ" എന്ന വാക്കിനുപകരം "ബോർഡ്" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു..

ഇരുപത്തി ഏഴാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ഇരുപത്തി ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തി ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തി ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിഎട്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ഇരുപത്തിഎട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

ഇരുപത്തിഎട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിഎട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിഒമ്പതാം വകുപ്പ്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

933. ഖണ്ഡം 29(3)-ൽ " തീയതിയിൽ കിസാൻ അഭിമാൻ പദ്ധതി ഇല്ലാതായിത്തീരുന്നതാണ്" എന്നീ വാക്കുകൾക്കുപകരം "തീയതി മുതൽ കിസാൻ അഭിമാൻ പദ്ധതിയിലെ അംഗങ്ങൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനായി സർക്കാർ വർഷംതോറും നൽകുന്ന തുക ബോർഡ് വഴി വിതരണം ചെയ്യുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 933-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, 920, 923, 924-ാം എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

920. പട്ടികയിൽ ക്രമനമ്പർ 5-ൽ "ഓഫീസറുടെ" എന്ന വാക്കിനു പകരം "ആഫീസറുടെ" എന്ന വാക്ക് ചേർക്കുക.

923. പട്ടികയിൽ, ക്രമനമ്പർ 11-ൽ "ഐഡന്റിറ്റി കാർഡിന്റെ" എന്നതിനുപകരം "തിരിച്ചറിയൽ കാർഡിന്റെ" എന്ന് ചേർക്കുക.

924. പട്ടികയിൽ, ക്രമനമ്പർ 15-ൽ "ചെയ്യുന്നതിനുള്ള" എന്ന വാക്കിനുപകരം "വഹിക്കുന്നതിനുള്ള" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതിൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>1-ാം വകുപ്പും പീഠികയും പേരും</u>

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, 132 -ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

132. പീഠികയിൽ

(ii) " താഴെ പറയും" എന്നീ വാക്കുകൾക്ക് പകരം "താഴെപ്പറയും" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 132-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 1956 നവംബർ 1-ന് കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടതിനുശേഷം നടന്നിട്ടുള്ള ഒട്ടനവധി നിയമനിർമ്മാണ പ്രവർത്തനങ്ങളിൽ നിർണ്ണായക പങ്കുവഹിച്ച ഒരു സുപ്രധാനമായ ബില്ലാണിത്. ഒരുപക്ഷേ ഭാരതത്തിലെതന്നെ കർഷകർക്ക് മാത്രമായി രൂപീകരിക്കുന്ന ആദ്യത്തെ കർഷക ക്ഷേമനിധി ബോർഡ് ബില്ലിന്റെ രൂപീകരണമാണ് ഇവിടെ നടന്നത്. നിർഭാഗ്യവശാൽ, ഈ ചർച്ചയിൽ പ്രതിപക്ഷാംഗങ്ങൾ കൂടി ഉണ്ടാകണമെന്നാണ് നമ്മളെല്ലാവരും ആഗ്രഹിച്ചത്. എന്നാൽ മൂക്ക് മുറിച്ച് ശകുനം മുടക്കുന്ന സമീപനമാണ് ഇക്കാര്യത്തിൽ പ്രതിപക്ഷം എടുത്തിരിക്കുന്നത്. നിയമസഭയിലും പുറത്തും സമരങ്ങൾ പലതും ഉണ്ടായിട്ടുണ്ടെങ്കിലും, കേരളത്തിലെ എല്ലാ കർഷകരെയും ഒരു പോലെ ബാധിക്കുന്ന ഈ ബില്ലിന്റെ കാര്യത്തിലെങ്കിലും ഭരണ - പ്രതിപക്ഷ വ്യത്യാസം ഉണ്ടാകേണ്ട യാതൊരു കാര്യവുമില്ലായിരുന്നു. നിയമസഭയിൽ ഈ ബിൽ അവതരിപ്പിച്ചപ്പോൾ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കാനാണ് തീരുമാനിച്ചത്. സെലക്ട് കമ്മിറ്റിയിൽ അംഗങ്ങളായിട്ടുള്ള ഭരണ പ്രതിപക്ഷ എം.എൽ.എ.-മാരായ 15 പേരും ഒരുപോലെ കോൺട്രിബ്യൂട്ട് ചെയ്തുകൊണ്ടാണ് വിപുലമായൊരു ബില്ലായി അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. കേരളത്തിലെ കർഷകർക്ക് വലിയ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്ന ഒരു ബില്ലാണിത്. നിയമസഭാ സമ്മേളനത്തിൽ രണ്ട്

ബില്ലുകൾ ഈ ഗവൺമെന്റ് അവതരിപ്പിക്കുകയുണ്ടായി. ഒന്ന്, കർഷക കടാശ്വാസ കമ്മീഷന്റെ പരിധി രണ്ട് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ടുള്ള ഒരു ബില്ലാണ്. ഇന്ത്യയിൽ ഒരു സ്ഥലത്തും കർഷകരുടെ കടങ്ങൾക്ക് സമാശ്വാസം നൽകുന്നതിനുവേണ്ടി ഒരു സംവിധാനവും നിലവിലില്ല. ഇടതുപക്ഷ മുന്നണി ഗവൺമെന്റ്, ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്താണ് ആ ബിൽ കൊണ്ടുവന്നത്. ഈ ഗവൺമെന്റ് അന്നുണ്ടായിരുന്ന ഒരു ലക്ഷം രൂപ രണ്ട് ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതോടുകൂടി കേരളത്തിലെ കർഷകർ സഹകരണ ബാങ്കുകളിൽനിന്ന് എടുത്തിരിക്കുന്ന രണ്ട് ലക്ഷം രൂപവരെയുള്ള കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഇന്ന് ഇവിടെ അവതരിപ്പിച്ച്, അംഗീകരിച്ചിരിക്കുന്ന ഈ ബിൽ നമ്മുടെ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയാകുന്ന ഒരു ബില്ലാണ്. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള കണക്കുകൾ പ്രകാരം 3,26,000 കർഷകരാണ് ഇന്ത്യയിൽ ആത്മഹത്യ ചെയ്തിരിക്കുന്നത്. അതേസമയം, കർഷകരുടെ ഇത്തരം ദുരന്തങ്ങളും ദുരിതങ്ങളും അവസാനിപ്പിക്കുന്നതിനുവേണ്ടി ഒരു നടപടിയും കേന്ദ്ര ഗവൺമെന്റ് എടുക്കാതിരിക്കുന്ന സാഹചര്യവും, രാജ്യം മുഴുവൻ കർഷകരുടെ പ്രക്ഷോഭങ്ങൾ നടന്നുവരുന്ന സാഹചര്യങ്ങളും ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. കൃഷിക്കാരാണ് നമ്മുടെ രാജ്യത്തിന്റെ നട്ടെല്ല് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ കർഷകരുടെ ദുരിതങ്ങൾ അവസാനിപ്പിക്കുന്നതിനുവേണ്ടി ഒരു stimulus package പോലും കേന്ദ്ര ഗവൺമെന്റ് ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. നമ്മളെ തീറ്റിപ്പോറ്റാനും പോഷകസമൃദ്ധമായ ഭക്ഷണം ഉറപ്പുവരുത്താനും രാവും പകലും വെയിലത്തും മഴയത്തും മഞ്ഞത്തും പാടത്തും പറമ്പിലും ചെളിയിലും വെള്ളത്തിലും അത്യദ്ധ്വാനം ചെയ്യുന്ന നമ്മുടെ കർഷകരെ സംരക്ഷിക്കാൻവേണ്ടി ഒരു നടപടിയും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. എന്നാൽ നമ്മുടെ അന്നദാതാക്കളായ കർഷകരുടെ സുരക്ഷ ഉറപ്പുവരുത്താൻവേണ്ടി, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ പ്രഖ്യാപിച്ചപ്രകാരം, പ്രകടനപത്രിക പ്രഖ്യാപിക്കാൻ മാത്രമുള്ളതല്ല അത് നടപ്പിലാക്കാൻ കൂടിയുള്ളതാണെന്ന് തെളിയിച്ച ഒരു ബില്ലാണിത്. ഈ ബില്ലിലെ ഓരോ വകുപ്പും പരിശോധിച്ചാൽ പ്രധാനമായും പറഞ്ഞിട്ടുള്ള കർഷക ക്ഷേമബോർഡ് എന്നുള്ളത് ഇപ്പോൾ നിലവിൽ വന്നിരിക്കുകയാണ്. കൃഷിഗീതയിൽ കാർഷികവൃത്തിയെപ്പറ്റി പറയുന്നത്,

"ലോകത്ത് മുഖ്യമാം കർമ്മം ഓർക്കുകിൽ

കൃഷിയെന്നതാൻ ധർമ്മാർത്ഥ

കാമമോക്ഷങ്ങൾക്ക് അടിസ്ഥാനം"

എന്നാണ് കൃഷിയാണ് ജീവരാശിയുടെ നട്ടെല്ലെന്നാണ് വിശ്വമാനവികതയുടെ പ്രവാചകനെന്ന് അറിയപ്പെടുന്ന അഭിവന്ദ്യനായ ശ്രീനാരായണ ഗുരുദേവൻ പറഞ്ഞത്. കൃഷി നന്നായാൽ മാത്രമേ നാടിന് അഭിവൃദ്ധി ഉണ്ടാകുകയുള്ളൂവെന്ന് പറഞ്ഞത് ശ്രീനാരായണ ഗുരുദേവനാണ്. കൃഷി നന്നാകണമെങ്കിൽ കൃഷിക്കാരൻ നന്നാവണമെന്ന കാഴ്ചപ്പാടാണ് ഗവൺമെന്റിനുള്ളത്. കൃഷിക്കാരൻ നന്നാവണമെന്ന് മാത്രമല്ല നമ്മുടെ നാടിന്റെ നട്ടെല്ലായ കാർഷിക മേഖലയിലേയ്ക്ക് പുതിയ തലമുറയെക്കൂടി കൊണ്ടുവരികയും വേണം. പുതിയ തലമുറ കടന്നുവരാനുള്ള പ്രധാനപ്പെട്ട മേഖലയായി കൃഷിയെ മാറ്റണമെങ്കിൽ, തൊഴിൽ, കാർഷികവൃത്തി എന്നീ നിലകളിൽ കൃഷിയെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരികയെന്ന വലിയ ഉത്തരവാദിത്വമാണ് സംസ്ഥാന ഗവൺമെന്റ് കഴിഞ്ഞ മൂന്നേമുക്കാൽ വർഷംകൊണ്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കർഷകർക്ക് ഉണ്ടായിരിക്കുന്ന ദുരന്തം എന്നുപറയുന്നത്, അവരുടെ വരുമാനം ഗണ്യമായി കുറയുന്നതാണ്. എന്നാൽ ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് ആ ദുരന്തങ്ങൾ കാണുന്നതിനുപകരം, കോർപ്പറേറ്റ് ടാക്സ് 30 ശതമാനത്തിൽനിന്ന് 22 ശതമാനമായി കുറയ്ക്കുകവഴി 1,45,000 കോടി രൂപയുടെ ആനുകൂല്യം കോർപ്പറേറ്റുകൾക്ക് കൊടുക്കുകയാണുണ്ടായത്. റിലയൻസ് കമ്പനിയുടമ, മുകേഷ് അംബാനിയുടെ വരുമാനം 2014-ൽ 1.68 ലക്ഷം കോടി രൂപയായിരുന്നത് 116 ശതമാനം വർദ്ധിച്ച് 3.65 ലക്ഷം രൂപയായി. ഗൗതം അദാനിയുടെ വരുമാനം 5 കൊല്ലംകൊണ്ട് 121 ശതമാനമാണ് വർദ്ധിച്ചത്. ലക്ഷ്മി മിത്തലിന്റെ വരുമാനം 34 ശതമാനം വർദ്ധിച്ചു. ഞാൻ എല്ലാ കണക്കുകളും വായിക്കുന്നില്ല, ഇത് സൂചിപ്പിക്കുന്നത് കോർപ്പറേറ്റുകളുടെ വരുമാനം വർദ്ധിക്കുന്നു, അവർക്കുവേണ്ടി stimulus package പ്രഖ്യാപിക്കുന്നു, അവർ വേദനിക്കുമ്പോൾ ശ്രീ. നരേന്ദ്ര മോദിക്കും കേന്ദ്ര ഗവൺമെന്റിനും വേദനിക്കുന്നു. എന്നാൽ ഗവൺമെന്റ് നയത്തിന്റെ ഭാഗമായി കർഷകർ ആത്മഹത്യ ചെയ്യുമ്പോൾ കേന്ദ്ര ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലെന്ന അതിശക്തമായ പ്രതിഷേധം രാജ്യത്ത് നില നിൽക്കുമ്പോഴാണ് സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്, സാമ്പത്തിക പരിമിതികൾക്കകത്ത് നിന്നുകൊണ്ട് കേരളത്തിലെ കർഷകരെ സംരക്ഷിക്കാൻവേണ്ടി ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നിരിക്കുന്നത്.

ഇന്ത്യയ്ക്ക് മാതൃകയാകുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു മാറ്റമാണ് ഈ ബില്ലിലൂടെ കൊണ്ടുവന്നിട്ടുള്ളത്. 'കല്ല് ദേവിയാകുമ്പോൾ ആശാരി പുറത്താകും' എന്ന് പറയുന്നതുപോലെ കർഷകന്റെ ഉൽപ്പന്നം മൂല്യവർദ്ധിത ഉൽപ്പന്നമായി മാറുമ്പോൾ

അതിന്റെ അവകാശം കൃഷിക്കാരന് കിട്ടുന്നില്ല. അതിന്റെ ലാഭം കൊയ്യുന്നത് മൾട്ടിനാഷണൽ കമ്പനികളും ബഹുരാഷ്ട്രകുത്തക കമ്പനികളും അല്ലെങ്കിൽ അതുപോലുള്ളവരുമാണ്. ലാഭത്തിന്റെ ഒരു ശതമാനം അവകാശലാഭമായി കർഷകന് ഉറപ്പുവരുത്തുന്ന ഒരു ബിൽ ഇന്ത്യയിൽ ആദ്യമായി ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുകയാണ്. മാത്രവുമല്ല, ഇതിൽ അംഗമായിരിക്കുന്ന എല്ലാ കർഷകരുടെയും അവരുടെ കുടുംബത്തിന്റെയും സുരക്ഷ ഉറപ്പാക്കാൻ കഴിയുന്ന നിരവധി ക്ഷേമപദ്ധതികൾ ബില്ലിലൂടെ കൊണ്ടുവന്നിരിക്കുകയാണ്. നിലവിൽ കൃഷിക്കാർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യം സംരക്ഷിക്കുക മാത്രമല്ല, കർഷകർക്ക് പെൻഷൻ, കുടുംബത്തിന്റെ സുരക്ഷിതത്വം, മക്കളുടെ വിദ്യാഭ്യാസം, പെൺമക്കളുടെ കല്യാണം തുടങ്ങി എല്ലാ കാര്യങ്ങളിലും സർക്കാരിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്ന സുപ്രധാനമായ ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. നമ്മുടെ നാട്ടിലെ പ്ലാന്റേഷൻ മേഖലയിലെ പ്രത്യേകത എന്നുപറയുന്നത് റബ്ബർ, കാപ്പി തുടങ്ങിയവ കൃഷി ചെയ്യുന്ന ചെറുകിട പ്ലാന്റേഷൻ കൃഷിക്കാരുണ്ട് എന്നുള്ളതാണ്. ഏഴരയേക്കർ വരെയുള്ള പ്ലാന്റേഷൻ കൃഷിക്കാരെ കൂടി ഇതിനകത്ത് ഉൾപ്പെടുത്തിയിരിക്കുകയാണ്. അഞ്ച് സെന്റുമുതൽ പതിനഞ്ചേക്കർ വരെയുള്ള കൃഷിക്കാരെ ഇതിനകത്ത് ഉൾപ്പെടുത്താൻ കഴിയുന്ന രീതിയിലാണ് ബിൽ വിഭാവന ചെയ്തിരിക്കുന്നത്. സെലക്ട് കമ്മിറ്റി പ്രധാനപ്പെട്ട അഞ്ച് ജില്ലകളിൽ പര്യടനം നടത്തി കൃഷിക്കാരുടെയും കർഷക സംഘടനകളുടെയും അഭിപ്രായങ്ങൾ ആരായുകയും വിദഗ്ദ്ധരായ ആളുകളുടെയും സംഘടനകളുടെയെല്ലാം അഭിപ്രായങ്ങൾ ജനാധിപത്യപരമായ രീതിയിൽ സ്വീകരിച്ചുകൊണ്ടാണ് ഇന്ത്യക്ക് മാതൃകയാകുന്ന രീതിയിലുള്ള ഈ ബിൽ അവതരിപ്പിച്ചതും കർഷകക്ഷേമ ബോർഡ് ഇന്ത്യയിൽ നിലവിൽ വന്നിരിക്കുന്നതും. നമ്മൾ മനസ്സിലാക്കേണ്ട കാര്യം, 'ചേറിൽ കൈകുത്താത്തവന് ചോറിൽ കൈകുത്താൻ അവകാശമില്ല' എന്ന് പണ്ട് കാരണവന്മാർ പറയാറുണ്ട്. ചേറിൽ കൈകുത്തുന്ന കൃഷിക്കാരനെ നാം ചോറിൽ കൈകുത്തുമ്പോൾ ഓർക്കണം. നമ്മുടെ സംസ്ഥാനത്ത് സർക്കാർ ഉദ്യോഗസ്ഥർക്കുവേണ്ടി ചെലവഴിക്കുന്ന തുകയുടെ ചെറിയൊരു ശതമാനംപോലും കൃഷിക്കാർക്ക് കൊടുക്കുന്നില്ല. ഈ നാടിന്റെ അന്നദാതാക്കളായിരിക്കുന്ന, കൃഷിക്കാർക്കുവേണ്ടി പ്രഥമ പരിഗണന കൊടുക്കുമെന്നൊരു നയം സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്നതിന്റെ ഭാഗമായി ത്തന്നെയാണ് ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും നടപ്പിലാക്കാൻ സൗമനസ്യം കാണിക്കാത്ത രീതിയിൽ മാതൃകാപരമായി ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് ഇങ്ങനെയൊരു ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് ഇതൊരു ചരിത്രനിമിഷമാണ്. ആ ചരിത്ര നിമിഷത്തിൽ പ്രതിപക്ഷാംഗങ്ങൾ ഇവിടെ സാക്ഷിയില്ലായെന്നുള്ളത് പ്രധാനപ്പെട്ട കാര്യമായി ഞാൻ കരുതുന്നില്ല. പട്ടിണി കിടക്കേണ്ടിവരുന്ന പാവപ്പെട്ട കൃഷിക്കാരന്റെ ഉന്നമനത്തിനും സംരക്ഷണത്തിനും വേണ്ടി ഈ ക്ഷേമബോർഡ് കൊണ്ടുവന്നിരിക്കുന്ന, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ ഈ കൃഷിക്കാർ എന്നും അവരുടെ മനസ്സിൽ

സൂക്ഷിക്കുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: സർ, ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലിനെ സംബന്ധിച്ച് സൂചിപ്പിച്ച കാര്യങ്ങളിൽ ആർക്കും കാര്യമായിട്ടുള്ള എതിർപ്പൊന്നുമില്ല, അംഗീകരിക്കുന്നതു തന്നെയാണ്. തീർച്ചയായും ഇക്കാര്യങ്ങൾ ആവശ്യമുള്ളതു തന്നെയാണ്. പക്ഷേ ഇതിനെ ന്യായീകരിക്കാൻവേണ്ടി ഒരു മന്ത്രി ഉത്തരവാദിത്തബോധത്തോടുകൂടി സംസാരിക്കുമ്പോൾ അതിലൊരു മാന്യതയും കാര്യങ്ങളുമൊക്കെ പാലിക്കേണ്ടതാണ്. ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ അനുകൂലിക്കേണ്ടതുമാണ്. കേന്ദ്രഗവൺമെന്റ് കൃഷിക്കാർക്കുവേണ്ടി യാതൊന്നും ചെയ്യുന്നില്ലായെന്നുള്ള വസ്തുനിഷ്ഠമല്ലാത്ത പ്രസ്താവന നടത്തിയത് ശരിയല്ല. കഴിഞ്ഞ ദിവസമാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി കർഷകർക്കുവേണ്ടി പ്രതിവർഷം 6,000 രൂപ പെൻഷൻ കൊടുക്കാൻവേണ്ടി വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ വസ്തുതകൾ മറച്ചുവെച്ചുകൊണ്ട് ഏകപക്ഷീയമായി പറയേണ്ട ഒരു കാര്യമുണ്ടായിരുന്നോ; ഇത് ഒരു മന്ത്രിക്ക് ഭൂഷണമായിട്ടുള്ളതല്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ബഹുമാനപ്പെട്ട അംഗത്തെയോ അല്ലെങ്കിൽ അവരുടെ പാർട്ടിയെയോ അപമാനിക്കാൻവേണ്ടി പറഞ്ഞതല്ല. ചില വസ്തുതകൾ ചൂണ്ടിക്കാണിച്ചതാണ്. കാരണം 150-ഓളം വരുന്ന കോർപ്പറേറ്റുകൾക്കു വേണ്ടി 1.45 ലക്ഷം കോടി രൂപയുടെ സ്റ്റിമുലസ് പാക്കേജ് പ്രഖ്യാപിച്ചപ്പോൾ 90 കോടി കൃഷിക്കാർക്കുവേണ്ടി എന്ത് സ്റ്റിമുലസ് പാക്കേജാണ് ബി.ജെ.പി. ഗവൺമെന്റ് പ്രഖ്യാപിച്ചത്. രണ്ടാമത്തെ ചോദ്യം, അങ്ങ് പറയുന്ന ആനുകൂല്യം എന്നുപറയുന്നത് ഒരു വർഷത്തിൽ ആറായിരം രൂപയാണ്. 6,000 രൂപ ബി.ജെ.പി. ഗവൺമെന്റ് തീരുമാനിക്കുംമുമ്പ് 1,300 രൂപ വീതം രണ്ടരലക്ഷം കൃഷിക്കാർക്ക് ഇവിടത്തെ ഗവൺമെന്റ് കൊടുത്തുകൊണ്ടിരിക്കുകയാണ്. പ്രധാനമന്ത്രി പ്രഖ്യാപിച്ചിരിക്കുന്ന ഒരു പെൻഷൻ പദ്ധതിയുണ്ട്. ആ പെൻഷൻ പദ്ധതിയെപ്പറ്റി അങ്ങ് സൂചിപ്പിക്കാത്തത് എന്താണ്? പ്രധാനമന്ത്രി പ്രഖ്യാപിച്ച പെൻഷൻ പദ്ധതിയിൽ പറയുന്നത് 18 വയസ്സിനും 40 വയസ്സിനും ഇടയിലുള്ളവർക്കാണ് ടി പദ്ധതിയിൽ ചേരാൻ കഴിയുക, കൂടാതെ പ്രതിമാസം 100 രൂപ അടയ്ക്കണമെന്നും പറയുന്നുണ്ട്. പ്രതിമാസം 100 രൂപ അടയ്ക്കുന്ന ആളുകൾക്ക് 60 വയസ്സ് തികയുമ്പോൾ 3,000 രൂപ പെൻഷൻ കൊടുക്കുമെന്ന് പറയുന്നു. അതിന്റെ അർത്ഥം എന്താണ്; ഇപ്പോൾ 40 വയസ്സുള്ള ഒരാൾ ഈ പദ്ധതിയിൽ ചേർന്നാൽ 20 വർഷംകഴിഞ്ഞ് 60 വയസ്സാകുമ്പോഴാണ് പെൻഷൻ കൊടുക്കേണ്ടത്. 18 വയസ്സായ ആൾ ഈ പദ്ധതിയിൽ ചേർന്നാൽ 32 വർഷം കഴിഞ്ഞുമാത്രമെ പെൻഷൻ കൊടുക്കേണ്ടതുള്ളൂ. ഈ സ്കീം അങ്ങനെയല്ല,

സംസ്ഥാന സർക്കാർ 60 വയസ്സായവർക്ക് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യം നിലനിർത്തിക്കൊണ്ടുതന്നെ അഞ്ച്വർഷം കഴിയുമ്പോൾ ഈ പെൻഷൻ പദ്ധതിയിൽ കൊണ്ടുവരികയും ബാക്കിയുള്ളവരെ 'കിസാൻ അഭിമാൻ' പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്ന വളരെ നിർണ്ണായകമായ ഒരു ബില്ലാണ്. ആ ബില്ലും അങ്ങയുടെ പാർട്ടി ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിന്റെ കർഷകരോടുള്ള സമീപനവും തമ്മിൽ താരതമ്യം ചെയ്യുന്നത് ഒരു മന്ത്രിയെന്ന നിലയിൽ ഭൂഷണമല്ല എന്ന് പറയുന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഒരു മന്ത്രിയെന്ന നിലയിൽ എന്റെ ഉത്തരവാദിത്വമാണ്. കേന്ദ്രഗവൺമെന്റിൽനിന്ന് പ്രതീക്ഷിക്കുന്നത് കിട്ടുന്നില്ല. കേന്ദ്ര ഗവൺമെന്റ് കൃഷിക്കാർക്കുവേണ്ടി ചെയ്ത കാര്യം ബഹുമാനപ്പെട്ട അംഗം പറയൂ, ഞാൻ കേൾക്കാൻ തയ്യാറാണ്. ഇവിടത്തെ കൃഷിക്കാർക്കുവേണ്ടി ആർ.സി.ഇ.പി. കരാർ പിൻവലിച്ചെന്ന് പറഞ്ഞിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട ഇറക്കുമതി നയം, ഈ ഗവൺമെന്റിന്റെ നയമെന്താണ്; കശുവണ്ടി, കുരുമുളക്, റബ്ബർ, തേയില തുടങ്ങിയ മേഖലയിലൊക്കെത്തന്നെ കൃഷിക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന എല്ലാ ദുരന്തങ്ങൾക്കും കാരണമായിരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിന്റെ ഓരോ നയങ്ങളും ജനങ്ങളെ ആത്മഹത്യയിലേയ്ക്ക് തള്ളിക്കൊണ്ടിരിക്കുമ്പോൾ, അത് സൂചിപ്പിക്കുന്നത് തെറ്റാണെന്ന് അങ്ങ് പറയുകയാണെങ്കിൽ, എനിക്കത് അംഗീകരിക്കാൻ കഴിയില്ല. മന്ത്രി എന്ന നിലയിൽ എന്റെ ഒരു ഉത്തരവാദിത്തമായതുകൊണ്ട് മാത്രം നിർവ്വഹിച്ചതാണ്. ഒരിക്കലും ഒരു രാഷ്ട്രീയ പ്രസംഗത്തിന്റെ ഭാഗമായല്ല, വസ്തുത മാത്രം നിരത്തിക്കൊണ്ട് പറഞ്ഞ കാര്യമാണ്. വ്യക്തിപരമായി അങ്ങ് വേദനിക്കേണ്ട യാതൊരു കാര്യവുമില്ല. ഉള്ളിന്റെയുള്ളിൽ കൃഷിക്കാരോട് അങ്ങേയ്ക്ക് എന്തെങ്കിലും സ്നേഹമുണ്ടെങ്കിൽ, പുറത്തു പറയുന്നതിൽ നിന്നും വ്യത്യസ്തമായി ഉള്ളിൽ അങ്ങ് ആഹ്ലാദിക്കുന്നുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

മി. സ്പീക്കർ: 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ പാസാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

# XI അവകാശലംഘന പ്രശ്നങ്ങൾ

## 1. അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: 20-5-2019-ലെ മെഡിക്കൽ കൗൺസിലിന്റെ കത്ത് പ്രകാരം, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10 ശതമാനം സീറ്റ് സംവരണം സർക്കാർ മെഡിക്കൽ കോളേജുകൾക്ക് മാത്രമാണെന്നും ആയതിന് അപേക്ഷിക്കേണ്ട സമയപരിധിയാണ് പ്രസ്തുത കത്ത് മുഖാന്തരം നീട്ടിയതെന്നിരിക്കെ, ഗവൺമെന്റ് ഇക്കാര്യം മറച്ചുവച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ സ്വകാര്യ മെഡിക്കൽ കോളേജുകൾക്കും സീറ്റ് വർദ്ധനവിന് അപേക്ഷിക്കാൻ അനുമതി നൽകിയെന്നും 13-6-2019-ന് സഭയിൽ ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി വ്യക്തമായ മറുപടി നൽകാതെ സഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചുവെന്നും ആരോപിച്ചുകൊണ്ട് ശ്രീ. ടി. വി. ഇബ്രാഹിം ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. പ്രസ്തുത വിശദീകരണത്തിൽ വ്യത്യസ്ത രീതിയിലുള്ള അറിയിപ്പുകൾ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഭാഗത്തുനിന്നും ലഭിച്ചതിനാലും കൂടുതൽ കത്തിടപാടുകൾക്ക് സമയപരിധി അവസാനിച്ചതിനാലും ഇത് നടത്താൻ കഴിയാതെ വന്നതിനാലുമാണ് ബഹുമാനപ്പെട്ട മന്ത്രി സഭയിൽപ്പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് ആശയക്കുഴപ്പവും അവ്യക്തതയും ഉണ്ടാകാൻ കാരണമെന്നും ബോധപൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കുയോ അവകാശലംഘനം നടത്തുകയോ ചെയ്തിട്ടില്ലെന്നും വിശദീകരിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം ചെയർ വിശദമായി പരിശോധിച്ചതിൽ ആയത് വസ്തുതാപരമായി ശരിയാണെന്ന് കാണുകയാൽ ശ്രീ. ടി. വി. ഇബ്രാഹിമിന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിൽ കേരള ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികയിലേയ്ക്ക് ശ്രീ. കെ. ടി. അബീദിന്റെ നിയമനം സംബന്ധിച്ച് 11-12-2018-ലെ 3699-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ നൽകിയ മറുപടിയിലും ഇതേ വിഷയത്തിൽ 4-12-2018-ൽ അടിയന്തരപ്രമേയ നോട്ടീസിന്മേലുള്ള മുഖ്യമന്ത്രിയുടെ

വിശദീകരണത്തിലും നൽകിയിട്ടുള്ളത് വ്യത്യസ്ത മറുപടികളാണെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളതെന്നും ആരോപിച്ചുകൊണ്ട് ശ്രീ. പാറക്കൽ അബ്ദുല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നൊരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. അടിയന്തരപ്രമേയ നോട്ടീസിന്മേൽ സഭയിൽ നൽകിയ വിശദീകരണം ഔദ്യോഗികമായി ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഉത്തമവിശ്വാസത്തോടെ നടത്തിയിട്ടുള്ളതാണെന്നും ഈ പ്രസ്താവന നടത്തുമ്പോൾ 11-12-2018-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടി സഭയുടെ മുൻപിലോ തന്റെ ശ്രദ്ധയിലോ പെട്ടിരുന്നില്ലെന്നും അതുകൊണ്ടുതന്നെ സഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവന നടത്തിയെന്ന ആരോപണം നിലനിൽക്കുന്നതല്ലെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരണം നൽകുകയുണ്ടായി. തന്റെ പ്രസ്താവനയിലുള്ള ഒരു വസ്തുതയും തെറ്റാണെന്ന് സ്ഥാപിക്കുന്ന ഒരു കാര്യവും ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടിയിൽ പറയുന്നില്ലെന്നും അദ്ദേഹം അറിയിച്ചിരിക്കുന്നു. ഇക്കാര്യം സമഗ്രമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പാറക്കൽ അബ്ദുല്ലയ്ക്ക് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

## 2. പരിഗണനയിലിരിക്കുന്നവ

ജില്ലാ ഭരണകൂടത്തിന്റെ തലവനായ തിരുവനന്തപുരം കളക്ടറെ ജനങ്ങളുടെ പലവിധമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി താൻ ഫോണിൽ പല തവണ ബന്ധപ്പെടാൻ ശ്രമിച്ചിട്ടും കളക്ടർ ഫോൺ അറ്റന്റ് ചെയ്യുവാനോ തിരികെ വിളിക്കുവാനോ തയ്യാറാകാത്ത നടപടി നിയമസഭാംഗമെന്ന നിലയിൽ തന്റെ അവകാശത്തിന്റെ ലംഘനമാണെന്ന് ആരോപിച്ചുകൊണ്ട് ശ്രീ. എം. വിൻസെന്റ് നൽകിയ നോട്ടീസ്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല സെപ്റ്റംബർ 20, 21 തീയതികളിൽ നടത്തിയ പത്രസമ്മേളനത്തിൽ വൈദ്യുതി ബോർഡിലെ ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ അഴിമതി സംബന്ധിച്ച് ആരോപണം ഉന്നയിച്ചപ്പോൾ പ്രസ്തുത ആരോപണത്തിന് മറുപടി നൽകിയത് കെ.എസ്.ഇ.ബി. ചെയർമാൻ ശ്രീ. എൻ. എസ്. പിള്ള ആണെന്നും ഗവൺമെന്റിനെ സംബന്ധിച്ചോ ഏതെങ്കിലും വകുപ്പിനെ സംബന്ധിച്ചോ പ്രതിപക്ഷനേതാവ് നടത്തുന്ന പരാമർശങ്ങൾക്കോ ആരോപണങ്ങൾക്കോ ഉദ്യോഗസ്ഥരല്ല മറിച്ച് മുഖ്യമന്ത്രിയോ വകുപ്പുമന്ത്രിയോ

ആണ് മറുപടി പറയാറുള്ളതെന്നും വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ ഉത്തരവാദിത്വത്തോടെ പ്രതിപക്ഷനേതാവ് നടത്തിയ ആരോപണങ്ങൾക്ക് ഉദ്യോഗസ്ഥതലത്തിൽ നടത്തിയ മറുപടി പ്രതിപക്ഷ നേതാവിന്റെ അധികാരവകാശങ്ങൾ നിഷേധിക്കുന്നതാണെന്ന് ആരോപിച്ചുകൊണ്ട് ശ്രീ. വി. ഡി. സതീശൻ നൽകിയ അവകാശലംഘന നോട്ടീസ്.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഒരു വിദ്യാർത്ഥിനി ആത്മഹത്യയ്ക്ക് ശ്രമിച്ചതുമായി ബന്ധപ്പെട്ട് പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളന കാലത്ത് 26-6-2019-ലെ 4858-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ കോളേജ് യൂണിയൻ ഓഫീസ് മുറി പ്രിൻസിപ്പൽ പൂട്ടിയെടുത്ത് താക്കോൽ കൈവശം സൂക്ഷിക്കുന്നുണ്ടെന്നും എന്നാൽ 2019 ജൂലൈ 12-ാം തീയതി ഇതേ കോളേജിൽ അഖിൽ എന്ന വിദ്യാർത്ഥിക്ക് കുത്തേറ്റ സംഭവം യൂണിറ്റ് ഓഫീസിൽ വച്ചാണ് നടന്നതെന്നും ഈ മുറി എസ്.എഫ്.ഐ. ഭാരവാഹികളുടെ അധീനതയിൽ ആയിരുന്നുവെന്നും മാധ്യമങ്ങളിൽ വാർത്ത വന്നിട്ടുണ്ടെന്നും സഭയിൽ 26-9-2019-ന് മന്ത്രി നൽകിയ മറുപടി സഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതായിരുന്നുവെന്നും ആയതിനാൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് ശ്രീ. കെ. സി. ജോസഫ് നൽകിയ അവകാശലംഘന നോട്ടീസ്.

എം.എൽ.എ. ആസ്തിവികസന ഫണ്ടുപയോഗിച്ച് വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ചേലേമ്പ്ര ഉൾപ്പെടുന്ന ആറ് ഗ്രാമപഞ്ചായത്തുകളിലായി 33 സ്ഥലങ്ങളിൽ ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ജില്ലാ കളക്ടർ അനുമതി നൽകിയത് പ്രകാരം ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾ പുല്ലിക്കടവ് പാലം, പാറയിൽ, പൈങ്ങോട്ടൂർ, മിനി സ്റ്റേഡിയം, കോളക്കുത്ത് എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുകയും അവിടങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭിച്ചതിനെത്തുടർന്ന് 11-10-2019-ന് ഉദ്ഘാടനം തീരുമാനിച്ചിരുന്നെങ്കിലും ഉദ്ഘാടനത്തിന് മണിക്കൂറുകൾ മാത്രം ശേഷിക്കേ തന്നെ അറിയിക്കാതെ ഹൈമാസ്റ്റ്/മിനി മാസ്റ്റ് ലൈറ്റുകളുടെ വൈദ്യുതി കണക്ഷൻ ചേലേമ്പ്ര പഞ്ചായത്ത് സെക്രട്ടറി നിർദ്ദേശിച്ചതിനനുസരിച്ച് കെ.എസ്.ഇ.ബി. കടലുണ്ടി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ വിച്ഛേദിച്ചെന്ന് ആരോപിച്ചുകൊണ്ട് ശ്രീ. അബ്ദുൽ ഹമീദ് പി. നൽകിയ അവകാശ ലംഘന നോട്ടീസ്.

എം.ജി. സർവ്വകലാശാലയിലെ മാർക്ക് ദാനം സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് 14-10-2019-ലെ പത്രസമ്മേളനത്തിൽ ഉന്നയിച്ച ആരോപണങ്ങൾക്ക് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി

നൽകിയിരിക്കേ അതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ അവഹേളിക്കുന്നതിനും സമൂഹ മദ്ധ്യത്തിൽ താറടിച്ചു കാണിക്കുന്നതിനുമുള്ള മനഃപൂർവ്വമായ ഉദ്ദേശ്യത്തോടുകൂടി അധിക്ഷേപകരമായ പ്രസ്താവന നടത്തിയെന്നും ഒരു സാമാജികനെന്ന നിലയിലും പ്രതിപക്ഷനേതാവെന്ന നിലയിലുമുള്ള അവകാശങ്ങളുടെ ലംഘനമാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളതെന്നും ആയതിനാൽ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ഡോ. കെ. ഷറഫുദീനെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ നൽകിയ നോട്ടീസ്.

ടെണ്ടർ നടപടിയിൽ പാലിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് ജി.ഒ. (പി) നമ്പർ 16/2017 ഫിൻ. സർക്കാർ ഉത്തരവ് നിലനിൽക്കേ കെ.എസ്.ഇ.ബി.-യുടെ പുതിയ പദ്ധതിയായ ട്രാൻസ്ഗ്രിഡിന് പ്രസ്തുത നിയമങ്ങൾ ബാധകമല്ലെന്ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി 29-10-2019-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 31-നുള്ള ഉപചോദ്യങ്ങൾക്ക് മറുപടിയായി പറഞ്ഞുവെന്നും ടി പദ്ധതിയുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. ചെയർമാനും കിഫ്ബി സി.ഇ.ഒ.-യും ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും തമ്മിലൊരു ത്രികക്ഷി കരാർ പ്രകാരം ട്രാൻസ്ഗ്രിഡ് പദ്ധതിക്കും ഗവൺമെന്റ് ചട്ടങ്ങളാണ് ബാധകമാക്കേണ്ടതെന്നിരിക്കെ സർക്കാർ ഉത്തരവ് കെ.എസ്.ഇ.ബി.-ക്ക് സ്വീകാര്യമല്ലെന്ന നിലപാട് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചത് സഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടാണെന്നും ആയതിനാൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ. കെ. സി. ജോസഫ് നൽകിയ നോട്ടീസ്.

ഈ അവകാശലംഘന നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണ്.

## XII പ്രമേയം

### സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## XIII അവലോകനം

2016 ജൂൺ 2-ാം തീയതി സമ്മേളനം സമാരംഭിച്ച പതിനാലാം കേരള നിയമസഭ അതിന്റെ ഇരുനൂറാമത് സമ്മേളന ദിനമാണ് ഇന്നിവിടെ പൂർത്തീകരിക്കുന്നത്. കഴിഞ്ഞ പതിനാറ് സമ്മേളനങ്ങളിലൂടെ സാരവത്തായ ഒട്ടനവധി കാര്യങ്ങൾ നിർവ്വഹിക്കുവാൻ നമുക്ക് കഴിഞ്ഞത് ഭരണ-പ്രതിപക്ഷ കക്ഷിയിൽപ്പെട്ടവരുടെ സഹകരണം കൊണ്ടുമാത്രമാണ്. ഉപതെരഞ്ഞെടുപ്പിൽ വിജയിച്ചുവന്ന 6 പുതിയ സഭാംഗങ്ങളെ സ്വാഗതം ചെയ്തുകൊണ്ട് 2019 നവംബർ 28-ാം തീയതി ആരംഭിച്ച ഈ സമ്മേളനം 19 സിറ്റിംഗുകൾ പൂർത്തീകരിച്ചു കൊണ്ടാണ് ഇന്ന് അവസാനിക്കുന്നത്. കേരളപ്പിറവി ദിനമായ നവംബർ 1-ാം തീയതി മഹാത്മാഗാന്ധിയുടെ 150-ാം ജന്മ വാർഷികാഘോഷങ്ങളോടനുബന്ധിച്ചുള്ള ഒരു പ്രത്യേക സമ്മേളനമായിട്ടാണ് യോഗം ചേർന്നത്. മഹാത്മാ ഗാന്ധിയുടെ ചിന്തകൾക്ക് ആധുനികകാലത്തുള്ള പ്രസക്തിയെ സംബന്ധിച്ചുള്ള ഒരു ഓർമ്മപ്പെടുത്തലായിരുന്നു പ്രസ്തുത സമ്മേളനം. പൂർണ്ണമായും നിയമ നിർമ്മാണത്തിനുദ്ദേശിച്ചുകൊണ്ടുള്ള ഈ സമ്മേളനത്തിൽ 15 ദിവസം നിയമ നിർമ്മാണത്തിനും 2 ദിവസം അനൗദ്യോഗിക അംഗങ്ങളുടെ കാര്യത്തിനും 1 ദിവസം ഉപധനാഭ്യർത്ഥനകളുടെ ചർച്ചയ്ക്കുമായാണ് വിനിയോഗിച്ചത്. സഭയുടെ സമ്മേളനാരംഭത്തിൽ നിലവിലുണ്ടായിരുന്ന 16 ഓർഡിനൻസുകളിൽ 14 എണ്ണത്തിനും പകരം നിയമനിർമ്മാണം നടത്തുവാൻ നമുക്ക് കഴിഞ്ഞിരിക്കുകയാണ്. ഓർഡിനൻസിന് പകരമുള്ള ബില്ലുകളിൽ 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും ഏറ്റെടുക്കലും നടത്തിപ്പും ബിൽ, 2019-ലെ കേരള സ്വകാര്യസ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ, 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ എന്നിവ അതത് രംഗത്തെ പുതിയ നിയമങ്ങളും ഏറെ സാമൂഹ്യ പ്രാധാന്യം ഉൾക്കൊള്ളുന്നവയുമാണ്. നിലവിലുണ്ടായിരുന്ന 16 ഓർഡിനൻസുകളിൽ 14 ഓർഡിനൻസുകൾക്കുപകരമുള്ള നിയമങ്ങൾക്കുപുറമേ 2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ, 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ഭേദഗതി ബിൽ, 2018-ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ, 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ എന്നിവയും സഭ പാസ്സാക്കിയ ചരിത്രപ്രധാനമായ നിയമനിർമ്മാണങ്ങളാണ്.

ചട്ടം 50 പ്രകാരമുള്ള 17 നോട്ടീസുകൾ സമ്മേളന കാലയളവിൽ ലഭിച്ചെങ്കിലും അതിൽ 14 എണ്ണത്തിന് മാത്രമാണ് സഭാതലത്തിൽ ഉന്നയിക്കപ്പെടുവാൻ അവസരം ലഭ്യമായത്. ഈ സമ്മേളനവുമായി ബന്ധപ്പെട്ട് 570 നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളും 6657 നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 57 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. സഭാതലത്തിൽ 426 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി, തൊഴിലും എക്സൈസും വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി എന്നിവർ അതത് ദിവസം തന്നെ എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി എന്നിവർ ഈ സമ്മേളന കാലയളവിൽത്തന്നെ എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി, ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി എന്നിവർ നാമമാത്രമായ ചോദ്യങ്ങൾക്ക മാത്രമേ ഉത്തരം ലഭ്യമാക്കാൻ ബാക്കിയുള്ളൂ. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ മേൽ സൂചിപ്പിച്ച വകുപ്പുമന്ത്രിമാരുടെ മാതൃക എല്ലാ മന്ത്രിമാരും സ്വീകരിക്കേണ്ടതാണെന്നും ഇനിയും മറുപടി നൽകാനുള്ള എല്ലാ ചോദ്യങ്ങൾക്കും പൂർണ്ണമായ മറുപടി ചട്ടം അനുശാസിക്കുന്ന വിധം യഥാസമയം ലഭ്യമാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിമാർ ശ്രദ്ധിക്കണമെന്നും ചെയർ ഓർമ്മിപ്പിക്കുന്നു.

ഈ സമ്മേളന കാലയളവിൽ 33 ശ്രദ്ധ ക്ഷണിക്കലുകളും 190 സബ്മിഷനുകളും സഭാതലത്തിൽ ഉന്നയിക്കപ്പെട്ടു. ആർ.സി.ഇ.പി. കരാർ സംസ്ഥാനത്തെ കാർഷിക മേഖലയിലും ചെറുകിട വ്യവസായ മേഖലയിലും സൃഷ്ടിക്കാവുന്ന പ്രതിസന്ധി സംബന്ധിച്ച് ചട്ടം 130 പ്രകാരമുള്ള ചർച്ച ഈ സമ്മേളനത്തിൽ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ചട്ടം 275 പ്രകാരം ഒരു സബ്സ്റ്റാന്റീവ് പ്രമേയം സഭ പാസ്സാക്കുകയും ചെയ്തു. ബി.പി.സി.എൽ. സ്വകാര്യവത്ക്കരിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും

വയനാട്ടിലെ രാത്രി യാത്രാ നിരോധനം സംബന്ധിച്ച് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയും സംസ്ഥാനത്ത് സഹകരണ സംഘങ്ങൾക്ക് ആദായനികുതി ഇളവ് ലഭ്യമാക്കാൻ കഴിയുന്നവിധം ആദായനികുതി നിയമത്തിൽ ഭേദഗതി ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയും ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് അംഗീകരിക്കരുതെന്ന് ആവശ്യപ്പെട്ടു കൊണ്ട് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ചട്ടം 118 അനുസരിച്ച് ഗവൺമെന്റ് പ്രമേയങ്ങൾ അവതരിപ്പിക്കുകയും അവ ഐകകണ്ഠ്യേന സഭ പാസ്സാക്കുകയും ചെയ്തു.

സ്വന്തം കിടപ്പാടം ഈടുനൽകി വിവിധ ബാങ്കുകളിൽനിന്ന് വായ്പയെടുത്ത നിരവധിയാൾക്കാർ സർഫാസി ആക്ട് പ്രകാരമുള്ള ജപ്തി നടപടികൾ നേരിട്ടു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്ക് രൂപീകരിച്ചിരുന്ന നിയമസഭാ സമിതി അതിന്റെ റിപ്പോർട്ട് ഈ നിയമസഭാ കാലത്ത് സമർപ്പിക്കുകയുണ്ടായി.

പുതുവർഷത്തിൽ തുടക്കം കുറിക്കാനിരിക്കുന്ന സഭാ ടി.വി. എന്ന സംരംഭത്തിന്റെ ലോഗോയുടെയും തീം സോംഗിന്റെയും പ്രകാശനം ഈ സമ്മേളന കാലത്തു തന്നെ നിർവ്വഹിക്കാൻ കഴിഞ്ഞു. ഇ-നിയമസഭയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും അതിവേഗതയിൽ പുരോഗമിച്ച് വരുകയാണ്. സഭയുടെ അടുത്ത സമ്മേളനവുമായി ബന്ധപ്പെട്ടുള്ള ഏതാനും നടപടികളിലെങ്കിലും ഇ-നിയമസഭയുടെ ഭാഗമാക്കാനുള്ള അക്ഷീണ പ്രയത്നത്തിലാണ് നിയമസഭാ സെക്രട്ടേറിയറ്റ് എന്നുകൂടി ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുന്നു. പ്രത്യേക സമ്മേളനങ്ങൾ ചേർന്നുകൊണ്ട് നിയമനിർമ്മാണ പ്രക്രിയ കൂടുതൽ സജീവമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി ചേർന്ന ഈ സമ്മേളനത്തിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, വിവിധ കക്ഷിനേതാക്കൾ, അംഗങ്ങൾ എന്നിവരോട് ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടപടികളുമായി സഹകരിച്ച് പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റിലെയും വിവിധ വകുപ്പുകളിലെയും എല്ലാ ഉദ്യോഗസ്ഥർക്കും സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു. എല്ലാപേർക്കും ഹൃദ്യമായ ക്രിസ്തുമസ് നവവത്സരാശംസകൾ നേരുന്നു.

ഓർഡർ.... ഓർഡർ.... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു. (ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്ക് 12.01-ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

## അനുബന്ധം

### സബ്മിഷൻ

(1) നിയമസഭാംഗത്തെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടി സംബന്ധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടി

19-11-2019-ന് തിരുവനന്തപുരത്ത് കെ.എസ്.യു.-വിന്റെ നേതൃത്വത്തിൽ നടന്ന മാർച്ചിനിടയിൽ ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യ്ക്ക് പരിക്ക പറ്റിയതുൾപ്പെടെയുള്ള സംഭവങ്ങളിലേയ്ക്ക് നയിച്ച സാഹചര്യങ്ങളെക്കുറിച്ചും പോലീസ് നടപടികളെക്കുറിച്ചും അന്വേഷണം നടത്താൻ ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇന്നലെ സഭയിൽ പ്രഖ്യാപിച്ചതനുസരിച്ചുള്ള അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(2) വാഹന പ്രചരണത്തിനുള്ള അനുമതി സംബന്ധിച്ച് ശ്രീ. ആന്റണി ജോൺ എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടി

ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിനായി കേന്ദ്ര മലിനീകരണ ബോർഡ് 1990 ജനുവരിയിൽ സ്വീകരിച്ചിട്ടുള്ള നിയന്ത്രണമാർഗ്ഗങ്ങളിൽ പരസ്യ പ്രക്ഷേപണങ്ങൾക്ക് ഉച്ചഭാഷിണികൾ ഉപയോഗിക്കാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ വ്യവസ്ഥയുടെയും OP No.11016&26161/1998 എന്നീ കേസുകളിലെ 1-12-2019-ലെ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ വിധിയുടെയും അടിസ്ഥാനത്തിലാണ് ഉച്ചഭാഷിണികളുടെ ഉപയോഗത്തിൽ സംസ്ഥാനത്ത് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

(3) ചിതറ പോലീസ് സ്റ്റേഷൻ സംബന്ധിച്ച് ശ്രീ. മുല്ലക്കര രത്നാകരൻ എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടി

മുൻസർക്കാരിന്റെ കാലത്ത് കൊല്ലം ജില്ലയിലെ ചിതറ ഉൾപ്പെടെ ഏഴ് പോലീസ് സ്റ്റേഷനുകൾ അനുവദിച്ചുകൊണ്ട് 29-9-2015-ന് സർക്കാർ ഉത്തരവായിരുന്നു. എന്നാൽ ഈ പോലീസ് സ്റ്റേഷനുകൾക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയോ പ്രവർത്തനം ആരംഭിക്കുകയോ ഉണ്ടായില്ല. പിന്നീട് ചിതറ, മാഞ്ഞൂർ എന്നിവിടങ്ങളിലൊഴികെ അഞ്ചിടങ്ങളിൽ പരിമിത തോതിലാണെങ്കിലും പുനർവിന്യാസത്തിലൂടെ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് പ്രവർത്തനം തുടങ്ങിവച്ചിരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതോടൊപ്പം, 26-11-2018-ലെ സർക്കാർ

ഉത്തരവുപ്രകാരം ഭാഗികമായെങ്കിലും പ്രവർത്തനം തുടങ്ങിയിരുന്ന എടത്തല, ചെറുപുഴ, തങ്കമണി, മുട്ടം, മലയാലപ്പുഴ എന്നീ അഞ്ച് പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ തസ്തികകൾ അനുവദിച്ചുകൊണ്ട് പ്രവർത്തിച്ചുവരുന്നു.

ചിതറ, മാഞ്ഞൂർ എന്നിവിടങ്ങളിലും പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കാൻ ആവശ്യമായ തസ്തികകൾ അനുവദിക്കുന്ന കാര്യം ആഭ്യന്തര വകുപ്പിന്റെ സജീവ പരിഗണനയിലാണ്.

(4) കൊച്ചിയിൽ സമുദ്രനിരപ്പുയരുന്നത് സംബന്ധിച്ച് ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടി

കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും ഒരു യാഥാർത്ഥ്യമാണെന്ന് ശാസ്ത്രലോകം അംഗീകരിച്ചതാണ്. 2018 ഒക്ടോബറിൽ ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് (IPCC) പുറത്തിറക്കിയ റിപ്പോർട്ടിൽ ആഗോളതാപനം 1.5 ഡിഗ്രി സെൽഷ്യസിൽ വർദ്ധിക്കാതെ നിർത്താനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനം വൻതോതിൽ ബാധിക്കാനിടയുള്ള ഒരു പ്രദേശമായി കേരളം മാറുകയാണ്. 2050 ആകുമ്പോഴേയ്ക്കും ശരാശരി ആഗോള കടൽ നിരപ്പ് നിലവിലുള്ളതിനേക്കാൾ 20-30 സെന്റീമീറ്റർ വരെ വർദ്ധിക്കാനിടയുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം പ്രത്യേക ശ്രദ്ധ കൊടുക്കേണ്ട ഒരു വിഷയമാണിത്.

കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസിന്റെ കീഴിൽ നടത്തിയ ഒരു പഠനത്തിൽ വേമ്പനാട് കായലിന്റെ ആഴം വലിയതോതിൽ കുറയുന്നുണ്ടെന്ന് കണ്ടെത്തുകയുണ്ടായി. കായൽപരപ്പ് നികന്നുപോകുന്നതും കായൽതട്ടിൽ പുല്ലുവർഗ്ഗത്തിൽപ്പെട്ട സസ്യങ്ങൾ വളരുന്നതും അപകടകരമായ സ്ഥിതിയിലേയ്ക്ക് നയിക്കാനിടയാകും. കൂടുതൽ ചെളി അടിയുന്നതിനും പ്രളയ സാധ്യത വർദ്ധിക്കുന്നതിനും ഇത് കാരണമാകും.

2018 ആഗസ്റ്റിലെ മഹാപ്രളയത്തെത്തുടർന്ന് നെതർലാന്റ് സർക്കാരിന്റെ സഹായത്തോടെ നടത്തിയ പഠനത്തിൽ വേമ്പനാട് കായലിന്റെ ആഴം വർദ്ധിപ്പിക്കുന്നതിന് ലഭ്യമാകുന്ന ചെളി ഉപയോഗപ്പെടുത്തി വലിയ ബണ്ടുകൾ നിർമ്മിച്ച് വെള്ളപ്പൊക്ക പ്രതിരോധം ഒരുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നദികളുടെ സ്വാഭാവിക നീരൊഴുക്ക് സാധ്യമാക്കുന്ന റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കായലിൽ അടിഞ്ഞുകൂടുന്ന ചെളിമണ്ണ്, പരമ്പരാഗതമായി ജൈവവളമായി സമീപവാസികൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതാണ്. ഇത് പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കും. കായലിൽ അധികമായി മണ്ണടിയുന്നത് തടയാനായി നീർമറി പ്രദേശ പരിപാലന പ്രവൃത്തികൾ മണ്ണുസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് മാർഗ്ഗങ്ങൾ ആരായുന്നതിനായി 25-10-2019-ന് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തിരുവനന്തപുരത്ത് വിജയകരമായി നടപ്പിലാക്കിയ 'ഓപ്പറേഷൻ അനന്ത' മാതൃകയിൽ കൊച്ചിയിലും അടിയന്തരനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരുന്നു.

അമൃത് പദ്ധതിയിൽ 16 കോടി രൂപ വകയിരുത്തി തേവര-പേരണ്ടൂർ കനാലും മറ്റ് ചെറുതോടുകളും പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ചെളി നീക്കം ചെയ്യൽ, പാർശ്വഭിത്തി നിർമ്മാണം എന്നിവ നടത്തിവരുന്നു.

തണ്ണീർത്തടങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ കർശന നടപടികൾ കൈക്കൊള്ളുന്നതിനായി റാംസർ തണ്ണീർത്തടങ്ങളുമായി ബന്ധപ്പെട്ട ജില്ലകളിലെ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### (5) അക്ഷയകേന്ദ്രങ്ങൾ സംബന്ധിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടി

അക്ഷയ കേന്ദ്രങ്ങളിൽ അനിയന്ത്രിതമായി അനുഭവപ്പെടുന്ന തിരക്ക് കാരണം കൂടുതൽ അക്ഷയകേന്ദ്രങ്ങൾ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് സർക്കാരിന് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. പലയിടത്തും വ്യാജ ഓൺലൈൻ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായും അത്തരം കേന്ദ്രങ്ങൾ അമിത ഫീസ് ഈടാക്കി പൊതുജനങ്ങളെ ചൂഷണം ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിവിധ വിധിന്യായങ്ങളിലും അക്ഷയകേന്ദ്രങ്ങളുടെ പരമാവധി എണ്ണം, അകലം എന്നിവ നിശ്ചയിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ പുനഃപരിശോധിക്കപ്പെടേണ്ടതാണെന്ന് പരാമർശമുണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അക്ഷയകേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നതിനായുള്ള വ്യവസ്ഥകൾ സർക്കാർ പുനഃപരിശോധിക്കുകയും 30-10-2019-ലെ ഉത്തരവു പ്രകാരം പുതിയ വ്യവസ്ഥകൾ നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തു.

അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി വേണമെന്ന നിബന്ധനയും അക്ഷയ കേന്ദ്രങ്ങൾക്ക് പരമാവധി എണ്ണം നിശ്ചയിച്ചിരിക്കുന്നതും ഒഴിവാക്കുകയും അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള കുറഞ്ഞ ദൂരപരിധി ഒന്നര കിലോമീറ്ററായി കുറയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഓരോ പ്രദേശത്തെയും അക്ഷയ കേന്ദ്രങ്ങളുടെ ആവശ്യകത അക്ഷയ ഡയറക്ടർ, ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റി, സർക്കാർ തലത്തിലുള്ള പരിശോധനകളിലൂടെ വിലയിരുത്തിയശേഷം മാത്രമായിരിക്കും പുതിയ കേന്ദ്രങ്ങൾ അനുവദിക്കുക. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കേന്ദ്രങ്ങളുടെ നിലനിൽപ്പിനെ ബാധിക്കുന്ന തരത്തിൽ പുതിയ അക്ഷയകേന്ദ്രങ്ങൾ അനുവദിക്കാൻ ഉദ്ദേശിച്ചിട്ടില്ല.

അക്ഷയ സംരംഭകന് സർക്കാർ ജോലി ലഭിക്കുന്ന അവസരത്തിലോ/ശാരീരിക മാനസിക അസ്വസ്ഥതകളാൽ കേന്ദ്രം നടത്താൻ പറ്റാത്ത സാഹചര്യത്തിലോ ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/പ്രായപൂർത്തിയായ മകൻ/മകൾ എന്നിവർക്ക് അക്ഷയ കേന്ദ്രം കൈമാറ്റം ചെയ്യുന്നതിനാണ് പുതിയ ഉത്തരവുപ്രകാരം വ്യവസ്ഥയുള്ളത്. അക്ഷയകേന്ദ്രങ്ങളുടെ അനാവശ്യമായ കൈമാറ്റം ഒഴിവാക്കുന്നതിനായിട്ടാണ് മേൽ വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുള്ളത്. അർഹതയുള്ള കേസുകളിൽ കൈമാറ്റത്തിന് മേൽവ്യവസ്ഥകൾ യാതൊരു തരത്തിലും തടസ്സമല്ല.

ഒരു പൂർണ്ണ അക്ഷയകേന്ദ്രത്തിന് പ്രവർത്തന സാധ്യതയില്ലാത്ത കളക്ടറേറ്റുകൾ, സർവ്വകലാശാലകൾ മുതലായവയുടെ ക്യാമ്പസുകളിലാണ് ഉപകേന്ദ്രങ്ങൾ സാധാരണ അനുവദിക്കുന്നത്. ഓരോ ഉപകേന്ദ്രവും അനുവദിക്കുന്നതും റഗുലറൈസ് ചെയ്യുന്നതും പ്രത്യേകം പരിശോധിച്ച് മാത്രമേ ചെയ്യുകയുള്ളൂവെന്ന് 30-10-2019-ലെ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ നിലവിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങളെ ബാധിക്കാത്ത തരത്തിൽ മാത്രമാകും അക്കാര്യം പരിഗണിക്കുക.

അക്ഷയ സംരംഭകരുമായുള്ള എഗ്രിമെന്റ് അടിസ്ഥാനപ്പെടുത്തിയാണ് അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനം സർക്കാരിന് നിയന്ത്രിക്കാൻ കഴിയുന്നത്. ആയതിനാൽ ഇപ്പോൾ മാറ്റമൊന്നും വരുത്തിയിട്ടില്ല. എന്നാൽ എഗ്രിമെന്റിന്റെ കാലാവധി രണ്ടുവർഷമായി നിശ്ചയിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. കാലാവധി തീരുന്നമുറയ്ക്ക് എഗ്രിമെന്റ് പുതുക്കി അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിന് യാതൊരു തടസവുമില്ല.

### (6) ചേർത്തല മലബാർ സിമന്റ്സിലെ വിതരണ പ്രതിസന്ധി സംബന്ധിച്ച് ശ്രീമതി ഷാനിമോൾ ഉസ്മാൻ എം.എൽ.എ.-യുടെ സബ്മിഷന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി

മലബാർ സിമന്റ്സിന്റെ ചേർത്തല, പള്ളിപ്പുറം യൂണിറ്റിന്റെ ഉൽപ്പാദനശേഷി പ്രതിദിനം 600 ടണ്ണാണ്. എന്നാൽ സിമന്റ് മേഖലയിലെ വ്യാപാരമാന്ദ്യംമൂലം നിലവിൽ പ്രതിമാസ ഉൽപ്പാദനം 200 ടണ്ണായി കുറഞ്ഞിട്ടുണ്ട്. ഉൽപ്പാദനത്തിലെ കുറവ് നിലവിലെ കരാർ അടിസ്ഥാനത്തിലുള്ള കയറ്റിറക്ക് തൊഴിലാളികളുടെ വരുമാനം കുറയ്ക്കുന്നതിനും കാരണമായിട്ടുണ്ട്. ഈ യൂണിറ്റിൽനിന്നും സിമന്റ് വിതരണം ചെയ്യപ്പെടുന്ന മേഖലകളിലെ നിലവിലുള്ള ഡീലർമാർക്ക് പ്രോത്സാഹനം നൽകുന്ന രീതിയിൽ 1-11-2019 മുതൽ നവീകരിച്ച വിതരണ പദ്ധതികൾ നടപ്പിലാക്കുകയും ആയതിന്റെ ഫലമായി വിപണനത്തിൽ കാര്യമായ പുരോഗതി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വരുംനാളുകളിൽ ഉൽപ്പാദനവും വിപണനവും പൂർവ്വസ്ഥിതിയിൽ എത്തിക്കാനുള്ള നടപടി ഇതിനോടകം തന്നെ സ്വീകരിച്ചിട്ടുണ്ട്.

അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി കൃത്യമായി ടെണ്ടറുകളിൽ കമ്പനി പങ്കെടുക്കുകയും അസംസ്കൃത വസ്തുക്കൾ തടസം കൂടാതെ ലഭ്യമാക്കാനുള്ള സാഹചര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്.

ആവശ്യാനുസരണം കയറ്റിറക്ക് തൊഴിലാളികളെ ജോലിക്ക് നിശ്ചയിക്കാറാണ് പതിവ്. ജോലിസ്ഥിരത ഉറപ്പാക്കാൻ നിർവ്വാഹമില്ല. നിയമാനുസൃതവേതനം അവർക്ക് നൽകിവരുന്നുണ്ട്.

## (7) പത്തനംതിട്ട താലൂക്ക് രൂപീകരണം സംബന്ധിച്ച് ശ്രീമതി വീണാ ജോർജ്ജ് എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടി

കോന്നി, അടൂർ, മല്ലപ്പള്ളി, കോഴഞ്ചേരി, തിരുവല്ല, റാന്നി താലൂക്കുകളാണ് നിലവിൽ പത്തനംതിട്ട ജില്ലയിൽ ഉൾപ്പെട്ടിട്ടുള്ളത്. കോഴഞ്ചേരി താലൂക്കിനെ വിഭജിച്ച് 2014 ആഗസ്റ്റിലാണ് കോന്നി താലൂക്ക് രൂപീകൃതമായിട്ടുള്ളത്. നിലവിൽ കോഴഞ്ചേരി താലൂക്കിൽ 11-ഉം കോന്നി, അടൂർ താലൂക്കുകളിൽ 14-ഉം മല്ലപ്പള്ളി താലൂക്കിൽ 9-ഉം തിരുവല്ല താലൂക്കിൽ 12-ഉം റാന്നി താലൂക്കിൽ 10-ഉം വില്ലേജുകളാണുള്ളത്. തിരുവല്ല, കോഴഞ്ചേരി, കോന്നി താലൂക്കുകളിൽപ്പെടുന്ന വില്ലേജുകളെ പൊതുജനങ്ങൾക്ക് സൗകര്യപ്രദമാകുന്ന രീതിയിൽ വിഭജിച്ച് പത്തനംതിട്ട കേന്ദ്രീകരിച്ച് ഒരു പുതിയ താലൂക്ക് രൂപീകരിക്കുന്നതുവഴി ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതിനും ഭരണപരമായ കാര്യങ്ങൾ വേഗത്തിലാക്കുന്നതിനും കഴിയുമെന്ന ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അഭിപ്രായത്തോട് യോജിക്കുന്നു.

സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെയടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ടീമിന്റെ പ്രവർത്തനത്തിന്റെ ആദ്യഘട്ടമെന്നനിലയിൽ Kerala State Remote Sensing and Environment Centre എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള ഡാറ്റ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുകൂടാതെ എല്ലാ ജില്ലകളിൽനിന്നും എല്ലാ വില്ലേജുകളുടെയും വില്ലേജ് ഓഫീസ് സ്ഥിതിചെയ്യുന്ന ലൊക്കേഷന്റെ പേര്, വില്ലേജിൽ ഉൾപ്പെടുന്ന താലൂക്ക്, സ്വയംഭരണ സ്ഥാപനങ്ങളുടെ പേര്, പോളിംഗ് ബൂത്തുകളുടെയും ആകെയുള്ള വോട്ടർമാരുടെയും 2011-ലെ ജനസംഖ്യാ നിരക്ക് തുടങ്ങിയ വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത വിവരങ്ങളും സ്കെച്ചും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ടീമിന്റെ പഠന റിപ്പോർട്ട് ലഭ്യമാക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(8) ഉപാധിരഹിത പട്ടയം നൽകുന്നത് സംബന്ധിച്ച് ശ്രീ. കെ. യു. ജനീഷ് കുമാർ എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടി

പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിലെ ഭക്ഷ്യോൽപ്പാദന മേഖലയിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് വനം വകുപ്പിന് എതിർപ്പില്ലെന്നും എന്നാൽ നിലവിലെ കൈവശങ്ങളിൽ ഭൂരിഭാഗവും 1-1-977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റത്തിൽ ഉൾപ്പെട്ടുവരുന്നതായതുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ അനുമതിക്ക് വിധേയമായി മാത്രമേ പട്ടയം നൽകാൻ സാധിക്കൂ എന്ന് പത്തനംതിട്ട ജില്ലയിലെ ഗ്രോമോർ ഫുഡ് ഏരിയയിലെയും വനഭൂമിയിലെയും പട്ടയ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണുന്നതിനായി റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും വനംവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും പത്തനംതിട്ട ജില്ലാ കളക്ടറുടെ ചേമ്പറിൽ 18-1-2019-ന് കൂടിയ യോഗത്തിൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പി.സി.സി.എഫ്.) അറിയിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ 1-1-1977-നു മുമ്പ് വനഭൂമി കയ്യേറി വച്ചുവരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനം വകുപ്പുമായി ചേർന്നുനടത്തിയ സംയുക്ത പരിശോധനയിൽ വനഭൂമി കൈയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള 1970.04 ഹെക്ടർ ഭൂമിയുടെ വിവരങ്ങൾ Proposal No.P/KL/ENCRH/8556/2012 ആയി ഗവൺമെന്റിന്റെ അനുമതിക്കായി വനം വകുപ്പിന്റെ സഹായത്തോടുകൂടി നിർദ്ദേശപ്രകാരമുള്ള രേഖകളെല്ലാം ഓൺലൈനായി സമർപ്പിച്ചിട്ടുണ്ട്. അതിന്മേൽ കേന്ദ്രസർക്കാരിന്റെ അനുമതി എത്രയുംവേഗം ലഭിക്കുന്നതിന് സമ്മർദ്ദം ചെലുത്തുന്നുമുണ്ട്. കേന്ദ്രഗവൺമെന്റിന്റെ അനുമതി കിട്ടുന്നമുറയ്ക്ക് 1993-ലെ പ്രത്യേക ഭൂമിപതിവ് (1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിന് കഴിയുന്നതാണ്.

22-6-2019-ലെ സ.ഉ.(കൈ)നമ്പർ 189/2019/റവ. നമ്പർ ഉത്തരവു പ്രകാരം 1-1-1977-ന് മുമ്പ് വനഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്നവർക്ക് ആയത് പതിച്ചു കൊടുക്കുന്നതിനു വേണ്ടി വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തിയതും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ളതുമായ ഭൂമിക്ക് നിലവിൽ സംയുക്തപരിശോധനാ റിപ്പോർട്ട് ലഭ്യമല്ലാത്ത കേസുകളിൽ 1993-ലെ പ്രത്യേക ഭൂമി പതിവ് (1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) ചട്ടങ്ങളിലെ ചട്ടം 6,7 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിന് അനുമതി നൽകിയും കേന്ദ്രാനുമതി ലഭിച്ച കേസുകളിൽ

സംയുക്തപരിശോധന നടത്തിയ സമയത്ത് ഭൂമിയിൽ ഉണ്ടായിരുന്നതും ഇപ്പോൾ ടി ഭൂമിയിൽ ഇല്ലാത്തതുമായ മരങ്ങളുടെ വില ഒഴിവാക്കിയും ഇപ്പോൾ ഭൂമിയിൽ നിലനിൽക്കുന്ന മരങ്ങൾക്ക് നിലവിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ മരവില നിർണ്ണയിച്ച് നൽകിയും പട്ടയം അനുവദിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

(9) ആമചാടി തേവന്റെ വീടും സ്ഥലവും സംരക്ഷിക്കുന്നത് സംബന്ധിച്ച് ശ്രീമതി സി. കെ. ആശ എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടി

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ മണകുന്നം വില്ലേജ് ബ്ലോക്ക് 18-ൽ റീസർവ്വെ നമ്പർ 49/1-ൽപ്പെട്ട വസ്തുവിലാണ് വൈക്കം സത്യാഗ്രഹ സമര ചരിത്രത്തിൽ സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ച ആമചാടി തേവന്റെ കുടുംബവീടും കല്ലറയും സ്ഥിതിചെയ്യുന്നത്. റവന്യൂ റെക്കോർഡുകൾ പരിശോധിച്ചതിൽ, റീസർവ്വെ റെക്കോർഡുകൾ നിലവിൽ വന്നപ്പോൾ, ബി.റ്റി.ആർ. പ്രകാരം റിസർവ്വെ 49/2-ൽപ്പെട്ട 17.50 ആർ വസ്തു തണ്ടപ്പേർ നമ്പർ 73-ൽ (1) പറവൂർ മുറിയിൽ ആമചാടി തുരുത്തേൽ പുലകണ്ണൻ തേവൻ (2) പൂത്തോട്ട ആമചാടി തുരുത്തേൽ എ.റ്റി.പ്രഭാകരൻ എന്നിവർ പേർക്ക് ചേർത്തിരുന്നതാണ്, എന്നാൽ പിന്നീട് തൃപ്പൂണിത്തുറ റീസർവ്വെ സൂപ്രണ്ടിന്റെ 3-2-2005-ലെ 198/04-ാം നമ്പർ ഉത്തരവുപ്രകാരം പേര് മാറ്റം അനുവദിച്ച് കുട്ടോംപറമ്പിൽ വർക്കി മകൻ കുര്യാക്കോസ്, ടിയിൽ ടിയാൻ ഭാര്യ തങ്കമ്മ കുര്യാക്കോസ് എന്നിവർ പേർക്ക് ടി 17.50 ആർ വസ്തുവിന് റിക്കാർഡ് വന്നിട്ടുള്ളതുമാണ്. റീസർവ്വെ പ്രകാരം റെക്കോർഡുകൾ നിലവിൽ വന്നശേഷം ടി ഭൂമിയ്ക്ക് എപ്രകാരമാണ് പേര് മാറ്റം അനുവദിച്ച് ടി ആളുകളുടെ പേരിൽ കൂട്ടിയതെന്നും ടിയാളുകളുടെ പേരിൽ 2010-11 വരെ ടി വസ്തുവിന്റെ കരം സ്വീകരിച്ചതെന്നുമുള്ള കാര്യത്തെ സംബന്ധിച്ച് തൃപ്പൂണിത്തുറ റീസർവ്വെ സൂപ്രണ്ട് ഓഫീസിലെ മേൽ നമ്പർ ഫയൽ ഉൾപ്പെടെ പരിശോധിക്കേണ്ടതുണ്ട്. അതിനുള്ള നിർദ്ദേശം നൽകാവുന്നതാണ്. അപ്രകാരം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(10) കൈന്തൂർ ചിറ സംബന്ധിച്ച് ശ്രീ. കെ. രാജൻ എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി

പീച്ചി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട മണാലിപ്പുഴയ്ക്ക് കുറുകെയുള്ള ചിറ, സ്ലൂയിസ്-കം-ബ്രിഡ്ജ് ആക്കുന്നത് സംബന്ധിച്ച പ്രവൃത്തി പീച്ചി ഡാമിന്റെ 8 കിലോമീറ്ററിന് താഴെ കൈന്തൂർ പ്രദേശത്താണ് വിഭാവനം ചെയ്തിരിക്കുന്നത്.

ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയതിൻപ്രകാരം 2017-18-ൽ കൈന്നൂർ ചിറ റെഗുലേറ്റർ-കം-ബ്രിഡ്ജ് പുനർനിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷനു വേണ്ടി മൂന്നു ലക്ഷത്തി ഇരുപതിനായിരം (3,20,000) രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 26-12-2018-ന് ടെണ്ടറും 28-1-2019, 26-2-2019 എന്നീ തീയതികളിലായി റീ-ടെണ്ടറും നടത്തിയെങ്കിലും കരാറുകാർ ആരുംതന്നെ പ്രതികരിക്കാത്തതിനാൽ പ്രവൃത്തി നടപ്പിലാക്കുവാൻ സാധിച്ചില്ല. അതിനെ തുടർന്ന് ക്വട്ടേഷൻ ഷെഡ്യൂളുകൾ കരാറുകാരിൽ നിന്നും നിരക്ക് രേഖപ്പെടുത്തി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ക്വട്ടേഷനുകൾക്കും കരാറുകാരിൽ നിന്നും പ്രതികരണം ഉണ്ടായില്ല. അതിനാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുന്നതിനുവേണ്ടി കെ.ഇ.ആർ.ഐ.-യുടെ കീഴിലുള്ള കൺസ്ട്രക്ഷൻ മെറ്റീരിയൽസ് ആൻഡ് ഫൗണ്ടേഷൻ എഞ്ചിനീയറിംഗ് വിംഗിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പര്യവേക്ഷണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിച്ച് അടുത്ത സാമ്പത്തികവർഷം നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(11) സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് ശ്രീ. എൻ. വിജയൻ പിള്ള എം.എൽ.എ.-യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടി

കൊല്ലം ചവറ നിയോജകമണ്ഡലത്തിലെ ശങ്കരമംഗലം ജംഗ്ഷന് സമീപത്തായി KMML ഫാക്ടറി, മിനി സിവിൽ സ്റ്റേഷൻ, കാട്ടിൽ മേക്കതിൽ ക്ഷേത്രം, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ, ഗേൾസ് ഹൈസ്കൂൾ, ചവറ ഗവൺമെന്റ് കോളേജ്, ലൂർദ് മാതാ ഇംഗ്ലീഷ് മീഡിയം സ്കൂൾ തുടങ്ങി നിരവധി സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നതിനാൽ നാഷണൽ ഹൈവേയുടെ പടിഞ്ഞാറും കിഴക്കും വശങ്ങളിൽനിന്നും വരുന്ന വാഹനങ്ങളും കാൽനടയാത്രക്കാരും നാഷണൽ ഹൈവേയിൽ പ്രവേശിക്കുന്ന സമയം ഗതാഗതതടസ്സവും അപകടങ്ങളും ഉണ്ടാകാതിരിക്കാൻ സാംസ്കാരിക തനിമ നിലനിർത്തി ഒരു സിഗ്നൽ റൗണ്ട് നിർമ്മിച്ച് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്നും ഇതുസംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് NATPAC-നെ ചുമതലപ്പെടുത്താവുന്നതാണെന്നും ഇന്റലിജൻസ് പോലീസ് സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്.

സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഒരു അംഗീകൃത ഏജൻസിയുടെ പഠന റിപ്പോർട്ട് സഹിതം കേരള റോഡ് സുരക്ഷാ അതോറിറ്റി നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നിശ്ചിത മാതൃകയിൽ വിശദമായ എസ്റ്റിമേറ്റ് സഹിതം

സമർപ്പിക്കുന്നപക്ഷം ആയത് പരിശോധിച്ച് എത്രയുംപെട്ടെന്ന് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് റോഡ് സുരക്ഷാ കമ്മീഷണർ വ്യക്തമാക്കിയിട്ടുണ്ട്. ടി സ്ഥലത്ത് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി എസ്റ്റിമേറ്റ് സഹിതം കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് അടിയന്തരമായി പ്രൊപ്പോസൽ സമർപ്പിക്കാൻ NATPAC-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(12) <u>കയർ സഹകരണ സംഘങ്ങളിലെ ശമ്പള പരിഷ്കരണം സംബന്ധിച്ച് ശ്രീ. വി. ജോയി, എം.എൽ.എ.-യുടെ സബ്മിഷന് ധനകാര്യവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

കയർ സഹകരണ സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ, ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങൾ എന്നിവയിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനായി 15-10-2018-ൽ സർക്കാർ ഉത്തരവ് (സാധാ)1194/2018/വ്യവ. പ്രകാരം ശ്രീ. റ്റി. ആർ. ബോസ് അദ്ധ്യക്ഷനും കയർ വികസന അഡീഷണൽ ഡയറക്ടർ കൺവീനറുമായ 11 അംഗസമിതിയെ നിയോഗിച്ചിട്ടുണ്ട്. ഈ സമിതി സംസ്ഥാനത്തെ 10 പ്രോജക്ടുകളിലെ ജീവനക്കാരെയും കയർരംഗത്തെ സഹകാരികളെയും മറ്റ് സ്റ്റേറ്റ് ഹോൾഡേഴ്സിനെയും പ്രോജക്ട് തലത്തിൽ വിളിച്ചുചേർത്ത യോഗങ്ങളിലേയ്ക്ക് ക്ഷണിച്ച് വിശദാംശങ്ങൾ ശേഖരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 5-8-2019-ൽ കൊല്ലം ഗസ്റ്റ് ഹൗസിൽ വച്ച് നടന്ന യോഗത്തിൽ വച്ച് റിപ്പോർട്ടിന് അന്തിമരൂപം നൽകിയിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിന് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

കയർ സഹകരണ സംഘങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് നാളിതുവരെ പെൻഷൻ ലഭിക്കുന്നതിന് പ്രത്യേകമായൊരു പദ്ധതി നിലവിലില്ലായിരുന്നു. സഹകരണ പെൻഷൻ ബോർഡ് സഹകരണ മേഖലയിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നുണ്ടെങ്കിലും പല കാരണങ്ങൾ കൊണ്ടും മുടങ്ങാതെ വിഹിതം അടക്കാൻ കഴിയാത്തതുകൊണ്ട് ഒട്ടുമിക്ക കയർ സഹകരണ സംഘങ്ങളിലേയും ജീവനക്കാർക്ക് പെൻഷൻ ബോർഡിൽ പണം അടച്ച് അംഗങ്ങളാകുന്നതിനും തുടർന്ന് പെൻഷൻ ലഭിക്കുന്നതിനും സാധിച്ചിരുന്നില്ല. കയർ നഷ്ടപ്പെട്ടുപോയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർമാർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ സ്വീകരിക്കുന്നതിന് പെൻഷൻ ഫണ്ട് ബോർഡുമായി ധാരണയിലെത്തിയിട്ടുണ്ട്. ഈ പദ്ധതി എത്രയുംപെട്ടെന്ന് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

(13) എലിവേറ്റഡ് ഹൈവേയ്ക്ക് കിഫ്ബിയുടെ അംഗീകാരം സംബന്ധിച്ച് ശ്രീ. റോജി എം. ജോൺ എം.എൽ.എ.-യുടെ സബ്മിഷന് ധനകാര്യവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടി

അങ്കമാലി - കൊച്ചി എയർപോർട്ട് ബൈപ്പാസ് പദ്ധതി 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 27-9-2016-ലെ സ.ഉ.(സാധാ)നമ്പർ 1324/2016/പൊ.മ. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയ SPV ആയ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ഓഫ് കേരള, കിഫ്ബിയിൽ സമർപ്പിച്ച 193.48 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിച്ച് 190.16 കോടി രൂപയ്ക്ക് 16-12-2017-ൽ കിഫ്ബി അംഗീകാരം നൽകിയിരുന്നു.

N.H.47-ൽ കരയാംപറമ്പിൽ നിന്നും തുടങ്ങി പ്രസ്തുത നാഷണൽ ഹൈവേയുടെ പടിഞ്ഞാറുഭാഗത്തുകൂടെ അങ്കമാലി റെയിൽവേ ജംഗ്ഷനിൽ അവസാനിക്കുന്ന 3.27 കിലോമീറ്റർ നീളമുള്ള embanked formation, ബൈപ്പാസാണ് KIIFB അംഗീകരിച്ചത്. എന്നാൽ കേരളത്തിൽ അടുത്തകാലത്തായി ഉണ്ടായ പ്രളയത്തിന്റെ വെളിച്ചത്തിലും എം.എൽ.എ.-യുടെ ആവശ്യപ്രകാരവും വിശദമായ സാങ്കേതികപഠനം നടത്തി എംബാങ്ക്മെന്റ് ഒഴിവാക്കി എലിവേറ്റഡ് ഹൈവേ നിർമ്മിക്കാമെന്ന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. 1.795 കി.മീ. elevated റോഡ് ഉൾപ്പെടെ 3.115 കി.മീറ്റർ റോഡ് നിർമ്മിക്കുന്നതിനുള്ള 284.29 കോടി രൂപയുടെ പുതുക്കിയ റിപ്പോർട്ട് 8/2019-ൽ കിഫ്ബിയിൽ സമർപ്പിക്കുകയുണ്ടായി. ഇതുകൂടാതെ ഈ ബൈപ്പാസിന് 6 ലൈനിനുപകരം 4 ലൈൻ മതിയാകുമെന്ന് പഠനം നടത്തി കണ്ടെത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി ഇതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്തിട്ടുള്ളതുമാണ്.

എലിവേറ്റഡ് ഹൈവേ ഉൾപ്പെടുത്തി RBDCK സമർപ്പിച്ചിട്ടുള്ള ഡി.പി.ആർ. പരിശോധനയുടെ ഭാഗമായി പദ്ധതിപ്രദേശം കിഫ്ബിയിലെ വിദഗ്ദ്ധസംഘം പരിശോധിച്ചിരുന്നു. കഴിഞ്ഞ വർഷത്തെ പ്രളയസമയത്തെ മാക്സിമം ഫ്ലഡ് ലെവൽ കൂടി കണക്കിലെടുത്തുവേണം എലിവേറ്റഡ് ഹൈവേ നിർമ്മിക്കേണ്ടതെന്നതിനാൽ, അതിനനുസൃതമായി drawings-ലും estimates-ലും മാറ്റങ്ങൾ വരുത്തി നൽകുവാൻ എസ്.പി.വി. ആയ RBDCK-ക്ക് 23-10-2019-ൽ

നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്.പി.വി.-യിൽ നിന്നും കുറ്റമറ്റ രീതിയിലുള്ള മറുപടി കിട്ടിയാൽ അടുത്ത് കൂടുന്ന കിഫ്ബി ബോർഡിൽ പ്രസ്തുത പദ്ധതി പരിഗണിക്കുന്നതിനുവേണ്ട എല്ലാ നടപടികളും കൈക്കൊള്ളുന്നതാണ്.

## (14) വയനാട് കാർഷിക പാക്കേജ് സംബന്ധിച്ച് ശ്രീ. സി. കെ. ശശീന്ദ്രൻ എം.എൽ.എ.-യുടെ സബ്മിഷന് കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടി

കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ കെടുതികൾ ഏറ്റവും വേഗത്തിൽ അനുഭവിക്കേണ്ടിവരുന്ന ഭൂപ്രദേശമായി വയനാട് ജില്ല മാറിയിരിക്കുകയാണ്. 2016-ലെ രൂക്ഷമായ വരൾച്ചയും 2018-ലെയും 2019-ലെയും വെള്ളപ്പൊക്കവും മഴക്കെടുതികളും വയനാടിനെ ഗുരുതരമായ നിലയിലാണ് ബാധിച്ചത്. അടിക്കടി ഉണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനവും സുസ്ഥിരമല്ലാത്ത ഭൂവിനിയോഗ സമ്പ്രദായവും കീടരോഗബാധകളും കാർഷികോൽപ്പന്നങ്ങളുടെ വിലയിലുണ്ടാകുന്ന വ്യാപകമായ ഏറ്റക്കുറച്ചിലുകളും വയനാട് ജില്ലയുടെ കാർഷികരംഗത്തെ വൻതോതിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, വയനാട്ടിലെ പ്രമുഖ വിളയായ കുരുമുളക് ഉൾപ്പെട്ട കാർഷിക വിളകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് "വയനാട് പാക്കേജ്" എന്ന പേരിൽ ഒരു പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം വയനാട് പാക്കേജിനായി 17 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കുരുമുളക് കൃഷിയുടെ വികസനത്തിനായി വിവിധ ഘടകങ്ങളിലായി കർഷകർക്ക് ധനസഹായം നൽകിവരുന്നു. നിലവിലുള്ള കുരുമുളകിന് പുതിയ താങ്ങുമരങ്ങൾ വച്ചുപിടിപ്പിക്കൽ, കുരുമുളക് കൃഷി വ്യാപനം, കുരുമുളക് തോട്ടങ്ങളുടെ സമഗ്രവികസനം, ദ്രുതവാട്ടത്തിനെതിരെ സംയോജിത കീടനിയന്ത്രണം, വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ സ്ഥാപിക്കൽ, സെക്കണ്ടറി/സൂക്ഷ്മമൂലകങ്ങൾ/ജൈവ കീടനാശിനികളുടെ വിതരണം, മാതൃതോട്ടങ്ങളുടെ സംരക്ഷണം, ഫാർമേഴ്സ് ഫീൽഡ് സ്കൂളുകൾ, പുതിയ ടെക്നോളജിയുടെ ഫ്രണ്ട് ലൈൻ ഡെമോൺസ്ട്രേഷനുകൾ, കുരുമുളക് സമിതികളുടെ ശാക്തീകരണം, പ്രവർത്തന ചെലവുകൾ എന്നിവയ്ക്ക് പാക്കേജ് പ്രകാരം ധനസഹായം നൽകിവരുന്നുണ്ട്.

തുടർച്ചയായി ഉണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങളുടെയും കാർഷിക മേഖലയിലെ പ്രതിസന്ധികളുടെയും പശ്ചാത്തലത്തിൽ, വയനാട് ജില്ലയ്ക്ക് മാത്രമായി ഒരു പ്രത്യേക കാർഷിക പാക്കേജ് ഉണ്ടാകണമെന്നുതന്നെയാണ് കൃഷി വകുപ്പിന്റെ നിലപാട്. വയനാട് ജില്ലയ്ക്കുവേണ്ടി പ്രത്യേക കാർഷിക പാക്കേജ് അനുവദിക്കുന്ന കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

വയനാട് പാക്കേജിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പദ്ധതി ഘടകം | ധനസഹായ നിരക്ക് | പദ്ധതി ലക്ഷ്യം | |
|---|---|---|---|---|
| | | | ഭൗതികം | സാമ്പത്തികം (ലക്ഷത്തിൽ ) |
| (1) | (2) | (3) | (4) | (5) |
| I കുരുമുളക് വികസനം | | | | |
| 1 | താങ്ങുമരങ്ങൾ നടുന്നതിന് ധനസഹായം | 10 രൂപ/ താങ്ങുമരം | 1 ലക്ഷം താങ്ങു മരങ്ങൾ വച്ചു പിടിപ്പിക്കൽ | 10.00 |
| 2 | പുതുതായി കുരുമുളക് കൃഷി ചെയ്യുന്നതിന് ധനസഹായം | ഹെക്ടറൊന്നിന് 20,000 രൂപ വീതം | 504 ഹെക്ടർ | 100.8 |
| 3 | കുരുമുളക് തോട്ടങ്ങളുടെ സമഗ്ര വികസനം | ഹെക്ടറൊന്നിന് 20,000 രൂപ വീതം | 1500 ഹെക്ടർ | 300.00 |
| 4 | സംയോജിത കീടനിയന്ത്രണം | 10,000 രൂപ/ഹെ. | 4920 ഹെക്ടർ | 491.96908 |
| 5 | കുരുമുളകിന്റെ വികേന്ദ്രീകൃത നഴ്സറികൾ | 30,000 രൂപ/നഴ്സറി | 10 നഴ്സറികൾ | 3.0 |
| 6 | സെക്കണ്ടറി/സൂക്ഷ്മ മൂലകങ്ങൾ/ജൈവ കീടനാശിനികൾ | 20,000 രൂപ/ഹെ. | 500 ഹെക്ടർ | 10.0 |
| 7 | മാതൃതോട്ടങ്ങളുടെ സംരക്ഷണത്തിന് ധനസഹായം | ഒരു താങ്ങുമരത്തിന് 250 രൂപ നിരക്കിൽ ഒരു ഹെക്ടറിലെ 1000 താങ്ങുമരത്തിന് 2.5 ലക്ഷം രൂപ വീതം | 25 ഹെക്ടർ | 62.5 |
| 8 | ഫാർമേഴ്സ് ഫീൽഡ് സ്കൂളുകൾ | ഒരു കർഷകന് 200 രൂപ വീതം 25 കർഷകർക്ക് 14 ദിവസത്തേയ്ക്ക് 70,000 രൂപ/ ഫീൽഡ് സ്കൂളുകൾ | 3 ഫാർമേഴ്സ് ഫീൽഡ് സ്കൂളുകൾ | 2.1 |
| 9 | പുതിയ ടെക്നോളജിയുടെ ഫ്രണ്ട് ലൈൻ ഡെമോൺട്രേഷൻ (50 സെന്റ് വീതമുള്ള പ്ലോട്ടുകളിൽ) | 50 സെന്റ് പ്ലോട്ടുകൾ 10,000 രൂപ വീതം | 3 ഡെമോൺട്രേഷൻ | 0.3 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10 | കുരുമുളക് സമിതികളുടെ ശാക്തീകരണം | സമിതിയൊന്നിന് 10,000 രൂപ വീതം | 100 സമിതികൾക്ക് | 10.00 |
| 11 | പ്രവർത്തന ചെലവുകൾ | ജില്ലാതലം 0.5 ലക്ഷം ബ്ലോക്ക് തലത്തിൽ 0.2 ലക്ഷം വീതം 4 ബ്ലോക്കുകൾക്ക് | | 1.30 |
| | ആകെ | | | 991.96908 ലക്ഷം രൂപ |
| II | പദ്ധതി നടപ്പിലാക്കൽ യൂണിറ്റ് | | | 23.23 ലക്ഷം |
| III | ജാതി കൃഷി വ്യാപനം | | | 50 ലക്ഷം |
| IV | മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്നപദ്ധതികൾക്കും പ്രളയ അതിജീവനത്തിന്റെ ഭാഗമായുള്ള കാർഷിക പദ്ധതികൾക്കും | | | 620 ലക്ഷം |
| V | 2018-19-ൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങൾക്ക് നടപ്പുവർഷം അനുവദിച്ച തുക (ക്യൂ-ബിൽ) | | | 8.80092 ലക്ഷം |
| | ആകെ | | | 1700 ലക്ഷം |

(15) ഏനാനല്ലൂരിൽ എസ്.സി./എസ്.ടി. മോഡൽ റെസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീ. എൽദോ എബ്രഹാം എം.എൽ.എ.-യുടെ സബ്മിഷന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി

പട്ടികജാതി വികസന വകുപ്പിനുകീഴിൽ മൂവാറ്റുപുഴ മണ്ഡലത്തിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള ഒരു നിർദ്ദേശം ബഹുമാനപ്പെട്ട എം.എൽ.എ. സമർപ്പിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഏനാനല്ലൂർ വില്ലേജുകളിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള 12.95 ഏക്കർ സ്ഥലമാണ് മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുവാനായി കണ്ടെത്തിയിട്ടുള്ളത്. പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച തർക്കം ഇപ്പോൾ ആർ.പി. നമ്പർ 422/13 നമ്പർ കേസായി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിവിധി വന്നശേഷമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## (16)ആലിമൂലയിലെ ഉരുൾപൊട്ടൽ സംബന്ധിച്ച് ശ്രീ. ഇ. കെ. വിജയൻ എം.എൽ.എ.-യുടെ സബ്മിഷന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി

നാദാപുരം മണ്ഡലത്തിലെ വിലങ്ങാട് വില്ലേജിലെ ആലിമൂലയിൽ 2019 ആഗസ്റ്റ് 8-നുണ്ടായ ഉരുൾപൊട്ടലിൽ വ്യാപകമായ നാശനഷ്ടം സംഭവിച്ചിട്ടുണ്ടെന്നും ഭാവിയിലും പ്രദേശത്ത് ഉരുൾപൊട്ടൽ സാധ്യതയുണ്ടെന്ന് പഠനറിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ആദിവാസി കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കണമെന്നും ആവശ്യപ്പെട്ടാണ് സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്.

2019-ലെ പ്രകൃതിക്ഷോഭത്തിൽ വാണിമേൽ പഞ്ചായത്തിലെ അടുപ്പിൽ കോളനിയിൽ ഉരുൾപൊട്ടലുണ്ടായപ്പോൾ 42 കുടുംബങ്ങളെ താൽക്കാലിക ക്യാമ്പിലേയ്ക്ക് മാറ്റിപ്പാർപ്പിച്ചിരുന്നു. കോളനിയിലെ ഒരു വീട് പൂർണ്ണമായി തകരുകയും 3 വീടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. ആകെ 75 കുടുംബങ്ങളാണ് കോളനിയിൽ താമസിക്കുന്നത്. ഇതിൽ 52 കുടുംബങ്ങൾക്ക് സ്വന്തമായി വീടുണ്ട്. ഉരുൾപൊട്ടലിൽ കോളനിയിലെ പട്ടികവർഗ്ഗക്കാർക്ക് ആർക്കും പരിക്കുകൾ പറ്റിയിട്ടില്ല. ഭാവിയിലും ഉരുൾപൊട്ടൽ സാധ്യതയുള്ളതായി പഠനറിപ്പോർട്ട് നൽകിയതിനാൽ ആദിവാസി കുടുംബങ്ങളെ വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിപ്പാർപ്പിച്ചിട്ടാണുള്ളത്.

ഉരുൾപൊട്ടിയ ആലിമൂല റോഡ് നന്നാക്കാൻ ജില്ലാ പഞ്ചായത്ത് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഉരുട്ടി പാലം താൽക്കാലികമായി പുന:സ്ഥാപിച്ചിട്ടുണ്ട്. വിലങ്ങാട് ടൗൺ പാലം പുന:സ്ഥാപിക്കാൻ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്.

ദുരന്തനിവാരണ വകുപ്പിന്റെ റിപ്പോർട്ടുപ്രകാരം അടിപ്പിൽ കോളനിയിൽ ഭാവിയിലും ഉരുൾപൊട്ടൽ സാധ്യതയുള്ളതിനാൽ കോളനിയിലെ മുഴവൻ കുടുംബങ്ങളെയും മാറ്റി പാർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 15-11-2019-ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ റവന്യൂ വകുപ്പ് മുഖേന മുഴവൻ കുടുംബങ്ങൾക്കും സ്ഥലംവാങ്ങി പുനരധിവസിപ്പിക്കുന്നതിനുള്ള തീരുമാനമായിട്ടുണ്ട്. അടുപ്പിൽ കോളനിയിലെ പട്ടികവർഗ്ഗക്കാരെ മാറ്റിപാർപ്പിക്കുന്നതിനായി 4 ഏക്കറോളം ഭൂമി വാണിമേൽ പഞ്ചായത്തിൽ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം പരിശോധിച്ച് വാസയോഗ്യമാണോ എന്ന് റിപ്പോർട്ട് ചെയ്യുവാൻ ദുരന്തനിവാരണ വകുപ്പിന്റെയും ജിയോളജി വകുപ്പിന്റെയും ഒരു ടീമിനോട് ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. സ്ഥലം

വാങ്ങി കോളനിക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു.

(17) വളക്കൈ -കൊയ്യം റോഡ്, ശ്രീകണ്ഠാപുരം-ചെമ്പന്തൊട്ടി-നടുവിൽ റോഡ് നിർമ്മാണം സംബന്ധിച്ച് ശ്രീ. കെ. സി. ജോസഫ് എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി

വളക്കൈ -കൊയ്യം റോഡ്

ഇരിക്കൂർ മണ്ഡലത്തിൽപ്പെടുന്ന പ്രസ്തുത റോഡിന്റെ (0/000 മുതൽ 4/500 വരെ) ഉപരിതലം യാത്രായോഗ്യമാക്കുന്നതിന് എസ്.എൽ.ടി.എഫ്. പ്രവൃത്തിയിൽ ഉൾപ്പെടുത്തി 15 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി. 1-11-2019-ന് ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ ടെണ്ടറിന് അനുമതി നൽകുകയും എഗ്രിമെന്റ് വയ്ക്കുന്നതിന് കരാറുകാരന് നോട്ടീസ് അയയ്ക്കുകയും ചെയ്തു. ഉടൻതന്നെ പ്രവൃത്തി ആരംഭിക്കുന്നതാണ്.

ശ്രീകണ്ഠാപുരം-ചെമ്പന്തൊട്ടി-നടുവിൽ റോഡ്

പ്രസ്തുത റോഡ് കിഫ്ബി ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിന് 15 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി നൽകുകയും തുടർന്ന് ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് 33.64 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് കിഫ്ബിയിലെ സാങ്കേതികവിദഗ്ദ്ധർ സ്ഥലപരിശോധന നടത്തുകയും ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾക്കനുസരിച്ച് ഡി.പി.ആർ. ഉടൻ തന്നെ പുതുക്കി സമർപ്പിക്കുന്നതാണ്.

(18) ആറ്റിങ്ങൽ - മൂന്നുമുക്ക് - ടി.ബി. ജംഗ്ഷൻ റോഡ് വികസനം സംബന്ധിച്ച് ശ്രീ. ബി. സത്യൻ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി

പ്രധാന പാത വികസനവുമായി ബന്ധപ്പെട്ട് ആറ്റിങ്ങൽ പൂവൻപാറ മുതൽ മൂന്നുമുക്ക് വരെ നാലുവരി ആക്കൽ പ്രവൃത്തിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള പോസ്റ്റ് ഓഫീസ് വക 2.43 സെന്റ് സ്ഥലം ഭൂമി കൈമാറി കിട്ടേണ്ടതുണ്ട്. 12-7-2017-ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേന്ദ്ര സർക്കാർ അധീനതയിലുള്ള ജനറൽ പോസ്റ്റ് ഓഫീസിന്റെ കൈവശമുള്ള സ്ഥലം വിട്ടുനൽകാൻ പോസ്റ്റ് ഓഫീസ് അധികൃതർ ഒരുക്കമാണെങ്കിലും പ്രസ്തുത സ്ഥലം വിട്ടുകിട്ടുന്നതിന് ക്യാബിനറ്റിന്റെ തീരുമാനം ആവശ്യമാണെന്ന് യോഗത്തിൽ പങ്കെടുത്ത തപാൽ വകുപ്പ് ഡെപ്യൂട്ടി സൂപ്രണ്ട് യോഗത്തെ അറിയിക്കുകയുണ്ടായി. തുടർന്ന് ടി യോഗത്തിൽ സ്ഥലം

വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. ആറ്റിങ്ങൽ ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരമായി മൂന്നുമുക്ക് മുതൽ ടി.ബി. ജംഗ്ഷൻ വരെ മൂന്ന് കിലോമീറ്റർ ദൂരം വികസിപ്പിക്കുവാനുള്ള കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും കേന്ദ്രഗവൺമെന്റിന്റെ തീരുമാനം വൈകുന്നതിനാലാണ് പോസ്റ്റ് ഓഫീസ് ഭൂമി ലഭ്യമാകാത്തതെന്നും ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സംസ്ഥാന സർക്കാർ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

### (19) തിരൂർ അമിനിറ്റി സെന്റർ സംബന്ധിച്ച് ശ്രീ. സി. മമ്മൂട്ടി, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി

തിരൂർ അമിനിറ്റി സെന്ററിനുവേണ്ടി ആശ്വാസ് മുഖേന 'സിൽക്ക്' ഏജൻസി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിരുന്നു. അതിനുശേഷം കെട്ടിട നമ്പർ ലഭിക്കുന്നതിനുവേണ്ടി തിരൂർ എം.എൽ.എ.-യുടെ നിർദ്ദേശാനുസരണം പൊതുമരാമത്ത് വകുപ്പ് തിരൂർ ബിൽഡിംഗ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തിരൂർ മുനിസിപ്പാലിറ്റിയിൽനിന്നും കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതുമാണ്. കെട്ടിട നമ്പർ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് നിർമ്മാണ ഏജൻസിയായ 'സിൽക്ക്' അധികൃതർ കെട്ടിടത്തിന്റെ താക്കോലുകൾ തിരൂർ ബിൽഡിംഗ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് താൽക്കാലികമായി കൈമാറിയിരുന്നു. എന്നാൽ ഔദ്യോഗികമായി കെട്ടിടം കൈമാറേണ്ട ആശ്വാസ് അധികൃതരിൽനിന്നും ഇതുസംബന്ധിച്ച തുടർനടപടികൾ ഉണ്ടായില്ല. കെട്ടിടനിർമ്മാണം പൊതുമരാമത്ത് വകുപ്പിനുകീഴിലല്ല നടത്തിയിട്ടുള്ളതെങ്കിലും സ്ഥിതി ചെയ്യുന്നത് പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗത്തിനുകീഴിലുള്ള സ്ഥലത്താണ്.

ടി കെട്ടിടത്തിന്റെ വാടക നിർണ്ണയിച്ച് നൽകുന്നതിനായി സർക്കാർ ആവശ്യപ്പെട്ടതുപ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള മാനദണ്ഡമനുസരിച്ചും തിരൂർ തഹസീൽദാർ അനുവദിച്ച ഭൂവില നിർണ്ണയ സാക്ഷ്യപത്രം അടിസ്ഥാനമാക്കിയും മേൽ കെട്ടിടത്തിന് പ്രതിമാസം 18,712 രൂപ (പതിനെട്ടായിരത്തി എഴുന്നൂറ്റി പന്ത്രണ്ട് രൂപ) വാടക കണക്കാക്കിയിട്ടുണ്ട്.

കെട്ടിടത്തിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി കെട്ടിട നികുതിയിനത്തിൽ 21,202 അടവാക്കി വൈദ്യുതി, വെള്ളം കണക്ഷൻ ലഭ്യമാക്കാനും കുടുംബശ്രീ മുഖേന മേൽ അമിനിറ്റി നടത്തിപ്പിനുവേണ്ട നടപടികൾ

സ്വീകരിക്കാൻ മലപ്പുറം DDC മീറ്റിംഗിൽ ബഹുമാനപ്പെട്ട തിരൂർ എം.എൽ.എ. ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടം പൊതുജനങ്ങൾക്കുവേണ്ടി തുറന്ന് പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

### (20) പഴയങ്ങാടി-പുതിയങ്ങാടി റെയിൽവേ അണ്ടർപാസ് സംബന്ധിച്ച് ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി

പഴയങ്ങാടി-പുതിയങ്ങാടി റോഡിലെ റെയിൽവേ അണ്ടർപാസ്സിൽ ഗതാഗതക്കുരുക്ക് രൂക്ഷമായ സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ., എക്സിക്യൂട്ടീവ് എഞ്ചിനീയർ, സതേൺ റെയിൽവേ കണ്ണൂർ, പൊതുമരാമത്ത് ഉദ്യോഗസ്ഥർ എന്നിവർ സംയുക്ത പരിശോധന നടത്തുകയും നിലവിലുള്ള റെയിൽവേ അണ്ടർപാസ്സിൽനിന്നും 20 മീറ്റർ മാറി പുതിയ റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയും അതിന്റെയടിസ്ഥാനത്തിൽ പുതിയ റെയിൽവേ അണ്ടർ ബ്രിഡ്ജിന്റെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ (നിരത്ത് വിഭാഗം) സതേൺ റെയിൽവേ ബ്രിഡ്ജ് വിംഗിന് 6-11-2019-ന് കത്ത് നൽകിയിട്ടുമുണ്ട്. റെയിൽവേയുടെ മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### (21) രാജ്യറാണി എക്സ്പ്രസ്സ് തിരുവനന്തപുരം വരെ നീട്ടുന്നത് സംബന്ധിച്ച് ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി

നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം യാത്രക്കാർക്ക് തിരുവനന്തപുരം നഗരത്തിൽ എത്തിച്ചേരാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ട്രെയിൻ തിരുവനന്തപുരം വരെ നീട്ടണമെന്ന് റെയിൽവേയോട് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ ടെർമിനലുകളുടെ അപര്യാപ്തത കാരണം ഈ നിർദ്ദേശം പ്രായോഗികമല്ലെന്ന നിലപാടാണ് റെയിൽവേ കൈക്കൊണ്ടിട്ടുള്ളത്.

നിലവിൽ രാജ്യറാണി എക്സ്പ്രസ്സിൽ കൊച്ചുവേളി റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേരുന്ന യാത്രക്കാർക്ക് മതിയായ യാത്രാസൗകര്യം കെ.എസ്.ആർ.ടി.സി. ഒരുക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി രാവിലെ 2 എ.സി. ജൻറം ബസ്സുകളും ഒരു സിറ്റി ഫാസ്റ്റ് ബസ്സും രാത്രി 3 സിറ്റി ഫാസ്റ്റ് സർവ്വീസുകളും ക്രമീകരിച്ചിട്ടുണ്ട്. ഇവയ്ക്ക് റെയിൽവേ സ്റ്റേഷന്റെ ടെർമിനൽ 1-ൽ (മാധവപുരം) സ്റ്റോപ്പ് അനുവദിച്ചിട്ടുള്ളതുമാണ്. കൂടാതെ കൊച്ചുവേളി റെയിൽവേ സ്റ്റേഷൻ അധികാരികൾ ആവശ്യപ്പെടുന്ന സമയത്തും കെ.എസ്.ആർ.ടി.സി. അധിക സർവ്വീസുകൾ നടത്തിവരുന്നുണ്ട്.

പ്ലാറ്റ്ഫോമുകളിൽ ലിഫ്റ്റ്/എസ്കലേറ്റർ രോഗികൾക്കുള്ള വീൽചെയർ, സ്ട്രച്ചർ അടക്കമുള്ള സൗകര്യങ്ങൾ കൊച്ചുവേളി ടെർമിനലിന്റെ വികസനത്തോടനു ബന്ധിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ടെർമിനൽ വികസനം ത്വരിതഗതിയിൽ പൂർത്തിയാക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ വരെ നീട്ടുന്ന കാര്യത്തിൽ റെയിൽവേയുടെ ഭാഗത്തുനിന്ന് അനുഭാവപൂർണ്ണമായ സമീപനം കൈക്കൊള്ളുമെന്ന് കരുതുന്നു.

(22) പരപ്പനങ്ങാടി ചെട്ടിപ്പടി മുതൽ കടലുണ്ടിക്കടവ് പാലം വരെയുള്ള റോഡ് നവീകരണം സംബന്ധിച്ച് ശ്രീ. അബ്ദുൽ ഹമീദ്. പി., എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി

തിരൂർ - കടലുണ്ടി റോഡ് കെ.എം. 18/000 മുതൽ 27/400 വരെ പുനരുദ്ധാരണ പ്രവൃത്തിക്കുവേണ്ടി 21-10-2012-ലെ ജി.ഒ. (ആർ.ടി) നമ്പർ 1665/2012 പി.ഡബ്ല്യൂ.ഡി. നമ്പർ പ്രകാരം കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന് 24-5-2013-ന് കൈമാറിയിട്ടുള്ളതാണ്. റോഡിന്റെ ഉപരിതലം ബി.എം. & ബി.സി. ചെയ്ത് പുനരുദ്ധാരണം 21-5-2014-ന് പൂർത്തീകരിച്ചിരുന്നു. എന്നാൽ കുറഞ്ഞ കാലാവധിക്കുള്ളിൽത്തന്നെ ഉപരിതലത്തിന് കേടുപാടുകൾ സംഭവിക്കുകയും കുഴികൾ രൂപപ്പെടുകയും ചെയ്തിരുന്നു. ഇത് പരിഹരിക്കുന്നതിന് വേണ്ടി കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ അധികൃതരുമായി കത്ത് മുഖേനയും മറ്റും നിരന്തരം ബന്ധപ്പെടുകയും അതിനെത്തുടർന്ന് അറ്റകുറ്റപ്പണികൾ ചെയ്യുകയും ചെയ്തെങ്കിലും കഴിഞ്ഞവർഷവും റോഡിൽ വലിയ ഗർത്തങ്ങൾ രൂപപ്പെടുകയും വാഹനഗതാഗതത്തിനും പൊതുജനങ്ങൾക്കും വളരെയേറെ പ്രയാസങ്ങൾ ഉണ്ടാകുകയും ചെയ്തിരുന്നു. വീണ്ടും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി ബന്ധപ്പെടുകയും റോഡിന്റെ മെയിന്റനൻസ് ഉടനെ ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതിനിടയ്ക്ക് റോഡിന്റെ ഡി.എൽ.പി. കഴിഞ്ഞെന്നും റോഡ് തിരിച്ച് ഏറ്റെടുക്കണമെന്നും ആവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിരുന്നു. എന്നാൽ അറ്റകുറ്റപ്പണികൾ ചെയ്യാതെ റോഡ് തിരിച്ച് ഏറ്റെടുക്കുകയില്ലെന്ന് അറിയിച്ചതനുസരിച്ച് താൽക്കാലിക അറ്റകുറ്റപ്പണികൾ ചെയ്തതിനാൽ 9-11-2018-ന് റോഡ് തിരിച്ച് ഏറ്റെടുത്തു. അതിനുശേഷം പൊതുമരാമത്ത് വകുപ്പ് അറ്റകുറ്റപ്പണിയായി രണ്ട് പ്രവൃത്തികൾ ചെയ്യുകയും ചെയ്തു. എന്നാൽ ഈ കൊല്ലത്തെ ശക്തമായ മഴയും വെള്ളപ്പൊക്കവും കാരണം പല സ്ഥലങ്ങളിലും റോഡിൽ വെള്ളം പൊങ്ങി, റോഡ് പൂർണ്ണമായും തകരുകയും ഗർത്തങ്ങൾ രൂപപ്പെടുകയും ചെയ്തു. ക്വാറി നിരോധനം കാരണം ഒരു സാധനവും കിട്ടാത്തതിനാൽ റോഡിലെ കുഴികൾ പൂർണ്ണമായും ശരിപ്പെടുത്തുവാൻ സാധിച്ചില്ലെങ്കിലും ലഭ്യമായ ക്വാറികളിൽ നിന്നും സ്റ്റോക്ക് ചെയ്തവരിൽനിന്നും

ജി.എസ്.ബി. പോലുള്ള സാധനങ്ങൾ വാങ്ങിച്ച് താൽക്കാലികമായി ഗതാഗതയോഗ്യമാക്കിയിരുന്നു. ക്വാറി നിരോധനം നീങ്ങിയ ഉടനെ വലിയ ഗർത്തങ്ങൾ ശരിപ്പെടുത്തി ഗതാഗത യോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ റോഡിൽ പലയിടങ്ങളിലും വെള്ളക്കെട്ട് രൂപപ്പെടുന്നതിനാൽ, റോഡ് പൂർണ്ണമായും റിസ്ട്രക്ച്ചറിംഗ് നടത്തിയാൽ മാത്രമേ ദീർഘകാലം നിലനിൽക്കുകയുള്ളൂ. റോഡിന്റെ ഈ അതിശോചനീയാവസ്ഥ കണക്കിലെടുത്ത് 2019-2020 എസ്.എൽ.ടി.എഫ്. ആദ്യ ലിസ്റ്റ് പ്രകാരം തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കി.മീ.18/150 മുതൽ 19/000 വരെ ദൂരം അടിയന്തര അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 25 ലക്ഷം രൂപയും വള്ളിക്കുന്ന് നിയോജകണ്ഡലത്തിൽ ഉൾപ്പെട്ട കി.മി.21/500 മുതൽ 22/500 വരെയുള്ള ഭാഗത്തിന് 25 ലക്ഷം രൂപയും അനുവദിച്ചതുപ്രകാരം പ്രവൃത്തികൾ സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്തിട്ടുണ്ട്. എന്നാൽ ആദ്യ ടെണ്ടറിന് ഒരു കരാറുകാരൻ മാത്രം പങ്കെടുത്തതിനാൽ റീടെണ്ടർ ചെയ്യേണ്ടിവരികയാണുണ്ടായത്. അതിലും ഒരാൾ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. ആയത് അംഗീകാരത്തിനായി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്. കൂടാതെ 2019 എസ്.എൽ.ടി.എഫ്. രണ്ടാം ലിസ്റ്റ് പ്രകാരം തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കി.മീ 19/000 മുതൽ 21/500 വരെയുള്ള ഭാഗം അടിയന്തര അറ്റകുറ്റപ്പണികൾ ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിനായി 150 ലക്ഷം രൂപയും വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ കി.മീ. 22/500 മുതൽ 27/400 വരെയുള്ള പ്രവൃത്തിക്ക് സിംഗിൾ ടെണ്ടറും രണ്ടാമത്തെ പ്രവൃത്തി ആരും പങ്കെടുക്കാതിരിക്കുകയുമാണ് ഉണ്ടായത്. ഈ പ്രവൃത്തികൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ റീടെണ്ടർ ചെയ്തിട്ടുണ്ട്. 21-5-2014-ന് ബി.എം. & ബി.സി. ചെയ്ത് നവീകരിച്ച പ്രസ്തുത റോഡ് കഴിഞ്ഞ രണ്ട് കാലവർഷക്കെടുതികൾമൂലം ഏകദേശം പൂർണ്ണമായി തകർന്ന അവസ്ഥയിലായിരുന്നെങ്കിലും കേടുപാടുകൾ തീർത്ത് 20 എം.എം. കനത്തിൽ ഉപരിതലം പുതുക്കുന്ന പ്രവൃത്തി (ക്ലോസ് ഗ്രേഡ് പ്രീ മിക്സ് സർഫസിംഗ്) ചെയ്ത് ഗതാഗതയോഗ്യമാക്കാനുള്ള നടപടികളാണ് താൽക്കാലികമായി സ്വീകരിച്ചിട്ടുള്ളത്. വളരെ വാഹന ബാഹുല്യമുള്ള ഈ റോഡ് ഡിസൈൻ റോഡ് ആയി നവീകരിച്ച് പ്രവൃത്തി ചെയ്യുന്നതിനായി റീബിൽഡ് കേരള പദ്ധതിയിൽ കി.മീ. 18/500 മുതൽ 27/400 വരെ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(23) <u>ചില്ലറ വ്യാപാര മേഖലയിലെ വിദേശനിക്ഷേപം സംബന്ധിച്ച്</u>

<u>ശ്രീ. പി. കെ. ശശി, എം.എൽ.എ.-യുടെ സബ്മിഷന് തൊഴിലും</u>

<u>എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

സംസ്ഥാനത്തിന്റെ സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ നിർണ്ണായകമായ സ്ഥാനമാണ് വാണിജ്യ വ്യവസായ മേഖലക്കുള്ളത്. ഈ മേഖലയിൽ രണ്ട് ലക്ഷത്തിലധികം സ്ഥാപനങ്ങളിലായി ലക്ഷക്കണക്കിന് തൊഴിലാളികൾ ജോലി

നോക്കിവരുന്നു. സംസ്ഥാന സമ്പദ്ഘടനയുടെ സുപ്രധാനമായ ഈ മേഖലയിൽ കേന്ദ്രസർക്കാർ തുടർന്നുവരുന്ന നയങ്ങൾ വാണിജ്യ - വ്യവസായ മേഖലകളെ പൂർണ്ണമായി തകർക്കുന്നതാണ്. ചെറുകിട വ്യാപാര മേഖലയിൽ നൂറ് ശതമാനം വിദേശനിക്ഷേപം അനുവദിച്ചുകൊണ്ടും തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുത്തുകൊണ്ടും തൊഴിൽ നിയമങ്ങളിൽ കോർപ്പറേറ്റുകൾക്ക് അനുകൂലമായ ഭേദഗതികൾ വരുത്തിയും ഓൺലൈൻ വ്യാപാരത്തിന് നിയന്ത്രണങ്ങളില്ലാത്ത അനുമതി നൽകിയും കേന്ദ്രസർക്കാർ സ്വീകരിക്കുന്ന നടപടികൾ ഈ മേഖലയിൽ പ്രതിസന്ധി രൂക്ഷമാക്കിയിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നശേഷം ഈ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും അവർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് 21-12-2016-ൽ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും തൊഴിൽ നിയമങ്ങൾക്കനുസൃതമായ മറ്റവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിൽ വകുപ്പ് മുഖേന എൻഫോഴ്സ്മെന്റ് നടപടികൾ_ ശക്തിപ്പെടുത്തിയിട്ടുണ്ട്. 1948-ലെ മിനിമം വേജസ് നിയമം 1960-ലെ കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമം തുടങ്ങിയ നിയമങ്ങളിൽ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ മുൻനിർത്തിയുള്ള ഭേദഗതികൾ വരുത്തിക്കൊണ്ട് തൊഴിൽ നിയമ ലംഘനങ്ങൾക്കുള്ള പിഴത്തുക ഗണ്യമായി വർദ്ധിപ്പിച്ചു. കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നതിന് തൊഴിലുടമകൾക്കെതിരെ ചുമത്താവുന്ന പിഴത്തുക 5,000 രൂപയിൽനിന്ന് ഒരു ലക്ഷം രൂപ വരെയായും നിയമലംഘനം ആവർത്തിക്കുന്നപക്ഷം ചുമത്തുന്ന പിഴ 2 ലക്ഷം രൂപ വരെയായും വർദ്ധിപ്പിച്ചു. തൊഴിലാളികൾക്ക് ആഴ്ചയിൽ ഒരു ദിവസം അവധി ഉറപ്പുവരുത്തിക്കൊണ്ട് സ്ഥാപനം എല്ലാദിവസവും തുറന്നുപ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകി. മതിയായ സുരക്ഷ, താമസ സ്ഥലത്തേയ്ക്കുള്ള യാത്രാസൗകര്യം എന്നിവ ഉറപ്പുവരുത്തിക്കൊണ്ട് രണ്ട് സ്ത്രീകളടക്കം 5 തൊഴിലാളികളടങ്ങുന്ന ഗ്രൂപ്പായി രാത്രി 9 മണിക്കുശേഷവും സ്ത്രീതൊഴിലാളികളെ ജോലി ചെയ്യാൻ അനുവദിക്കുന്ന വ്യവസ്ഥ ഏർപ്പെടുത്തി.

ദീർഘകാലമായി നിലനിന്നിരുന്ന ആവശ്യം അംഗീകരിച്ച് സ്ത്രീകളടക്കമുള്ള തൊഴിലാളികൾക്ക് ജോലിക്കിടയിൽ ഇരിക്കാനുള്ള അവകാശം ഉറപ്പുവരുത്തി നിയമനിർമ്മാണം നടത്തി.

അതോടൊപ്പം മിനിമം വേതന നിയമങ്ങളിലും കർശനമായ വ്യവസ്ഥകൾ ഏർപ്പെടുത്തിക്കൊണ്ട് ഭേദഗതി പ്രാബല്യത്തിൽ വന്നു. നിയമലംഘനങ്ങൾക്കുള്ള പിഴ 500 രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായും ആവർത്തിച്ചുള്ള നിയമലംഘനങ്ങൾക്ക് 5 ലക്ഷം രൂപ വരെയായും നിയമഭേദഗതി കൊണ്ടുവന്നു.

ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിനെ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു. അംശദായവും തൊഴിലുടമാവിഹിതവും കാലോചിതമായി വർദ്ധിപ്പിച്ച് ബോർഡിനെ കൂടുതൽ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ക്ഷേമനിധി ബോർഡിൽ നിന്ന് 60 വയസ്സ് പൂർത്തിയായി പിരിഞ്ഞുപോകുന്ന തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി 2019-ൽ നിലവിൽവന്നു. കുടുംബപെൻഷൻ, വിവാഹ ആനുകൂല്യം (7,500 രൂപ), പ്രസവാനുകൂല്യം (15,000 രൂപ) വിദ്യാഭ്യാസാനുകൂല്യം, ചികിത്സാനുകൂല്യം, ചികിത്സാ ധനസഹായം (10,000 രൂപ വീതം) മരണാനന്തര സഹായം (2,00,000 രൂപ വരെ) തുടങ്ങി വിവിധ ആനുകൂല്യങ്ങൾ ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. ക്ഷേമനിധി ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്ന ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

കേന്ദ്രസർക്കാർ തുടർന്നുവരുന്ന നയങ്ങൾ സംസ്ഥാനത്തെ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്ന തൊഴിലാളികളടക്കമുള്ളവരുടെ ജീവിതസാഹചര്യം ഏറെ ദുരിതപൂർണ്ണമാക്കി മാറ്റിയിട്ടുണ്ട്. തൊഴിലെടുക്കുന്നവരുടെ തൊഴിലും കൂലിയും സംരക്ഷിക്കുവാനും അവർക്ക് മെച്ചപ്പെട്ട ജീവിതസാഹചര്യം ലഭ്യമാക്കുന്നതിനും സംസ്ഥാന സർക്കാർ അതിശക്തമായ ഇടപെടലുകൾ ഈ മേഖലയിൽ നടത്തിവരുന്നുണ്ട്. കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾക്കും ഇതിന്റെ നേട്ടം ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

(24) അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് ശ്രീ. സജി ചെറിയാൻ, എം.എൽ.എ., ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടി.

സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികൾ നേരിട്ടോ അല്ലാതെയോ പങ്കെടുക്കുന്ന കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെങ്ങന്നൂരിൽ ഈയിടെ നടന്ന കൊലപാതക കേസിൽ സംസ്ഥാനത്തിന് പുറത്തുനിന്നും തൊഴിൽതേടി വന്നവരാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് തെളിഞ്ഞിട്ടുണ്ട്. പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിന്മേലുള്ള തുടർനടപടികൾ നടന്നുവരികയാണ്. ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതാണ്.

തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ഇതരസംസ്ഥാന തൊഴിലാളികൾക്കിടയിൽ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷയും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡ് വിതരണവും ലക്ഷ്യമിട്ട് ഇവർക്കായി ആവാസ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. ആഭ്യന്തര-ആരോഗ്യ-തദ്ദേശ സ്വയംഭരണ വകുപ്പുകളുമായി ചേർന്നാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ രജിസ്ട്രേഷൻ പൂർണ്ണമാക്കി ഇവരുടെ വിവരശേഖരണം നടത്തുന്നതിലൂടെ ക്രിമിനൽ പശ്ചാത്തലമുള്ളവരെ വേഗം കണ്ടെത്താനും കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്നത് തടയാനും സാധിക്കുന്നതാണ്. ഇതരസംസ്ഥാന തൊഴിലാളികൾക്കായി സംസ്ഥാന വ്യാപകമായി മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. ആവാസ് ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ജോലിചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള രജിസ്ട്രേഷൻ 2017 നവംബർ 1 മുതൽ നടത്തിവരുന്നു. ഇതരസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലിചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനുമിടയിലുള്ള തൊഴിലാളികളാണ് ആവാസ്-ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. നാളിതുവരെ 471103 തൊഴിലാളികൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആവാസ് പദ്ധതിയുടെ ഭാഗമായി നടത്തുന്ന ബയോമെട്രിക് വിവരശേഖരണം പോലീസ്/തദ്ദേശസ്വയംഭരണ വകുപ്പുകൾക്കുകൂടി ഉപയോഗപ്രദമാകും വിധമാണ് സജ്ജമാക്കിയിട്ടുള്ളത്. ഇത്തരത്തിലുള്ള നടപടികളിലൂടെ ഇതരസംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### (25) സിവിൽ സപ്ലൈസ് ഔട്ട്ലെറ്റുകൾ സംബന്ധിച്ച് ശ്രീ. പി. ടി. തോമസ്, എം.എൽ.എ.-യുടെ സബ്മിഷന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി നൽകിയ മറുപടി

ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ, അന്യസംസ്ഥാനങ്ങളിലെ അവശ്യസാധനങ്ങളുടെ ദൗർലഭ്യം നമ്മുടെ കമ്പോളത്തെ ബാധിക്കാറുണ്ട്. കാലാവസ്ഥാ വ്യതിയാനം, വിളനാശം എന്നിവമൂലം നാം ആശ്രയിച്ചുപോരുന്ന പല സംസ്ഥാനങ്ങളിലുമുണ്ടാകുന്ന ഉല്പാദന തകർച്ച ഉല്പന്നങ്ങളുടെ ലഭ്യതയെ പ്രതികൂലമായി ബാധിക്കുന്നു. കടത്തുകൂലിയിലെ വർദ്ധനവും നമ്മുടെ സംസ്ഥാനത്തെ സാരമായി ബാധിക്കുന്നുണ്ട്. ഇക്കാരണങ്ങൾ നമ്മുടെ നിയന്ത്രണത്തിനതീതമാകയാൽ വിലവർദ്ധനവ് തടയുന്നതിന് നമുക്ക് ഏറെ പരിമിതികളുണ്ട്. ഇപ്പോൾ അവശ്യസാധനങ്ങൾക്ക് നേരിയ തോതിൽ വില വർദ്ധനവുണ്ടായിട്ടുണ്ട്.

ഉല്പാദന കേന്ദ്രങ്ങളിൽ പോയി ഉല്പന്നങ്ങൾ ശേഖരിച്ച് കൊണ്ടുവരികയും നാഫെഡ് ഉൾപ്പെടെയുള്ള കേന്ദ്ര ഏജൻസികളിൽനിന്ന് ഉല്പന്നങ്ങൾ സംഭരിച്ച് വിപണിയിലെത്തിക്കുകയും സബ്സിഡി ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കാതിരിക്കുകയും സപ്ലൈകോ വില്പനശാലകൾ കൂടുതലായി തുറന്ന് നല്ല മാർക്കറ്റ് ഇടപെടൽ നടത്തുകയും വഴി വിലക്കയറ്റത്തെ തടഞ്ഞുനിർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

സപ്ലൈകോയുടെ വില്പനശാലകളിൽ ഉല്പന്നങ്ങൾ പർച്ചേസ് ചെയ്യുന്നതിന് സാമ്പത്തിക പ്രശ്നമില്ല. സബ്സിഡി സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കാത്തത് കൂടുതൽ സാമ്പത്തിക ഭാരമുണ്ടാക്കുന്നുണ്ട്. എല്ലാമാസവും 5-ാം തീയതി നടക്കേണ്ട ടെണ്ടർ നടപടി സെൻട്രൽ വിജിലൻസ് കമ്മീഷൻ ഗൈഡ്‌ലൈൻസ് കൂടി പരിഗണിച്ച് പരിഷ്കരിക്കുന്നതിനുവേണ്ടിയാണ് ആയത് ഈ മാസം 22-ാം തീയതിയിലേയ്ക്ക് മാറ്റിവച്ചത്. ഇതുമൂലം ചില വിപണനശാലകളിലുണ്ടായ താല്ക്കാലിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച സംവിധാനം വരുമ്പോൾ ടെണ്ടർ അന്തിമമായി തീർപ്പുകൽപ്പിച്ച് തൊട്ടടുത്ത ദിവസംതന്നെ പർച്ചേസ് ഓർഡർ നൽകുവാനും പെട്ടെന്നുതന്നെ സാധനങ്ങൾ വിപണനശാലകളിലെത്തിക്കാനും സാധിക്കുന്നതാണ്. അന്യ സംസ്ഥാനങ്ങളിലെ പ്രളയക്കെടുതിമൂലം വൻപയർ, തുവരപ്പരിപ്പ്, ഉഴുന്ന് തുടങ്ങിയ ഉല്പന്നങ്ങളുടെ ലഭ്യതയിൽ ദൗർലഭ്യമുണ്ടായതുമൂലം അവ നമ്മുടെ സംസ്ഥാനത്ത് തീരെ ലഭിക്കാത്ത സാഹചര്യവും നിലനിൽക്കുന്നു. സവാളയുടെ വിലയിൽ വർദ്ധനവുണ്ടായപ്പോൾത്തന്നെ മഹാരാഷ്ട്രയിൽ നേരിട്ടുപോയി അവ വാങ്ങി സംസ്ഥാനത്തെത്തിച്ച് വളരെ വില കുറച്ച് വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. സവാള ഇറക്കുമതി ചെയ്യുന്ന കേന്ദ്രസർക്കാർ ഏജൻസികളിൽനിന്നും വീണ്ടും അവ വാങ്ങാനും മാവേലി സ്റ്റോറുകൾവഴി വിതരണം ചെയ്യാനും നടപടി ആരംഭിച്ചിട്ടുണ്ട്. എല്ലാ ആഴ്ചകളിലും സംസ്ഥാനത്തിനുവേണ്ട സവാളയുടെ അളവ് യഥാസമയം കേന്ദ്രസർക്കാരിനെ അറിയിക്കുന്നതിനും കേന്ദ്രം ഇറക്കുമതി ചെയ്യുമ്പോൾ അതിൽനിന്നും വേണ്ടത്ര അളവിൽ സംസ്ഥാനത്ത് ലഭ്യമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

### 26) ആർ.എൽ.വി. കോളേജിന്റെ പ്രവർത്തനം സംബന്ധിച്ച് ശ്രീ. എം. സ്വരാജ് എം.എൽ.എ.-യുടെ സബ്മിഷന് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി നൽകിയ മറുപടി

തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സ് കോളേജിൽ വിവിധ അദ്ധ്യാപക തസ്തികകൾ

സൃഷ്ടിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ 8-1-2019-ൽ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിഗണിച്ച് 19-6-2019-ലെ സ.ഉ. (കൈ) നമ്പർ 174/2019/ഉ.വി.വ. നമ്പർ പ്രകാരം പ്രസ്തുത കോളേജിൽ അപ്ലൈഡ് ആർട്ട് വിഭാഗത്തിൽ 2 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

തുടർന്ന് 3-9-2019-ൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ എയ്ഡഡ് കോളേജുകൾക്കായി സമഗ്രമായ ഒരു പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് 14-10-2019-ലെ കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത ശിപാർശ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുന്നമുറയ്ക്ക് RLV സംഗീത കോളേജിൽ പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ ഹെഡ് അക്കൗണ്ട് - 1, ക്ലാർക്ക് - 1, അറ്റൻഡർ - 2, നൈറ്റ് വാച്ച്മാൻ (ഫുൾ ടൈം) - 1 എന്നീ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ടി പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ നൈറ്റ് വാച്ച്മാനെ KEXCON മുഖേനയും 2 കാഷ്വൽ സ്വീപ്പർമാരെയും 2 കാഷ്വൽ സാനിട്ടേഷൻ വർക്കർമാരെയും കുടുംബശ്രീ മുഖേനയും (on agreement) താത്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ധനവകുപ്പ് അനുമതി നൽകിയിട്ടുണ്ട്.